# കൊല്ലമന

# കല്ലൂർ

# മഠത്തിൽ

# പഴങ്ങേരിൽ

# മനേത്തുമാലി

# കാനേകാട്ട്

# കുടുംബം

# 2001

**Kollamana, Kalloor, Madathil, Pazhengeril, Manethumali, Kanekattu Kudumbam**

History of Kollamana, Kalloor, Madathil, Pazhengeril, Manethumali, Kanekattu Family.

2001 December Malayalam Edition

*Published by*
**Kudumba Committee**

*Type Set at*
**Revathy Computers**, Thiruvananthapuram
Ph: 0471- 333626, 320998

*Printed at*
**Prudential Press**, Thiruvananthapuram
Ph: 0471 - 330631

Price Rs. 500.00

2001. December.



## കുടുംബചരിത്ര കമ്മിറ്റി അംഗങ്ങൾ

| | | |
|---|---|---|
| ശ്രീ | പി.പി.ഇടുക്കള മഠത്തിൽ | - പ്രസിഡന്റ് |
| " | കെ.എം. പുന്നൂസ് കൊല്ലമന | - വൈസ് പ്രസിഡന്റ് |
| " | ഫിലിപ്പ് മാത്യു പഴങ്ങേരിൽ | - വർക്കിങ്ങ് പ്രസിഡന്റ് |
| " | ഡോ. തോമസ്സ് ഫിലിപ്പ് പഴങ്ങേരിൽ | - സെക്രട്ടറി |
| " | കെ.എ. ഏബ്രഹാം കൊല്ലമന | - ട്രഷറർ |
| " | തോമസ്സ് മാത്യു കല്ലൂർ | - അംഗങ്ങൾ |
| " | ഏബ്രഹാം മാത്യു മഠത്തിൽ | - അംഗങ്ങൾ |
| Late | | |
| " | ഇടുക്കുള ഫിലിപ്പ് പഴങ്ങേരിൽ | - മുൻവൈസ് പ്രസിഡന്റ് |
| " | കെ.എം. ഏബ്രഹാം കൊല്ലമന | - തിരുവനന്തപുരം |
| " | എം.വറുഗ്ഗീസ് കല്ലൂർ | - മുൻ പ്രസിഡന്റ് |
| " | പാപ്പച്ചൻ പുത്തൻ പുരക്കൽ കൊല്ലമന | - കുറ്റപ്പുഴ |
| " | കെ.സി. ഏബ്രഹാം പുത്തൻ പുരക്കൽ | - തിരുവല്ല |

### ADDITIONAL INVITEES

| | | |
|---|---|---|
| ശ്രീ | കെ.എം.മാത്യു | - കല്ലൂർ |
| " | മാത്യു കോശി | - കല്ലൂർ |
| ശ്രീമതി | അമ്മിണി മാത്യു | - കൊല്ലമന |
| " | തങ്കമ്മ ജോസഫ് | - കൊല്ലമന |
| " | മേരിക്കുട്ടി ജോർജ് | - കൊല്ലമന |
| ശ്രീ | എം.സി. ഏബ്രഹാം | - മഠത്തിൽ |
| " | ഇട്ടി മാത്യു | - മനേത്തുമാലി |
| " | രാജു മനേത്തുമാലി | - മനേത്തുമാലി |
| " | എം.വി. ബിജി | - മനേത്തുമാലി |
| " | പി.വി. ചെറിയാൻ | - കാനേകാട്ട് |
| " | എം.എ.ബേബി | - കാനേകാട്ട് |
| " | കെ.പി. മാത്യു | - കൊല്ലമന |
| " | ഇടുക്കള വർഗ്ഗീസ് | - കാനേകാട്ട് |
| " | ജേക്കബ് കെ.സി. | - മഠത്തിൽ |
| " | റെജി ഫിലിപ്പ് | - പഴങ്ങേരിൽ |
| " | കെ.എം. കോശി | - കൊല്ലമന |

# ഉള്ളടക്കം

1. കുടുംബപ്രാർത്ഥന (17 - 23)
2. മാതൃകാ കുടുംബം (24 - 25)
3. കുടുംബ സമാധാനം (26 - 36)
4. ആമുഖം (37 - 38)

## ഭാഗം ഒന്ന്

*അദ്ധ്യായം - 1*

**കുടുംബ ചരിത്രത്തിന്റെ പ്രാധാന്യം** (39 - 60)

കുടുംബയോഗം, കുടുംബദിനം, കുടുംബ ചരിത്രം ഇവയുടെ ഗുണങ്ങൾ - ആദ്യത്തെ മൂന്നു വർഷത്തെ കുടുംബ പ്രസിഡന്റിന്റെ സന്ദേശങ്ങൾ

*അദ്ധ്യായം - 2*

**കുടുംബ ഉത്ഭവകാല പശ്ചാത്തലം** (61 - 73)

കേരള ചരിത്രം, 16 - ാം നൂറ്റാണ്ടിലെ സാമൂഹ്യ പശ്ചാത്തലം - ഫ്യൂഡലിസം - ബ്രാഹ്മണാധിപത്യം - വർണ്ണ വിവേചനം - ആയോധന മുറകൾ - ദയാക്രമം - വിവാഹം - മണ്ണം പേടി പർദ - അടിമ സമ്പ്രദായം ഉത്സവങ്ങൾ

*അദ്ധ്യായം - 3*

**കേരളത്തിലെ ക്രിസ്ത്യാനികളുടെ ചരിത്രം** (74 - 87)

വി. തോമാശ്ലീഹാ - ക്രൈസ്തവരുടെ സാമൂഹ്യസ്ഥിതി - സഭാഭരണം - സഭയുടെ വിദേശ ബന്ധങ്ങൾ - ഉദയൻ പേരൂർ സുന്നഹദോസും, കൂനൻ കുരിശ് സത്യവും - അന്തോക്യാ ബന്ധം - സി. എം. എസ്. മിഷനറിമാർ - മാർത്തോമാസഭ - കേസുകൾ - കാതോലിക്കാ സിംഹാസനം.

*അദ്ധ്യായം 4*

**കഴിഞ്ഞ നൂറ്റാണ്ടിലെ ക്രിസ്ത്യാനികളുടെ ആചാരങ്ങൾ** (88 - 94)

ക്രിസ്ത്യാനികളുടെ വിവാഹം, മരണം എന്നിവയുടെ ചടങ്ങുകൾ, ക്രിസ്തുമസ്, ഈസ്റ്റർ, പള്ളിപ്പെരുനാൾ തുടങ്ങിയ ഉത്സവാഘോഷങ്ങൾ

*അദ്ധ്യായം 5.*

**കുടുംബത്തിന്റെ ഉത്ഭവകാലം** (95 - 115)

സഭയിൽ ഉണ്ടായ നവീകരണം - തിരുവല്ല, നിരണം പ്രദേശത്തെ രാജ്യഭരണരീതി - മൂലകുടുംബത്തിന്റെ ഉത്ഭവം - കൊല്ലവന - കൊല്ലമന കുടുംബപേരിന്റെ ഉത്ഭവം - മഠത്തിൽ, പഴഞ്ഞേരിൽ, മനേത്തുമാലി, കാനേക്കാട്ട് കുടുംബങ്ങളുടെ ഉത്ഭവം



## ഭാഗം രണ്ട്

*അദ്ധ്യായം - 6*

**പൂർവ്വ പിതാക്കന്മാർ** (116 - 191)

മാത്തു കൊല്ലമന, കൊല്ലമന പോത്ത, കല്ലൂർ ഗീവർഗീസ് മാത്തൂച്ചൽ, ഓർത്തഡോക്സ് സുറിയാനി സഭ, പഴഞ്ഞേരിൽ പോത്ത, മാർത്തോമ സുറിയാനി സഭ, തിരുവല്ല - പാലിയേക്കര പള്ളി - മഠത്തിൽ കൊച്ചിടുക്കളേച്ചൻ, ഇട്ടി മനേത്തുമാലി, ഇടുക്കുള കാനേക്കാട്ട്, മലങ്കര കത്തോലിക്കാ സഭ

*അദ്ധ്യായം - 7*

**കുടുംബ ദിനം** (192 - 193)

*അദ്ധ്യായം - 8*

**കുടുംബമുദ്ര** (194 - 196)

*അദ്ധ്യായം - 9*

**കുടുംബ വൃക്ഷം** (197)

## ഭാഗം മൂന്ന്

*അദ്ധ്യായം - 10*

**കൊല്ലമന കുടുംബം** (198 - 305)

*അദ്ധ്യായം - 11*

**കല്ലൂർ കുടുംബം** (306 - 327)

*അദ്ധ്യായം - 12*

**മഠത്തിൽ കുടുംബം** (328 - 353)

*അദ്ധ്യായം - 13*

**പഴഞ്ഞേരിൽ കുടുംബം** (354 - 397)

*അദ്ധ്യായം - 14*

**മനേത്തുമാലി കുടുംബം** (398 - 411)

*അദ്ധ്യായം - 15*
**കാനേകാട്ട് കുടുംബം** (412 - 425)

**കുടുംബസമാധാനം** (426 - 428)


## ഭാഗം നാല്

**കുടുംബാംഗങ്ങളുടെ മേൽവിലാസം** (429 - 463)
**അംഗത്വനമ്പർ, ഫോൺ നമ്പർ**






**മുൻ പ്രസിഡന്റ് ശ്രീമാൻ. എം. വർഗ്ഗീസ് കല്ലൂർ**
(ആദ്യത്തെ കുടുംബയോഗം പ്രസിഡന്റ് 1996 - 2000)




പ്രസിഡന്റ് ശ്രീമാൻ. പി.പി. ഇടുക്കള മഠത്തിൽ






മുൻ വൈസ് പ്രസിഡന്റ് ശ്രീമാൻ. ഇടുക്കുള ഫിലിപ്പ് പഴങ്ങേരിൽ




**കൊല്ലമന കെ.എം. ഏബ്രഹാം**

കുടുംബചരിത്രം ഒന്നാം പതിപ്പ് രചയിതാവ്






**വൈസ് പ്രസിഡന്റ് ശ്രീ. കെ.എം. പുന്നൂസ് കൊല്ലമന**



സെക്രട്ടറി, ഡോ. തോമസ് ഫിലിപ്പ് പഴങ്ങേരിൽ






വർക്കിംഗ് പ്രസിഡന്റ് ശ്രീമാൻ ഫിലിപ്പ് മാത്യു, പഴങ്ങേരിൽ




കുടുംബയോഗം 1998, തിരുവല്ല - 1





കുടുംബയോഗം 1998, തിരുവല്ല - 2



കുടുംബയോഗം 1999, തിരുവല്ല

# കുടുംബ പ്രാർത്ഥന

**സ്നേഹമുള്ള ദൈവമേ! ഞങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവേ!**

ഈ ദിവസം അടിയങ്ങൾക്ക് ദൈവനാമത്തിൽ കൂടി വരുവാൻ ഇടയാക്കിയതോർത്ത് അവിടുത്തെ നാമത്തെ ഞങ്ങൾ സ്തുതിക്കുന്നു. സകലതും അങ്ങയുടെ നാമമഹത്വത്തിന് ആക്കി തീർക്കേണമേ! ഞങ്ങളുടെ ഈ കുടി വരവിനെ അവിടുന്ന് ആശീർവദിച്ച് അനുഗ്രഹിക്കേണമേ! കൊല്ലമന, കല്ലൂർ, പഴഞ്ഞേരിൽ, മഠത്തിൽ, മനേത്തുമാലി കാനേക്കാട്ട് കുടുംബങ്ങളെ പ്രത്യേകം ഞങ്ങൾ തിരുമുൻപാകെ സമർപ്പിച്ച് പ്രാർത്ഥിക്കുന്നു. ഒരു അനുഗ്രഹീത കുടുംബമായി അവിടുന്ന് ആശീർവദിക്കേണമേ! ഞങ്ങളെ സ്നേഹിച്ച് ഞങ്ങൾക്കുവേണ്ടി തന്റെ ജീവനെ വെടിഞ്ഞ കർത്താവായ യേശുവേ! അവിടുന്ന് കാൽവറിയിൽ ചിന്തിയ പുണ്യ രക്തത്താൽ അടിയങ്ങളെ ഇന്ന് കഴുകേണമേ! ഞങ്ങളുടെ കുറവുകളെ ഒക്കെ നീക്കി ദൈവസ്നേഹത്താൽ ഞങ്ങളെ നിറക്കേണമേ! മറ്റുള്ളവരെ ശ്രേഷ്ഠരെന്ന് എണ്ണുവാനുള്ള താഴ്മയും, സൗമ്യതയും കൊണ്ട് ഞങ്ങളെ അലങ്കരിക്കേണമേ! തമ്മിൽ, തമ്മിൽ സ്നേഹിപ്പാനും, മറ്റുള്ളവരുടെ ഭാരം ചുമപ്പാനും ഇടയാക്കേണമെ! അവിടുന്ന് ഞങ്ങളെ ഏല്പിച്ചിരിക്കുന്ന താലന്തുകൾ ബുദ്ധിയോടെ ക്രയവിക്രയം ചെയ്ത് അവിടുത്തേക്ക് ലാഭം ഉണ്ടാക്കുന്നവരാക്കി തീർക്കേണമേ! ദൈവരാജ്യത്തിന്റെ കെട്ടുപണിക്ക് ഞങ്ങളെ ഉപയോഗിക്കേണമെ! അവിടുന്ന് വിശുദ്ധനായിരിക്കുന്നതുപോലെ വിശുദ്ധജീവിതം നയിപ്പാൻ ഞങ്ങളേയും പ്രാപ്തരാക്കേണമെ! ഞങ്ങളുടെ കുടുംബത്തിൽ നിന്നും വാങ്ങിപ്പോയിരിക്കുന്ന സകല ആത്മാക്കളേയും ഓർത്ത് ഞങ്ങൾ പ്രാർത്ഥിക്കുന്നു. അവരുടെ ക്രിസ്തുവിലുള്ള വിശ്വാസവും, ക്രമവും, സ്ഥിരതയും, ഞങ്ങൾക്ക് മാതൃകയാകട്ടെ. ഞങ്ങളെയും, അവരേയും, അവിടുത്തെ രണ്ടാമത്തെ വരവിങ്കലേക്ക് ഒരുക്കേണമെ. ഞങ്ങളുടെ കുടുംബാംഗങ്ങൾ വിദേശത്തും, ദൂരസ്ഥലങ്ങളിലും ആയിരിക്കുന്നവരെ പ്രത്യേകം ഞങ്ങൾ ഈ സമയം ഓർത്ത് പ്രാർത്ഥിക്കുന്നു. അവിടുത്തെ കാവലും, സാന്നിദ്ധ്യവും അവരോടൊപ്പം ഉണ്ടാകേണമെ. ഞങ്ങളുടെ

കുടുംബത്തിലെ ഓരോ ഭവനത്തെയും അവിടുത്തെ രക്തത്താൽ മുദ്രയിട്ട് കാവൽ ചെയ്യേണമെ. ഞങ്ങളുടെ കുടുംബവുമായി ബന്ധുതയുള്ള എല്ലാ കുടുംബങ്ങളെയും ഞങ്ങൾ തിരുമുമ്പാകെ സമർപ്പിക്കുന്നു. എല്ലാ കുടുംബങ്ങളേയും അവിടുന്ന് ആശീർവദിച്ച് അനുഗ്രഹിക്കേണമെ!

സുവിശേഷ വേലചെയ്യുന്നവരേയും, എല്ലാ ക്രിസ്തീയ സഭകളെയും, ഞങ്ങൾ ഇപ്പോൾ ഓർത്തു പ്രാർത്ഥിക്കുന്നു. അവർ ദൈവാത്മവിനാൽ നടത്തപ്പെടുന്നവർ ആകേണമെ. ശത്രുവിന്റെ പോരാട്ടത്തിൽ നിന്നും കാത്തുകൊള്ളേണമെ. ഞങ്ങളുടെ രാജ്യത്തെ ഓർത്ത് പ്രാർത്ഥിക്കുന്നു. ഞങ്ങളുടെ ഭരണകർത്താക്കൾ നീതിയോടും ന്യായത്തോടും ഭരണം നടത്തുന്നവരും, ദൈവഭയം ഉള്ളവരും ആക്കേണമെ. അഞ്ചു ഭൂഖണ്ഡങ്ങളിൽ നടക്കുന്ന ദൈവ വേലയെ അവിടുന്ന് ആശീർവദിച്ച് അനുഗ്രഹിക്കേണമെ. സൃഷ്ടിതാവിനെ അറിയുവാൻ കൃപ ചെയ്യേണമെ. എല്ലാം യേശുനാമ മഹത്വത്തിനായി തീർക്കേണമെ.

## 1. ഞങ്ങളുടെ കുടുംബത്തിലെ വാർദ്ധക്യത്തിൽ ആയിരിക്കുന്നവർക്കു വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

കരുണാസമ്പന്നനായ ദൈവമേ! സർവ്വാശ്വാസങ്ങളുടേയും ഉടയവനേ അവിടുത്തെ പാദാന്ത്യത്തിലോട്ട് അടിയങ്ങൾ അടത്തു വരുന്നു. അങ്ങയുടെ മുഖത്തേയ്ക്ക് നോക്കിയവർ ആരും ലജ്ജിതരായിട്ടില്ല. അവരുടെ മുഖം പ്രകാശിച്ചതേയുള്ളു. എളിയവരുടെ പ്രാർത്ഥനക്ക് ഉത്തരം അരുളുന്ന ദൈവമേ! ഞങ്ങളുടെ വാർദ്ധക്യത്തിലായിരിക്കുന്നവരെ അനുഗ്രഹി ക്കേണമെ! ആയുസ്സിന്റെ അധികഭാഗവും പിന്നിട്ടിരിക്കുന്ന ഞങ്ങളുടെ പ്രിയപ്പെട്ടവരോട് കരുണ തോന്നേണമെ! പാപത്തെ ഒക്കെ മോചിക്കേണമെ! ശിഷ്ടമുള്ള ആയുസ്സ് പ്രയോജനകരമായി ജീവിപ്പാൻ സഹായിക്കേണമേ! സകലത്തെയും സൃഷ്ടിച്ച് സകലത്തെയും പരിപാലിക്കുന്ന ദൈവമേ! മനുഷ്യന്റെ പ്രകൃതി അവിടുന്ന് അറിയുന്നുവല്ലോ. അവർ പൊടി അത്രെ എന്ന് അങ്ങ് ഓർക്കുന്നു. ഏതു മനുഷ്യൻ ഉറച്ചു നിന്നാലും ഒരു ശ്വാസം അത്രെ ആകുന്നു. അവർ വ്യർത്ഥമായി അദ്ധ്വാനിക്കുന്നു ആർ അനുഭവിക്കുമെന്ന് അവർ അറിയുന്നില്ല. ദൈവത്തോടു ചേർന്നും, ദൈവത്തിൽ വസിച്ചും ഉള്ള പ്രവർത്തനം അല്ലാതെ ഒന്നും നിലനിൽക്കുന്നില്ലല്ലോ. യഹോവ വീടുപണിയാതെ ഇരുന്നാൽ പണിയുന്നവർ വ്യഥാ അദ്ധ്വാനിക്കുന്നു. യഹോവ പട്ടണം കാക്കാതെ



ഇരുന്നാൽ കാവൽക്കാരൻ വ്യഥാ ജാഗരിക്കുന്നു. കൊമ്പ് മുന്തിരിവള്ളിയിൽ വസിച്ചല്ലാതെ ഫലം കായ്പ്പാൻ കഴിയാത്തതു പോലെ അങ്ങിൽ വസിച്ചല്ലാതെ ഞങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല. ദൈവത്തിലുള്ള വിശ്വാസം ഞങ്ങൾക്കു വർദ്ധിപ്പിച്ചു തരേണമേ! വിശ്വാസം കേൾവിയാലും, കേൾവി ദൈവത്തിന്റെ വചനത്താലും വരുന്നു എന്ന് എഴുതിയിരിക്കു ന്നുവല്ലോ. യഹോവയെ ഭയപ്പെട്ട്, ദോഷം വിട്ടകന്ന് ജീവിപ്പാൻ കൃപ നല്കേണമേ! അവിടുന്ന് ഞങ്ങളെ നടത്തിയ വഴികളെ ഓർത്ത് എപ്പോഴും സ്ത്രോത്രം ചെയ്യുന്ന നന്ദിയുള്ള ഹൃദയം അടിയങ്ങൾക്ക് തരേണമെ! മറ്റുള്ളവരെ ഓർത്ത് പ്രാർത്ഥിപ്പാനുള്ള ദൈവ കൃപ പകരേണമെ! ഇനിയും ഉള്ള ശിഷ്ടായുസ്സ് ഫലപ്രദമായി ജീവിപ്പാൻ ആവശ്യമായ ദൈവകൃപദാനമായി നൽകേണമെ. പ്രാർത്ഥന വാർദ്ധക്യത്തിലെ ആശ്രയമായി ത്തീരണമേ !

## 2. ഞങ്ങളുടെ കുടുംബത്തിലെ യൗവ്വനക്കാർക്കുവേണ്ടി ഞങ്ങൾ തിരുമുമ്പാകെ പ്രാർത്ഥിക്കുന്നു.

ഞങ്ങളുടെ സൃഷ്ടാവും രക്ഷിതാവുമാകുന്ന ദൈവമേ! സ്വർഗ്ഗത്തിലുള്ള പിതാവെ! അവിടുത്തെ ദിവ്യശക്തിയിൽ സകലത്തേയും സൃഷ്ടിച്ച് പരിപാലിക്കുന്നത് ഓർത്ത് ഞങ്ങൾ അവിടുത്തെ നാമത്തെ സ്തുതിക്കുന്നു. ഇത്രയും കാലം അത്ഭുതകരമായി എല്ലാ ആപത്ത് അനർത്ഥങ്ങളിൽ നിന്നും വിടുവിച്ചതോർത്ത് നന്ദിയോട് അവിടുത്തെ നാമത്തെ വാഴ്ത്തുന്നു. ഞങ്ങളുടെ നന്മകൊണ്ട് ഒന്നുമല്ല - അവിടുത്തെ കരുണയും ദയയും ഒന്നു കൊണ്ടു മാത്രമാണെന്ന് ഞങ്ങൾ അറിയുന്നു. കർത്താവെ! ഞങ്ങളുടെ യൗവ്വനക്കാരെ സത്യത്തിന്റെ പാതയിൽ സൽബുദ്ധിയിൽ നടത്തേണമേ! ദൈവഭയത്തിലും ഭക്തിയിലും ജീവിപ്പാൻ കൃപ കൊടുക്കേണമേ! അവരുടെ ആവശ്യങ്ങളെല്ലാം സ്തോത്രത്തോട് അങ്ങയെ അറിയിക്കുവാൻ അവരെ അഭ്യസിപ്പിക്കേണമേ! പ്രാർത്ഥന യൗവ്വനത്തിലെ ഉത്സാഹമായി തീരേണമേ! ദൈവവചനത്താൽ ഓരോരുത്തരേയും പുതിയ സൃഷ്ടി ആക്കിതിർക്കേണമേ! ക്രൂശിന്റെ വചനം - നശിച്ചു പോകുന്നവർക്ക് ഭോഷത്വവും, രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവശക്തിയും ആകുന്നു. ദൈവശബ്ദം കേൾക്കുവാനുള്ള ആശ അവരിൽ ഉളവാക്കേണമേ! ബുദ്ധിയുള്ള ആരാധനയായി തങ്ങളുടെ ശരീരത്തെയും, ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദമുള്ള

യാഗമായി സമർപ്പിക്കുവാൻ ഇടയാക്കേണമെ ! പരീക്ഷ കഴിഞ്ഞ് ഫലം അറിയുവാൻ കാത്തിരിക്കുന്നവർക്ക് നല്ല വിജയം കൊടുക്കേണമേ! ജോലി ഇല്ലാതെ ഭാരപ്പെടുന്നവർക്ക് അവിടുന്ന് നല്ല വഴികാട്ടി ആകേണമെ! പഠിച്ചുകൊണ്ടിരിക്കുന്ന കുഞ്ഞുങ്ങൾക്കു ആവശ്യമായ ബുദ്ധിയും, കഴിവും അവിടുന്ന് കൊടുക്കേണമെ ! എല്ലാ ജീവിതങ്ങളും അങ്ങയുടെ നാമ മഹത്വത്തിനായി തീരേണമെ!

### 3. രോഗികൾക്കായി ഞങ്ങൾ ഇപ്പോൾ തിരുമുൻപാകെ പ്രാർത്ഥിക്കുന്നു

ഞങ്ങളുടെ സ്വർഗ്ഗത്തിലുള്ള പിതാവെ! ഞങ്ങളുടെ രോഗികളെ അവിടുത്തെ സന്നിധിയിലേക്ക് കൊണ്ടു വരുന്നു. കർത്താവെ! അവരുടെ പാപത്തെ മോചിച്ച്, രോഗത്തെ സൌഖ്യമാക്കേണമെ ! അവരുടെ പാപം എത്രകടും ചുവപ്പായിരുന്നാലും ഹിമം പോലെ വെളുപ്പിക്കാമെന്നും, രക്താംബരം പോലെ ചുവപ്പായിരുന്നാലും പഞ്ഞിപോലെ ആക്കിതീർക്കാ മെന്നും വാക്കു പറഞ്ഞിട്ടുള്ള ദൈവമേ! കുറവുകൾ എല്ലാം ഏററുപറഞ്ഞു അവിടുത്തെ രക്തത്താൽ ഞങ്ങളുടെ രോഗികളെ കഴുകി ശുദ്ധീകരിക്കേണമേ! ഞങ്ങളുടെ സ്നേഹക്കുറവ് ഞങ്ങൾക്ക് ബോദ്ധ്യപ്പെടുത്തി തരേണമേ! ഞാൻ നിങ്ങളെ സ്നേഹിച്ചതു പോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിപ്പിൻ എന്നരുളിച്ചെയ്ത കർത്താവായ യേശുവേ! അങ്ങയുടെ സ്നേഹത്താൽ ഞങ്ങളെ നിറക്കേണമെ! ഞങ്ങളുടെ സ്വാശ്രയം, സ്വയനീതി എല്ലാം ഞങ്ങളിൽ നിന്നും നീക്കി കളയേണമേ. ഞങ്ങളുടെ കോപം, ക്രോധം, അഹങ്കാരം, ഈർഷ്യ, പിണക്കം, പക, ദൂഷണം, ദുർഭാഷണം എന്നീ കുറ്റങ്ങളും, കുറവുകളുമെല്ലാം അങ്ങയോട് ഏറ്റുപറയുന്നു. ഞങ്ങളെ ഇതിൽ നിന്നെല്ലാം വിടുവിച്ച് അവിടുത്തേക്ക് കൊള്ളാവുന്ന മാനപാത്രങ്ങളാക്കി തീർക്കണമേ! അങ്ങയെ തൊട്ടവരും, അങ്ങ് തൊട്ടവരും എല്ലാ സൗഖ്യമായിട്ടുണ്ടല്ലോ -ഞങ്ങളുടെ രോഗികളായവരെല്ലാം വിശ്വാസത്തിന്റെ കരങ്ങൾ ഉയർത്തി അങ്ങയെ തൊട്ട് സൌഖ്യമാകുവാൻ ഇടയാക്കേണമെ! അവിടുത്തെ അടിപ്പിണരാൽ ഞങ്ങൾക്ക് സൌഖ്യം വന്നുവല്ലോ. അവിടുന്നു സാക്ഷാൽ ഞങ്ങളുടെ രോഗത്തെ ചുമന്നവനാണ്. ഞങ്ങളുടെ പാപത്തെ വഹിച്ചവനാണ്. ഞങ്ങളുടെ സമാധാനത്തിനായുള്ള ശിക്ഷയെല്ലാം അവിടുന്ന് ഏറ്റല്ലോ, കർത്താവെ! അവിടുന്ന് ഞങ്ങൾക്കായി ചെയ്തതെല്ലാം വിശ്വസിച്ച് ഏറ്റെടുക്കുവാനുള്ള ദൈവകൃപ ദാനമായി തരേണമേ!



### 4. ഞങ്ങളുടെ കുടുംബത്തിലെ പൈതങ്ങൾക്കുവേണ്ടി ഞങ്ങൾ പ്രത്യേകം പ്രാർത്ഥിക്കുന്നു.

അളവു കൂടാതെ ഞങ്ങളെ സ്നേഹിക്കുന്ന സ്വർഗ്ഗസ്ഥ പിതാവേ! മക്കൾ അടിയങ്ങൾക്ക് നൽകിയിരിക്കുന്ന ദാനവും, ഉദരഫലം അങ്ങ് നൽകുന്ന പ്രതിഫലവും ആണെന്ന് അവിടുന്ന് കല്പിച്ചിട്ടുണ്ടല്ലോ-പൈതങ്ങളെ അങ്ങയുടെ അടുക്കൽ വരുവാൻ വിടുവിൻ, സ്വർഗ്ഗരാജ്യം അങ്ങനെയുള്ള വരുടെയാണെന്ന് അവിടുന്ന് അരുളിച്ചെയ്തിട്ടുണ്ടല്ലോ. കർത്താവെ! അടിയങ്ങളുടെ പൈതങ്ങളെ അവിടുത്തെ കൈകളിലേക്ക് സമർപ്പിക്കുന്നു. കുഞ്ഞുങ്ങളെ ദൈവ ഭയത്തിൽ വളർത്താൻ മാതാപിതാക്കളായ ഞങ്ങൾക്ക് കൃപ നൽകേണമേ! ദൈവസ്നേഹത്താൽ ഈ പൈതങ്ങളെ നിറക്കേണമേ! യഹോവ ഭക്തിജ്ഞാനത്തിന്റെ ആരംഭം ആകുന്നു. പ്രാർത്ഥന എന്നത് അവർക്ക് ഉത്സാഹമാക്കി തീർക്കേണമേ! ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിച്ചാൽ വൃദ്ധനായാലും അതിനെ വിട്ടുമാറുകയില്ല-ദൈവത്തിനും, മനുഷ്യർക്കും കൊള്ളാവുന്നവരാക്കി ഈ പൈതങ്ങളെ വളർന്നുവരാൻ ഇടയാക്കണമെ!

### 5. വിവാഹ പ്രായമായവർക്കു വേണ്ടി പ്രത്യേകം ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സർവ്വശക്തനും, ദയാലുവുമായ ഞങ്ങളുടെ സ്വർഗ്ഗസ്ഥ പിതാവേ! സകലത്തേയും സൃഷ്ടിച്ച് പരിപാലിക്കുന്ന ദൈവമേ! വിവാഹപ്രായമായ ഞങ്ങളുടെ കുഞ്ഞുങ്ങളെ അവിടുത്തെ സന്നിധിയിലേക്ക് കൊണ്ടു വരുന്നു- മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല എന്നുകണ്ട് അവന് തക്കതായ ഇണയെ ഉണ്ടാക്കി കൊടുത്ത ദൈവമേ, ഈ മക്കൾക്കായി അവിടുന്ന് കരുതിയിരിക്കുന്ന ജീവിത പങ്കാളികളെ തന്നെ അവിടുന്ന് തക്കസമയത്ത് വെളിപ്പെടുത്തി തരേണമേ! സ്വന്തം ആലോചനയിൽ ഒന്നും ചെയ്യുവാൻ ഞങ്ങളെ ഇടയാക്കരുതേ! ദൈവ സ്നേഹത്താൽ നിറയപ്പെട്ട ഇണകളെ അവിടുന്ന് നൽകേണമേ- എന്ന് ഞങ്ങൾ അവിടുത്തോട് പ്രാർത്ഥിക്കുന്നു.

## 6. ഞങ്ങളുടെ ഒരോ ഭവനത്തേയും ദൈവം മുൻപാകെ സമർപ്പിച്ചു പ്രാർത്ഥിക്കുന്നു.

ഞങ്ങളുടെ കുടുംബത്തിലെ ഒരോ ഭവനത്തേയും അവിടുത്തെ രക്തത്താൽ മുദ്രയിട്ട് കാവൽ ചെയ്യേണമേ ! കുടുംബബന്ധങ്ങൾ തകർന്നു പോകാതെ അവിടുന്നു കാവൽ ചെയ്തു കൊള്ളേണമേ ! ഇന്നെയോളം ഞങ്ങളെ പരിപാലിച്ച ദൈവത്തെ ഞങ്ങൾ ഒരുമിച്ചു ചേർന്നു സ്തുതിക്കുന്നു. യഹോവയെ ഭയപ്പെട്ടു അവന്റെ വഴികളിൽ നടക്കുന്ന ഏവനും ഭാഗ്യവാൻ. നിന്റെ കൈകളുടെ അദ്ധ്വാനഫലം നീ തിന്നും നീ ഭാഗ്യവാൻ, നിനക്കു നൻമവരും, നിന്റെ ഭാര്യ നിന്റെ വീട്ടിനകത്തു ഫലപ്രദമായ മുന്തിരിവള്ളി പോലെയും, നിന്റെ മക്കൾ നിന്റെ മേശയ്ക്കു ചുറ്റും ഒലീവു തൈകൾ പോലെയും, ഇരിക്കും. യഹോവ ഭക്തനായ പുരുഷൻ ഇങ്ങനെ അനുഗ്രഹിക്കപ്പെട്ടവനാകും. യഹോവ സീയോനിൽ നിന്ന് നിന്നെ അനുഗ്രഹിക്കും. നിന്റെ ആയുഷ്കാലമൊക്കെയും നീ യെരുശലേമിന്റെ നൻമയെ കാണും. നിന്റെ മക്കളുടെ മക്കളേയും നീ കാണും. ഇങ്ങനെ സമാധാനമുള്ള ഭവനങ്ങളാക്കി- ഞങ്ങളുടെ കുടുംബത്തിലെ ഒരോ ഭവനവും അനുഗ്രഹിക്കപ്പെടേണമേ!

സ്നേഹമുള്ള പിതാവേ! ഈ കൂടി വരവിനെ അവിടുന്ന് അനുഗ്രഹിച്ചത് ഓർത്ത് സ്തോത്രം ചെയ്യുന്നു. ഇന്നുവരെ ഞങ്ങളെ അവിടുന്ന് നടത്തിയ വഴികളെയോർത്ത് സ്തോത്രം ചെയ്യുന്നു.

ഞങ്ങൾ ആഗ്രഹിക്കുന്നതിലും അധികമായിട്ട് ഞങ്ങളെ അനുഗ്രഹീക്കുന്നതോർത്ത് സ്തോത്രം ചെയ്യുന്നു. ഞങ്ങൾ അനുഭവിക്കുന്ന സമാധാനത്തിനായിട്ട് അങ്ങയെ സ്തോത്രം ചെയ്യുന്നു. കർത്താവെ അവിടുന്ന് വേഗം വരാൻ പോകുന്നതോർത്ത് ഞങ്ങൾ സ്തുതിക്കുന്നു. അവിടുത്തെ വരവിൽ വിശുദ്ധരും, നിഷ്കളങ്കരുമായി കാണപ്പെടുവാൻ സഹായിക്കണമെ. സകലത്തേയും തന്റെ ദിവ്യശക്തിയാൽ കീഴ്പ്പെടുത്തുവാൻ കഴിയുന്നവനെ ഞങ്ങളുടെ താഴ്ചയുള്ള ശരീരത്തെ അവിടുത്തെ മഹത്വമുള്ള ശരീരത്തോട് അനുരൂപമാക്കണമെ. അതിലേക്ക് അവിടുത്തെ ബലമുള്ള കൈ കീഴിൽ താഴ്ത്തി സമർപ്പിക്കുന്നു. പ്രാർത്ഥന കേട്ടത് ഓർത്ത് സ്തോത്രം. ഞങ്ങൾക്കു വേണ്ടി ജീവൻ വച്ച യേശു ക്രിസ്തുവിന്റെ ധന്യനാമത്തിൽ തന്നെ; ആമേൻ.



ഞങ്ങൾ ഒരുമിച്ചുചേർന്ന്, അവിടുന്ന് ഞങ്ങളെപഠിപ്പിച്ചു തന്ന പ്രാർത്ഥന ചൊല്ലുന്നു;

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അവിടുത്തെ നാമം വിശുദ്ധീകരിക്കപ്പെടേണമേ. അവിടുത്തെ രാജ്യം വരേണമേ അവിടുത്തെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകേണമേ. ഞങ്ങൾക്കു ആവശ്യമുള്ള ആഹാരം ഇന്നു ഞങ്ങൾക്ക് തരേണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിക്കുന്നതു പോലെ, ഞങ്ങളുടെ കടങ്ങളെയും ഞങ്ങളോടു ക്ഷമിക്കേണമേ. പരീക്ഷയിലേക്ക് ഞങ്ങളെ കടത്തരുതെ, ദുഷ്ടനിൽ നിന്നു ഞങ്ങളെ വിടുവിക്കേണമേ. രാജ്യവും ശക്തിയും മഹത്വവും. എന്നും എന്നേയ്ക്കും അങ്ങേയ്ക്കുള്ളതല്ലോ. ആമേൻ.

### ആശീർവാദം :-

പിതാവായ ദൈവത്തിന്റെ സ്നേഹവും പുത്രനായ യേശുക്രിസ്തുവിന്റെ കൃപയും, സമാധാനവും, പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നമ്മോടും നമ്മുടെ പ്രിയപ്പെട്ടവരോടും ഇന്നും എന്നേക്കും ഉണ്ടായിരിക്കുമാറാകട്ടെ ! ആമേൻ !

●

# മാതൃകാ കുടുംബം

**ഭവനം**

1. പ്രഭാതത്തിലും പ്രദോഷത്തിലും കുടുംബാംഗങ്ങൾ ഒന്നിച്ച് കൂടി, പൊതു കുടുംബത്തിനും ആ ഭവനത്തിനുവേണ്ടിയും പ്രാർത്ഥിക്കണം.
2. സഹോദരൻമാർ ഒരുമിച്ച് പ്രാർത്ഥിക്കുന്ന ഈ ഭവനത്തിലത്രെ യഹോവ അനുഗ്രഹവും ശാശ്വതവുമായുള്ള ജീവിതവും കൽപ്പിച്ചിരിക്കുന്നത്.
3. ഭവനത്തിന്റെ ഒരു ഭാഗം പ്രാർത്ഥനാലയം ആയിരിക്കണം.

**ഗൃഹനാഥൻ**

1. ഗൃഹനാഥൻ ഒരു മാതൃകാ പുരുഷനായിരിക്കണം.
2. ഗൃഹനാഥൻ ദൈവ ഭക്തനും പരിശ്രമ ശീലിയുമായിരിക്കണം.
3. ഒരു വലിയ തലമുറ അവനിൽ നിന്നും ഉളവാക്കേണ്ടതാണ് എന്നുള്ള ചിന്ത അവനിൽ ഉണ്ടായിരിക്കണം.
4. അവന്റെ നാമത്തിലുള്ള തലമുറ കരുപിടിപ്പിക്കുന്നത് അവന്റെ പ്രവർത്തനത്തിന്റെ ഫലമാണെന്ന് മനസ്സിലാക്കിയിരിക്കണം.
5. കുടുംബം ദാരിദ്ര്യത്തിലേക്ക് ആണ്ടു പോകാതിരിപ്പാൻ അവൻ ദരിദ്രൻമാരെ എപ്പോഴും സഹായിച്ചുകൊണ്ടിരിക്കണം.



**ഗൃഹനായിക**

1. ഗൃഹനാഥന് കീഴ്വഴങ്ങി ജീവിക്കുന്നവളായിരിക്കണം.
2. ഭർത്താവിനേയും, ഭർത്തൃ കുടുംബത്തേയും, സ്വന്തം കുടുംബത്തേക്കാൾ കൂടുതൽ സഹായിക്കുകയും, സ്നേഹിക്കുകയും ചെയ്യണം.
3. തന്നിൽ നിന്ന് ഉളവാകുന്ന ഭാവിതലമുറ, അനുഗ്രഹ സമ്പൂർണ്ണമാകുവാൻ - അവളുടെ മക്കൾക്കുവേണ്ടി കണ്ണുനീരൊഴുക്കി പ്രാർത്ഥിക്കണം.
4. തന്റെ സ്വന്തം മക്കൾ ദരിദ്രരാകാതിരിപ്പാൻ അവൾ എപ്പോഴും ദരിദ്രൻമാരെ സഹായിക്കുന്നവളായിരിക്കണം.
5. അമ്മയുടെ സ്വഭാവമാണ് മക്കൾക്ക് ഉണ്ടാകുന്നത് എന്നുള്ള ചിന്ത അവളിൽ ഉണ്ടായിരിക്കണം.

**മക്കൾ.**

1. വ്യക്തി സമഷ്ടിക്കും, സമഷ്ടി വ്യക്തിക്കും, എന്ന മഹനീയ സഹകരണ തത്വം ചെറുപ്പം മുതൽക്കുതന്നെ പരിശീലിക്കണം.
2. പരസ്പരം ക്ഷമിക്കുന്നതിനും, ഭാരം ചുമക്കുന്നതിനും സ്നേഹിക്കുന്നതിനും, പരിശീലിക്കണം.
3. മാതാപിതാക്കളെ കാണപ്പെടുന്ന ദൈവങ്ങളായി കരുതുന്നവരായിരിക്കണം.
4. അവനവന്റെ ഉയർച്ചയേക്കാൾ തന്റെ സഹോദരൻമാരുടെ ഉയർച്ചയാണ് ശ്രേഷ്ഠമെന്ന് മനസ്സിലാക്കി പ്രവർത്തിക്കണം.
5. കൂടെപ്പിറപ്പുകൾക്കു വേണ്ടി എന്തു ത്യാഗവും സഹിക്കുന്നതിന് സന്നദ്ധരായിരിക്കണം.

ഇങ്ങനെയുള്ള ഭവനത്തിൽ ലൗകീക വൈദ്യൻമാരുടെയും, ഡോക്ടറൻമാരുടെയും സാന്നിദ്ധ്യം വളരെ അപൂർവ്വമായി മാത്രമേ ഉണ്ടാകുകയുള്ളൂ. നമ്മുടെ എല്ലാ കുടുംബങ്ങളും ഇപ്രകാരമുള്ള മാതൃകാ കുടുംബങ്ങളായി തീരുവാൻ ദൈവം തമ്പുരാൻ സഹായിക്കട്ടെ.

●

Dr. P.G. Vargis
President
Indian Evangelical Team
120 Andheri modh
New Delhi 110 030
India

**Indian Evangelical Team**

*കർത്താവിൽ പ്രിയപ്പെട്ട സഹോദരങ്ങളേ,*

ദൈവകൃപയിലാശ്രയിച്ച്, ദൈവപുത്രനായ യേശുക്രിസ്തുവിന്റെ നാമമഹത്വത്തിനായി നിങ്ങളുടെ കുടുംബചരിത്രം പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം.

കുടുംബജീവിതം എന്നത് നമ്മുടെ സമൂഹത്തിൽ പൊതുവെ കെട്ടുറപ്പില്ലാതാകുന്ന ഈ കാലത്ത്, കുടുംബത്തിന്റെ ചരിത്രം എഴുതുകയും അവയെ മായാത്ത ഒരു രേഖയാക്കി മാറ്റുവാൻ കഴിയും വിധം പ്രസിദ്ധീകരിക്കുകയും ചെയ്യുന്നത് ഏറ്റവും നല്ല കാര്യമാണ്. അടുത്ത തലമുറയിലുള്ളവർക്ക് തങ്ങളുടെ മാതാപിതാക്കളുടെ കുടുംബവേരുകൾ കണ്ടുപിടിക്കുവാൻ ഇത് വളരെ സഹായിക്കും. മാത്രമല്ല, തലമുറകളെപ്പറ്റിയുള്ള ആത്മഭാരം ചോർന്നു പോകുന്ന ഈ ആധുനിക കാലഘട്ടത്തിൽ, തലനരച്ചവർക്ക് തങ്ങളുടെ പിൻതലമുറകളുടെ ശൃംഖലകളെ മുഴുവനും ഓർത്ത് പ്രാർത്ഥിച്ച് അനുഗ്രഹിക്കുവാനും ഈ ചരിത്രരേഖകൾ സഹായമാകും.

ഇപ്പോൾ പുസ്തക രൂപത്തിലാക്കുന്ന നിങ്ങളുടെ കുടുംബചരിത്രത്തിൽ ഉൾപ്പെടുത്തുന്നതിനു വേണ്ടി ആവശ്യപ്പെട്ടതനുസരിച്ച് കുടുംബസമാധാനം എന്ന വിഷയം ആസ്പദമാക്കിയുള്ള ഒരു ലേഖനം അയയ്ക്കുന്നു.

കർത്താവ് നിങ്ങളുടെ കുടുംബശൃംഖലയിലെ ഒരോ വ്യക്തിയെയും ദൈവകുഞ്ഞാടിന്റെ രക്തത്താൽ പൊതിയട്ടെ. അങ്ങനെ അവർ ആത്മിക ബലമുള്ളവരും സുവിശേഷ തൽപരരും സുവിശേഷത്തെപ്പറ്റി ലജ്ജയില്ലാത്തവരുമായ ദൈവത്തിന്റെ മാന്യപാത്രങ്ങളായി ദേശത്ത് നിലനിൽക്കട്ടെ. കൂടാതെ, യിസ്രായേലിന്റെ ദൈവത്തിൽ വിശ്വസിച്ച്, വേദപുസ്തകം വാഗ്ദാനം ചെയ്യുന്ന സമാധാനം നിലകൊള്ളുന്ന കുടുംബജീവിതത്തെ വാഞ്ഛിച്ച്



പ്രാപിക്കുന്ന ദൈവമക്കളായി തീരുവാൻ ഇത് വായിക്കുന്ന ഒരോരുത്തർക്കും ഇടയാകട്ടെ എന്നും ആശംസിച്ചുകൊള്ളുന്നു.

## കുടുംബസമാധാനം

മനോഹരമായ താജ്മഹലിനെക്കാൾ, ഈജിപ്തിലെ പിരമിഡിനെക്കാൾ, നയന മനോഹരിത പകരുന്ന നയാഗ്രാ വെള്ളച്ചാട്ടത്തെക്കാൾ പതിനായിരം മടങ്ങ് മനോഹരമായ ഒരു കാഴ്ച ഈ ലോകത്തുണ്ട് ആ ദൃശ്യം മറ്റൊന്നുമല്ല, ഒരു പുരുഷൻ തന്റെ ഭാര്യയോടും മക്കളോടും കൂടിയിരുന്നു വേദപുസ്തകം വായിച്ചു പഠിക്കുന്ന കാഴ്ചയാണ്. (ഈ ലോകത്തെ മനോഹരമായ കാഴ്ച). ഡോ. എഡ്വിൻ കോൾ തന്റെ പ്രസംഗത്തിൽ പറഞ്ഞ വാക്കുകളാണ് കുടുംബസമാധാനം എന്ന ലേഖനത്തിന്റെ മുഖവുര. ഒരു കുടുംബത്തിലെ സകലരും ഒറ്റയ്ക്കോ, കുടുംബപ്രാർത്ഥനയിലോ ഈ ഉപദേശങ്ങൾ വായിക്കുക. ഉപദേശങ്ങൾ തുടങ്ങുന്നതിനു മുൻപേ പറയട്ടെ, ഈ എഴുതുന്ന ഉപദേശങ്ങളെല്ലാം ആപ്ത വാക്യമാക്കണമെന്ന് പറയുന്നില്ല. ഒരാളിന്റെ എല്ലാ ഉപദേശങ്ങളും എല്ലാവർക്കും ഒരു പോലെ അനുയോജ്യമായിരി ക്കുകയില്ല. അതിനാൽ വായനക്കാർ തന്നെ ഉപദേശങ്ങൾ വിചിന്തനം ചെയ്ത് സ്വീകാര്യമെന്ന് തോന്നുന്നവ സ്വീകരിക്കുക. ബാക്കി വിട്ടുകളയുക. മീനിന്റെ മാംസം തിന്നുക മുള്ളുകളഞ്ഞേക്കുക. ഉപദേശങ്ങളുടെ പരമ്പരയിൽ ആദ്യത്തേത് ഗൃഹനാഥനോടു തന്നെയാകട്ടെ.

### I ഗൃഹനാഥനോടുള്ള ഉപദേശം

1. ഒരു ഗൃഹനാഥൻ തന്റെ സ്ഥാനവും, ചുമതലയും ശരിക്കു നോക്കിയില്ലെങ്കിൽ കുടുംബത്തിന്റെ അടിസ്ഥാനം ഇളകിയിരിക്കും. ഭാര്യ അസ്വസ്ഥയാകും. ഭാര്യയ്ക്ക് ഭരണചക്രം ഗതിയില്ലാതെ തിരിക്കേണ്ടിവരും. ഇത് രണ്ടുപേരിലും പ്രശ്നങ്ങളും പിരിമുറുക്കവുമുണ്ടാകും. മക്കൾ, സ്വഭാവത്തിൽ, അനുസരണത്തിൽ ദിനകൃത്യങ്ങൾ ചെയ്യുന്നതിൽ അലസരും വിമുഖരുമായി തീരും. അതിനാലെന്തു വേണം? ഗൃഹനാഥൻ വീടിന്റെ ചുമതലക്കാരനാകണം. രാവിലെ ഉറക്കത്തിൽ നിന്ന് എഴുന്നേൽക്കുന്നതിനു സമയനിഷ്ഠ വേണം. കുഞ്ഞുങ്ങൾക്ക് മാതൃകയാകാതെ രാവിലെ സൂര്യപ്രകാശം മുഖത്തു തട്ടുമ്പോളെഴുന്നേറ്റ് പല്ലുപോലും തേക്കാതെ

പത്രം വായിച്ചിരിക്കുകയും ആഹാരം കഴിക്കുവാൻ ഭാര്യ മൂന്നാം പ്രാവശ്യം വിളിക്കുമ്പോൾ ടൂത്ത് ബ്രഷ് തപ്പുകയും ചെയ്യുന്ന മനുഷ്യൻ മക്കളെ അലസരാക്കുവാൻ വഴി തുറന്നിടുകയാണ് ചെയ്യുന്നത്. താൻ സ്വയം വീട്ടിലെ ജോലികളൊന്നും ചെയ്യാതെ ജോലിയിൽ സഹായിക്കാതെ, മക്കളോട് വീട്ടു ജോലിയിലോ അടുക്കളയിലോ സഹായിക്കണമെന്ന് പറയുന്നത് ഭോഷത്തമാണ്. നിങ്ങൾ ജീവിതത്തിൽ, പെരുമാറ്റത്തിൽ, ജോലിയിൽ സഹായിക്കുന്നതിൽ, വസ്ത്രം ധരിക്കുന്നതിൽ, സമയനിഷ്ഠയിൽ, മാന്യമായി സംസാരിക്കുന്നതിൽ, പ്രാർത്ഥിക്കുന്നതിൽ, വേദപുസ്തകം പഠിക്കുന്നതിൽ ഭാര്യക്കും മക്കൾക്കും ഒരു മാതൃകയാകണം.

2. കുടുംബ പ്രാർത്ഥനയുടെ ചുമതല ഭാര്യയെ ഏൽപ്പിക്കരുത്. ഗൃഹനാഥൻ വീടിന്റെ പുരോഹിതനാണ്. പ്രാർത്ഥനാ സമയം നിങ്ങൾ നിശ്ചയിക്കണം. പ്രാർത്ഥനയ്ക്ക് നിങ്ങൾ വീട്ടിലെല്ലാവരെയും വിളിക്കണം. പാട്ടു തിരഞ്ഞെടുക്കുന്നതിൽ മുൻകൈ എടുക്കണം. മക്കളെക്കൊണ്ട് പ്രാർത്ഥിപ്പിക്കണം. ഒടുവിൽ നിങ്ങളോ ഭാര്യയോ പ്രാർത്ഥിക്കണം. കുടുംബ പ്രാർത്ഥന ബോറടിയാകരുത്. കുഞ്ഞുങ്ങൾക്കും മനസ്സിലാകുന്ന നിലവാരത്തിൽ പ്രാർത്ഥന നടത്തണം. ആശയങ്ങൾ പറയണം. അവരവർക്കിഷ്ടപ്പെട്ട ഒരു വാക്യം ഒരോരുത്തരും വായിച്ച ഭാഗത്ത് നിന്നും വായിക്കുകയും എന്തുകൊണ്ട് ആ വാക്യം ഇഷ്ടപ്പെട്ടു എന്ന് പറയുകയും ചെയ്യുന്നത് സകലർക്കും കുടുംബ പ്രാർത്ഥനയിൽ പങ്കാളികളാകുവാനും അഭിപ്രായ സ്വാതന്ത്ര്യം അംഗീകരിക്കുന്നു എന്നും തെളിവാക്കുവാനും ഉതകും.

3. വീട്ടു ജോലികൾ ഭാഗിച്ച് എടുക്കുക. പഴയകാലത്ത് പുരുഷൻമാർ വീടിനു വെളിയിലുള്ള ജോലികളും സ്ത്രീകൾ വീട്ടിനുള്ളിലെ ജോലികളും ചെയ്തു വന്നു. പക്ഷേ കാലം മാറിയിരിക്കുന്നു. രണ്ടുപേരും ജോലി ചെയ്യുമ്പോൾ, വീട്ടു ജോലികൾ പങ്കിടുക പഴയ ജീവിതചര്യകളോടു വിട പറയുന്നതുപോലെ തന്നെ പുതിയതും നല്ലതുമായ കാര്യങ്ങൾ സ്വീകരിക്കുവാനും നാം തയ്യാറാകണം. വീട്ടുജോലികൾ പങ്കിട്ടു ചെയ്യുന്നത് സായിപ്പിന്റെ സംസ്കാരമല്ല. ദൈവത്തിന്റെ സംസ്കാരമാണ്. അത് നാം ചെയ്യണം. വേദ പുസ്തകാടിസ്ഥാനത്തിൽ, ഒരു സ്ത്രീ, പുരുഷനിൽ നിന്ന് പ്രതീക്ഷിക്കുന്നത്-സ്നേഹം, കരുതൽ, ബഹുമാനം എന്നിവ ന്യായമായ ആത്മീക അവകാശമാണെന്ന് മനസ്സിലാക്കുവാൻ



കഴിയും. ഇന്നേക്ക് 5000-ൽ പരം വർഷം മുൻപ് ജീവിച്ചിരുന്ന അബ്രഹാമിന്റെ കഥയിൽ നിന്നും യജമാനനെന്നു ഭാര്യ ഭർത്താവിനെ വിളിക്കണമെന്നും, ഭാര്യ പുറകിൽ കൂടാരത്തിനുള്ളിലായിരിക്കണം. അതിഥികളോടൊപ്പം ആഹാരത്തിനിരിക്കരുതെന്നും ഒന്നു രണ്ടു വേദ പണ്ഡിതൻമാർ വേദ വാക്യങ്ങൾ നിരത്തിയെങ്കി ലും ഇത് പണ്ട് കാലഹരണപ്പെട്ട ഭോഷത്തമാണെന്ന് എല്ലാവർക്കും നന്നായറിയാമായിരുന്നു. ഒരു വ്യക്തിയെ ക്രിസ്തുവിനു വേണ്ടി നേടണമെങ്കിൽ അദ്ദേഹത്തിന്റെ മതം, ചിന്താഗതി, ജീവിതചര്യ, നല്ലവശങ്ങളും ചീത്തവശങ്ങളും എല്ലാം പഠിച്ചിരിക്കേണ്ടതാവശ്യ മാണെന്നതുപോലെ ഒരു പുരുഷൻ, ഒരു സ്ത്രീയോടൊപ്പം സമാധാനത്തോടെ താമസിക്കണമെങ്കിൽ ഒരു സ്ത്രീയുടെ ശരീരത്തിന്റെയും മനസ്സിന്റെയും പ്രവർത്തനം, അവളെങ്ങനെ ചിന്തിക്കുന്നു എന്നെല്ലാം മനസ്സിലാക്കിയിരിക്കണം. ഇത്രയും പോരാ ഇനിയും നന്നാകണം എന്നൊരു ചിന്ത ഏതൊരു വ്യക്തിയിലും ഉണ്ടാകുന്നത് നല്ലതാണ്. ചുരുക്കി പറയട്ടെ കുറെക്കൂടി ഒരു നല്ല ഭർത്താവായിരിക്കുവാൻ ഞാനെന്തു ചെയ്യണം, കുറെക്കൂടി നല്ല ഒരു അപ്പനാകുവാൻ ഞാനെന്തുചെയ്യണം എന്നു ചിന്തിക്കുക ഇതിനു സഹായകമാകുന്ന ക്രിസ്തീയ പുസ്തകങ്ങളും മറ്റു നല്ല പ്രസിദ്ധീകരണങ്ങളും വായിക്കുക. കുടുംബ ജീവിതത്തെപ്പറ്റിയുള്ള സെമിനാറുകളിൽ സംബന്ധിക്കുക. അതിനുപകരം അക്രൈസ്തവരായ മനശാത്രജ്ഞൻ, ഫാമിലി കൗൺസിലർ, യൂത്ത് കൗൺസിലർ, സൈക്ക്യാട്രിസ്റ്റുമാർ എന്നിവരുടെ ഉപദേശം ഒരു ക്രിസ്തീയ വിശ്വാസിക്കു ദോഷം ചെയ്യാം. സമാധാനമില്ലാത്ത കുടുംബങ്ങൾ ഇക്കാലത്ത് കൂടി വരുന്നു, വിവാഹമോചനം കൂടി വരുന്നു. ഇതിനു പരിഹാരം പ്രാർത്ഥന മാത്രമല്ല, പ്രശ്നപരിഹാരം ലക്ഷ്യമാക്കിയുള്ള പ്രവർത്തനമാർഗ്ഗങ്ങളും ആവിഷ്ക്കരിക്കേണ്ടതുമാണ്. ആത്മീക ജീവിതത്തിനും, വിജ്ഞാനത്തിനും ഉതകുന്ന നല്ല മാസികകൾ, പുസ്തകങ്ങൾ ഇവ വാങ്ങണം-അങ്ങനെ മക്കളിലൊരു വായന ശീലം വളർത്തണം. ആദ്യം മുതിർന്നവർ വായിക്കുന്നത് മക്കൾ കാണട്ടെ.

4. ബഹുമാനം കൊടുക്കുക. ഭാര്യയ്ക്ക്, ഭാര്യയുടെ വീട്ടുകാർക്ക് ബഹുമാനം കൊടുക്കുക. ഒരിക്കലും അപലപിച്ച് സംസാരിക്കരുത്. നിങ്ങൾ ഭാര്യയെ അപലപിച്ച് 'നീ മിണ്ടാതിരിയെടീ, നിന്നോട് അഭിപ്രായം ചോദിച്ചില്ലല്ലോ; എന്നൊക്കെ താഴ്ത്തി കെട്ടി

പറഞ്ഞാൽ മക്കളുടെ മനസ്സിൽ അമ്മ ഭോഷയാണെന്ന അഭിപ്രായം വരും. മക്കൾ കേൾക്കെ ഭാര്യയെ താഴ്ത്തി സംസാരിക്കരുത്. ആൺമക്കൾക്കും പെൺമക്കൾക്കും തുല്യസ്ഥാനമായിരിക്കണം. വീട്ടിൽ സമത്വം ഉണ്ടായിരിക്കണം. മറ്റുള്ള സഭക്കാരുടെ, ദൈവദാസൻമാരുടെ, അയൽക്കാരുടെ കുറ്റങ്ങൾ ഒരിക്കലും വീട്ടിൽ ചർച്ച ചെയ്യരുത്. മക്കൾ കേൾക്കെ സംസാരിക്കരുത്. ഇങ്ങനെ ചെയ്യുന്നത് മക്കളിൽ ദോഷം ചെയ്യും. ചുരുക്കത്തിൽ മറ്റുള്ളവരുടെ കുറ്റം പറയുന്നവരുടെ മക്കൾ മത്സരികളോ, സ്വയനീതിക്കാരോ, ദുർമ്മാർഗികളോ ആകാനാണ് സാദ്ധ്യത. എന്നാൽ ചീത്ത ആചാരങ്ങളും നല്ല ആചാരങ്ങളും മക്കൾക്ക് മനസ്സിലാക്കി കൊടുക്കേണ്ടത് നമ്മുടെ ധർമ്മമാണ്.

മക്കളുടെ ജോലികൾ മക്കൾ ചെയ്യണം. പക്ഷേ ഇതിനാദ്യമായി മാതാപിതാക്കൾ അവരവരുടെ ജോലി ചെയ്ത് കുട്ടികൾക്ക് മാതൃകയാകണം. പത്തു പ്രാവശ്യമോ, പത്തു മാസമോ, പല വർഷങ്ങളോ പറഞ്ഞിട്ടും, നിങ്ങൾ ചെയ്തു കാണിച്ചിട്ടും പ്രയോജനമില്ലെങ്കിൽ മടുത്തു പോകരുത്. നിങ്ങൾ ചെയ്തതുപോലെ അവരും ചെയ്യുന്ന കാലം വരും. ഇനി ഏറ്റവും അതിപ്രധാനമായ രണ്ട് ഉപദേശങ്ങൾ - നിങ്ങൾ ജീവിക്കുന്നത് ഭാര്യയ്ക്കും മക്കൾക്കും വേണ്ടിയാണെന്ന ബോധം അവർക്കു കൊടുക്കുക. അവർ നിങ്ങൾക്കു വേണ്ടി ജീവിക്കുകയല്ല. നിങ്ങൾ അവർക്കു വേണ്ടി ജീവിക്കുന്നു. ഈ ബോദ്ധ്യം ഭാര്യയിലും മക്കളിലുമുണ്ടാകുവാൻ പരാജയപ്പെട്ട മനുഷ്യൻ അരിഷ്ടനാണ്. അതിനുവേണ്ടി എന്തെല്ലാം ചെയ്യണം? അവരെ കരുതണം. അവരെ സ്നേഹിക്കണം. അവരുടെ ആവശ്യങ്ങൾ അവർ പറയാതെ മനസ്സിലാക്കി സാധിച്ചുകൊടുക്കണം. അഥവാ അത് സാധിച്ചു കൊടുക്കുവാൻ സാദ്ധ്യമല്ലെങ്കിൽ അതു പറഞ്ഞു മനസ്സിലാക്കണം. അവരുടെ സന്തോഷത്തിനു വേണ്ടി പ്രവർത്തിച്ചതിനു ശേഷമേ, മറ്റുള്ള കാര്യങ്ങൾക്കായി തനിക്ക് ചിന്തയുള്ളൂ എന്ന് അവർ മനസ്സിലാക്കിയാൽ നിങ്ങൾ ഭാഗ്യവാനാണ്.

രണ്ടാമത്തെ അതിപ്രധാന ഉപദേശം - ഭാര്യയോടും മക്കളോടും കൂടി സമയം ചെലവഴിക്കുക. ചില മക്കളുടെ പരാതി- 'അപ്പച്ചൻ ഗൾഫിൽ പോയി പണമുണ്ടാക്കി ഞങ്ങളെ ഹോസ്റ്റലിലാക്കി അവധിക്കു വരുമ്പോൾ അപ്പച്ചൻ ബന്ധുക്കളുടെ വീടുകൾ സന്ദർശിച്ചു മടങ്ങും' കുഞ്ഞുങ്ങൾക്ക് പണവും വസ്ത്രവും വീടും



പഠനവും ആവശ്യമാണ്. പക്ഷേ ഭാര്യക്കും, മക്കൾക്കും ഏറ്റവും അത്യാവശ്യമായത്- മറ്റേതിലും അത്യാവശ്യമായ കാര്യം- നിങ്ങളുടെ സാമീപ്യമാണ്. അതിനാൽ കഴിയുന്നത്ര സമയം ഭാര്യയും മക്കളുമായി ഒന്നിച്ചു ചിലവഴിക്കുക. അടുക്കളയിൽ, തീൻമേശയിൽ, പഠനത്തിൽ, മുറ്റത്ത് നടക്കുവാൻ, കളിക്കുവാൻ നാം സാധാരണ കേൾക്കുന്ന മൂന്നു പഴഞ്ചൊല്ലുകൾ ഇത് വ്യക്തമാക്കുന്നു. ഒന്നിച്ചു പ്രാർത്ഥിക്കുന്ന കുടുംബം ഒന്നായിരിക്കുന്നു. ഒന്നിച്ചാഹാരം കഴിക്കുന്ന കുടുംബം ഒന്നായിരിക്കുന്നു. ഒന്നിച്ചു കളിക്കുന്ന കുടുംബം ഒന്നായിരിക്കുന്നു. വീട്ടുകാരനുള്ള ഉപദേശത്തിൽ പ്രധാനമായ മറ്റൊന്ന് നിങ്ങൾ ദശാംശം കൊടുക്കുന്നവരായിരിക്കണം. സകലത്തിന്റെയും വരുമാനത്തിന്റെ കുറഞ്ഞത് പത്തിലൊന്ന് ദൈവവേലയ്ക്കായി കൊടുക്കണം; അതുപോലെ മക്കളുടെ ഭാവിക്കായി സമ്പാദിക്കണം. പാഴ് ചിലവുകളുടെ മേൽ വിജയം നേടി സമ്പാദ്യം വർദ്ധിപ്പിക്കണം; വിശ്വസിച്ച് ദശാംശം ദൈവത്തിനും, അത്രയും തങ്ങൾക്ക് ഭാവിക്കായും സ്വരൂപിക്കുക. അൽപ്പമുള്ളതിനെ വർദ്ധിപ്പിച്ചു തരുവാൻ ദൈവത്തിൽ വിശ്വസിക്കുക.

## II ഗൃഹനായികയോടുള്ള ഉപദേശം

ഒരു വീട്ടിലെ നിർവഹിച്ചു തീർക്കുവാൻ ഏറ്റവും പ്രയാസപ്പെട്ട ഭാഗം അമ്മയുടേതാണ്. ദൈവത്തിന്റെയും കുടുംബത്തിന്റെയും മദ്ധ്യേ, ഭർത്താവിന്റെയും മക്കളുടെയും മദ്ധ്യേ, പിന്നെ സഭയിൽ, സ്കൂൾ ടീച്ചറുടെ മുൻപിൽ, അയൽക്കാരുടെ മുൻപിൽ, എന്നിങ്ങനെ പല വേഷത്തിൽ അമ്മ നിൽക്കേണ്ടി വരുന്നു. സകലർക്കും ദേഷ്യപ്പെടാനുള്ള ഒരിടനിലക്കാരിയായും അമ്മ മാറുവാനിടയുണ്ട്. സകലർക്കും സിക്കുലീവു കിട്ടിയാലും അമ്മക്ക് ഒരവധിയുമില്ല. സൂര്യനുദിക്കുന്നതിനു മുൻപേ ഒരമ്മയുടെ ദിവസം തുടങ്ങുന്നു. സൂര്യൻ അസ്തമിക്കുമ്പോഴും അമ്മയുടെ വേല പകുതിയാകുന്നതേയുള്ളൂ. എല്ലാവരും ആഹാരം കഴിച്ചാലും ആർക്കെങ്കിലും നിറയാതിരുന്നോ എന്ന വേവലാതിയാണ് അമ്മയ്ക്ക്. വീടും വീട്ടുകാരും വീട്ടു കാര്യങ്ങളും നിന്നിലാണ് നിക്ഷിപ്തമായിരിക്കുന്നത്. ഇതൊരു നന്ദിയില്ലാത്ത ജോലിയാണെന്ന് ചിലപ്പോൾ തോന്നിപ്പോകാം. ഹവ്വയ്ക്ക് ലഭിച്ച ശാപഫലം ഇത്ര വലുതായി ഇന്നും സ്ത്രീകൾ അനുഭവിക്കുകയാണോ എന്നും വിലപിച്ചു പോകാം. അമ്മേ, ഈ ചുമതലകളെല്ലാം നിന്നെ

ഏൽപ്പിക്കുവാൻ ദൈവത്തിനു പ്രസാദം തോന്നി. തന്റെ ജോലികളെല്ലാം ഭാഗ്യമായി കണക്കാക്കി പരാതിയില്ലാതെ ചുമതലകൾ ചെയ്തു തീർക്കുക. ചിരിച്ചുകൊണ്ടു തന്നെ പാട്ടുകൾ പാടിക്കൊണ്ടു തന്നെ അമ്മയ്ക്ക് വലിയൊരു ചുമതലയുണ്ട്. ദൈവം നിന്റെ ഗർഭത്തിൽ ഉരുവാക്കിയ മക്കളെ എല്ലാം ദൈവസന്നിധിയിലെത്തിക്കണം. അവർക്കുവേണ്ടി ചെയ്യാവുന്നതെല്ലാം ചെയ്യണം.

സ്ത്രീ മദ്ധ്യസ്ഥ പ്രാർത്ഥനക്കാരി ആയിരിക്കണം. പകൽ, രാത്രിയിൽ തനിക്കായി കുടുംബത്തിലെ ഒരോ വ്യക്തിയുടെയും പേരു പറഞ്ഞ്, ഒരോരുത്തരേയും യേശുവിന്റെ രക്തത്താൽ ശുദ്ധീകരിച്ച് പ്രാർത്ഥിക്കണം. മക്കളെ എല്ലാവരെയും ഒരുപോലെ സ്നേഹിക്കണം. മൂത്തതിനേയും, ഇളയതിനേയും, കറുത്തതിനേയും, വെളുത്തതിനേയും, പഠിക്കാൻ മിടുക്കുള്ളവരെയും, മിടുക്കില്ലാത്തതിനേയും, ഉദ്യോഗസ്ഥനേയും,ഉദ്യോഗസ്ഥനല്ലാത്തതിനേയും, ഗൾഫുകാരനേയും, കൃഷിക്കാരനായ മകനേയും ഒരുപോലെ സ്നേഹിക്കണം. സ്നേഹത്തിന് നിറത്തിലോ, ഗുണത്തിലോ, വരുമാനത്തിലോ ഉള്ള വ്യത്യാസം ഉണ്ടാകരുത്. എല്ലാ മരുമക്കളേയും ഒരുപോലെ സ്നേഹിക്കണം. സാധാരണ കാണാറുള്ളത് മുന്നൂറ്റി അറുപത്തഞ്ച് ദിവസവും വീട്ടുകാര്യങ്ങൾ നോക്കി കൂടെ നിൽക്കുന്ന മരുമക്കൾക്ക് കുറ്റം മാത്രമേയുള്ളൂ. സ്നേഹത്തിന് ഏറ്റകുറച്ചിലുണ്ടാകരുത്. അഥവാ അൽപം കൂടുതൽ സ്നേഹിക്കണമെങ്കിൽ കൂടെ നിന്നു വേലക്കാരിയെ പോലെ ജോലി ചെയ്യുന്നവളെ കരുതുക ഇതു നിങ്ങൾക്കു ഭാവിയിലും പ്രയോജനം ചെയ്യാം. ഓർക്കുക, നിങ്ങൾ നിന്ദിക്കുന്ന സ്നേഹിക്കുവാൻ മനപൂർവ്വം മറന്നു പോകുന്ന മക്കളോടൊപ്പമോ, മരുമകളോടൊപ്പമോ വാർദ്ധക്യം ചെലവഴിക്കുവാൻ ഇടയുണ്ടെന്ന് ഉറച്ചു വിശ്വസിച്ച് സകലരോടും ഇടപെടുക. സ്നേഹിക്കുക എങ്കിൽ ദുഃഖിക്കുവാനിടവരില്ല. ഭർത്താവിന്റെ പണം, വീട്ടിലെ പണം ഭർത്താവറിയാതെ ആർക്കും കടം കൊടുക്കരുത്. സ്വന്തം വീട്ടുകാർക്കും കൊടുക്കരുത്. ഭർത്താവും ഇതേപോലെയായിരി ക്കണം എന്ന് എടുത്തു പറയേണ്ട ആവശ്യമില്ലല്ലോ. ഭർത്താവ് മാത്രമേ ജോലി ചെയ്യുന്നുള്ളെങ്കിലും ഭർത്താവിന്റെ ശമ്പളത്തിൽ തുല്യാവകാശം ഭർത്താവിനും ഭാര്യയ്ക്കുമുണ്ട്. ഭർത്താവിന്റെ വീട്ടുകാരെ സഹായിക്കുവാൻ മാതാപിതാക്കളെ നോക്കുവാൻ ഭർത്താവിനു ചുമതലയുണ്ട്. ഇതിനു തടസ്സമാകരുത്. പക്ഷെ തന്നെയും മക്കളെയും കരുതാതെ, ഭാവിക്കുകരുതാതെ ഭർത്താവ് സ്വന്തം വീട്ടുകാരെ, അനന്തരവരെ



കരുതിയാൽ ഒരു സ്ത്രീക്കും സഹിക്കുകയില്ല. ഇങ്ങനെ സംഭവിച്ചാൽ ഭർത്താവും ഭാര്യയും ഒന്നിച്ചിരുന്നു സംസാരിച്ച് തീരുമാനങ്ങളെടുക്കുക ഒന്നിച്ചിരുന്നു വീട്ടുകാര്യങ്ങൾ മനസ്സിനെ അസ്വസ്ഥമാക്കുന്ന വിഷയങ്ങൾ ഭർത്താവുമായി സംസാരിക്കുക. ഇക്കാര്യത്തിൽ ചില ഉപദേശങ്ങൾ എഴുതട്ടെ -

1 കാര്യങ്ങൾ ചർച്ച ചെയ്യുവാൻ ഏറ്റവും നല്ല സമയം കണ്ടുപിടിക്കുന്നതാണ് ആദ്യമായി ചെയ്യേണ്ടത്. അവധിക്കു വരുന്ന ഭർത്താവിനോട് ജോലി കഴിഞ്ഞു വരുന്ന ഭർത്താവിനോട് എപ്പോഴാണ് കാര്യങ്ങൾ പറയുവാൻ പറ്റിയ നല്ല സമയമെന്ന് മനസ്സിലാക്കണം.

2 കഴിവതും മനസ്സിനെ അസ്വസ്ഥമാക്കുന്ന വിഷയങ്ങൾ വീടിനു വെളിയിൽ വച്ചു സംസാരിക്കുക. എനിക്കു ചില കാര്യങ്ങൾ സംസാരിക്കുവാനുണ്ട്. നമുക്കൊന്നു നടക്കാൻ പോകാമെന്നു പറയുക.

3 ഭാര്യയും ഭർത്താവും ഒന്നിച്ചായിരിക്കുവാൻ സമയം രണ്ടുപേരും കൂടി കണ്ടെത്തണം. ഭർത്തൃഗൃഹത്തിൽ താമസിക്കുന്ന മരുമകൾക്ക് ഇതിനു മുൻകൈ എടുക്കുക പ്രയാസമാണ്. മാതാപിതാക്കൾ സൗകര്യം ഒരുക്കണം. അവരെ നടക്കാനയക്കണം. കുഞ്ഞിനെ നിങ്ങൾ നോക്കണം. രണ്ടു മൂന്നു ദിവസത്തേക്ക് അവരെ വിനോദ സഞ്ചാരത്തിന് അയക്കുന്നതിനും നിങ്ങൾ ഉത്സാഹിക്കണം. നിങ്ങളാഗ്രഹിച്ചിട്ടും നടക്കാത്തത്, നിങ്ങൾക്ക് സാധിച്ചത്, അവർക്കും സാധിച്ചുകൊടുക്കണം.

4 രണ്ടുപേരും ഒന്നിച്ചിരുന്നു കാര്യങ്ങൾ ചർച്ച ചെയ്ത് സകല പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്തും എന്ന തീരുമാനം രണ്ടുപേർക്കും ഉണ്ടായിരിക്കണം. കാര്യങ്ങൾ ഹൃദയം തുറന്നു സംസാരിക്കുവാൻ തയ്യാറല്ലാത്തവരും ഇണയുടെ അഭിപ്രായങ്ങൾ കേൾക്കുവാനും, മനസ്സിലാക്കുവാനും തയ്യാറല്ലാത്തവരും സ്വയം സമാധാനം കൊല്ലികളായി പ്രവർത്തിക്കുകയാണ്. ഉറക്കം വരാതെ ഉറക്കം കൊടുക്കാതെ എന്തിനു കിടക്കയിൽ കിടന്നുരുണ്ടു നെടുവീർപ്പിടുന്നു. എഴുന്നേറ്റ് മുറ്റത്തു പോയിരിക്കുക. സംസാരിച്ച് പ്രാർത്ഥിച്ച് പരിഹാരം കണ്ടെത്തുക.

മക്കളുടെ ചെയ്തികൾ ഭർത്താവിൽ നിന്നും മറച്ചുവച്ചാൽ മക്കളെ ചീത്തയാക്കുവാൻ വളം വയ്ക്കുകയാണ്. മകൻ പൈസാ

മോഷ്ടിച്ചാൽ, മകൾ കോളേജിൽ നിന്നും സിനിമാ കാണാൻ പോയാൽ-ഭർത്താവിനെ ദുഃഖിപ്പിക്കാതിരിക്കാൻ പറയേണ്ട എന്ന് ബുദ്ധി ഉപദേശിക്കും. വീടിന്റെ പുരോഹിതനാണ് ഭർത്താവ്. ഭർത്താവിനോടും പറയണം.

ദേഷ്യം വന്നാൽ ചെയ്യരുതാത്തവ-നെഞ്ചത്തിടിക്കരുത്, ആഹാരം കഴിക്കാതിരിക്കരുത്, വേറെ മാറികിടക്കരുത്, പിറുപിറുത്തു നടക്കരുത്, സ്വയം മറ്റുള്ളവരെ ശപിക്കരുത്, ശാപവാക്കുകൾ വായിൽ നിന്നും വരരുത്.ഇതിനു പകരം ഒന്നിച്ചിരുന്നു ഹൃദയം തുറന്നു സംസാരിക്കുകയാണ് വേണ്ടത്. ബുദ്ധിയുള്ള സ്ത്രീയാകുക. ബാലിശം ഉപേക്ഷിക്കുക.

## III മക്കൾക്ക് വേണ്ടിയുള്ള ചില ഉപദേശങ്ങൾ

മാതാപിതാക്കൾ പറയുന്നത് നിങ്ങൾക്ക് മനസ്സിലായില്ല എന്നു വരാം. അവരിടുന്ന അതിർവരമ്പുകൾ അനാവശ്യമാണെന്നും തോന്നാം. പക്ഷേ അവരിടുന്ന അതിർവരമ്പുകൾ ചാടിക്കടക്കാതിരിക്കുക.

ഞാനെന്റെ ഇഷ്ടം പോലെ നടക്കും എന്നു പറയരുത്, അഹങ്കാരിയാകരുത്.

നിങ്ങളെക്കാൾ സമ്പത്തിൽ, നിറത്തിൽ, ബുദ്ധിയിൽ, ഭക്തിയിൽ കുറഞ്ഞ നിലവാരത്തിലുള്ളവരെ പുച്ഛത്തോടെ വീക്ഷിക്കരുത്. വിദ്യാർത്ഥികളോട്, ഒരു ടൈംടേബിൾ ഉണ്ടാക്കിവച്ച് അതനുസരിച്ച് ദിനചര്യകൾ ക്രമീകരിക്കുവാൻ ശ്രമിക്കുക, പഠിക്കുക. എങ്ങനെ പഠിക്കണം എന്നുള്ള ഉപദേശങ്ങളടങ്ങിയ പല പുസ്തകങ്ങളും ക്രിസ്തീയ ബുക്സ്റ്റാളുകളിൽ ലഭിക്കും. ഒരോ വർഷവും ഒരോന്നെങ്കിലും വായിക്കുക. നല്ലതെന്നു തോന്നുന്ന ആശയങ്ങൾ അടിവരയിടുക. പിന്നീട് ഇടക്കിടെ പ്രധാന ഭാഗം മാത്രം വായിക്കുക.

നല്ല ആരോഗ്യത്തിന് രണ്ട് കാര്യങ്ങൾ ശ്രദ്ധിക്കണം. നല്ല വ്യായാമം, വേഗത്തിൽ നടക്കുക, ഓടാവുന്നിടത്തൊക്കെ ഓടി പോകുക. ഇവ ജീവിത ശൈലിയാക്കി മാറ്റുക. ഒരാൾ ഒരു ദിവസം പതിനായിരം ചുവട്ടടി നല്ല വേഗത്തിൽ നടക്കുന്നതാണ് ശരീരത്തിനാവശ്യമായ വ്യായാമം എന്നോർമ്മയിരിക്കട്ടെ. ആഹാരനിയന്ത്രണം ഇഷ്ടമുള്ളതുമാത്രം കഴിക്കുന്നതിലല്ല, ഇഷ്ടമുള്ളതും ശരീരത്തിനാവശ്യമുള്ളതും കഴിക്കുന്നതാണ് ബുദ്ധി.



ആത്മീകതയും, ആരോഗ്യവും കഴിഞ്ഞാൽ ഒരു വിശ്വാസിയുടെ മൂല്യം അയാളുടെ പരിജ്ഞാനത്തിലാണ്. സ്കൂളിലും, കോളേജിലും പഠിച്ചാൽ ബുദ്ധിയും അറിവും ഉണ്ടാകും. എന്നാൽ പരിജ്ഞാനം (wisdom) നാം ശേഖരിച്ചുണ്ടാക്കുന്നതാണ്. വായനയിലൂടെ, മഹാൻമാരുമായുള്ള ഇടപഴകലിൽ, ദൈവത്തിന്റെയും, മനുഷ്യരുടെയും ബുദ്ധി ഉപദേശങ്ങളി ലൂടെ നേടുന്നതാണ്. അതിനാൽ പരിജ്ഞാനം തേടുക, നേടുക. വേദ പുസ്തകത്തിലെ സദൃശ്യവാക്യങ്ങൾ ഒരോ ദിവസവും ഒരദ്ധ്യായം വായിക്കുക. ഏഴാം അദ്ധ്യായം മാത്രം പരസ്യമായി വായിക്കുവാൻ പ്രയാസമാണ്. ബില്ലിഗ്രഹാം പറഞ്ഞു തന്ന ഉപദേശമാണിത്. ഒരാൾ തന്റെ ജീവിതത്തിൽ കൊടുക്കേണ്ട മുൻഗണന ഇപ്രകാരമായിരിക്കണം - ഒന്നാമതായി ദൈവം, രണ്ടാമതായി കുടുംബം, മൂന്നാമതായി തന്റെ ജോലി, സഭയിലെ ചുമതല, സുവിശേഷവേല എന്നിങ്ങനെയായിരിക്കണം. പണ്ട് കാലത്ത് ദൈവദാസൻമാർ ധരിച്ചുവച്ചിരുന്നത് ദൈവം, ദൈവവേല, കുടുംബം ഇങ്ങനെയായിരുന്നു. ഇന്നു നാം മുൻഗണന നേരേയാക്കിയിരിക്കുകയാണ്. ഇതുപോലെ വിദ്യാർത്ഥിയുടെ മുൻഗണന ഇപ്രകാരമായിരിക്കണം. 1. ദൈവം, 2. പഠനം. 3. വീട്ടുകാര്യം. 4. സഭാകാര്യം. 5. കൂട്ടുകാർ. ഈ മുൻഗണന തെറ്റിക്കാതിരുന്നാൽ നിങ്ങൾ ധന്യരായി. നിങ്ങളുടെ ശരീരവും മനസ്സും അറിവു വളരുന്നതനുസരിച്ച് മുന്നിലും പിരിമുറുക്കം അനുഭവപ്പെടും. കൂട്ടുകാരോട് അഭിപ്രായം ചോദിച്ചു പഠിക്കുന്നത് കുരുടൻ കുരടനെ വഴി കാട്ടുന്നതുപോലെയാണ്. ആണായാലും, പെണ്ണായാലും, സ്വന്തം അപ്പനോട് ഉപദേശം തേടുകയാണ് ഏറെ നല്ലത്. ഈ സ്വാതന്ത്ര്യം സ്വന്തം പിതാവുമായി ഉണ്ടാക്കിയെടുക്കുന്നവർ യഥാർത്ഥത്തിൽ അനുഗ്രഹീതരാണ്. പിതാവിനോട് ചോദിക്കുവാൻ സാദ്ധ്യമല്ലെങ്കിൽ മാത്രം അമ്മയോടു ചോദിക്കുക. ഇതു രണ്ടും സാദ്ധ്യമല്ലെങ്കിൽ ഇത്തരം ചോദ്യങ്ങൾ ചോദിക്കുവാൻ പറ്റിയ പരിജ്ഞാനമുള്ള ക്രിസ്തീയ വിശ്വാസിയായ അദ്ധ്യാപകനെയോ മറ്റൊരാളിനെയോ കണ്ട് സംശയ നിവാരണം വരുത്തുക.

നിങ്ങൾക്ക് സ്വന്തമായി വീട്ടിൽ ഒരു ഡിക്ഷനറി ഉണ്ടായിരിക്കണം. അറിയാൻ വയ്യാത്ത വാക്കുകകളുടെ അർത്ഥം കണ്ടുപിടിക്കുക, അർത്ഥമറിയാത്ത വാക്കുകൾ എഴുതിയിട്ട് ഡിക്ഷനറി നോക്കുക. യഥാർത്ഥ അർത്ഥം പഠിക്കുക, വിജ്ഞാനം വിപുലമാക്കുക. ഇംഗ്ലീഷ് ഭാഷയെ നമുക്കാർക്കും മറികടന്നു പോകുവാനോ, തള്ളിക്കളയുവാനോ സാദ്ധ്യമല്ല. ഇംഗ്ലീഷ് നന്നായി സംസാരിക്കുകയോ എഴുതുകയോ ചെയ്യുന്നവർക്ക് മാന്യസ്ഥാനമുണ്ടായിരിക്കും. മലയാളത്തിനേക്കാൾ,

ഹിന്ദിയേക്കാൾ, ഇംഗ്ലീഷിനു മാന്യത കൂടുതലുണ്ടെന്നല്ല പറയുന്നത്. അതിനാൽ ഇംഗ്ലീഷ് പഠിച്ചെടുവാൻ പരിശീലിക്കുക.

എന്റെ അടുക്കൽ ജോലിക്ക് ഇന്റർവ്യൂവിനു പലരും വരും ഞാനവരോട് ചോദിക്കുന്ന അതിപ്രധാനമായ മൂന്നു ചോദ്യങ്ങൾക്കും തൊണ്ണൂറ്റി ഒൻപതു ശതമാനം മലയാളികളും നല്ല മറുപടി നൽകാറില്ല.

*1. എന്താണ് നിങ്ങളുടെ ഭാവിസ്വപ്നം ?*

*2. സ്വഭാവത്തിലെ അതിപ്രധാനമായ ഗുണവിശേഷങ്ങൾ എന്തെല്ലാം ?*

*3. ബലഹീനതകൾ എന്തൊക്കെയാണ് ?*

ഇവ മൂന്നും നിങ്ങൾ അറിഞ്ഞിരിക്കണം. എങ്കിൽ മാത്രമേ നിങ്ങൾക്ക് ഒരു ഭാവി കെട്ടിപ്പടുത്തെടുക്കാൻ കഴിയുകയുള്ളൂ. വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള സെമിനാറുകളിൽ സംബന്ധിക്കണം. നിങ്ങളുടെ മാതാപിതാക്കൾ വാർദ്ധക്യമായാൽ അവരെ മറക്കരുത്, നിന്ദിക്കരുത്, ബഹുമാനിക്കാതിരിക്കരുത്, സ്നേഹിക്കാതിരിക്കരുത്, കരുതാതിരിക്കരുത്. അവസരം കിട്ടുമ്പോഴൊക്കെ വളർത്തിയതിന് കരുതിയതിന് നന്ദി പറയുക. അപ്പനോട് നന്ദി പറയുന്നതിനിരട്ടി അമ്മയോടു നന്ദി പറയുക. പത്തുമാസം ചുമന്ന്, താലോലിച്ച് വളർത്തിയ സ്നേഹത്തിന് ദിവസവും അവരെ ഓർക്കുക, കരുതുക.

നിങ്ങൾക്ക് ജീവിതത്തിലെ പ്രധാന സംഭവങ്ങൾ എഴുതിയിടുവാനുള്ള ഒരു ഡയറി ഉണ്ടായിരിക്കട്ടെ. പ്രധാന സംഭവങ്ങൾ എഴുതി സൂക്ഷിക്കുക. മഹാൻമാരാണെങ്കിൽ ആ തീയതി, അവർ പറഞ്ഞ പ്രധാനപ്പെട്ട പ്രസ്താവനകൾ എല്ലാം എഴുതി സൂക്ഷിക്കുക, നഷ്ടപ്പെടുത്തരുത്. ഒരു കാലത്ത് ഇവയെല്ലാം അമൂല്യനിധികളാകും.

സമാധാന സമ്പൂർണ്ണമായ ഒരു കുടുംബ ജീവിതം ദൈവത്തിന്റെ മനുഷ്യനെ ബന്ധപ്പെടുത്തിയുള്ള സ്വപ്നമാണ്. അതു സഫലീകരിക്കുവാൻ ഒരു വീട്ടിലെ സകലരും ഒരു പോലെ കഠിനാദ്ധ്വാനം ചെയ്യണം. ഒരു വീട്ടിൽ ഏഴുപേരുണ്ടെങ്കിൽ പതിനാല് സ്വഭാവക്കാരാണ്. ഇവരൊന്നിച്ച് സമാധാനത്തോടെ ജീവിക്കുന്നതിന് ഏഴുപേർ പതിനാല് പേരുടെ കഠിനാദ്ധ്വാനം ചെയ്യണം. ഇത് സാദ്ധ്യമാണ്. ദൈവത്തിന്റെ സഹായത്തോടെ സാദ്ധ്യമാണ്. ക്രിസ്തീയ കുടുംബത്തിലെ സ്ത്രീ പുരുഷൻമാർക്കും മക്കൾക്കും ഇത് സാദ്ധ്യമാകട്ടെ എന്ന പ്രാർത്ഥനയോടെ.

കർത്താവിന്റെ വേലക്കാരനും നിങ്ങളുടെ അഭ്യുദയകാംക്ഷിയുമായ
സഹോദരൻ **പി.ജി. വർഗീസ**



# ആമുഖം

നമ്മുടെ കുടുംബചരിത്രത്തിൻെറ ആദ്യത്തെ പതിപ്പാണ് 2001 ൽ പ്രസിദ്ധീകരിക്കുന്നത്. 1934 ൽ കൊല്ലമന കുടുംബാംഗം ശ്രീമാൻ ബേബിയും, കല്ലൂർ കുടുംബാംഗം ശ്രീമാൻ എം. വർഗീസും (നമ്മുടെ ആദ്യത്തെ കുടുംബയോഗം പ്രസിഡൻറ്) ചേർന്ന് നമ്മുടെ കുടുംബയോഗം നടത്തുവാൻ ഒരു ശ്രമം നടത്തി. നിർഭാഗ്യവശാൽ അത് അന്ന് നടത്തുവാൻ കഴിയാതെ പോയി. എന്നാൽ നമ്മുടെ കുടുംബത്തിൻെറ ശാഖകൾ മനസ്സിലാക്കുവാനും, എഴുതിവയ്ക്കുവാനും അവർക്ക് സാധിച്ചു. ഈ കുടുംബം കൃത്യമായി എന്ന്, എങ്ങനെ ഉത്ഭവിച്ചു എന്നതിനെ പററി വ്യക്തമായ രേഖകൾ നമ്മുടെ കൈവശം ഇല്ല. നമ്മുടെ കുടുംബത്തിൻെറ പൂർവ്വചരിത്രം കരുപിടിപ്പിക്കുന്നതിനുള്ള പ്രധാന ശ്രോതസുകൾ പൂർവ്വികർ എഴുതിവച്ചിരുന്നതും, വാമൊഴിയായി അനന്തര തലമുറക്ക് പകർന്നു കൊടുത്തതുമാണ്. നമ്മുടെ പൂർവ്വികരായ കൊല്ലമന കുടുംബാംഗം ശ്രീമാൻ കെ.എം.എബ്രഹാം (അവറാച്ചൻ), ശ്രീമാൻ എം. വർഗീസ് കല്ലൂർ, ശ്രീമാൻ പാപ്പച്ചൻ കൊല്ലമന, ശ്രീമാൻ ഇടുക്കുള പഴഞ്ഞേരിൽ എന്നിവരിൽ നിന്ന് നമ്മുടെ പൂർവ്വകാല ചരിത്രം മനസ്സിലാക്കുവാൻ കഴിഞ്ഞു. ഇപ്പോൾ ജീവിച്ചിരിക്കുന്നവരിൽ ഏററവും പ്രായം കൂടിയവരായ ശ്രീമാൻ പി.പി ഇടിക്കുള മഠത്തിൽ , ശ്രീമാൻ കെ.എം. പുന്നൂസ് കൊല്ലമന, ശ്രീമതി തങ്കമ്മ ജോസഫ് കൊല്ലമന, ഡോ. തോമസ് ഫിലിപ്പ് പഴഞ്ഞേരിൽ എന്നിവരിൽ നിന്ന് നമ്മുടെ പൂർവ്വകാലചരിത്രവും, പഴയകാലസംഭവങ്ങളും മനസ്സിലാക്കുവാൻ കഴിഞ്ഞു. കൂടാതെ, നിരണം പള്ളിയിൽ നിന്നും, പാലിയേക്കര പള്ളിയിൽനിന്നും നമ്മുടെ പൂർവ്വികരുടെ വിവരങ്ങൾ ലഭിച്ചു. മാർത്തോമ്മാസഭയുടെ ആദ്യത്തെ വികാരി ജനറൽ ആയിരുന്ന കോവൂരച്ചൻെറ "നവീകരണം" എന്ന പുസ്തകത്തിൽ നിന്ന് കൊല്ലമന പോത്തയെക്കുറിച്ചുള്ള വിവരങ്ങൾ ലഭിച്ചു. കണ്ടത്തിൽ കുടുംബ ചരിത്രത്തിലും കൊല്ലമന പോത്തയെ ക്കുറിച്ച് പരാമർശിക്കുന്നുണ്ട്. ശ്രീമാൻ കൊല്ലമനപോത്ത, മലങ്കര ഓർത്തഡോക്സ് സഭയുടെ നിലനിൽപ്പിന് സഹായിച്ചവരിൽ പ്രധാനിയായിരുന്നു എന്ന് മനസ്സിലാക്കുവാൻ കഴിയും. മനേത്തുമാലി കുടുംബത്തിൻെറ വിവരങ്ങൾ ശ്രീമാൻ ഇട്ടിമാത്യുവും, ശ്രീമാൻ എം.വി.ബിജിയും, കനേകാട്ട് കുടുംബത്തിൻെറ വിവരങ്ങൾ ശ്രീമാൻ ഇടുക്കള വർഗീസും, ശ്രീമാൻ എം.എ. ബേബിയും നൽകി. കൂടാതെ എല്ലാ കുടുംബാംഗങ്ങളുടേയും നിർലോഭമായ സഹകരണം ഒന്നുമാത്രമാണ് ഈ സംരംഭത്തെ വിജയിപ്പിച്ചത്.

പുസ്തക രചനാരീതി താഴെ കൊടുക്കുന്നു. 13-ാം തലമുറയിലെ 4 പൂർവികരുടെ 9 സന്താനങ്ങൾ 14-ലും, അവരുടെ 20 സന്താനങ്ങൾ 15-ലും അവരുടെ 61 സന്താനങ്ങൾ 16-ലും, അവരുടെ 135 സന്താനങ്ങൾ 17-ലും, അവരുടെ 175 സന്താനങ്ങൾ 18-ലും, അവരുടെ 110 സന്താനങ്ങൾ 19-ലും അവരുടെ 49 സന്താനങ്ങൾ 20-ാം തലമുറയിലും ആയി വികസിച്ചു നിൽക്കുന്നതായി കുടുംബവൃക്ഷം വ്യക്തമാക്കുന്നു.

ഓരോ തലമുറക്ക് റോമൻ നമ്പരുകളും, ഓരോ വീട്ടിലേയും സന്താനങ്ങൾക്ക് സാധാരണ നമ്പരുകളും കൊടുത്തിട്ടുണ്ട്. ഉദാഹരണമായി ഒരു നമ്പർ XVI 4 എന്ന് കണ്ട് അത് ആരാണെന്ന് സംശയം ഉദിച്ചാൽ പുറകോട്ട് പേജ് മറിച്ചാൽ XV എന്ന തലമുറയിലെ പിതാവിനെ കണ്ടെത്താം.

കുടുംബാംഗങ്ങളുടെ വിവരങ്ങൾ 1989 മുതൽ കൊല്ലമന കുടുംബാംഗം ശ്രീമാൻ കെ.എം.കോശി (നെബു) സമ്പാദിച്ചു വരികയായിരുന്നു. ഇന്നുവരെ കിട്ടിയ വിവരങ്ങൾ തെററുകൂടാതെ ചേർക്കാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. എന്നിരുന്നാലും പിഴവുകളും കുറവുകളും കണ്ടേക്കാം പുസ്തകത്തിൻെറ രചനയിൽ സഹായിച്ച കൊല്ലമന ശ്രീമാൻ കെ.എം.കോശിയോടും, ശ്രീമാൻ കൊല്ലമന കെ.എ എബ്രഹാമിനോടും, ശ്രീമാൻ മഠത്തിൽ എബ്രഹാം മാത്യുവിനോടും, ശ്രീമാൻ പഴഞ്ഞേരിൽ ഡോ. തോമസ് ഫിലിപ്പിനോടും, കൊല്ലമനയിൽ ശ്രീമതി അമ്മിണി മാത്യുവിനോടും ദൂബായിയിൽ ഉള്ള കുടുംബാംഗങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് തന്ന പഴഞ്ഞേരിൽ ശ്രീമാൻ റെജി ഫിലിപ്പിനോടും, കൊല്ലമന ശ്രീമാൻ കെ.എം. മാത്യു (ബിജു) വിനോടും കൂടാതെ അതിലേക്ക് സഹായിച്ച എല്ലാ കുടുംബാംഗങ്ങളെയും നന്ദിയോടെ സ്മരിക്കുന്നു. ഈ പുസ്തകം നമ്മുടെ കുടുംബാംഗങ്ങൾക്ക് മാത്രം ഉദ്ദേശിച്ചുള്ളതാകുന്നു. മറ്റുള്ളവർ വായിച്ച് വിമർശിക്കാൻ ഇടയാകരുത് എന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു.

നമ്മുടെ കുടുംബ ചരിത്രത്തിൽ ചേർക്കുവാൻ എഴുതിതന്ന സന്ദേശത്തിന് ശ്രീമാൻ.പി.ജി. വർഗീസിനോടും, ഇതിൻെറ അച്ചടി ഭംഗിയായും കൃത്യസമയത്തും പൂർത്തിയാക്കി തന്ന തിരുവനന്തപുരം Prudential Press നോടും, Revathy Computers നോടും ഉള്ള നന്ദി പ്രകാശിപ്പിച്ചുകൊള്ളുന്നു. ഈ പുസ്തക അച്ചടി സഫലീകൃതമാക്കാൻ നമ്മെ സഹായിച്ച ദൈവീക കരുണക്ക് സ്തുതിയും, പുസ്തക പ്രസാധനം നിർവഹിക്കുന്ന ചരിത്ര കമ്മിറ്റിക്ക് നന്ദിയും പ്രകാശിപ്പിച്ചു കൊണ്ട് കുടുംബാംഗങ്ങൾക്ക് സമർപ്പിക്കുന്നു.

കുടുംബപ്രസിഡൻറ്
**പി.പി. ഇടുക്കള മഠത്തിൽ**

# ഭാഗം ഒന്ന്

## അദ്ധ്യായം-1

## കുടുംബ ചരിത്രത്തിന്റെ പ്രാധാന്യം

കുടുംബം എന്ന വാക്കിന് കുടുംബനാഥനും, നായികയും, മക്കളും, എന്ന ഹ്യസ്വമായ ഒരു വിവക്ഷയാണ് ഇന്ന് സാധാരണ കൊടുക്കാറുള്ളത്. പഴയകാലത്ത് അത് ഒരു കൂട്ടുകുടുംബമായിരുന്നു; വല്യപ്പനും, വല്യമ്മയും, അപ്പനും, അമ്മയും, മക്കളും, സഹോദരങ്ങളും അവരുടെ കുടുംബാംഗങ്ങളും ചേർന്ന ഒരു വലിയ കുടുംബം.

കുടുംബത്തിൻെറ അടിസ്ഥാനം ഒന്നാമതായി അപ്പൊസ്തലനായ പൌലോസ് എഫെസ്യർക്ക് എഴുതിയ ലേഖനം 3: 14-19: ൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: ഞാൻ സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകല കുടുംബത്തിനും പേർ വരുവാൻ കാരണമായ പിതാവിൻെറ സന്നിധിയിൽ മുട്ടുകുത്തുന്നു. അവൻ തൻെറ മഹത്വത്തിൻെറ ധനത്തിനു ഒത്തവണ്ണം അവൻെറ ആത്മാവിനാൽ നിങ്ങൾ അകത്തെ മനുഷ്യനെ സംബന്ധിച്ചു ശക്തിയോടെ ബലപ്പെടേണ്ടതിനും - ക്രിസ്തു, വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കേണ്ടതിന്നും വരം നൽകേണം എന്നും - നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ടവരായി വീതിയും, നീളവും ഉയരവും ആഴവും എന്തു എന്നു സകല വിശുദ്ധന്മാരോടും കൂടെ ഗ്രഹിപ്പാനും പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിൽ സ്നേഹത്തെ അറിവാനും, പ്രാപ്തരാകയും, ദൈവത്തിൻെറ എല്ലാ നിറവിനോളം നിറഞ്ഞുവരികയും വേണം എന്നും പ്രാർത്ഥിക്കുന്നു. രണ്ടാമതായി അതിൻെറ അംഗങ്ങൾക്കിടയിലുള്ള പരസ്പര വിശ്വാസം, സ്നേഹം, നിസ്വാത്ഥത, ത്യാഗമനോഭാവം, അച്ചടക്കം, കുടുംബനാഥനുള്ള

നായകത്വം, കുടുംബനായികയായ അമ്മ എന്ന പ്രോട്ടോണിനുചുററും സ്നേഹബന്ധമാകുന്ന അകർഷണശക്തിയാൽ പരസ്പരം ബന്ധിക്കപ്പെട്ട് പരിവർത്തിച്ചുകൊണ്ടിരിക്കുന്ന മററ് അംഗങ്ങൾ എന്ന പ്രപഞ്ച അന്തസത്തയുടെ അനുകരണം എന്നിവയാണ്. ഇപ്രകാരം വർത്തിക്കുന്ന കുടുംബ യൂണിററിൻെറ ശാരീരിക-മാനസിക ആരോഗ്യമാണ് സമൂഹത്തിൻെറ പുരോഗതിക്കും സമാധാനത്തിനും അടിസ്ഥാനം. കുടുംബങ്ങളിൽ ത്യാഗത്തിനും,സ്നേഹത്തിനും പകരം കലഹ പ്രകൃതിയാണ് ഉള്ളതെങ്കിൽ സമൂഹം വളരുന്നതിനു പകരം തളർന്നുകൊണ്ടിരിക്കും. മനുഷ്യൻ സമൂഹജീവിയായി വർത്തിക്കാൻ തുടങ്ങിയ ദശലക്ഷവർഷങ്ങൾക്കു മുമ്പ്, ചരിത്രാതീത കാലത്തു തന്നെ കുടുംബം ഉണ്ടായി. അംഗങ്ങൾ സുരക്ഷിതരല്ലാതിരുന്ന അക്കാലത്ത് അവർ കൂട്ടുകുടുംബങ്ങളായി ഗുഹകളിൽ കഴിഞ്ഞിരുന്നു. കാലാന്തരത്തിൽ ഈ കൂട്ടുകുടുംബങ്ങൾ എട്ടുകെട്ടു വീടുകളിൽ താമസം തുടങ്ങി ഇതായിരുന്നു ഏതാണ്ട് മൂന്ന് തലമുറ മുമ്പു വരെ കേരളത്തിലെയും കുടുംബജീവിതരീതി. എന്നാൽ ഇപ്പോൾ വിവാഹം കഴിഞ്ഞ് സ്വന്തമായി മാറിതാമസിക്കുന്ന രീതി നമ്മുടെ ഇടയിൽ ഇപ്പോൾ കാണാം. ഇന്ന് വിവാഹം കഴിഞ്ഞാലുടനെ തൻെറ ഭാര്യയുമായി പുതിയ ഒരു കുടുംബയൂണിററ് ഉണ്ടാക്കുന്നു. അന്യദേശങ്ങളിൽ ജോലിക്കുവേണ്ടി താമസിക്കേണ്ടി വന്നു, എന്ന വസ്തുത, വ്യക്തിഗത ചിന്താഗതിയുടേയും സ്വതന്ത്ര ഇച്ഛയുടേയും വേലിയേററം എന്നിവയാണ് ഈ വ്യത്യാസത്തിന് കാരണമായത്. ഇന്നത്തെ വാർത്താവിതരണ- സഞ്ചാര പുരോഗതിയും കുടുംബ വിന്യാസത്തിന് ഉപോൽബലകമായി.

നമ്മുടെ കുടുംബക്കാരിൽ ഭൂരിപക്ഷവും ഈ തരത്തിലുള്ള വിന്യാസം കൊണ്ട്തിരുവല്ലായിക്ക്വെളിയിൽ തിരുവനന്തപുരം, കോട്ടയം,ആലപ്പുഴ,പുനലൂർ,എറണാകുളം, മദ്രാസ്, രാജസ്ഥാൻ, ഹൈദരാബാദ്, ബോംബെ, ബാംഗ്ലൂർ, ദുബായ്, കുവൈററ്, ദോഹ, അമേരിക്ക മുതലായ സ്ഥലങ്ങളിൽ ചിന്നിചിതറി താമസിക്കുന്നു.

കഴിഞ്ഞ നൂററാണ്ടുകളിൽ തിരുവല്ല മാത്രമായി കേന്ദ്രീകരിച്ചു താമസിച്ചു. എന്നാൽ ഇന്ന് പുതിയ പുതിയ സ്ഥലങ്ങളിൽ കൂടുകെട്ടിയ നമ്മുടെ കുടുംബനാഥൻമാരുടെ മക്കളും, കൊച്ചുമക്കളും അവിടങ്ങളിൽ മാത്രം കേന്ദ്രീകരിച്ച് താമസിക്കും എന്ന് കരുതാവുന്നതല്ല. അവർ കൂടുതൽ കൂടുതലായി വിന്യസിച്ച് ചിതറികൊണ്ടിരിക്കുന്നു. എന്നാൽ ഈ വിന്യാസം പല ദൂഷ്യഫലങ്ങളും പ്രദാനം ചെയ്യുന്നുണ്ട്.



ഒരു കുടുംബത്തിലുണ്ടായിരുന്ന കെട്ടുറപ്പ്, ശക്തി, പൊതുവായ പെരുമാററ രീതി , പരസ്പരാശ്രിതത്വവും സഹായങ്ങളും മാനസിക ശക്തിയും ശാന്തിയും എല്ലാം തന്നെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. അരക്ഷിതബോധം, അന്യതാബോധം എന്നിവ ഉടലെടുക്കുന്നു. ആപൽഘട്ടങ്ങളിലും, അത്യാവശ്യങ്ങളിലും സഹായിക്കാൻ ആരും ഇല്ലെന്ന ചിന്ത അന്യനാടുകളിൽ താമസിക്കുന്നവർക്ക് ഉണ്ടാകും. അതുപോലെ തന്നെ താൻ താമസിക്കുന്ന സ്ഥലത്ത് വേരുകൾ ഇല്ലാത്തതുകൊണ്ട് സ്വയം ഒരു അന്യതാബോധം ഉടലെടുക്കാം. മാനസിക സംഘർഷം, പിരിമുറുക്കം തന്മൂലം ഉണ്ടാകാവുന്ന അനാരോഗ്യം എന്നിവ ഉളവാകാം. സാമൂഹ്യ നിയന്ത്രണമില്ലായ്മ, വളരുന്ന ചെറുപ്പക്കാർക്കിടയിൽ സദാചാര നിബദ്ധതയുടെ അഭാവം എന്നിവ കാരണം വീടിന് പുറത്ത് അവർ അപഥസഞ്ചാരം ചെയ്യാം. ജ്യേഷ്ഠൻമാരോ, ഇളയച്ഛന്മാരോ തൻെറ വീടിനു പുറത്തുള്ള പ്രവർത്തനങ്ങളെപററി അറിയും, ശാസിക്കും എന്ന വിചാരം ഒരു സ്വയം നിയന്ത്രണത്തിന് പ്രേരകമായിരുന്നു.

കൂട്ടുകുടുംബം അല്ലെങ്കിൽ ഒരേ സ്ഥലത്തുതന്നെ കുടുംബാംഗങ്ങൾ വീടുകൾ വച്ച് മാറിതാമസിക്കുന്ന രീതി ഇല്ലാതായതിൻെറ ഏററവും വലിയദൂഷ്യം അനുഭവിക്കുന്നത് പ്രായമായ മാതാപിതാക്കളാണ്. ആരോഗ്യ -വൈദ്യശാസ്ത്രങ്ങളുടെ പുരോഗതി ഇന്ത്യാക്കാരൻെറ ആയുർ ദൈർഘ്യം വർദ്ധിപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് ഇണ നഷ്ടപ്പെട്ട വൃദ്ധരായ മാതാവിൻെറയോ, പിതാവിൻെറയോ തനിച്ചുള്ള വിരസമായ ജീവിതമാണ് ഇന്ന് ലോകത്തിൽ എവിടേയും കാണുന്നതെന്ന് 1982 നു ശേഷം ഐക്യരാഷ്ട്ര സഭ നടത്തിയ പഠനങ്ങളിൽ ഊന്നിപറയുന്നുണ്ട്. കൂട്ടുകുടുംബങ്ങളിൽ ഈ കൂട്ടരെ സഹായിക്കുന്നതിനും സന്തോഷിപ്പിക്കുന്നതിനും ഉള്ള സാഹചര്യങ്ങൾ ഉണ്ടായിരുന്നു. കുടുംബങ്ങളുടെ വിന്യാസം ഇത് ഇല്ലാതാക്കി.

സന്തോഷരഹിതമായ മുഖങ്ങളോടെ കഴിയുന്ന വൃദ്ധരായ മാതാപിതാക്കൾ കുടുംബ ശ്രേയസിന് കോട്ടം വരുത്തും എന്നതിന് തർക്കമില്ല. അത് ഒഴിവാക്കുന്നതിന് കുടുംബാഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കണമെന്ന് സൂചിപ്പിക്കുകയാണ്. അവരെ കൂടെ താമസിപ്പിച്ച് ശുശ്രൂഷിക്കുന്നത് മക്കളുടെ ധർമ്മവും അവകാശവുമാണ്. അത് അനുഗ്രഹവും ആയിരിക്കും.

സദാ മാറിക്കൊണ്ടിരിക്കുന്ന സമൂഹത്തിൻെറ പെരുമാററങ്ങളിൽ നല്ലവയെ തെരഞ്ഞെടുത്തും നല്ല പാരമ്പര്യങ്ങളെ സ്വാംശീകരിച്ചും പോകേണ്ടത് വരും തലമുറയ്ക്ക് ഏററവും ആവശ്യമാണ്. ചീത്ത സമ്പ്രദായങ്ങളെ കുടുംബാംഗങ്ങൾ പുതുതായി സ്വയത്തമാക്കാതിരിക്കാനും മുകളിൽ സൂചിപ്പിച്ച ദൂഷ്യഫലങ്ങളെ ഒഴിവാക്കാനും കുടുംബാംഗങ്ങൾക്ക് കഴിയണം.

കുടുംബത്തിൻെറ പെരുമാററ സമ്പ്രദായങ്ങൾ മനസ്സിലാക്കുന്നതിനും കുടുംബചരിത്രം അനിവാര്യമാണ്. പെരുമാററ രീതികൾ നല്ലതും ചീത്തയും ആകാം. മക്കളെ ശരിയായി വളർത്തുന്നതിന് മാതാപിതാക്കൾ പ്രകടിപ്പിക്കുന്ന ത്യാഗങ്ങളും ബുദ്ധിമുട്ടുകളും പരോപകാരതല്പരത, ദീനദയാലുത്വം, അനഹങ്കാരം, അശ്രാന്ത പരിശ്രമം, നാട്ടിലേയും സമൂഹത്തിലേയും നിയമങ്ങളോടുള്ള വിധേയത്വം, ഈശ്വരഭക്തി,മാതാ പിതാക്കളോടുള്ള ബഹുമാനം, അനുസരണം എന്നിത്യാദികൾ നല്ലരീതികളാണ്. എന്നാൽ ദുർവാശി, വ്യവഹാരപ്രിയം, ധൂർത്ത്, ദുരഭിമാനം, അഹങ്കാരം, എന്നിത്യാദികൾ ചീത്തയാണ്.

കുടുംബ ചരിത്രമാകുന്ന ഗോപുര ശൃംഖത്തിൽ നില്ക്കുന്ന ആളിന് ഭൂതകാലത്തെ പററിയും അതിൽ നിന്നും ഉരുത്തിരിയുന്ന വർത്തമാന കാലത്തേയും ഭാവിയേയും പററി ഒരു ഏകദേശ രൂപം കിട്ടുക എളുപ്പമാണ്. കുടുംബ ചരിത്രത്തിൽ നിന്നും കിട്ടുന്ന ഈ അറിവ് തൻെറ കുടുംബത്തിൻെറ ഭാവി എങ്ങനെ രൂപപ്പെടുത്തണം എന്ന് ചിന്തിക്കാനും അവ നടപ്പിൽ വരുത്താനും പ്രേരിപ്പിക്കും.

നമ്മുടെ പൂർവ്വികരും ഇപ്പോഴുള്ളവരും അവരുടെ കുഞ്ഞുങ്ങൾക്കു വേണ്ടി സ്വയം ത്യജിച്ച് ജീവിച്ചിരുന്നവരും ജീവിക്കുന്നവരും ആണെന്ന് മനസ്സിലാക്കാൻ കഴിയും.ബഹുഭാര്യാത്വം, ബഹുഭർതൃത്വം എന്നിവ സർവ്വസാധാരണമായിരുന്ന കേരളത്തിൽ ഏക ഭാര്യാ-ഭർതൃബന്ധം കുടുംബത്തിൻെറ അടിസ്ഥാന തത്വമായി ശീലിച്ചു വന്നത് സുറിയാനി ക്രിസ്ത്യാനികൾക്കിടയിൽ മാത്രമായിരുന്നു. ഇതിനു ക്രിസ്തുമതം നല്കിയ ഉത്തേജനം വിലമതിക്കാനാവാത്തതാണ്. ഇങ്ങനെയുള്ള ഒരു കുടുംബത്തിൽ, അതിലെ കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തിനും, മാനസിക - ശാരീരിക ആരോഗ്യത്തിനും, സാമ്പത്തിക വളർച്ചക്കും വേണ്ടി നമ്മുടെ മാതാപിതാക്കൻമാർ സഹിച്ചിട്ടുള്ള ത്യാഗങ്ങൾ അവർണനീയമാണ്. എന്നാൽ ഈ നൂററാണ്ടിൽ കുഞ്ഞുങ്ങളെ എന്ത് ത്യാഗം സഹിച്ചും വിദ്യാഭ്യാസം



പ്രദാനം ചെയ്ത് ഉയർത്തണമെന്നതായി പ്രധാന ഉദ്ദേശം. അതിനു വേണ്ട സാഹചര്യങ്ങളും പണവും ഉണ്ടാക്കുന്നതിന് മാതാപിതാക്കൾ സഹിച്ചിട്ടുള്ള കഷ്ടപ്പാടുകൾ നമ്മെ ആവേശം കൊള്ളിക്കുന്നു.

വിദ്യഭ്യാസം കുഞ്ഞുങ്ങൾക്ക് കൊടുക്കുന്നതിനൊടൊപ്പം അവരെ ആത്മീയമായി വളർത്തികൊണ്ടുവരുവാൻ നമുക്ക് കഴിയണം. അല്ലെങ്കിൽ മററ് എല്ലാ നേട്ടങ്ങളും വട്ട പൂജ്യമായി തീരുവാൻ ഇടയാകും. ക്രിസ്തീയകുടുംബത്തിൽ ജനിച്ചതുകൊണ്ട് ഞാനൊരു ക്രിസ്ത്യാനിയായി എന്നു പറയുന്നതിനേക്കാൾ ബുദ്ധിയും, ജ്ഞാനവും വളർന്ന് കഴിഞ്ഞ് ചെറുപ്പത്തിൽ തന്നെ അവൻെറ സൃഷ്ടിതാവിനെ മനസ്സിലാക്കുവാനും, വീണ്ടും ജനിക്കുവാനും, കഴിയണം. കർത്താവെ നീ തലമുറ തലമുറയായി ഞങ്ങളുടെ സങ്കേതമാകുന്നു എന്ന് സങ്കീർത്തനക്കാരൻ പറയുന്നതുപോലെ ഞങ്ങളുടെ കുടുംബത്തെ, ഞങ്ങളുടെ മാതാപിതാക്കളെ, ഞങ്ങളുടെ കുഞ്ഞുങ്ങളെ വലിയവനും സകലചരാചരങ്ങളുടെ ഉടമയും, ദീർഘമായി ക്ഷമിക്കുന്നതുമായ ദൈവത്തിൻെറ കരുണ നമ്മുടെ കുടുംബത്തോടുകൂടി ഇരിക്കുന്നതിനായി സ്തോത്രം ചെയ്യാം. നമുക്കും, വളർന്നുവരുന്ന തലമുറക്കും യേശുക്രിസ്തുവുമായി വ്യക്തിബന്ധം വളർന്നു വരണം. ഏത് ആവശ്യത്തിനും അവൻ മതിയായവനാണ്. യേശു ക്രിസ്തുവിന് സകലത്തേയും നിയന്ത്രിക്കുവാൻ കഴിവുള്ളവനാണ്. നമ്മുടെ കുഞ്ഞുങ്ങളുടെ സ്വഭാവത്തെ നല്ലതാക്കുവാൻ, നിരാശയെ മാററുവാൻ, നഷ്ടത്തെ ലാഭമാക്കുവാൻ കുടുംബ ജീവിതത്തെ ഭദ്രമാക്കുവാൻ എന്നിങ്ങനെ സകലത്തിനും കഴിവുള്ളവൻ. നാം ആണ് ക്രിസ്തുവിന് കഴിവു കൊടുക്കാതെ, നമ്മുടെ കഴിവിൽ ആശ്രയിക്കുന്നത്. നമ്മുടെ മിടുക്കിലും, സമ്പത്തിലും ആശ്രയിക്കുന്നവന് നിരാശപ്പെടേണ്ടിവരും.

നമ്മുടെ ആൺ കുട്ടികൾ അവരവരുടെ പിതാക്കന്മാരെ വീട്ടുകാര്യങ്ങളിൽ, ജോലികളിൽ സഹായിക്കുന്നവരും, നമ്മുടെ പെൺകുട്ടികൾ അമ്മമാരെ പാചകത്തിലും, വീട്ടുജോലിയിലും സഹായിക്കുന്നവരായി ചെറുപ്പത്തിലെ വളർന്നുവരണം. മാതാപിതാക്കൾ അവരെ അത്തരത്തിൽ പരിശീലിപ്പിക്കുന്നവരും ആയി തീരണം. വളർന്നു വരുന്ന തലമുറയെക്കുറിച്ച് ഭാരത്തോടുകൂടി പ്രാർത്ഥിക്കുന്ന മാതാപിതാക്കളാക്കുവാൻ നമ്മുടെ കുടുംബാംഗങ്ങൾക്കു കഴിയണം. അതിനായിട്ട് ദൈവത്തോട് നമുക്ക് ഒരുമിച്ച് പ്രാർത്ഥിക്കുവാൻ കഴിയണം. നമ്മുടെ കുടുംബദിനം, കുടുംബയോഗം ഒക്കെയും അത്തരത്തിൽ ഉയരണം. അല്ലാതെ വേണ്ടാത്ത നിഗളം കുത്തിനിറക്കുന്നതിന് ഇടയാകരുത്.

നമ്മുടെ പ്രാർത്ഥനയുടെ ഫലമായി നമുക്ക് ഒരുമിച്ച് ചേരുവാൻ ദൈവം സഹായിച്ചു. കുടുംബശാഖകളെ മനസ്സിലാക്കുവാനും, അതിനെ ഒരുമിച്ച് ചേർക്കുവാനും കഴിഞ്ഞത് ഒരു വലിയ ദൈവ നിയോഗമായിരുന്നു എന്ന് മനസ്സിലാക്കുവാൻ കഴിയും.

നമ്മുടെ ആദ്യത്തെ കുടുംബയോഗം 1998-ഡിസംബർ 30-ാം തീയതി തിരുവല്ലായിൽ സെൻറ് ജോൺസ് ഹോളിൽ കൂടുവാനും ഭംഗിയായി നടത്തുവാനും ദൈവം കൃപ ചെയ്തതോർത്ത് ദൈവത്തെ സ്തുതിക്കുന്നു. അതിനു സഹായകരമായത് 1996ൽ ശ്രീമാൻ വർഗീസ് കല്ലൂർ, ശ്രീമാൻ ഇടുക്കള മഠത്തിൽ, ശ്രീമാൻ കെ.എം.പുന്നൂസ് കൊല്ലമന എന്നിവർ ചേർന്ന് 14-4-96 ൽ കൊല്ലമന കുടുംബ ദിനമായി ആചരിച്ച് തുടങ്ങിയതു മുതലാണ്. പ്രധാനമായിട്ടും ഇതിൻെറ ഉദ്ദേശം നമ്മുടെ കുടുംബത്തിലുള്ളവർ ഒരുമിച്ച് ചേർന്ന് കുടുംബത്തിനു വേണ്ടി പ്രാർത്ഥിക്കുകയാണ് - വളർന്നുവരുന്ന തലമുറയ്ക്കു വേണ്ടിയും, രോഗത്തിലിരിക്കുന്നവർക്കു വേണ്ടിയും, പ്രായാധിക്യത്തിൽ ഇരിക്കുന്നവർക്കു വേണ്ടിയും പ്രാർത്ഥിക്കേണ്ടത് ഒരു ആവശ്യമായി കരുതി. കൂടാതെ ദൈവനാമത്തിൽ നമ്മുടെ കുടി വരവ് തമ്മിൽ സ്നേഹിക്കുവാനും, ക്ഷമിക്കുവാനും, നമ്മുടെ കുറവുകളെ മനസ്സിലാക്കി തിരുത്തുവാനും സഹായിക്കുവാനുമാണ്. ഇനിയും വരുന്ന കാലങ്ങളിൽ സന്താനങ്ങൾ കുറഞ്ഞ് വരുന്നതിനാൽ കുടുംബം ഒന്നായി നില്ക്കേണ്ട ആവശ്യവും കുടുംബാംഗങ്ങൾക്ക് ബോധ്യമായതും കൊണ്ടാണ്. അന്നത്തെ കുടുംബദിനം- കൊല്ലമന, കല്ലൂർ, മഠത്തിൽ കുടുംബാംഗങ്ങൾ ചേർന്ന് വിവിധ കേന്ദ്രങ്ങളിൽ നടത്തി. 1997 ൽ പഴഞ്ഞേരിൽ കുടുംബവും ചേർന്ന് 6.4.1997 ൽ കുടുംബദിനം ആചരിച്ചു. 1998 ൽ മനേത്തുമാലി കുടുംബവും കൂടി ചേർന്ന് 19.4.1998 ൽ കുടുംബദിനം ആചരിച്ചു. ആദ്യത്തെ കുടുംബയോഗത്തിന് കാനേക്കാട്ട് കുടുംബവും ചേർന്നു. ഇങ്ങനെ നമ്മുടെ സഹോദര കുടുംബങ്ങൾ എല്ലാം ചേർന്നു വരാൻ ദൈവം സഹായിച്ചു. ആദ്യത്തെ കുടുംബ പ്രസിഡൻറ് ശ്രീമാൻ എം.വർഗീസിൻെറ അദ്ധ്യക്ഷതയിൽ നമ്മുടെ ആദ്യത്തെ കുടുംബയോഗം നടത്തപ്പെട്ടു. ഏകദേശം 135 കുടുംബാംഗങ്ങൾ കൂടി വന്നിരുന്നു. രണ്ടാമത്തെ കുടുംബയോഗം 27-12-1999ൽ ആക്ടിങ് പ്രസിഡൻറ് ശ്രീമാൻ ഫിലിപ്മാത്യു വിൻെറ അദ്ധ്യക്ഷതയിൽ കൂടുകയും ശ്രീമാൻ വർഗീസ് കല്ലൂർ എഴുതിയ സന്ദേശം വായിക്കുകയും ചെയ്തു. ഏകദേശം 110 കുടുംബാംഗങ്ങൾ അന്ന് കൂടിയിരുന്നു. മൂന്നാം വർഷം 30-12-2000ൽ മഠത്തിൽ ശ്രീമാൻ മാത്യു എബ്രഹാമിൻെറ ഭവനത്തിൽ രണ്ടാമതായി സ്ഥാനമേററ ശ്രീമാൻ പി.പി.ഇടുക്കളയുടെ അദ്ധ്യക്ഷതയിൽ ഏകദേശം 140 കുടുംബാംഗങ്ങൾ കൂടി വരികയും ചെയ്തു.



ഈ മൂന്നു വർഷവും കുടുംബ പ്രസിഡൻറ് കുടുംബത്തിനു നൽകിയ സന്ദേശത്തിൻെറ പ്രസക്ത ഭാഗങ്ങൾ ചുവടെ ചേർക്കുന്നു - ആയത് കുടുംബയോഗത്തിൻെറയും,കുടുംബദിനത്തിൻെറയും, കുടുംബചരിത്രത്തിൻെറയും ആവശ്യകതയും പ്രാധാന്യവും മനസ്സിലാക്കുവാൻ ഉപകരിക്കും.

## കുടുംബയോഗ പ്രസിഡന്റിന്റെ സന്ദേശം - 1998

*പ്രിയപ്പെട്ട എന്റെ കുടുംബാംഗങ്ങളെ!*

ഇന്ന് നമുക്ക് ഒരുമിച്ച് കൂടുവാൻ കഴിഞ്ഞതിൽ ദൈവത്തെ സ്തുതിക്കുന്നു. നമ്മുടെ കുടുംബത്തിന്റെ ആദ്യത്തെ പ്രസിഡന്റ് ആകുവാൻ എനിക്കു ലഭിച്ച ഈ അവസരത്തിന് ദൈവത്തെ സ്തുതിക്കുന്നു. 'ഇതാ-സഹോദരൻമാർ ഒത്തൊരുമിച്ച് വസിക്കുന്നത് എത്ര ശുഭവും എത്ര മനോഹരവും ആകുന്നു' എന്ന് സങ്കീർത്തനക്കാരൻ പറഞ്ഞിരി ക്കുന്നതുപോലെ നമ്മുടെ ഈ കൂടി വരവ് എത്ര മനോഹരമായിരിക്കുന്നു. 1934 ൽ കൊല്ലമനയിലെ ബേബിയും, ഞാനും കൂടി നമ്മുടെ കുടുംബ യോഗം നടത്തുവാൻ ഒരു ശ്രമം നടത്തി, നിർഭാഗ്യവശാൽ അത് നടക്കാതെ പോയി. നമ്മുടെ കുടുംബത്തിന്റെ ശാഖകൾ ഒക്കെ മനസ്സിലാക്കുവാനും, എഴുതിവക്കാനും ശ്രമിച്ചു. നമ്മുടെ കുടുംബാംഗങ്ങൾ ക്രിസ്ത്യാനികൾ ആകുന്നതിനു മുൻപ് നമ്പൂതിരി വർഗ്ഗത്തിൽപ്പെട്ടവരായിരുന്നു. കേരളത്തിൽ മതപരിവർത്തനം ഉണ്ടായ കാലത്ത് ക്രിസ്തു മതം സ്വീകരിച്ച് കുറവിലങ്ങാട്ട് താമസമാക്കി. ഹിന്ദുക്കളുടെ പീഡനം മൂലം പിന്നീട് നിരണത്ത് വന്ന് താമസമാക്കി നിരണത്ത് കല്ലൂർ കുടുംബമെന്ന പേരിൽ നമ്മുടെ കുടുംബം രൂപം കൊണ്ടു. നമ്മുടെ കുടുംബത്തിന്റെ ഒരുഭാഗം ബിസിനസ്സ്, കൃഷിയും സംബന്ധിച്ച് തിരുവല്ലായിൽ താമസമായി. പ്രധാനമായും കൊല്ലമുളക് അല്ലെങ്കിൽ ചുമന്ന മുളക് ബിസിനസ്സ് ആയിരുന്നതുകൊണ്ട് കൊല്ലമന എന്ന പേരിൽ അറിയപ്പെടുന്നു. കാവുംഭാഗത്തുള്ള നമ്മുടെ കുടുംബ വീടിന്റെ കിഴക്കേ ഭാഗം കൊല്ലമനയിലെ അവറാച്ചനായിരന്നു താമസം. പടിഞ്ഞാറേ ഭാഗം കല്ലൂർ ഭാഗമായിരുന്നു.

കൊല്ലമനയിലെ അവറാച്ചൻ മക്കളില്ലാതെ മരിച്ച ശേഷം ആ കുടുംബം കല്ലൂർ കുടുംബമായി മാറി. തിരുവല്ലായിൽ നിന്ന് മറ്റൊരു ശാഖ ബിസിനസ്സിലും, കൃഷിയിലും തല്പരരായി പുനലൂരിൽ താമസമാക്കി. പുനലൂരിൽ രൂപം കൊണ്ട നമ്മുടെ ശാഖ 'പഴഞ്ഞേരിൽ' എന്ന പേരിൽ അറിയപ്പെടുന്നു. പഴഞ്ഞേരിൽ കുടുംബത്തിലെ എന്റെ അനുജൻ ഇടുക്കള പ്രായാധിക്യത്താൽ കിടപ്പിലായി പുനലൂരിലുള്ള കുടുംബ വീട്ടിൽ താമസിക്കുന്നു. അദ്ദേഹം നമ്മുടെ കുടുംബചരിത്രത്തിനാവശ്യ മായ രേഖകളെല്ലാം പ്രത്യേകം ഒരു ബുക്കിൽ എഴുതിവച്ചിരുന്നതു കൊണ്ട് നമ്മുടെ പഴഞ്ഞേരിൽ കുടുംബത്തിന്റെ ചരിത്രം മനസ്സിലാക്കാൻ കഴിഞ്ഞു. ഇപ്പോഴും അദ്ദേഹം പഴയ കാര്യങ്ങളെല്ലാം നന്നായി ഓർക്കു ന്നുണ്ട്. നമ്മുടെ കുടുംബയോഗം വിളിച്ചു കൂട്ടിയതിൽ വളരെ സന്തോ ഷിക്കുന്ന ഇടുക്കളയെ ഞാൻ പ്രത്യേകം ഈ സമയം ഓർക്കുന്നു. എല്ലാ ദൈവാനുഗ്രഹങ്ങൾക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. കൃഷിയിൽ താല്പര്യമുണ്ടായിരുന്ന മറ്റൊരു ശാഖ കാവും ഭാഗത്ത് മനേത്തുമാലി എന്ന കുടുംബപേരിൽ അറിയപ്പെടുന്നു. ഇന്ന് നമ്മുടെ കുടുംബത്തിന്റെ എട്ടാം തലമുറയാണ് ഉള്ളത്. ഏഴുതലമുറക്ക് മുൻപ് ഉണ്ടായിരുന്ന കൊല്ലമനയിലെ കൊച്ചിടുക്കളേച്ചന്റെ കുടുംബമാണ് മഠത്തിൽ ശാഖ. നമ്മുടെ കുടുംബത്തിന്റെ വൈസ്പ്രസിഡന്റ് ആയിരിക്കുന്ന എന്റെ അനുജൻ ഇടുക്കളയും നമ്മുടെ കുടുംബചരിത്ര ത്തിന് ആവശ്യമായ എല്ലാ വിവരങ്ങളും എഴുതി ഇതിനോടകം ഏല്പിച്ചു കഴിഞ്ഞു. ചുരുക്കത്തിൽ എട്ടു തലമുറക്ക് മുൻപ് കല്ലൂർ, പഴഞ്ഞേരിൽ, മനേത്തുമാലി, കൊല്ലമന കുടുംബത്തിലെ നമ്മുടെ പിതാക്കൻമാർ ജേഷ്ഠാനുജൻമാരായിരുന്നു. ഏഴു തലമുറക്ക് മുൻപ് കൊല്ലമനയിൽ നിന്നും രൂപം കൊണ്ട ശാഖയാണ് മഠത്തിൽ കുടുംബം.

എട്ടു തലമുറക്ക് മുൻപ് ഉണ്ടായിരുന്ന അവറാച്ചൻ അല്ലെങ്കിൽ കൊല്ലമനപോത്ത നമ്മുടെ കുടുംബത്തിന്റെയും, നമ്മുടെ സഭയുടേയും അഭിമാനമായിരുന്നു. മലങ്കര സഭയുടെ ആദ്യകാലത്ത് നവീകരണം സഭയിൽ നടന്നപ്പോൾ, നമ്മുടെ പല പള്ളികളും നവീകരണ കക്ഷികൾ അടക്കി ഭരിച്ചിരുന്ന കാലത്ത്, പള്ളികളെ യഥാസ്ഥാനപ്പെടുത്തുന്ന തിനു വേണ്ടി വളരെ യാതനകൾ അനുഭവിക്കേണ്ടി വന്നിരുന്നെങ്കിലും പള്ളികൾ എല്ലാം തന്നെ മലങ്കര സുറിയാനി സഭയുടെ ഭരണത്തിൻ കീഴിൽ കൊണ്ടുവരാൻ നമ്മുടെ കക്ഷികൾക്ക് സാധിച്ചത് പ്രശംസനീയമാണ്. നമ്മുടെ കക്ഷികളിലെ പ്രധാനികളായിരുന്ന കൊല്ലമനപോത്ത (അവറാച്ചൻ) കട്ടപ്രത്തു പള്ളിക്കാരായ കോടിയാട്ട്



യക്കോബു കത്തനാരും, പയിനുംമൂട്ടിൽ ഗീവറുഗീസ്കത്തനാരും, ചാലക്കുഴിമാത്തുവും ആയിരുന്നു. അന്ന് ഹോശാന്നാ ഞായറാഴ്ച പാലിയേക്കര പള്ളിയിൽ കുർബാന നടക്കുമ്പോൾ എതിർകക്ഷി കളുടെ ആക്രമണത്തിൽ മരണമടഞ്ഞ കൊല്ലമന അവറാച്ചനെ നിരണം പള്ളിയിൽ അടക്കം ചെയ്തു. കൊല്ലുവാൻ വേണ്ടി ചെയ്തതല്ലെങ്കിലും അതൊരു കൊലപാതക കേസായി മാറി. പഴയ കാലത്ത് രൂപം കൊണ്ട ക്രിസ്ത്യൻ കുടുംബങ്ങളുടെ എല്ലാം ചരിത്രം നമ്മുടെ സഭയുടെ ചരിത്രവുമായി ചേർന്നു കിടക്കുന്നു എന്ന് പറയാം. തിരുവല്ലായിലുള്ള പാലിയേക്കര പള്ളിയും, കട്ടപ്പുറത്തു പള്ളിയും, തെക്കെ പള്ളിയും പണികഴിപ്പിക്കുന്നതിൽ വളരെ തീഷ്ണമായി പ്രവർത്തിച്ച ഒരു കുടുംബമാണ് നമ്മുടേത്. പാലിയേക്കര പള്ളിയുടെ ട്രസ്റ്റയായി ദീർഘകാലം സേവനമനുഷ്ഠിച്ചത് എന്റെ ജ്യേഷ്ഠൻ ഉണ്ണൂണ്ണിച്ചായന്റെ പിതാവ് കൊല്ലമനമാത്തു ഏബ്രഹാം ആയിരുന്നു. അദ്ദേഹം നമ്മുടെ പള്ളികൾക്ക് എതിരെയുണ്ടായിരുന്ന കേസുകൾ വാദിക്കുന്നതിന് നമ്മുടെ ഭൂസ്വത്ത് കൂടുതൽ ഉപയോഗിച്ചു-ആയതുകൊണ്ട് ഭൂസ്വത്തുക്കൾ കുറയുവാൻ ഇടയായി. ഞാൻ കുറച്ച് പഴയകാല ചരിത്രം പറയുവാൻ കാരണമായത് നമ്മുടെ കുടുംബത്തിലെ കാരണവൻമാർ തികഞ്ഞ ദൈവഭക്തരായിരുന്നു. കൂടാതെ നമ്മുടെ സഭക്കു വേണ്ടി ജീവിച്ചവരാണ്. കാലം എല്ലാം അങ്ങനെ കഴിഞ്ഞു. ഇന്ന് നമുക്ക് വളരെ സ്വാതന്ത്ര്യമായി പ്രാർത്ഥിക്കുവാനും, ജീവിക്കുവാനും കഴിയുന്നത് അവരുടെ യാതനകൾ മൂലമാണ്. ഇന്ന് നമുക്ക് ആവശ്യം. സഭാഭക്തിയേക്കാൾ അധികം ദൈവഭക്തിയാണ്. നമ്മുടെ കുടുംബം വളർന്ന് ശാഖകളായി പടർന്ന് പന്തലിച്ചപ്പോൾ നമ്മുടെ കുടുംബാംഗ ങ്ങൾ മാർത്തോമ്മാ സഭയിലും, കന്നായ സഭയിലും മറ്റും അംഗങ്ങളായി. ഇന്ന് നമ്മുടെ കുടുംബം എല്ലാ സഭകളെയും, സുവിശേഷവേലയേയും വളരെ ബഹുമാനിക്കുന്നു. യേശു ക്രിസ്തു സ്ഥാപിച്ചത് ഒരു മതത്തെ അല്ലാ പിന്നെയോ സകല മനുഷ്യർക്കും വേണ്ടി അവരുടെ പാപങ്ങൾക്കു വേണ്ടി ക്രൂശിൽ മരിച്ചു.

യേശു ക്രിസ്തുവിന്റെ രക്തത്താൽ നമ്മെ വിലക്കുവാങ്ങി , നമ്മെ മക്കൾ ആക്കി തീർത്തിരിക്കുന്നു. നമ്മൾ വചനത്തിൽ വളർന്നു വരണം. ആത്മീയമായി ഉയരണം. എങ്കിൽ മാത്രമെ ഭാവി തലമുറ അനുഗ്രഹിക്കപ്പെടുകയുള്ളൂ. നമ്മുടെ ഈ കൂടി വരവിന് പ്രാർത്ഥനക്ക് നാം വളരെ മുൻതൂക്കം കൊടുക്കുന്നുണ്ട്. യേശുക്രിസ്തുവിന് പ്രഥമസ്ഥാനം നല്കി സകല മഹത്വവും അവന് കൊടുക്കാം.

അവനില്ലാത്ത ഒരു കാര്യവും നിലനില്ക്കില്ല. പള്ളിയിൽ നാം വിശ്വാസികളെല്ലാവരും കൂടി ദൈവത്തെ സ്തുതിക്കുകയാണെങ്കിൽ, ഇവിടെ-കുടുംബയോഗത്തിൽ സഹോദരങ്ങൾ ഒരുമിച്ച് ദൈവത്തെ സ്തുതിക്കുന്ന ഭാഗ്യമുള്ള അവസരമാണ് സൃഷ്ടിക്കുന്നത്. അല്ലാതെ നമ്മുടെ കുടുംബത്തിന്റെ ശ്രേഷ്ഠതക്കോ, പേരിനോ, പെരുമക്കോ അല്ല-ഭാവിതലമുറക്ക് മാതൃകയായിരിക്കണം ഈ കുടുംബയോഗം. ഇവിടെ എല്ലാവർും ഒരേ സ്ഥാനമാണ് ഉള്ളത്. പ്രായത്തിന് മാത്രം നാം ബഹുമാനം കൊടുക്കുന്നു. അല്ലാതെ ഒരാളുടെ സാമ്പത്തികമോ, വിദ്യാഭ്യാസ യോഗ്യതയോ നമ്മെ വേർതിരിക്കുന്നില്ല. നമ്മുടെ ഇടയിൽ ആരാണ് വലുത് എന്ന ചിന്ത വരരുത്. വഴക്കുകൾ കൂടാതെ ശ്രമിക്കണം. എല്ലാ കാര്യങ്ങൾക്കും ഒരു നിഷ്ഠ വേണം. ഇവിടെ വച്ച് വഴക്കുകൾ ചർച്ച ചെയ്യരുത്. നിവർത്തിയുണ്ടെങ്കിൽ രമ്യതപ്പെടുത്താൻ ശ്രമിക്കണം. മുതിർന്നവരായ നമ്മെയാണ് കുട്ടികൾ അനുകരിക്കുന്ന തെന്ന് ഓർക്കണം. സ്വന്തസഹോദരങ്ങളുടെ കുറ്റം പറയുന്നവരാകരുത്. രഹസ്യമായിട്ട് ഉപദേശിക്കുന്നവനാണ് യഥാർത്ഥ സഹോദരൻ. താഴ്മയും, ക്ഷമയുമാണ് മറ്റുള്ളവർ ആദരിക്കുന്നത് എന്ന് ഓർമ്മ വേണം.

നമ്മുടെ കുടുംബദിനം ഈസ്റ്റർ കഴിഞ്ഞുവരുന്ന ഞായറാഴ്ച അതാതു സ്ഥലങ്ങളിൽ നടത്തിവരുന്നു. ഇനിയും വരുന്ന വർഷങ്ങളിലും അത് കൃത്യമായി നടക്കണം. അതാതു സ്ഥലങ്ങളിൽ പ്രായത്തിൽ മുതിർന്നവർ അതിനും നേതൃത്വം കൊടുക്കണം. അതിന്റെ റിപ്പോർട്ട് അടുത്ത കുടുംബയോഗത്തിന് വായിക്കണം. ആ ദിവസം കുടുംബത്തിനു വേണ്ടി പ്രാർത്ഥിക്കണം. നമ്മുടെ കുടുംബഫണ്ട് വരുന്ന കാലങ്ങളിൽ എങ്ങനെ ചിലവാക്കണമെന്ന് നമുക്ക് ആലോചിക്കേണ്ട തുണ്ട്-നമ്മുടെ ഫണ്ടിന്റെ പലിശ കൊണ്ടു മാത്രം വരുന്ന കുടുംബ യോഗങ്ങൾ നടത്താൻ കഴിയണം. ചിലവുകൾ കുറച്ച് മറ്റുള്ളവരെ സഹായിക്കുന്നതിൽ തല്പരരാകണം. നമ്മുടെ കുടുംബത്തിൽ സാമ്പത്തിക ക്ലേശം അനുഭവിക്കുന്നവരെ നാം ആദ്യം നോക്കണം-പിന്നീട് നമ്മുടെ രാജ്യത്തിന്റെ സുവിശേഷികരണത്തിനെ സഹായി ക്കുന്നവരാകണം. നമ്മുടെ കുറവുകൊണ്ടാണ് നമ്മുടെ ദേശം സുവിശേഷികരിക്കപ്പെടാതെ അന്ധകാരത്തിൽ കിടക്കുന്നത്.അതിന്റെ ഉത്തരവാദിത്വം നമുക്ക് ഓരോരുത്തർക്കും ഉണ്ടെന്ന് ഓർമ്മ വേണം. നിങ്ങൾ ലോകത്തിൽ എന്റെ സുവിശേഷം പ്രചരിപ്പിച്ച് സകലരേയും എന്റെ ശിഷ്യരാക്കി കൊള്ളുവിൻ എന്ന കർത്താവിന്റെ ഉപദേശം നാം



മറക്കരുത്. ഭാരതത്തിന്റെ സുവിശേഷകരണത്തിനു വേണ്ടി നാം പ്രത്യേകം പ്രാർത്ഥിക്കണം-അതിനെ സഹായിക്കുകയും വേണം. നമ്മുടെ രാജ്യത്തിന്റെ സുവിശേഷീകരണത്തിനു വേണ്ടി പ്രവർത്തി ക്കുന്ന-തിരുവല്ലാ ആസ്ഥാനമായുള്ള മിഷ്യൻസ് ഇന്ത്യാ സംഘടനയിൽ നിന്നുള്ള പ്രവർത്തകർ നമ്മുടെ ഇന്നത്തെ യോഗത്തിൽ സംബന്ധിച്ചത് വളരെ സന്തോഷകരമാണ്. അവരെ നമ്മുടെ ദിനം പ്രതിയുള്ള പ്രാർത്ഥനയിൽ ഓർക്കുകയും, അവരുടെ പ്രവർത്തനങ്ങളെ സഹായിക്കുവാനും കഴിയണം. എങ്കിൽ നമ്മുടെ കുടുംബത്തിനു കർത്താവിന്റെ വേലയെ തികക്കുന്നതിൽ അവരോടൊപ്പം പങ്കു ചേരാൻ കഴിയും.

ഇന്ന് നമ്മെ സംബന്ധിച്ച് നമ്മുടെ സ്വപ്നം സാക്ഷാൽകരിച്ച ദിവസമാണ്. അതിന്റെ സന്തോഷം നമുക്ക് ഒരുമിച്ച് ചേർന്ന് പങ്കുവക്കാം. നമ്മുടെ കുടുംബയോഗം സന്തോഷത്തിന്റെയും, സമാധാനത്തിന്റെയും, ഒരുമയുടേയും നാളുകൾ ആയി തീരട്ടെ എന്ന് ദൈവത്തോട് പ്രാർത്ഥിച്ചുകൊണ്ട് എന്റെ പ്രസംഗത്തിൽ നിന്നും വിരമിക്കട്ടെ.

തിരുവല്ല **എം. വർഗ്ഗീസ്, കല്ലൂർ.**
30.12.1998

# കുടുംബപ്രസിഡൻറിൻെറ സന്ദേശം-1999

***എൻെറ പ്രിയപ്പെട്ട കുടുംബാംഗങ്ങളെ,***

ഇന്ന് നമുക്ക് വീണ്ടും ഒരുമിച്ച് കൂടുവാനും, സ്നേഹം പങ്കിടു വാനും, ദൈവം ഒരുക്കിയ അവസരത്തെ, നന്ദിയോടെ ദൈവത്തെ സ്തുതിക്കുന്നു. ഒരു നൂറ്റാണ്ട് കഴിഞ്ഞ് മറ്റൊരു നൂറ്റാണ്ടിലേക്ക് പ്രവേശിക്കുവാൻ പോകുന്ന ഈ അവസരത്തിൽ കുടുംബയോഗ ത്തിൻെറ പ്രാധാന്യം വിശദീകരിക്കുവാൻ ആഗ്രഹിക്കുന്നു. ഏഴും, എട്ടും തലമുറക്ക് മുൻപ് ശാഖകളായി പിരിഞ്ഞ നാം ഒരു കുടുംബത്തിൻെറ ശാഖയാണെന്ന് ഓർമ്മിക്കണം. കുടുംബങ്ങളിൽ അംഗസംഖ്യ കുറഞ്ഞ്, ചെറിയ, ചെറിയകുടുംബങ്ങൾ പ്രോത്സാഹിപ്പിക്കുന്ന ഇക്കാലത്ത് കുടുംബ ബന്ധങ്ങളുടെ ആവശ്യത്തിന് പ്രാധാന്യം അർഹിക്കുന്നു. പലപ്പോഴും നമുക്ക് കൂട്ടുകാരോട് ഉള്ള ഈർഷ്യ വേഗം തീർക്കുവാൻ കഴിയുമെങ്കിൽ സഹോദരങ്ങൾ തമ്മിലുള്ള ഈർഷ്യ വേഗം തീർക്കുവാൻ കഴിയാതെ അകന്നു പോകുവാൻ കാരണമാകുന്നു.

ക്ലബുകൾ, റസിഡൻറ് അസോസിയേഷനുകൾ വർദ്ധിച്ചു വരുന്ന ഒരു കാലമാണ്. അവിടെ ശ്രദ്ധിച്ചാൽ തമ്മിൽ അറിയാൻ വയ്യാത്തവർ തമ്മിൽ ചേർന്നു പോകുവാൻ ഒരു പ്രയാസവും കാണുന്നില്ല. ലോകപരമായ കാര്യങ്ങൾക്ക് മുൻതൂക്കം നൽകി പോകുന്ന ഒരു തലമുറയെയാണ് അവിടെ കാണാൻ കഴിയുന്നത്. അതിനു നാം കണ്ടെത്തുന്ന കാരണം സ്വന്തക്കാർ പല സ്ഥലങ്ങളിലായി ചിതറി പാർക്കുന്നതു കൊണ്ട് നമ്മുടെ ഒരു ആവശ്യത്തിന് ഏറ്റവും ഉപകരിക്കുന്നത് അയൽക്കാരനായിരിക്കും എന്നതാണ്. ബുദ്ധിപരമായ ഒരു കരുതൽ ആയിരിക്കും അത്. എന്നാൽ അയൽക്കാരനെ സ്നേഹിക്കണ്ടാ എന്നല്ല അർത്ഥം. നമ്മെ പോലെ തന്നെ അയൽക്കാരനെ സ്നേഹിക്കുവാനാണ് യേശുക്രിസ്തു നമ്മെ ഉപദേശിക്കുന്നത്. സഹോദരങ്ങളോടു ക്ഷമിക്കുവാൻ കഴിയാതെ അയൽക്കാരെ സ്നേഹിച്ചും, സഹകരിച്ചും പോകുന്നത് ദൈവകല്പന തെറ്റിക്കലാണ് എന്നോർക്കണം ചിലർ വിചാരിക്കുന്നത് കുടുംബ യോഗം കൊണ്ടു വലിയ പ്രയോജനം ഒന്നും ഇല്ലാ എന്നായിരിക്കാം. ഒരു ദിവസം ഒരുമിച്ച്കൂടിയതു കൊണ്ട് എനിക്ക് എന്ത്ലാഭം ? സഹോദരങ്ങളെ കാണുവാൻ കൂടി ആഗ്രഹിക്കാത്തവർ നമ്മുടെ സമൂഹത്തിലുണ്ട്. ക്ഷമിക്കുവാൻ കഴിയാത്തവാശി, വൈരാഗ്യം, പ്രതികാരം ഇതു പോലുള്ള സ്വഭാവങ്ങൾ സാത്താന്റെ സ്വഭാവങ്ങളാണ്. കുടുംബബന്ധങ്ങൾ തകർന്നു പോകുന്ന അനേകം കുടുംബങ്ങളെ ഇന്ന് ധാരാളമായി കാണുവാൻ കഴിയുന്നു. കുടുംബങ്ങളിൽ ദൈവം ഇല്ലാ എന്നതു തന്നെ ആദ്യത്തെ കാരണം. ക്ഷമിക്കുവാനും, താഴ്മപെടുവാനും ആർക്കും കഴിയുന്നില്ല. വേദപുസ്തകത്തെ അടിസ്ഥാനമാക്കിയുള്ള ഒരു കുടുംബം വേണം നമുക്ക്കെട്ടിപടുത്തുവാൻ. ഒരു കുടുംബനാഥൻ ദൈവത്തിന്റെ പ്രതിപുരുഷനാണെന്ന്ഓർമ്മ വേണം. അവന്റെ ജീവിതത്തിലെ പ്രധാനപ്പെട്ട തീരുമാനങ്ങൾ അവൻ ദൈവത്തോട് ആലോചന കഴിച്ച് വേണം തീരുമാനം എടുക്കാൻ അവന്റെ ആശ്രയം യേശുക്രിസ്തുവിൽ ഉറച്ചിരിക്കണം. തന്റെ ബുദ്ധിയിലോ, സമ്പത്തിലോ,ആരോഗ്യത്തിലോ, കുടുംബത്തിലോ,ആശ്രയിക്കുന്നവൻ നിരാശപ്പെടേണ്ടിവരും ഭാര്യ, ബലഹീന പാത്രമെന്ന് മനസ്സിലാക്കി അവളോട് ദീർഘമായിട്ട് ,ക്ഷമിക്കുവാനും മനസ്സലിവു കാണിക്കുവാനും കഴിയണം. ആത്മീയമായി ഉയർന്ന ഒരുവ്യക്തിയും, അല്ലാത്ത ഒരു വ്യക്തിയും തമ്മിൽകുടുംബ ജീവിതം നയിച്ചാൽ ഏത് വഴിക്ക് കുടുംബം വരുമെന്ന് ചിന്തിച്ചിട്ടുണ്ടോ? ആത്മീയമായി ഉയരാത്ത വ്യക്തിയോട് ചേർന്ന് ലോകജീവി



തം നയിക്കുന്നത് കാണുവാൻ കഴിയും യേശുക്രിസ്തു പറയുന്നത് നല്ല നിലത്ത് വീണ വിത്തുപോലെ, നൂറും, അറുപതും, മുപ്പതും മേനിയായി ഫലം കായ്ക്കുന്നത് ആയിതീരുവാനാണ്. പൈശാചികൻ നിറഞ്ഞിരിക്കുന്ന ഈ ലോകത്ത് കുടുംബബന്ധങ്ങളെ തകർക്കാൻ അവൻ (സാത്താൻ) ഏതു വഴിയും ശ്രമിക്കും. അതുകൊണ്ട് ആരാണ് കുടുംബത്തിൽ ആത്മീയമായി ഉയർന്നത്, ആ വ്യക്തി കൂടുതൽ ദൈവത്തിൽ ആശ്രയിച്ച് പ്രാർത്ഥനാ ജീവിതം നയിച്ചാൽ പങ്കാളിയും അതിനോട് ചേർന്ന് വരുന്നത് കാണാൻ കഴിയും. ചില ഭവനങ്ങളിൽ മക്കളുടെ ആത്മീയ ഉയർച്ച മാതാപിതക്ഷളുടെ ആത്മീയ ഉയർച്ചയ്ക്ക് കാരണമാകുന്നു തിരുവചനം പറയുന്നത് പുരുഷൻ സ്ത്രീയുടെ തലയാണ്. അതുകൊണ്ട് സ്ത്രീ പുരുഷന്കീഴ്പ്പെട്ടിരക്കണം. വേദഭാഗം ഒന്ന് പത്രോസ് 3ാം അദ്ധ്യായം 3,4 വാക്യങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നത് സ്ത്രീയുടെ ഭംഗി, അവളുടെ സൗമ്യതയും, സാവാധാനമുള്ള മനസ്സ് എന്ന അക്ഷയ ഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നെ ആയിരിക്കട്ടെ എന്നാണ്. ഭർത്താവിന്റെ കുടുംബത്തെ സ്വന്തം കുടുംബത്തേക്കാൾ കൂടുതൽ സ്നേഹിക്കുകയും, ഇടപഴകുകയുംചെയ്യേണ്ടതാകുന്നു. തങ്ങളിൽ നിന്ന് ഉളവാകുന്ന ഭാവി തലമുറ അനുഗ്രഹസമ്പൂർണ്ണമാകുവാൻ മാതാപിതാക്കൾ, മക്കൾക്കു വേണ്ടി കണ്ണുനീരൊഴുക്കി പ്രാർത്ഥിക്കേണ്ടതാണ്. ബുദ്ധിപരമായി നാം കരുതിവക്കുന്നതൊന്നും യഥാർത്ഥമായി നമ്മെ സഹായിക്കുവാൻ കഴിയുന്നില്ല എന്ന് മനസ്സിലാക്കുവാൻ കഴിയണം. വളർന്നു വരുന്ന കുഞ്ഞുങ്ങൾ പരസ്പരം ക്ഷമിക്കുന്നതിനും, പരസ്പരം സഹായിക്കുന്നതിനും, സ്നേഹിക്കുന്നതിനും പരിശീലിപ്പിക്കണം. മാതാപിതാക്കളെ കാണപ്പെടുന്ന ദൈവമായി ബഹുമാനിക്കുകയും കരുതുകയും ചെയ്യുന്നവരായിരിക്കണം. □വ്യക്തി സമഷ്ടിക്കും സമഷ്ടി വ്യക്തിക്കും □ എന്ന മഹനിയ സഹകരണ തത്വം ചെറുപ്പം മുതൽക്കു തന്നെ പരിശീലിക്കണം പ്രഭാതത്തിലും പ്രദോഷത്തിലും കുടുംബാംഗങ്ങൾ ഒന്നിച്ച് കൂടി, കുടുംബ പ്രാർത്ഥന നടത്തേണ്ടതാണ്. പ്രാർത്ഥനയോടു കൂടി ഒരു ദിവസം ആരംഭിക്കുമ്പോൾ എല്ലാ പ്രശ്നങ്ങളും പ്രതിസന്ധികളും ദൈവംമാററിതരും. അല്ലാതെ കാലവും സമയവും നോക്കേണ്ടവരല്ലനാം. വേദഭാഗം ആവർത്തന: 4:19, പറയുന്നു ജാതകം, രാഹുകാലം ജാതികൾക്കായി ദൈവം വേർതിരിച്ചരിക്കുന്നു. നല്ലകാലത്തെ ദുഷ്കാലം ആക്കുവാനും, ദുഷ്കാലത്തെ നല്ല കാലമാക്കുവാനും അധികാരമുള്ള ദൈവത്തെ നാം ഭയപ്പെടണം. വിശുദ്ധന്മാർ ദൈവത്തിന്റെ സ്ഥാന

ത്തേക്ക് വരരുത്. വേദപുസ്തകം സങ്കീർത്തനം 16:3 ൽ പറയുന്നു വിശുദ്ധന്മാർ ദൈവമുൻപാകെ ശ്രേഷ്ഠന്മാർ തന്നെ'. നമുക്കും ദൈവത്തിനും മദ്ധ്യസ്ഥൻ ഒരുവൻ മാത്രം'. അത് കർത്താവായ യേശുക്രിസ്തു തന്നെ'. □ദൈവ ത്തിന്റെപുത്രനായ യേശുക്രിസ്തുവിന്റെ രക്തം നമ്മുടെ പാപങ്ങൾ കഴുകി നമ്മെ വെടിപ്പാക്കുന്നു' (1. യോഹന്നാൻ 1:7 (രണ്ടാം ഭാഗം) അവൻ മാത്രമാകുന്നു നമ്മുടെ പാപങ്ങൾക്കു വേണ്ടി ക്രൂശിൽ മരിച്ചത്. അവൻ മാത്രമാകുന്നു പാപമില്ലാത്തവൻ, പവിത്രൻ, നിർമ്മലൻ, നിർദ്ദോഷൻ, പാപികളോട് വേർപെട്ടവൻ. അധർമ്മികളും, പാപികളും, അഹങ്കാരികളുമായ നമ്മെ അവനാകുന്നു തന്റെ മക്കളായി വേർതിരിച്ചത്. അല്ലാതെ നമ്മുടെ ഒരു നന്മ പ്രവർത്തിയുമ ല്ലദൈവ മുൻപാകെ ഇപ്പോൾ നില്ക്കുമാറാക്കുന്നത്.നമ്മുടെ കുടുംബത്തിൽ ജനിച്ചസ്ത്രീകൾക്ക് എപ്പോഴും അവരുടെ കുടുംബത്തിൽ അംഗത്വമു ണ്ട്, സ്ഥാനമുണ്ട്. അവരുടെ ഭർത്താക്കന്മാരും, കുട്ടികളും നമ്മുടെ ബഹുമാന്യരായ അതിഥികളാകുന്നു.

21 ാം നൂററാണ്ടിലേക്ക് പ്രവേശിക്കുവാൻ പോകുന്ന നാം മനസ്സിലാക്കിയിരിക്കേണ്ട ഒരു കാര്യമുണ്ട്. ക്രിസ്തീയ വിശ്വാസങ്ങൾക്ക് എതിരെ സാത്താൻ കൂടുതലായി പ്രവർത്തിക്കുന്ന ഒരു കാലത്തിലൂടെയാണ് നാം കടന്നു പോകുന്നത്, വിശ്വാസത്യാഗം സംഭവിച്ചു കൊണ്ടിരിക്കുന്ന ഒരു കാലമാണ്. ആയതുകൊണ്ട് നാം നമ്മുടെ കുറവിലേക്ക് നോക്കാം, പാപങ്ങളെ ഏററുപറഞ്ഞ് മാനസാന്തരപ്പെടാം, അവസാന ശ്വാസം വരെ സത്യവിശ്വാസികളായി ജീവിക്കാം. പ്രസംഗിക്കുവാൻ എളുപ്പമാണ്, കേൾക്കുവാനും ഇമ്പകരമാണ്, എന്നാൽ പ്രവർത്തിയിൽ വരുത്തുവാൻ പ്രയാസമാണ്. യേശുക്രിസ്തു നമ്മിൽ വസിച്ചിട്ടല്ലാതെ നമുക്ക് ഫലം പുറപ്പെടുവിപ്പിക്കുവാൻ സാധ്യമല്ല. ആയതുകൊണ്ട് കർത്താവായ യേശുക്രിസ്തുവിന് നമ്മിൽ വന്ന് വസിക്കുന്നതിന് യോഗ്യമാംവണ്ണം നമ്മെതന്നെ ശുദ്ധീകരിക്കാം. അതിന് കർത്താവായ യേശുക്രിസ്തു നമ്മെ സഹായിക്കുമാറാകട്ടെ എന്ന് ഞാൻ ഈ അവസരത്തിൽ പ്രാർത്ഥിക്കുന്നു.

കഴിഞ്ഞ കുടുംബയോഗത്തിനു ശേഷം നമ്മുടെ ഒരു ശാഖ കാരക്കൽ എന്ന സ്ഥലത്ത് ഉള്ളതായി അറിയുവാൻ ഇടയായി, ആ ശാഖ കാനേക്കാട്ട് എന്ന പേരിൽ അറിയപ്പെടുന്നു.

കഴിഞ്ഞ നൂററാണ്ടിലേക്കു നോക്കിയാൽ, മുക്കാൽ ഭാഗത്തോളം ജീവിച്ച എനിക്ക്- ഓരോ ദിവസവും ദൈവം നടത്തിയ വഴികളെ



നന്ദിയോടെ എത്ര സ്തുതിച്ചാലും മതിയാവുന്നതല്ല. നമ്മുടെ കുടുംബ ശാഖകളെ എല്ലാം ഒത്തുചേർത്ത് കുടുംബയോഗം നടത്തുവാൻ ദൈവം ഇടയാക്കിയതിനെ നന്ദിയോടെ ഓർക്കുന്നു. എന്റെ സഹോദരങ്ങളും മക്കളും, കൊച്ചുമക്കളും കൊച്ചുകൊച്ചുമക്കളും ചേർന്ന് ദൈവത്തെ സ്തുതിക്കുവാനും, സ്നേഹം പങ്കിടുവാനും പ്രത്യേകിച്ച് ഒരു നൂററണ്ടിന്റെ ആരംഭത്തിൽ ദൈവം ഒരുക്കിയ അവസരത്തെ നന്ദിയോടെ സ്തുതിക്കുന്നു. വരും കാലങ്ങളിൽ നമ്മുടെ കുടുംബയോഗം കൂടുതൽ ഭംഗിയായി നടക്കട്ടെ എന്ന് ഈ അവസരത്തിൽ ഞാൻ ആശംസിക്കുന്നു. എല്ലാവർക്കും എന്റെ സ്വന്തം പേരിലും നമ്മുടെ കുടുംബത്തിന്റെ വകയായും പുതുവത്സരാശംസകൾ നേർന്നുകൊള്ളുന്നു. ദൈവം തമ്പുരാൻ കൂടുതൽ അനുഗ്രഹങ്ങൾ നൽകി നമ്മെ ആശീർവദിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് എന്റെ പ്രസംഗത്തിൽ നിന്നും വിരമിക്കട്ടെ.

തിരുവല്ല — കുടുംബ പ്രസിഡന്റ്
27-12-1999 — **എം. വർഗീസ് കല്ലൂർ**

# കുടുംബ പ്രസിഡന്റിന്റെ സന്ദേശം -2000

*പ്രിയപ്പെട്ട എന്റെ കുടുംബാംഗങ്ങളെ!*

സഹോദരന്മാർ ഏക മനസ്സായി ഒരുമിച്ച് വസിക്കുന്നത് എത്ര വിശിഷ്ടവും സന്തോഷപ്രദവുമാണ്. അഹറോന്റെ തലയിൽ നിന്നും താടിയിലേക്കിറങ്ങി അങ്കിയുടെ കഴുത്തുപട്ടയിലൂടെ ഒഴുകുന്ന അമൂല്യമായ അഭിഷേകതൈലം പോലെയാണത്. സീയോന് പർവ്വതങ്ങളിൽ പൊഴിയുന്ന ഹെർമോൻതുഷാരം പോലെയാണ് അത്. അവിടെയാണ് കർത്താവ് തന്റെ അനുഗ്രഹവും അനന്തമായ ജീവനും പ്രദാനം ചെയ്യുന്നത് (സങ്കീ. 133)

നമ്മുടെ കുടുംബത്തിലുള്ള എല്ലാ സഹോദരങ്ങളുടെയും ഇതിൽ സഹോദരികളും കുഞ്ഞുങ്ങളും പ്രായമായവരും ഉൾപ്പടെ എല്ലാവരുടെയും ഐക്യവും തമ്മിൽ തമ്മിലുമുള്ള സ്നേഹവുമാണ് നമ്മുടെ കുടുംബയോഗത്തിന്റെ ലക്ഷ്യം. ഈ ഐക്യത്തിലും സ്നേഹത്തിലും നാം വളരേണ്ടിയിരിക്കുന്നു. പൗലോസ് ശ്ലീഹാ പറഞ്ഞിരിക്കുന്നത് സ്നേഹം ദീർഘക്ഷമയുള്ളതാണ്, കരുണയുള്ളതാണ്, സ്നേഹം അസൂയപ്പെടുന്നില്ല. ആത്മപ്രശംസചെയ്യുന്നില്ല. അത് അഹങ്കരിക്കു

ന്നില്ല. അതു പരുഷമല്ല, സ്നേഹം സ്വാർത്ഥത ഇല്ലാത്തതാണ്. അത് ക്ഷോഭിക്കുന്നില്ല, വിദ്വേഷം വച്ചു പുലർത്തുന്നില്ല. അത് അധർമ്മത്തിൽ ആനന്ദിക്കുന്നില്ല. സത്യത്തിലാണ് ആനന്ദിക്കുന്നത്. സ്നേഹം എല്ലാം ക്ഷമിക്കുന്നു. എല്ലാം വിശ്വസിക്കുന്നു, എല്ലാം പ്രത്യാശിക്കുന്നു, എല്ലാം സഹിക്കുന്നു. സ്നേഹത്തിന് അറുതിയില്ല. (2.കൊറി. 13:4 - 8) ദൈവത്തെ വ്യവഹരിക്കുന്നത് സ്നേഹമായും സത്യമായും ആണ്. അതിനാൽ ക്രിസ്ത്യാനികൾ എന്ന് അഭിമാനിക്കുന്ന നാം സ്നേഹത്തിനും സത്യത്തിനും മുൻഗണന നൽകുക. അപ്പോൾ ദൈവം നമ്മിലും നമ്മുടെ ഇടയിലും വസിക്കും എന്ന് വിശ്വസിച്ച് പ്രവർത്തിക്കുക.

പരസ്പര സ്നേഹസൗഹാർദ്ദതയും, ക്രിസ്തീയ ജീവിതമേന്മയും ധാർമ്മികവും സന്മാർഗീയവുമായ ജീവിതരീതിയും, വ്യക്തികളായും കുടുംബങ്ങളായും വളരുന്നതിനുള്ള പ്രേരണയും ഉത്തേജനവുമാണ് നമ്മുടെ കുടുംബയോഗം കൊണ്ടു ലഭ്യമാകേണ്ടത്.

സഹോദരന്മാർ ഏകമനസ്സായി ഒരുമിച്ചുവസിക്കുന്നത് എത്ര വിശിഷ്ടമാണ്, സന്തോഷപ്രദമാണ്, മനോഹരമാണ്? അമൂല്യമായ അഭിഷേകതൈലം സുഗന്ധം പരത്തുന്നതുപോലെ നമ്മുടെ കുടുംബാംഗങ്ങളുടെ ജീവിതം നാട്ടിലും വീട്ടിലും സുഗന്ധം പരത്തുന്നതായിരിക്കണം, പ്രകാശം കൊടുക്കുന്നതായിരിയ്ക്കണം, മററുള്ളവർക്കു മാർഗദർശ്ശകമാകുന്നതായിരിക്കണം. ലൗകീകതവേണം കാരണം നാം ഈ ലോകത്തിലാണ് ജീവിക്കുന്നത്. വള്ളം നദികടക്കുന്നതിനുള്ളതാണ്, അതു വെള്ളത്തിൽ പൊങ്ങിക്കിടക്കുവാനുള്ളതാണ്. വള്ളത്തിൽ ജലം കയറിയാൽ വള്ളം കൊണ്ട് എന്തുപ്രയോജനം. നാം ലൗകികത്തിൽ മുങ്ങിപ്പോയാൽ എത്തേണ്ട സ്ഥലത്ത് എത്തിച്ചേരില്ലല്ലോ. ഈ ലോകമല്ലല്ലോ നമ്മുടെ നിത്യവാസസ്ഥലം. ഇത് നാം എപ്പോഴും ഓർത്തിരിയ്ക്കേണ്ടതാണ്.

കുച്ചിപ്പുടി നർത്തകി തലയിൽ നിറകുടം വച്ചുകൊണ്ട്, കൈകൊണ്ടും ഉടലുകൊണ്ടും മുഖചേഷ്ടകൊണ്ടും കണ്ണുവെട്ടിച്ചും കൊണ്ടും നടനം ചെയ്യുന്നത് നമുക്ക് കാണാം. എന്നാൽ ആ നർത്തകി തന്റെ തലയിൽ ഇരിയ്ക്കുന്ന കുടത്തെക്കുറിച്ച് ഒരു നിമിഷം പോലും വിസ്മരിക്കുന്നില്ല. ഇതുപോലെ തന്നെ നാം ലൗകികതയിൽ വ്യാപരിയ്ക്കുമ്പോഴും അദ്ധ്യന്തികലക്ഷ്യം മറക്കരുത്. താമരയിലയിലെ വെള്ളത്തുള്ളിപോലെയായിരിയ്ക്കണം നമ്മുടെ ലൗകികത.

ജഢീയ മോഹങ്ങളിൽ നിന്നും അശുദ്ധി, ദുർവൃത്തി, ശത്രുത,



കലഹം, അസൂയ, കോപം, പക, മാത്സര്യം, ഭിന്നത വിഭാഗീയ ചിന്ത, വിദ്വേഷം, മദ്യാസക്തി മുതലായ പ്രവൃത്തികളിൽ നിന്നും നാം വിട്ടു നില്ക്കണം. പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, ആത്മസംയമനം ഇവ നമ്മിൽ നിന്നും നിറഞ്ഞുകവിഞ്ഞൊഴുകണം.

കുടുംബാംഗങ്ങൾ തമ്മിൽ യാതൊരു ഈർഷ്യയും ഉണ്ടായികൂടാ. മററുള്ളവർ നമ്മേ ആദർശദമ്പതികളായും ആദർശകുടുംബങ്ങളായും ദർശിക്കുന്നതിന് ഇടയാകണം. സ്നേഹവും സൗഹൃദവും കുടുംബാംഗങ്ങൾക്കിടയിൽ വളർത്തുക. അന്യോനം സഹായസഹകരണങ്ങൾ നൽകുക. മററുള്ളവരുടെ ദുഃഖത്തിൽ നാമും പങ്കുചേരുക. സന്തോഷഭവനത്തിൽ പോകുന്നതിനേക്കാൾ ദുഃഖഭവനത്തിൽ പോകുന്നതാണ് നല്ലത് എന്നാണ് വേദപുസ്തകം ഉദ്ഘോഷിക്കുന്നത്.

യുവതീയുവാക്കളെ ആദർശശാലികളും ക്രിസ്തീയ ജീവിതബോദ്ധ്യവും ഉള്ളവരാക്കുക. നമ്മുടെ കുഞ്ഞുങ്ങളെ ഭാവിതലമുറയിലെ ഉത്തമന്മാരായി നല്ല ഫലം കായ്ക്കുന്നവരാക്കിത്തീർക്കുവാൻ നാം ശ്രദ്ധിയ്ക്കുക. അവർ മാതാപിതാക്കന്മാരെയും ഗുരുക്കന്മാരേയും പ്രായമുള്ളവരേയും ബഹുമാനിയ്ക്കുവാനും, അനുസരണമുള്ളവരായിരിയ്ക്കുവാനും പരിശീലനം കൊടുക്കുക.

അനുദിനം വഷളായിക്കൊണ്ടിരിയ്ക്കുന്ന ഒരു സംസ്കാരമാണ് നമ്മുടെ ചുററിലും നാം കാണുന്നത്. മദ്യവും മയക്കുമരുന്നും മററ് അസന്മാർഗ്ഗീക ജീവിതരീതികളും നമ്മുടെ സമൂഹത്തെ തകർത്തു കൊണ്ടിരിയ്ക്കുകയാണ്. ഇതിന്റെ ദൂഷിത വലയത്തിൽ നിന്നും നമ്മുടെ വളരുന്ന തലമുറയെ സംരക്ഷിയ്ക്കേണ്ടത് നമ്മുടെ കടമയാണ് മറക്കരുത്.

ഒരു കാലത്ത് കൂട്ടുകുടുംബങ്ങളായിരുന്നു നമുക്കുണ്ടായിരുന്നത്. അവിടെ വല്ല്യപ്പച്ചന്മാരും വല്ല്യമ്മച്ചിമാരും ഉണ്ടായിരിക്കുക സാധാരണമായിരുന്നു. അവർ കുഞ്ഞുങ്ങൾക്ക് അവരുടെ കുടുംബത്തിന്റെ ചരിത്രം, അവരുടെ പഴയ ആചാരമര്യാദകളെക്കുറിച്ചും മൺമറഞ്ഞ കുടുംബശ്രേഷ്ഠന്മാരെക്കുറിച്ചും ദൈവവിശ്വാസ സംബന്ധമായ കാര്യങ്ങളും പുരാണകഥകളും വേദകഥകളും ഒക്കെ പറഞ്ഞുകൊടുക്കുക സാധാരണമായിരുന്നു. അങ്ങനെ പ്രായമായവർക്ക് സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനും സൗകര്യമുണ്ടായിരുന്നു. അവരുടെ ജീവിതത്തിന് അർത്ഥവും വ്യാപ്തിയും ഉണ്ടായിരുന്നു. ഇന്നത്തെ അവ

രുടെ അവസ്ഥ തുലോം വ്യത്യസ്തമാണ്. ഇന്ന് അണുകുടുംബങ്ങളുടെ കാലമാണ്. വൃദ്ധന്മാരും വൃദ്ധകളും വൃദ്ധസദനങ്ങളിലോ, അതുമല്ലെങ്കിൽ അവരുടെ തന്നെ പഴഞ്ചൻ തറവാടുകളിലോ, ശമ്പളം പററുന്ന സേവകരുടെ കീഴിൽ ഏകാന്തതയിൽ കഴിഞ്ഞുകൂടേണ്ടിവരുന്നു. വളർന്നു കൊണ്ടിരിക്കുന്ന തലമുറയ്ക്കും വരാൻപോകുന്ന അനുഭവം ഇതൊക്കെത്തന്നെ.

ഇതിന്റെ എല്ലാം നഷ്ടം നമ്മുടെ കുഞ്ഞുങ്ങൾക്കു തന്നെ. പപ്പമാരും മമ്മിമാരും എങ്ങനെയെങ്കിലും പണമുണ്ടാക്കാൻ ഉള്ള തിരക്കിൽ മക്കൾക്ക് സ്നേഹം പകരാൻ സമയം കിട്ടാതെ ബദ്ധപ്പെടുകയാണ്. മക്കൾക്ക് പണത്തിന് യാതൊരു ക്ഷാമവുമില്ല. ചോദിക്കാത്ത താമസം ഇഷ്ടം പോലെ പോക്കററ് മണി. അവർ റാങ്ക് കിട്ടി ജയിക്കണമെന്ന് മാത്രം. സ്കൂൾ വിട്ടാൽ ട്യൂഷൻ. വ്യായാമത്തിനു പോലും സമയമില്ല. ബാക്കി സമയം മുഴുവൻ വിഡ്ഢിപ്പെട്ടിയുടെ മുമ്പിൽ. മാനുഷികമൂല്യം മനസ്സിലാക്കുവാൻ, അയൽവാസികളോട്, ബന്ധുക്കളോട് ഇടപെഴകാൻ എവിടെ സമയം. വിഡ്ഢിപ്പെട്ടിയിൽ അവർ കണ്ടുകൊണ്ടിരിക്കുന്നതാകട്ടെ അശ്ലീലതകളും മററ് അസന്മാർഗ്ഗിക ജീവിതരീതികളും. ഇവ നമ്മുടെ സമൂഹത്തിൽ ജീവിതമൂല്യങ്ങളെ കാർന്നു കൊണ്ടിരിക്കയാണ്. ഇതിന്റെ നീരാളിപ്പിടുത്തത്തിൽ നിന്നും നമ്മുടെ വളരുന്ന തലമുറയെ രക്ഷിക്കേണ്ടത് നമ്മുടെ ഏററവും മുന്തിയ ചുമതലയായി നാം കരുതണം.

ദൈവം പത്തുകൽപനകൾ മോശമുഖാന്തരം നമുക്ക് നൽകിയിട്ടുണ്ട്. അതിൽ ഒമ്പതെണ്ണവും അനുഷ്ടിച്ചാൽ കിട്ടുന്ന ഫലം എന്ത് എന്ന് പറഞ്ഞിട്ടില്ല. എന്നാൽ അഞ്ചാമത്തെ കല്പന നിനക്ക് ദീർഘായുസ്സുണ്ടാകുവാൻ നിന്റെ മാതാവിനേയും പിതാവിനേയും ബഹുമാനിയ്ക്കുക. അതായത് മാതാവിനേയും പിതാവിനേയും ബഹുമാനിച്ചാൽ ഈ ലോകത്തിൽ വച്ചുതന്നെ അതിന്റെ പ്രതിഫലം ദൈവം തരും എന്നാണ്. അതായത് ദീർഘായുസ്സ്. ഈ കാര്യത്തിൽ നാം നമ്മുടെ കുഞ്ഞുങ്ങളെ കൂടുതൽ ബോധവാന്മാരാക്കേണ്ടിയിരിക്കുന്നു. ചുട്ടയിലെ ശീലം ചുടലവരെ. കുഞ്ഞുങ്ങൾ അവരുടെ മാതാപിതാക്കന്മാരെ കണ്ടാണ് പഠിക്കുന്നത്. അവരുടെ ആദർശപുരുഷൻ മാതാപിതാക്കളാണ്. ആയതിനാൽ നമ്മുടെ മക്കൾ എങ്ങനെയുള്ളവരായിത്തീരണമെന്ന് നാം ആഗ്രഹിക്കുന്നുവോ അതനുസരിച്ച് നാം ജീവിക്കുവാൻ ആദ്യം ശീലിക്കണം. നിങ്ങൾ മദ്യപാനിയാണെങ്കിൽ, പുകവലിക്കുന്ന



വനാണെങ്കിൽ മക്കളോട് ഇത് ഉപയോഗിക്കരുത് എന്നുപറയുവാൻ എന്ത് അവകാശമാണുള്ളത്? അവർ പറഞ്ഞാൽ അനുസരിക്കുമോ?

ഇതു സംബന്ധിച്ച് ശ്രീരാമകൃഷ്ണപരമഹംസന്റെ അനുഭവം നമുക്ക് ഒരു പാഠം നല്കുന്നുണ്ട്. ഒരു സ്ത്രീ പരമഹംസരുടെ അടുക്കൽ തന്റെ ചെറിയ മകനേയും കൊണ്ടുവന്നു. അവൻ എപ്പോഴും ശർക്കര തിന്നുന്ന സ്വഭാവക്കാരനാണ്. അതിനാൽ ആ കുട്ടിയെ പരമഹംസർ ഒന്ന് ഗുണദോഷിച്ച് ആ ദു:ശ്ശീലത്തിൽ നിന്നും ഉദ്ധരിയ്ക്കേണം എന്നപേക്ഷിച്ചു. ശ്രീരാമകൃഷ്ണപരമഹംസർ ആസ്ത്രീയോടു പറഞ്ഞു, രണ്ടാഴ്ച കഴിഞ്ഞ് ആകുട്ടിയേയും കൊണ്ട് വരുവാൻ. കുട്ടിയെ കൊണ്ടുവന്നു. അദ്ദേഹം കുട്ടിയ്ക്കു വേണ്ട ഗുണദോഷം കൊടുത്ത് അമ്മയുടെ കൂടെ പറഞ്ഞയച്ചു. ഏതാനും നാളുകൾ കഴിഞ്ഞ് ആ സ്ത്രീ ഭഗവാന്റെ അടുത്തുവന്ന് തന്റെ മകൻ ശർക്കര തിന്നുന്ന സ്വഭാവത്തിൽ നിന്നും മോചിതനായി എന്ന് സന്തോഷത്തോടെ പറഞ്ഞു. ആസ്ത്രീ അദ്ദേഹത്തോട് ഒരു സംശയം ചോദിച്ചു. ഭഗവാൻ, അവിടന്ന് ആദ്യ പ്രാവശ്യം തന്നെതന്റെ മകന് ആ ഗുണദോഷം കൊടുക്കാത്തതെന്ത്?. ഭഗവാൻ ചിരിച്ചുകൊണ്ട് പറഞ്ഞു. എനിയ്ക്കും എപ്പോഴും ശർക്കര തിന്നുന്ന ശീലമുണ്ടായിരുന്നു. ആനിലയിൽ ഞാൻ എങ്ങനെയാണ് നിങ്ങളുടെ മകനെ ഗുണദോഷിയ്ക്കുന്നത്.ഞാൻ രണ്ടാഴ്ചകൊണ്ട് ശർക്കര തീററി ഉപേക്ഷിച്ചു. അതിനുശേഷമാണ് ഞാൻ നിങ്ങളുടെ മകനെ ഗുണദോഷിച്ചത്. ഇത് വെറും കഥയല്ല. നടന്നതും നടക്കുന്നതുമായ കാര്യമാണ്. ഇത് നാം നമ്മുടെ മക്കളെ ഗുണദോഷിയ്ക്കുമ്പോൾ ഓർക്കുക.

ഇന്നത്തെ നമ്മുടെ ജീവിതം ഒരു മത്സര ഓട്ടമാണ്. അതിൽ വിജയിയ്ക്കുന്നതിന് അദ്ധ്വാനം പോരാ, അത്യദ്ധ്വാനം തന്നെ വേണം. സമുദായത്തിൽ മാന്യമായ സ്ഥാനം നിലനിർത്തുന്നതിന്, ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന്, നമ്മുടെ മക്കളെ സ്വന്തം കാലിൽ നില്ക്കുന്നതിനു പ്രാപ്തരാക്കുന്നതിന്, എന്നു വേണ്ട എല്ലാ തുറകളിലും വിജയിയ്ക്കുന്നതിന് വേണ്ടി നാം പരക്കം പായുകയാണ്. ദിവസം ഇരുപത്തിനാല് മണിക്കൂർ കൊണ്ട്സാധിക്കാവുന്നതിലധികമാണ് നമ്മുടെ ആവശ്യങ്ങൾ. ഈ സാഹചര്യത്തിൽ നമ്മുടെ കുഞ്ഞുങ്ങളോട്, മക്കളോട് പങ്കുവെയ്ക്കുന്നതിനുള്ള സമയം നന്നേ കുറവാണ് ശരിതന്നെ, പക്ഷേ ഈ കാരണം കൊണ്ടുതന്നെ അവരുമായി ആശയവിനിമയം നടത്തുന്നതിന് സമയം കണ്ടെത്തിയേ മതിയാവൂ. ഉച്ചയ്ക്കത്തെ ഭക്ഷണസമയം എല്ലാവരും കൂടി ഒത്തുകൂടുന്നതിന് സാധിച്ചില്ല എന്ന്

വരാംഎന്നാൽ വൈകിട്ടത്തെ ഭക്ഷണമെങ്കിലും, വീട്ടിലെ എല്ലാ അംഗങ്ങളും ഒരുമിച്ചിരുന്ന് ഭക്ഷിക്കുന്നതിനും ശ്രമിക്കണം. ആ സമയം അന്യോന്യം അതാതു ദിവസത്തെ ഒരോരുത്തരുടേയും അനുഭവം പങ്കുവയ്ക്കുന്നതിന് സന്മനസ്സ് കാണിക്കണം. ഇത് കുടുംബാംഗങ്ങൾ തമ്മിലുള്ള കെട്ടുറപ്പ് മെച്ചപ്പെടുത്തുന്നതിന് സഹായകമാകും. സ്നേഹബന്ധം മെച്ചമാക്കും.

മറ്റൊരു പ്രധാനകാര്യം, വൈകിട്ടെങ്കിലും കുടുംബപ്രാർത്ഥനയിൽ നിർബന്ധമായി എല്ലാവരും പങ്കുകൊള്ളണം. ദൈവവിശ്വസത്തിനും, ദൈവനടത്തിപ്പിനും, സദാചാരബോധത്തിനും, ദൈവഭയത്തിനും ഇത് സഹായകമാണ്. അതുപോലെതന്നെ, വേദപുസ്തകത്തിലെ ഒരു ഭാഗമെങ്കിലും ഒരാൾ വായിക്കുകയും, അതിൽ എല്ലാവരും ശ്രദ്ധിക്കുന്നതിന് പരിശീലിക്കേണ്ടതുമാണ്. ഇത് ദൈവാനുഗ്രഹത്തിന് കാരണമാകും.

നാം നമ്മുടെ മക്കളുടെ ശാരീരികവും മാനസികവും സാമ്പത്തികവുമായ കാര്യങ്ങൾക്ക് മുന്തിയ പരിഗണന കൊടുക്കുന്നുണ്ട്. ഇതിനുവേണ്ടിത്തന്നെയാണ് നാം ബദ്ധപ്പെടുന്നതുതന്നെ. എന്നാൽ അദ്ധ്യാത്മീകമായ വളർച്ചയ്ക്ക് നാം വല്ലതും ചെയ്യുന്നുണ്ടോ. മാമ്മോദീസാ വഴി നമ്മുടെ ആത്മീയ ചൈതന്യം മുളച്ച് രണ്ടിലയായി നിൽക്കുകയാണ്. അതു വളർന്ന് പന്തലിക്കുന്നതിനും, പൂവും കായും പുറപ്പെടുവിയ്ക്കുന്നതിനും മാതാപിതാക്കന്മാരായ നാം വല്ലതും പ്രവർത്തിയ്ക്കുന്നുണ്ടോ. ഒരു പക്ഷേ വല്ല സണ്ടേസ്കൂളുകളിലും അവരെ വിടുന്നുണ്ടായിരിക്കാം. അവിടെ അവർ എന്താണ് പഠിയ്ക്കുന്നത്. ഏതാനും ബൈബിൾ കഥകളും, കുറേ സഭാചരിത്രവും, ഒരു പക്ഷെ ചില പ്രാർത്ഥനകൾ കാണാപ്പാഠം ചൊല്ലാൻപരിശീലനവും.

ക്രിസ്തീയമായി ജീവിയ്ക്കുന്നതിനായി ഉള്ള മാർഗ്ഗ നിർദ്ദേശമാകട്ടെ, അതനുസരിച്ചു ജീവിക്കുന്നവരെ പരിചയപ്പെടുത്തുന്നതിനുള്ള സൗകര്യമാകട്ടെ, കുഞ്ഞുങ്ങൾക്ക് ലഭിക്കുന്നില്ല. ഇവിടെയാണ് മാതാപിതാക്കന്മാർക്ക് പലതും ചെയ്യാൻ കഴിയുന്നത്. സത്യം മാത്രം പറയാൻ കുട്ടികൾക്ക് പരിശീലനം കൊടുക്കുക, സ്നേഹിക്കാൻ പഠിക്കട്ടെ, ശത്രുക്കളെപോലും, സാധുക്കളോടും മററു ജീവജാലങ്ങളോടും കരുണയോടെ പെരുമാറാൻ പഠിക്കുക. ഉത്തമമാതൃകയായി ജീവിക്കുക, നാം എന്തുപ്രവർത്തിച്ചാലും അതിന്റെ ഫലം, നന്മയായാലും തിന്മയായാലും ഇന്നല്ലെങ്കിൽ നാളെ നാം തന്നെ അനുഭവിക്കേണ്ടിവരും



എന്ന് നമ്മുടെ കുഞ്ഞുങ്ങൾ മനസ്സിലാകട്ടെ. ഈ ഒരു ബോധം കുട്ടികളിൽ ഉണ്ടാക്കാൻ നമുക്ക് സാധിച്ചാൽ അവരുടെ ജീവിതം സന്തോഷപ്രദമാകും. സമാധാനപ്രദമാകും വാങ്ങുന്നതിൽ കൂടുതൽ സംതൃപ്തിയും സന്തോഷവും ദാനം ചെയ്യുന്നതിൽ കൂടിയാണ് ലഭിക്കുന്നത് എന്ന് നമ്മുടെ മക്കൾ അനുഭവത്തിൽ കൂടി പഠിക്കട്ടെ. ദൈവം പറഞ്ഞിരിക്കുന്നത് നീ വലതുകൈ കൊണ്ട് കൊടുക്കുന്നത് ഇടതുകൈ അറിയരുത് എന്നാണ്. നാം ഒരാൾക്ക് എന്തെങ്കിലും ചെയ്ത് കൊടുക്കുന്നെങ്കിൽ അത് ദൈവത്തിനാണ് കൊടുക്കുന്നത് എന്ന് കരുതുക. ഈ ചെറിയവരിൽ ഒരുവന് കുടിക്കാൻ ഒരുപാത്രം ജലം കൊടുത്താൽ പോലും അത് ദൈവം സ്വീകരിച്ചതായിട്ടാണ് കരുതപ്പെടുന്നത്. അത് പേരിനും പെരുമയ്ക്കും ആയിരിക്കരുത്. പരീശന്മാർ ചെയ്യുന്നതുപോലെ ആയിരിക്കരുത്. ഇപ്രകാരം ജീവിതമൂല്യങ്ങൾ നമ്മുടെ കുഞ്ഞുങ്ങളെ പറഞ്ഞും പ്രവർത്തിച്ചും മനസ്സിലാക്കുക നമ്മുടെ കടമയാണ് എന്നത് ഒരിക്കലും മറക്കരുത്. ഈ പരിശീലനം നമ്മുടെ കുടുംബത്തിന്റെ ഭാവി ഭാസുരമാക്കും, സംശയമില്ല. നമ്മുടെ മക്കളുടെ സ്നേഹിതർ ആരെല്ലാമെന്ന് വല്ലപ്പോഴുമെങ്കിലും അന്വേഷിക്കുക. ഞായറാഴ്ചകളിൽ ദൈവാരാധനയിൽ മുടങ്ങാതെ സംബന്ധിക്കുവാൻ നിഷ്കർഷിക്കുക. ഇത് ദൈവസ്നേഹവും ദൈവവിശ്വാസവും കുഞ്ഞുങ്ങളിൽ വളർത്തും സംശയമില്ല.

മനുഷ്യൻ സന്തോഷത്തിനുവേണ്ടി പരക്കം പായുകയാണ്. എവിടെയാണ് എങ്ങനെയാണ് സന്തോഷം ലഭിക്കുക എന്നത് അധികം പേർക്കും നിശ്ചയമില്ല. ഇന്ന് സന്തോഷം തരുന്ന വസ്തുവിന് നാളെ സന്തോഷം തരുന്നതിന് കഴിവില്ലാതാകുന്നു. ആഗ്രഹിച്ച മറ്റൊരു വസ്തുവിൽ സന്തോഷം കണ്ടെത്താമെന്ന് കരുതി അതു കരസ്തമാക്കാൻ ബദ്ധപ്പെടുന്നു. അതും സമ്പാദിച്ചു കഴിഞ്ഞാൽ അതിൽ നിന്നും ഉള്ള സന്തോഷം ക്ഷണഭംഗുരമെന്ന് മനസ്സിലാകുന്നു. വീണ്ടും മറ്റൊന്നിൽ സ്ഥായിയായസന്തോഷം ലഭിക്കുമെന്ന് വ്യാമോഹിക്കുന്നു. ഇതാണ് മനുഷ്യന്റെ, നമ്മുടെ അവസ്ഥ. സന്തോഷം ദൈവത്തിലാണ്. ദൈവം വസിക്കുന്ന നമ്മുടെ ഹൃദയത്തിലാണ്, നമ്മിൽ തന്നെയാണ് എന്ന് ഒരിക്കൽ മനസ്സിലാക്കിയാൽ ജീവിതത്തിന് അർത്ഥമുണ്ടാകും. ഇതല്ലെങ്കിൽ അനർത്ഥം മാത്രം ബാക്കിപത്രം. നാം ജീവിതാവസാനം വരെ സന്തോഷത്തിനുവേണ്ടി, മരീചികയിൽ ജലം അന്വേഷിക്കുന്നതുപോലെ വ്യർത്ഥമായ അന്വേഷണത്തിൽ ജീവിതം അവസാനിപ്പിക്കുന്നു.

ജീവിതത്തിന് പണം ആവശ്യമാണ്. പക്ഷേ പണത്തേക്കാൾ വിലയുള്ളത് മനസ്സമാധാനമാണ്. പണത്തിന് ആനന്ദം തരുന്നതിന് സാധിക്കും എന്ന് കരുതുന്നത് വ്യാമോഹമാണ്. കാരണം പണക്കാരെ എല്ലാം സന്തോഷവാന്മാരായി നാം കാണാറില്ലല്ലോ. പണം ആവശ്യം തന്നെ, പണം എത്രമാത്രം വേണം എത്രമാത്രമാകാം എന്നതിന് ഒരു അളവുകോലില്ല. പണമായിരുന്നു സന്തോഷത്തിന്റെ സ്രോതസ്സ് എന്നായിരുന്നു എങ്കിൽ ഇന്ന് ഏററവും സന്തോഷമുള്ള വ്യക്തി, ബിൽ ഗേററും, ബ്രൂണോയിലെ രാജാവും ആയിരുന്നേനേ! അവർ സംതൃപ്തരാണോ, സന്തുഷ്ടരാണോ? ഉറക്കഗുളിക കൂടാതെ സുഖനിദ്ര അവർക്ക് സാദ്ധ്യമോ? ചിന്തിക്കുക.

നമ്മുടെ കുടുംബത്തിന്റെ പൗരാണികൃത്വവും ശ്രേഷ്ഠതയും കുലീനതയും വെറും നാമമാത്രമായ തറവാടിത്തത്തിന്റെ പരിവേഷമാകാതെ, പ്രവർത്തിപഥത്തിൽക്കൂടി, നാട്ടുകാരുടെയും സമൂഹത്തിന്റെയും സ്നേഹത്തിനും ബഹുമാനത്തിനും പാത്രീഭൂതമാകുന്ന വിധത്തിൽ മര്യാദയുടെയും, വിനയത്തിന്റെയും, ക്രിസ്തീയസ്നേഹത്തിന്റെയും പ്രകാശം പ്രസരിപ്പിക്കുന്ന ദീപസ്തംഭങ്ങളായി നാം ഒരോരുത്തരും ആയിത്തീരണം. ഈ ലക്ഷ്യത്തിലേക്ക് നമുക്ക് ഒരുമിച്ച് പ്രയാണം ചെയ്യുവാൻ നമ്മുടെ കർത്താവും രക്ഷകനുമായ യേശുമിശിഹായിൽ ആശ്രയിച്ച് മുന്നോട്ട് പോകാം.

ആഹ്ലാദകരവും, ആയുരാരോഗ്യപൂർണ്ണവും ഐശ്വര്യപ്രദവുമായ ഒരു പുതുവത്സരം ദൈവനാമത്തിൽ ആശംസിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്.

**ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.**

തിരുവല്ല — കുടുംബപ്രസിഡന്റ്
30-12-2000 — **പി.പി. ഇടുക്കുള മഠത്തിൽ**

## അദ്ധ്യായം-2

# കുടുംബ ഉത്ഭവകാല പശ്ചാത്തലം

നമ്മുടെ കുടുംബം എന്ന് ഉത്ഭവിച്ചു എന്നതിന് രേഖാതെളിവുകൾ ഇല്ല. കല്ലൂർ, കൊല്ലമന, മഠത്തിൽ, പഴഞ്ഞേരിൽ, മനേത്തുമാലി, കാനേക്കാട്ട് എന്ന കുടുംബത്തെപ്പററി മനസ്സിലാക്കുന്നതിന് അത് വളർന്ന സ്ഥലത്തെപ്പററിയും സമൂഹത്തെപ്പററിയും മനസ്സിലാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ആറോ ഏഴോ നൂററാണ്ടുകൾക്കു മുമ്പു നിരണത്തെ ഒരു നമ്പൂതിരി കുടുംബം ക്രിസ്ത്യാനികളായി തീർന്നു എന്നും അവർ കുറവിലങ്ങാട്ട് പിന്നീട് കുടിയേറി പാർത്തു എന്നും. ഹിന്ദുക്കളുടെ പീഢനം മൂലം നിരണത്ത് വന്ന് താമസമാക്കുകയും ചെയ്തു. മററൊരുഭാഗം തിരുവല്ലായിൽ വന്ന് താമസമാക്കി. നിരണത്ത് താമസമാക്കിയത് കല്ലൂർ കുടുംബമാണ്. തിരുവല്ലായിൽ താമസമാക്കിയ കുടുംബക്കാർക്ക് കൊല്ലമുളക് (ചുമന്നമുളക്) മൊത്തവ്യാപാരമായിരുന്നു. ആയതുകൊണ്ട് കൊല്ലമന എന്നപേരിൽ കുടുംബം രൂപം കൊണ്ടു. കൊല്ലമനയിലെ 14-ാം നൂററാണ്ടിൽ ജീവിച്ചിരുന്ന പിതാവ് കൊല്ലമന പോത്തച്ചൻ ബിസിനസ്സ് സംബന്ധമായി പുനലൂരിൽ താമസമാക്കി, അങ്ങനെ പഴഞ്ഞേരിൽ ശാഖ രൂപം കൊണ്ടു. 15-ാം നൂററാണ്ടിലെ കൊല്ലമന കൊച്ചിടുക്കുളേച്ചൻ കോടിയാട്ടു മഠത്തിൽ ദത്തുകയറി മഠത്തിൽ ശാഖ രൂപം കൊണ്ടു. 13-ാം നൂററാണ്ടിലെ പിതാക്കൻമാരുടെ മററ് രണ്ട് ശാഖകളാണ് മനേത്തു മാലി കുടുംബവും, കാനേക്കാട്ട് കുടുംബവും, ഈ ഓരോ കുടുംബത്തെക്കുറിച്ച് അതാത് കുടുംബത്തിന്റെ അദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട്.

തിരുവല്ലയും, നിരണവും, പുനലൂരും ഒക്കെ സ്ഥിതിചെയ്യുന്ന കേരളത്തെപ്പററിയാണ് വളരെ ഹ്രസ്വമായ ഒരു വിവരണമാണ് തുടർന്നു കൊടുക്കുന്നത്.

## കേരളം

ഇന്ത്യയുടെ തെക്കു പടിഞ്ഞാറു ഭാഗത്തു കന്യാകുമാരിയിൽ നിന്നും ഉദ്ദേശം 50 കി.മി വടക്ക് പാറശ്ശാല മുതൽ മഞ്ചേശ്വരം വരെ വീതികുറഞ്ഞ് 550 കി.മി നീളത്തിൽ അറബിക്കടലിനും സഹ്യപർവ്വത നിരകൾക്കും മദ്ധ്യേ കിടക്കുന്ന ഒരു കൊച്ചു സംസ്ഥാനമാണ് കേരളം. 1956 ൽ തിരുവിതാംകൂർ, കൊച്ചി, മലബാർ, കാസർഗോഡ് എന്നീ പ്രദേശങ്ങൾ ചേർത്ത് ഉണ്ടാക്കിയ ഭാഷാസംസ്ഥാനമാണ് ഇന്നത്തെ കേരളം. മലയാളമാണ് സംസ്ഥാന ഭാഷ.

ബി. സി. 4-ാം ശതകത്തിൽ പോലും ഈ ഭൂഭാഗം കേരളം എന്ന പേരിലാണറിഞ്ഞിരുന്നത്. (കാത്യായനൻ) കുരുമുളക്, തടി, സുഗന്ധ വസ്തുക്കൾ എന്നിവയ്ക്കായി ഈജിപ്ത്, ചൈന, അറേബ്യ മുതലായ സ്ഥലങ്ങളിൽ നിന്നും വ്യാപാരത്തിനായി എത്തിയവർ മുഖാന്തിരം കേരളം വിദേശീയർക്ക് പണ്ടുതന്നെ സുപരിചിതമായിരുന്നു.

കേരളത്തെ നെടുനീളത്തിൽ മലനാട്, ഇടനാട്, തീരദേശം എന്നിങ്ങനെ മൂന്നായി ഭാഗിക്കാം. മലനാട്ടിൽ വനവും തേയില, കാപ്പിത്തോട്ടങ്ങളുമാണ്. ഉള്ളാടർ, വേടർ, മുതലായ ആദിവാസികളും വനം കൈയ്യേററക്കാരായ നാട്ടുകാരും ഇവിടെ വസിക്കുന്നു. ഇടനാട്ടിൽ സ്വന്തം വളപ്പിലെ കൃഷി പ്രധാനമാണ്. വാഴ, ചേന, ചേമ്പ്, പയർ മുതൽ റബ്ബർ വരെ ചെറിയ തോതിൽ കൃഷി ചെയ്യുന്ന അദ്ധ്വാനശീലരുടെ നാടാണിത്. തീരദേശം മുക്കുവർ, വാലർ ആദിയായി കടലിനെ ആശ്രയിച്ചു ജീവിക്കുന്നവരുടെ നാടാണ്. മത്സ്യം കേരളീയരുടെ ഒരു പ്രധാന ആഹാരാംശമാണ്. വളരെ ജനസാന്ദ്രതയുള്ള (ഒരു സ്ക്വയർ കിലോമീററിന് 654 പേർ) കേരളത്തിൽ 2.91 കോടി ജനങ്ങൾ വസിക്കുന്നു.

വളരെ ഹിതകരമായ ശീതോഷ്ണ സ്ഥിതിയും സസ്യശ്യാമള കോമളവുമാണ് കേരളം. ടൂറിസ്റ്റുകളുടെ ഒരു പറുദീസയാണ്. മേയ്- ജൂൺ മാസങ്ങളിലെ □ ഇടവപ്പാതിയും' ഒക്ടോബർ നവംബർ മാസങ്ങളിലെ "തുലാവർഷവും" ആണ് മഴക്കാലങ്ങൾ. നീളം കുറവുള്ള വളരെയധികം നദികൾ (41) ഉള്ളതുകൊണ്ട്, കേരളത്തിന്റെ മിക്ക ഭാഗങ്ങളിലും ചെറുവള്ളങ്ങളിൽ ഉല്ലാസയാത്ര നടത്താം. പമ്പ- മണിമല നദികൾ യോജിച്ച് സമുദ്രത്തിലേക്ക് ഒഴുകുന്നുണ്ട്.

കൃഷിയാണ് കേരളീയരുടെ മുഖ്യതൊഴിൽ. ലളിതമായ ജീവിതം, ശുഭ്രവസ്ത്രധാരണം,ശുചിത്വബോധം എന്നിവയ്ക്ക് കേരളീയർ



പ്രസിദ്ധരാണ്. ഇന്ത്യയുടെ ഇതര ഭാഗങ്ങളിൽ ജനങ്ങൾ കൂട്ടം കൂട്ടമായി ഗ്രാമങ്ങളിലാണ് വസിക്കുന്നത്. എന്നാൽ കേരളത്തിൽ ജനം അവരവരുടെ സ്വന്തം വളപ്പിനകത്ത് പുരവച്ച്, വളപ്പിൽ കൃഷിയും ചെയ്ത് താമസിക്കുന്നതുകൊണ്ട്, കേരളം ഒരു ഒററവലിയ ഗ്രാമമായി തോന്നുന്നു. ഭയലേശമില്ലാതെ താമസിക്കാം എന്നതിന്റെ തെളിവാണ് ഈ രീതി.

## കേരള ചരിത്രം

കേരളചരിത്രത്തെക്കുറിച്ച് ഭൂഗർഭശാസ്ത്രജ്ഞൻമാർ അഭിപ്രായപ്പെടുന്നത്- വളരെ പുരാതീനകാലത്ത് കണ്ണൂർ മുതൽ കന്യാകുമാരി വരെ ഒരു ശുദ്ധജല തടാകം ഉണ്ടായിരുന്നു എന്ന് മണ്ണിന്റെ "വർക്കല ഫോർമേഷൻ" ആസ്പദമാക്കി അവർ വാദിക്കുന്നു. തടാകത്തിനെ കടലിൽ നിന്നും വേർതിരിച്ചു നിർത്തിയ വൻകരയുടെ ഭാഗം ഭൂചലനത്താൽ കാലാന്തരത്തിൽ കടലിൽ താണുപോയി. അതിലെ പർവ്വതശിഖരങ്ങളുടെ അവശിഷ്ടമാണ് മാലദ്വീപുകൾ എന്ന് ശ്രീ. ഐ. സി. ചാക്കോ പറയുന്നുണ്ട്. തടാകം ഉണ്ടായിരുന്ന ഇടത്ത് കടൽ പ്രവേശിച്ച് നൂററാണ്ടുകളോളം കിടന്നു. തുടർന്നുണ്ടായ ഭൂചലനങ്ങൾ മലനാടിന് പടിഞ്ഞാറായി ചില ദേശങ്ങളെ പിന്നെയും കടലിൽ നിന്നും പൊന്തിച്ചു കൊണ്ടു വന്നു. അതോടൊപ്പം തന്നെ സഹ്യപർവ്വതത്തിൽ നിന്നും കുത്തനെ ഒഴുകി വന്ന നദികൾ അവയുടെ മുഖങ്ങളിൽ എത്തിച്ച മണ്ണ് തുരുത്തുകളും സൃഷ്ടിച്ചു. കടൽ അടിച്ചു കയറിയ മണലും ഈ പ്രക്രിയയെ സഹായിച്ചു. ഇങ്ങനെ ഉണ്ടായ തുരുത്തുകൾക്ക് ഉദാഹരണമാണ് ചേർത്തല പുറക്കാട് ഭാഗങ്ങൾ. ഇവ ബി. സി. ഒന്നാം നൂററാണ്ടിൽ എത്തിയ വിദേശികളുടെ സ്ഥലചിത്രീകരണത്തിൽ ഉൾപ്പെടുന്നില്ല എന്നത് ഒരു തെളിവാണ്. അതുപോലെ തന്നെ നിരണം ചങ്ങനാശ്ശേരി, വാഴപ്പള്ളി, പെരുന്ന, കോട്ടയം, അമ്പലപ്പുഴ മുതലായ ഭാഗങ്ങൾ വരെ കടൽ കയറി കിടന്നിരുന്നതായി അവിടെ നിന്നും കിട്ടിയ സമുദ്രാവശിഷ്ടങ്ങൾ തെളിയിക്കുന്നു. ചുരുക്കത്തിൽ കേരളത്തിന്റെ ഇന്നത്തെ തീരദേശവും ഇടനാടിന്റെ ചില ഭാഗങ്ങളും അന്ന് ഇടയ്ക്കിടയ്ക്കു കടലിലേയ്ക്ക് തള്ളിനിന്ന തുരുത്തുകളും അവയ്ക്കിടയിൽ കൂടി കടലിന്റെ ശിഖരങ്ങൾ കരയിലേക്ക് തള്ളിനിന്നിരുന്ന ഭാഗങ്ങളുമാണ്. ഇവ കാലാന്തരത്തിൽ കരയും ഇടയ്ക്കിടെ കായലുകളുമായി രൂപാന്തരപ്പെട്ടു. ഇതാണ് കേരളത്തിന്റെ തീരദേശം. സെന്റ് തോമസ് കേരളത്തിൽ എത്തുമ്പോൾ തുറമുഖങ്ങ

ളായ പെരുന്നയിലും നിരണത്തും, കൊല്ലത്തും ഒക്കെ അദ്ദേഹം കപ്പലിൽ തന്നെ എത്തിയിരിക്കാം.

കേരളത്തിന്റെ ചരിത്രാതീതകാലത്തെപ്പററി വ്യക്തമായ അറിവില്ല. ക്രിസ്തുവിനുമുമ്പുള്ള ഒന്നാം സഹസ്രാബ്ദത്തിൽ ദക്ഷിണേന്ത്യയിൽ നിലവിലിരുന്ന മഹാശിലാസംസ്കാരത്തിന്റെ അവശിഷ്ടങ്ങളായ കൊടും കല്ലറകൾ, പഴുതറകൾ, ശിലാനിർമ്മിത ഗുഹകൾ, തൊപ്പിക്കല്ലുകൾ, കുടക്കല്ലുകൾ എന്നിവ കേരളത്തിൽ ഉടനീളം കണ്ടുകിട്ടിയതിൽ നിന്നും ഇവിടെ ജനവാസം ഉണ്ടായിരുന്നു എന്ന് തെളിയുന്നു. അന്നു മുതലെ കേരളം വിവിധ സംസ്കാരങ്ങളുടെയും മതങ്ങളുടെയും സംഗമസ്ഥാനമായിരുന്നു.

ബുദ്ധമതവും , ജൈനമതവും ക്രിസ്തുവിനു മുമ്പുതന്നെ കേരളത്തിൽ എത്തി എങ്കിലും ജനങ്ങൾ അധികവും പ്രകൃതിയെയും, പാമ്പിനെയും മററും ആരാധിക്കുന്ന ദ്രാവിഡമതവും ദ്രാവിഡ സംസ്കാരവും ഉള്ളവരായിരുന്നു. എല്ലാ ലോക മതങ്ങൾക്കും വളരാൻ പററിയ ഒരു ചുററുപാടാണുണ്ടായിരുന്നത്. ദ്രാവിഡമതം, ജൂതമതം, പിന്നീടെത്തിയ ബുദ്ധ- ജൈനമതങ്ങൾ ഒന്നാം നൂററാണ്ടിൽ എത്തിയ ക്രിസ്തുമതം, ആര്യന്മാരുടെ കുടിയേററത്തോടെ എത്തിയ ഹിന്ദുമതം, 7-ാം നൂററാണ്ടിൽ എത്തിയ ഇസ്ലാംമതം എന്നിവയെല്ലാം കേരളത്തിൽ സഹവർത്തിത്തോടെ വളർന്നു. ക്രിസ്തുവിനു മൂന്ന് സഹസ്രാബ്ദങ്ങൾക്ക് മുമ്പ് തന്നെ കേരളത്തിന് വിദേശവുമായുണ്ടായ വാണിജ്യബന്ധങ്ങളാണ് കേരളത്തെ മതസംസ്കാരങ്ങളുടെ സംഗമസ്ഥാനമാക്കിയത്. A.D 45 ൽ ഹിപ്പലാസ്കാലവർഷ കാററിന്റെ ഗതി കണ്ടുപിടിച്ചപ്പോൾ എഡനിൽ നിന്നും 40 ദിവസം കൊണ്ട് കൊടുങ്ങല്ലൂരിൽ എത്താം എന്നത് ഈ വിദേശ വാണിജ്യത്തെയും പോക്കുവരവിനെയും വളരെ പ്രോത്സാഹിപ്പിച്ചു.

ക്രിസ്തുവിനു ശേഷമുള്ള അഞ്ചാറു നൂററാണ്ടുകളാണ് സംഘകാലം. കേരള തനിമയുള്ള സംസ്കാരം രൂപവൽകൃതമാകുന്നത് ഈ കാലത്താണ്. തമിഴിൽ സംഗകൃതികൾ എന്നറിയപ്പെടുന്ന പതിററിപ്പത്ത്, പുറനാനൂറ്, അകനാനൂറ്, നററിണൈ, കറും തൊകൈ, തൊൽകാപ്പിയം മുതലായ കൃതികളിൽ നിന്നാണ് അന്നത്തെ കേരളത്തെപ്പററി നാം മനസ്സിലാക്കുന്നത്. ആയ്- ചേര- മന്ന രാജാക്കന്മാരാണ് ഈ കാലത്ത് കേരളം ഭരിച്ചിരുന്നത്. ആയ് രാജാക്കന്മാരുടെ ആസ്ഥാനം ആയക്കുടിയും, ചേര പെരുമാക്കന്മാരുടെ രാജധാനി വഞ്ചിയും,



നന്നന്മാരുടേത് ഏഴിമലയും ആയിരുന്നു. പെരുമക്കന്മാരുടെ പ്രതാപകാലത്ത് സേലം, കോയമ്പത്തൂർ, നീലഗിരി, കൊങ്ങുനാട്, കുടക് എന്നീ പ്രദേശങ്ങളും ചേര രാജ്യത്തിൽ ഉൾപ്പെട്ടിരുന്നു. അന്ന് രാജാക്കന്മാർ മക്കത്തായികളായിരുന്നു. എങ്കിലും സ്ത്രീകൾക്ക് പ്രാധാന്യം ഉണ്ടായിരുന്നു. തീണ്ടൽ, വർണ്ണവ്യത്യാസം എന്നിവ ഉണ്ടായിരുന്നില്ല. A.D. 5ാം നൂററാണ്ടിനുശേഷം ആര്യകുടിയേററമാണ് ജാതി സമ്പ്രദായം വളർത്തിയെടുത്തത്. അങ്ങനെ വിദ്യാഭ്യാസവും അറിവും ഉയർന്ന വർഗ്ഗത്തിന്റെ കുത്തകയായിതീർന്നു. സ്ത്രീകൾക്കുണ്ടായിരുന്ന സ്ഥാനവും നഷ്ടപ്പെട്ടു. ബുദ്ധ- ജൈനമതങ്ങളും നശിപ്പിക്കപ്പെട്ടു.

A.D 800 മുതൽ 1102 വരെയാണ് അടുത്ത കുലശേഖരകാലം. പത്ത് ചക്രവർത്തിമാർ മഹോദയപുരം രാജധാനിയാക്കി കേരളം ഭരിച്ചിരുന്നു. സാഹിത്യാദികലകളുടെയും മലയാളഭാഷയുടെയും കേരള സംസ്കാരത്തിന്റെയും വികാസം ഈ കാലത്തുണ്ടായി. ശങ്കരാചാര്യർ അദ്വൈതവേദാന്തം പ്രചരിപ്പിച്ചതും, ഹിന്ദുമതം പുഷ്ടിപ്പെട്ടതും ഈ കാലത്താണ്. കേരളചരിത്രകാലഗണനയ്ക്ക് കൊല്ലവർഷം തുടങ്ങിയത് A.D 825 ലാണ്. ഹിന്ദുക്കളും, ക്രിസ്ത്യാനികളും മഹമ്മദീയരും മതസഹിഷ്ണുതയോടെ വർത്തിച്ചു. യഹൂദന്മാരും ക്രിസ്ത്യനികളും വാണിജ്യാദി സാമ്പത്തിക രംഗങ്ങളിൽ നിർണായക പങ്കുവഹിച്ചിരുന്നു. A.D 849ലെ തരീസ പള്ളി ശാസനവും A.D 1000ാം മാണ്ടിലെ ജൂതശാസനവും ഇതിന് തെളിവുകളാണ്.

കുലശേഖരകാലത്തിന്റെ അവസാന നൂററാണ്ട് ചേര- ചോള യുദ്ധകാലമാണ്. തമിഴന്മാരുമായുണ്ടായ ഈ യുദ്ധത്തിൽ മഹോദയപുരം നാമവശേഷമായി. ചക്രവർത്തി തന്റെ ആസ്ഥാനം കൊല്ലത്തേയ്ക്കുമാററി. ഈകാലഘട്ടത്തിൽ കേരളത്തിലുടനീളം കളരി സമ്പ്രദായം രൂപം കൊണ്ടു. ക്രിസ്ത്യാനികൾ ഈ കളരികളിൽ നിന്നും ആയോധനവിദ്യയിൽ വിദഗ്ദ്ധ പരിശീലനം നേടി. കളരികളിൽ മെയ് തൊഴിൽ, കോൽതാരി, അംഗതാരി, വെറും കൈ എന്ന അടവുകളാണ് പ്രധാനമായി പഠിപ്പിച്ചിരുന്നത്. രാജാക്കന്മാരെ രക്ഷിക്കുന്നതിന് പ്രത്യേക ചാവേർപടകളും രൂപീകരിക്കപ്പെട്ടു.

ഈ യുദ്ധം സൃഷ്ടിച്ച പ്രത്യേക അധഃപതന സാഹചര്യത്തിൽ നമ്പൂരി ബ്രാഹ്മണൻ എല്ലാ രംഗങ്ങളിലും ആധിപത്യം സ്ഥാപിച്ചെടുത്തു. കുലശേഖര രാജ്യത്തിന്റെ തകർച്ചയെ തുടർന്ന് കേരളത്തിലെ പല പ്രദേശങ്ങളും സ്വതന്ത്രരായ നാടുവാഴികളുടെ അധീനതയിൽ

ആയി. തിരുവിതാംകൂറിൽ വേണാട്, കൊച്ചിയിൽ പെരുമ്പടപ്പ്, കോഴിക്കോട് സാമൂതിരി, കോലത്തുനാട് എന്നിവയായിരുന്നു പ്രധാനനാടുവാഴികൾ. ഇവയ്ക്കു പുറമെ ഇളയിടത്തു സ്വരൂപം, ഓടനാട്, പുറക്കാട്, തെക്കുംകൂർ, വടക്കുംകൂർ, പറവൂർ, ആലങ്ങാട് മുതലായി ഒട്ടനവധി ചെറിയ നാടുവാഴികളും ഉണ്ടായിരുന്നു. ഇവരും നമ്പൂതിരി ബ്രാഹ്മണരുമായിരുന്നു പ്രധാനികൾ. ഇവരുടെ ജീർണതയും ഭോഗാസക്തിയും വിവരിക്കുന്ന സാഹിത്യകൃതികൾ അന്ന് ധാരാളം ഉണ്ടായി. മണിപ്രവാള കാവ്യങ്ങൾ ഉദാഹരണമാണ്. ഈ പശ്ചാത്തലം നിലവിലിരിക്കുമ്പോൾ ആണ് വാസ്കോഡിഗാമ 1498 ൽ കോഴിക്കോട് കപ്പലിറങ്ങിയത്.

കച്ചവടത്തിനായി എത്തിയ പോർട്ടുഗീസുകാർ കൊച്ചിരാജാവും മററും കൊടുത്ത പിന്തുണകാരണം കേരളത്തിൽ പല ഇടത്തും അധികാരം ഉറപ്പിച്ചു. സേനാധിപനായ കുഞ്ഞാലിമരയ്ക്കാരുടെ നേതൃത്വത്തിൽ സാമൂതിരി ശക്തമായി എതിർത്തുവെങ്കിലും, ഇവരിൽ നിന്നും ഡച്ചുകാർ 1663 ൽ കൊച്ചി പിടിച്ചെടുക്കുന്നതുവരെ കേരള ചരിത്രത്തെ പോർട്ടുഗീസ് ആധിപത്യകാലമായി പരിഗണിക്കണം. പോർട്ടുഗീസുകാർ ഇവിടെ ഉണ്ടായിരുന്ന ക്രിസ്ത്യാനികളെ 1599 ലെ ഉദയംപേരൂർ സുന്നഹദോസ് വിളിച്ചുകൂട്ടി ലത്തീനികരിക്കുകയും മാർപാപ്പയ്ക്കു വിധേയരാക്കുകയും ചെയ്തു. 1653 ൽ കൂനൻ കുരിശ് സത്യം നടത്തി ആ നുകത്തിൽ നിന്നും പിന്നീട് അവർ രക്ഷപ്പെട്ടു.

17- ഉം, 18 ഉം നൂററാണ്ടുകളിൽ ഡച്ചുകാർ കേരളത്തിൽ ആധിപത്യം സ്ഥാപിക്കാൻ ശ്രമിച്ചു. എന്നാൽ അവരുടെ സ്വപ്നം തിരുവിതാംകൂറിലെ മാർത്താണ്ഡവർമ്മ രാജാവ് തകർക്കുകയുണ്ടായി. ഡച്ചുകാരുടെ ശ്രമഫലമായി രചിക്കപ്പെട്ട "ഹോർത്തൂസ് മലബാറിക്കൂസ്" എന്ന സസ്യശാസ്ത്ര ഗ്രന്ഥത്തിന്റെ പേരിൽ ഡച്ചുകാർ ഇന്നും കേരളത്തിൽ സ്മരിക്കപ്പെടുന്നു.

തിരുവിതാംകൂറിൽ എട്ടുവീട്ടിൽപ്പിള്ളമാർ മുതലായ നാട്ടു പ്രഭുക്കന്മാരെ അടിച്ചമർത്തി മാർത്താണ്ഡവർമ്മ (1729- 58) പ്രതാപവാനായി കായംകുളം, എളയിടത്തു സ്വരൂപം, ചെമ്പകശ്ശേരി തെക്കുംകൂർ, വടക്കുംകൂർ മുതലായ അയൽനാടുകളും അദ്ദേഹം പിടിച്ചടക്കി രാജ്യം വിസ്തൃതമാക്കി കൊച്ചിയിൽ ശക്തൻ തമ്പുരാന്റെ ആധിപത്യത്തിൽ രാജ്യം ശക്തമായി. മലബാറിൽ ഹൈദറിന്റെയും ടിപ്പുവിന്റെയും ആക്രമത്തോടെ നാടുവാഴിത്തം അവസാനിച്ചു. പിന്നീട് ടിപ്പുവിനെ തോൽപ്പിച്ച ഇംഗ്ലീഷുകാർ അവിടെ അധിപതികളായി.



കച്ചവടത്തിനായി എത്തിയ ബ്രിട്ടീഷുകാർ 1644 ൽ വിഴിഞ്ഞത്തും, 1684 ൽ അഞ്ചുതെങ്ങിലും 1694 ൽ തലശ്ശേരിയിലും വ്യവസായശാലകൾ കെട്ടി. ക്രമേണ രാഷ്ട്രീയ ശക്തികളുമായി ഉടമ്പടികൾ ഉണ്ടാക്കിയും യുദ്ധം ചെയ്തും അധികാരം സ്ഥാപിച്ചു. മലബാറിൽ കോട്ടയത്തും പഴശ്ശിരാജാവും (1793- 1805) തിരുവിതാംകൂറിൽ വേലുത്തമ്പിയും (1765-1809) ഈ വിദേശാധിപത്യത്തിനെതിരായി ജനകീയ ശക്തി സംഘടിപ്പിച്ചെങ്കിലും അവർ അടിച്ചമർത്തപ്പെട്ടു.

ആധുനികതയുടെ മുഖഛായ കേരളത്തിനുണ്ടായത്. ബ്രിട്ടീഷ് ആധിപത്യകാലത്ത് ഉണ്ടായ ഭരണപരവും സാമൂഹ്യവുമായ പരിഷ്കാരങ്ങൾ കൊണ്ടാണ്. 1947 ൽ ഇന്ത്യ സ്വതന്ത്രമായതിനെതുടർന്ന് 1949 ൽ തിരു- കൊച്ചി സംയോജനം ഉണ്ടായി 1956 ൽ മലബാറും കൂടെ ചേർത്തു കേരളഭാഷാ സംസ്ഥാനം പുനസ്ഥാപിക്കപ്പെട്ടു.

ഐക്യകേരളം ഉണ്ടായശേഷം 1957 ൽ നടന്ന തെരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റുകാർ അധികാരത്തിൽ വന്നു. കമ്മ്യൂണിസ്റ്റിതര ശക്തികൾ വിമോചനസമരം നടത്തിയതിന്റെ ഫലമായി 1959 ൽ ആ മന്ത്രിസഭ ഡിസ്മിസ് ചെയ്യപ്പെട്ടു. തെരെഞ്ഞെടുപ്പിൽ കൂടി കമ്മ്യൂണിസ്റ്റ് നേതൃത്വത്തിലുള്ള മന്ത്രിസഭകൾ പിന്നീട് 1967 ലും 1986-1996 ലും നിലവിൽ വരികയുണ്ടായി. എന്നാൽ മററ് കാലങ്ങളിലെല്ലാം കോൺഗ്രസ്സും മററ് പാർട്ടികളും ചേർന്നുള്ള ഹ്രസ്വകാല മുന്നണി മന്ത്രിസഭകൾ ഒന്നിനുപുറകെ ഒന്നായി കേരളത്തിൽ ഭരണം നടത്തി. കേരളത്തിലെ ഉന്നതമായ വിദ്യാഭ്യാസ നിലവാരം, പത്രപ്രവർത്തനം, രാഷ്ട്രീയാവബോധം, അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ എന്നിവകാരണം രാഷ്ട്രീയ പാർട്ടികളുടെ അനുസ്യൂതമായ പിളർപ്പുകളും, താല്ക്കാലിക ഐക്യങ്ങളുമാണ് രാഷ്ട്രീയ മുഖഛായ. വ്യവസായ വൽക്കരണം നടക്കാത്തതുകൊണ്ട് കൃഷിയും അഭ്യസ്തവിദ്യരുടെയും മററും ജോലി തേടിയുള്ള വിദേശ പ്രയാണവുമാണ് മുഖ്യവരുമാനമാർഗങ്ങൾ.

## 16-ാം നൂററാണ്ടിലെ സാമൂഹ്യ പശ്ചാത്തലം

A.D. പത്താം നൂററാണ്ടിനോടുകൂടിയാണ് കേരളത്തിൽ ഹിന്ദുമതത്തിന് പ്രാധാന്യം ഉണ്ടായത്. കുലശേഖര രാജാക്കൻമാർ ഭരിച്ചിരുന്ന ഈ കാലഘട്ടത്തിൽ ചൈനയുമായി വാണിജ്യം വൻതോതിൽ നടത്തിയിരുന്നു. മാണിഗ്രാമം, അഞ്ചുവർണ്ണം, വളഞ്ചിയാർ മുതലായ കച്ചവട സംഘങ്ങളാണ് വിദേശ വ്യാപാരം നടത്തിയിരുന്നത്. തെരിസാപ്പള്ളി ശാസനത്തിൽ ഇവർ നാടിന്റെ അഭിവൃദ്ധിക്ക് വേണ്ടി ചെ

യ്യുന്ന സേവനങ്ങളെ പ്രത്യേകം പ്രകീർത്തിക്കുന്നുണ്ട്. ചീനവല, ചീന ഓടം (വള്ളം) ചീനവെടി, ചീനച്ചട്ടി, കൗതുകരമായ ചീനമൺപാത്രങ്ങൾ, ചിട്ടിസമ്പ്രദായം എന്ന പണ ഇടപാട് എന്നിവ കേരളത്തിൽ എത്തിയത് ഈ വിദേശ വ്യാപാര ഫലമായാണ്. സാഹിത്യവും കലയും അന്ന് വികസിച്ചിരുന്നു. തോലകവി അന്നാണ് ജീവിച്ചിരുന്നത്. കൂത്ത്, കൂടിയാട്ടം മുതലായ കലകളും പ്രചരിച്ചു. എന്നാൽ അടുത്ത നൂററാണ്ടിലുണ്ടായ തമിഴരുമായുള്ള യുദ്ധം കാരണം ഇതെല്ലാം ക്ഷയിക്കുകയുണ്ടായി.

## ഫ്യൂഡലിസം

രാജവാഴ്ച അവസാനിച്ചപ്പോൾ നാടുവാഴികളായി ഭരണക്കാർ. ഇവരുടെ കാലത്തെ സാമൂഹ്യരീതികളെപ്പററി വടക്കൻ പാട്ടുകൾ ഷെയ്ക് സെയിനുദ്ദീൻ, ബർബോസ, കൻടർവിസ്ചർ മുതലായവരുടെ വിവരണങ്ങളിൽ നിന്നും ഗ്രഹിക്കാവുന്നതാണ്. മാർത്താണ്ഡവർമ്മ തിരുവിതാംകോട് വികസിപ്പിച്ച് തിരുവിതാംകൂർ രാജ്യം പടുത്തുയർത്തുകയും ബ്രിട്ടീഷുകാർ ഇവിടെ ആധിപത്യം സ്ഥാപിക്കുകയും ചെയ്യുന്നത് വരെ ഈ സാമൂഹ്യ പശ്ചാത്തലമാണുണ്ടായിരുന്നത്.

അന്ന് ജന്മി നാടുവാഴികളുടെ ഫ്യൂഡലിസം നിലനിന്നിരുന്നു. ഓരോ ഗ്രാമത്തിലും അവരുടെ നേതൃത്വം ഉള്ള തറകൂട്ടങ്ങളാണ്ഭരണം നടത്തിയിരുന്നത്. നാടുവാഴികൾ ജനങ്ങളെ പലവിധത്തിൽ പിഴിഞ്ഞ് യുദ്ധങ്ങൾക്കും ധൂർത്തിനും പണം സമാഹരിച്ചിരുന്നു. ജീവിതത്തിന്റെ എല്ലാ തുറകളിലും പെട്ടവർ പലതരം പിഴകൾക്കും നികുതികൾക്കും വിധേയരായിരുന്നു. ചുങ്കം പിരിവുകൾ, കുടുംബസ്വത്തിന്റെ ഭരണം പുതുതായി ഏൽക്കുന്ന ആൾ കൊടുക്കുന്ന പുരുഷാന്തരം, തലവരി, എല്ലാ വ്യാപാര ലാഭത്തിന്റെയും പത്തിലൊന്നു അങ്കം വെട്ടുന്നതിന് നാട്ടുകിഴി, അവകാശികളില്ലാത്ത കുടുംബസ്വത്തുക്കൾക്ക് അവകാശികളെ ദത്തെടുക്കുന്നതിനു കൊടുക്കേണ്ട ദത്തുകാഴ്ച, രക്ഷാഭോഗം, ചങ്ങാത്തം, കല്യാണം, ശ്രാദ്ധം, പുതിയ കൊട്ടാരത്തിലേക്കു മാറുന്നതിനും മററും കൊടുക്കേണ്ട കാഴ്ചകൾ, വ്യഭിചാരത്തിന് വില്ക്കുന്ന സ്ത്രീകളുടെ വിലയായ "പുലയാട്ട് പെണ്ണ്" കപ്പലുകളെ കൊള്ളയടിക്കുന്നതിന്റെ വീതം, കള്ള് ചെത്തുന്നതിന് ഏണിക്കാണം, തളക്കാണം, പൊന്നാഭരണം അണിയുന്നതിന്"മേനിപ്പൊന്ന്", വിവാഹം നടത്തുന്നതിന് " പൊലിപ്പൊന്ന്" തൊഴിലാളി സ്ത്രീകൾ കൊടുക്കേണ്ട മുലൈവില, തലൈവില, മത്സ്യം പിടിക്കുന്നതിന് വല



പ്പണവും കടത്തും തുറമുഖ നികുതിയായ □തുറ' കൊശവൻ കൊടുക്കേണ്ട "ചെക്കിരി" നെയ്ത്തുകാർ കൊടുക്കേണ്ട □തടിക്കടമ' ഏഴ, കോഴ, തപ്പ്, കൃഷി ചെയ്യുന്നതിന് രാജഭോഗം, തുലാക്കൂലി, നിറകൂലി, കുടത്തിനു നാഴി, കലത്തിന് ഉഴക്ക് എന്നിവ ഉദാഹരണങ്ങളാണ്. 1865 ൽ ഈ തരത്തിലുള്ള 110 ഇനം നികുതികൾ തിരുവിതാംകൂറിൽ നിർത്തലാക്കുകയുണ്ടായി.

## ബ്രാഹ്മണാധിപത്യം

ശൈവ- വൈഷ്ണവ ഭക്തി പ്രസ്ഥാനങ്ങളെ തുടർന്ന് ഹിന്ദുമത പുരോഗതിയുണ്ടായി. അമ്പലങ്ങൾക്കും നമ്പൂതിരി ബ്രാഹ്മണർക്കും ധാരാളം സ്ഥലങ്ങൾ കരം ഒഴിവായി രാജാക്കന്മാർ കൊടുത്തു. സംഘകാലത്ത് ഭൂമി രാജാവിന്റേതായിരുന്നു. കൃഷിക്കാർ രാജഭോഗം കൊടുക്കണം. ഈ രാജഭോഗം പിരിക്കാനുള്ള അവകാശമാണ് രാജാക്കന്മാർ കൊടുത്തത്. എന്നാൽ ക്രമേണ അത് പാട്ടമായി വർദ്ധിച്ചു. അതുപോലെ തന്നെ തമിഴരുമായുള്ള യുദ്ധകാലത്ത് പല മാടമ്പിമാരും, സ്ഥലം നഷ്ടപ്പെടാതിരിക്കാനായി അമ്പലങ്ങളെയും (ദേവസ്വം) നമ്പൂതിരിമാരെയും (ബ്രഹ്മസ്വം) ഏൽപ്പിച്ചു. അങ്ങനെ അമ്പലങ്ങളും നമ്പൂതിരികളും വലിയ സ്വത്തുടമകളായി ഭവിച്ചു.

## വർണവിവേചനം

തൊഴിലിന്റെ അടിസ്ഥാനത്തിലുള്ള വർഗ വിഭജനം മുമ്പുണ്ടായിരുന്നെങ്കിലും അതിനെ ഒരു ദുരാചാരമാക്കി വളർത്തി എടുത്തത് 8-ാം നൂററാണ്ടിനു ശേഷം ഉണ്ടായ ബ്രാഹ്മണ മേധാവിത്വമാണ്. ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ എന്നിങ്ങനെയുള്ള ഒരു തിയോക്രാററിക് ഫ്യൂഡലിസമാണുണ്ടായിരുന്നത്. നായന്മാർ ബ്രാഹ്മണരിൽ നിന്ന് 16 അടിയും ഈഴവർ 32 അടിയും, പുലയർ 64 അടിയും ഉള്ളാടർ 96 അടിയും അകലെ നിൽക്കണം. നായടികൾ ദൃഷ്ടിയിൽ പെട്ടാൽ പോലും ദോഷമാണ്. എന്നിത്യാദി ചിട്ടകൾ ബ്രാഹ്മണരാണുണ്ടാക്കിയത്. ക്രിസ്ത്യാനികളും മുസ്ലീങ്ങളും ഈ ചിട്ടകൾക്ക് വിധേയരാക്കപ്പെട്ടിരുന്നില്ല.

നീതിന്യായ കോടതികൾ ഉണ്ടായിരുന്നില്ല. നീതി നടത്തുന്നതിനും കുററാന്വേഷണത്തിനും ഉപയോഗിച്ചിരുന്ന രീതികൾ കിരാതങ്ങളായിരുന്നു. നാലുതരം സത്യപരീക്ഷകൾ ഉദാഹരണങ്ങളാണ്. അതിലും ബ്രാഹ്മണർക്ക് പ്രത്യേക പരിഗണന ഉണ്ടിയിരുന്നു. ബ്രാഹ്മ

ണർക്ക് തുലാസുപരീക്ഷയാണ്. ബ്രാഹ്മണനെ തുലാസിൽ തൂക്കിയശേഷം കുററം കൂടി ഓലയിൽ എഴുതി കെട്ടിത്തൂക്കും. തൂക്കം വർദ്ധിച്ചാൽ മാത്രമേ ശിക്ഷയുള്ളൂ. പിഴ ഒടുക്കുക, ജാതിഭ്രഷ്ട് കൽപ്പിക്കുക എന്നിവയാണ് ശിക്ഷ. ക്ഷത്രിയർക്ക് തിളയ്ക്കുന്ന നെയ്യിൽ കൈ മുക്കുകയാണ് പരീക്ഷ. കൈ പൊള്ളിയാൽ കുററം ചെയ്തതായി കണക്കാക്കി ശിക്ഷ ഉണ്ട്. വൈശ്യർക്ക് ജലപരീക്ഷ നടത്തി വെള്ളത്തിൽ മുക്കി കൊല്ലുകയും, ശൂദ്രർക്ക് വിഷ പരീക്ഷയുമായിരുന്നു. വിഷപാമ്പിനെ കുടത്തിലോ, ചാക്കിലോ കെട്ടിയ ശേഷം, കുററവാളി കൈ ഇട്ട് പിടിച്ചെടുക്കണം. മരണം ഏതാണ്ട് സുനിശ്ചിതമായിരുന്നു. താണ ജാതിക്കാരെ അംഗഭംഗം വരുത്തുക, മുക്കാലിൽ കെട്ടി അടിക്കുക, കൊല്ലുക, ചിത്രവധം നടത്തുക എന്നിവയായിരുന്നു ശിക്ഷ. മൂലത്തിൽ കൂടി തലവരെ കമ്പിപ്പാര അടിച്ചുകയററി പൃഷ്ടഭാഗം വൃക്ഷത്തോടു ബന്ധിച്ചു നിർത്തുന്നതാണ് ചിത്രവധരീതി. ക്രിസ്ത്യാനികൾക്ക് രാജാക്കന്മാർ നൽകിയ ചെമ്പു പട്ടയങ്ങളും അധികാരങ്ങളും അവരെ ഈ ശിക്ഷകളിൽ നിന്നു ഒഴിവാക്കിയിരുന്നു. അവരുടെ മെത്രാന്മാർക്കും രാജാക്കന്മാർക്കും മാത്രമെ അവരെ വിചാരണചെയ്തു ശിക്ഷിക്കാൻ അധികാരം ഉണ്ടായിരുന്നുള്ളൂ.

## ആയോധന മുറകൾ

ചേര- ചോള യുദ്ധം കാരണം സൈന്യ പരിശീലനം വ്യാപകമായി. നാടുവാഴികൾക്ക് യോദ്ധക്കളെ പ്രദാനം ചെയ്തിരുന്നത് മാടമ്പിമാർ എന്ന നാട്ടു പ്രമാണികളായിരുന്നു. അവരെ പരിശീലിപ്പിക്കുന്ന കളരികളിൽ ആണും പെണ്ണും കളരിപ്പയററ് പരിശീലിച്ചിരുന്നു.

തറക്കൂട്ടങ്ങൾക്ക് തീർക്കാൻ സാധിക്കാത്ത ഭിന്നതകൾ അങ്കം വെട്ടിയാണ് തീരുമാനിച്ചിരുന്നത്. അങ്കം കുറിച്ചാൽ നാടുവാഴിയും നാട്ടുകാരും എത്തും അങ്കത്തട്ടിൽ യോദ്ധാക്കൾ പരസ്പരം ഏററുമുട്ടി എതിരാളിയെ കൊല്ലുകയോ തോല്പ്പിക്കുകയോ ചെയ്യും.

വ്യക്തികൾ തമ്മിലുള്ള തർക്കം ''പൊയ്ത്'' നടത്തി തീരുമാനിച്ചിരുന്നു. കുടിപ്പക ഉണ്ടായാൽ എതിരാളിയെ കൊല്ലികമാത്രമല്ല, അയാളുടെ വീട്ടിൽ ശവം എത്തിച്ച് കുടുംബം തന്നെ അഗ്നിക്ക് ഇരയാക്കുമായിരുന്നു. ചങ്ങാത്തം എന്ന ചാവേർപടകളും നാടുവാഴികളെയും രാജാക്കന്മാരെയും സംരക്ഷിക്കുന്നതിന് രൂപീകരിക്കപ്പെട്ടിരുന്നു.



## ദായക്രമം

മക്കത്തായ പിന്തുർച്ചാവകാശമാണ്- കേരളത്തിലുണ്ടായിരുന്നത്. പിതൃസ്വത്ത് ആൺ മക്കൾക്ക് കൊടുക്കുന്ന ഈ രീതിക്ക്പകരം മരുമക്കത്തായം എന്ന രീതി പിന്നീടാണുണ്ടായത്. നായർ, ചിലകൂട്ടം മുസ്ലീംങ്ങൾ എന്നിവരുടെ ഇടയിലാണ് മരുമക്കത്തായം ഉണ്ടായത്. മററുള്ളവർ അന്നും ഇന്നും മക്കത്തായികളായിരുന്നു. നമ്പൂതിരിമാരുടെ നായർവീടുകളിലെ സംബന്ധം, നായന്മാരുടെ നിർബന്ധിത സൈനികസേവനം, ചാവേർപടകളുടെ ആവിർഭാവം എന്നിവയായിരിക്കാം ഭൂഉടമസ്ഥത സ്ത്രീകളിലേക്ക് നിക്ഷിപ്തമാക്കുന്ന മരുമക്കത്തായം ഉണ്ടായതിന്റെ കാരണം.

## വിവാഹം

അമ്മാവന്റെ മകളെയോ അച്ഛന്റെ മരുമകളെയോ വിവാഹം കഴിക്കണമെന്നത് ഏതാണ്ട് നിർബന്ധമായ ആചാരമായിരുന്നു. കെട്ടുകല്യാണമായിരുന്നു മറെറാന്ന്. പെൺകുട്ടിക്ക് 11 വയസ്സ് എത്തുന്നതിനുമുമ്പ് വലിയ കല്യാണ ആഘോഷത്തോടെ ആരെങ്കിലും ഒരാൾ താലികെട്ടുന്നു. എന്നാൽ കുട്ടയുടെ തെരണ്ടുകല്യാണം കഴിഞ്ഞാൽ ആ കുട്ടിക്ക് ഇഷ്ടമുള്ള ആളിനെ രണ്ടാമത് വിവാഹം കഴിക്കാം.

ഒരു സ്ത്രീക്കു പല ഭർത്താക്കന്മാരുണ്ടായിരിക്കുക എന്ന പാണ്ഡവാചാരം, നമ്പൂതിരിമാരുടെ നായർവീടുകളിലെ സംബന്ധങ്ങൾ എല്ലാം തന്നെ വ്യഭിചാരത്തെ പ്രോത്സാഹിപ്പിച്ചിരുന്നു. ഭർത്താക്കന്മാരുടെ എണ്ണം വർദ്ധിപ്പിക്കുന്നത് അഭിമാനമായി നായർ സ്ത്രീകൾ ഗണിച്ചിരുന്നു. ആശാരി, മൂശാരി, കമ്മാളർ, പുലയർ എന്നിവരുടെ ഇടയിൽ പാണ്ഡവാചാരമായിരുന്നു. കേരളസ്ത്രീകൾ ചാരിത്ര്യവതികളായിരിക്കണമെന്നില്ല- എന്ന ഒരു നിയമം പോലും നമ്പൂരികൾ ഉണ്ടാക്കി. ഈ ലൈംഗീക അരാജകത്വം നടമാടിയിരുന്നതിനിടയിൽ ജീവിച്ച ക്രിസ്ത്യാനികൾ ഏക ഭാര്യാവൃതം എന്നും നിലനിർത്തിയിരുന്നു എന്നത് അഭിമാനകരമാണ്.

## മണ്ണാപേടി

മണ്ണാപേടി, പുലപ്പേടി, പറപ്പേടി എന്ന സമ്പ്രദായം നിലവിലിരുന്നത് 1696 ൽ വേണാട് രാജാവ് ഉണ്ണി കേരളവർമ്മയാണ് അവസാനിപ്പിച്ചത്. ബ്രാഹ്മണ നായർ തറവാടുകളിലെ സ്ത്രീകളെ മണ്ണാൻ,

പുലയൻ, പറയൻ എന്നിത്യാദി താഴ്ന്ന ജാതിക്കാർ കാണുകയോ ഒരു പാറക്കഷ്ണമോ കമ്പുകൊണ്ടോ എറിഞ്ഞു കൊള്ളിക്കുകയോ ചെയ്താൽ അവൾക്ക് ജാതി ഭ്രഷ്ട് കല്പ്പിക്കുമായിരുന്നു അതുകൊണ്ട് പറയന് അവളെ അവന്റെ കുടിലിൽ കൊണ്ടുപോയി ഭാര്യയാക്കാമായിരുന്നു.

## പർദ

നമ്പൂരി സ്ത്രീകൾ പർദ ആചരിച്ചിരുന്നു. ഓലക്കുട കൊണ്ട് ശരീരം മറച്ചാണ് അവർ പെരുവഴികളിൽ സഞ്ചരിച്ചിരുന്നത്. മററ് സ്ത്രീകൾ അങ്ങനെ ചെയ്തിരുന്നില്ല. ക്രിസ്ത്യാനികൾ ഒഴിച്ച് മറെറല്ലാ സ്ത്രീകളും മാറ് മറയ്ക്കാതെ നഗ്നരായാണ് നടന്നിരുന്നത്. ഈഴവാദി താഴ്ന്ന ജാതിക്കാർക്ക് മാറ് മറയ്ക്കുന്നത് കുററകരമായി നമ്പൂതിരി നേതൃത്വം ഉള്ള സമൂഹം വിധിച്ചിരുന്നു.

## അടിമ സമ്പ്രദായം

അടിമത്തം കേരളത്തിൽ നിലനിന്നിരുന്നു. ക്രിസ്ത്യാനികളിൽ നിന്നും അടിമക്കാശ് ഈടാക്കരുത് എന്ന് തരീസാപള്ളി ശാസനത്തിൽ പറയുന്നുണ്ട്. പോർട്ടുഗീസുകാർ അടിമകളെ കൂട്ടമായി മതപരിവർത്തനം ചെയ്യിച്ച് സ്വതന്ത്രരാക്കി. എഴുന്നൂററിക്കാർ ഉദാഹരണങ്ങളാണ്. അടിമകൾ കൃഷിഭൂമിയോട് ബന്ധപ്പെട്ടിരുന്നു. ഭൂമി കൈ മാറുമ്പോൾ അടിമകളെയും കൂട്ടത്തിൽ വില്ക്കുമായിരുന്നു. പുരുഷ അടിമയ്ക്ക് 100 പണവും സ്ത്രീ അടിമയ്ക്ക് 70 പണവും വില കിട്ടുമായിരുന്നു. 1812 ൽ റാണി ലക്ഷ്മീഭായിയാണ് ഈ അടിമ സമ്പ്രദായം അവസാനിപ്പിച്ചത്. പിന്നീട് ഉരുത്തിരിഞ്ഞ ജന്മി- അടിയാൻ ബന്ധം സ്നേഹ- ബഹുമാന സഹായമൂല്യങ്ങളിൽ അടിയുറച്ചിരുന്നതുകൊണ്ട് ഇന്നത്തെ മുതലാളി- തൊഴിലാളി ബന്ധത്തേക്കാൾ ഉൽകൃഷ്ടവും അഭികാമ്യവും ആയിരുന്നു.

## ഉത്സവങ്ങൾ

കേരളത്തിലെ ഉത്സവങ്ങൾ എല്ലാവരും ആചരിക്കുന്നവയാണ്. ഓണം ഉദാഹരണമാണ്. മതാനുയായികളുടെ പ്രത്യേക ഉത്സവങ്ങൾ വേറെയും ഉണ്ട്. ക്രിസ്തുമസ്, ഹാശാ ആഴ്ച, മുഹറം, ഈദ്, പെരുനാൾ എന്നിവയാണ്. ചിങ്ങമാസത്തിലെ ഓണം കേരളീയർ ദേശീയ ഉത്സവമായി ആഘോഷിക്കുന്നു. വിളവെടുപ്പിന്റെ ഉത്സവമാണ്



ഓണം. മഹാബലി വാണിരുന്ന സുവർണകാലത്തെ അനുസ്മരിക്കുകയും മഹാബലിയുടെ വാർഷിക സന്ദർശനത്തിൽ അദ്ദേഹത്തെ സന്തോഷത്തോടെ സ്വീകരിക്കുകയും ചെയ്യുന്ന സങ്കൽപ്പങ്ങളാണ് ഓണത്തിന് പിൻപിൽ ഉള്ളത്. കേരളത്തിൽ വള്ളംകളി ദേശീയോത്സവമാണ്. ചുണ്ടൻ, ചുരുളൻ, ഇരുട്ടുകുത്തി, പരുന്തുവാലൻ എന്നിത്യാദി ഇനം കളിവള്ളങ്ങളിൽ മത്സരിച്ച് തുഴഞ്ഞു കയറുകയാണ് വിനോദം. വലിയ ചുണ്ടൻ വള്ളങ്ങളിൽ നൂറിൽ പരം തുഴക്കാർ ഉണ്ടാകും. ആഗസ്റ്റ്- സെപ്തംബർ മാസങ്ങളിലാണ് മത്സരക്കളികൾ നടത്തുന്നത്. ആലപ്പുഴ നെഹ്റു ട്രോഫി , അമ്പലപ്പുഴ വള്ളംകളി എന്നിവ ഇപ്പോൾ പ്രസിദ്ധങ്ങളാണ്. ഹിന്ദു ആചാരങ്ങളും സാമൂഹ്യരീതികളും പ്രധാനമായി മലബാറിലാണ് ഉണ്ടായിരുന്നത്. തിരുവിതാംകൂറിലും ഒട്ടൊക്കെ കൊച്ചിയിലും ഹിന്ദുക്കളും ക്രിസ്ത്യാനികളും മുസ്ലീംങ്ങളും ഏതാണ്ട് സമഭാവനയോടെയും സമപ്രാധാന്യത്തോടും ജീവിച്ചിരുന്നതുകൊണ്ട് മതസഹിഷ്ണുത കൂടുതൽ പ്രകടമായിരുന്നു. ക്രിസ്ത്യാനികൾ സമൂഹത്തിൽ ഒരു പ്രധാന ശക്തിയായിരുന്നു. അവരുടെ ആചാരരീതികൾ, ഹിന്ദു രീതികളിൽ അധിഷ്ഠിതമെങ്കിലും വ്യത്യസ്ഥമായിരുന്നു.

# അദ്ധ്യായം-3

# കേരളത്തിലെ ക്രിസ്ത്യാനികളുടെ ചരിത്രം.

നമ്മുടെ കുടുംബത്തിലെ പൂർവ്വികരെപ്പററി പഠിക്കുന്നതിന് കേരള സുറിയാനി ക്രിസ്ത്യാനികളുടെ ചരിത്രവും ആചാര മര്യാദകളും അറിഞ്ഞിരിക്കേണ്ടതാണ്. കേരളത്തിന് പുറത്ത് ജീവിക്കുന്ന ആധുനിക തലമുറകൾക്ക് നമ്മുടെ പാരമ്പര്യങ്ങൾ സ്വാംശീകരിക്കുന്നതിന് മററ് മാർഗങ്ങൾ കുറവാണല്ലോ.

## വി. തോമാശ്ലീഹാ

ക്രിസ്തുവിന്റെ 12 ശിഷ്യരിൽ ഒരുവനായ തോമശ്ലീഹാ A.D.52 –ൽ കേരളത്തിൽ എത്തി, അന്നത്തെ പ്രധാന ജനപഥങ്ങളിലെല്ലാം സഞ്ചരിച്ചു. യൂദർ, ആര്യ ബ്രാഹ്മണർ, ബുദ്ധ-ജൈനമതക്കാർ എന്നിവരെ ക്രിസ്തു മതത്തിലേക്ക് സ്വീകരിച്ചു. ഇതാണ് സഭയുടെ ആരംഭം. പായൂർ, മുസിരിസ് (കൊടുങ്ങല്ലൂർ) കോട്ടയ്ക്കായൽ (പറവൂർ) കൊക്കമംഗലം (കോതമംഗലം) നയ്കണ്ട (നിരണം) കൊല്ലം, നിലയ്ക്കൽ എന്നീ സ്ഥലങ്ങളിൽ കുരിശും ഏഴു പള്ളികളും സ്ഥാപിച്ചു എന്നും, ശങ്കരപുരി, പകലോമററം, കള്ളി, കാളികാവ്, മാളിയേക്കൽ മുതലായ മാനസാന്തരപ്പെട്ട ബ്രാഹ്മണ കുടുംബത്തിലെ അംഗങ്ങളെ പുരോഹിതരാക്കി എന്നും, കൊടുങ്ങല്ലൂർ രാജാവിന്റെ മരുമകനെ ആദ്യത്തെ മെത്രാനാക്കി എന്നും പാരമ്പര്യം ഉണ്ട്. ഇതേപ്പററി വീരടിയാൻ പാട്ട്, തോമാപർവ്വം, മാർഗം കളി പാട്ടുകൾ എന്നിവയിൽ വിവരിക്കുന്നുണ്ട്. A.D.45–ൽ ഹിപ്പാലസ് കാററ് കണ്ടുപിടിച്ചിരുന്നതുകൊണ്ട് വി. തോമസിന് ഇന്ത്യയിൽ എത്തുക എളുപ്പമായിരുന്നു. A.D.190–ൽ



എത്തിയ പന്തേനൂസ് തന്റെ യാത്രാവിവരണത്തിൽ പറയുന്നു. സെലൂക്യയിലെ ക്രൈസ്തവസഭയ്ക്ക് കേരള ക്രൈസ്തവ സഭയുമായി ബന്ധവും ചിലകാലങ്ങളിൽ സഭയുടെ മേൽ നേതൃത്വവും ഉണ്ടായിരുന്നെങ്കിലും, വി.തോമാസ്ഥാപിച്ച സഭയാണ് ഇതെന്ന് അവർ അംഗീകരിച്ചിരുന്നു. വി. തോമാ കൊടുങ്ങല്ലൂരിൽ നിന്നും തെക്കോട്ടുള്ള യാത്രയിൽ വഴിയിൽ വച്ച് "യാദൃശ്ചികമായി നിരണത്തുകാരൻ മാളികയ്ക്കൽ എന്ന ഒരു ബ്രാഹ്മണ യുവാവിനെ പരിചയപ്പെടുകയും അയാൾ ക്രിസ്തുമതം സ്വീകരിക്കുകയും ചെയ്തു. തോമ എന്ന പേരിൽ ജ്ഞാനസ്നാനം ഏററ മലങ്കരയിലെ ക്രിസ്ത്യാനികളിൽ ആദ്യത്തെ ഒരാൾ ഈ മാളികയ്ക്കൽ ആണെന്ന് പറയപ്പെടുന്നു. വി. തോമ നിരണത്ത് എത്തിയപ്പോൾ അവിടെ തൃക്കപാലേശ്വരത്ത് ഒരു കരിങ്കൽ കുരിശു സ്ഥാപിച്ചു. തൃക്കപാലേശ്വര ക്ഷേത്ര പരിസരത്തുള്ള ബ്രാഹ്മണർ ഈ കുരിശ് പിഴത് ആററിൽ എറിഞ്ഞു. അത് വെള്ളത്തിനു മീതേ പൊങ്ങി ഒഴുകി ഇപ്പോൾ നിരണം പള്ളി നിൽക്കുന്ന സ്ഥലത്ത് ഒരു പോളക്കാട്ടിൽ തടഞ്ഞു നിന്നു. അതിനെ പുനസ്ഥാപിച്ച സ്ഥലത്താണ് പിന്നീട് പള്ളി പണിതതെന്ന് പറയപ്പെടുന്നു.

## ബ്രഹ്മണാചാരങ്ങൾ

ക്രിസ്തുവിന് 350 വർഷങ്ങൾക്കു മുമ്പ് തന്നെ ആര്യബ്രാഹ്മണരുടെ കേരളത്തിലേയ്ക്കുള്ള കുടിയേറ്റം തുടങ്ങിയിരുന്നു. എന്നാൽ ബ്രാഹ്മാണാധിപത്യം കേരളത്തിൽ ഉണ്ടാകുന്നത് A.D.8–ാം നൂററാണ്ടിനു ശേഷമാണ്. കേരള ക്രിസ്ത്യാനികളുടെ അടുത്തകാലം വരെയുള്ള വേഷഭൂഷാദികളും ആചാരമര്യാദകളും ബ്രാഹ്മണ രീതികളോട് സാമ്യമുള്ളവയായിരുന്നു. വിവാഹത്തിനുപയോഗിക്കുന്ന ആലിലത്താലി, മന്ത്രകോടി, അയനി, കുട്ടികൾക്ക് പേരിടൽ ചടങ്ങ്, ചോറൂണ്, കാതുകുത്തുക, കുടുമ വളർത്തുക, ശവസംസ്കാര കാലത്തെ പുല, ശ്രാദ്ധ, അടിയന്തരം എന്നിവ എല്ലാം ഉദാഹരണങ്ങളാണ്. ഉദയംപേരൂർ സുന്നഹദോസ് ഈ ആചാരങ്ങളെ വിലക്കുന്നതുവരെ ഇത് നമ്മുടെ ഇടയിൽനിലനിന്നിരുന്നു. അതുകൊണ്ട് വി. തോമാശ്ലീഹാ നമ്പൂതിരികളെയും ക്രിസ്തുമതത്തിലേയ്ക്ക് ചേർത്തിരിക്കാം എന്നനുമാനിക്കുന്നതിൽ തെററില്ല.

## ചെപ്പേടുകൾ

വി.തോമാശ്ലീഹാ സ്ഥാപിച്ച സഭ നാൾക്കു നാൾ അഭിവൃദ്ധിപ്പെട്ടു. കേരളത്തിലെ രാജാക്കൻമാർ ക്രിസ്ത്യാനികൾക്ക് സ്ഥാനമാ

നങ്ങൾ കൊടുത്ത് ബഹുമാനിച്ചിരുന്നു. ഇവയാണ് 72 പദവികൾ എന്നറിയപ്പെടുന്നത്. ഈ പദവികൾ പ്രത്യേക നാല് രാജശാസനങ്ങളാണ്. ചെമ്പുപട്ടയിൽ എഴുതി കൊടുത്തുകൊണ്ട് ചെമ്പുപട്ടയങ്ങൾ അഥവാ ചെപ്പേടുകൾ എന്നറിയപ്പെടുന്നു.

## 1. വീരരാഘവ പട്ടയം

ഇരവികോർത്തനായ വണിക്ശ്രേഷ്ഠന് മാണിഗ്രാമം എന്ന ഗ്രാമവും പല അവകാശങ്ങളും പദവികളും ശ്രീവീരരാഘവ ചക്രവർത്തി കൊടുക്കുന്നതായി കാണിക്കുന്ന രേഖയാണ് ഈ ചെപ്പേട്. ഇത് മലങ്കര മെത്രാപ്പോലിത്തായുടെ ആസ്ഥാനമായ ദേവലോകം അരമനയിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നു.

## 2. ക്നായി തൊമ്മൻ ചെപ്പേട്

345 A.D. ഈ ചെപ്പേട് പിൽക്കാലത്ത് നാം പോർത്തുഗീസുകാർക്ക് കൊടുത്തു. അങ്ങനെ അതിന്റെ അസ്സൽ നഷ്ടപ്പെട്ടു എങ്കിലും ഇതിന്റെ പകർപ്പ് കേം ബ്രിഡ്ജ് സർവകലാശാലയിൽ സൂക്ഷിച്ചിട്ടുണ്ട്. ക്നായി തൊമ്മനും കൂട്ടരും കൊടുങ്ങല്ലൂരിൽ താമസിച്ച് പട്ടണം വലുതാക്കുന്നതിനു വേണ്ട സ്ഥലവും പദവികളുമാണ് നൽകിയത്. ചേരരാജാവായ ചേരകോൻ പെരുമാളുടെ കാലത്താണ് ഒരു സംഘം സുറിയാനി ക്രീ്ത്യാനികൾ ക്നായി തൊമ്മൻ എന്ന വാണിക് ശ്രേഷ്ഠന്റെ നേതൃത്വത്തിൽ A.D. 345 ൽ കൊടുങ്ങല്ലൂരിൽ എത്തിയത.് പേർഷ്യൻ രാജാവായിരുന്ന സാപ്പോർ ദ്വിതീയന്റെ പീഡനകൾ അസഹനീയമായപ്പോൾ ക്നായി തൊമ്മന്റെ നേതൃത്വത്തിൽ 472 കുടുംബങ്ങളാണ് ഇങ്ങനെ ക്രിസ്ത്യാനികളുടെ നാടായ കേരളത്തിലേക്ക് കുടിയേറിയത്. ചേരകോൻ പെരുമാൾ അവരെയഥോ വിധവും ചെപ്പേട് നൽകിയും സ്വീകരിച്ചു. ഇവർ കൊടുങ്ങല്ലൂരിൽ വടക്കേ തെരുവിലാണ് കുടിയേറി പാർത്തത്. പിൽക്കാലത്ത് പത്താം നൂററാണ്ടിൽ ഇവർ കുട്ടനാട്, ചിങ്ങവനം, കല്ലിശ്ശേരി, റാന്നി മുതലായ സ്ഥലങ്ങളിലേക്ക് കുടിയേറി പാർത്തു. ഇവരിൽ ഒരു ഭാഗം പിൽക്കാലത്ത് കത്തോലിക്കാ സഭയിൽ ചേർന്നു. ഇവർക്കായി ഒരു മെത്രാസനവും കോട്ടയത്തു സ്ഥാപിക്കപ്പെട്ടു. ബാക്കിയുള്ളവർ ഇന്ന് ഓർത്ത്ഡോക്സ്, യക്കോബായ വിഭാഗങ്ങളിൽ പെട്ടു നിൽക്കുന്നു. ഇവർ ദേശീയ ക്രൈസ്തവ സഭയുമായി വിവാഹങ്ങളിലും മററും ബന്ധപ്പെടാതെ അവരുടെ തനിമകാത്തു സൂക്ഷിക്കാൻ ശ്രമിക്കുന്നുണ്ട്. ഇവരെ തെക്കും ഭാഗക്കാർ എന്ന് അറിയപ്പെടുന്നു.



## 3. തരീസാപ്പള്ളി ചെപ്പേടുകൾ A.D 820

A.D. 774 ൽ തോമാമെത്രാന്റെ കൂടെ വന്ന ഒരു സംഘവും, മരുവൻ സപീർ ഈശോയുടെ കൂടെ 40 വർഷങ്ങൾക്കുശേഷം വന്ന മറെറാരു സംഘവും പേർഷ്യയിൽ നിന്ന് ഇവിടെ കുടിയേറിയിട്ടുണ്ട്. ഇവർ എല്ലാം സ്വദേശ ക്രിസ്ത്യൻ സമുദായത്തിൽ ലയിക്കുകയുണ്ടായി.

കടലാക്രമണം മൂലം നശിച്ച കൊല്ലം പട്ടണം പുതുതായി പുനസ്ഥാപിച്ച ജനനേതാവായ കുടിയേററക്കാരൻ മരുവൻ സപീർ ഈശോയ്ക്കും അനുഗാമികൾക്കും നഗരത്തിൽ ചില പ്രത്യേക അവകാശങ്ങൾ നൽകുന്നതാണ് ഈ ചെപ്പേടുകൾ. ഇവ രണ്ടുതാമ്രശാസന § ƒ nÀWv HI¶ mw sNt¸Sh v(A. D. 820) മൂന്ന് തകിടുകൾ ഉണ്ട്. ഒന്നാം തകിട് മാർതോമ സഭയുടെ ആസ്ഥാനമായ തിരുവല്ലാ പൂലാത്തീൻ അരമനയിലും, രണ്ടാമത്തെ തകിട് ദേവലോകത്തും ഉണ്ട്. മൂന്നാമത്തെ തകിട് ഇപ്പോൾ എവിടെ എന്നറിയുകയില്ല. രണ്ടാം ചെപ്പേട് A.D. 820 നു ശേഷമാണ്. ഇതിന് 4 തകിടുകൾ ഉണ്ട്. ഒന്നും രണ്ടും മൂന്നും തകിടുകൾ ദേവലോകത്തും നാലാം തകിട് പൂലാത്തീനിലും സൂക്ഷിച്ചിരിക്കുന്നു. ഈ തകിടുകൾ വളരെയധികം പദവികളും സാമൂഹ്യമേന്മകളും ക്രിസ്ത്യാനികൾക്കു കൊടുക്കുന്നുണ്ട്. അങ്ങനെ ക്രിസ്ത്യാനികൾ കേരളത്തിലെ ഒരു പ്രബലസമൂഹമായി തീർന്നു.

## പ്രബലമായ ദേശീയ സഭ

കേരള ക്രൈസ്തവരിൽ ഇങ്ങനെ ചുരുക്കം പേർ പേർഷ്യൻ കുടിയേററക്കാർ ആയിരുന്നെങ്കിലും ഭൂരിപക്ഷവും മാർതോമാശ്ലീഹാ ക്രിസ്ത്യാനികളാക്കിയവരുടെ പിൻ തലമുറക്കാരാണ്. ഈ തരത്തിൽ വീക്ഷിക്കുമ്പോൾ വിദേശങ്ങളിൽ നിന്നും കുടിയേറിയ മുസ്ലീങ്ങളെക്കാളും, യഹൂദന്മാരേക്കാളും, ആര്യ ഹിന്ദുക്കളേക്കാൾ പോലും ദേശീയമാണ് കേരള ക്രൈസ്തവർ എന്ന് വാദിക്കാവുന്നതാണ്.

കുലശേഖരകാലങ്ങളിലും പിൽക്കാലത്തും ഇവർ സമൂഹത്തിൽ പ്രബലരും ആയിരുന്നു. വിദേശകച്ചവടത്തിലും ദേശീയ വാണിജ്യത്തിലും ഏർപ്പെട്ടിരുന്ന ക്രിസ്ത്യാനികൾക്ക് ക്നായി തൊമ്മന്റെ കാലശേഷം കൂടുതൽ പ്രമാണിത്വം കിട്ടി. ചെമ്പുപട്ടയങ്ങൾ കിട്ടിയതുകൊണ്ട് സഭ തഴച്ചു വളരുന്നതിനും പ്രേരകമായി. കുലശേഖര സാമ്രാജ്യം പതിനൊന്നാം നൂററാണ്ടോടു കൂടി നശിക്കുകയും, ചെറിയ രാജാക്കന്മാരും, നാടുവാഴികളും, ഇടപ്രഭുക്കളും, മാടമ്പികളും നാട്ടിൽ ഉടനീളം

ഉരുവാകയും ചെയ്തു. ചോളന്മാരുമായുണ്ടായ യുദ്ധവും ഇടപ്രഭുക്കൾ തള്ളിലുള്ള യുദ്ധങ്ങളും കാരണം സൈനീക സേവനം നിർബന്ധമായി തീർന്നു. ഈ കാലത്ത് ക്രിസ്ത്യാനികൾ കളരിപയററ് വിദഗ്ദ്ധമായി അറിയപ്പെട്ടുത്തുടങ്ങി രാജാക്കന്മാരുടെ ശക്തി ക്രിസ്തീയ ഭടന്മാരുടെ സംഖ്യയെ ആശ്രയിച്ചു വിലമതിക്കപ്പെട്ടു വന്നു. അതുകൊണ്ട് രാജാക്കന്മാർ ക്രിസ്ത്യാനികൾക്ക് പള്ളി പണിയിച്ചു കൊടുക്കുക, സ്ഥാനമാനങ്ങൾ നല്കുക മുതലായവ ചെയ്തിരുന്നു. നമ്പൂരി ബ്രാഹ്മണരുടെ പ്രാബല്യം ഈ കാലഘട്ടത്തിൽ വളരെ വർധിച്ചു എങ്കിലും ക്രിസ്ത്യാനികൾക്ക് അവരെപോലെ തന്നെ സ്ഥാനമാനങ്ങളും രാജസന്നിധിയിൽ ഇരിപ്പിടവും ലഭിച്ചിരുന്നു. അറബികളുടേയും പിൽക്കാലത്ത് പോർത്തുഗീസുകാരുടെയും വരവോടു കൂടി വിദേശകച്ചവടത്തിൽ ക്രിസ്ത്യാനികൾക്കുണ്ടായിരുന്ന പ്രമാണിത്വം നഷ്ടപ്പെട്ടു. എങ്കിലും സാമൂതിരിയുടെ രാജ്യത്തിൽ നിന്നും കൊച്ചിയിലേക്കും ഇപ്പോഴത്തെ തിരുവിതാംകൂർ ഭാഗത്തേയ്ക്കും കുടിയേറിയ ക്രിസ്ത്യാനികൾ ദേശീയ കച്ചവടത്തിലും കൃഷിയിലും അവരുടെ പ്രമാണിത്വം നില നിർത്തി.

## വില്യാർവട്ടം രാജവംശം

വില്യാർവട്ടംരാജവംശത്താൽ തങ്ങൾ ഒരിക്കൽ ഭരിക്കപ്പെട്ടിരുന്നു എന്നത് കേരള ക്രൈസ്തവരുടെ ഒരു പാരമ്പര്യ മാണ്. ക്നായി തോമ്മയാണ് ഈ രാജവംശസ്ഥാപകൻ. വില്യാർവട്ടം പാന എന്ന പഴയ പാട്ടിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഈ രാജവംശം ഉദയംപേരൂറിന് തെക്കും വടക്കും ഉൾപ്പെടുന്ന രാജ്യങ്ങൾ ഭരിച്ചിരുന്നു എന്ന്പറയാം. അസ്സിമാൻ തന്റെ യാത്രക്കുറിപ്പുകളിൽ ഈ രാജവംശത്തെപററി പ്രസ്താവിക്കുന്നുണ്ട്. ഈ രാജവംശത്തിലെ പിൻതലമുറക്കാരിൽ കൊച്ചി രാജ്യത്തിലെ രാമവർമ്മ എന്ന ഒരു രാജകുമാരനുമായി പ്രണയ വിവാഹം കഴിച്ചു എന്നും ഈ കാരണത്താൽ കൊച്ചി രാജാവ് മകനെ നാടുകടത്തി എന്നും ആദുഃഖത്തിൽ മിറിയാം എന്ന വല്യാർവട്ടം രാജകുമാരി അധികം താമസിയാതെ മരിച്ചു എന്നും അങ്ങനെ ആ രാജവംശം അവസാനിച്ചു എന്നുമാണ് പാരമ്പര്യം. ഏതായാലും പോർട്ടുഗീസുകാരുടെ ആഗമനകാലത്ത് കേരള ക്രൈസ്തവർ കേരളം മുഴുവൻ വ്യാപിച്ചിരുന്നു. അവർ കഴിഞ്ഞു പോയ ഒരു സുവർണ്ണ കാലത്തെപ്പററി അഭിമാനം കൊള്ളുന്നവരും ആയിരുന്നു.



## ക്രൈസ്തവരുടെ സാമൂഹ്യസ്ഥിതി

സാമൂഹ്യമായി വളരെ ഉയർന്നവരായിരുന്നു ക്രിസ്ത്യാനികൾ. അവർ രാജാവിന്റെ നേരിട്ടുള്ള ഭരണത്തിൻകീഴിലായിരുന്നു. ഇടപ്രഭുക്കൾക്ക് അവരുടെ മേൽ ഒരധികാരവും ഉണ്ടായിരുന്നില്ല. ക്രൈസ്തവരുടെ ഇടയിലെ കേസുകൾ അവരുടെ മെത്രാൻമാരോ, ക്രിസ്തീയ നാട്ടുകൂട്ടങ്ങളോ ആണ് കേട്ട് തീരുമാനിച്ചിരുന്നത്.

നമ്പൂരി ബ്രാഹ്മണർക്കു മാത്രം അവകാശപ്പെട്ട ആനപ്പുറത്ത് സഞ്ചരിക്കുക, പൊൻആഭരണങ്ങൾ ധരിക്കുക, മുറികൾ പരവതാനി കൊണ്ട് അലങ്കരിക്കുക, പടിപ്പുര നിർമ്മിക്കുക. രാജാവിന് ഒപ്പം ഇരിക്കുക, പട്ടിൻമേൽ ഇരിപ്പിടം മുതലായ അവകാശങ്ങൾ ക്രിസ്ത്യാനികൾക്ക് അനുവദിച്ചിരുന്നു. കമ്മാളർ, മൂശാരിമാർ ആദിയായവരുടെ സംരക്ഷണം ക്രിസ്ത്യാനികളെയാണ് ഏൽപ്പിച്ചിരുന്നത്. ക്രിസ്ത്യാനികൾ സ്വന്തം സൈന്യം ഉണ്ടാക്കുന്നതിന് അനുവാദമുള്ള പ്രബലൻമാരായിരുന്നു. ചാന്നാൻമാരായിരുന്നു അവരുടെ ഭടൻമാർ. ക്രിസ്ത്യാനികൾ ആയുധധാരികളായാണ് സഞ്ചരിച്ചിരുന്നത്. അരപ്പട്ടയിൽ കത്തിയും കയ്യിൽ കുന്തമോ, വാളും പരിചയുമോ, തോക്കോ അവർ സൂക്ഷിക്കുമായിരുന്നു. എട്ട് വയസുമുതൽനിർബന്ധിതമായ ആയുധാഭ്യാസം സിദ്ധിച്ചിരുന്ന ഇവർ പ്രായപൂർത്തി എത്തുമ്പോൾ ആയോധന പടുക്കളായി തീരുമായിരുന്നു. ക്രിസ്ത്യാനികൾ ആരാധാനയ്ക്ക് പള്ളിയിൽ പ്രവേശിക്കുമ്പോൾ ആയുധങ്ങൾ പള്ളിയുടെ പടിപ്പുരയിൽ വച്ചശേഷമാണ് ആരാധന നടത്തിയിരുന്നത്.

ക്രിസ്ത്യാനികൾ കച്ചവടത്തിലും കൃഷിയിലും സമർത്ഥരായിരുന്നതുപോലെ തന്നെ വിശ്വസ്തരും, സത്യതല്പരരും, സദാചാരനികതരും ആയിരുന്നു. ലൈംഗിക അരാജകത്വം പരിമിതമായെങ്കിലും ഹിന്ദുക്കൾക്കിടയിൽ സ്വാഭാവികമായി തന്നെ നിലനിന്നിരുന്നു എങ്കിലും, ക്രിസ്ത്യാനികൾ മാതൃകാകുടുംബങ്ങളായി പരിലസിച്ചിരുന്നു. രാജാക്കൻമാരും നാടുവാഴികളും ഇവരെ ആദരിച്ചിരുന്നതിന്റെ ഒരു പ്രധാനകാരണം ക്രൈസ്തവരുടെ ഈ സ്വഭാവമഹിമയായിരുന്നു.

## സഭാഭരണം

കൊടുങ്ങല്ലൂർ രാജാവിന്റെ മരുമകനെ തോമാശ്ലീഹാ മെത്രാനാക്കി സഭയെ ഭരിക്കാൻ ഏർപ്പാടാക്കി എന്ന് ഒരു ഐതീഹ്യം ഉണ്ട്. ക്രിസ്ത്യാനികളായ നാലു കുടുംബക്കാരിൽ നിന്നും ഒരോരുത്തനെ

തോമാശ്ലീഹാ പട്ടംകൊടുത്ത്സഭയെ നയിക്കാൻ ആക്കി എന്നും പാരമ്പര്യം ഉണ്ട്. ഏതായാലും സെലൂക്യ ആദിയായ പേർഷ്യൻ ഭാഗങ്ങളിൽ നിന്നും മെത്രാൻമാർ വന്ന് താമസിച്ച് കേരള ക്രൈസ്തവർക്ക് ആധ്യാത്മിക നേതൃത്വം കൊടുക്കുക ഉണ്ടായിട്ടുണ്ട്. പലപ്പോഴും ഈ രീതി തുടർന്ന് കൊണ്ടു പോകാൻ അവർക്ക് സാധിച്ചില്ല.

എന്നാൽ സാമൂഹ്യപരവും പൗരപരവുമായ കാര്യങ്ങളിൽ പകലോമററം തറവാട്ടിലെ മൂത്ത കത്തനാരായിരുന്നു ജാതിക്കു തലവൻ. അദ്ദേഹത്തെ അർക്കദിയാക്കോൻ എന്ന് വിളിച്ചിരുന്നു. പോർട്ടുഗീസുകാരുടെ ആധിപത്യം വരെ കേരള സഭയെ ഭരിച്ചിരുന്നത് നാട്ടുകാരായ അർക്കദിയാക്കോൻമാരായിരുന്നു. ഒരോ പള്ളിയും ഇടവകക്കാരുടെ യോഗമാണ് ഭരിച്ചിരുന്നത്. എന്നാൽ പൊതുവായ സാമൂഹ്യ-രാഷ്ട്രീയ-മത കാര്യങ്ങൾ തീരുമാനിച്ചിരുന്നത് അർക്കദിയാക്കോന്റെ നേതൃത്വത്തിലുള്ള പള്ളി പ്രതിപുരുഷയോഗമാണ്.

## സഭയുടെ വിദേശബന്ധങ്ങൾ

സെന്റ് തോമസ് സ്ഥാപിച്ച ക്രിസ്തീയ സഭകേരളത്തിൽ ഒററപ്പെട്ടാണ് നൂററാണ്ടുകളായി കഴിഞ്ഞിരുന്നത്. എന്നാൽ വിദേശസഭകൾ നമ്മെപ്പററി അറിയുകയും ഈ സഭയെ സഹായിക്കുകയും ചെയ്തിട്ടുണ്ട്. A.D. 190 ൽ നാം ആവശ്യപ്പെട്ട പ്രകാരം പന്തേനൂസ് എന്ന പണ്ഡിതൻ ബ്രാഹ്മണരുമായി സംവാദത്തിനും സുവിശേഷഘോഷണത്തിനും എത്തി. A.D.205 ൽ ബസ്രായിലെ മെത്രാൻ സുവിശേഷത്തിന് എത്തി. പേർഷ്യയേയും ഇന്ത്യയേയും പ്രതിനിധീകരിച്ച് മാർയോഹന്നാൻ A.D. 325ൽ നിഖ്യാ സുന്നഹദോസിൽ സംബന്ധിക്കുന്നുണ്ട്.

തോമാശ്ലീഹാ കേരളത്തിൽ വരുമ്പോൾ തമിഴ്, സംസ്കൃതം, കൽദായ സുറിയാനി എന്നിവയായിരുന്നു ഇവിടെ ഉപയോഗിച്ചിരുന്ന ഭാഷകൾ. സുറിയാനി വ്യാപാര ഭാഷയായിരുന്നതുകൊണ്ട് തോമാശ്ലീഹായ്ക്ക് സുവിശേഷണഘോഷണം എളുപ്പമായിരുന്നു. അതുതന്നെ മതഭാഷയും അദ്ദേഹം തെരഞ്ഞെടുത്തു. ആ ഭാഷയിൽ എഴുതിയ വി. മത്തായിയുടെ സുവിശേഷം അദ്ദേഹം ഈ സഭക്കു തരികയും ചെയ്തു. വി. തോമായുടെ ശിഷ്യൻ തദ്ദായി പേർഷ്യയിലാണ് സുവിശേഷം ഘോഷിച്ചത്. ഈ കാരണത്താൽ കേരളത്തിലെ സഭയും പേർഷ്യയിലെ സഭയും തമ്മിൽ സുദൃഢബന്ധം ഉണ്ടായിരുന്നു. കോട്ടയം വലിയ പള്ളിയിലും, കടമററം പള്ളിയിലും മൈലാപൂർ പള്ളിയിലും



മുട്ടുചിറ പള്ളിയിലും കാണുന്ന 5 പേർഷ്യൻ പാലവി കുരിശുകൾ ഇതിന് സാക്ഷിയാണ്.

റോമൻ കത്തോലിക്കാ സഭയുമായി കേരളത്തിലെ പൂർവ്വിക സഭക്ക് ഈ മാതിരി ബന്ധം ഉണ്ടായിരുന്നില്ല. ചില കത്തോലിക്ക മിഷനറിമാർ 14-ാം നൂററാണ്ടിൽ കേരളം സന്ദർശിച്ചിട്ടുണ്ട്. കുരുമുളക് അയച്ചു കൊടുക്കണമെന്ന് വല്ലാർവട്ടം രാജാവിന് മാർപാപ്പാ എഴുത്തയച്ചു എന്ന് ഒരു ഐതീഹവും ഉണ്ട്. പോർട്ടുഗീസുകാരനായ കത്തോലിക്ക ബിഷപ്പ് മെനസീസാണ് ആദ്യമായി 1599 A.D.-ൽ കേരളത്തിലെ സുറിയാനിസഭയെ മാർപാപ്പായിക്ക് വിധേയമാക്കുന്നത്.

അതുപോലെതന്നെ പൗരസ്ത്യ സഭയുടെ കേന്ദ്രമായ അന്ത്യോഖ്യയുമായി കേരളസഭക്ക് മമതാബന്ധം അല്ലാതെ മറെറാന്നും ഇല്ലായിരുന്നു. 1665-ൽ മാർ ഗ്രീഗോറിയോസാണ് കേരളത്തിലെ സുറിയാനി സഭയെ അന്ത്യോഖ്യാ പാത്രീയർക്കീസുമായി ആദ്യമായി ബന്ധപ്പെടുത്തുന്നത്. അവരുടെ ആരാധനാക്രമം പശ്ചാത്യസുറിയാനിയും കേരളത്തിലേത് പൗരസ്ത്യ സുറിയാനിയും ആണെന്നതുതന്നെ ഈ ബന്ധമില്ലായ്മക്ക് തെളിവാണ്.

## ഉദയൻപേരൂർ സുന്നഹദോസും കൂനൻ കുരിശുസത്യവും

പോർട്ടുഗീസ് ആധിപത്യ കാലത്ത് ഗോവയിൽ ലത്തീൻ ബിഷപ്പായിരുന്ന മെനസീസ് സുറിയാനി സഭയുടെ ഗീവർഗീസ് അർക്കദിയോക്കനെ റോമാസഭയിൽ ചേരാൻ നിർബന്ധിച്ചു. വഴങ്ങാതെ വന്നപ്പോൾ ഭീഷണിപ്പെടുത്തിയും കൊച്ചിയിലെ രാജശക്തിയുടെ പിൻബലത്തോടു കൂടിയും 1599 A.D. ൽ ഒരു പള്ളി പ്രതിപുരുഷയോഗം ഉദയംപേരൂരിൽ വിളിച്ചുകൂട്ടി. ഈ യോഗത്തിൽ വച്ച് റോമൻ കത്തോലിക്കാമതം സുറിയാനികളുടെ മേൽ അടിച്ചേൽപ്പിച്ചു. കേരള ക്രൈസ്തവരുടെ പഴയ ഗ്രന്ഥങ്ങളും റിക്കാർഡുകളും തീയിട്ടു നശിപ്പിച്ചു. നമ്മുടെ ആരാധനാക്രമങ്ങളുള്ള ഗ്രന്ഥങ്ങളിലെ ഉള്ളടക്കം ഭേദഗതി ചെയ്തു. സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിൽ നിലനിന്നിരുന്ന കേരളീയ ആചാരങ്ങളായ തീണ്ടൽ, പുല, പുണ്യാഹം, അടിമക്കച്ചവടം ആദിയായ ഹിന്ദുചുവയുള്ള എല്ലാത്തിനും നിരോധനം ഏർപ്പെടുത്തി. പുതുതായി ക്രിസ്ത്യാനികളായവർക്ക് കൊച്ചി രൂപതയും നസ്രാണികൾക്ക് അങ്കമാലി രൂപതയും ഉണ്ടാക്കി, അദ്ദേഹം മടങ്ങിപ്പോയി. ലത്തീൻകാരുടെ ഈ വിദേശ ആധിപത്യത്തെ നസ്രാണികൾ എതിർത്തു. അവർ പൗരസ്ത്യസഭകളോട് സഹായം അഭ്യർത്ഥിച്ചു.

അങ്ങനെ 1652 A.D.-ൽ എത്തിയ അഹത്തള്ള എന്ന മെത്രാനെ പോർട്ടുഗീസ്കാർ ഗോവയിൽ കൊണ്ടുപോയി ഇൻക്വസിഷൻ കോർട്ടിൽ വിചാരണ ചെയ്തു ദഹിപ്പിച്ചു കൊന്നു. അദ്ദേഹത്തെ കൊച്ചി കായലിൽ കെട്ടിത്താഴ്ത്തി എന്ന ശ്രുതിയാണ് കേരളത്തിൽ പരന്നത്. ജനം ഇളകി. അങ്ങനെ സുറിയാനിക്കാർ 1653 A.D.ൽ മട്ടാഞ്ചേരിയിൽ കൂടി പഴയ കുരിശിൽ വടം കെട്ടി, അതിൽ എല്ലാവരും കൂടി പിടിച്ചുകൊണ്ട് സന്തതി പരമ്പര ഉള്ളകാലം ഇനിയും റോമാസഭയെ അനുസരിക്കുകയില്ല എന്ന് ശപഥം ചെയ്തു. ഇതിനെയാണ് "കൂനൻകുരിശു സത്യം" എന്ന് പറയുന്നത്. 400 പേർ ഒഴികെ ബാക്കി കേരളത്തിലുള്ള എല്ലാ നസ്രാണികളുടെയും പ്രതിനിധികളാണ് ഈ സത്യത്തിൽ പങ്കുകൊണ്ട് റോ–മാനുകത്തെ വലിച്ചെറിഞ്ഞതെന്ന് കത്തോലിക്കാ പണ്ഡിതർ തന്നെ അംഗീകരിക്കുന്നുണ്ട്. അങ്ങനെ 53 വർഷത്തെ പാരതന്ത്ര്യത്തിനു ശേഷം സ്വതന്ത്രമായ സഭയെ തോമസ് അർക്കദിയാക്കോൻ "ഒന്നാം മാർതോമ്മാ മെത്രാൻ" എന്ന അഭിധാനത്തിൽ ഭരിച്ചു തുടങ്ങി.

ഇതേത്തുടർന്ന് A.D. 1661ൽ സെബസ്ത്യാനി എന്ന കർമ്മലീത്ത മെത്രാനെ പാപ്പാ കേരളത്തിലേയ്ക്ക് അയച്ചു. അദ്ദേഹം സുറിയാനിക്കാരെ തിരികെ പിടിക്കാൻ കിണഞ്ഞു ശ്രമിച്ചു. പറമ്പിൽ ചാണ്ടി കത്തനാരേയും ചുരുക്കം ചില നസ്രാണികളെയും അദ്ദേഹം തിരികെ പിടിച്ചു. ചാണ്ടി കത്തനാരെ അവരുടെ ബിഷപ്പാക്കി നിയമിക്കയും ചെയ്തു.

## അന്ത്യോഖ്യാബന്ധം

മാർതോമ്മാ മെത്രാനായ തോമ അർക്കദിയാക്കോന് മെത്രാൻ പട്ടം കിട്ടിയിരുന്നില്ല, അദ്ദേഹം അതിനു വേണ്ടി ബാബിലോൺ, അലക്സാന്ത്രിയ, അന്ത്യോഖ്യാ എന്നീ സഭകൾക്കെഴുതി. അതനുസരിച്ച് അന്ത്യോഖ്യാ പാത്രിയർക്കീസ് അയച്ച ഗ്രീഗോറിയോസ് മെത്രാൻ മലങ്കരയിൽ എത്തി. അർക്കദിയാക്കോനെ ഒന്നാം മാർതോമ്മയായി 1665ൽ വാഴിച്ചു. ഇതു മുതലാണ് കേരളസഭ അന്ത്യോഖ്യായുമായി ബന്ധപ്പെടുന്നത്.

## സി.എം.എസ്. മിഷനറിമാർ

പോർട്ടുഗീസ് ആധിപത്യകാലത്ത് മലങ്കര നസ്രാണികൾക്ക് സാമൂഹ്യ അധഃപതനം ഉണ്ടായി. മതസ്വാതന്ത്ര്യം, കച്ചവടം, സൈനീകനേതൃത്വം ഇവ നഷ്ടപ്പെട്ടതോടുകൂടി സാമൂഹ്യമായും അവർ അധഃപതിച്ചു. ഡച്ചുകാരുടെ കാലത്ത് ഈ അവശതകൾ കുറെയെല്ലാം നീങ്ങികിട്ടി. ഡച്ചുകാർക്കുശേഷം ഇംഗ്ലീഷുകാരുടെ ആധിപത്യം ഉണ്ടായി. തിരുവിതാംകൂറിൽ മാർത്താണ്ഡവർമ്മ രാജാവിനുശേഷം റാണിമാരുടെ ഭരണം വന്നു. കേണൽ മൺറോ മുതലായ ഇംഗ്ലീഷ് റസിഡണ്ടുമാർ തിരുവനന്തപുരത്തു താമസമായി. സെന്റ് തോമസിന്റെ ക്രിസ്ത്യാനികളാണ് സുറിയാനിക്കാർ എന്ന് മൺറോ വിശ്വസിച്ചിരുന്നതുകൊണ്ട് അവരെ ആവുംവിധം സഹായിക്കാൻ അദ്ദേഹം സന്നദ്ധനായി.



ഒന്നാം മാർതോമ്മാ മെത്രാനുശേഷം നാല് മെത്രാൻമാർ കേരളസഭയെ ഭരിച്ചു. ആറാം മാർതോമായുടെ കാലം (1765 - 1808) സംഭവബഹുലമായിരുന്നു. റോമാസഭയുമായി ഐക്യതപ്പെടുന്നതിന് ഒരു ശ്രമം നടന്നു. കരിയാററിൽ ജോസഫ് മല്പാനും പാറേമ്മാക്കൽ തോമാകത്തനാരും കൂടി ഇതിനായി റോമിയിലേക്കു പോയി. ശ്രമം വിഫലമായി. ഇതിൽ കുപിതനായ തച്ചിൽ മാത്തു തരകൻ ആറാം മാർതോമ്മായെ ഉപദ്രവിച്ചു.

ചർച്ച് മിഷനറി സൊസൈററിയുടെ മിഷനറിമാരായ റവ. നോർട്ടൻ, ബഞ്ചമിൻ ബെയ്ലി, ജോസഫ്ഫെൻ, ഹെന്റിബേക്കർ എന്നിവർ കേരളത്തിൽ എത്തി. സുറിയാനിക്കാരുടെ വൈദീകരെ പഠിപ്പിക്കുന്നതിന് കോട്ടയത്ത് പഴയ സെമിനാരി തുടങ്ങി. അതിനുവേണ്ട സ്ഥലവും മററും മൺറോയുടെ ഉപദേശപ്രകാരം തിരുവിതാംകൂർ റാണി ദാനമായി നല്കി. അങ്ങനെ കേരളത്തിൽ ആദ്യമായി 1816ൽ ഇംഗ്ലീഷ് വിദ്യാഭ്യാസം തുടങ്ങി.

എന്നാൽ പിന്നീട് വന്ന റവ:പീററ്, വുഡ് കോക്ക് എന്നിവരുമായി വൈദിക വിദ്യാഭ്യാസ ഉള്ളടക്കത്തെപ്പററി, മെത്രാന് അഭിപ്രായവ്യത്യാസം ഉണ്ടായി. മിഷനറിമാരുടെ യഥാർത്ഥ ഉദ്ദേശം നസ്രാണിസഭയെ ഉദ്ധരിക്കുക അല്ല; അവരെ ചർച്ച് മിഷൻ സൊസൈററിയുടെ അംഗങ്ങൾ ആക്കുന്നതിന് വൈദീക നേതൃത്വത്തെ പരിശീലിപ്പിച്ചെടുക്കുകയാണ് എന്ന് മെത്രാന് വ്യക്തമായി. ഈ ഭിന്നത വളർന്നു മാവേലിക്കര നടന്ന സമ്മേളനത്തിൽ വച്ച്, സി.എം.എസ് മിഷനറിമാർ വേർപിരിഞ്ഞുമാറി. പൊതുവായി സമ്പാദിച്ച വസ്തുക്കളും വീതിക്കപ്പെട്ടു. ചുരുക്കം ചില നസ്രാണികളും ഇവരുടെ കൂടെ ചേർന്ന് സി.എം.എസ് സഭ സ്ഥാപിച്ചു.

## മാർതോമാസഭ ഉണ്ടാകുന്നു.

സി.എം.എസ്. സഭയുമായി സുറിയാനിസഭ വേർപിരിഞ്ഞു എങ്കിലും, അവരുടെ നവീകരണരീതികൾ ഓർത്തഡോക്സ് സഭയിലെ ചുരുക്കം ചിലരെ സ്വാധീനിച്ചിരുന്നു. അബ്രഹാം മല്പാനായിരുന്നു അവരുടെ നേതാവ്. മല്പാൻ തന്റെ അനന്തരവനെ അന്ത്യോഖ്യായിൽ അയച്ച്മെത്രാനായി അഭിഷിക്തനാക്കി മലങ്കരയിൽ എത്തിച്ചു. ഇംഗ്ലീഷുകാരെയും രാജാവിനെയും സ്വാധീനിച്ചു ഇദ്ദേഹത്തെ മലങ്കര മെത്രാപ്പോലിത്തയായി വിളംബരം പ്രസിദ്ധീകരിപ്പിച്ചു. സഭ ഇതിനെതിരായി അന്ത്യോഖ്യായിൽ നിന്നും മാർ കൂറിലോസിനെയും പിന്നീട് പത്രോസ് പാത്രിയർക്കീസിനെ തന്നെയും കേരളത്തിൽ വരുത്തി പാത്രിയർക്കീസ് സ്വാധീനം ചെയ്തു വിളംബരം അസാധുവാക്കി. പുലിക്കോട്ടിൽ ജോസഫ് മെത്രാന് അങ്ങനെ അധികാരം പുനസ്ഥാപിച്ചു കിട്ടി. ഈ പിളർപ്പ് ഒരു കേസിലെക്കും 1852 ന് ശേഷം കേസ് തോറ്റപ്പോൾ പുതിയ ഒരു സഭ "മാർതോമാസഭ" എന്ന പേരിൽ ഉണ്ടാകുന്നതിനും ഇടയാക്കി.

## കേസുകൾ

പത്രോസ് പാത്രിയർക്കീസ് മലങ്കരയുടെ മേൽ കൂടുതൽ അധികാരം കാംക്ഷിച്ചു. ഒരോ പള്ളിയും അദ്ദേഹത്തിന്റെ പേരിൽ എഴുതി കിട്ടണമെന്നാഗ്രഹിച്ചു. 1876ൽ മുളന്തുരുത്തി സുന്നഹദോസ് വിളിച്ചു കൂട്ടി. മലങ്കര അസോസിയേഷനു മാനേജിംഗ് കമ്മിററിയും സംഘടിപ്പിച്ചു. എന്നാൽ മാർയോസഫ് ദിവന്ന്യാസിയോസ് മെത്രാന്റെ എതിർപ്പു കാരണം ആഗ്രഹം സാധിച്ചില്ലാ. അതിനാൽ മെത്രാന്റെ പ്രാധാന്യം കുറയ്ക്കുന്നതിന് സുറിയാനിസഭയെ ആറു മെത്രാസനങ്ങളാക്കി വിഭജിച്ച് ഓരോ മെത്രാൻമാരെയും വാഴിച്ച് ക്രമീകരണം നടത്തിയ ശേഷം മടങ്ങിപ്പോയി.

അദ്ദേഹത്തിന്റെ പിൻഗാമിയായി അബ്ദൽ മിശിഹാ, പാത്രിയർക്കീസായി. തുർക്കി സുൽത്താൻ അദ്ദേഹത്തിന്റെ ഫർമാൻ പിന്നീട് പിൻവലിച്ചപ്പോൾ മാർ അബ്ദുള്ള, പാത്രിയർക്കീസായി. ഇദ്ദേഹം കേരളത്തിൽ എത്തി. ഇതിനിടയിൽ ജോസഫ് ദിവന്ന്യാസി യോസ് മെത്രാൻ നിര്യാതനാകുകയും വട്ടശ്ശേരിൽ ഗീവർഗീസ് ദിവന്ന്യാസിയോസ് അന്ത്യോഖ്യായിൽ നിന്നും പട്ടം ഏററ് മലങ്കര മെത്രാനാകുകയും ചെയ്തു.



പത്രോസ് പാത്രിയർക്കീസിന്റെ ഉദ്ദേശങ്ങൾ നടപ്പിലാക്കാൻ അബ്ദുള്ള പാത്രിയർക്കീസ് ശ്രമിച്ചപ്പോൾ വട്ടശ്ശേരിൽ മെത്രാച്ചനും അസോസ്സിയേഷനും എതിർത്തു. പാത്രിയർക്കീസ് മെത്രാച്ചനെ 1911 ൽ മുടക്കി. പകരം പൗലോസ് കൂറിലോസിനെ മെത്രാപ്പോലീത്ത ട്രസ്റ്റി ആക്കിയതിന് ശേഷം അന്ത്യോഖ്യായിലേക്ക് മടങ്ങിപ്പോയി. ഇതേതുടർന്ന് മെത്രാപ്പെലിത്ത ബ്രിട്ടീഷ് ഗവൺമെന്റിൽ നിക്ഷേപിച്ചിരുന്ന മൂവായിരം പൂവരാഹന്റെ പലിശ, ആരാണ് വാങ്ങേണ്ടതെന്നതിനെ പ്പററി കേസ്സുകൾ നടന്നു. പൗലോസ് കൂറിലോസ് മെത്രാനല്ല, വട്ടശ്ശേരിൽ തിരുമേനിയും അനന്തരഗാമികളും അനുയായികളുമാണ് അതിനർഹർ എന്നും, അവരാണ് യഥാർത മലങ്കര എന്നും 1958ൽ സുപ്രീം കോടതി വിധിച്ചു. ഇതാണ് പ്രമാദമായ വട്ടിപ്പണകേസ്.

## കതോലിക്കാസിംഹാസനവും സ്വാതന്ത്ര്യവും

അന്ത്യോഖ്യൻ പാത്രിയർക്കീസിനെ ഒരു കാലത്ത് ആത്മീയ മേലധ്യക്ഷനായി അംഗീകരിച്ച കേരള ക്രൈസ്തവ സഭയ്ക്കു പിൽക്കാലത്ത് അദ്ദേഹത്തിന്റെ ലൗകീകാധികാരം കൂടെ വേണമെന്ന തന്ത്രങ്ങൾക്ക് എതിരായി പോരാടേണ്ടിവന്നു. ഇതിൽ നിന്നും മുക്തി നേടി പൂർണ സ്വതന്ത്ര്യം കൈവരുത്തുന്നതിനാണ് കാതോലിക്കാ സിംഹാസനം മലങ്കരയിലേക്കു മാററി സ്ഥാപിച്ചത്.

A.D. 231ൽ പേർഷ്യൻ സഭാഭരണം ഒരു കാതോലിക്കയിൽ നിക്ഷിപ്തമായി. A.D. 325ൽ നിഖ്യാസുന്നഹദോസ് അതിനെ സ്ഥിരീകരിച്ചു. A.D. 5ഉം 6ഉം നൂററാണ്ടുകളിൽ പേർഷ്യയിൽ നെസ്തോറിയൻ വിശ്വാസം ശക്തിപ്രാപിച്ചപ്പോൾ, കാതോലിക്കായുടെ ആസ്ഥാനം തിഗ്രീസിലേയ്ക്ക് A.D. 628ൽ മാററി. കുറെ കാലങ്ങൾക്കു ശേഷം ഈ സിംഹാസനം അനാഥമായി. പേർഷ്യയിൽ പാത്രിയർക്കീസുമാർ അധികാരത്തിൽ വരികയും ചെയ്തു.

പാത്രിയർക്കീസിന് സമമായ ഈ സിംഹാസനമാണ് സഭയുടെ ആവശ്യപ്രകാരം അന്ത്യോഖ്യായിലെ മുൻപാത്രിയർക്കീസായ അബ്ദൽ മിശിഹായെ വരുത്തി മലങ്കര അസോസിയേഷൻ വിളിച്ചു കൂട്ടി 1912 ൽ കേരളത്തിലേക്ക് മാററി സ്ഥാപിച്ചത്. ഇതോടു കൂടി കേരളത്തിലെ ക്രൈസ്തവ സഭ സംശയാതീതം സ്വയം ശീർഷകത്വമുള്ള സ്വതന്ത്രസഭയായി. ആദ്യത്തെ കതോലിക്കയായി ബസേലിയോസ് മാർപൗലോസും പിന്നീട് ബസേലിയോസ് ഗീർവർഗീസ് ഒന്നാമൻ, ടി. രണ്ടാമൻ (കുറിച്ചിയിലെ ബാവ), ബസേലിയോസ് ഔഗേർ

പ്രഥമൻ എന്നിവരും ഭരിച്ചു. ഇപ്പോൾ ബസേലിയോസ് മാർതോമാ മാത്യൂസ് പ്രഥമനു ശേഷം ബസേലിയോസ് മാർതോമാ ദ്വിതയൻ എന്ന കാതോലിക്കയാണ് സഭയുടെ തലവൻ.

അന്ത്യോഖ്യാ വിധേയത്വം ഉള്ള സഭയുടെ ഒരു വിഭാഗമായ യക്കോബായ സഭയുമായി 1958 ലെ സുപ്രീം കോടതി വിധിക്കു ശേഷം പുനരൈക്യം ഉണ്ടായി. സെന്റ് തോമസിന്റെ സിംഹാസനത്തിൽ ആരൂഢനായ കാതോലിക്കയും മലങ്കര മെത്രാപ്പോലീത്തായുമായ ആൾ ആണ് ഇന്ന് സഭയുടെ ഭരണസാരഥി. സഭ കാതോലികമായ അനുഷ്ഠാനങ്ങൾ തുടർന്നുപോകുന്നതുകൊണ്ട് ഓർത്തഡോക്സ് സഭ എന്ന് വിളിക്കപ്പെട്ടു തുടങ്ങി.

പുനരൈക്യത്തിനുശേഷം 1972 മുതൽ യാക്കോബായക്കാർ പിന്നെയും അഭിപ്രായവ്യത്യാസങ്ങൾ സൃഷ്ടിച്ചു. ക്രമേണ അവർ മററൊരു സഭയായി പിരിഞ്ഞുപോകയും ചെയ്തു. യാക്കോബായ സഭയ്ക്ക് പുതിയ കാതോലിക്കയായേയും മെത്രാൻമാരേയും അവർ വാഴിച്ചു. അവരുടെ കൂടെ ചില പള്ളികളും വേർപെട്ടുപോയി. ഇത് സംബന്ധിച്ച് പുതിയ കേസുകൾ യാക്കോബായ-ഓർതഡോക്സ് സഭകൾ തമ്മിൽ നടന്നുകൊണ്ടിരിക്കുകയാണ്. എങ്കിലും ഓർതഡോക്സ് സഭയ്ക്ക് കഴിഞ്ഞ മൂന്നാലു ദശകങ്ങളായി ആത്മീയ-ഭൗതീക രംഗങ്ങളിൽ വമ്പിച്ച പുരോഗതി ഉണ്ടായിട്ടുണ്ട്. മിഷനറി പ്രവർത്തനം, വിദ്യാഭ്യാസം, രോഗശുശ്രൂഷരംഗം, സണ്ടേസ്കൂൾ, വനിതാവിഭാഗ പ്രവർത്തനങ്ങൾ, ഓർതഡോക്സ് സ്റ്റുഡന്റ് മൂവ്മെന്റ് യുവജനപ്രസ്ഥാനം, വൈദീക സെമിനാരി, മതഗ്രന്ഥങ്ങളുടെ പ്രസാധനം എന്നീ മേഖലകളിലെല്ലാം വികസന പ്രവർത്തനങ്ങൾ നടക്കുന്നു. സഭ മററു സഭകളുമായി യോജിച്ച് നിലയ്ക്കൽ പ്രസ്ഥാനത്തിലും എക്യൂമെനിക്കൽ പ്രവർത്തനങ്ങളിലും സജീവമായി നില്ക്കുന്നു എന്നതും അഭിമാനകരമാണ്. ഇന്ന് സഭയുടെ വക പള്ളികളും പ്രവർത്തനങ്ങളും ഇൻഡ്യ ഒട്ടുക്ക് മാത്രമല്ല, അമേരിക്ക, ഇംഗ്ലണ്ട്, യൂറോപ്പ്, ഗൾഫ് നാടുകൾ, സിംഗപൂർ, മലേഷ്യ എന്നിവിടങ്ങളിലും നടക്കുന്നുണ്ട്. പള്ളി ആരാധനകളും പ്രാർത്ഥനാ ക്രമങ്ങളും ഇംഗ്ലീഷിലും ഹിന്ദിയിലും വിവർത്തനം ചെയ്ത് വടക്കേ ഇന്ത്യയിലെ മലയാളം അറിഞ്ഞുകൂടാത്ത സഭാ സമൂഹങ്ങളിൽ ഉപയോഗിക്കുന്നു എന്നത് സഭയ്ക്ക് ഒരു ദേശീയത കൈവരിക്കാനും ഉതകി. ഇതുപോലെ ഇന്ത്യയിലെ മററു ഭാഷകളിലേക്കും ആരാധനാക്രമങ്ങൾ വിവർത്തനം ചെയ്യാനുള്ള ശ്രമങ്ങളും നടക്കുന്നുണ്ട്.



മലങ്കര ഓർത്തഡോക്സ് സിറിയൻ സഭയാകുന്നതായ് തടിയിൽ നിന്നും വേർപിരിഞ്ഞും പൊട്ടിമുളച്ചും പോയ വളരെയധികം ക്രിസ്തീയ സഭാവിഭാഗങ്ങൾ ഇന്ന് കേരളത്തിലുണ്ട്. യാക്കോബായ സഭ, റോമൻ കത്തോലിക്കാ സഭ, മലങ്കര സിറിയൻ കത്തോലിക്ക സഭ, മാർതോമാ സഭ, കൽദായ സഭ, ചർച്ച് ഓഫ് സൗത്ത് ഇന്ത്യാ, തൊഴിയൂർ സഭ, യൂയോമയം സഭ, ഇവാൻജലിക്കൽ സഭ, റസൽ സഭ, ബ്രദറൻ സഭ, സാൽവേഷൻ ആർമി, പെന്തിക്കോസ്തു സഭ, സെവൻത് ഡേ അഡ്വൻടിസ്റ്റ് റിവൈവൽ സെന്റർ, ബെറാക്കാ, ചർച്ച് ഓഫ് ഗോഡ് എന്നിവ പ്രസ്താവ്യമാണ്.

## അദ്ധ്യായം-4

# കഴിഞ്ഞ നൂററാണ്ടിലെ ക്രിസ്ത്യാനികളുടെ ആചാരങ്ങൾ

പോർട്ടുഗീസ് ആധിപത്യത്തിന് മുൻപ് സെന്റ് തോമസ് ക്രിസ്ത്യാനികൾ തദ്ദേശീയരായ നായൻമാരിൽ നിന്നും വ്യത്യസ്തമല്ലാത്ത സാമൂഹ്യ ജീവിതമാണ് നയിച്ചിരുന്നത്. എന്നാൽ ചെമ്പു പട്ടയങ്ങളും മററും കിട്ടിയതു കാരണം സ്വായത്തമായ ഉന്നത പദവികൾ ക്രിസ്ത്യാനികളെ നായൻമാരേക്കാൾ സമൂഹത്തിൽ പ്രാമാണ്യം ഉള്ളവരാക്കിയിരുന്നു. ഉദയംപേരൂർ സുന്നഹദോസ് കാനോനാകൾ ക്രിസ്ത്യാനികളുടെ ഈ ഹിന്ദു ആചാരമര്യാദകളുടെയും തീണ്ടൽ തൊടീൽ ആദിയായ ദുരാചാരങ്ങളെയും നമ്മുടെ ഇടയിൽ നിന്നും നിരോധിക്കുന്നതായി കാണാം. ഈ വിലക്കുകൾ ക്രിസ്ത്യാനികൾ വിലമതിച്ചില്ല. എങ്കിലും അവയുടെ സ്വാധീനം നമ്മുടെ ജീവിതരീതികളെ അല്പമെങ്കിലും മാററുകയുണ്ടായി.

ഇംഗ്ലീഷുകാരുടെ ആധിപത്യം കേരളത്തിൽ വന്നതോടെ മിഷനറിമാർ ഓർതഡോക്സ് ക്രിസ്ത്യാനികളെ നവീകരിക്കുന്നതിന് 1800 കളിൽ തന്നെ തയ്യാറായി. പഴയ സെമിനാരിയും ഇംഗ്ലീഷ് വിദ്യാഭ്യാസവും അവർ ആരംഭിച്ചു. ഇംഗ്ലീഷ്കാരുടെ ആചാരമര്യാദകളും മററും നാം അല്പസ്വല്പം ഉൾക്കൊണ്ടു എങ്കിലും അടിസ്ഥാനപരമായി ക്രിസ്ത്യാനികൾ അവരുടെ പൈതൃകരീതികൾ തുടരുന്നു.

ക്രിസ്ത്യാനികൾ പൊതുവെ സുമുഖരും ദൃഢഗാത്രരും ആയിരുന്നു. പ്രധാന തൊഴിൽ കച്ചവടം, കൃഷി എന്നിവയായിരുന്നു. ചിട്ടി



മുതലായ പണ ഇടപാടുകളും ചിലർക്ക് ഉണ്ടായിരുന്നു. എന്നാൽ അവർ സത്യസന്ധരും പട്ടക്കാരോട് ആദരവും ഉള്ളവരായിരുന്നു എന്ന് ഫ്രാൻസിസ് ഡേ പറയുന്നു. സദാചാരബോധം ഉള്ള ഇവർ, ഹിന്ദുക്കളുടെ ബഹുഭാര്യാത്വം, പാണ്ഡവാചാരം, വ്യഭിചാരം "സംബന്ധം" എന്നിത്യാദികളിൽ നിന്നും അകന്ന് മാതൃകാ കുടുംബങ്ങളായി വർത്തിച്ചിരുന്നു.

എന്നാൽ അന്ധവിശ്വസങ്ങൾ, ശകുനങ്ങൾ, ജ്യോതിഷം എന്നിവയിൽ അവർക്ക് വിശ്വാസം ഉണ്ടായിരുന്നു. കുഞ്ഞു ജനിച്ചാൽ കണിയാനെ വരുത്തി ജാതകം കുറിപ്പിക്കും. പ്രധാന കാര്യങ്ങൾ ചെയ്യുന്നതിന് മുമ്പ് കണിയാനെ കൊണ്ട് പ്രശ്നം വച്ച് ഭാവി വരുംവരായ്കകൾ പറയിപ്പിക്കുമായിരുന്നു.

സാമൂഹ്യഇടപെടലുകളും വസ്ത്ര രീതിയും അറിയുന്നതു രസമാണ്. രണ്ടുപേർ തമ്മിൽ കണ്ടുമുട്ടിയാൽ, സാമൂഹ്യമായി താണവർ, ദേഹത്തുനിന്നും രണ്ടാം മുണ്ട് നീക്കി അപരന്റെ മുൻപിൽ വാപൊത്തി നില്ക്കും. തലയിൽ വസ്ത്രം ഉള്ളപക്ഷം അത് കൈയ്യിലെടുത്ത് ആദരവോടെ നില്ക്കും. പുരുഷന്മാർ അരയിൽ ഒരു വെള്ള ഒററമുണ്ട് ധരിച്ചാണ് പുറത്തിറങ്ങുക. കൗപീനവും കെട്ടിയിരിക്കും. ചിലർ തോളത്ത് അല്ലെങ്കിൽ തലയിൽ ഒരു രണ്ടാം മുണ്ടും ധരിച്ചിരിക്കും. പണക്കാർക്ക് നീണ്ട ഷട്ട് കോട്ടും ഷർട്ടും മഹാരാഷ്ട്രക്കാരുടെതു പോലുള്ള ചട്ടിതൊപ്പിയും ഉണ്ട്. എന്നാൽ ഇവ പ്രധാന സന്ദർഭങ്ങളിലും ഫോട്ടോ എടുക്കുന്നതിനും മററും മാത്രമെ ധരിക്കൂ. സ്ത്രീകൾ കൈ ഇറക്കമുള്ള വെള്ളചട്ടയും ഞൊറിഞ്ഞ് വിശറി പോലെ പുറകിൽ വിരിച്ചിട്ട കച്ചമുറിയും ആണ് ധരിക്കുന്നത്. പള്ളിയിൽ പോകുമ്പോൾ തലമറയ്ക്കുന്നതിന് കവണിയും കൂടി ധരിക്കും. ചട്ട ചുരുക്കം സന്ദർഭങ്ങളിൽ മാത്രം ധരിക്കുന്നവരും ധാരാളം ഉണ്ടായിരുന്നു. മാറ് മറയ്ക്കാതെയോ, ഒരു ചെറിയ മുണ്ട് മാറിൽ ഇട്ടോ (മാറാപ്പ് എന്നാണിതിനുപേർ) ആണ് അവർ വീട്ടിൽ കഴിഞ്ഞിരുന്നത്. മാറുമറയ്ക്കാതെ നടക്കുന്നത് തെററായി കരുതിയിരുന്നില്ല.

ഭക്ഷണരീതികളും ജീവിതം പോലെ തന്നെ ലളിതമായിരുന്നു. ഇടനാട്ടുകാർ രാവിലെ കപ്പ, ചേന മുതലായ പുഴുക്കുകൾ കഴിക്കുമ്പോൾ, തീരദേശവാസികൾ അരികൊണ്ടുള്ള കഞ്ഞികഴിക്കും, ഉച്ചക്ക് മീനോ, ചുരുക്കം സന്ദർഭങ്ങളിൽ മാട്ടിറച്ചിയോ ഉപദംശമാക്കി ചോർ ഉണ്ണുന്നു. രാത്രിയിലും കഞ്ഞിയോ ചോറോ കഴിക്കും. ദിവസവും

കുറഞ്ഞത് ഒരു നേരം എങ്കിലും കുളിച്ച് ദേഹശുദ്ധിവരുത്തുന്ന ഇവർ, നായൻമാരേക്കാൾ ശുദ്ധികുറവുള്ളവരാണെന്ന് ഒരു അപവാദം ഉണ്ടായിരുന്നു. മത്സ്യവും മാംസവും ഉപയോഗിക്കുന്നതു കൊണ്ടുള്ള സങ്കല്പവും ഈർഷ്യയുമായിരിക്കാം അതിനുള്ള കാരണം.

ഹിന്ദുരീതി അനുസരിച്ച് ചെറു പ്രായത്തിൽ തന്നെ വിവാഹം ചെയ്യുന്ന ഇവർക്ക് ഇണകളെ തെരഞ്ഞെടുത്തിരുന്നത് മാതാപിതാക്കളാണ്. നമ്മുടെ കഴിഞ്ഞ തലമുറയിലെ പൂർവ്വികർ പലരും പതിനഞ്ചും പതിനാറും വയസ്സിൽ വിവാഹം കഴിച്ച അപ്പൻമാരും ഒൻപത് പത്ത് വയസിൽ വിവാഹം ചെയ്തയച്ച അമ്മമാരുമാണ്. വധുവിന്റെ സ്ത്രീധനം, സ്വർണ്ണാഭരണങ്ങളായിരുന്നു. പണത്തിന്റെ അഭാവം വളരെ ഉണ്ടായിരുന്നു എങ്കിലും ചിലർ അല്പം പണവും കൂടെ കൊടുക്കുമായിരുന്നു. ഏതായാലും ഇപ്രകാരം സ്ത്രീധനം കൊടുത്ത് വിവാഹം ചെയ്തയക്കപ്പെട്ട സ്ത്രീക്ക്, പിന്നീട് കുടുംബസ്വത്തിൽ യാതൊരവകാശവും ഉണ്ടായിരുന്നില്ല.

– അന്നത്തെ വിവാഹ ചടങ്ങുകളും സവിശേഷത ഉള്ളതായിരുന്നു. വധു വെളുത്ത ചട്ട, കച്ചമുറി, എന്നിവ ധരിച്ചിരിക്കും. ചട്ടയുടെ മുൻവശത്ത് ചുവപ്പുകരയും, ചട്ടയുടെ കഴുത്തിനും വെളുമ്പുകളിലും മഞ്ഞ സിൽക്ക് അരിവു പാളവും പിടിപ്പിച്ചിരിക്കും. പലതരം ആഭരണങ്ങൾ വധു അണിഞ്ഞിരിക്കും. അവ സ്വന്തമായി ഇല്ലാത്തവർ, കല്യാണത്തിന് ധരിക്കാൻ ഇരവൽ വാങ്ങുന്നതും തെററായി കരുതിയിരുന്നില്ല. കഴുത്തിൽ പലതരത്തിലുള്ള സ്വർണ്ണ മാലകളും, പത്താക്കും (കുഴവച്ച നാണയങ്ങളുടെ മാല),കാതിൽ തോടകളും വാളികയും കൈയ്യിൽ വളകളും, കാലിൽ വളകളോ കൊലുസുകളോ എന്നിവയും കാണും. അലുക്കിട്ട മുത്തുക്കുട പിടിച്ച് മഞ്ചലിലാണ് വധു വരുന്നത്. വരൻ മുണ്ടും കോട്ടും, വെള്ളി ബെൽററ്, സ്വർണ്ണ നെററിക്കെട്ട്, കൈകളിൽ മുടുവ് (വളകൾ) എന്നിവയും ധരിച്ച് നടന്നോ, ആനപ്പുറത്തോ കുതിരപുറത്തോ ആണ് പള്ളിയിൽ വരുന്നത്. കല്യാണം ഞായറാഴ്ചകളിൽ കുർബാനയ്ക്കുശേഷമാണ് നടത്തുന്നത്. താലിക്കെട്ടുക, മന്ത്രകോടി തലയിൽ ഇടുക എന്നിവ ഇന്നത്തേപോലെതന്നെ ശുശ്രൂഷക്കിടയിൽ നടക്കും. മോതിരം ഇടുന്ന ഇന്നത്തെ രീതി ഇംഗ്ലീഷ് രീതി അനുസരിച്ചതാണ്. കല്ലാണശേഷം എല്ലാവരും വരന്റെ വീട്ടിൽ എത്തും. അവിടെ കത്തിച്ച ഓട്ട് വാലൻ വിളക്കും വെള്ളവും ഏന്തി ഒരു പെൺകുട്ടി വധൂവരൻമാരെ സ്വീകരിച്ച് അകത്തേക്ക് ആനയിക്കും. ക്നാനായക്കാരുടെ ഇടയിൽ സ്ത്രീകളുടെ



കുരവ ഇടീൽ, കല്ലാണപാട്ടുകൾ എന്നിവയും, വീട്ടിലേക്കു വരുന്ന വഴിയിൽ പുരുഷന്മാരുടെ "നടനടായേ നട" എന്ന പാട്ടും ഉണ്ടാവും. വലതുകാൽവച്ച് ഗൃഹപ്രവേശം നടന്നശേഷം വധൂവരൻമാരെ "മണക്കോലങ്ങളിൽ" ഇരുത്തി പാച്ചോറ് മധുരം കൊടുക്കും. തുടർന്ന് സ്നേഹിതർക്ക് വെററില മുറുക്കാൻ നല്കപ്പെടുന്നു. ഇതിനുശേഷമാണ് സദ്യ. സദ്യ സമയത്ത് നസ്രാണികളുടെ അപദാനങ്ങളെ കീർത്തിക്കുന്ന പാട്ടുകൾ പാണൻമാരും പാടും. വിരുന്നുകാർ, വീട്ടുകാർ, ധർമ്മക്കാർ എന്ന മുറയ്ക്കാണ് ഒരോ ഏററിനും ഉണ്ണാനിരുത്തുന്നത്. മത്സ്യമാംസാദികളോടെയുള്ള ഈ സദ്യക്കുശേഷം പാച്ചോറ് എല്ലാവർക്കും വിളമ്പും.

വിവാഹം കഴിഞ്ഞ് നാലാം ദിവസം "അടച്ചുതുറക്കും, നാലാം കുളിയും" നടത്തും. ഇതോടനുബന്ധിച്ചു രസകരമായ പല കർമ്മങ്ങളും പാട്ടുകളും ഉണ്ടാകും. അഞ്ചാം ദിവസം രാവിലെ വരൻ ബന്ധുക്കൾക്ക്, കച്ചമുറി, കവണി, മുതലായ സമ്മാനങ്ങൾ നല്കും. അതിനുശേഷമാണ് വധൂവരന്മാർ തോഴ്മക്കാരോടു കൂടി വധൂഗ്രഹത്തിലേക്ക് പോകുന്നത്. വധുവിന്റെ തോഴ്മക്കാരി ആഭ–രണപ്പെട്ടിയും വരന്റെ തോഴ്മക്കാരൻ മുറുക്കാൻ ഇടുന്ന ചെല്ലപ്പെട്ടിും പിടിച്ചിരിക്കും. ഇതോടെ ചടങ്ങുകൾ അവസാനിക്കും.

വിവാഹം മാത്രമല്ല, ക്രിസ്ത്യാനികളുടെ ശവം അടക്കുന്ന ചടങ്ങുകളും നമ്മുടെ പൈതൃകമായ ഹിന്ദു സംസ്കാരാധിഷ്ടിതമാണ്. ഇടവകാംഗങ്ങൾ മരിച്ചാൽ പള്ളിക്കകത്തും, പട്ടക്കാർ, രാജാക്കന്മാർ എന്നിവരെ മദ്ബഹയിലുമാണ് കബറടക്കുന്നത്. അന്ന് ശവപ്പെട്ടികൾ ഉപയോഗിച്ചിരുന്നില്ല. മെത്രാച്ചൻമാരെ കസേരയിൽ ഇരുത്തി സ്ഥാന വസ്ത്രങ്ങൾ അണിയിച്ചാണ്, നഗരികാണിക്കൽ നടത്തുന്നതും കബറടക്കുന്നതും. ധനവാന്മാരാണെങ്കിൽ മരണ വിലാപത്തിൽ പങ്കെടുക്കാൻ ധാരാളം പുലയരും അടിയാന്മാരും എത്തും. ശവം വീട്ടിൽ ഇരിക്കുന്ന നേരം അത്രയും ഇവർ ഒരു ചടങ്ങായി മാറത്തടിച്ച് ഉച്ചത്തിൽ നിലവിളിച്ചുകൊണ്ടിരിക്കും. ശവം അടക്കി കഴിഞ്ഞാൽ ഇവർക്ക് സദ്യയോ, അരി, മുളക്, എണ്ണ എന്നിവയോ കൊടുക്കും. മരണം അടഞ്ഞ ആളിന്റെ ആത്മാവിനുവേണ്ടി നാല്പതു ദിവസം കുർബാന അർപ്പിക്കും. ഈ നാളുകളിൽ ആ വീട്ടിൽ പുലയാണ്. പ്രധാന വിലാപകൻ എട്ടുപത്തുദിവസം ദുഃഖത്തോടെ ഏകാന്തതയിൽ കഴിയും. പുല തീർന്നാൽ ബന്ധുമിത്രാദികളെ വിളിച്ച് പരേതന്റെ ആത്മാവിനുവേണ്ടി

കുർബാന നടത്തിയശേഷം ശ്രാദ്ധ അടിയന്തിരം നടത്തും. ഈ ചടങ്ങ് എല്ലാം തന്നെ ഹിന്ദുസംസ്കാരാംശങ്ങാളണ്.

സെന്റ് തോമസ് ക്രിസ്ത്യാനികളുടെ ഉത്സവാഘോഷങ്ങളും മററിടങ്ങളിൽ കാണാത്ത സവിശേഷതകളുള്ളവയാണ്. ക്രിസ്തുമസ്, ഈസ്റ്റർ, പള്ളിപ്പെരുനാളുകൾ എന്നിവ ഉദാഹരണങ്ങളായി താഴെ വിവരിക്കുന്നു.

ക്രിസ്തുമസ് ആഘോഷപൂർവം കൊണ്ടാടപ്പെടുന്നു. ഇരുപത്തിനാല് ദിവസത്തെ നോമ്പ് ആചരണത്തിനു ശേഷം ഡിസംബർ 24-ാം തീയതി അർദ്ധരാത്രിയിൽ പള്ളിയിലെ കൂട്ടമണിയും വെടിപടക്കങ്ങളും കേട്ട് ആളുകൾ കൂട്ടംകൂട്ടമായി ചൂട്ടുകററകളും പിടിച്ച് പള്ളിയിൽ എത്തുന്നു. അന്ന് ഇന്നത്തെപ്പോലെ ടോർച്ച് ലൈററും മററും ഇല്ല. ജനനപെരുന്നാളും കുർബാനയും കഴിഞ്ഞ് നേരംവെളുക്കുമ്പോൾ വീട്ടിൽ എത്തുന്നു. പുതുവസ്ത്രങ്ങൾ അണിഞ്ഞ് മത്സ്യമാംസാദികളോടെ വിഭവസമൃദ്ധമായ ഭക്ഷണങ്ങളും ഉണ്ടാക്കും.

ഈസ്റ്റർ നോമ്പാചാരണം കർക്കശമാണ്. വലിയ നോമ്പെന്ന ഈ അൻപതു ദിവസത്തെ നോമ്പു തുടങ്ങുന്നതിന്റെ തലേദിവസം രാത്രി അടുക്കള ഉപകരണങ്ങൾ ചൂടുവെള്ളത്തിൽ കഴുകി മത്സ്യമാംസാദികളുടെ മണത്തിൽ നിന്നുപോലും ശുദ്ധി വരുത്തുന്നു. മീൻ വയ്ക്കുന്ന ചട്ടിയും മററും നിലവറയിലേക്ക് മാററപ്പെടും. സസ്യാഹാരം മാത്രമേ നോമ്പുകാലത്ത് കഴിക്കുകയുള്ളൂ. മുതിർന്നവർ ഉച്ചകഴിഞ്ഞ ശേഷമേ ആഹാരം കഴിക്കുകയുള്ളൂ. നോമ്പു തുടങ്ങി ആറാം ഞായറാഴ്ച പെസഹായാണ്. അതിനു മുമ്പായി ആബാലവൃദ്ധം കുമ്പസാരിച്ചിരിക്കും. പെസഹാ ദിവസത്തെ കുർബാന അനുഭവത്തിനു ശേഷം നേരം പുലരുമ്പോഴേയ്ക്കും പള്ളിയിൽ നിന്നും തിരിച്ചെത്തും. മിക്ക വീട്ടിലും അന്ന് കൊഴുക്കട്ടയാണ് ഭക്ഷണം. അന്നു സന്ധ്യ മുതൽ ഹാശായുടെ ക്രിസ്തുവിനെ കുരിശിൽ തറച്ചതിന്റെ ദുഃഖമാണ്. ദുഃഖവെള്ളിയാഴ്ച കാലത്തു തന്നെ എല്ലാവരും പള്ളിയിൽ എത്തുന്നു. ക്രിസ്തുവിനെ അറസ്റ്റു ചെയ്യുന്നത്, വിചാരണ, കുരിശുവഹിച്ചുള്ള യാത്ര, കുരിശിൽ തറപ്പ്, കബറടക്കം എന്നിവയെ അനുസ്മരിക്കുന്ന ശുശ്രൂഷ ഉച്ചയ്ക്ക് ശേഷം മൂന്നുമണി വരെ നടക്കും. അതിനു ശേഷം കുരിശുകുമ്പിടീൽ, പള്ളിയിൽ നടത്തപ്പെടുന്ന നേർച്ചക്കഞ്ഞി എന്നിവയും കഴിഞ്ഞ് സന്ധ്യയ്ക്ക് അഞ്ച് മണിയോടെ മാത്രമേ വീട്ടിൽ എത്തുകയുള്ളൂ. അന്നു മുതൽ ഉയർപ്പിന്റെ അടുത്ത ഞായറാ



ഴ്ചവരെ പള്ളിയിൽ മണി അടിക്കത്തില്ല. കുഞ്ഞുങ്ങൾപോലും ചിരിക്കുകയോ, ബഹളം വയ്ക്കുകയോ ചെയ്യാൻ പാടില്ല. തുണി അലക്കുക, നെല്ലുകുത്തുക, മുററം അടിക്കുക എന്നിത്യാദി ശബ്ദം ഉണ്ടാകുന്ന ഒരു കൃത്യവും നടത്തരുതെന്നാണ് പ്രമാണം. ഈസ്റ്റർ ഞായറാഴ്ചയുടെ തലേ രാത്രി അർദ്ധരാത്രിയോടെ എല്ലാവരും പള്ളിയിൽ എത്തുന്നു. ഉയർപ്പിന്റെ ശുശ്രൂഷയും കുർബാനയും കഴിഞ്ഞ് നേരം വെളുക്കുമ്പോൾ തിരികെ വീട്ടിൽ എത്തുന്നു. അൻപതു ദിവസത്തെ നോമ്പു വീടുന്നത് അന്ന് കാലത്ത് കഴിക്കുന്ന മത്സ്യമാംസാദി ഭക്ഷണത്തോടു കൂടിയാണ്.

പള്ളി പെരുന്നാള്ളാണ് മറെറാരാഘോഷം. ഒരോ പള്ളിയും ഒരോ വിശുദ്ധന്റെ നാമത്തിലായിരിക്കും. ആ വിശുദ്ധന്റെ ദിനം പള്ളി പെരുന്നാളായി ആഘോഷിക്കും. പുതുപ്പള്ളി, ഇടത്വാ പള്ളികൾ, സെന്റ് ജോർജിന്റെ നാമത്തിലാണ്. ഈ പെരുന്നാൾ പ്രസിദ്ധമാണ്. പള്ളിയിലെ പെരുന്നാളിന് ഒരാഴ്ച മുമ്പ് ചെണ്ട, കതിനാവെടി എന്നിത്യാദികളോടെ പെരുന്നാൾ കൊടി വികാരി അച്ചൻ പള്ളിമുററത്ത് ഉയർത്തും. അതിനുശേഷം ഒരാഴ്ചത്തേയ്ക്ക്എല്ലാ ദിവസവും സന്ധ്യക്ക് പള്ളി മുററത്ത് ചെണ്ടമേളവും തുടർന്ന് പള്ളിയിൽ സന്ധ്യാ പ്രാർത്ഥനയും നടക്കുന്നതിൽ മിക്കവരും സംബന്ധിക്കും. പെരുന്നാളിന്റെ തലേദിവസം സന്ധ്യക്ക് പ്രാർത്ഥന, ശുശ്രൂഷകൾ എന്നിവയ്ക്കു ശേഷം റാസ, നസ്രാണി പാട്ടുകൾ, മാർഗം കളി, ചവിട്ടു നാടകം എന്നിവ ഉണ്ടായിരിക്കും. പെരുന്നാൾ ഉത്സവമായി നടത്തപ്പെടുന്നതുകൊണ്ടു പള്ളി പറമ്പിൽ ''വെച്ചു-വാണിഭക്കാർ'' ധാരാളം ഉണ്ടാവും. പള്ളി പരിസരങ്ങളിൽ താല്കാലിക കടകൾ അവർ നടത്തുന്നുണ്ടാവും. ചട്ടി, കലം, പ്ളേററുകൾ, ചിന്തി സാമാനങ്ങൾ, മൂട്ടായി, ബലൂൺ, എന്നുവേണ്ട, ഗ്രാമീണ ജനതയ്ക്ക് വേണ്ടത് എല്ലാം കച്ചവടത്തിനുണ്ടായിരിക്കും. ധാരാളം അക്രൈസ്തവരും നേർച്ച കാഴ്ചകൾ നടത്തുന്നതിനും, സാധനങ്ങൾ വാങ്ങുന്നതിനും എത്തും. രാത്രി പത്തുമണിക്ക് വെടിക്കെട്ട് തുടങ്ങും. അർദ്ധരാത്രിക്ക് എല്ലാവരും വീടുകളിലേക്ക് മടങ്ങും. വാണിഭക്കാർ ഉള്ളതുകൊണ്ട് പള്ളിപ്പരിസരം രാത്രി മുഴുവൻ തന്നെ സജീവമായിരിക്കും. പെരുന്നാൾ ദിവസം രാവിലെ ശുശ്രൂഷകൾ തുടങ്ങും. അന്ന് ഉച്ചക്ക് പള്ളി പ്രദിക്ഷണമോ, നാട്ടുപ്രദിക്ഷണം തന്നെയോ ഉൾക്കൊള്ളുന്ന റാസ വൈദീകരുടെ നേതൃത്വത്തിൽ നടത്തുന്നു. വെച്ചു വാണിഭക്കാരുടെ കലാശകച്ചവടം സന്ധ്യവരെ ഉണ്ടാകും. ഏതാണ്ട് ഈ രീതിയിൽ തന്നെയാണ് എല്ലാ പള്ളിപെരുനാളുകളും ആഘോഷിക്കപ്പെട്ടിരുന്നത്.

ഈ ആചാരങ്ങൾക്കെല്ലാം തന്നെ ചില വ്യത്യാസങ്ങൾ ഇപ്പോൾ വന്നിട്ടുണ്ട്. തിരക്കേറിയ ജീവിതരീതിയുടെ ആഗമനത്തോടെ ഈ ആചാരങ്ങളിൽ പലതും ലഘൂകരിക്കപ്പെട്ടു. പലതും അപ്രത്യക്ഷമായി. ഇന്ന് ആചാരങ്ങളും ആഘോഷങ്ങളും എല്ലാം തന്നെ വെറും ഔപചാരികതയിലേയ്ക്ക് ചുരുങ്ങിയിട്ടുണ്ട്.

## അദ്ധ്യായം-5

# കുടുംബത്തിന്റെ ഉത്ഭവകാലം

ഐതീഹ്യ പ്രകാരം ഒന്നാം നൂറ്റാണ്ടിന്റെ മദ്ധ്യം മുതൽ കേരളത്തിൽ ക്രിസ്ത്യാനികളുണ്ടായിരുന്നു. ക്രിസ്തുവിന് ആയിരമോ രണ്ടായിരമോ വർഷം മുമ്പുപോലും കേരളവും മദ്ധ്യപൗരസ്ത്യ ദേശങ്ങളും തമ്മിൽ ഗാഢബന്ധമുണ്ടായിരുന്നു. യേശുക്രിസ്തുവിന്റെ പന്ത്രണ്ട് അപ്പസ്തോലൻമാരിൽ ഒരാളായിരുന്ന തോമാശ്ളീഹാ സുവിശേഷ പ്രചരണാർത്ഥം AD 52 ൽ മലയാള രാജ്യത്തു വരികയുണ്ടായി. ക്രിസ്തു വർഷം നാലാം നൂറ്റാണ്ടു മുതൽ കേരളത്തിൽ ക്രിസ്ത്യാനികളുണ്ടായിരുന്നു എന്നതിന് വ്യക്തമായ തെളിവുകളുണ്ട്. എ.ഡി 345 ൽ ഇവിടെ എത്തിയ ക്നായിത്തൊമ്മന്റെ ഒപ്പം 400 ക്രിസ്ത്യാനികൾ കേരളക്കരയിൽ എത്തി. കൂടാതെ, ആദ്യകാലത്തെ മതപരിവർത്തനങ്ങൾ ഉയർന്ന ജാതി ഹിന്ദുക്കളിൽ നിന്നായിരുന്നു. നമ്മുടെ കുടുംബക്കാർ ക്രിസ്ത്യാനിക ളാകുന്നതിനു മുമ്പ് നമ്പൂതിരി വർഗ്ഗത്തിൽപ്പെട്ടവരായിരുന്നു. പോർട്ടുഗീസുകാരുടെ വരവോടു കൂടി ഇവിടുത്തെ ക്രിസ്ത്യാനികൾ ഗോമാംസം ഉപയോഗിച്ചു തുടങ്ങി. അതിനു മുമ്പ് അവർക്കു നമ്പൂതിരിമാരുടെ ഇടയിലും മറ്റും ലഭിച്ചിരുന്ന മാന്യത അതിനുശേഷം അല്പം കുറയാനും തുടങ്ങി. ഇക്കാലത്ത് ഹിന്ദുക്കളും ക്രിസ്ത്യാനികളും തമ്മിൽ ശത്രുതയായതിനാൽ ക്രിസ്തുമതം സ്വീകരിച്ചവർക്ക് അതീവ പീഡനങ്ങൾക്ക് ഇരയാകേണ്ടി വന്നു. പറങ്കികളുടെ മതശല്യം വലിയ എതിർപ്പിന് വഴി തെളിയിച്ചു. കൂടാതെ പറങ്കികളും വിദേശത്തു കുടിയേറിപ്പാർത്തിരുന്ന സുറിയാനി ക്രിസ്ത്യാനികളും തമ്മിലും വിരോധത്തിൽ ആയിരുന്നു. റോമൻ

കത്തോലിക്കാരായ കുറവിലങ്ങാട്ടു ക്രിസ്ത്യാനികളും പറങ്കികളും തമ്മിലുണ്ടായ ഈ വിരോധം അന്നു ഭാഗ്യമോടെ വാണരുളിയ പരിശുദ്ധമാർപ്പാപ്പാ തിരുമേനിയുടെ പരിശ്രമ ഫലമായി അവസാനിക്കുകയും, കത്തോലിക്കാ സഭയിൽ ഭൂരിപക്ഷം ആളുകൾ ഉറയ്ക്കുകയും ചെയ്തു. കുറവിലങ്ങാട്ടുള്ള പിണക്കവും ജനസംഖ്യയുടെ വർദ്ധനയും നിമിത്തം അവിടെ നിന്നും അനവധി കുടുംബങ്ങൾ മറ്റ് പല സ്ഥലങ്ങളിലായി കുടിപാർപ്പുറപ്പിക്കുകയും ഈ ആവശ്യം പ്രമാണിച്ച് കാടുകളിൽ ഒരു നല്ല ഭാഗം നാടാക്കിത്തീർക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ സ്ഥലങ്ങൾ വനങ്ങളായിത്തീരുന്നതിനു മുമ്പും ഇവിടങ്ങളിൽ കുടിപ്പാർപ്പുണ്ടായിരുന്നു എന്ന് തെളിയിക്കുന്ന വിവിധ മാതൃകകളുടെ ജീർണ്ണാവശിഷ്ടങ്ങൾ ഇപ്പോഴും കാൺമാനുള്ളതാകുന്നു. ഇപ്രകാരമുള്ള അവശിഷ്ടങ്ങളെക്കൊണ്ടും തുടർച്ചയായി നില നിന്നുവരുന്ന ഐതീഹ്യങ്ങളെ ക്കൊണ്ടും നിരൂപിക്കുന്നതായാൽ ഈ സ്ഥലങ്ങളിലെ ആദിമ നിവാസികൾ ബ്രാഹ്മണരും, മറ്റു ഹൈന്ദവരും ആണെന്ന് വിശദമാക്കുന്നതാണ്.

അതിപുരാതന കാലത്തു കേരളം അറുപത്തിനാലു ഗ്രാമങ്ങളായി നിർണ്ണയപ്പെടുത്തിയിരുന്നു. എന്നാൽ പിന്നീട് പെരുമാക്കൻമാരുടെ ഭരണശേഷം നാടുവാഴികൾ അതതു സ്ഥലങ്ങളിൽ സ്വതന്ത്ര ഭരണം ആരംഭിയ്ക്കുകയാണുണ്ടായത്. അപ്രകാരം ഉണ്ടായ ഒരു ചെറിയ രാജ്യമായ തെക്കുംകൂറിൽ ഇന്നത്തെ തിരുവല്ല, പത്തനംതിട്ട, ചങ്ങനാശ്ശേരി, കോട്ടയം എന്നീ താലൂക്കുകൾ ഉൾപ്പെട്ടിരുന്നു. ക്രിസ്ത്യാനികൾക്ക് കേരളത്തിന്റെ വടക്കുഭാഗത്തുണ്ടായിരുന്ന പഴക്കത്തിന് കായംകുളത്തുള്ള സുറിയാനിപ്പള്ളിയായ കാദീശാപ്പള്ളിയുടെ പഴക്കം തന്നെ ചൂണ്ടിക്കാട്ടാം. കൊല്ലം ഒന്നാമാണ്ടാണ് അതിന്റെ സംസ്ഥാപനമെന്നാണ് ഐതീഹ്യം. അഞ്ചുമൈൽ വടക്കുള്ള ചേപ്പാട്ടു പള്ളിക്കും വളരെയേറെ പഴക്കമുണ്ട്.

പ്രോട്ടസ്റ്റന്റ് വിശ്വാസികളായ ഡച്ചുകാരുടെ വരവോടു കൂടി ഇവിടുത്തെ ക്രിസ്ത്യാനി സമൂഹം വീണ്ടും ഒരു പരിവർത്തനത്തിന് വിധേയമായി. ഡച്ചുകാരുടെ പ്രതാപകാലത്താണ് കായംകുളം ഒരു പ്രമുഖ ക്രിസ്തീയ കേന്ദ്രമായി തീർന്നത്. ഡച്ചുരേഖകളിൽ കായംകുളത്തെ കാലിക്വൊയ്ലോങ്ങ് എന്നാണ് പരാമർശിക്കുന്നത്. സുറിയാനികൾ കഴിഞ്ഞാൽ പ്രോട്ടസ്റ്റന്റുകാരാണധികം കേരളത്തിൽ ഉണ്ടായിരുന്നത്. വേദ പുസ്തകത്തിന്റെ എന്ന പോലെ ക്രിസ്തുമതാചാരങ്ങളുടെയും ഈ പൗരസ്ത്യസ്വഭാവത്തെ ആകാവുന്നത്ര



സംരക്ഷിക്കുന്നതിൽ ദീക്ഷാ ബദ്ധരായിരുന്നു എന്നതിലാണ് മലങ്കര സുറിയാനി സഭയുടെ സവിശേഷത. 1757 ൽ കേരളം സന്ദർശിച്ച ഫ്രഞ്ചു പണ്ഡിതനായ അങ്ക്വേത്തിൽ ദുപറോൺ (Anquatil du Peron) ന്റെ സാമാന്യമായ ഒരു കണക്കനുസരിച്ച് കൊണ്ട് രേഖപ്പെടുത്തുന്നത് ഇവിടെ രണ്ടുലക്ഷം ക്രിസ്ത്യാനി കളുണ്ടായിരുന്നു എന്നതാണ്. അവരിൽ അരലക്ഷം പേർ റോമിനോട് കൂറു പുലർത്തുന്നവരും ഒന്നരലക്ഷം പേർ സുറിയാനികളുമാണെന്ന് അദ്ദേഹം പറയുന്നു. (എ.സി ബുക്കേ-കംപാരിറ്റീവ് റിലിജൻ-പെലിക്കൻ ബുക്ക്സ്-പേജ് 108). പതിനഞ്ചാം നൂറ്റാണ്ടിന്റെ ചരമഘട്ടത്തിൽ ആഫ്റിക്കാ ചുറ്റി കേരളത്തിന്റെ പശ്ചിമ തീരത്തുള്ള കപ്പക്കടവിലെത്തിയ വാസ്ഗോഡിഗാമ ഇവിടെ പള്ളികളും, ക്രിസ്ത്യാനികളും ഉണ്ടാകുമെന്ന് സ്വപ്നത്തിൽ പോലും ഊഹിച്ചതല്ല. പക്ഷെ ഗാമയും അനുയായികളും നാടുനീളെ പള്ളികൾ കണ്ടപ്പോൾ അത്ഭുതപരതന്ത്രരായി.

ഇന്ത്യയുടെ ആകെ ജനസംഖ്യ നോക്കുമ്പോൾ ഇവിടുത്തെ ക്രിസ്ത്യാനികൾ വളരെ തുഛമായ ഒരു ശതമാനമേ വരൂ. എന്നാൽ ജനസംഖ്യാനുപാതത്തിൽ വളരെ കവിഞ്ഞ ഒരു സാമൂഹ്യശക്തിയാണ് ഇവിടുത്തെ ക്രിസ്ത്യാനികൾ. വിശേഷിച്ചും കേരളത്തിലെ ക്രിസ്ത്യാനികൾ. രാജ്യഭരണം, വ്യവസായം, കായികവിനോദം, കല, സാഹിത്യം, സാമൂഹ്യജീവിതം എന്നിങ്ങനെ പല രംഗങ്ങളിലും ഇവിടുത്തെ ക്രിസ്ത്യാനികൾ വഹിച്ചിട്ടുള്ള പങ്ക് അവിതർക്കിതമായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

വിശുദ്ധ തോമ്മാസ്ളീഹായാൽ ഈ മലയാളക്കരയിൽ സ്ഥാപിക്കപ്പെട്ട ക്രൈസ്തവസഭയുടെ ചരിത്രത്തിൽ പല ദുർഘടഘട്ടങ്ങൾ ഉണ്ടായിട്ടുണ്ട്. പറങ്കികളുടെ മത ശല്യത്തിനു ശേഷം മലങ്കരസഭക്ക് നേരിടേണ്ടിവന്നിരുന്ന പ്രധാന പ്രശ്നം സഭയിലുണ്ടായ നവീകരണോദ്യമം ആയിരുന്നു. വിദേശത്തുള്ള സഭകളും അവരുടെ സ്ഥാനം കേരളക്കരയിൽ ഉറപ്പിക്കുന്നതിനായി ശ്രമം നടത്തുന്ന കാലമായിരുന്നു. കൊല്ലവർഷം 1012 ൽ അബ്രഹാം മല്പാൻ മാരാമണ്ണ് ഇടവകയിൽ തന്റെ നവീകരണം ആരംഭിച്ചു. തുടർന്നുള്ള കാലങ്ങളിൽ ഈ നവീകരണ സൂര്യ കിരണങ്ങൾ അന്യ ഇടവകകളിലേക്കും കടന്നു പടർന്നു തുടങ്ങി. അങ്ങനെ മലങ്കര സഭ വിശ്വാസികളുടെ ഇടയിൽ രണ്ടു ചേരിയുണ്ടാകാൻ ഇടയായി. നവീകരണത്തെ എതിർത്ത് സഭയുടെ പൗരസ്ത്യ സ്വഭാവത്തെ സംരക്ഷിക്കുന്നതിൽ ഒരു കക്ഷിയും, രക്ഷയുടെ അനുഭവത്തേയും, പരിശുദ്ധാത്മാവിന്റെ വ്യാപാരത്തേയും

ബോധമാക്കി നവീകരണത്തെ ആവശ്യമായി കരുതിയിരുന്ന എതിർ കക്ഷിയും. ഇങ്ങനെ രണ്ടു കക്ഷികളായി മാറിയ വിശ്വാസികൾ തമ്മിലു ണ്ടായ സംഘട്ടനങ്ങളും വഴക്കുകളും അനവധിയാണ്. ക്രിസ്താബ്ദം 1878 കൊല്ലം 1053 മാണ്ടു മാർത്തോമ്മാ സഭ നിലവിൽ വന്നു. 'കൂനിൻമേൽ കുരു' എന്ന പേലെ 15-ാം നൂറ്റാണ്ടിനെ തുടർന്നു മലങ്കര സഭയിലേക്കുണ്ടായ പാരദേശീക സമ്പർക്കവും ഒരു സ്വതന്ത്ര സഭയായിരുന്ന മലങ്കര സഭയെ അടിമത്വത്തിലേക്ക് വഴി തിരിച്ചു. നവീ കരണ കക്ഷികളെ തകർക്കുന്നതിനുവേണ്ടി അക്കാലത്ത് അന്ത്യോഖ്യാ യിലെ പാത്രിയർക്കീസ് ബാവായോട് കാണിച്ചിരുന്ന മമത പിൽക്കാലത്ത് മലങ്കര സുറിയാനിസഭയിൽ വഴക്കുകൾക്ക് കാരണമായി. 1021 ൽ അന്ത്യോഖ്യായിൽ നിന്നും യൂയാക്കീം കുറിലോസ് എന്നു പേരായ ഒരു പരദേശീക മെത്രാൻ വന്നു. അതിനു ശേഷം കക്ഷി വഴക്കിന്റെ കാലത്ത് 1050 ൽ പത്രോസ് പാത്രിയർക്കീസ് നവീകരണക്കാരെ ഭസ്മീകരിക്കുവാനെന്നവണ്ണം തന്റെ സകല പ്രഭാവ ത്തോടും കൂടി പുറപ്പെട്ടു അതുകൊണ്ട് നവീകരണത്തെ എതിർത്തി രുന്ന കക്ഷികൾ ബാവായെ സ്വീകരിക്കുന്നതിലേക്കായി പള്ളികളും, പരിസര പ്രദേശങ്ങളും ഒരുക്കി. പക്ഷെ പാത്രിയർക്കീസ് ബാവ, തന്റെ സ്ഥാനം കേരളക്കരയിൽ ഉറപ്പിക്കുന്നതിലേക്കായിരുന്നു പ്രത്യേകം ശ്രദ്ധിച്ചിരുന്നത്. ഇപ്പോഴും ശമിച്ചിട്ടില്ലാത്ത പാത്രിയർക്കീസ് കക്ഷികളു മായുള്ള വഴക്കുകളുടെയും കേസുകളുടെയും ആരംഭം ഇങ്ങനെ യായിരുന്നു.

1836 ൽ അബ്രഹാം മല്പാൻ ആരംഭിച്ച നവീകരണ പ്രക്രിയ യിൽ അദ്ദേഹത്തോടൊപ്പം നിന്നിരുന്ന പുതുപ്പള്ളി ഇടവകയുടെ കൈതയിൽ ഗീവർഗീസ് മല്പാൻ പ്രഥമ ഗണനീയനായിരുന്നു. 1861 മുതൽ കോവൂർ ഐപ്പ് തൊമ്മാകത്തനാർ, തിരുവല്ലാ പാലിയേക്കര പള്ളിയിൽ നവീകരണ ശ്രമം ആരംഭിച്ചു. നവീകരണത്തിന്റെ സഫലീകരണമായി 1878 ൽ നിലവിൽ വന്ന മാർത്തോമ്മാ സഭയുടെ ആദ്യത്തെ വികാരി ജനറാൾ ആയി കോവൂർ ഐപ്പ് തോമ്മാ കത്തനാർ നിയമിതനായി. വികാരി ജനറലായി നിയമിക്കപ്പെട്ടതിന്റെ ശേഷം അദ്ദേഹത്തിന്റെ ശ്രദ്ധ പ്രധാനമായി പതിഞ്ഞതു നവീനമായി ഒരോ സ്ഥലങ്ങളിലും പള്ളികൾ പ്രതിഷ്ഠിച്ച് സഭയെ ഉറപ്പിക്കുന്ന വിഷയം സംബന്ധിച്ചായിരുന്നു. കൂടാതെ തന്റെ ഇടവകയിൽ വ്യാപരിച്ചിരുന്ന സുവിശേഷദീപത്തെ ഉദ്ദീപിപ്പിക്കുന്നതിന് അദ്ദേഹം അക്ഷീണയത്നം ചെയ്തു. ഈ കാലത്തു സഭയിൽ സുവിശേഷ വേലയുടെ ആവശ്യത്തെ



പ്പറ്റി ഉജ്ജ്വലമായ ബോധം ഉണ്ടാകയും തൽഫലമായി സുവിശേഷ പ്രസംഗസംഘം എന്ന പേരോടു കൂടി ഒരു സംഘം ആവിർഭവിക്കയും ചെയ്തു. 1894 മുതൽ വിദേശങ്ങളിൽ നിന്നും, തമിഴ്നാട്ടിൽ നിന്നും അനേക മിഷനറിമാർ സുവിശേഷ പ്രചരണത്തിനായി കേരളത്തിൽ എത്തി. സുവിശേഷ പ്രസംഗങ്ങൾക്കായി മാർത്തോമ്മാ സഭ ഇവരെയൊക്കെ സ്വീകരിക്കുകയും അതിനായി സൗകര്യങ്ങൾ ഒരുക്കി കൊടുക്കുകയും ചെയ്തു. എഴുപതാമാണ്ടത്തെ ഉണർവിന്റെ പിന്നാലെ മി.നാഗൽ മുതലായ ബ്രദർ ഉപദേഷ്ടാക്കൻമാർ തങ്ങളുടെ ഉപദേശങ്ങളെ പ്രചരിപ്പിക്കാൻ തുടങ്ങി. കെസ്വിക്ക് പ്രാസംഗികനായ ഗ്രക്ക്സൻ, മാർത്തോമ്മാ സഭയിൽ പ്രസംഗങ്ങൾ ആരംഭിച്ചു. കുറെനാൾ സഭയിൽ സുവിശേഷ വേല ചെയ്ത ശേഷം ബ്രദറൻമാരോടു ചേർന്ന മാർത്തോമ്മാ സഭക്ക് എതിരായി പരസ്യമായി പ്രവർത്തിച്ചു തുടങ്ങി. ആരാധനാ രീതികളോടും ഭരണ സമ്പ്രദായങ്ങളോടും അനുഭാവമോ ബഹുമാനമോ പ്രദർശിപ്പിക്കാത്ത ഈ ബ്രദർ സംഘോപദേഷ്ടാക്ക ൻമാർ സഭയെ തല്ലി തകർക്കുന്നതിനായി ഭഗീരഥ പ്രയത്നം ചെയ്തു. അതുമൂലം അനേകം വിശ്വാസികൾ സഭക്ക് നഷ്ടമായി. മാർത്തോമ്മ സമുദായത്തിനു വന്നിട്ടുള്ള ഈ വിപത്തിനെ പരിഹരിക്കുന്നതിനായി, അബ്രഹാം മല്പാനച്ചനും, സി.പി. ഫിലിപ്പോസുകശീശാ അവർകളുടെ ആലോചന പ്രകാരം ജനങ്ങളുടെ ആത്മീയ ദാഹത്തിനുവേണ്ടി സഭയോട് ഹൃദയപൂർവ്വമായ അനുഭാവം ഉള്ളവരെ വരുത്തി പ്രസംഗ യോഗങ്ങൾ നടത്തണമെന്നു നിശ്ചയിച്ചു. 1898-ൽ മാരമണ്ണ് മഹായോഗ ത്തിലൂടെ മേൽ വിവരിച്ച കുഴപ്പങ്ങൾക്കും ദുർഘടങ്ങൾക്കും ഒരു വിധം ശമനമുണ്ടായി. സുപ്രസിദ്ധ വാഗ്മിയും ഉത്തമ ദൈവഭക്തനും വേദശാസ്ത്ര പണ്ഡിതനും ആയ റവ. വോക്കർ അവർകളെ വരുത്തി മാരമണ്ണ് യോഗത്തിൽ പ്രസംഗിപ്പിച്ചു. കൂടാതെ ഏതാനും വർഷങ്ങൾ മാർത്തോമ്മാസഭയെ സന്ദർശിക്കുകയും, മാരാമൺ മഹായോഗത്തിൽ പ്രാസംഗികനായിരിക്കുകയും ചെയ്തു. ഇതിന്റെ ഒക്കെ ഫലമായി സമാധാനവും ശാന്തതയും മാർത്തോമ്മാ സഭയിൽ ഉളവായി.

നമ്മുടെ കുടുംബം നിരണത്തു നിന്ന് തിരുവല്ലായിൽ കുടിയേറുന്നതിന്റെ പശ്ചാത്തലം മനസ്സിലാക്കുന്നതിന് അന്നത്തെ രാജ്യഭരണ രീതിയും നിരണം, സമീപ പ്രദേശങ്ങൾ എന്നിയവയെ പ്പറ്റിയും അൽപ്പം അറിവ് ആവശ്യമാണ്. പമ്പാസരസ് തടമായ നിരണം പെരിപ്ളസ് പറയുന്ന നായകണ്ട (ഇന്നത്തെ നാക്കട) എന്ന പമ്പയുടെ വയ്പു സ്ഥലത്തിന് വളരെ അടുത്താണ്. പുരാതനക്കാലത്ത് ഈ

പ്രദേശം തുറമുഖമായിരുന്നെങ്കിലും, പിന്നീട് കടൽ പിൻമാറുകയും നദി മുമ്പോട്ടുവന്ന് വയ്പു പ്രദേശങ്ങൾ സൃഷ്ടിച്ച് വേമ്പനാട്ടുകായലിൽ പതിക്കുകയുമായിരുന്നു. പമ്പാനദി കേരളത്തിലെ ഒരു പ്രധാന നദി യാണ്. പീരുമേട്ടിൽ നിന്നും ഉത്ഭവിച്ച് അയിരൂർ, കോഴഞ്ചേരി, ആറന്മുള, ചെങ്ങന്നൂർ ദേശങ്ങൾ താണ്ടി, പരുമലയിൽ എത്തി മണിമലയാറുമായി ചേർന്ന് വീയപുരത്ത് എത്തുന്നു. പിന്നീട് വടക്കുപടിഞ്ഞാറേയ്ക്ക് ശാഖോപശാഖകളായി പിരിഞ്ഞ് ഒഴുകി വേമ്പനാട്ടു കായലിൽ പതിക്കുന്നു. പരുമല, വീയപുരം, നിരണം, തലവടി, എടത്വാ, പെരിങ്ങര എന്നീ ഭാഗങ്ങളെല്ലാം പമ്പ സൃഷ്ടിച്ച വയ്പു ദേശങ്ങളാണ്. ഫലസമൃദ്ധവും, വളരെ ജനസാന്ദ്രവും വെള്ളത്തിൽ ഉപയോഗിക്കുന്ന വാഹനങ്ങൾ അത്യാവശ്യവും ഉള്ള പ്രദേശങ്ങളാണിവ.

കുലശേഖര സാമ്രാജ്യം പതിനൊന്നാം നൂറ്റാണ്ടിൽ ശിഥിലീകരിച്ചപ്പോൾ വളരെയധികം ഇടപ്രഭുക്കന്മാർ രാജാധികാരം കയ്യാളുകയുണ്ടായി. ആ കാലത്ത് കേരളത്തിൽ വേണാട്ട്സ്വരൂപം, ഇളയടത്തുസ്വരൂപം, ദേശിങ്ങനാട്, കായംകുളം, ചെമ്പകശ്ശേരി, തെക്കുംകൂർ, വടക്കുംകൂർ, കരപ്പുറം, ആലങ്ങാട്, പണ്ടണവട്ടം, മങ്ങാട്, പെരുമ്പടപ്പ്, കോലത്തിരി മുതലായ നാടുവാഴികളും വഞ്ചിപ്പുഴ, പൂഞ്ഞാർ, പന്തളം മുതലായ ദേശവാഴികളും, മുത്തേടത്തു കൈമൾ, ഇളയേത്തു കൈമൾ, അഞ്ചിക്കൈമൾ മുതലായ നായർ മാടമ്പിമാരും അങ്ങും ഇങ്ങും രാജാധികാരത്തോടെ വാണിരുന്നു. ക്രിസ്ത്യാനികൾ പാർത്തിരുന്ന നിരണം ചെമ്പകശ്ശേരി രാജ്യത്തിന്റെ ഭാഗമായിരുന്നു. ഈ രാജ്യത്തിന്റെ അതിർത്തി വടക്കോട്ട് പമ്പാനദിയുടെ കരയായ പുളിക്കീഴിന് തെക്കേക്കര വരെ വ്യാപിച്ചുകിടന്നിരുന്നു. അതിന് വടക്ക് തെക്കുംകൂർ രാജ്യമായിരുന്നു. ചെമ്പകശ്ശേരി രാജാക്കന്മാർ ബ്രാഹ്മണരും, ക്രിസ്ത്യാനികളോട് താൽപര്യം ഉള്ളവരും ആയിരുന്നു. അമ്പലപ്പുഴ, കുട്ടനാട്, ഭാഗങ്ങൾ അവരുടെ രാജ്യത്തിൽ ഉൾപ്പെട്ടിരുന്നു. പുറക്കാട്ട് അരയന്റെ നേതൃത്വത്തിലുള്ള ഓടിവള്ളങ്ങളുടെ ഒരു സൈനീകപട ഈ രാജ്യത്തിനുവേണ്ടി പോരാട്ടങ്ങളിൽ പങ്കെടുത്തി രുന്നു. പുറക്കാട്ടു കടലിൽ എത്തുന്ന കപ്പലുകളിൽ നിന്നും ചുങ്കം പിരിക്കുക, കപ്പലുകളെ കൊള്ളയടിക്കുക എന്നിവയും അരയന്റെ പട നടത്തിയിരുന്നു. മാർത്താണ്ഡവർമ്മ രാജാവ് ഈ രാജ്യങ്ങളെയെല്ലാം 1750 കളിൽ പിടിച്ചടക്കുന്നതുവരെ ഇതായിരുന്നു സ്ഥിതി. അരയന്റെ പിൻഗാമികളായ പോത്തന്മാരും പാലിയന്മാരും കുട്ടനാട്ടിലും വേമ്പനാട്ടുകായലിലും വള്ളത്തിൽ യാത്ര ചെയ്യുന്നവരെ കൊള്ള



ചെയ്തു. ഉപജീവനം കഴിച്ചു. പുളിക്കീഴിൽ പമ്പാനദിയുടെ വടക്കേകര തെക്കുംകൂർ രാജ്യസീമയിൽ പെട്ടിരുന്നു. തിരുവല്ല, ചങ്ങനാശ്ശേരി, കോട്ടയം, കാഞ്ഞിരപ്പള്ളി, മീനച്ചിൽ എന്നീ പ്രദേശങ്ങളായിരുന്നു, രാജ്യവിസ്തൃതി. ചെമ്പകശേരി രാജ്യത്തിന് തെക്ക് കായംകുളം രാജാവിന്റെ ദേശങ്ങളായിരുന്നു. കരുനാഗപള്ളി, കാർത്തികപ്പള്ളി, ചെങ്ങന്നൂർ, മാവേലിക്കര ദേശങ്ങളും ഇതിൽപ്പെട്ടിരുന്നു. കൊല്ലക്കട ആറിന്റെ തെക്കേകര കായംകുളം രാജ്യവും, വടക്കേകര ചെമ്പകശേരി രാജ്യവുമായിരുന്നു. ഈ രാജാക്കന്മാരുടെ എല്ലാം സൈന്യത്തിൽ ആയോധനപടുക്കളും, വിശ്വസ്തരുമായ ക്രിസ്ത്യാനികളും ഉണ്ടായിരുന്നു. അതുകാരണം കൊട്ടാരങ്ങളിൽ ക്രിസ്ത്യാനികൾക്ക് സ്വാധീനവും പ്രമാണിത്വവും ഉണ്ടായിരുന്നു. മാർത്താണ്ഡവർമ്മയുടെ കാലംവരെ തിരുവിതാംകൂറിലെ രാജ്യഭരണനില ഇതായിരുന്നു.

## കുടുംബോൽപത്തി

കല്ലൂർ, കൊല്ലമന, പഴങ്ങേരിൽ, മഠത്തിൽ, മനേത്തുമാലി, കാനേകാട്ട് കുടുംബത്തിന്റെ പൂർവ്വകാല ചരിത്രം കാലമാകുന്ന തിരശീലയ്ക്കുള്ളിൽ മറഞ്ഞും പുരാതന സ്മരണകളിൽ ആണ്ടും കിടക്കുന്നു. എന്നാൽ 15-ാം നൂറ്റാണ്ടിന് മുമ്പുതന്നെ ഈ കുടുംബം ഉണ്ടായിരുന്നു. നമ്മുടെ കുടുംബവൃക്ഷം പരിശോധിച്ചാൽ 13-ാം തലമുറയിൽ നമ്മുടെ കുടുംബം ശാഖയായി പിരിയുന്നതായി കാണാം. 12-ാം തലമുറയിലെ കുടുംബാംഗങ്ങൾ നിരണം പള്ളിയിൽ അംഗങ്ങളായിരുന്നു. അതിനുമുമ്പുള്ള തലമുറ ഒറ്റകുടുംബപ്പേരിൽ അറിഞ്ഞിരുന്നതായി കരുതുന്നു. 13-ാം തലമുറയിൽ ജീവിച്ചിരുന്ന നമ്മുടെ പൂർവ്വീകർ ഇത് ഒരു കുടുംബപ്പേരിൽ അറിയപ്പെടേണ്ടതിന് അധികം പ്രധാന്യം കൊടുത്തിരുന്നില്ല എന്ന് കാണുവാൻ കഴിയും. അന്ന് സ്ഥലങ്ങളുടെ കിടപ്പനുസരിച്ച് ഒരോ സ്ഥലത്തിന് അനുയോജ്യമായ പേരുകൾ കുടുംബത്തിന് നല്കിയിരുന്നു. കല്ലൂർ കുടുംബത്തിൽ നിന്നും കൊല്ലമന കുടുംബം ശാഖ പിരിഞ്ഞതായി പരേതനായ ശ്രീമാൻ കൊല്ലമന അവറാച്ചൻ (കെ.എം. ഏബ്രഹാം) മനസ്സിലാക്കിയിരുന്നു. എന്നാൽ ശ്രീമാൻ കല്ലൂർ എം. വർഗീസ് മനസ്സിലാക്കിയിരുന്നത്- കൊല്ലമന കുടുംബത്തിൽ നിന്നും കല്ലൂർ കുടുംബം ഉത്ഭവിച്ചതായി ആണ്. എങ്ങനെ ആയിരുന്നാലും നമ്മുടെ ലക്ഷ്യമതല്ല. 12-ാം തലമുറയിൽ ഒന്നായിരുന്ന നമ്മുടെ കുടുംബം, 13-ാം തലമുറയിൽ ശാഖകളായി പിരിയുന്നത് ഇന്ന് ഒരുമിച്ച്

നിൽക്കേണ്ടത് നമ്മുടെ ആവശ്യമാണെന്ന് ഇന്നുള്ള കുടുബാംഗങ്ങൾക്ക് ബോധ്യമായി. നമ്മുടെ ഈ ആറ് കുടുംബശാഖകളും അവരവരുടെ കുടുംബപേരിൽ തന്നെ ഇനിയും അറിയപ്പെടുവാനാണ് ഇപ്പോഴുള്ള നമ്മുടെ കുടുംബാംഗങ്ങളുടെ താല്പര്യം. കൊല്ലമന കുടുംബാംഗം ശ്രീമാൻ കെ.എം.എബ്രഹാം (അവറച്ചാൻ) നമ്മുടെ കുടുംബത്തിന്റെ ഉത്ഭവത്തെക്കുറിച്ച് അറിയുവാൻ കൂടുതൽ താൽപര്യമെടുത്തിരുന്നു. 13-ാം തലമുറ മുതലുള്ള തന്റെ പൂർവ്വ പിതാക്കന്മാരുടെ പേരുകളും അവരുടെ ബന്ധുതയും ശ്രീമാൻ അവറാച്ചന് വ്യക്തമായി അറിയാമായിരുന്നു. കൂടാതെ നമ്മുടെ മൂലകുടുംബം "കല്ലൂർ" ആണെന്ന് ആ പിതാവ് ഗ്രഹിച്ചിരുന്നു. എന്നാൽ നമ്മുടെ കുടുംബം എന്ന് ഉത്ഭവിച്ചു എന്നതിന് തെളിവുകൾ കിട്ടിയിട്ടില്ല. അത് കണ്ടുപിടിക്കുന്നതിന് താൽപര്യമുള്ള ഗവേഷകരെ ക്ഷണിച്ചുകൊള്ളുന്നു.

ആയതുകൊണ്ട് 12-ാം തലമുറയിൽ നിരണത്ത് നിലനിന്നിരുന്നത് നമ്മുടെ മൂലകുടുംബമായ "കല്ലൂർ" കുടുംബമാണ്. തത്ക്കാലം ആ ഭാഗം ഐതീഹ്യം എന്ന നിലയിലും തെളിവുകൾ ഉള്ള ഭാഗത്തെ ചരിത്രമായും ആണ് ഈ ഗ്രന്ഥത്തിൽ ഉൾക്കൊള്ളിക്കുന്നത്. ചരിത്ര ഭാഗത്തുതന്നെ ചില ഘട്ടങ്ങളെപ്പറ്റി അറിവ് ഇനിയും നേടേണ്ടതായുണ്ട്. നമ്മുടെ കുടുംബത്തിന്റെ പൂർവ്വചരിത്രം കരുപിടിപ്പിക്കുന്നതിനുള്ള പ്രധാന ശ്രോതസ്സുകൾ പൂർവ്വികർ വായ്മൊഴിയായി അനന്തര തലമുറകൾക്കു പകർന്നുകൊടുത്ത ഐതീഹ്യങ്ങൾ, അവരുടെ സ്മരണകൾ എന്നിവ മാത്രമാണ്. കൂടാതെ നമ്മുടെ പൂർവ്വകർക്ക് നിരണവും, നിരണം പള്ളിയും ആയിട്ട് പാരമ്പര്യമായുള്ള ബന്ധം തെളിയിക്കുന്ന രേഖകൾ ഉണ്ട്. ഇവയിൽ നിന്നും കിട്ടുന്ന വിവരം തന്നെ അറിയേണ്ടതെല്ലാം അറിയുന്നതിന് ഉപയുക്തമല്ലാത്തവിധം ഋജുവും ആണ്. ഇവയെ ആസ്പദമാക്കി പൂർവ്വചരിത്രം എഴുതുന്ന ബുദ്ധിമുട്ടിനെ പര്യാലോചിക്കുമ്പോൾ, ഇനി എങ്കിലും കുടുംബാംഗങ്ങൾ കുടുംബചരിത്രം ഭാവിയിൽ എഴുതുന്നതിന് ഉതകുന്ന രീതിയിൽ അവരവരെ പറ്റിയുള്ള രേഖകൾ സൂക്ഷിക്കേണ്ടത് അനിവാര്യമാണെന്ന് ഈ അവസരത്തിൽ ഉത്ബോധിപ്പിക്കുന്നു. 1934 ൽ കൊല്ലമന കുടുംബാംഗം ശ്രീമാൻ കെ.പി.ഫിലിപ്പോസ് (ബേബി), കല്ലൂർകുടുംബാംഗം ശ്രീമാൻ വർഗീസ്. എം എന്നിവരുടെ ഗവേഷണങ്ങൾ മൂലം നമ്മുടെ കുടുംബശാഖകൾ മനസ്സിലാക്കുവാൻ കഴിഞ്ഞു. 1942 ൽ കൊല്ലമന കുടുംബാംഗം ശ്രീമാൻ കെ.എം. എബ്രഹാം (അവറാച്ചൻ)



കുടുംബോൽപത്തിയെക്കുറിച്ച് ഒരു ഗവേഷണം നടത്തുകയുണ്ടായി. ആയതിന്റെ ഫലമായി പൂർവ്വപിതാക്കളെ മനസ്സിലാക്കുവാൻ കഴിഞ്ഞു. പഴഞ്ചേരിൽ കുടുംബാംഗം ശ്രീമാൻ ഇടുക്കള ഫിലിപ്പ് കുടുംബോൽപത്തിയെക്കുറിച്ച് അറിയുവാൻ താൽപര്യമെടുത്തിരുന്നു. ആയതിനാൽ പഴഞ്ചേരിൽ കുടുംബത്തിന്റെ ഉത്ഭവത്തെക്കുറിച്ചും, 14-ാം തലമുറ മുതൽ ഇപ്പോഴുള്ള തലമുറ വരെയുള്ള വിവരങ്ങൾ മനസ്സിലാക്കുന്നതിന് സുഗമമായിരുന്നു. ആ പിതാവിന്, 80 വയസ്സിലും പുതിയ തലമുറയിലെ കുഞ്ഞുങ്ങളുടെ പേരുവരെ നിശ്ചയമായിരുന്നു. മഠത്തിൽ കുടുംബാംഗം ശ്രീമാൻ പി.പി. ഇടുക്കളയ്ക്ക് മഠത്തിൽ കുടുംബത്തിലെയും കൊല്ലമന കുടുംബത്തിലെയും പൂർവ്വപിതാക്കളെക്കുറിച്ച് മനസ്സിലാക്കിയിരുന്നതിനാൽ നമ്മുടെ പൂർവ്വകാല ചരിത്രവും, സംഭവ കഥകളും മനസ്സിലാക്കുവാൻ കഴിഞ്ഞു. 1989-ൽ കൊല്ലമന കുടുംബചരിത്രമെഴുതുന്നതിന്റെ പ്രാരംഭ ജോലികൾ ശ്രീമാൻ കെ.എം. കോശി ആരംഭിച്ചപ്പോൾ തന്നെ ശ്രീമാൻ പി.പി ഇടുക്കള, മഠത്തിൽ ചരിത്രം എഴുതി ഏൽപ്പിക്കുകയുണ്ടായി. 1996 ൽ ശ്രീമാൻ കെ.എം. പുന്നൂസ്സ്, ശ്രീമാൻ എം.വർഗീസ്, ശ്രീമാൻ പി.പി. ഇടുക്കള, എന്നിവരുടെ നേതൃത്വത്തിൽ കുടുംബദിനം വർഷംതോറും ആചരിക്കുവാൻ തുടങ്ങി. തൽഫലമായി നമ്മുടെ കുടുംബശാഖകൾ ചേർത്തിണക്കാൻ കഴിഞ്ഞു. 1998 ൽ നമ്മുടെ ആദ്യത്തെ കുടുംബയോഗം, പ്രസിഡന്റ് ശ്രീമാൻ എം. വറുഗീസ് കല്ലൂർ, വർക്കിങ് പ്രസിഡന്റ് ശ്രീമാൻ പി.പി. ഇടുക്കള, വൈസ് പ്രസിഡന്റ് ശ്രീമാൻ കെ.എം. പുന്നൂസ്, സെക്രട്ടറി ഡോ: തോമസ് ഫിലിപ്പ്, ശ്രീമാൻ കെ.സി. ഏബ്രഹാം എന്നിവരുടെ അദ്ധ്യക്ഷതയിൽ കൂടിവരാൻ ദൈവം ഇടയാക്കി.

നമ്മുടെ പൂർവ്വചരിത്രത്തിലേക്ക് നോക്കിയാൽ നേരത്തെ പറഞ്ഞതുപോലെ ക്രിസ്ത്യാനികൾ ആകുന്നതിന് മുൻപ് നമ്പൂതിരി വർഗ്ഗത്തിൽപ്പെട്ടവരായിരുന്നു. കേരളത്തിൽ മതപരിവർത്തനം ഉണ്ടായ കാലത്ത് ക്രിസ്തുമതം സ്വീകരിച്ച് കുറവിലങ്ങാട് താമസിച്ചു. ഹിന്ദുക്കളുടെ പീഡനം മൂലം നിരണത്തുവന്ന് താമസമാക്കി. മറ്റൊരു ഭാഗം തിരുവല്ലായിൽ വന്ന് താമസമാക്കി. നിരണത്ത് "കല്ലൂർ" കുടുംബമാണ് നമ്മുടെ മൂലകുടുംബം. നമ്മുടെ പൂർവ്വികർ അധികം പേരും പഴയ കാലത്ത് ബിസിനസ്സിലും, കൃഷിയിലും ഏർപ്പെട്ടിരുന്നവരായിരുന്നു. തിരുവല്ല, കാവും ഭാഗം, കല്ലുങ്കൽ, കുറ്റപ്പുഴ എന്നീ സ്ഥലങ്ങളിൽ നമ്മുടെ പൂർവ്വികർക്ക് ധാരാളം ഭൂസ്വത്തുക്കൾ

ഉണ്ടായിരുന്നു. തികഞ്ഞ ദൈവ ഭക്തരായിരുന്ന, നമ്മുടെ പൂർവ്വികർ പള്ളി പണികൾക്കും, പള്ളിവക കേസുകൾക്കും ധാരാളം പണം ചിലവഴിച്ചിട്ടുണ്ട്. നമ്മുടെ പൂർവ്വികർക്ക് ആദ്യകാലത്ത് ഹിന്ദുക്കളിൽ നിന്ന് പീഡനങ്ങൾ ഏല്ക്കേണ്ടിവന്നിരുന്നു എങ്കിലും നമ്മുടെ വിശ്വാസത്തിന് ഒരു മങ്ങലും ഏല്ക്കാതെ കൂടുതൽ ബലപ്പെടുകയാണ് ചെയ്തത്.

മലങ്കര സഭ വിശ്വാസികളായിരുന്ന നമ്മുടെ പൂർവ്വികർ, തോമാ സ്ലീഹാ സ്ഥാപിച്ച നമ്മുടെ സഭയുടെ നിലനില്പ്പിനു വേണ്ടി വളരെ യാതനകളും കഷ്ടതകളും സഹിച്ചവരാണ്. നവീകരണ ശ്രമം സഭയിൽ ഉണ്ടായ കാലത്ത്, വിശ്വാസികൾ രണ്ടു കക്ഷികളായ സമയത്ത് മലങ്കര സുറിയാനി സഭയുടെ പൗരസ്ത്യ സ്വഭാവത്തെ ആകുന്നത്ര സംരക്ഷിക്കുന്നതിൽ ബദ്ധശ്രദ്ധാലുക്കളായിരുന്നു നമ്മുടെ പൂർവ്വികർ.

നമ്മുടെ പല പള്ളികളും നവീകരണ കക്ഷികൾ അടക്കി ഭരിച്ചിരുന്ന കാലത്ത്, പള്ളികളെ യഥാസ്ഥാനപ്പെടുത്തുന്നതിനുവേണ്ടി വളരെ യാതനകൾ അനുഭവിക്കേണ്ടി വന്നിരുന്നുയെങ്കിലും പള്ളികൾ എല്ലാം തന്നെ മലങ്കര സുറിയാനി സഭയുടെ ഭരണത്തിൻ കീഴിൽ കൊണ്ടുവരാൻ നമ്മുടെ കക്ഷികൾക്ക് സാധിച്ചത് പ്രശംസനീയമാണ്. തിരുവല്ലാ പാലിയേക്കര പള്ളി എതിർകക്ഷികളിലെ പ്രധാനിയായിരുന്ന കോവൂരച്ചന്റെ കൈകളിൽ നിന്ന് വിടർത്തിയെടുക്കാൻ വളരെ കഷ്ടങ്ങൾ അനുഭവിക്കേണ്ടി വന്നു. അതിലേക്കായി പാത്രിയർക്കീസ് ബാവ, സകല ആഢംബരങ്ങളോടു കൂടി മലങ്കരയിൽ വന്നു ചേർന്നു. അതിനുവേണ്ട എല്ല ക്രമീകരണങ്ങളും ചെയ്ത് നമ്മുടെ കക്ഷിയിലെ പ്രധാനികളായിരുന്ന കട്ടപ്രത്തു പള്ളിക്കാരായ കോടിയാട്ട് യാക്കോബു കത്തനാരും, കൊല്ലമന പോത്ത, പയിനും മൂട്ടിൽ ഗീവറുഗീസു കത്തനാർ, ചാലക്കുഴി മാത്തൻ എന്നിവരായിരുന്നു. തിരുവല്ലാ പാലിയേക്കര പള്ളിയെക്കുറിച്ച് പറയുമ്പോൾ അതിന്റെ സ്ഥാപനത്തെക്കുറിച്ചും അറിഞ്ഞിരിക്കേണ്ടത് ആവശ്യമാണല്ലോ. തിരുവല്ലാ ഇടവകക്കാർ പുരാതനമായി നിരണത്തു പള്ളിയിലാണു കൂടി വന്നിരുന്നത്. അനന്തരം തിരുവല്ലാ പാലിയേക്കര എന്ന സ്ഥലത്ത് ഒരു കുരിശുപള്ളി കൊല്ലം 99-ാം മാണ്ടു പ്രതിഷ്ഠിക്കപ്പെട്ടു. "തിരുവല്ല കുരിശ്ശുപള്ളി പോറ്റിമാരുൾപ്പെട്ട ആളുകൾ കൂടി തീയിട്ടു ചുടുകയും മറ്റും ചെയ്ത സംഗതി കോർട്ടിൽ ഏർപ്പെടുത്തി. വിസ്തരിച്ചാറെ കുറ്റം കഠിനമായി തെളിയുകയാൽ പോറ്റിമാരും, പട്ടൻമാരും മുതലായവരെ കൊണ്ട് 60,000 കലിയൻ പ്രായശ്ചിത്തം കെട്ടി വയ്പിച്ചതു മൺട്രോ



സായ്പവർകൾ കൃപ തോന്നി പള്ളി വകയ്ക്കായി കൊടുപ്പിച്ചു. അതിൽ ഒന്നു പാതി സെമിനാരിക്കും, ഒന്നു പാതി തിരുവല്ലാ പള്ളി പണിക്കും ഉപകാരമായി വന്നു. എന്നിങ്ങനെ ഇട്ടൂപ്പിന്റെ ചരിത്രത്തിൽ പ്രസ്താവിച്ചിരിക്കുന്നു. ഇപ്രകാരം പണിയിക്കപ്പെട്ടതാണ് ഇപ്പോൾ കാണുന്ന പാലിയേക്കര പള്ളി. പ്രാരംഭ കാലങ്ങളിൽ തിരുവല്ലായിലുള്ള പട്ടക്കാരെ കൂടാതെ നിരണത്തു നിന്നും പല പട്ടക്കാരും പാലിയേക്കര പള്ളിയിൽ വന്ന് തവണ നടത്തിയിരിന്നു. കൊല്ലം 1036 ൽ 1000 കുടുംബങ്ങൾ ഉള്ള ഇടവകയായിരുന്നു. തിരുവല്ലാ പാലിയേക്കര പള്ളി. നവീകരണക്കാരിൽ പ്രധാനിയായിരുന്ന കോവൂരച്ചനും കൂട്ടരും പാലിയേക്കര പള്ളി കീഴടക്കിയതു മൂലം മലങ്കര സുറിയാനി സഭ വിശ്വാസികൾ പള്ളി ക്രമങ്ങളിൽ നിന്ന് അകന്ന് നില്ക്കേണ്ടി വന്നിരുന്നു. തുടർന്ന് കോടിയാട്ട് ഇടിക്കുള അവർകൾ മുതലായവർ കമ്പോളത്തിലെ കട്ടപ്പുറം എന്നീ പള്ളിക്കായി അപേക്ഷിച്ച്, കൊല്ലം 1040- ൽ കട്ടപ്പുറം പള്ളിസ്ഥാപിച്ചു.

കൂടാതെ 1853 ൽ ഒരു ഗവൺമെന്റ് ഉത്തരവുണ്ടായി. മാരാമൺ പാലക്കുന്നത്ത് മാത്യുസ് മാർ അത്താനാത്യോസ് തിരുമേനിയുടെ പക്ഷത്തല്ലാത്തവരെല്ലാം പള്ളി വിട്ടു പോകണമെന്നതായിരുന്നു പ്രസ്തുത ഉത്തരവ്. അതനുസരിച്ച് തിരുവല്ലാ പള്ളി എതിർ കക്ഷികളുടെ കൈവശമാവുകയും നമ്മുടെ കക്ഷിക്കാർ പള്ളി വിട്ടു പോകേണ്ടിവരുകയും ചെയ്തു. അതിനുശേഷം വീണ്ടും മറ്റൊരു ഗവൺമെന്റ് ഉത്തരവുണ്ടായി, മതകാര്യങ്ങളിൽ ഗവൺമെന്റ് ഇടപെടുന്നതല്ല എന്ന് ഈ സമയം നമ്മുടെ കക്ഷിയിലെ ആൾക്കാർ നമുക്ക് അവകാശപ്പെട്ട പാലിയേക്കര പള്ളിയിലേക്ക് ബലമായി പ്രവേശിച്ചു. കോവൂർ നൈനാൻ, പുന്നൂസ്, തോട്ടങ്കൽ കുര്യൻ, തെക്കേതിൽ ഇട്ടി, ആദിയായവർ നമ്മുടെ കക്ഷിക്കാരെ പള്ളിയിലേക്ക് പ്രവേശിപ്പിക്കാതെ വാതിലുകൾ അടക്കുകയും, ആളുകൾ തമ്മിൽ ബലപ്രയോഗങ്ങൾ നടക്കുകയും ചെയ്തു. അന്ന് ഹോശാന ഞായറാഴ്ചയായിരുന്നതുകൊണ്ട് പള്ളിയിൽ ഒട്ടു വളരെ പുരുഷാരം കൂടിയിരുന്നു. ഈ സമയം പള്ളിക്കകത്ത് കുടയുമായി ഇരുന്നിരുന്ന കൊല്ലമന പോത്തയുടെ, കുട കോവൂർ പുന്നൂസ് പിടിച്ചു മറിച്ചു. പോത്ത മറിഞ്ഞു വീണു അല്പസമയത്തിനുള്ളിൽ മരിച്ചു. ഇതൊരു കൊലക്കേസ്സായി മാറി. കോവൂർക്കാരിൽ പ്രധാനികളായ പുന്നൂച്ചൻ, നൈനാച്ചൻ, ഐപ്പ് തോമ്മാ കത്തനാർ തുടങ്ങിയവരെ പോലീസ് വിലങ്ങു വച്ചു. ഉടനടി കൊല്ലത്തേക്കു കാൽനടയായി വിലങ്ങും ധരിച്ചു പുറപ്പെടണമെന്നുള്ള

ഉത്തരവും ഉണ്ടായി. മൃത ശരീരം പോസ്റ്റുമോർട്ടത്തിനായി മാവേലിക്കരയിലേയ്ക്കയച്ചു. പ്രതികളെ സഹായിക്കാൻ ആരും മുതിർന്നില്ല. ഈ സമയം കണ്ടത്തിൽ കുടുംബത്തിലെ ഈപ്പച്ചനും, പോത്തച്ചനും കൂടി വളരെ പണവും, സ്വാധീനവും ഉപയോഗിച്ച് പ്രതികളെ സഹായിച്ചു.

കൊല്ലമന കുടുംബസ്ഥപകൻ 13-ാം തലമുറയിൽ ജീവിച്ചിരുന്ന ശ്രീമാൻ മാത്തു കൊല്ലമനയാണ്. ശ്രീമാൻ മാത്തുച്ചന്റെ ജനനം, വിവാഹം, മരണം എന്നീത്യാദി വിവരങ്ങൾ അറിവില്ല. അദ്ദേഹം നിരണം പള്ളിയിൽ അംഗമായിരുന്നു. ശ്രീമാൻ മാത്തുകൊല്ലമനയ്ക്ക് ആറ് സന്താനങ്ങൾ ഉണ്ടായി. കൊല്ലമന കുടുംബം വികസിക്കുന്നതായി കാണാം. മൂത്തമകൻ അബ്രഹാം മാത്തുച്ചൻ, രണ്ടാമത്തെ മകൻ കൊല്ലമന പോത്ത, മൂന്നാമത്തെ മകൻ മാത്തു, മൂത്ത മകളെ ചെത്തിപ്പുരയ്ക്കൽ കുടുംബത്തിൽ വിവാഹം കഴിപ്പിച്ചു. ഇളയ മകളെ കോട്ടയത്ത് എരുത്തുങ്കൽ കുടുംബത്തിൽ വിവാഹം കഴിപ്പിച്ചു. നാലാമത്തെ മകൻ പഴങ്ങേരിൽ പോത്ത എന്നിവരാണ്. കുടുംബസ്ഥാപകനായ ശ്രീമാൻ മാത്തുകൊല്ലമനയുടെ മൂത്തപുത്രൻ അബ്രഹാം മാത്തുച്ചൻ കറുകയിൽ കുടുംബത്തിൽ കുഞ്ഞാണ്ടമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികളുടെ മൂത്തപുത്രൻ മഠത്തിൽ കുടുംബത്തിന്റെ സ്ഥാപകനായ കൊച്ചിടുക്കളേച്ചനാണ്. കൊച്ചിടുക്കളേച്ചന് ആറ് സന്താനങ്ങളുണ്ടായി, മഠത്തിൽ ശാഖ വികസിക്കുന്നതായി കാണുവാൻ കഴിയും. കൊല്ലമന കുടുംബാംഗങ്ങളായ ശ്രീമാൻ അബ്രഹാം മാത്തുച്ചൻ, ശ്രീമാൻ പോത്ത, ശ്രീമാൻ മാത്തു എന്നിവർ ധാരാളം ഭൂസ്വത്തുടമകളായിരുന്നു. ധനാഢ്യരായിരുന്ന ഇവർ പള്ളിപ്പണികൾക്ക് ധാരാളം പണം ചെലവാക്കിയിരുന്നു. മലങ്കര ഓർത്തഡോക്സ് സഭയുടെ നിലനിൽപ്പിനു സഹായിച്ചവരിൽ പ്രധാനികളായിരുന്നു. നവീകരണത്തെ എതിർത്ത് സഭയുടെ പൗരസ്ത്യ സ്വഭാവത്തെ ആവുന്നത്ര കാത്തുസൂക്ഷിക്കുന്നതിൽ ബദ്ധശ്രദ്ധാലുക്കളായിരുന്നു. പള്ളി കേസുകൾക്കും മറ്റും ധാരാളം പണം ആവശ്യമായിരുന്നതിനാൽ ഇവരുടെ ഭൂസ്വത്തുക്കൾ വിറ്റ് പണം പള്ളിക്കു വേണ്ടി ഉപയോഗിച്ചിരുന്നു.



# കൊല്ലവന- കൊല്ലമന

കൊല്ലവന, കൊല്ലമന എന്ന നമ്മുടെ കുടുംബപേരിന്റെ ഉൽപത്തിയെക്കുറിച്ച് രണ്ട് ഐതീഹ്യങ്ങൾ പറഞ്ഞ് കേൾക്കുന്നുണ്ട്. പഴയ കാലത്ത് സ്ഥലത്തിന് യോജിച്ചതും, അർത്ഥവത്തായ പേരുകളും കുടുംബത്തിന് നൽകിയിരുന്നു. കൊല്ല എന്ന കുറ്റിച്ചെടി ധാരാളം വളർന്നിരുന്ന ഒരു വനം, നിരണത്തുനിന്നു വന്നു കുടിയേറി പാർത്ത നമ്മുടെ പൂർവ്വികർ വെട്ടിതെളിച്ച് പുരപണിതതിനാൽ ''കൊല്ലവന'' എന്ന കുടുംബപേര് ലഭിച്ചു. 'കൊല്ല' എന്ന വാക്കിന് ചിറ, മട, ചെറിയതോട്, ചോലി എന്നിങ്ങനെവേറെ അർത്ഥങ്ങളും ഉണ്ട്. ചെറിയ തോടിന് അടുത്തുള്ള വനം ആയതിനാൽ കൊല്ലവന എന്ന പേര് ലഭിച്ചതാകാം.

മറ്റൊന്ന്, നിരണത്തു നിന്ന് വന്ന് തിരുവല്ലായിൽ താമസമാക്കിയ പൂർവ്വികർക്ക് ചുമന്ന മുളക് മൊത്ത വ്യാപാരമായിരുന്നു പ്രധാന ജോലി. ചുമന്ന മുളകിന് കൊല്ലമുളക് എന്ന് അക്കാലത്ത് പറഞ്ഞിരുന്നു. ആയതുകൊണ്ട് കുടുംബത്തിന് കൊല്ലമന എന്ന പേരു ലഭിച്ചു.

ഇനി കൊല്ലമനയുടെ അടുത്തുള്ള സ്ഥലനാമങ്ങൾ എങ്ങനെ ലഭിച്ചു എന്നറിയുന്നത് രസകരമായിരിക്കും. കീച്ചേരി (കീഴ്ചേരി) എന്നതിന് കോൺകര എന്നർത്ഥം. കൊല്ലവനയ്ക്ക് തെക്കുള്ള സ്ഥലം കീച്ചേരി എന്നറിയപ്പെട്ടിരുന്നു. അതായത് ചേരി പ്രദേശം. മണലിൽ-മണൽ ധാരാളം ഉണ്ടായിരുന്ന സ്ഥലം. കട്ടപ്പുറം-കട്ട കുത്തിനികത്തിയ സ്ഥലം. കുളഞ്ഞി എന്ന ചെടി ധാരാളം ഉണ്ടായിരുന്ന സ്ഥലത്തിന് കുളഞ്ഞിപ്പുരയിടം എന്ന പേർ ലഭിച്ചു. ചാലക്കുഴി (ചാളകുഴി) താഴ്ന്ന സ്ഥലമോ, കുളമോ ആയിരുന്നു.

കൊല്ലവന പോത്തയുടെ മരണം ഒരു കൊലപാതക കേസായി മാറിയശേഷം എതിർകക്ഷികൾ ''കൊല്ല് അവനെ'' ("Kill him") എന്ന് കളിയാക്കി വിളിച്ചിരുന്നതായി കേൾവിയുണ്ട്. ആയതുകൊണ്ട് 14-ാം തലമുറക്ക് ശേഷം വന, മന ആയി മാറിയതാകാം എന്ന് അനുമാനിക്കുന്നു. നിരണത്ത് കല്ലുപോലെ ഉറച്ച ഭൂമിയെ കല്ലുള്ള ഊര് എന്ന അർത്ഥത്തിൽ കല്ലൂർ എന്ന കുടുംബപേര് നമ്മുടെ കുടുംബത്തിന് ലഭിച്ചതായി കരുതുന്നു. കൊടിയകാട് ആയിരുന്ന സ്ഥലത്ത് കുടുംബവീട് പണികഴിപ്പിച്ചതിനാൽ കോടിയാട്ട് എന്ന പേർ ലഭിച്ചു. വയൽ നികത്തി വീടുകൾ പണിത കുടുംബങ്ങൾക്ക് മാലിയിൽ എന്ന

പേര് നൽകിയിരുന്നു. അങ്ങനെ മനേത്തുമാലി എന്ന കുടുംബപേര് ലഭിച്ചു. കാന എന്ന ചെടി ധാരാളമായി വളർന്നിരുന്ന കാട് വെട്ടി തെളിച്ച് നമ്മുടെ പൂർവ്വികർ പുര പണിതതിനാൽ കാനേകാട്ട് എന്ന കുടുംബപേര് ലഭിച്ചു. പഴഞ്ഞേരിൽ എന്ന കുടുംബപേരും സ്ഥലത്തിന് അനുയോജ്യമായ പേരാണ് ലഭിച്ചത്. മഠത്തിൽ എന്ന പേർ വന്നത് അന്നത്തെ പ്രധാനപ്പെട്ട ബ്രാഹ്മണ ഭവനങ്ങളുടെ പേര്-ഇതുവൽ മഠം, മൂവിടത്തു മഠം, ഏർത്തമശേരി മഠം. എന്നിങ്ങനെ മഠം ചേർത്താണ് അറിയപ്പെട്ടിരുന്നത്. അവരുടെ നിലം നമ്മുടെ പൂർവ്വീകർ വാങ്ങിയതോടുകൂടി കോടിയാട്ട് മഠം, കൊല്ലവന മഠം രൂപം കൊണ്ടു.

നമ്മുടെ മൂലകുടുംബമായ കല്ലൂർ കുടുംബം, നിരണത്ത് ഉത്ഭവിച്ചതായി ആണ് ഐതീഹ്യം. കല്ലൂർ കുടുംബത്തിലെ 13,14 തലമുറയിൽ ജീവിച്ചിരുന്ന പിതാക്കന്മാരെക്കുറിച്ച് ഒരറിവും ഇല്ല. 15-ാം തലമുറയിൽ ജീവിച്ചിരുന്ന ഗീവറുഗീസ് മാത്തുച്ചനാണ് കല്ലൂർ കുടുംബത്തിന്റെ വ്യക്തമായി അറിയാവുന്ന പൂർവ്വപിതാവ് ശ്രീമാൻ. ഗീവറുഗീസ് മാത്തുച്ചനും, ഭാര്യ അന്നമ്മക്കും അഞ്ച് സന്താനങ്ങൾ ഉണ്ടായി കല്ലൂർ കുടുംബം വികസിക്കുന്നതായി കാണാം. മൂത്തമകൻ ഗീവറുഗീസ് കൊച്ചിട്ടി, രണ്ടാമത്തെ മകൻ ജോർജ്ജ് വർഗീസ്, മൂത്ത മകളെ മണലിൽ കുടുംബത്തിൽ വിവാഹം കഴിപ്പിച്ചു. മൂന്നാമത്തെ മകൻ മാത്യു, രണ്ടാമത്തെ മകൾ താഴ്ചേയിൽ കുടുംബത്തിൽ വിവാഹം കഴിപ്പിച്ചയച്ച റിബേക്കായും ആണ്. ശ്രീമാൻ ഗീവറുഗീസ് മാത്തുച്ചൻ മലങ്കര ഓർത്തഡോക്സ് സഭ വിശ്വാസിയായിരുന്നു. തികഞ്ഞ ദൈവഭക്തനായിരുന്ന ഈ പിതാവ് തിരുവല്ലായിൽ ബഹുമാനിതനായിരുന്നു. സഭയിൽ രണ്ടു കക്ഷികളായ സമയത്ത് മലങ്കര സുറിയാനി സഭയുടെ പൗരസ്ത്യ സ്വഭാവത്തെ ആവുന്നത്ര സംരക്ഷിക്കുന്നതിൽ ബദ്ധശ്രദ്ധാലു ആയിരുന്നു. നമ്മുടെ ആദ്യത്തെ കുടുംബയോഗം പ്രസിഡന്റ് ആയിരുന്ന ശ്രീമാൻ എം.വർഗീസ്, കുടുമ്പോൽപത്തിയെക്കുറിച്ച് അറിഞ്ഞിരുന്നത്-നിരണത്ത് നിന്ന് തിരുവല്ലായിൽ വന്ന് താമസമാക്കി കൊല്ലമന പോത്തയുടെ സഹോദരനായിരുന്നു 14-ാം തലമുറയിൽ ജീവിച്ചിരുന്ന കല്ലൂർ പിതാവ്. തിരുവല്ലായിലെ കൊല്ലമന കുടുംബവീടിന്റെ പടിഞ്ഞാറെ അറ്റത്ത് കൊല്ലവന പോത്തയും, കിഴക്കുഭാഗത്ത് കല്ലൂർ കുടുംബത്തിലെ പിതാവും താമസിച്ചിരുന്നു. മക്കളില്ലാതിരുന്ന പോത്തയുടെ മരണശേഷം അത് കല്ലൂർ കുടുംബമായി മാറി എന്നായിരുന്നു അദ്ദേഹം ഗ്രഹിച്ചിരുന്നത്. ശ്രീമാൻ എം.വർഗീസ്, തന്റെ വല്ല്യപ്പച്ചനെക്കുറിച്ച്



അറിഞ്ഞിരുന്നത്- തന്റെ മതത്തോടും സഭയോടും വളരെ കൂറുള്ള വനും, സഭാ നേതൃത്വം കൊണ്ടും ധനാഢ്യത മൂലവും ഏവരാലും ബഹുമാനിതനുമായിരുന്നു. ഗീവറുഗീസ് മാത്തുച്ചൻ പിതാവിന്റെ മൂത്ത പുത്രൻ ഗീവറുഗീസ് കൊച്ചിട്ടിയുടെ ആദ്യത്തെ ഭാര്യയിൽ രണ്ട് പെൺമക്കളും രണ്ടാമത്തെ ഭാര്യയിൽ രണ്ട് ആൺമക്കളും ഒരു മകളും ഉണ്ട്. രണ്ടാമത്തെ പുത്രൻ ജോർജ്ജ് വർഗീസിന് രണ്ട് ആൺമക്കളും രണ്ട് പെൺമക്കളും ഉണ്ട്. മൂന്നാമത്തെ മകൻ ശ്രീമാൻ സി.ജി. മാത്യുവിന് മൂന്ന് ആൺമക്കളും രണ്ട് പെൺമക്കളും ഉണ്ട്.

നമ്മുടെ കുടുംബയോഗം പ്രസിഡന്റ് ശ്രീമാൻ പി.പി. ഇടുക്കള, രചിച്ച മഠത്തിൽ കുടുംബത്തിന്റെ ഉത്ഭവത്തെക്കുറിച്ച് തുടർന്ന് വിവരിക്കുന്നു.

## കൊല്ലമന മഠത്തിൽ കുടുംബചരിത്രം

കുറവിലങ്ങാട്ടു നിന്നും പ്രസിദ്ധമായ പകലോമറ്റം കുടുംബ ത്തിന്റെ ഒരു ശാഖ ഏതാണ്ട് നാല് ശതകത്തിനു മുമ്പ് തിരുവല്ലാ പഴയ മഠത്തിൽ പോറ്റിയുടെ സ്നേഹനിർഭരമായ നിർബന്ധത്തിനു വഴങ്ങി തിരുവല്ലായിൽ കാവും ഭാഗത്ത് കൃഷ്ണസ്വാമി ക്ഷേത്രത്തിനു സമീപം പഴയ മഠത്തിന്റെ വകയായ ഒരു കാഞ്ഞരക്കാടു വെട്ടിത്തെളിച്ച് അവിടെ ഒരു വീടു പണിയിച്ചു താമസമായി.

കാഞ്ഞരമരങ്ങൾ ധാരാളമായി ഉണ്ടായിരുന്ന സ്ഥലത്താണ് വീടു നിർമ്മിച്ചിരുന്നത് എന്ന കാരണത്താൽ ഈ ക്രിസ്ത്യാനി കുടുംബം കാഞ്ഞരക്കാട്ടു കുടുംബം എന്ന പേരിലാണ് അറിയപ്പെട്ടത്.

അക്കാലത്ത് ഹിന്ദുദേവാലയങ്ങളിൽ പൂജാവസ്തുക്കൾ ക്കൊണ്ടു പോകുമ്പോൾ താഴ്ന്ന ജാതിക്കാരുടെ സാമീപ്യം കൊണ്ട് അവ അശുദ്ധമായിട്ടുണ്ടെങ്കിൽ അവ ശുദ്ധം ആകുന്നതിനു സുറിയാനി ക്രിസ്ത്യാനി അതുതൊടുകയോ, അതിൽ അരിനുള്ളി ഇടുകയോ വേണം എന്നൊരു പതിവുണ്ടായിരുന്നു. ആയതിലേക്കു കൂടിയാണ് കുറവിലങ്ങാട്ടു നിന്നും മേൽപറഞ്ഞ കുടുംബത്തെ തിരുവല്ലായിൽ കൊണ്ടു വന്നു പാർപ്പിച്ച് അവർക്കുവേണ്ട എല്ലാ സൗകര്യങ്ങളും പഴയ മഠത്തുകാർ ചെയ്തുകൊടുത്തത്. കാഞ്ഞരക്കാട്ടു കുടുംബക്കാർ കച്ചവട സംബന്ധമായ പ്രവർത്തനങ്ങളിൽ കൂടി ധാരാളം ഭൂസ്വത്തും ഇതര സമ്പാദ്യങ്ങളും സ്വായത്തമാക്കിയതോടുകൂടി തിരുവല്ലായിലെ ഒരു പ്രബലവും പ്രസിദ്ധവുമായ കുടുംബമായി പ്രകീർത്തിക്കപ്പെട്ടു.

പിൽക്കാലത്ത് ഈ കുടുംബത്തിൽ ഒരു കുര്യൻ എന്ന കാരണവരുടെ ആദ്യ ഭാര്യയുടെ നിര്യാണത്തെ തുടർന്ന് രണ്ടാമതും വിവാഹം കഴിച്ചു.

ആദ്യവിവാഹത്തിൽ കുര്യാച്ചന് മൂന്നു പുത്രിമാരും രണ്ടാമത്തെ വിവാഹത്തിൽ മൂന്നു പുത്രൻമാരുമാണുണ്ടായിരുന്നത്. മൂത്ത പുത്രി മറിയാമ്മയെ മൂത്തേടത്തു കുടുംബത്തിലെ മാത്തുള്ള വിവാഹം കഴിച്ചു. ഈ മാത്തുള്ളയാണ് ഇപ്പോഴത്തെ പ്രസിദ്ധമായ കണ്ടത്തിൽ കുടുംബസ്ഥാപകൻ. കണ്ടത്തിൽ വല്യമ്മച്ചി എന്ന് അറിയപ്പെടുന്നത് ഈ മറിയാമ്മയാണ്.

കുര്യച്ചന്റെ മൂത്ത പുത്രൻ ഇടുക്കള വിവാഹിതനായപ്പോൾ എല്ലാവരുടേയും അനുഗ്രഹാശിസ്സുകളോടെ പാലിയേക്കര, ഇപ്പോഴത്തെ പാലിയേക്കര (തിരുവല്ല) സെന്റ് ജോർജ്ജ് ദേവാലയത്തിൽ നിന്നും അധിക ദൂരമല്ലാതെ വടക്കുപടിഞ്ഞാറായി ഏതാണ്ട് 500 വാര അകലെ ഒരു കാടായിക്കിടന്ന സ്ഥലം വെട്ടിത്തെളിച്ച് അവിടെ ഒരു പുതിയ ഗൃഹം പണികഴിപ്പിച്ചു. ഇവിടേയ്ക്ക് ഭാര്യാസമേതം താമസം മാറ്റി. ഗൃഹം ഇരുന്ന സ്ഥലം മറ്റ് സ്ഥലങ്ങളെ അപേക്ഷിച്ച് ഇടതൂർന്ന മരങ്ങളാൽ നിറഞ്ഞിരുന്നതിനാൽ ആ സ്ഥലം ഒരു കൊടിയകാട്, കോടിയാട്ടായി അറിയപ്പെടാൻ തുടങ്ങി. അങ്ങനെ കോടിയാട്ട് എന്ന പേരിൽ ആ തറവാടും പ്രസിദ്ധിയാർജ്ജിച്ചു.

കോടിയാട്ട് താമസമാക്കിയ ഇടുക്കള തന്റെ ഇളയ രണ്ടു സഹോദരന്മാരുടെയും വിവാഹശേഷം ഇപ്പോഴത്തെ തിരുവല്ലാ പള്ളിപാലത്തിനു സമീപം വടക്കു വശത്തായി നേർ അവകാശികൾ ഇല്ലാതിരുന്ന കാക്കനാട്ടു കിഴക്കേ മഠം എന്ന ഇല്ലം അതിന്റെ ഉടമസ്ഥനിൽ നിന്നും വിലയ്ക്കു വാങ്ങി അവിടെ താമസമാക്കി. അതാണ് പിൽക്കാലത്ത് 'കൊടിയാട്ടു മഠത്തിൽ' എന്ന പേരിൽ അറിയപ്പെട്ട തറവാട്.

ഇപ്രകാരം ഇവിടെ താമസമാക്കിയ ഇടുക്കള വിവാഹം കഴിച്ചിരുന്നത് പുരാതനമായ തേൻ മഠത്തിൽ ഏലിയാമ്മ എന്ന മഹിളയെ ആയിരുന്നു. വല്യ ഇടുക്കളേച്ചൻ ദമ്പതികൾക്ക് നാലു പെൺ സന്താനങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതിൽ ഇളയ മകൾ കൊച്ചേലിയാമ്മയെ, പ്രസിദ്ധമായ കൊല്ലവന കുടുംബത്തിലെ മാത്തുച്ചൻ എന്ന ആളിന്റെ മൂത്ത മകൻ ഇടുക്കളേച്ചൻ വിവാഹം കഴിച്ച് മഠത്തിൽ ദത്തായി വല്യഇടുക്കളേച്ചൻ സ്വീകരിച്ചു. മരുമകനും ഒരു



ഇടുക്കള നാമധാരി ആയിരുന്നതിനാൽ എല്ലാവരും ഈ പുതിയ കുടുംബാംഗത്തെ കൊച്ചിടുക്കളേച്ചൻ എന്ന് അഭിസംബോധന ചെയ്തുവന്നു.

കൊല്ലവന മഠത്തിൽ കുടുംബത്തിന്റെ പ്രാരംഭ ചരിത്രം ചുരുക്കമായാണെങ്കിലും സുഗ്രാഹ്യമാണെന്നു കരുതുന്നു.

കൊച്ചിടുക്കളേച്ചൻ ദമ്പതികൾക്ക് (കുടുംബസ്ഥാപകൻ) നാല് ആൺമക്കളും രണ്ടു പെൺമക്കളുമാണുണ്ടായിരുന്നത്.

മൂത്ത മകൻ എബ്രഹാം(കുട്ടി) തിരുവല്ല കൊങ്ങളത്തു തറവാട്ടിൽ നിന്നും അച്ചാമ്മയെ വിവാഹം കഴിച്ച് കുടുംബത്ത് താമസമാക്കി. ഈ കാലയളവിൽ കൊച്ചിടുക്കളേച്ചൻ കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. എബ്രഹാം സർക്കാർ സ്കൂളിൽ അധ്യാപകനായി ജോലിയിൽ പ്രവേശിച്ചു. പെൻഷൻ പറ്റി പിരിഞ്ഞ അദ്ദേഹം 93-ാം വയസ്സിൽ മരിച്ചു.

കൊച്ചിടുക്കളേച്ചന്റെ രണ്ടാമത്തെ മകൻ ഒരു മിഡിൽ സ്കൂൾ അദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ചു. അദ്ദേഹത്തിന് അധിക നാൾ കഴിയുന്നതിനു മുമ്പ് സന്നിപാദ ജ്വരം പിടിപെട്ടു മരിച്ചു. ആ ദമ്പതികൾക്കു സന്താനങ്ങൾ ഇല്ലായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ പുനർവിവാഹം ചെയ്യപ്പെട്ടു. പുത്രീപുത്ര സമ്പത്തോടു കൂടി വളരെ ഉന്നതനിലയിൽ ജീവിച്ച് വാർദ്ധക്യത്തിൽ മരിച്ചു. ആ അമ്മയേ കാണുന്നതിനും സൗഹൃദം പുലർത്തുന്നതിനും ഈ ലേഖകന് ഭാഗ്യമുണ്ടായി.

മൂന്നാമത്തെ മകൻ ചാക്കോ (കുഞ്ഞാക്കോച്ചൻ) കരിപ്പുഴ വേരുങ്കൽ കുടുംബത്തിൽ നിന്നും അച്ചാമ്മയെ വിവാഹം കഴിച്ച് പുളിക്കീഴ് (വളഞ്ഞവട്ടം) കൊല്ലമന മഠം എന്ന പേരിൽ വീടു വച്ചു താമസമാക്കി.

നാലാമത്തെ മകൻ (ഇളയമകൻ) ഫിലിപ്പോസ് (കൊച്ചുകുഞ്ഞ്) കാരിച്ചാൽ പണിക്കർ കുടുംബാംഗവും, ചാലക്കുഴി തെക്കേപ്പള്ളി വികാരിയായിരുന്ന മരിച്ച കൊച്ചുകോശി കത്തനാരുടെ ഇളയമകൾ അദ്ധ്യാപിക, സാറാമ്മയെ വിവാഹം കഴിച്ചു. സാധാരണ ഗതിയിൽ ഇളയമകനാണ് തറവാടെങ്കിലും, കുടുംബഭരണം നടത്തിയിരുന്നത് ഏബ്രഹാം (കുട്ടി) ആയിരുന്നതിനാലും സാറാമ്മയ്ക്ക് അവകാശമായി സ്വന്തമായി വീടുണ്ടായിരുന്നതിനാലും കൊച്ചു കുഞ്ഞും അച്ചന്റങ്ങ് പുത്തൻ പുരയ്ക്കൽ താമസമാക്കി.

കൊച്ചിടുക്കളേച്ചന്റെ പെൺമക്കളിൽ കനിഷ്ഠ അന്നമ്മ (ചിന്നമ്മയേ) വളഞ്ഞവട്ടത്തു പാണ്ടൻ പടവിൽ ചെറിയാച്ചൻ വിവാഹം കഴിച്ചു. ഏറ്റവും ഇളയമകൾ മറിയാമ്മയെ (തങ്കമ്മയെ) ചേപ്പാടു പുത്തൻവീട്ടിൽ കുടുംബശാഖയായ തുരുത്തിയിൽ മാത്യു (പാപ്പി) വിവാഹം കഴിച്ചു.

പഴഞ്ഞേരിൽ കുടുംബം 13-ാം തലമുറയിൽ കൊല്ലമന കുടുംബ മായിരുന്നു. 14-ാം തലമുറയിലെ പിതാവായ കൊല്ലമന പോത്തയാണ് പഴഞ്ഞേരിൽ കുടുംബത്തിന്റെ സ്ഥാപകൻ. മാത്തുകൊല്ലമനയുടെ ഇളയപുത്രനാണ് പഴഞ്ഞേരിൽ കുടുംബത്തിന്റെ സ്ഥാപകനായ പോത്തയെന്ന് നമ്മുടെ പൂർവ്വപിതാക്കന്മാർ മനസിലാക്കുന്നു. അതിന് വ്യക്തമായ തെളിവുകൾ ഇല്ല. അത് കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. ബിസിനസ്സ് സംബന്ധമായി പുനലൂരിൽ എത്തിയ ശ്രീമാൻ പോത്ത ധാരാളം ഭൂസ്വത്തിന്റെ ഉടമയായിരുന്നു. തികഞ്ഞ ദൈവഭക്തനാ യിരുന്ന ഈ പിതാവ് കേരളത്തിൽ സ്ഥാപിതമായ ആദ്യത്തെ സഭയിൽ നവീകരണം നടക്കുവാൻ ആഗ്രഹിച്ചിരുന്ന വ്യക്തിയായിരുന്നു. കോവൂരച്ചന്റെ നേതൃത്വത്തിൽ സഭയിൽ നവീകരണം സംഭവിച്ചപ്പോൾ ശ്രീമാൻ പോത്ത നവീകരണത്തെ അനുകൂലിച്ച് മാർത്തോമ്മാസഭയിൽ ഉറച്ചു നിന്നു. ധനാഢ്യനായിരുന്ന ഇദ്ദേഹം മാർത്തോമ്മാ സഭയുടെ ആരംഭകാലത്ത് പള്ളിപ്പണികൾക്കും മറ്റും ധാരാളം പണം ചെലവഴി ച്ചിട്ടുണ്ട്. സഭയുടെ പാരമ്പര്യത്തിലും, ആചാരങ്ങളിലും ഒതുങ്ങി നിൽ ക്കാതെ മനുഷ്യൻ ആത്മീയമായി വളരണമെന്ന് ഈ പിതാവ് ആഗ്ര ഹിച്ചു. എബ്രായർ 6:1-3 വരെ ഇവിടെ പ്രശസ്തമാണ്- അതുകൊണ്ട് നിർജ്ജീവ പ്രവൃത്തികളെക്കുറിച്ചുള്ള മാനസാന്തരം, ദൈവത്തിങ്കലെ വിശ്വാസം സ്നാനങ്ങളെക്കുറിച്ചുള്ള ഉപദേശം, കൈവെപ്പു, മരിച്ചവരുടെ പുനരുദ്ധാനം, നിത്യശിക്ഷാവിധി എന്നിങ്ങനെയുള്ള അടി സ്ഥാനം പിന്നെയും ഇടാതെ നാം ക്രിസ്തുവിനെക്കുറിച്ചുള്ള ആദ്യവചനം വിട്ടു പരിജ്ഞാനപൂർത്തി പ്രാപിപ്പാൻ ശ്രമിക്കുക.

ശ്രീമാൻ പോത്ത പുനലൂരിൽ കിഴക്കേ നാലാം വേലിൽ കുടുംബത്തിൽ നിന്നും വിവാഹം കഴിച്ചു. ആദ്യത്തെ ഭാര്യയുടെ മരണം ശേഷം അതേ കുടുംബത്തിലെ തെക്കെനാലാം വേലിൽ ശോശാമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് നാല് ആൺമക്കളും നാല് പെൺമക്കളുമുണ്ടായി പഴഞ്ഞേരിൽ ശാഖ വികസിക്കുന്നതായി കാണാം. ആൺ മക്കൾ-തോമാ ഇടുക്കള, മാത്യു ഇടുക്കള, പോത്ത ഇടുക്കള, ജോർജ്ജ് പഴഞ്ഞേരിൽ എന്നിവരും പെൺമക്കളിൽ മൂത്ത



മകളെ കോഴഞ്ചേരി മുളമൂട്ടിൽ കുടുംബത്തിലും രണ്ടാമത്തെ മകളെ എടത്വാ കക്കാടം പള്ളിൽ കുടുംബത്തിലും മൂന്നാമത്തെ മകളെ കറുകയിൽ-തുണ്ടിയിൽ കുടുംബത്തിലും നാലാമത്തെ മകളെ നിരണം ചെരുവാക്കൽ കുടുംബത്തിലും വിവാഹം കഴിപ്പിച്ചു.

മാനേത്തുമാലി കുടുംബത്തിന്റെ ആരംഭം 15-ാം തലമുറയിൽ ജീവിച്ചിരുന്ന ശ്രീമാൻ ഇട്ടി, ശ്രീമാൻ പോത്ത എന്നീ പിതാക്കന്മാർ മുതലാണ്. 13-ാം തലമുറയിൽ ഇത് മൂലക്കുടുംബമായിരുന്നു. 14-ാം തലമുറയിലെ പിതാവ് മുതൽ മാനേത്തുമാലി കുടുംബം മൂലകുടുംബ ത്തിൽ നിന്ന് പിരിഞ്ഞതായി നമ്മുടെ പിതാക്കന്മാർ ഗ്രഹിച്ചിരുന്നു. ആയതുകൊണ്ട് നമുക്ക് വ്യക്തമായി അറിയാവുന്ന ശ്രീമാൻ ഇട്ടിയും, ശ്രീമാൻ പോത്തനും, മാനേത്തുമാലി കുടുംബത്തിന്റെ സ്ഥാപകരാണ്. തികഞ്ഞ ദൈവഭക്തരായിരുന്ന ഇവർ രണ്ടുപേരും മലങ്കര സുറിയാനി സഭയിൽ ഉറച്ചു നിന്നു. മാനേത്തുമാലി കുടുംബക്കാരുടെ പ്രധാന ജീവസന്ധാരണമാർഗ്ഗം കൃഷിയും ബിസിനസ്സും ആയിരുന്നു. പാടത്തെ നെൽകൃഷിയും കരയ്ക്കുള്ള തെങ്ങുകളും ആദായമാർഗ്ഗങ്ങളായിരുന്നു. പുഞ്ചപ്പാടങ്ങളിൽ കൊയ്ത്തുകാലത്ത് ഉടമസ്ഥൻ ഏറുമാടങ്ങളിൽ രാവും പകലും താമസിച്ചാണ് കൃഷി എടുപ്പിക്കുന്നത്. തിരുവല്ലായിൽ കാവുംഭാഗം, അഴിയിടത്തുചിറ എന്നീ സ്ഥലങ്ങളിൽ മാനേത്തുമാലി കുടുംബത്തിലെ പൂർവ്വികർ താമസിച്ചിരുന്നു. പാടങ്ങൾ നികത്തിവെച്ച വീടുകൾ ആയിരുന്നതിനാൽ മാനേത്തുമാലി എന്ന കുടുംബപ്പേരിൽ ഈ ശാഖ അറിയപ്പെടുന്നു. 12 ഉം 13 ഉം തലമുറകളിൽ ജീവിച്ചിരുന്ന നമ്മുടെ പൂർവ്വികർ കൃഷി ചെയ്യിക്കുന്നതിൽ വ്യാപൃതമായിരുന്നു. അന്നത്തെ പ്രധാന കൃഷിയായ നെൽകൃഷിയെക്കുറിച്ച് അൽപ വിവരണം താഴെ ചേർക്കുന്നു.

ഡിസംബർ മാസത്തോടു കൂടി കൃഷിയിടങ്ങളുടെ വരമ്പുകൾ തിരിച്ച് വെള്ളം വറ്റിച്ച് നെൽ വിത്ത് വിതയ്ക്കുകയായിരുന്നു രീതി. നൂറും നൂറ്റിരുപതും ദിവസം മൂപ്പുള്ള കൊച്ചു വിത്ത്, ചമ്പാവ്, ചെന്നി നായകൻ എന്നിത്യാദിയിനം നെല്ലാണ് വിതയ്ക്കുന്നത്. വലിയ കൃഷിച്ചെലവില്ലാതെ പത്തുപന്ത്രണ്ടു മേനി വിളവു കിട്ടും. പാട ശേഖര ത്തിന് പൊതുവായി വലിയ പുറവരമ്പുകെട്ടി, എട്ടില, പതിനാറില, മുതലായ ചക്രങ്ങളുപയോഗിച്ച് തോട്ടിലേക്ക് ചവിട്ടിക്കയറ്റിയാണ് വെള്ളം വറ്റിച്ചിരുന്നത്. വെള്ളം വറ്റിയ്ക്കുന്നതുമുതൽ മാർച്ചു മാസം അവസാനം നെല്ല് കൊയ്ത് എടുക്കുന്നതു വരെ ഒരു ഉത്സവ പ്രതീതി യാണ്. എല്ലാവർക്കും തൊഴിലും വരുമാനവുമുണ്ട്. മീൻ ധാരാളം കിട്ടും

പാടത്ത് വെള്ളമുള്ളപ്പോൾ. ശുദ്ധജല മീനുകളായ കൊഞ്ച്, കരിമീൻ, വരാൽ, ചേറുമീൻ, കല്ലടമുട്ടി, പള്ളത്തി, കാരി എന്നിവ സുലഭമായി തിരുവല്ലാ പ്രദേശങ്ങളിൽ കിട്ടിയിരുന്നു. കൃഷി കഴിഞ്ഞ് മഴയുടെ പുതുവെള്ളം വരുമ്പോൾ വാള, കുറുവ, പരൽ, മൊരശ് എന്നിവ ധാരാളം കിട്ടുമായിരുന്നു. മിക്ക വീടുകളിലും മീൻ പിടിക്കാൻ വല ഉള്ളതുകൊണ്ട് പാവപ്പെട്ടവർക്ക് അത് ഉപജീവനമാർഗ്ഗവും, ധനികർക്ക് നേരമ്പോക്കുമായിരുന്നു. താഴ്ചയുള്ള പാടങ്ങൾ രണ്ടും മൂന്നും വർഷ ങ്ങൾ കൂടുമ്പോൾ മാത്രമേ കൃഷി ചെയ്തിരുന്നുള്ളൂ. അതുകൊണ്ട് കൊഞ്ച് വളർന്ന് അരകിലോഗ്രാം വരെ തൂക്കം എത്തുമായിരുന്നു. കൊയ്തു മെതിച്ച്, തൂറ്റിയ നെല്ല് വീട്ടറകളിൽ എത്തിക്കും. വില കൂടുതലുള്ള മിഥുനം, കർക്കിടകം മാസങ്ങളിൽ കച്ചവടക്കാർക്ക് വിൽക്കും. കുട്ടനാടൻ ജീവിതം ഇന്നും ഏതാണ്ട് ഇങ്ങനെതന്നെയാണ്. നെൽകൃഷി കൂടാതെ കരയിൽ തെങ്ങ്, മാവ്, പ്ലാവ്, പന എന്നീ വൃക്ഷങ്ങൾ കുടുംബത്തിന് ആദായം നൽകിയിരുന്നു. ചേമ്പ്, ചേന, കപ്പ, വാഴ മുതലായവ മിക്ക വീട്ടു വളപ്പിലും കാണുന്ന കൃഷിയാണ്.

കാനേക്കാട്ടു കുടുംബം 13-ാം തലമുറ മുതലാണ് ശാഖ പിരിഞ്ഞത്. 13 ഉം 14 ഉം തലമുറയിൽ ജീവിച്ചിരുന്ന പിതാക്കന്മാരെ ക്കുറിച്ച് ഇനിയും കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. 15-ാം തലമുറയിൽ ജീവിച്ചിരുന്ന ശ്രീമാൻ ഇടുക്കള, പോത്തൻ, ഇടുക്കള കെ.പി. എന്നിവർ മുതൽ കാനേക്കാട്ട് ശാഖ വികസിക്കുന്നതായി കാണാം. നമ്മുടെ കുടുംബത്തിന്റെ കാനേക്കാട്ട് ശാഖ കത്തോലിക്കാസഭ വിശ്വാസിക ളാണ്. ആദിമകാലത്ത് സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിൽ നിലിനന്നിരുന്ന കേരള ആചാരങ്ങളായ തീണ്ടൽ, പുല, പുണ്യാഹം, അടിമക്കച്ചവടം ആദിയായ ഹിന്ദുച്ചുവയുള്ള എല്ലാത്തിനും നിരോധനം ഏർപ്പെടുത്തി റോമൻ കത്തോലിക്കാ മതം കേരളത്തിൽ സ്ഥാപിത മായി. കൂടാതെ മത പരിവർത്തനം മൂലം ക്രിസ്ത്യാനികളായ നമ്മുടെ പൂർവ്വികർക്ക് ഹിന്ദുക്കളിൽ നിന്നുള്ള പീഡനം അനവധിയായിരുന്നു. കൂടാതെ പറങ്കികളിൽ നിന്ന് വളരെ എതിർപ്പുകൾ നമ്മുടെ പൂർവ്വികർക്ക് ഏൽക്കേണ്ടി വന്നിരുന്നു. ഈ വിരോധം അന്നു ഭാഗ്യ മോടെ വാണരുളിയ പരിശുദ്ധ മാർപ്പാപ്പാ തിരുമേനിയുടെ പരിശ്രമ ഫലമായി അവസാനിക്കുകയും കത്തോലിക്കാ സഭയിൽ ഭൂരിപക്ഷം ആളുകൾ ഉറയ്ക്കുകയും ചെയ്തു. കുറവിലങ്ങാട്ടുള്ള പിണക്കവും ജനസംഖ്യയുടെ വർദ്ധനവും നിമിത്തം അവിടെ നിന്നും നമ്മുടെ കാനേകാട്ട് ശാഖ തിരുവല്ലായോട് അടുത്ത് കാരയ്ക്കൽ എന്ന സ്ഥലത്ത്



എത്തി. കാനേകാട്ട് കുടുംബത്തിലെ ശ്രീമാൻ ഇടുക്കള, പോത്തൻ, ഇടുക്കള കെ.പി. എന്നീ സഹോദരന്മാർക്ക് 10 സന്താനങ്ങളുണ്ടായി കാനേകാട്ട് ശാഖ വികസിക്കുന്നതായി കാണാം.

കാനേകാട്ട് ഇടുക്കളയുടെ മൂത്ത പുത്രൻ ഇടുക്കളയും, രണ്ടാമത്തെ പുത്രൻ മത്തായിയുമാണ്. കാനേകാട്ട് പോത്തന്റെ മൂത്ത പുത്രൻ ഇടുക്കളയും രണ്ടാമത്തെ പുത്രൻ എബ്രഹാം, കൂടാതെ നാലു പെൺമക്കളുമുണ്ട്. മൂന്നാമത്തെ പുത്രൻ ഇടുക്കള കെ.പി.യ്ക്ക് കെ.ഐ. വർഗീസ്, കെ.ഐ. ഇടുക്കള എന്നിങ്ങനെ രണ്ടു പുത്രന്മാരുമുണ്ട്. കാനേകാട്ട് കുടുംബത്തിലെ പൂർവ്വികരും ആദികാലങ്ങളിൽ കൃഷിയിലും വ്യാപാരത്തിലും ഏർപ്പെട്ടിരുന്നു.

നമ്മുടെ കുടുംബോൽപത്തി ഒന്നാം നൂറ്റാണ്ടുമുതൽ പന്ത്രണ്ടാം നൂറ്റാണ്ടുവരെയുള്ള കാലത്തിൽ എന്നോ നടന്നിരിക്കണം എന്നാണ് ഐതീഹ്യം. നമ്മുടെ കുടുംബോൽപത്തിക്ക് ശേഷം കൊല്ലമന, കല്ലൂർ, മഠത്തിൽ, മാനേത്തുമാലി എന്നീ കുടുംബങ്ങൾ മലങ്കര ഓർത്തഡോക്സ് സഭയിലും, പഴങ്ങേരിൽ കുടുംബം മാർത്തോമ്മാസഭയിലും, കാനേകാട്ട് കുടുംബം കത്തോലിക്കാ സഭയിലും വിശ്വാസികളായി നിലനിന്നിരുന്നതായി കാണാം. ആയതു കൊണ്ട് ഈ മൂന്നുസഭകളുടെ ആദിമകാലത്ത് പ്രതിസന്ധിഘട്ടങ്ങളിൽ സഭയെ നിലനിർത്തുന്നതിനും വേണ്ടി നമ്മുടെ പൂർവ്വീകർ വളരെ യാതനകളും, കഷ്ടങ്ങളും സഹിക്കേണ്ടി വന്നിരുന്നു. കൂടാതെ ധാരാളം ഭൂസ്വത്തും, പണവും അതിലേക്കായി ചിലവഴിച്ചതായും കാണുവാൻ കഴിയും.

# ഭാഗം രണ്ട്

## അദ്ധ്യായം-6

# പൂർവ്വ പിതാക്കന്മാർ

### XIII -I

### മാത്തു കൊല്ലമന (1768 – 1841)

13-ാം തലമുറയിലെ ആദ്യത്തെ പിതാവാണ് മാത്തൂച്ചൻ കൊല്ലമന. കൊല്ലമന മാത്തൂച്ചൻ നിരണം പള്ളിയിൽ അംഗമായിരുന്നു. അദ്ദേഹത്തിന്റെ പിതാവ്, മാതാവ്, ഭാര്യ എന്നിവരെക്കുറിച്ചുള്ള വിവരങ്ങൾ അറിവില്ല. കൊല്ലമന കുടുംബത്തിന്റെ സ്ഥാപകനായ കൊല്ലമന മാത്തൂച്ചന് ആറ് സന്താനങ്ങൾ ഉണ്ടായിരുന്നു. മൂത്തമകൻ അബ്രഹാം മാത്തൂച്ചൻ, രണ്ടാമൻ കൊല്ലമന പോത്ത, മൂന്നാമത്തെ മകൻ മാത്തു, മൂത്ത മകളെ ചെത്തിപുരക്കൽ കുടുംബത്തിൽ വിവാഹം കഴിപ്പിച്ചു. ഇളയ മകളെ കോട്ടയത്ത് എരുത്തുങ്കൽ കുടുംബത്തിലും വിവാഹം കഴിപ്പിച്ചു. നാലാമത്തെ മകൻ പഴഞ്ഞേരിൽ പോത്ത എന്നിവരാണ്. ശ്രീമാൻ മാത്തൂച്ചൻ 73 വയസ്സുള്ളപ്പോൾ നിര്യാതനായി അദ്ദേഹത്തെ നിരണം പള്ളിയിൽ സംസ്ക്കരിച്ചിരിക്കുന്നു.

### XIV -I

### കൊല്ലമന പോത്ത (1793 – 1853)

13-ാം തലമുറയിലെ കൊല്ലമന മാത്തൂച്ചന്റെ മൂത്ത പുത്രൻ കൊല്ലമന പോത്ത. 1793 ൽ നിരണത്ത് ജനിച്ചു. വിവാഹിതനായിരുന്ന പോത്തയ്ക്ക് മക്കളില്ലായിരുന്നു. തന്റെ മതത്തോടും സഭയോടും വളരെ കൂറുള്ളവനും സഭാ നേതൃത്വം കൊണ്ടും ധനാഢ്യതമൂലവും



ഏവരാലും ബഹുമാനിതനുമായിരുന്നു. സുറിയാനി സഭയുടെ ഏറ്റവും ദുർഘടം പിടിച്ച ഘട്ടത്തിൽ, പൂർവിക പാരമ്പര്യത്തിലും, സഭയുടെ സ്വാതന്ത്ര്യത്തിലും അടിയുറച്ച് വിശ്വസിച്ചിരുന്ന കൊല്ലമന പോത്തച്ചൻ പ്രലോഭനങ്ങൾക്ക് ഒന്നും അടിമപ്പെടാതെ പൂർവിക സഭയിൽ തന്നെ ഉറച്ചുനിന്നു. പോത്തൻ വല്യപ്പച്ചനെക്കുറിച്ച് മാർത്തോമ്മാ സഭയുടെ ആദ്യത്തെ വികാരി ജനറൽ കോവൂർ ഐപ്പ് തോമ്മാകത്തനാരുടെ നവീകരണം എന്ന പുസ്തകത്തിൽ രേഖപ്പെടുത്തിയിരുന്ന സംഭവ കഥ ചുവടെ ചേർക്കുന്നു.

നമ്മുടെ പല പള്ളികളും നവീകരണ കക്ഷികൾ അടക്കി ഭരിച്ചിരുന്ന കാലത്ത് പള്ളികളെ യഥാസ്ഥാനപ്പെടുത്തുന്നതിന് വേണ്ടി പാത്രീയർക്കീസ് ബാവയെ ക്ഷണിച്ചു വരുത്തിയത്. മലങ്കര ഓർത്തഡോക്സ് സഭയിലെ പ്രധാനികളായിരുന്ന കൊല്ലമന പോത്ത, കോടിയാട്ട് യാക്കോബ് കത്തനാർ, പയിനുമൂട്ടിൽ ഗീവറുഗീസ് കത്തനാർ, ചാലക്കുഴി മാത്തൻ എന്നിവരായിരുന്നു. പാത്രിയക്കീസ് കല്ലിശ്ശേരി പള്ളിയിൽ അത്യാഡംബരപൂർവ്വം എതിരേൽക്കപ്പെട്ടു. അവിടെ നിന്നും തിരുവല്ലാ പള്ളിയിലേക്കു നീങ്ങണമെന്നുള്ള ആലോചനതകൃതിയിൽ നടക്കുന്നു. പ്രധാനന്മാർ എല്ലാംഅരയും തലയും മുറുക്കി ഏതിനും സന്നദ്ധരായി നിലകൊള്ളുന്നു. പുളുക്കീഴു കടവു മുതൽ തിരുവല്ലാപാലിയേക്കര പള്ളിവരെയുള്ള റോഡുകളും പരിസര പ്രദേശങ്ങളും ദേവ ലോക സമാ നമാക്കിത്തീർത്തു എന്നുപറയാം. പാലിയേക്കര പള്ളിയിൽ ബലമായി കരേറുന്നതിനു കമ്പോളത്തിൽ കട്ടപ്പുറത്തു പള്ളിക്കാരായ കോടിയാട്ടു യക്കോമ്പുകത്തനാരു, കൊല്ലവന പോത്ത ഇവർ മുതലായവരും കമ്പോളത്തിൽ പള്ളിപ്പറമ്പിൽ പള്ളിക്കാരായ പയിനും മൂട്ടിൽ ഗീവറുഗീസു കത്തനാർ ചാലക്കുഴി മാത്തൻ ഇവർ മുതലായവരുമായി രണ്ടു പള്ളിക്കാരും ബലമായി പ്രവേശിക്കുന്നതിന് ഇവരുടെ ആലോചന അനുസരിച്ച് പാത്രിയർക്കീസു അവർകളും നിശയിച്ചിരിക്കെ മാത്രമല്ല ഞങ്ങളുടെ കൈവശം ഇരിക്കുന്നായ പള്ളി മുറികൾ ഇതുകളുടെ പൂട്ടുകൾ പറിക്കുന്നതിനും ഉറച്ചിരിക്കുന്നതായും കേൾവിപ്പെട്ടിരിക്കുന്നു..............

ഹോശാന ഞായറാഴ്ചയും ആയി ഒട്ടു വളരെ പുരുഷാരം തിരുവല്ലാ കട്ടപ്പുറത്തു പള്ളിയിൽ കൂടിയിരിക്കുന്നു. പാലിയേക്കര പള്ളിയിൽ കോവൂരച്ചന്റെ പള്ളി ശുശ്രൂഷയിൽ സംബന്ധിക്കുന്നതിനായി ഒട്ടു വളരെയാളുകൾ വന്നു ചേരാറുണ്ട്. കുർബാന ശുശ്രൂഷ എത്രയും ഭയഭക്തിജനകമാം വണ്ണം ആരംഭിച്ചു. ശുശ്രൂഷ ഏതാണ്ടു പകുതിയാ

യെന്നു തോന്നുന്നു. അതാ പള്ളിയുടെ പടിഞ്ഞാറു ഭാഗത്തു നിന്നും നിരനിരയായി ജനപ്രവാഹം കിഴക്കോട്ടേക്ക് ത്വരിതഗമനം ചെയ്യുന്നു. ഒരു പയ്യൻ മുഖാന്തരം ഈ വാർത്ത പള്ളി മുഴുവൻ പരന്നു. പള്ളിയുടെ പൂമുഖത്തിൽ സ്ഥിതി ചെയ്തിരുന്ന കോവൂർ നൈനാൻ, പുന്നൂസ്, തോട്ടുങ്കൽ കുര്യൻ, തെക്കേതിൽ ഇട്ടി, ആദിയായവർ കാര്യം മനസിസ്സാക്കി. നമ്മുടെ കഥാനായകനും സംഗതി ഗ്രഹിച്ചു. വാതിലുകൾ എല്ലാം അടയ്ക്കപ്പെട്ടു. ഒട്ടുപേർ വാതിലുകളിൽ അവിടവിടെ തട്ടുന്നു...........

ഇനിയും പൂമുഖത്തേക്കു കടക്കാം അവിടെ ഇരുന്നിരുന്ന പുന്നൂസും, തോട്ടുങ്കൽ കൊച്ചു കുഞ്ഞും, വിവരം മണ്ടവത്തും വാതുക്കൽ അറിയിപ്പാനായി പുറപ്പെട്ടു. കച്ചേരിയിലിലേക്കു പോകുവാൻ കുട നോക്കിയപ്പോൾ കാണായ്കയാൽ എതിർ കക്ഷിയിലെ ഒരു പ്രധാനിയും, കുലീനനും, അഭിമാനിയും ആയ കൊല്ലവന പോത്ത എന്ന ആളിന്റെ പക്കൽ നിന്നും "കുടതരു" എന്നു പറഞ്ഞു തോളിൽ നിന്നും ബലമായി ടി പുന്നൂസ് കുട കൈക്കലാക്കി. ഇത്ര വളരെപ്പേർ നോക്കി നിൽക്കവേ തന്നോട് ഈ വിധം ആക്ഷേപാർഹമായ വിധത്തിൽ കുട കൈക്കലാക്കിയതിൽ ആ മാന്യന് ദുസ്സഹമായ അഭിമാന ശല്യവും, മനഃപീഡയും ഉണ്ടായി. രോഗപീഡിതനും 60 ൽ പരം വയസ്സു പ്രായമുള്ള ആളും ആയ പ്രസ്തുത ദേഹത്തിന് അപ്പോൾ ദാഹം ഉണ്ടാകുകയും ദാഹശമനത്തിനായി സമീപത്തുള്ള ഒരു ഗൃഹത്തിലേക്ക് അദ്ദേഹം തന്നെ നടന്നു പോകുകയും ചെയ്തു. അവിടെ വച്ച് പരലോകത്തെ പ്രാപിക്കയും ചെയ്തു..............

മൃതശരീരം മാവേലിക്കര സിവിൾ ആശുപത്രിയിൽ പോസ്റ്റ് മോർട്ടത്തിനായി അയക്കുകയും അപ്പോത്തിക്കി സ്വാമിനാഥപിള്ളയും ശോധന ചെയ്യുമ്പോൾ കൂടെ ഉണ്ടായിരുന്ന തിരുവല്ലാ മിഷ്യൻ അസിസ്റ്റന്റ് അപ്പോത്തിക്കിരി ഗീവറുഗീസ് ഇടിക്കുളയും പരിശോധിച്ചതിൽ പെട്ടെന്നു ഞരമ്പു വഴി തലച്ചോറിൽ ചോര വീഴുന്ന (അപ്പോപ്ലക്സി) എന്ന ദണ്ഡവശാൽ ആധികൊണ്ടും ഭീതികൊണ്ടും, മനസ്സിന്റെ ഇളക്കം കൊണ്ടും, ചോരയുടെ അധികത്വം കൊണ്ടും ചോരത്തിളപ്പുള്ള ദേഹക്കാർക്ക് അർശസിൽ നിന്നു പൊയ്ക്കൊണ്ടിരിക്കുന്ന ചോരയെ പെട്ടെന്നു നിർത്തിയാലും മററും ഇപ്രകാരം ഉള്ള കാരണങ്ങളാൽ മരിച്ചിരിക്കുന്നു എന്നും ഈ ദണ്ഡം സംഭവിക്കാവുന്നതാകുന്നു" എന്നും സർട്ടിഫിക്കേററു നൽകുകയും ചെയ്തു.



ഇപ്രകാരമാണ് നവീകരണം എന്ന പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പള്ളിയിൽ മറിഞ്ഞു വീണു മരണമടഞ്ഞ പോത്തയുടെ മരണം കൊലക്കുറ്റമായി മാറി. പ്രതികളെ വിലങ്ങ് വച്ച് പൊലീസ് കൊല്ലത്തേക്ക് കാൽ നടയായി കൊണ്ടുപോയി. പോത്തയുടെ മൃതദേഹം പോസ്റ്റ്മാർട്ടത്തിന് ശേഷം നിരണം പള്ളിയിൽ സംസ്ക്കരിച്ചു. മരിക്കുമ്പോൾ 60 വയസ്സായിരുന്നു. പോത്തയുടെ അനുജൻ അബ്രഹാം മാത്തുച്ചന്റെ മകൻ മാത്തുണ്ണിയും ഉൾപ്പെട്ട കേസ് എതിർ കക്ഷികളുടെ സ്വാധീനം മൂലം പിഴയടച്ച് ശിക്ഷ വിധി തീർപ്പായി. അതിനു ശേഷം ഞായറാഴ്ചകളിൽ പാലിയേക്കര പള്ളിയിൽ രണ്ടുകക്ഷികളും തവണകളായി കുർബാനയർപ്പിച്ചു പോന്നു.

## XV -I
## കല്ലൂർ ഗീവറുഗീസ് മാത്തൂച്ചൻ (1852 – 1914)

### അന്നമ്മ

കല്ലൂർ കുടുംബത്തിന്റെ സ്ഥാപകൻ ഗീവർഗീസ് മാത്തൂച്ചന്റെ ജനനം, മരണം എന്നിത്യാദി വിവരങ്ങൾ അറിവില്ല. നമ്മുടെ കുടുംബത്തിന്റെ ആദ്യത്തെ കുടുംബയോഗം പ്രസിഡന്റായിരുന്ന ശ്രീമാൻ വർഗീസിന്, തന്റെ വല്ല്യപ്പച്ചനെക്കുറിച്ച് കേട്ടറിവേ ഉണ്ടായിരുന്നുള്ളു. തിരുവല്ലായിൽ ബഹുമാനിതനായിരുന്ന മാത്തുച്ചൻ തികഞ്ഞ ദൈവഭക്തനായിരുന്നു. ധനാഢ്യനായിരുന്ന ഇദ്ദേഹം പള്ളി പണികൾക്കും മറ്റും ധാരാളം പണം ചെലവഴിച്ചിരുന്നു. ഇദ്ദേഹം കീഴ്വായ്പ്പൂർ എന്ന സ്ഥലത്ത് നിന്ന് അന്നമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് മൂന്ന് ആണും രണ്ട് പെൺമക്കളും ഉണ്ട്. മൂത്തമകൻ ഗീവറുഗീസ് കൊച്ചിട്ടിയും, രണ്ടാമത്തെ മകൻ ജോർജ്ജ് വർഗീസും, മൂന്നാമത്തെ മകൾ തിരുവല്ലായിൽ മണലിൽ കുടുംബത്തിൽ വിവാഹം കഴിപ്പിച്ചയച്ച അമ്മച്ചിയും, നാലാമത്തെ മകൻ സി.ജി. മാത്യുവും, അഞ്ചാമത്തെ മകൾ താഴ്ചേയിൽ കുടുംബത്തിൽ വിവാഹം കഴിപ്പിച്ചയച്ച റിബേക്കായും ആണ്

നമ്മുടെ മൂലകുടുംബമായ കല്ലൂർ കുടുംബാംഗങ്ങൾ ഭാരതത്തിലെ ആദ്യത്തെ സഭയായ ഓർത്തഡോക്സ് സുറിയാനി സഭ വിശ്വാസികളായിരുന്നു. കൂടാതെ കൊല്ലമന, മഠത്തിൽ, മാനേത്തുമാലി കുടുംബവും ഓർത്തഡോക്സ് സുറിയാനി സഭയിൽ തന്നെ നിലനിൽക്കുന്നു. എന്നാൽ പഴഞ്ഞേരിൽ കുടുംബം മാർത്തോമ്മാ

സുറിയാനി സഭയിലും, കാനേക്കാട് കുടുംബം കത്തോലിക്കാ സഭാ വിശ്വാസികളായി നിലനിൽക്കുന്നു. കല്ലൂർ, കൊല്ലമന, മഠത്തിൽ, മാനേത്തുമാലി കുടുംബങ്ങളുടെ ഉത്ഭവമായ ഓർത്തഡോക്സ് സുറിയാനി സഭയെക്കുറിച്ച് വിശദമായി ചുവടെ ചേർക്കുന്നു.

## ഓർത്തഡോക്സ് സുറിയാനി സഭ

മലങ്കരസഭയിൽ കോട്ടയംദേവലോകം ആസ്ഥാനവും ചുങ്കം പഴയ സെമിനാരി വൈദികപരിശീലന കേന്ദ്രവും 21 ഭദ്രാസനങ്ങളും കാതോലിക്ക ബാവ ഉൾപ്പെടെ 20 മെത്രാപ്പൊലീത്തന്മാരും പത്തുലക്ഷത്തോളം സഭാംഗങ്ങളുമുള്ള കരുത്തുററ സമൂഹം. സമ്പത്തിലും സ്ഥാപനവൈപുല്യത്തിലും വൈജ്ഞാനിക തലത്തിലും അനുഗൃഹീതമായ ഈ കൂട്ടായ്മയിലാണ് മലയാളമനോരമ. നേരത്തെ പുത്തൻ കൂറ്റുകാർ, യാക്കോബായക്കാർ, മെത്രൻ കക്ഷിക്കാർ, കാതോലിക്ക കക്ഷി എന്നും മററും അറിയപ്പെട്ടിരുന്നു. 1934ലെ ഭരണഘടനയോടെ മലങ്കര ഓർത്തഡോക്സ് സഭ എന്ന പേര് രൂഢമൂലമായി.

മുളന്തുരുത്തി സുനഹദോസിലൂടെ (1976) അന്ത്യോക്ക്യ യാക്കോബായ പാത്രിയർക്കീസ് മാർപത്രോസ്ബാവ ആത്മീയവും ലൗകീകവുമായ അധികാരങ്ങളുറപ്പിക്കാൻപാകത്തിൽ പുനഃക്രമീകരണം നടത്തി. എന്നാൽ സഭാസ്വത്തുക്കൾ അന്ത്യോക്ക്യപാത്രിയർക്കീസിന്റെ കീഴിലാക്കാനോ, സഭയുടെ ഉൾഭരണസ്വാതന്ത്ര്യവും തനിമയും നഷ്ടപ്പെടുത്തി അന്ത്യോക്ക്യൻ സഭാഭാഗമാകാനോ പ്രബലമായൊരു വിഭാഗം തയ്യാറായില്ല. അവരുടെ ആശങ്കക്ക് അറുതി വന്നത് 1912 ൽ മലങ്കരയിൽ കാതോലിക്കേററ് സ്ഥാപിച്ചതോടെയാണ്. ഭരണഘടന പ്രാബല്യത്തിൽ വന്ന 1934 മുതൽ ഇവർ ഓർത്തഡോക്സ് സുറിയാനിസഭയായി. അഞ്ച് ഓറിയന്റൽ ഓർത്തഡോക്സ്സഭകളിൽ ഒന്ന്. പാത്രിയർക്കീസുമാരായ മാർ അബ്ദുള്ളയും മാർ അബേദ്മശിഹായുമാണു കേരളത്തിലെ യാക്കോബായസഭ പിളരുന്നതിന് ഇടയാക്കിയത്. പിളർപ്പുകാലത്തെ മലങ്കര മെത്രാപ്പോലിത്ത വട്ടശേരിൽ മാർ ദിവന്നാസ്യോസ്.

മാർ പത്രോസ് പാത്രിയർക്കീസിനോടൊന്നിച്ച് മുളന്തുരുത്തി സൂനഹദോസിനു വന്നു പണപ്പിരിവ് ചുമതല വഹിച്ച ഗ്രിഗോറിയോസ് മെത്രാനാണ് അബ്ദുള്ള പാത്രിയർക്കീസായത്. പത്രോസ് പാത്രിയർക്കീസ് ബാവ 1895 ൽ അന്തരിച്ചപ്പോൾ ഗ്രിഗോറിയോസ് മെത്രാൻ



അബ്ദുള്ള എന്ന പേരിൽ പിൻഗാമിയായി. ടർക്കിസുൽത്താന്റെ അംഗീകാരം (ഫിർമാൻ) ലഭിക്കാത്തതിനാൽ പാത്രിയർക്കീസ് സ്ഥാനത്തേക്കു മെത്രാന്മാർ അബേദ്മിശിഹായ തെരഞ്ഞെടുത്തു സുൽത്താൻ ഈ തെരഞ്ഞെടുപ്പ് അംഗീകരിച്ചു. ഫിർമാൻ ലഭിക്കാതിരുന്ന അബ്ദുള്ള കത്തോലിക്ക സഭയിൽ ചേർന്ന് 1906 വരെ ഹോംസ്കത്തോലിക്ക രൂപതയുടെ മെത്രാനായി. കുറെ മെത്രാന്മാർ ചേർന്ന് അബേദ്മിശിഹാക്കുപകരം അബ്ദുള്ളയെത്തന്നെ പ്രതിഷ്ഠിക്കാൻ ശ്രമിച്ചു. ഇതിൽ സന്തുഷ്ടനായ അബ്ദുള്ള എന്ന ഗ്രിഗോറിയോസ് ഹോംസ് കത്തോലിക്ക രൂപതാഭരണം രാജിവച്ചു. 1906 ൽ യാക്കോബായ പാത്രിയർക്കീസായി. അബേദ്മിശിഹാക്കു സുൽത്താൻ നേരത്തെ നൽകിയ ഫിർമാൻ പിൻവലിച്ച് ഇദ്ദേഹത്തെ അംഗീകരിച്ചു. അധികാരം നഷ്ടപ്പെട്ട അബേദ്മിശിഹ തുർ അബ്ദീനിൽ പോയി അവിടുത്തുകാരുടെ മാത്രം പാത്രിയർക്കീസായി തുടർന്നു.

## പാത്രിയർക്കിസ്മാരുടെ മത്സരം

ഭരണകാര്യങ്ങളിൽ അബ്ദുള്ള പാത്രിയർക്കീസ് മലങ്കരമെത്രാപ്പോലിത്ത വട്ടശേരിൽമാർ ദിവന്നാസ്യോസുമായി ഇടയാൻ തുടങ്ങിയപ്പോൾ ഉത്തമശിഷ്യൻ ഫാ.പി.ററി. ഗീവർഗീസ്പശ്ചിമേഷ്യയിലെ അബേദ്മിശിഹായയുമായി സമ്പർക്കപ്പെട്ടു. വട്ടശ്ലേരിൽമാർ ദിവന്നാസ്യോസ് മുടക്കപ്പെട്ടാൽ വേണ്ട അനന്തരനടപടികൾ ആലോചിച്ചുവച്ചു. മുടക്ക് വന്നപ്പോൾ അബേദ്മിശിഹായെ ഫാ.പി.ററി. ഗീവർഗീസ് അറിയിച്ചു. മുടക്ക് അസാധുവാണെന്നും താൻ മലങ്കരിയിലെത്താമെന്നും അബേദ്മിശിഹാ വിളംബരപ്പെടുത്തി. 1912 ൽ മലങ്കരയിലെത്തിയ അബേദ്മിശിഹായ്ക്കു വിവിധ സ്ഥലങ്ങളിൽ സ്വീകരണം നൽകി. അബ്ദുള്ള പാത്രിയർക്കീസിന്റെകൂടെ നിന്ന മുറിമററം മാർ ഈവാനിയോസും വട്ടശേരിൽ മെത്രാപ്പോലിത്തയുടെ കൂടെ ചേർന്നു.

കേരളത്തിലെത്തിയ അബേദ്മിശിഹാ 1912 ഓഗസ്റ്റ് 10 നു പരുമല സെമിനാരി മാനേജർ കല്ലാശേരിൽ പുന്നൂസ് റമ്പാനെ മാർഗ്രിഗോറിയോസ് എന്നപേരിൽ വാഴിച്ചു. സെപ്തംബർ 15നു നിരണംപള്ളിയിൽ മലങ്കരയിലെ ഒന്നാമത്തെ കാതോലിക്കയായി അബേദ്മിശിഹ മുറിമററത്ത് മാർ ഗ്രിഗോറിയോസിനെ ബിസേലിയോസ് പൗലോസ് എന്ന പേരിൽ വാഴിച്ചതോടെ സംഘർഷം മൂത്തു. അബേദ്മിശിഹ 1913 ഫെബ്രുവരി 10 നു ചെങ്ങന്നൂർ പള്ളിയിൽ വച്ച മാർ പീലക്സിനോസ്, മാർ ഈവാനിയോസ് എന്ന രണ്ടു മെത്രാന്മാരെകൂടി

വാഴിച്ചു. ഫെബ്രുവരി 19 നു പരുമല സെമിനാരിയിൽവച്ചു മലങ്കരയിൽ കാതോലിക്ക സിംഹാസനം നിലനിർത്തുന്ന കൽപ്പന പ്രസിദ്ധപ്പെടുത്തി. ആ വർഷം തിരികെപ്പോയ അബ്ദേദു മിശിഹാ പാത്രിയർക്കീസ് 1915 ൽ ദയർ അസഫ്രാനിൽ അന്തരിച്ചു. കാതോലിക്കേററ് നിലവിൽവന്നതോടെ □നിശ്ചിതഭൂപ്രദേശത്തിന്റെ മേൽ അധികാരമുള്ളയാൾ' എന്നർത്ഥമുള്ള ഈ പദം സഭാതലവൻ എന്നും ധ്വനിപ്പിക്കുന്ന കാതോലിക്കോസായി കേരളത്തിലും പ്രചാരത്തിൽ വന്നു.

## കാതോലിക്കസംജ്ഞയുടെ വളർച്ച

ക്രൈസ്തവ സഭ റോമാസാമ്രാജ്യത്തിൽ വളർന്നത് പ്രമുഖ നഗരങ്ങളായ റോം അലക്സാണ്ടിയ, അന്ത്യോക്ക്യാ, കോൺസ്റ്റാന്റിനോപ്പിൾ എന്നിവ കേന്ദ്രമായാണ്. അവിടങ്ങളിലെ സഭാധ്യക്ഷന്മാർ പത്രിയാർക്കീസുമാരായി അറിയപ്പെട്ടു. റോമാസഭ, അലക്സാണ്ട്രിയൻ സഭ എന്നിങ്ങനെ പേരുണ്ടായതും നഗരങ്ങളെ അടിസ്ഥാനമാക്കിയാണ്. റോമാസാമ്രാജ്യത്തിനു ബദലായ പേർഷ്യൻ സാമ്രാജ്യത്തിലെ സഭ പൗരസ്ത്യം എന്നറിയപ്പെട്ടു. അതിലെ പ്രധാനപട്ടണം സെലുഷ്യ-റൊസിഫനായിരുന്നു. സഭാദ്ധ്യക്ഷൻ നാലാം നൂററാണ്ടോടെ ഈ പട്ടണത്തിലായിരുന്നതിനാൽ സെലുഷ്യൻസഭ എന്നു പൗരസ്ത്യ സുറിയാനിസഭ (പേർഷ്യൻ സഭ) അറിയപ്പെട്ടു. സെലുഷ്യൻ സഭാധ്യക്ഷനു അഞ്ചാം നൂററാണ്ടിൽ കത്തോലിക്കോസ് എന്നു പേരുണ്ടായി. പാത്രിയാർക്കീസ് എന്ന പേരും ഇതോടുചേർത്ത് ഉപയോഗിച്ചിരുന്നു.

ഇങ്ങനെ രൂപപ്പെട്ട സംജ്ഞയോടെ ഏഴാം നൂററാണ്ടിനുശേഷം അറബികളുടെ കീഴിൽ സെലുഷ്യടെസിഫോണിൽ നിന്ന് കതോലിക്ക ആസ്ഥാനം ബാഗ്ദാദിലേക്കു മാററി. മധ്യകാലഘട്ടത്തിൽ മംഗോളിയൻ ടർക്കിഷ് ആക്രമണത്തിൽ പൗരസ്ത്യസുറിയാനിസഭ പീഡിപ്പിക്കപ്പെട്ടു. കതോലിക്കാ സ്ഥാനം കുടുംബകലഹവകയായി മാറി. ഇവിടത്തെ സഭ റോമിലെ സഭയോടു ബന്ധമില്ലാതെ ചെറുസമൂഹമായി ചുരുങ്ങി. ഇതിൽ പതിനാറാം നൂററാണ്ടിൽ വിഭജനം വന്നു. ഒരു കൂട്ടർ റോമാസഭയുമായി വീണ്ടും ബന്ധപ്പെട്ടു. ഈ വേഴ്ച പത്തൊമ്പതാം നൂററാണ്ടിൽ വിഛേദിച്ച് ഇന്നത്തെ നെസ്തോറിയരുടെ മുൻഗാമികളായി. റോമുമായി ബന്ധം പുനഃസ്ഥാപിച്ച മറെറകൂട്ടർ കൽദായ കത്തോലിക്കരായി. നെസ്തോറിയൻകാർ പിളർന്ന് രണ്ടു കത്തോലിക്ക പാത്രിയാർക്കിസുകാരുടെ കീഴിലായി. ആ നിലയിൽ പ്രാചീനപൗരസ്ത്യ സഭാപിന്തുടർച്ചയിൽ ബാഗ്ദാദിൽ രണ്ടും ടെഹ്റാനിൽ ഒന്നും കതോലിക്കമാരുണ്ടായി.



## മഫ്രിയാന– കാതോലിക്കപദവികൾ

അന്ത്യോക്ക്യ യാക്കോബായ പാത്രിയർക്കീസ് പേർഷ്യൻ സാമ്രാജ്യ യാക്കോബായക്കാരുടെ അംഗസംഖ്യ വർദ്ധിച്ചപ്പോൾ മറുഥായെ മഫ്രിയാൻ (വലിയ മെത്രാപ്പൊലീത്ത) ആയി നിയമിച്ചു. ജനിപ്പിക്കുന്നവർ എന്നാണു വാക്കിനർത്ഥം. മെത്രാന്മാരെയും മെത്രാപ്പൊലീത്തമാരെയും വാഴിക്കാൻ അധികാരമുള്ളയാൾ. ഈ സഭാതലവൻ ബെത്പർസായേയിലെ മെത്രാപ്പൊലീത്ത, തീഗ്രിസിലെ മെത്രാപ്പൊലീത്ത, പൗരസ്ത്യദേശത്തെ പ്രധാന മേല്പട്ടക്കാരൻ തുടങ്ങിയ പേരുകളിൽ അറിയപ്പെട്ടു. ആസ്ഥാനം തിഗ്രിസ് നദീതീരത്തെ തീഗ്രിസ് പട്ടണം, പൗരസ്ത്യ സുറിയാനിസഭയുടെ ആസ്ഥാനമായ സെലുഷ്യയിൽ യാക്കോബായക്കാർ അംഗസംഖ്യയിൽ കുറവായിരുന്നതിനാൽ മഫ്രിയാൻ തിഗ്രീസിലാണ് വാസമുറപ്പിച്ചത്.

അവിടം പതിനൊന്നാം നൂററാണ്ടിൽ ആക്രമിക്കപ്പെട്ടപ്പോൾ ക്രിസ്ത്യാനികൾ പലായനം ചെയ്തതായി കാണുന്നു. മഫ്രിയാൻ മോസുളിൽ താമസമാക്കി, തുടർന്ന് മോസൂളിന്റെയും നിനുവയുടെയും മെത്രാപ്പൊലീത്ത, ത്രിഗ്രിസ് നിനുവ മഫ്രിയാൻ പേരുകൾ പ്രചാരത്തിൽ വന്നു. മംഗോളിയർ 14-ാം നൂറ്റാണ്ടിൽ മോസൂൾ ആക്രമിച്ചു. അപ്പോൾ മഫ്രിയാന്മാർ പല സ്ഥലങ്ങളിലായി വസിച്ചു. എന്നാൽ പതിനാറാം നൂററാണ്ടിനുശേഷം വീണ്ടും മേസൂളിലേക്ക് താമസം മാറ്റി. മേസൂളിന്റെ മഫ്രിയനായി ബസേലിയോസ് എന്നു പേരിനോട് ചേർക്കാൻ തുടങ്ങിയത് 1523 മുതലാണ്. പത്തൊമ്പതാം നൂററാണ്ടിൽ ഒരേസമയത്ത് ഒന്നലധികം മഫ്രിയാൻമാർ കിഴക്കിന്റെ മെത്രാൻ എന്നും പേരുവിളിച്ചു. പിന്നീട് സ്ഥാനമേററ ചിലർ യാക്കോബായ വിരുദ്ധ ചിന്താഗതികൾ പുലർത്തി. 1860 ലെ ദയർ അസ്സഫാറാൻ സിനഡിൽ പതിനേഴുമെത്രാൻമാർ ചേർന്ന് യാക്കോബ് രണ്ടാമൻ യാക്കോബായ പാത്രിയാർക്കീസിന്റെ നേതൃത്വത്തിൽ മഫ്രിയാൻ സ്ഥാനം നിർത്തലാക്കി.

മഫ്രിയാനെയും കതോലിക്കോസും രണ്ടാണ്. പേർഷ്യൻ പൗരസ്ത്യ സുറിയാനി സഭയിൽ ഉടലെടുത്തതാണ് കതോലിക്കേററ്. അതിൽ രണ്ട് നെസ്കോറിയരും ഒരു കത്തോലിക്കനും ഉൾപ്പെട്ട മൂന്നു കതോലിക്കൻമാർ, സെലൂഷ്യൻ കതോലിക്കാസിന്റെ സഭയ്ക്ക് സ്വയം നിർണയാവകാശവും ഉൾഭരണ സ്വാതന്ത്ര്യവുമുണ്ട്. അന്ത്യോക്ക്യ പാത്രിയാർക്കിസ് അതിൽ അവകാശവാദം പുറപ്പെടുവിച്ചിട്ടില്ല. അധി

കാരവിസ്തൃതി ഏറെയാണ്. മഫ്രിയാനാകട്ടെ പേർഷ്യൻ യാക്കോബായക്കാരിൽ 629 ൽ ഉടലെടുത്തതാണ്. അന്ത്യോക്ക്യ യാക്കോബായ പാത്രിയാർക്കീസിനെ ആശ്രയിച്ചു നിലനിന്ന സ്ഥാനം, മഫ്രിയാനെ യാക്കോബായ പാത്രിയാർക്കീസ് പ്രതിനിധിയായി കണക്കാക്കി. പേർഷ്യൻ യാക്കോബായക്കാരിൽ മാത്രം അധികാരം യാക്കോബായ സഭയിലെ കിഴക്കിന്റെ കാതോലിക്കോസും പേർഷ്യൻ പൗരസ്ത്യസുറിയാനി സഭയിലെ കാതോലിക്കോസും രണ്ടാണ്.

## കാതോലിക്കാ സ്ഥാപന കല്പന

അബ്ദേദ്മിശിഹായുടെ കാതോലിക്കേററ് സ്ഥാപനകല്പനയിൽ മലബാറിലെ ആത്മീയമക്കൾ അബ്ദുള്ള ആഫൻഡിമൂലം നേരിടുന്ന കുഴപ്പങ്ങളും, മലബാർ മക്കളുടെ ക്ഷണവും മലങ്കര മെത്രാപ്പൊലീത്ത വട്ടശ്ശേരിൽ മാർ ദിവന്നസ്യോസീന്റെ ചൊവ്വുള്ള നിലയും വിവരിക്കുന്നു. അബ്ദുള്ളയുടേത് അകാനോനിക ക്രിയകൾ, കലഹത്തിലും കൊലയിലും ദുഃഖം പരമാർത്ഥികളെ വഞ്ചിക്കുന്ന നടപടികൾ ദൈവികതീക്ഷ്ണതയാലല്ല ഇതെല്ലാം.

''ദൈവകൃപയാൽ നിങ്ങളുടെ അപേക്ഷ പോലെ ബസേലിയോസ് എന്ന നാമത്തിൽ മഫ്രിയാനെയും അതായത് കാതോലിക്കയെയും മൂന്നു പുതിയ മെത്രാപ്പൊലിത്തമാരെയും നാം വാഴിച്ചു. അവരിൽ ഒന്നാമതായി ഗീവർഗ്ഗീസ് ഗ്രിഗോറിയോസും, രണ്ടാമതായി യുവാക്കിം ഈവാനിയോസും മൂന്നാമതായി ഗീവർഗീസ് പീലക്സിനോസും തന്നെ. കാതോലിക്കായെ വാഴിക്കാതിരുന്നാൽ മലബാറിലെ നമ്മുടെ സഭ പല കാരണങ്ങൾ നിമിത്തം വെടിപ്പിലും വിശുദ്ധിയിലും നിലനിൽക്കുകയില്ലെന്നു നമുക്ക് ബോധ്യമായി. എന്നാലിപ്പോൾ കർത്താവിന്റെ ശക്തിയാൽ വെടിപ്പിലും വിശുദ്ധിയിലും എന്നേക്കും അത് നിലനിൽക്കുമെന്നും അന്ത്യോക്ക്യയോടുള്ള സ്നേഹബന്ധത്തിന്റെ സംബന്ധത്തിൽ മുമ്പിലത്തെക്കാളധികം അതു സ്ഥിരപ്പെടുമെന്നും നാം അറിയുന്നു. ഇതാകുന്നു നമ്മുടെ ഹൃദയത്തിനു സന്തോഷവും''.

ആ അപഹാരിയുടെ അകാനോനികവും അകാരണവുമായ മുടക്കുകളെയും ശാപങ്ങളെയും ഭയപ്പെടേണ്ടതില്ലെന്നും കല്പനയിൽ പറഞ്ഞിട്ടുണ്ട്. തുടർന്ന് ഏവരെയും കർത്താവിന്റെ തൃക്കൈകളിൽ ഭരമേൽപ്പിച്ച് രേഖപ്പെടുത്തുന്നു.



''നിങ്ങളുടെ ഇടയന്മാരായ കാതോലിക്കയും മെത്രാപ്പൊലീത്തമാരും നിങ്ങളുടെ സകല ആവശ്യങ്ങളും സാധിച്ചു തരുമെന്ന് നാം ശരണപ്പെടുന്നു. മെത്രാപ്പൊലീത്തമാരോടുകൂടെ കാതോലിക്ക നമ്മുടെ വിശുദ്ധ പിതാക്കന്മാരുടെ കാനോനകൾക്കനുസൃതമായി നിങ്ങൾക്കു മേൽപ്പട്ടക്കാരെ വാഴിച്ചു തരികയും വിശുദ്ധ മുറോൻ കുദാശ ചെയ്തു തരികയും ചെയ്യും. കാതോലിക്ക ദിവംഗതനാകുമ്പോൾ അദ്ദേഹത്തിന്റെ സ്ഥാനത്ത് ഒരു കാതോലിക്കയെ വാഴിക്കാൻ നിങ്ങളുടെ മെത്രാപ്പൊലീത്തമാർക്ക് അധികാരവും അവകാശവും ഉണ്ട്. ഇതിൽ നിന്ന് അവരെ നിരോധിക്കാൻ ആർക്കും അധികാരമില്ല''.

ഇതിൽ അവസാനഭാഗം കൂട്ടിച്ചേർത്തതാണെന്നു കിംവദന്തി പരന്നതുകൊണ്ടു ഒന്നാം കാതോലിക്ക 1913 ൽ അന്തരിച്ചപ്പോൾ 1925 വരെ കാതോലിക്ക വാഴ്ച നടത്താതിരുന്നത് അന്ത്യോക്ക്യയെക്കൂടാതെ പാടില്ല എന്ന ചിന്ത പ്രബലപ്പെട്ടിരുന്നതിനാലാണത്രേ.

ഉൾഭരണസ്വാതന്ത്ര്യമുള്ള പൂർണ്ണാധികാര കാതോലിക്ക സിംഹാസനം കാതോലിക്കയെയും മൂന്നു മെത്രാപ്പൊലീത്തമാരെയും വാഴിച്ചതുവഴി ഉറപ്പായപ്പോൾ അബ്ദുള്ള പാത്രിയർക്കീസ് ക്ഷുഭിതനായി. ഇതിൽ സഹകരിച്ചവരെയും വാഴിക്കപ്പെട്ടവരെയും ശപിച്ച് യാക്കോബായമെത്രാന്മാർക്കു കല്പനകൾ അയച്ചുകൊടുത്തു. അതോടെ ബാവാക്കക്ഷിയും മെത്രാൻകക്ഷിയും സംജാതമായി. പിളർന്നുള്ള വ്യവഹാരം വട്ടിപ്പണക്കേസ് എന്നറിയപ്പെടുന്നു.

## വട്ടിപ്പണക്കേസ് അവകാശത്തർക്കം

വട്ടിപ്പണത്തിന്റെ യഥാർത്ഥ അവകാശികാരാണെന്നു തർക്കവിഷയമായത്, പലിശക്കിട്ട പണം സുറിയാനി ക്രിസ്ത്യാനികളിലെ പരോപകാരപ്രവർത്തനങ്ങൾക്കായി വർഷം എട്ടുശതമാനം പലിശനിരക്കിൽ ബ്രിട്ടീഷ് ഗവൺമെന്റ് ബാങ്കിൽ നിക്ഷേപിച്ചിരുന്ന മൂവായിരം പുവരാഹൻ (10500 രൂപ) ആണ് വട്ടിപ്പണം. തച്ചിൽ മാത്തുതരകൻ നേതാവിന് ഈസ്റ്റിന്ത്യാക്കമ്പനിയോ തിരുവിതാംകൂർ സർക്കാരോ കൊടുക്കാനുണ്ടായിരുന്ന കടത്തിന്റെ ഒരംശം തരകന്റെ ആഗ്രഹപ്രകാരം കേണൽ മെക്കാളെ ബാങ്കിൽ നിക്ഷേപിച്ചതാണ് ഇതിന്റെ മൂലധനമെന്ന് ഒരു പക്ഷം. പഴയ കൂററുകാർക്കുള്ള പലിശയുടെ പകുതി പഴയ കൂററുകാരുടെ അന്നത്തെ നേതൃത്വത്തിലുള്ള വരാപ്പുഴ വികാരി അപ്പോസ്തലിക്കമാർ കൈപ്പററിയിരുന്നു. പുത്തൻ കൂററുകാരുടെ

വിഹിതമാണു തർക്കവിഷയമായത്. പുലിക്കോട്ടിൽ ഔസേപ്പ് റമ്പാൻ 1816 ൽ പഴയ സെമിനാരി സ്ഥാപനത്തിനു 3360 രൂപ വാങ്ങി. 1869 ൽ മാത്യൂസ് മാർ അത്തനാസ്യോസ് 35 വർഷങ്ങ (1834-69) ളിലെ ഒന്നിച്ചുള്ള പലിശ 35000 രൂപ കൈപ്പററി. പല വിധികൾക്കും അപ്പീലുകൾക്കും ശേഷം വട്ടിപ്പണക്കേസ് 1928 ൽ മെത്രാൻ കക്ഷിക്കനുകൂലമായി വിധിച്ചു. പല വർഷങ്ങളിലായി ഒരുമിച്ചു കൂടിയ പലിശ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് വാങ്ങി. മാർ ദിവന്നാസ്യോസിന്റെ മരണശേഷമുള്ള വ്യവഹാരം സമുദായക്കേസ് എന്ന പേരിൽ അറിയപ്പെടുന്നു.

## സമുദായക്കേസ് അന്തിമവിധി

വട്ടശേരിൽ മാർ ദിവന്നാസ്യേസിന്റെ പിൻഗാമിയായ മലങ്കര മെത്രാപ്പോലിത്ത താനാണെന്നും, കാതോലിക്കായും കൂട്ടരും യാക്കോബായ സഭയുടെ സ്വത്തുക്കൾ അനധികൃതമായി കൈവശപ്പെടുത്തിയിരിക്കുകയാണെന്നും അതു വിട്ടുകിട്ടണമെന്നും കാണിച്ച് യാക്കോബായ മെത്രാപ്പോലിത്താ പൗലോസ് മാർ അത്തനാസ്യോസ് കോട്ടയം ജില്ലാ കോടതിയിൽ കേസ് ഫയൽ ചെയ്തു. 1934-ൽ വട്ടശേരിൽ മാർ ദിവന്നാസ്യോസ് അന്തരിച്ചപ്പോൾ ഡിസംബർ 26-നു മെത്രാൻ കക്ഷിക്കാർ കോട്ടയത്ത് എം.ഡി. സെമിനാരി മൈതാന പന്തലിൽ മലങ്കര അസോസിയേഷൻ ചേർന്നു ബെസേലിയോസ് ഗീവർഗീസ് രണ്ടാമൻ കാതോലിക്കായെ (1929-64) മലങ്കര മെത്രാപ്പോലിത്തയായി തെരഞ്ഞെടുത്തു. ഭരണഘടനയും അംഗീകരിച്ചു. അതുപ്രകാരം ഓർത്തൊഡോക്സ് സഭ എന്ന പേര് നിലവിൽ വന്നു. ഇതിനു ബദലായി 1935 ഓഗസ്റ്റ് 22-നു കരിങ്ങാശ്രപള്ളിയിൽ ചേർന്ന പാത്രിയർക്കീസ് കക്ഷി പ്രതിപുരുഷയേഗം പൗലോസ് മാർ അത്തന്നാസ്യോസിനെ മലങ്കര മൈത്രാപ്പോലിത്തയാക്കി. അങ്ങനെ ഇരു കൂട്ടരും 1938 മാർച്ച് 10-നു സമുദായകേസിന് ആരംഭമിട്ടു. സഭാസ്വത്തിന്റെ അവകാശം, അധികാര പിൻതുടർച്ച, പാത്രിയാർക്കീസിന്റെ മുടക്ക്, കേരള യാക്കോബായ സഭയുടെ കാനൻ നിയമം, കാതോലിക്കാ സ്ഥാപനം തുടങ്ങിയവയുടെ സാധ്യത സിവിൽ കോടതികളിൽ തുടർ വിസ്താരത്തിനു ഇനങ്ങളായി. മലയാള മനോരമ മെത്രാൻ കക്ഷികളുടെ വക്താവെന്ന നിലയിൽവമ്പിച്ച പ്രാധാന്യമാണ് പത്രറിപ്പോർട്ടിംഗിന് ന്ൽകിയത്. പല ദിവസങ്ങളിലും ഒന്നാം പേജ് മുഴുവനായും ബാനർ തലക്കെട്ടോടെ കേസ് വിസ്താരങ്ങൾക്ക് നീക്കിവച്ചിരുന്നു. ഉത്തരവാദ പ്രക്ഷോഭണങ്ങളും സ്വാതന്ത്ര്യസമരങ്ങലും സംബന്ധിച്ച



റിപ്പോർട്ടുകൾ സമുദായക്കേസ് വിസ്താരങ്ങളോളം പ്രധാന്യം നേടിയില്ല. 1938-47 കാലത്ത് മനോരമ പൂട്ടികിടന്നപ്പോൾ മറ്റു പത്രങ്ങൾ കേസ് വിസ്താരങ്ങൾ മനോരമ കക്ഷിക്കെതിരായി ബാധിക്കും വിധം റിപ്പോർട്ട്ചയ്ത് അസഹ്യപ്പെടുത്തി. മെത്രാൻ കക്ഷിയിലെ വലിയൊരു വിഭാഗം കത്തോലിക്ക സഭയിലേക്ക് പുനരൈക്യപ്പെട്ടു.

പത്രം വീണ്ടു തുടങ്ങി പൊതുരംഗത്ത് ആധിപത്യം സ്ഥാപിച്ചില്ലെങ്കിൽ ഓർത്തൊഡോക്സ് സഭ തീരെ ശോഷിക്കുമെന്ന ഉത്തമധാരണയിലാണ് എല്ലാ അകത്തോലിക്കാ വിഭാഗങ്ങളുടേയും പിൻതുണയോടെ മലയള മനോരമ പുനരാരംഭിച്ചത്. 1938 സെപ്തംബർ 10-നു പൂട്ടേണ്ടി വന്ന മനോരമ 1947 നവംബർ 29-നു വീണ്ടും പ്രസിദ്ധീകരണം ആരംഭിച്ചപ്പോൾ പഴയകാല പാളിച്ചകളും ഏകപക്ഷീയ നിലപാടുകളും തീവ്രവാദങ്ങളും ആവർത്തികുകയില്ലെന്നു മുഖലേഖനത്തിലൂടെ ഉറപ്പു നൽകി. 1954 ജനുവരിയിൽ പ്ത്രാധിപർ മാമ്മൻ മാപ്പിള നിര്യാതനായപ്പോഴും മുഖലേഖന പരമ്പരകളിലൂടെ മനോരമ മതേതര കാഴ്ചപ്പാടിൽ ദൈവം നൽകിയ ട്രസ്റ്റുപോലെ പ്രവർത്തിക്കുമെന്നു പ്രഖ്യാപിച്ചു. പക്ഷെ പാത്രിയർക്കീസു വിഭാഗം മനോരമയുടെ കരുനീക്കങ്ങളിൽ എരിപൊരികൊണ്ടു. അക്കര, പാലാമ്പടം കുടുംബങ്ങൾ തോൽവിഘട്ടങ്ങളിൽ വേദനയാൽ പുളഞ്ഞു. വിജയം മനോരമ ഉൾപ്പെട്ട മെത്രാൻ കക്ഷിക്കാകാൻ ഡൽഹിയിലെ ബന്ധപ്പെട്ടവർക്ക് അശോകാ ഹോട്ടലിൽ മറ്റു കാര്യങ്ങളുടെ പേരു പറഞ്ഞ് ഗംഭീര ഡിന്നർ നടത്തിയെന്ന ശ്രുതി പ്രചരിച്ചിരിക്കേ 1958 സെപ്തംബർ 12-നു സുപ്രീം കോടതി ഓർത്തഡോക്സ് കക്ഷിക്ക് അനുകൂലമായി അന്തിമ വിധി നൽകി. ബാവാ കക്ഷി കോടതിച്ചെലവു കൂടി നൽകണമെന്ന് വിധിയിൽ എടുത്തു പറഞ്ഞത് അക്കര സി.ജെ. കുര്യൻ, പാടാമ്പടെ പി. റ്റി. തോമസ് പക്ഷത്തിനു കനത്ത പ്രഹരമായി. ഒരാഴ്ചത്തേക്കു കോട്ടയം പോലീസ് വലയത്തിലായിരുന്നു. തന്ത്രപരമായ കൂടിയാലോചനകളിലൂടെ മെത്രാൻ കക്ഷിയോടു നിരുപാധികം യോജിക്കാൻ ബാവാ കക്ഷി തയ്യാറായി. ഡിസംബർ 16-നു ഇരുകൂട്ടരും സമാധാന ഉടമ്പടി കൈമാറിയെങ്കിലും മനം അമർഷത്താൽ ഇരമ്പിനിന്നു. സന്ദിഗ്ധാവസ്ഥയിലായിരുന്ന ചിലാ സഭാ വസ്തുക്കൾ നിസാരതുകയ്ക്ക് ആധാരം എഴുതി എടുക്കാൻ കഴിഞ്ഞത് ഇക്കാലത്താണ്.

## കാതോലിക്കമാർ ആറ്

ഒന്നാമത്തെ കാതോലിക്കാബാവ (1912-13) മാർ ബസേലിയോസ് പൗലോസ് ഒന്നാമനെ പാമ്പാകുട ചെറിയ പളളിയിൽ കബറടക്കി. വസ്തു വടംവലിക്കേസും ഐക്യമോഹവും മൂലം 1925-വരെ പുതിയ കാതോലിക്കയെ വാഴിച്ചില്ല. 1923-ൽ കോടതി വിധികൾ മെത്രാൻ കക്ഷിക്ക് അനുകൂലമായപ്പോൾ വട്ടശേരിൽ മാർ ദിവന്നാസ്യോസ് മർദീ നിൽചെന്നു ഏലിയാസ് പാത്രിയർക്കീസുമായി രമ്യപ്പെടാൻ കരുക്കൾ നീക്കിയെങ്കിലും തുടരെത്തുടരെ മുറിവേറ്റിരുന്ന ബാവ കക്ഷിക്കാർ വിട്ടുകൊടുക്കാൻ തയ്യാറായില്ല.

നിരണം പള്ളിയിൽ ഗീവർഗീസ് മാർ പീലിക്സിനോസിനെ 1925-ൽ മെത്രാൻ കക്ഷി മാർ ബസേലിയസ് ഗീവർഗീസ് ഒന്നാമൻ (1925-28) എന്ന പേരിൽ കാതോലിക്കയായി വാഴിച്ചു. കാരോട്ട്യെ വാക്കീം മാർ ഇവാനിയോസ്(1912-25), കല്ലാശേരിൽ ഗീവർഗീസ് മാർ ഗ്രിഗോറിയസ് (1912-64) എന്നിവർ കാർമ്മികരായിരുന്നു. മലങ്കര മെത്രാപ്പോലിത്താ വട്ടശേരിൽ മാർ ദിവിന്നാസ്യോസ് കേസിലെ പ്രധാന കക്ഷിയായിരുന്നതിനാൽ ചടങ്ങുകളിൽ പിടികൊടുക്കാതെ പരുമല സെമിനാരിയിൽ താമസിച്ചതേയുള്ളൂ. വാഴ്ച ഒരുക്കിക്കൊടുത്ത് അതിൽ വേഴ്ചയില്ലാതെ കേസിൽ കുടുങ്ങാതിരിക്കാനുള്ള വിവേകം പ്രകടമാക്കി. കാതോലിക്കാ വാഴ്ചയുടെ അടുത്ത ദിവസം ഫാ. പി.റ്റി.ഗീവറുഗീസിനെ മാർ ഈവാനിയോസ് എന്ന പേരിൽ മെത്രാനാക്കി. രണ്ടാം കാതോലിക്ക മാർ ബസേലിയോസ് ഗീവറുഗീസ് ഒന്നാമൻ വട്ടിപ്പണക്കേസിലെ പുരോഗതികണ്ട് 1928-ൽ അന്തരിച്ചു. വാകത്താനത്ത് കബറടക്കി.

വട്ടിപ്പണക്കേസ് വിധിമൂലം പലിശ മുഴുവൻ കിട്ടിക്കഴിഞ്ഞിരുന്നതിനാൽ മൂന്നാം കാതോലിക്ക മാർ ബസേലിയസ് ഗീവറുഗീസ് രണ്ടാമനെ(1929-1964) വട്ടശേരിൽ മാർ ദിവന്നാസ്യോസും ബഥനിയുടെ മാർ ഇവാനിയോസും ചേർന്നാണ് വാഴിച്ചത്. കോട്ടയം ഏലിയാ ചാപ്പലിൽ അങ്ങനെ കല്ലാശേരിൽ മാർ ഗ്രിഗോറിയോസ് മൂന്നാം കാതോലിക്കയായി. അദ്ദേഹം കുറിയാക്കോസ് മാർ ഗ്രിഗ്രോറിയോസ്, ബഥനിയുടെ മാർ തിയോഫിലോസ് എന്ന രണ്ടു മെത്രാന്മാരെക്കൂടി വാഴിച്ചു. മാർ ഇവാനിയോസിനെ മെത്രാപ്പോലിത്തയുമാക്കി. ഇങ്ങനെ കേസുകളുടെ കുരുക്കിൽ പെടാത്ത വിധം എം.ഡി. സെമിനാരി ചാപ്പലിൽ വാഴ്ചകൾ ആസൂത്രണം ചെയ്യാനും അവിടെത്തന്നെയുള്ള



ഗ്രൗണ്ടിൽ വിശാല പന്തൽ നിർമ്മിച്ച് മലങ്കര അസോസിയേഷൻ ചേരാനും സമീപസ്ഥമായ മനോരമ സംവിധാനങ്ങളും മാമ്മൻ മാപ്പിള നേതൃത്വവും ഉപയോഗപ്പെടുത്തിയതുകൊണ്ട് പാത്രിയാർക്കീസ് വിഭാഗം മനോരമസഭ എന്നുവരെ ഓർത്തഡോക്സുകാരെ വിശേഷിപ്പിച്ചിരുന്നു.

വട്ടശേരിൽ മാർ ദിവന്നസ്യോസും മൂന്നാം കാതോലിക്കായും കേസുകളിൽ തകർപ്പൻ വിജയങ്ങൾ കൊയ്തെങ്കിലും മാർ ഇവാനിയോസിന്റെ കത്തോലിക്കാ പുനരൈക്യവും പാത്രിയാർക്കീസ് കക്ഷിയുടെ തീരാപ്പകയും കനത്ത ആഘാതങ്ങളേൽപ്പിച്ചു. അതിനു മറുമരുന്നെന്നോണം മാർത്തോമാസഭയേയും ദക്ഷിണേന്ത്യാസഭയേയും അടുപ്പിച്ചു നിർത്തി. പുനരൈക്യത്തിനു തടയിടാൻ ഒറ്റക്കെട്ടായി തന്ത്ര ങ്ങൾ മെനഞ്ഞു. മാർത്തോമാസഭ, ദക്ഷണേന്ത്യസഭ തുടങ്ങിയ വിഭാഗങ്ങളോടു മുൻകാല പിളർപ്പൻഭാവങ്ങൾ മറന്ന് വാഴ്ത്തിപ്പുകഴ്ത്തി കൂട്ടുകൂടി. പാത്രിയർക്കീസ് കക്ഷികളേയും പുനരൈക്യഘടകങ്ങളേയും പുകച്ചുനീറ്റി. അപ്പോഴാണ് സർ.സി.പി .യുടെ പൂട്ടും താക്കോലും മുൻവാതിലിൽ പതിച്ചത്.

പക്ഷെ അതിന് സ്വതന്ത്ര്യസമരയാതനയുടെ രക്തസാക്ഷി ഭാവങ്ങൾ പകർന്ന് ദേശീയഛായ പകരാനുള്ള വിരുതിൽ വിജയം നേടി. പിൽക്കാലത്ത് ആ പ്രതിഛായ പ്രഘോഷിക്കാനും സമുദായ നിഴൽ പിറകോട്ടടിക്കാനും രാജ്യത്തെ പ്രസിഡന്റുമാരെയും പ്രധാന മന്ത്രിമാരെയും അന്താരാഷ്ട്രനേതാക്കളെയും കൊണ്ടുവന്ന് അവരെക്കൊണ്ടും ആവർത്തിച്ചു സാക്ഷ്യപ്പെടുത്തി. ഏലിയ മൂന്നാമൻ പാത്രിയർക്കീസ് 1931-ൽ മലങ്കരസഭയിലെത്തി. 1932-ൽ അന്തരിച്ചു. വട്ടശേരിൽ മാർ ദിവന്നസ്യോസ് 1934-ൽ ദിവംഗതനായി. തുടർന്ന് കാതോലിക്കോസ് തന്നെ മലങ്കര മെത്രാപ്പോലിത്തയാകാൻ ധൈര്യപ്പെട്ടു. സമുദായക്കേസിലൂടെ യാക്കോബായ, ഓർത്തഡോക്സ് കക്ഷികൾ പതിനെട്ടടവും പയറ്റിനോക്കി. ഭാരതം സ്വതന്ത്രമാകുകയും മാർ ഇവാനിയോസും മാമ്മൻ മാപ്പിളയും അന്തരിക്കയും മെത്രാൻ കക്ഷിക്കേസിൽ വിജയമകുടം ചൂടുകയും സഭയുടെ ആസ്ഥാനം ദേവലോകമാകുകയും ചെയ്തു. ഇരു കക്ഷികളും ചേർന്ന സമാധാന നടപടികൾക്കുശേഷം 1964-ൽ മൂന്നാം കാതോലിക്ക ബസേലിയസ് മാർ ഗീവർഗീസ് രണ്ടാമൻ ദിവംഗതനായി. കബറടക്കം ദേവലോകത്ത്. ഏതു പ്രതിസന്ധിയും നേരിടും വിധം ഓർത്തഡോക്സ്സഭ കരുത്തുനേടി മിനുങ്ങിയ കാലഘട്ടം.

നാലാം കാതോലിക്ക ബസേലിയോസ് ഔഗേൻതിരുമേനിയെ (1964-75) വാഴിക്കാൻ അന്ത്യോക്യാ യാക്കോബായ പാത്രിയർക്കീസ് യാക്കൂബ് മൂന്നാമൻ കേരളത്തിൽ വന്നു സ്വീകരണങ്ങൾ ഏറ്റു വാങ്ങി. മെയ് 28-ന് കോട്ടയം എം.ഡി. സെനിമാരി പന്തലിൽവച്ചുതന്നെ വാഴ്ച. കാതോലിക്കയും പാത്രിയർക്കീസും പരസ്പരം രമ്യപ്പെടുന്ന കാഴ്ച കാണാൻ വിദേശങ്ങലിൽനിന്നും ഇന്ത്യയുടെ നാനാഭാഗങ്ങളിൽനിന്നും പ്രതിനിധികളെത്തി. 1970 വരെ സ്വരം മാറാതെ വഴി പിരയാതെ തുടർന്ന പ്പോൾ, പ്രതിഷേധ പ്രക്ഷോഭണ സഭാറാലികൾ കണ്ടുമടുത്ത കോട്ടയം നഗരം ആശ്വാസംകൊണ്ടു. 1970-ൽ അച്യുതമേനോൻ ഗവൺമെന്റിനെ ശുണ്ഠിപിടിപ്പിക്കും വിധം ഉരസലുകൽ ആളി. ലറ്റർപാടിൽ മാർത്തോമാ സിംഹാസനം അച്ചടിച്ചുവന്നതോടെ 1975 ജനുവരിയിൽ പത്രിയർക്കീസ് കാതോലിക്കോസിനെ സസ്പൻഡ് ചെയ്തു. വൃദ്ധ നായ കാതോലിക്ക സെപ്തംബർ 24-ന് സ്ഥാനത്യാഗംചെയ്തു. ഒക്ടോബർ 15-ന് കാതോലിക്കോസിനെ സ്ഥാനഭൃഷ്ടനാക്കുന്ന അന്ത്യോക്യാപാത്രിയർക്കീസ് കൽപ്പനയെ ആരും ഗൗനിച്ചില്ല. താമസിയാതെ ഔഗേൻ കാതോലിക്ക കാലം ചെയ്തു. ദേവലോകത്ത് കബറടക്കി. അടുത്ത ഊഴം ഒരുത്തനേയും കൂസാത്ത ബസേലിയോസ് മാർത്തോമ്മ മാത്യൂസ് പ്രഥമനെന്ന വട്ടക്കുന്നേൽ മെത്രാപ്പോലിത്തയു ടേതാണ്.

വട്ടക്കുന്നേൽ മാത്യൂസ് മാർ അത്തനാസ്യോസ് അഞ്ചാം കാതോലിക്കയായി 1975-ൽ ബസേലിയസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ എന്ന പേരിൽ വാഴിക്കപ്പെട്ടു. ദീർഘകാലം വൈദീകസെമി നാരി പ്രിൻസിപ്പലും കർക്കശനേതാവുമായ അദ്ദേഹത്തിനു സഭാപാരമ്പര്യവും നിയമങ്ങളും നല്ലതിട്ടമായിരുന്നു. സമീപനത്തിൽ അയവില്ലാതിരുന്ന ഈ അഞ്ചാം കാതോലിക്കായുടെ കാലത്ത് യാക്കോബായ ഓർത്തഡോക്സ് പിളർപ്പ് ഇണക്കിച്ചേർക്കാനാവാത്ത വിധം അകന്നുപോയി. സമുദായക്കേസ് 1977-ൽ ആരംഭിച്ചപ്പോൾ കോടതിയിൽ കയറി മൊഴി നൽകിയ അദ്ദേഹത്തിന്റെ വിസ്താരങ്ങൾ തിളക്കമാർന്ന ചരിത്ര പാരമ്പര്യങ്ങൾ പുറത്തുകൊണ്ടുവന്നു. 1980 ജൂൺ 6-ന് ഓർത്തഡോക്സ് കക്ഷിക്ക് എതിരായും ബാവാ കക്ഷിക്ക് അനുകൂലമായും വിധിയുണ്ടായത് മനോരമ മെത്രാൻ കക്ഷിയെ ഞെട്ടിച്ചു. ഓർത്തഡോക്സ് സഭയെ സ്വതന്ത്രഘടകമായി കോടതി അംഗീകരിച്ചെങ്കിലും പള്ളികളെല്ലാം അതാത് പള്ളിയുടെ ഭൂരിപക്ഷ കക്ഷിയുടെ കൈവശത്തിലായി.



ഓർത്തഡോക്സുകാർ നേതൃത്വം നൽകിയ പുനരൈക്യപ്ര സ്ഥാനം പൂവണിഞ്ഞതാണ് 1930 ലെ മലങ്കര കത്തോലിക്ക പുനരൈ ക്യം. അന്ത്യോക്ക്യൻ ആരാധനക്രമപാരമ്പര്യം അഭങ്കുരം നിലനിൽ ക്കുകയും ചെയ്തു. ഉൾഭരണസ്വാതന്ത്ര്യത്തെ എതിർക്കുന്ന നീക്കങ്ങ ളാണ് 1876, 1911, 1975 വർഷങ്ങളിൽ അനുഭവപ്പെട്ടത്. കാതോലിക്കേറ്റ് സ്ഥാപിച്ചതോടെ അന്ത്യോക്ക്യയുമായുള്ള ബന്ധം ശിഥിലമായി. അന്ത്യോക്ക്യൻമേൽക്കോയ്മയോട് പൊരുത്തപ്പെടാൻ വൈകാരികമായ അകൽച്ച. ഉൾഭരണസ്വാതന്ത്ര്യവും മലങ്ക സഭയുടെ വ്യക്തിത്വവും കാത്തുസൂക്ഷിച്ചുകൊണ്ട് റോമിലെ സഭയുമായി ഐക്യപ്പെടാനിടയാ യത് വളർച്ചയിലെ നിർണായകഘട്ടത്തെ കുറിക്കുന്നു. സാർവത്രിക സഭയുടെ ഐക്യത്തിൽ എത്തിച്ചേർന്ന സംഭവം.

വട്ടശേരിൽ മാർ ദിവാന്നാസ്യോസ് പാത്രിയർക്കീസിന്റെ ആത്മീ യാധികാരം അംഗീകരിച്ച് ഇരുവിഭാഗങ്ങളെയും യോജിപ്പിച്ചുകൊണ്ടു പോകാൻ 1923 ൽ പശ്ചിമേഷ്യയിലെ മർദീനിൽ പോയെങ്കിലും പരാജ യപ്പെട്ടത് മററു നടപടികൾ സ്വീകരിക്കാൻ പ്രേരിപ്പിച്ചു. വട്ടിപ്പണക്കേ സിന്റെ 1923 ലെ വിധിയിൽ വട്ടശേരിൽ കക്ഷിക്കു വിജയം തുണച്ചിരു ന്നില്ലല്ലോ. പാത്രിയർക്കീസാണെങ്കിൽ ആത്മീയവും ലൗകീകവുമായ അധികാരം വേണമെന്നതിൽ ഉറച്ചുനിന്നു. 1926 ൽ പരുമലയിലെ മൂന്നുമെത്രാന്മാരുടെ ഓർത്തഡോക്സ് സഭാസിനഡ് റോമുമായി ഐക്യപ്പെടുന്ന വിഷയം ചർച്ചചെയ്ത് ഈ പശ്ചാത്തലത്തിലാണ്. റോമുമായി എഴുത്തുകത്തുകൾ നടത്താൻ ബഥനിയുടെ മാർ ഈവാ നിയോസിനെ മററു രണ്ടു പേരും ചുമതലപ്പെടുത്തിയെന്നു പറയുന്നു. ബാവാകക്ഷിയുമായി കേസ് നടത്തിയിരുന്നതിനാൽ മലങ്കര മെത്രാ പ്പോലിത്തയായ വട്ടശേരിൽ മാർ ദിവന്നാസ്യോസ് അന്തിമഘട്ടത്തിൽ ഇടപെട്ടാൽ മതിയെന്നായിരുന്നു ധാരണ.

കൊല്ലം രൂപതയിലെ മിഷനറിവൈദികൻ ഫാ. റിബേരോ വഴി യാണ് റോമുമായി സമ്പർക്കപ്പെട്ടത്. മെത്രാൻ കക്ഷിയിലെ മൂന്നു മെ ത്രാന്മാർ ഒരുമിച്ച് 1926 നവംബറിൽ അനൗദ്യോഗിക മെമ്മോറാണ്ടം അയച്ചു. 1927 ൽ മറെറാരു കത്തും. 1928 ജൂലൈ ഒന്നിനും, 21 നും മാർ ഈവാനിയോസ് ഇന്ത്യയിലെ മാർപാപ്പാ പ്രതിനിധിക്ക് രണ്ടു കത്തു കളയച്ചു. ആ വർഷം ആഗസ്റ്റ് 13 നു വട്ടിപ്പണക്കേസ്‌വിധി മെത്രാൻ കക്ഷിക്കനുകൂലമായി. മാർപാപ്പാ പ്രതിനിധിയുടെ അനുകൂലമായ മറു പടി ഒക്ടോബർ 23 നു ലഭിച്ചു. ഡിസംബർ എട്ടിനു രണ്ടാം കാതോ ലിക്ക കാലംചെയ്തു. കല്ലാശേരിൽ മാർ ഗ്രിഗോറിയോസിനെ 1929

ഫെബ്രുവരി-13 നു വട്ടശേരിൽ മാർ ദിവന്നാസ്യോസും ബഥനിയുടെ മാർ ഈവാനിയോസും ചേർന്നു കോട്ടയം എലിയചാപ്പലിൽ വാഴിച്ചു. മാർ ഈവാനിയോസ് നേതൃത്വം നൽകിയിരുന്ന സഭൈക്യചർച്ചകളുടെ ഉള്ളുകള്ളികൾ 1929 ആയപ്പോഴേക്കും വെളിച്ചത്തായി. ബഥനി ഒരു കക്ഷിയിലും ഉൾപ്പെടാത്ത സ്വതന്ത്രസ്ഥാപനം.

അതേ സമയം വട്ടിപ്പണക്കേസിൽ തോററ പാത്രിയർക്കീസ് ബാവ മലങ്കര വന്നു വട്ടശേരിൽ ദിവന്നാസ്യോസിന്റെ മുടക്കുതീർക്കുമെന്നൊരു വാർത്തപരന്നു. വട്ടശേരിൽ പാത്രിയർക്കീസിനെ അംഗീകരിക്കാൻ തയ്യാറുമായിരുന്നു. മാർ ഈവാനിയോസാകട്ടെ പാത്രിയർക്കീസിനു തുടർന്നു കീഴ്പ്പെടാൻ തയ്യാറായില്ല. ശാശ്വതപരിഹാരം അഭിലാഷിച്ചു. പാത്രിയർക്കീസിൽ നിന്നു മലങ്കര സഭ സ്വതന്ത്രമാകാൻ ഗതകാലാനുഭവങ്ങൾ പ്രേരിപ്പിച്ചു. റോമിനു മെമ്മോറാണ്ടം നൽകിയവരിൽ 1929 ആയപ്പോൾ അവശേഷിച്ചിരുന്നത് മൂന്നാം കാതോലിക്കയും മാർ ഈവാനിയോസും മാത്രം. കാതോലിക്കസംവിധാനം അംഗീകരിക്കാൻ റോം ഒരുമ്പെട്ടില്ല. കാതോലിക്കബാവയുടെ സ്ഥാനം നിലനിർത്തി ഉൾഭരണസ്വാതന്ത്ര്യം ഉറപ്പുവരുത്തുന്നതിൽ മാർ ഈവാനിയോസിനു വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നെങ്കിലും റോമിന്റെ ഉറപ്പ് ലഭിക്കാത്തതിനാൽ □കാതോലിക്കോസിനെ എങ്ങനെ ക്ഷണിക്കു'മെന്നതിൽ കുഴങ്ങി. മലങ്കരസഭയുടെ ആരാധനാക്രമപാരമ്പര്യങ്ങളും ആചാരാനുഷ്ഠാനങ്ങളും അഭംഗുരം പാലിക്കാമെന്ന ഉറപ്പ് കിട്ടി. നിയമക്രമങ്ങൾ മാററില്ല. വിശ്വാസത്തിനോ അഭിമാനത്തിനോ ഭംഗംവരുന്നില്ല. പക്ഷേ കാതോലിക്കാസ്ഥാപനത്തെ അതേപടി റോം അംഗീകരിക്കില്ല.

കാതോലിക്കേററിനു അംഗീകാരമുണ്ടാകാത്തതിനാൽ 1926 മുതൽ കൂടെയുള്ള കാതോലിക്കോസിനു ഐക്യത്തിൽ വരാനെളുപ്പമല്ല. വട്ടശേരിൽ മാർ ദിവന്നാസ്യോസിനെ വിട്ടുപിരിയുക മർമ്മഭേദകവും, 1930 ഓഗസ്റ്റ് 30 നു വന്ന റോമിന്റെ കത്തിലും കാതോലിക്ക സ്ഥാപനമോ സിനഡോ അംഗീകരിച്ചു കണ്ടില്ല. അന്ത്യോക്ക്യൻബന്ധം പാടേ വിഛേദിക്കാൻ വട്ടശേരിൽ തിരുമേനിക്കു മടി. ഏറെ വീർപ്പുമുട്ടിയെങ്കിലും മാർ ഈവാനിയോസ് ഐക്യത്തിനു തയ്യാറായി. മെത്രാന്മാരുടെ കൂട്ടത്തിൽ ബഥനിയുടെ മാർ തെയോഫിലോസ് മാത്രം കൂടെ നിന്നു. മലങ്കരസഭാവിഭാഗം കത്തോലിക്കസഭയിൽ വ്യക്തിത്വത്തോടെ വളർന്നു.



ഓർത്തഡോക്സ്സഭയുടെ സ്വതന്ത്രസഭാവാദം കൊണ്ടു മററൊരു സഭയുടെയും കീഴിലില്ല, സഭയുടെ കാര്യങ്ങൾ സഭയിലെ അംഗങ്ങൾ തന്നെ തീരുമാനിക്കുന്നു എന്നേ അർത്ഥമാക്കുന്നുള്ളൂ. മററു സഭകളോടും സംസർഗപ്പെടുന്നതിനു 1980 ലെ സ്വതന്ത്രസഭാവിധി തടസ്സമല്ല. ഔദ്യോഗികതലത്തിൽ ഐക്യചർച്ച നടത്തി കൂട്ടായ്മയിലെത്താൻ മലങ്കര ഓർത്തഡോക്സ് സഭ മുൻകയ്യെടുത്തു. വിശാലമായ അടിത്തറയിൽ കൂട്ടായ്മ കെട്ടിപ്പടുക്കുന്ന എക്യുമെനിസത്തിലാണു എല്ലാ സഭകളും. റോമാസഭ എല്ലാ സഭകളുടെയും മാതാവ് എന്ന ചിന്തയാൽ കാതോലിക്കേററിനും സിനഡിനും അംഗീകാരം കിട്ടാതെ പോയി. അടിസ്ഥാനസത്യങ്ങളിൽ ഐക്യം, പിന്നെല്ലാം വൈവിധ്യം, എല്ലാത്തിനുമുപരി സ്നേഹം എന്നതിൽ എത്തിനിൽക്കുന്നു ഇപ്പോൾ.

അന്ത്യോക്ക്യൻ യാക്കോബായസഭയുടെ കാൽസിഡോൺ വിരുദ്ധ നിലപാട് തന്നെ ഓർത്തഡോക്സ് സഭക്കും. 431 ലെ എഫേസൂസ് ഉൾപ്പെടെയുള്ള സിനഡുകളേ സ്വീകരിക്കുന്നുള്ളൂ. കത്തോലിക്ക സഭകളോടു കുർബാന സംസർഗത്തിലെത്തിയിട്ടില്ല. പ്രൊട്ടസ്റ്റന്റ് സഭകളുമായി കൂദാശാപരമായ സംസർഗമില്ലെങ്കിലും ചില പ്രൊട്ടസ്റ്റന്റ് ദൈവശാസ്ത്രചിന്താധാരകൾ സ്വീകരിക്കുന്നു. തലനാരിഴ കീറിയുള്ള ആക്രോശങ്ങളിൽ താൽപര്യമില്ല. വ്യത്യസ്തപാരമ്പര്യങ്ങളിലൂടെ കടന്നുപോന്നതിനാൽ ചരിത്രാനുഭവങ്ങളിൽ ആഴമേറിയ പാടുകളുണ്ട്. പുതിയ ചിന്താധാരകളും വിചിന്തനശൈലികളും ഉരുത്തിരിയുന്ന ലക്ഷണങ്ങളുണ്ട്.

വിയന്നയിൽ കത്തോലിക്ക സഭയുമായുള്ള അനൗദ്യോഗിക തല ചർച്ചയിൽ ഓർത്തഡോക്സ്സഭ സജീവമായി പങ്കെടുത്തു.1983 ജൂൺ 2,3 തീയതികളിൽ ഓർത്തഡോക്സ് കാതോലിക്കോസ് റോമിലെത്തി ജോൺപോൾ രണ്ടാമൻ മാർപാപ്പയെ സന്ദർശിച്ചു. 1986 ഫെബ്രുവരി 8-നു മാർപാപ്പാ കോട്ടയത്ത് വന്നപ്പോൾ മാർ ഏലിയ കത്തീഡ്രലിൽ കാതോലിക്ക ബാവ അദ്ദേഹത്തെ സ്വീകരിച്ചു. ഓർത്തഡോക്സ് സഭയും കത്തോലിക്കസഭയും തമ്മിലെ ഐക്യചർച്ചകൾക്ക് സംയുക്തകമ്മീഷൻ രൂപവൽക്കരിച്ചിട്ടുണ്ട്. ഇതരസഭകളുമായി ബന്ധപ്പെട്ടുള്ള നടപടിക്രമങ്ങൾ മെത്രാന്മാരുടെ സിനഡ് ആവിഷ്ക്കരിച്ചിട്ടുണ്ട്. മാമോദിസ, വിവാഹം, വിവാഹക്കുറി, ദേവാലയഉപയോഗം, ആരാധനസഹകരണം തുടങ്ങിയവയിൽ വ്യക്തമായ ധാരണകൾ വിളംബരപ്പെടുത്തിയിട്ടുണ്ട്.

അഞ്ചാമത്തെ കാതോലിക്കബാവ ബസേലിയസ് മാർത്തോമ്മ മാത്യുസ് പ്രഥമന്റെ കോടതിവിസ്താരമുൾപ്പെടെയുള്ള മൊഴികളുടെ സംഗ്രഹം ചേർത്തു 1995 ജൂൺ 20 ലെ കേസ് വിധിദിനത്തിൽ അഭിഭാഷകരും എപ്പിസ്കോപ്പമാരും മനോരമ ചീഫ് എഡിററും ഓർത്തഡോക്സ് ഭാരവാഹികളും ചേർന്നു മനോരമയുടെ ഔദ്യോഗികനിലപാടിൽ തയ്യാറാക്കിയ സംഗൃഹീതരേഖ ആവർത്തന ചുവയുണ്ടെങ്കിലും കാതലായ ചരിത്രസംക്ഷേപമെന്ന നിലയിൽ ഇവിടെ ഉദ്ധരിക്കട്ടെ.

ക്രിസ്ത്യൻ സഭാചരിത്രത്തിലെതന്നെ ഏററവും വലിയ വിവാദങ്ങളിലൊന്നായ സഭാക്കേസിൽ 1995 ജൂൺ 20 ന് സുപ്രീംകോടതി വിധി പറഞ്ഞു. മൂന്നുമാസം മുൻപാണ് ഈ കേസിൽ പാത്രിയർക്കീസ് വിഭാഗത്തിന്റെയും കാതോലിക്കാ വിഭാഗത്തിന്റെയും വാദം കേട്ടശഷം വിധിപറയാൻ മാററിവച്ചത്.

ജസ്റ്റിസ് ആർ.എം. സഹായ്, ജസ്റ്റിസ് ബി.ഡി. ജീവൻറെഡ്ഡി, ജസ്റ്റിസ് എസ്.സി. സെൻ എന്നിവരടങ്ങിയ മൂന്നംഗ ബഞ്ചിനു മുൻപാകെയായിരുന്നു മൂന്നാഴ്ചയോളം നീണ്ടുനിന്ന വാദം. സഭാക്കേസിൽ 1958 ൽ സുപ്രീം കോടതി വിധിപറഞ്ഞതായിരുന്നു.

പിന്നീട് 1974 ൽ കോട്ടയം സബ്കോടതിയിൽ വീണ്ടും കേസ് വന്നു. സ്പെഷ്യൽ കോടതിയിൽ വിസ്താരം നടന്നശേഷം ആ വിധിക്കെതിരെ ആദ്യം ഹൈക്കോടതിയുടെ സിംഗിൾ ബഞ്ചും പിന്നീടു ഡിവിഷൻ ബഞ്ചും വിധിച്ചു. അതിനെതിരെ പാത്രിയർക്കീസ് വിഭാഗം നൽകിയ അപ്പീലാണ് ഇപ്പോൾ സുപ്രീം കോടതിയുടെ മുൻപാകെയുള്ളത്.

സുപ്രീംകോടതിയിൽ ഇരുവിഭാഗത്തിനുവേണ്ടി പ്രശസ്ത അഭിഭാഷകരാണു ഹാജരായത്. പാത്രിയർക്കീസ് പക്ഷത്തിനുവേണ്ടി കെ. പരാശരൻ, സി.എസ്. വൈദ്യനാഥൻ എന്നിവരാണു മുഖ്യമായി വാദിച്ചത്. കാതോലിക്കാ പക്ഷത്തിനുവേണ്ടി എഫ്.എസ്. നരിമാനും റോഹിൻടൺ നരിമാനും ക്നാനായ വിഭാഗത്തിനുവേണ്ടി അഡ്വ. ടി.എൽ. വിശ്വനാഥയ്യരും ഹാജരായി.

സുപ്രീം കോടതിയിൽ സഭാക്കേസിന്റെ ഇന്നത്തെ വിധിയോടെ ഒരു നൂററാണ്ടിന്റെ വ്യവഹാരഭാരവുമായി നീങ്ങുന്ന മലങ്കരസഭയിൽ കോടതി വ്യവഹാരങ്ങൾക്കു പൂർണവിരാമമായേക്കാം. സഭയിൽ വിശ്വാസപരമായ തർക്കങ്ങൾ തുടങ്ങിയിട്ടു നൂററാണ്ടുകൾ അഞ്ചായി.



അത് ഉദയംപേരൂർ സുന്നഹദോസിൽ (1599) തുടങ്ങിയെങ്കിൽ ലൗകിക വ്യവഹാരങ്ങൾ തുടങ്ങിയതു കൊച്ചിൻ അവാർഡോടെ (1840) ആണ്.

ക്രിസ്തുശിഷ്യനാണ് സെന്റ് തോമസ് എ.ഡി. 52 ൽ കൊടുങ്ങല്ലൂരിൽ കാൽകുത്തിയതോടെ കേരളത്തിൽ സുറിയാനി സഭയുടെ ചരിത്രം തുടങ്ങുന്നു.

പ്രാദേശിക സഭയായിരുന്നെങ്കിലും ആത്മീയകാര്യങ്ങൾക്കു മാത്രം പേർഷ്യൻ സഭയുമായി ബന്ധപ്പെട്ടായിരുന്നു ക്രൈസ്തവരുടെ നീക്കം. പതിനഞ്ചാം നൂററാണ്ടിന്റെ അന്ത്യംവരെ കേരള ക്രൈസ്തവർ മതപരമായ ജീവിതത്തിൽ പൗരസ്ത്യ സുറിയാനി പാരമ്പര്യമാണു നിലനിർത്തിയത്. ആരാധന ഭാഷയും സുറിയാനിയായിരുന്നു.

പോർച്ചുഗീസുകാരുടെ വരവോടെ ലത്തീൻ ആരാധന സമ്പ്രദായം പ്രചരിക്കാനുള്ള ശ്രമം തുടങ്ങിയതോടെയാണു വിശ്വാസപരമായ തർക്കങ്ങൾ തുടങ്ങിയത്. പോർട്ടുഗീസ് മേധാവിത്വത്തിന്റെ സഹകരണത്തോടെ കേരള സുറിയാനി സഭയെ റോമാസഭയിൽ ലയിപ്പിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി നടന്ന പള്ളിപ്രതിപുരുഷന്മാരുടെയും വൈദികരുടെയും സമ്മേളനമാണ് ഉദയം പേരൂർ സുന്നഹദോസ്. ഇതിലൂടെ പാപ്പായുടെ ആധിപത്യം സ്ഥാപിച്ചെങ്കിലും പിന്നീട് എതിർവിഭാഗം മട്ടാഞ്ചേരിയിൽ പഴയ കുരിശിനുചുററും കൂടി റോമാസഭയെ ത്യജിച്ചു പഴയ വിശ്വാസത്തിലേക്കു തിരിച്ചുപോകാൻ സത്യം ചെയ്ത്. ഇതാണു കൂനൻ കുരിശു പ്രതിജ്ഞ (1653). ഇടക്കാലത്തെ റോമൻ വിശ്വസത്തിനുശേഷം (1500-1653) പഴയ വിശ്വാസത്തിലേക്കു തിരിച്ചുപോയവരെ പുത്തൻകൂറ്റുകാരെന്നും പഴയ റോമൻ ആധിപത്യത്തിൽ തുടർന്നവരെ പഴയ കൂറ്റുകാരെന്നും വിളിച്ചു. ഇതിൽ പുത്തൻകൂറ്റിൽ വിശ്വസത്തർക്കങ്ങളും കോടതിത്തർക്കങ്ങളും പല കാലങ്ങളിലായി പിന്നെയും ഉണ്ടായി.

പഴയ വിശ്വാസത്തിലേക്ക് തിരിച്ചുപോയ സുറിയാനി ക്രിസ്ത്യാനികൾ മാർത്തോമ്മാ ഒന്നാമൻ മെത്രാപ്പോലിത്തയുടെ കീഴിൽ നിലകൊണ്ടു. ഇവരെല്ലാം ആത്മീയ കാര്യങ്ങൾക്കു പൗരസ്ത്യസഭകളുമായി സാഹോദര്യബന്ധം പുലർത്തിവന്നു. ലൗകികകര്യങ്ങളിൽ സഭ സ്വതന്ത്രവുമായിരുന്നു.

മാർത്തോമ്മ മെത്രാന്മാരിൽ ഒടുവിലത്തെ മെത്രാനായ ചേപ്പാട് മാർദീവന്നാസ്യോസിന്റെ കാലത്താണ് ആത്മീയ ലൗകിക

വ്യവഹാരങ്ങൾ വീണ്ടും തുടങ്ങിയത്. അതു ബ്രിട്ടീഷ് മേൽക്കോയ്മ യുടെ കാലം. തിരുവിതാംകൂർ റസിഡന്റ് ആയിരുന്ന മൺറോ സുറി യാനിസഭയുടെപ്രവർത്തനത്തിൽ സഹകരിച്ചിരുന്നു. കോട്ടയത്തു വൈ ദിക സെമിനാരി തുടങ്ങിയത് അങ്ങനെയാണ്. അവിടെ പഠിപ്പിക്കാൻ വിദേശത്തുനിന്ന് സി.എം.എസ്. മിഷനറിമാർ വന്നു.

മലങ്കരസഭയിൽ ചില പരിഷ്ക്കാരങ്ങൾ വരുത്താനുള്ള സി.എം.എസ്. മിഷനറിമാരുടെനിർദ്ദേശം ചർച്ച ചെയ്യാൻ മാവേലിക്ക രയിൽ പള്ളി പ്രതിപുരുഷയോഗം കൂടി. അതിൽവച്ചു മിഷനറിമാരു ടെ വ്യവസ്ഥകൾ നിരാകരിച്ചു കൊണ്ടു പ്രഖ്യാപനം ഇറക്കി.അതാണ് മാവേലിക്കര പടിയോല (1836).

ഇതേ തുർന്നാണ് മലങ്കര സഭയുമായുള്ള ബന്ധം വിച്ഛേദി ക്കാൻ സി.എം.എസ്. മിഷനറിമാർ തീരുമാനിച്ചത്. മിഷനറിമാരുടെ കൂടി ശ്രമഫലമായി ലഭിച്ച ചില സ്വത്തുക്കൾ വിഭജിക്കാൻ നിശ്ചയിച്ചു. വസ്തുക്കൾ വിററ് ഖജനാവിൽ ഇട്ട് അതു വിഭജിക്കാൻ റസിഡന്റ് മധ്യസ്ഥകോടതിയെ നിയമിച്ചു. പിന്നീട് ഓർത്തഡോക്സ് സഭയെന്ന് അറിയപ്പെട്ട മലങ്കരസുറിയാനിസഭയിൽ വ്യവഹാരങ്ങളുടെ തുടക്കം അങ്ങനെയാണ്.

മധ്യസ്ഥകോടതിയിൽ മിഷനറിമാരുടെ പ്രതിനിധിയായി ബാരൻഡി ആൽബിസൈൽ, മലങ്കര മെത്രാന്റെ പ്രതിനിധിയായി ജെ.ജെ. വെർനീഡ്, സർക്കാരിന്റെ പ്രതിനിധിയായി ഡബ്ള്യു.എച്ച്. ഹോഴ്സൽ എന്നിവരെ നിയമിച്ചു. മൂവരും ഇംഗ്ലീഷുകാർ. ഇവർ കൊച്ചിയിൽ കൂടി വിധി പറഞ്ഞിതിനാൽ ഇതിനെ കൊച്ചിൻ അവാർഡ് (1840 ഏപ്രിൽ 4) എന്നുവിളിച്ചു.

മിഷനറിമാരുടെ വരവിനു മുമ്പു സമുദായത്തിനുണ്ടായിരുന്ന സ്വത്ത് മലങ്കര സഭയ്ക്ക് നൽകിയെങ്കിലും അത് ഒററയ്ക്കു സ്വീകരിക്കാൻ മലങ്കര മെത്രാനെ അനുവദിച്ചില്ല. വൈദികരിൽ നിന്നും ആത്മായരിൽനിന്നും ഒരോ ട്രസ്റ്റിമാർ വേണമെന്ന നിബന്ധന വിധിയിലുണ്ടായിരുന്നു. ഇന്നു തർക്കത്തിൽ ഇരിക്കുന്ന യാക്കോബായ - ഓർത്തഡോക്സ് സഭകളിൽ കൂട്ടുട്രസ്റ്റികൾ ഉണ്ടായത് അങ്ങനെയാണ്.

കൊച്ചിൻ അവാർഡ് അനീതിയാണെന്നു പറഞ്ഞുകൊണ്ട് മലങ്കര മെത്രാൻ സ്വത്ത് സ്വീകരിച്ചില്ല. അദ്ദേഹം മദ്രാസ് ഗവൺമെന്റിന്



പരാതി നൽകി. സർക്കാർ അതു പരിഗണിച്ചില്ല. തുടർന്ന് ഇംഗ്ലണ്ടിൽ കോർട്ട് ഓഫ് ഡയറക്ടറേററിൽഅപ്പീൽ നൽകി. ഈ തർക്കം കേരളത്തിൽ കോടതിയിൽ തീർക്കണമെന്നു വിധിച്ചെങ്കിലും അതിനുമുമ്പു തന്നെ റസിഡന്റ് കൊച്ചിൻ അവാർഡ് നടപ്പാക്കി.

സുറിയാനി സഭയുടെ മെത്രാനായി വന്ന മാത്യുസ്മാർ അത്തനാസിയോസാണ് അതു സ്വീകരിച്ചത്. അതിന് ഇടയാക്കിയത് സി.എം.എസ്. മിഷനറിമാരുടെ പ്രവർത്തനഫലമായുള്ള നവീകരണവും.

മലങ്കര സഭയിൽ നവീകരണത്തിന്റെ വക്താവായിരുന്ന അബ്രഹാം മൽപ്പാനെയും സഹപ്രവർത്തകരെയും ചേപ്പാട് മാർ ദിവന്നാസ്യോസ് മുടക്കി. മല്പാന്റെ ഭാഗിനേയനായ പാലക്കുന്നത്തു മാത്യുസ് ശെമ്മാശനെ മദ്ദീനിൽ അയച്ചു (1842). പാത്രിയർക്കീസിൽ നിന്നും മാത്യുസ് മാർ അത്തനാസിയോസ് എന്ന പേരിൽ മെത്രാൻപട്ടം സ്വീകരിച്ചു.

തിരു-കൊച്ചി രാജാക്കന്മാർ 19ാം നൂററാണ്ടിൽ സുറിയാനിസഭയുടെ മെത്രാന്മാർക്കു രാജകീയ വിളംബരംമൂലം അംഗീകാരം നൽകിയിരുന്നു. ചേപ്പാട് മാർ ദിവന്നാസ്യോസിനും ഈ അംഗീകാരം ലഭിച്ചിരുന്നു. എന്നാൽ മാത്യുസ് അത്തനാസിയോസ് മെത്രാനായി പാത്രിയർക്കീസിന്റെ കത്തുമായി വന്ന് തനിക്ക് അംഗീകാരം നൽകാൻ രാജാവിനോട് അപേക്ഷിച്ചു. ചേപ്പാട് ദിവന്നാസ്യോസിന്റെ അംഗീകാരം റദ്ദാക്കിയെങ്കിലും അത്തനാസിയോസിന് അംഗീകാരം നൽകിയില്ല. അതിനിടയിൽ സിറിയയിൽ നിന്നു പാത്രിയർക്കീസിനെ കത്തുമായി വന്ന (1846) യുയാക്കിം മാർ കുറിലോസ് മലങ്കരസഭയുടെ ഭരണം തന്നെ ഏൽപ്പിക്കണമെന്നു റസിഡന്റിനോട് ആവശ്യപ്പെട്ടു. നവീകരണക്കാരെ നേരിടാൻ ചേപ്പാട് മാർ ദിവന്നാസ്യോസ് തന്റെ അധികാരം കൂറിലോസിനെ ഏൽപ്പിച്ചതായി റസിഡന്റിനെയും തിരുവിതാംകൂറിലെയും കൊച്ചിയിലെയും രാജാക്കന്മാരെയും അറിയിച്ചു.

അങ്ങനെ മെത്രാൻസ്ഥാനത്തിനു തർക്കമുണ്ടായപ്പോൾ അതു തീർക്കാൻ തിരുവിതാംകൂർ സർക്കാർ നാല് ഉദ്യോഗസ്ഥരെ നിയമിച്ചു-അപ്പീൽ കോടതി ജഡ്ജി കോലാഹ്, ദിവാന്റെ സെക്രട്ടറി വൈററ്, മേലെഴുത്തുപിള്ള അനന്തപിള്ള, പോലീസ് ശിരസ്തദാർ വെങ്കടരമണയ്യർ, ഇവർ കൊല്ലത്തു ചേർന്നു തീരുമാനമെടുത്തതിനാൽ ഈ വിധി കൊല്ലം പഞ്ചായത്ത് (1846 ജനുവരി) എന്നറിയപ്പെട്ടു. മാത്യുസ് മാർ അത്താനാസിയോസിനെ മലങ്കര മെത്രാനായി അംഗീ

കരിക്കാൻ തീരുമാനിച്ചു. ഇതിനെതിരെ അപ്പീൽ നൽകിയെങ്കിലും പുനർവിചാരണയിലും വിധി സ്ഥിരപ്പെടുത്തി. 1852 ൽ ഉത്രം തിരുനാൾ മഹാരാജാവ് തിരുവെഴുത്തു വിളംബരം ഇറക്കി.

കൊച്ചിൻ അവാർഡിൽ സുറിയാനിസഭയുടെ വീതമായി നൽകിയ 6000 രൂപയും വട്ടിപ്പണത്തിന്റെ 35 വർഷത്തെ പലിശയും ചേർത്ത് 35000 രൂപ അങ്ങനെയാണ് 1869 ൽ മാത്യുസ് മാർ അത്താനാസ്യോസ് വാങ്ങിയത്. റസിഡന്റാണു അന്നു കൂട്ടുട്രസ്റ്റികളെ നിശ്ചയിച്ചത്.

സെമിനാരികേസിനു (റോയൽ കോടതിവിധി) വഴിതെളിയിച്ചതാണു പിന്നീടുള്ള സംഭവങ്ങൾ, മലങ്കര മെത്രാനായ മാത്യുസ് മാർ അത്താനാസിയോസിന് എതിരെ നീക്കമുണ്ടായി. നവീകരണ വിരുദ്ധർ പുലിക്കോട്ടിൽ ജോസഫ് കത്തനാരെ സിറിയയിലെ അന്ത്യോക്ക്യയിൽ അയച്ചു. ജോസഫ് മാർ ദിവാന്നാസ്യോസ് എന്ന പേരിൽ മെത്രാനാക്കി (1865). രാജകീയ വിളംബരത്തിലൂടെ തന്നെ അംഗീകരിക്കണമെന്നു ദിവന്നാസ്യോസ് അഭ്യർത്ഥിച്ചെങ്കിലും നടന്നില്ല. അത്താനാസ്യോസിനെ അനുസരിക്കാൻ പററില്ലെങ്കിൽ വേറെ പള്ളി വയ്ക്കാൻ ദിവാൻ ഉത്തരവിട്ടു. ഇതിനെ മദ്രാസ് സർക്കാരും ശരിവച്ചു.

രാജകീയ വിളംബരം ഉളളതിനാൽ സിവിൽ കോടതിയിൽ പോകാൻ ജോസഫ്മാർ ദിവന്നാസ്യോസിനു കഴിഞ്ഞില്ല. എന്നാൽ, 1875ൽ പത്രോസ് മൂന്നാമൻ പാത്രിയർക്കീസ് തിരുവിതാംകൂർ രാജാവിനെ കാണാൻ വന്നപ്പോൾ തർക്കങ്ങൾ സിവിൽ കോടതിയിൽ തീർക്കാൻ രാജാവ് സമ്മതിച്ചു.

മാത്യുസ്മാർ അത്താനാസ്യോസ് ഇതിനിടെ കാലം ചെയ്തു. തുടർന്നു സെമിനാരി ഭരണവും സ്വത്തുക്കളും തോമസ് മാർ അത്തനാസ്യോസിന്റെ പക്കലെത്തി. ഇതു വീണ്ടെടുക്കാനായിരുന്നു 1879 മാർച്ച് നാലിന് ആലപ്പുഴ ജില്ലാകോടതിയിൽ ജോസഫ് മാർ ദിവന്നാസ്യോസ് കേസ് കൊടുത്തത്. ആദ്യം ലാഫ്റനയിസ്, കൃഷ്ണമേനോൻ എന്നിവരുടെ മുമ്പിലായിരുന്നു കേസ്. പിന്നീട് അതു കൃഷ്ണമേനോന്റെ ബഞ്ചിലേക്കുമാററി. അഞ്ചുവർഷം കഴിഞ്ഞപ്പോൾ ജോസഫ് മാർ ദിവന്നാസ്യോസിന്റെ അവകാശം അംഗീകരിച്ചു വിധിയുണ്ടായി.

വിശ്വാസത്തിൽ നിന്നു വ്യതിചലിച്ചതിനാൽ സ്വത്തിന് എതിർകക്ഷി അർഹനല്ലെന്നായിരുന്നു വിധി. എതിർകക്ഷികൾ തിരുവിതാംകൂർ ഹൈക്കോടതിയിൽ 1884 ഓഗസ്റ്റിൽ അപ്പീൽ നൽകി. ടി.ആർ.



നാരായണപിള്ളയും ജി.എസ്. അരിയനായകംപിള്ളയും ചേർന്ന് അപ്പീൽ തള്ളി. ഒന്നാം എതിർകക്ഷി വിശ്വാസത്തിൽ നിന്നു മാറിയതുകൊണ്ട് മെത്രാൻസ്ഥാനത്തിനു യോഗ്യനല്ലെന്നും കോടതി വിധിച്ചു.

ജഡ്ജിമാരിൽ അരിനായകംപിള്ള ക്രിസ്ത്യാനിയായിരുന്നു. സഭാക്കേസിൽ പിന്നീടു വിധി നടത്തിയവരിൽ രണ്ടാൾ ഒഴികെ ആരും ക്രിസ്ത്യാനികൾ ആയിരുന്നില്ല. അഭിഭാഷകരിൽ പ്രധാനികളും അക്രൈസ്തവരായിരുന്നു.

ഹൈക്കോടതി വിധിക്ക് എതിരേ ഒന്നാം എതിർകക്ഷിയും മററും രാജാവിന് അപ്പീൽ നൽകി-1886 മാർച്ച് ഒന്നിന് കെ.കൃഷ്ണസ്വാമിറാവു,ഡബ്ല്യു.ഇ.ഓംസ്ബി, എ. സീതാരാമയ്യർ എന്നിവരാണു വാദം കേട്ടത്. സമുദായസ്വത്തുക്കൾ ജോസഫ് മാർ ദിവന്നാസ്യോസിനെ ഏൽപ്പിക്കാൻ തന്നെ ആജ്ഞാപിച്ചു. ഇതാണു തിരുവിതാംകൂർ റോയൽ കോടതി വിധി (1889). മലങ്കരസഭയിൽ നിന്നു വിട്ടു മാർത്തോമ്മാ സുറിയാനി സഭയുടെ സ്ഥാപനത്തിന് ഈ വിധി കാരണമായി.

കൊച്ചിയിലെ ചില പള്ളികളും സ്വത്തിലും അധികാരം സ്ഥാപിച്ചുകിട്ടാൻ ജോസഫ് മാർ ദിവന്നാസ്യോസ് 1893 ൽ തൃശൂർ ജില്ലാ കോടതിയിൽ കേസ് കൊടുത്തു. ജില്ലാ കോടതിപ്രതികൂലമായ വിധി നൽകിയെങ്കിലും കൊച്ചിയിലെ റോയൽ അപ്പീൽ കോടതി അനുകൂല വിധി നൽകി. ഇങ്ങനെ തിരു-കൊച്ചി റോയൽ കോടതിയുടെ വിധി പ്രകാരം മലങ്കരയിൽ ജോസഫ് മാർ ദിവന്നാസ്യോസിന്റെ ആധിപത്യം ഉറച്ചു.

തിരുവിതാംകൂർ രാഷ്ട്രീയത്തിൽ വഴിത്തിരിവിനിടയാക്കിയ സർ സി.പി. രാമസ്വാമി അയ്യർ കേരളത്തിൽ ആദ്യമെത്തിയതു സുറിയാനിസഭയിൽ അടുത്തതായി ഉണ്ടായ വട്ടിപ്പണകേസ് വാദിക്കാനാണ്. മാർത്തോമ്മാ ഏഴാമൻ ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയിൽ എട്ടുശതമാനം പലിശയ്ക്കു സ്ഥിരനിക്ഷേപമായി 3000 പൂവരാഹൻ (10500 രൂപ) ഏൽപ്പിച്ചിരുന്നു. വർഷംതോറും ലഭിക്കുന്നവട്ടി (പലിശ) സമുദായത്തിന്റെ സാമൂഹിക സേവനത്തിന് ഉപയോഗിക്കാനായിരുന്നു തീരുമാനം. വട്ടിപ്പണത്തിൽ 840 പൂവരാഹൻ (2640 രൂപ) മാർത്തോമ്മാ ആറാമൻ പിരിച്ചു ബ്രിട്ടീഷ് റസിഡന്റ് മെക്കാളയെ ഏൽപ്പിച്ചതാണ്. ബാക്കി 2160 പൂവരാഹൻ (7560 രൂപ) തിരുവിതാംകൂർ സർക്കാർ നൽകിയതാണ്. പള്ളികൾ നശിപ്പിച്ചവരിൽ നിന്ന് നഷ്ടപരിഹാരമായി

തുക ഈടാക്കിയാണ് സർക്കാർ ഈ പൂവരാഹൻ നൽകിയത്.

വട്ടിപ്പണത്തിന്റെ പലിശയ്ക്കായി ജോസഫ് മാർ ദിവന്നാസ്യോസിന്റെ പിൻഗാമിവട്ടശേരിൽ മാർ ദിവന്നാസ്യോസും എതിർവിഭാഗത്തിന്റെ (പാത്രിയർക്കീസ് വിഭാഗം) മെത്രാനും തമ്മിൽ നടന്ന വ്യവഹാരമാണ് വട്ടിപ്പണക്കേസ്.

വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസിന്റെ കൂട്ടു ട്രസ്റ്റികൾ കോനാട്ട് മാത്തൻ മല്പാനും സി.ജെ. കുര്യനുമായിരുന്നു. ഭരണപരമായ കാര്യങ്ങളിൽ ഇവർ മെത്രാനുമായി പിണങ്ങി. അതിനാൽ വട്ടിപ്പണത്തിന്റെ പലിശ വാങ്ങാൻ ഒന്നിച്ചു നിന്നില്ലാ. 1908 മുതലുള്ള പലിശ വാങ്ങാതെ കിടപ്പുണ്ടായിരുന്നു.

വട്ടിപ്പണക്കേസിനു കാരണമായതു വട്ടശേരിമാർ ദിവന്നാസ്യോസിനെ അബ്ദുല്ലപാത്രിയർക്കീസ് മുടക്കിയ സംഭവമാണ്. പാത്രിയർക്കീസിനു ലൗകികാധികാരം സമ്മതിച്ചുകൊടുക്കുന്ന ഉടമ്പടിയിൽ ഒപ്പുവയ്ക്കാൻ വട്ടശേരിൽ മാർ ദിവന്നാസ്യോസ് വിസമ്മതിച്ചു. പാത്രിയർക്കീസ് ഉടനെ യോഗം വിളിച്ചു കൂട്ടി മാർ കൂറിലോസിനെ മലങ്കര മെത്രാനാക്കി. ഇതിനെതിരെ വട്ടശേരിൽ മാർ ദിവന്നാസ്യോസും നീങ്ങി. മാത്തൻ മല്പാനെയും സി.ജെ. കുര്യനെയും മാററി മാണി പൗലോസ് കത്തനാരെയും കോരുള ഏബ്രഹാമിനെയും കൂട്ടു ട്രസ്റ്റികളാക്കി. ഇരു ഗ്രൂപ്പുകളും വട്ടിപ്പണത്തിന്റെ പലിശയ്ക്കായി ബ്രിട്ടീഷ് റസിഡന്റിനെ സമീപിച്ചു. അതുവരെ 3306 രൂപ പലിശയായി ഉണ്ടായി രുന്നു.

ഈ തുക തിരുവനന്തപുരം ജില്ലാകോടതിയിൽ ബ്രിട്ടീഷ് സെക്രട്ടറി ഓഫ് സ്റേററ്സ് കെട്ടിവച്ചു. യഥാർത്ഥ അവകാശിക്കു കൊടുക്കാൻ 1913 ൽ ജില്ലാ കോടതിയിൽ ഇന്റർ പ്ലീഡർ കേസ് ഫയൽ ചെയ്തു.

ഇതിൽ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസും ട്രസ്റ്റിമാരും 1,2,3 പ്രതികളും കൂറിലോസും ട്രസ്റ്റികളും 4,5,6 പ്രതികളുമായിരുന്നു. ജില്ലാ കോടതിയിൽ കേസ് വിസ്തരിച്ചത് ജസ്റ്റിസ് ജി. ശങ്കരപിള്ളയായിരുന്നു. പാത്രിയർക്കീസ് ഭാഗത്തിനു വേണ്ടി കയ്യാലം പരമേശ്വരൻ പിള്ളയും വട്ടശേരിൽ മാർ ദിവന്നാസ്യോസസിനുവേണ്ടി ഇ.ജെ. ഫിലിപ്പോസും ഹാജരായി.

വട്ടശ്ശേരിൽ ദിവന്നാസ്യോസിനെ മുടക്കിയത് അസാധുവാണെന്നു കോടതി വിധിച്ചു. വട്ടിപ്പണ പലിശ വാങ്ങാൻ 1,2,3 പ്രതികൾക്ക് അവകാശമുണ്ടെന്നും വിധിയായി.



ഇതിനെതിരെ ഹൈക്കോടതിയിൽ അപ്പീൽ നൽകി. ചിഫ് ജസ്റ്റിസ് വീരരാഘവ അയ്യങ്കാർ, ചാററ്ഫീൽഡ്, പപ്പുപിള്ള എന്നിവർ അടങ്ങിയ ഫുൾബഞ്ച് അപ്പീൽ കേട്ടു. ജില്ലാ കോടതിയുടെ വിധി അസ്ഥിരപ്പെടുത്തുക മാത്രമല്ല, വട്ടശേരിൽ ദിവന്നാസ്യോസിന്റെ മുടക്ക് ശരിവയ്ക്കുകയും ചെയ്തു. ഈ അപ്പീൽ കേസിൽ സി.പി. രാമസ്വാമി അയ്യരാണു പാത്രിയർക്കീസ് ഭാഗത്തിന് വേണ്ടി വാദിച്ചത്. കേസ് വാദിക്കാൻ വന്ന സി.പി. രാജകുടുംബത്തിൽ മുഖം കാണിക്കാൻ എത്തിയതിനേതുടർന്നാണ് ദിവാൻ സ്ഥാനം വരെ എത്തിയ ബന്ധം ഉണ്ടായത് ഒന്നാം പ്രതിക്കുവേണ്ടി വാദിച്ചത് അല്ലാടി കൃഷ്ണസ്വാമി അയ്യരാണ്.

ഈ വിധി അസ്ഥിരപ്പെടുത്തണമെന്ന് ഒന്നാം പ്രതിയും കൂട്ടു ട്രസ്റ്റികളും ഹൈക്കോടതിയിൽ അപ്പീൽ നൽകി. വാദം കേട്ടത് ചീഫ് ജസ്റ്റീസ് ചാറ്റ് ഫീൽഡ്, ജസ്റ്റിസുമാരായ ജോസഫ് തളിയത്ത്, ചങ്ങനാശ്ശേരി പരമേശ്വരൻ പിള്ള എന്നിവരടങ്ങിയ ഫുൾ ബഞ്ചായിരുന്നു. പാത്രിയർക്കീസ് കക്ഷിക്കുവേണ്ടി സി.പി. രാമസ്വാമി അയ്യരും എതിർകക്ഷിക്കുവേണ്ടി നൂജന്റ് ഗ്രാന്റും (മദ്രാസ്) ഹാജരായി. അവസാന വിധി (1928) ഓർത്തഡോക്സ് വിഭാഗത്തിലെ വട്ടശേരിൽമാർ ദിവന്നാസ്യോസിന് അനുകൂലമായിരുന്നു.

സമുദായക്കേസാണ് അടുത്തത്. 1938 ൽ ഫയൽ ചെയ്ത ഈ കേസിൽ 1958 ലാണു വിധി ഉണ്ടായത്.

വട്ടിപ്പണം വാങ്ങിയ മാർ വട്ടശേരിൽ 1934 ൽ കാലം ചെയ്തു. തുടർന്നു ഗീവർഗീസ് ദ്വിതീയയെ മെത്രാപ്പോലീത്തസ്ഥാനത്തേക്കു തെരഞ്ഞെടുത്തു. സഭയുടെ ഭരണഘടനയും അംഗീകരിച്ചു.

പാത്രിയർക്കീസ് വിഭാഗം 1935 ൽ പൗലോസ് കത്തനാരെയും മലങ്കര മെത്രാനാക്കി. അങ്ങനെ സഭയിൽ വീണ്ടും തർക്കമായി.

മാർ വട്ടശേരിലിന്റെ കൂട്ടുട്രസ്റ്റികളായിരുന്ന മാണി പൗലോസ് കത്തനാരെയും ഇ.ജെ. ജോസഫിനെയും മാററി അവിടെ ജോസഫ് കത്തനാരെയും തുകലൻ പൗലോ അവിരായെയും പാത്രിയർക്കീസ് വിഭാഗം ട്രസ്റ്റികളാക്കി. 1938 മാർച്ച് 10 നു പാത്രിയർക്കീസ് ഭാഗത്തെ മൂന്നു ട്രസ്റ്റികൾ കോട്ടയം ജില്ലാ കോടതിയിൽ ഗീവർഗീസ് ദ്വിതീയനും മററു ട്രസ്റ്റുമാർക്കും എതിരെ കേസ് ഫയൽ ചെയ്തു.

പാത്രിയർക്കീസിനു മാത്രം അവകാശപ്പെട്ട സ്ഥാനവും ചുമത

ലകളും കാതോലിക്കോസിനു നൽകി ഭരണഘടനയുണ്ടാക്കി ഈ പ്രതികൾ നവീനസഭ ഉണ്ടാക്കി എന്നതായിരുന്നു മുഖ്യ ആരോപണം. മലങ്കര മെത്രാനെ സിറിയയിലുള്ള പാത്രിയർക്കീസ് വാഴിക്കുകയും നിയമിക്കുകയും വേണമെന്നാണ് അവർ വാദിച്ചത്.

ജില്ലാകോടതിയിൽ ബി. കൃഷ്ണയ്യരായിരുന്നു സ്പെഷ്യൽ ജഡ്ജി. പാത്രിയർക്കീസ് ഭാഗത്തിനുവേണ്ടി വി.വി. അനന്തപത്മനാഭ അയ്യരും എതിർഭാഗത്തിനുവേണ്ടി ടി.ജെ. മാത്യുവും കെ. ചെറിയാനും ഹാജരായി. പാത്രിയർക്കീസ് വിഭാഗത്തിന്റെ ഹർജി ചെലവു സഹിതം തള്ളി.

പാത്രിയർക്കീസ് വിഭാഗത്തിന്റെ അപ്പീൽ തിരുവിതാംകൂർ ഹൈക്കോടതിയിൽ ചീഫ് ജസ്റ്റിസ് ടി.എം. കൃഷ്ണസ്വാമി അയ്യർ, നോക്സ്, സത്യനേശൻ എന്നിവർ അടങ്ങിയ ഫുൾബഞ്ചിൽ വന്നു. പാത്രിയർക്കീസിനു വേണ്ടി ബ്രാഡലും ഗീവർഗീസ് ദ്വിതീയനുവേണ്ടി ടി.ആർ. വെങ്കിട്ടരാമശാസ്ത്രിയും ഹാജരായി. പാത്രിയർക്കീസിന് അനുകൂലമായി വിധിയുണ്ടായി. (1946 ഓഗസ്റ്റ് 8).

ഈ വിധി റിവ്യു ചെയ്യാൻ ഗീവർഗീസ് ദ്വിതീയനും മററും അപേക്ഷ നൽകി. റിവ്യു ഹർജി വിചാരണ ചെയ്യാൻ കോടതിക്ക് അധികാരമുണ്ടെന്ന് ഫുൾബഞ്ച് വിധിയുണ്ടായി. അന്നു പുതുപ്പള്ളി എസ്. കൃഷ്ണപിള്ളയായിരുന്നു ചിഫ് ജസ്റ്റിസ്.

അപ്പോഴേക്കും തിരു-കൊച്ചി സംയോജനമുണ്ടായി. തുടർന്ന് റിവ്യുഹർജിവാദം നടന്നതു തിരു-കൊച്ചി ഹൈക്കോടതിയിലാണ്. ചീഫ് ജസ്റ്റിസ് കുഞ്ഞിരാമനും ജോസഫ് വിതയത്തിലും പി.കെ. സുബ്രഹ്മണ്യഅയ്യരും ചേർന്ന ഫുൾബഞ്ച് വാദം കേട്ടു. പാത്രിയർക്കീസിനുവേണ്ടി അച്ചറാം, ഗീവർഗീസ്, ദ്വിതീയൻ കാതോലിക്ക ബാവയ്ക്കുവേണ്ടി എൻ.പി. എഞ്ചിനിയർ എന്നിവർ ഹാജരായി. 1951 ഡിസംബർ 21 നു ഹർജി തള്ളി.

ഇതേതുടർന്ന് സുപ്രീം കോടതിയിൽ അപ്പീൽ അപേക്ഷ നൽകി. 1954 മെയ് 21 നു അപ്പീൽ അനുവദിച്ചു. പാത്രിയർക്കീസ് വിഭാഗം ഹൈക്കോടതിയിൽ കൊടുത്തിരുന്ന എല്ലാ പോയിന്റുകളിലും വീണ്ടും വാദം കേൾക്കാൻ സുപ്രീംകോടതി നിർദ്ദേശിച്ചു. ഇതേതുടർന്ന് തിരു-കൊച്ചി ഹൈക്കോടതി വീണ്ടും അപ്പീൽ കേട്ടു. ജസ്റ്റിസ്മാരായ ശങ്കരൻ, ജി.കുമാരപിള്ള, എം.എസ്. മേനോൻ എന്നിവർ അടങ്ങിയ



ബഞ്ച് പാത്രിയർക്കീസ് ഭാഗത്തെ വാദങ്ങൾ എല്ലാം സ്വീകരിച്ചു. 1956 ഡിസംബർ 12 നായിരുന്നു വിധി. പാത്രിയർക്കീസിനുവേണ്ടി കെ.പി. ഏബ്രഹാം, തൈക്കാട് സുബ്രഹ്മണ്യയ്യർ, കാതോലിക്കായ്ക്കു വേണ്ടി എം.കെ. നമ്പ്യാർ എന്നിവർ ഹാജരായി.

പിന്നെ സുപ്രീം കോടതിയിൽ നൽകിയ അപ്പീൽ 1958 സെപ്തംബർ 12 നു കാതോലിക്കാവിഭാഗത്തിന് അനുകൂലമായി വിധിയുണ്ടായി. ചിഫ് ജസ്റ്റിസ് എസ്.ആർ.ദാസ്, പി.എൻ. ഭഗവതി, ബി.പി. സിൻഹ, കെ. സുബ്ബറാവു, കെ.എൻ. വാഞ്ചു എന്നിവർ അടങ്ങിയ ഭരണഘടനാബഞ്ചാണു വിധി പ്രഖ്യാപിച്ചത്. കാതോലിക്കാഭാഗത്തിനുവേണ്ടി എം.കെ. നമ്പ്യാർ, എം.ഒ. ഏബ്രഹാം, എസ്.എൻ. ആൻഡ്ലി, പാത്രിയർക്കീസ് ഭാഗത്തിനു വേണ്ടി കെ.പി. ഏബ്രഹാം, എം.ആർ. കൃഷ്ണപിള്ള, പി.പി. ജോൺ തൈക്കാട് സുബ്രഹ്മണ്യ അയ്യർ എന്നിവർ ഹാജരായി.

എല്ലാ കോടതികളിലെയും ചെലവു വാദികൾ പ്രതികൾക്കു കൊടുക്കാനും ഉത്തരവായി. വട്ടിപ്പണക്കേസും സമുദായക്കേസും പ്രാതിനിധ്യ സ്വഭാവമുള്ള കേസ്ആണെന്നും ഒരേ പ്രശ്നത്തെക്കുറിച്ച് ഒരേ താൽപര്യക്കാർക്ക് ഒന്നിൽ കൂടുതൽ തവണ വിധിക്കായി കോടതിയെ സമീപിക്കാൻ താൽപര്യവുമില്ല എന്നും സുപ്രീംകോടതി ചൂണ്ടിക്കാട്ടി.

ഈ വിധി റിവ്യുചെയ്യാൻ പാത്രിയർക്കീസ് ഭാഗം സുപ്രീം കോടതിയിൽ അപേക്ഷ നൽകിയെങ്കിലും ഹർജി തള്ളി.

ഇതേതുടർന്നു സഭാസമാധാനം ഉണ്ടായെങ്കിലും പാത്രിയർക്കീസ് വിഭാഗം ഭരണഘടനയെ അവഗണിച്ചു മെത്രാന്മാരെയും കാതോലിക്കായെയും വാഴിച്ചുവെന്നു പരാതിയുണ്ടായി. പാത്രിയർക്കീസ് വാഴിച്ചവർക്കു സഭയിൽ സ്ഥാനമില്ലെന്നു സ്ഥാപിക്കാൻ ഓർത്തഡോക്സ് വിഭാഗം കേസ് നൽകി. ഈ കേസിൽ ഹൈക്കോടതിയിൽ 1990 ജൂൺ ഒന്നിനു സിംഗിൾ ബഞ്ച് വിധിയുണ്ടായി. ജസ്റ്റിൽ ടി. ചന്ദ്രശേഖരമേനോന്റെ ഈ വിധിക്ക് എതിരെ ഹൈക്കോടതിയിൽ അപ്പീൽ നൽകി. യു.എൽ.ഭട്ട്, പി.കെ. ബാലനാരായണമാരാർ എന്നിവർ ഉൾപ്പെട്ട ഡിവിഷൻ ബഞ്ച് സിംഗിൾജഡ്ജ് വിധി അസ്ഥിരപ്പെടുത്തി. ഈ വിധിയെ ചോദ്യം ചെയ്തുകൊണ്ടുള്ള അപ്പീലിന്മേലാണ് 1995 ജൂൺ 20 ലെ വിധി.”

സുപ്രീം കോടതിക്കുമുമ്പുള്ള ഈ മനോരമവിധിന്യായങ്ങൾ മനോരമയുടെ മുൻഭാഷ്യങ്ങളിൽ നിന്നു ഭിന്നമാണ്. കഴിയുന്നിടത്തോളം അന്യ സമുദായങ്ങളിലെ മനോരമവരിക്കാരെയും പരസ്യക്കാരെയും അകററാതിരിക്കാൻ പരുവത്തിൽ ബന്ധപ്പെട്ടവരുടെയെല്ലാം മസ്തിഷ്ക്കപ്രക്ഷാളനം കൂടി ലാക്കാക്കി തയ്യാറാക്കിയ അഭിനവവ്യാഖ്യാനം നയതന്ത്രജ്ഞതയിൽ മികച്ച നിലവാരം പുലർത്തുന്നു.

സഭാക്കേസിൽ ജൂൺ 20 നു മലങ്കര അസോസിയേഷന്റെ ഭരണഘടന സാധുവാണെന്നു സുപ്രീംകോടതി വിധിച്ചു. മലങ്കരസഭയിൽ പാത്രയർക്കീസിനു ഭൗതികാധികാരങ്ങൾ ഇല്ലെന്നും ആത്മീയാധികാരം പോലും മലങ്കരസഭയുടെ ഭരണഘടനക്കനുസരണമായിട്ടാണെന്നും സുപ്രീം കോടതി വിധിയിൽ ചൂണ്ടിക്കാട്ടി. ഈ കേസിൽ 1990 ലെ കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ വിധി സുപ്രീം കോടതിയുടെ ഭൂരിപക്ഷബഞ്ച് ശരിവച്ചു.

എന്നാൽ മലങ്കര അസോസിയേഷന്റെ ഭരണഘടനയിൽ ഇടവകകളുടെപ്രാതിനിധ്യം സംബന്ധിച്ച ഭാഗം ഭേദഗതി ചെയ്യണമെന്നും സുപ്രീം കോടതി ഭൂരിപക്ഷബഞ്ച് നിർദ്ദേശിച്ചു. മൂന്നുമാസത്തിനകം ഈ ഭേദഗതി വരുത്തി കോടതിയെ ബോധിപ്പിക്കണമെന്ന് വിധിന്യായം നിഷ്കർച്ചിച്ചു. ജസ്റ്റിസ്മാരായ ആർ.എം.സഹായ്, ബി.പി. ജീവൻറെഡി, എസ്.സി. സെൻ എന്നിവർ അടങ്ങിയ ബഞ്ചാണി സഭാക്കേസിൽ വാദം കേട്ടു തീർപ്പ് കൽപ്പിച്ചത്.

മലങ്കര യാക്കോബായ സുറിയാനി ക്രിസ്ത്യാനികൾ പരിശുദ്ധ പാത്രിയർക്കീസ്ബാവയുടെ കീഴിൽ യഥാർത്ഥകൈവയ്പുള്ള സഭയായി തുടരുമെന്ന ശ്രേഷ്ഠ കാതോലിക്ക ബസേലിയസ് പൗലോസ് ദ്വിതീയൻബാവ സുപ്രീം കോടതിവിധി അറിഞ്ഞശേഷം പ്രഖ്യാപിച്ചു.

''വിശുദ്ധസഭയുടെ അടിസ്ഥാനം വിശ്വാസമാണ്. അത് ഭൗതീകചിന്തകൾക്കും തീരുമാനങ്ങൾക്കും അതീതമാണ്. സഭാ ജീവിതപോരാട്ടത്തിൽ ദൈവാശ്രയവും ഏകാഭിപ്രായവും മുറുകെപിടിക്കുന്നെങ്കിൽ, നാം സുരക്ഷിതരാണ്. ആകമാനസുറിയാനി സഭയുടെ ഭാഗമായ മലങ്കര യാക്കോബായ സുറിയാനിക്രിസ്ത്യാനികൾ പരിശുദ്ധ പാത്രിയർക്കീസ് ബാവയുടെ കീഴിൽ യഥാർത്ഥ കൈവയ്പുള്ള സഭയായി തുടരും. അതിനുള്ള കർമ്മ പരിപാടികളുമായി നമുക്കു മുന്നേറാം.''

നാലാമത്തെ കാതോലിക്ക ഔഗേൻ പ്രഥമൻ പ്രായാധിക്യം പരിഗണിച്ച കാതോലിക്ക, മലങ്കര മെത്രാപ്പോലീത്ത സ്ഥാനങ്ങൾ 1970



ഡിസംബർ 31 നു പിൻഗാമിയായി തെരഞ്ഞെടുക്കപ്പെട്ട ബസേലിയസ് മാർത്തോമ്മ മാത്യുസ് പ്രഥമനു കൈമാറി. 1975 ഒക്ടോബർ 27 നു അദ്ദേഹം മാർത്തോമ്മ സ്ഥാനനാമത്തോടെ വാഴിക്കപ്പെട്ടു. 1991 ൽ ആലസ്യബാധിതനായിക്കഴിഞ്ഞ അദ്ദേഹം ഏപ്രിൽ 27 നു സ്ഥാനത്യാഗം ചെയ്തു. പിൻഗാമിയായി നേരത്തെ തെരഞ്ഞെടുത്തിരുന്ന മാത്യുസ് മാർ കുറിലോസിനെ ഏപ്രിൽ 29 നു പരുമലയിൽ ആറാം കാതോലിക്ക ബാവയായി അവരോധിച്ചു. അടുത്തദിവസം അഞ്ചു മെത്രാന്മാരെ അദ്ദേഹം വാഴിച്ചു. ഒന്നരദശാബ്ദം മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാധ്യക്ഷനായി സഭയ്ക്ക്കരുത്തേകിയ ബസേലിയസ് മാർത്തോമ്മാ മാത്യുസ് പ്രഥമൻ 1996 നവംബർ 8 നു കാലം ചെയ്തു. ഭൗതിക ശരീരം ദേവലോകം അരമനച്ചാപ്പലിന്റെ മദ്ബ്ഹായുടെ ഇടത്വശത്ത് മുൻഗാമികളായ ബസേലിയസ് ഗീവറുഗീസ് ദ്വിതീയർ, ബസേലിയസ് ഔഗേൻ പ്രഥമൻ ബാവാമാരുടെ കബറിടത്തിനു സമീപം അടക്കി.

''മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയുടെ സ്വാതന്ത്ര്യവും സ്വയം ശീർഷകത്വവും കാത്തുസൂക്ഷിക്കുന്നതിലും, ഭരണപരിഷ്ക്കാരങ്ങൾ വരുത്തി സഭയുടെ പേരും പെരുമയും ആഗോളതലത്തിൽ എത്തിക്കുന്നതിലും അസാധാരണശേഷി പ്രകടിപ്പിച്ച സഭാധ്യക്ഷനായിരുന്നു. പരിശുദ്ധബസേലിയസ് മാർത്തോമ്മ മാത്യുസ് പ്രഥമൻ കാതോലിക്കാബാവ നിർഭാഗ്യകരമായ വ്യവഹാരങ്ങളുടെ ഇടയിലും സഭയെ ഒരുമിച്ചു കൊണ്ടുപോകാൻ കഴിഞ്ഞ വലിയ ഇടയനെന്ന് അദ്ദേഹത്തെചരിത്രം എന്നും സ്മരിക്കും. ധീഷണാവൈഭവവും ഭരണസാമർത്ഥ്യവും ഒന്നിച്ചുവിളങ്ങിയ ബാവയുടെ പതിനഞ്ചുവർഷത്തെ ഭരണക്കാലത്ത് സഭ ആധ്യാത്മിക ലൗകികതലങ്ങളിൽ ഒരു പോലെ മുന്നേറിയെന്നതും ചരിത്രവസ്തുതതന്നെ''.

ഏതാണ്ടിത്രയും ദൈർഘ്യത്തിലും ആഴത്തിലും ആറാം കാതോലിക്ക ബസേലിയസ് മാർത്തോമ്മ മാത്യുസ് ദ്വിതിയനെപ്പററി 1991 ഏപ്രിൽ 28 ലെ മനോരമയിൽ ഫുൾപേജ് വിവരണമുണ്ട്. കൊല്ലത്തിനുസമീപം പെരിനാട് ഗ്രാമത്തിൽ പുതുശേരിലഴികത്ത് ഇടിക്കുളയുടെ മൂത്തമകൻ ഇ.മാത്യൂസ്, അമ്മ കൊട്ടാരക്കര നെല്ലിക്കുന്നത്ത് മേലൂട്ട് വീട്ടിൽ അന്നമ്മ.

പത്തനംതിട്ട സെമിനാരിയിൽ പഠനം. 1938 ഏപ്രിൽ 17 നു കുണ്ടറ സെമിനാരിയിൽ വൈദികപട്ടം. തിരുവല്ലക്കും ചെങ്ങന്നൂരി

നും മധ്യേ ഓതറ ദയറയിലെ പ്രവർത്തനം ഏഞ്ചലച്ചനാക്കി. 1951ൽ എം.ഡി. സെമിനാരിൽ ചേർന്ന അസോസിയേഷൻ യോഗം മേൽപട്ട സ്ഥാനത്തേക്കു തെരഞ്ഞെടുത്തു. 1953 മെയ് 15 നു മെത്രാപ്പോലിത്ത യായി അഭിഷേകം ചെയ്യപ്പെട്ടു. ദീർഘകാലം കൊല്ലം ഭദ്രാസനത്തി ന്റെ മെത്രാപ്പോലിത്തയായിരുന്നു 1980 മെയ് മാസത്തിലാണ് മലങ്കര മെത്രാപ്പോലിത്തയുടെയും കാതോലിക്കയുടെയും പിൻഗാമിയായി തെരഞ്ഞെടുത്തത്. നിയുക്ത കാതോലിക്ക നിലക്കൽ പ്രശ്നം സൗഹാർദ്ദപരമായി പരിഹരിച്ചു.

## XIV -I

## പോത്ത പഴഞ്ഞേരിൽ (1852 – 1914)

### 1. മറിയാമ്മ കിഴക്കേ നാലാം വേലിൽ

### 2. ശോശാമ്മ തെക്കേ നാലാം വേലിൽ

കൊല്ലമന പോത്തയെക്കുറിച്ച്, പഴഞ്ഞേരിൽ കുടുംബത്തിലെ ഏറ്റവും പ്രായം കൂടിയ പിതാവ്, നമ്മുടെ കുടുംബത്തിന്റെ വൈസ് പ്രസിഡന്റായിരുന്ന പരേതനായ ശ്രീമാൻ ഇടുക്കള ഫിലിപ്പിന്, തന്റെ വല്ല്യപ്പച്ചനെക്കുറിച്ച് കേട്ടറിവേയുള്ളു. ശ്രീമാൻ ഇടുക്കളഫിലിപ്പ് നൽകിയ വിവരങ്ങൾ തുടർന്ന് വിവരിക്കുന്നു. 14-ാം തലമുറയിൽ ജീവിച്ചിരുന്ന കൊല്ലമന കുടുംബാംഗം ശ്രീമാൻ പോത്തച്ചൻ, ബിസിനസ് സംബന്ധമായി പുനലൂരിൽ വരികയും, അവിടെ കിഴക്കേനാലാം വേലിൽ കുടുംബത്തിൽ മറിയാമ്മയെ വിവാഹം കഴിച്ചു, ആദ്യത്തെ പ്രസവത്തോടെ ഭാര്യ മരിച്ചു. അതിനുശേഷം അതേ കുടുംബത്തിൽ നിന്ന് തെക്കെ നാലാം വേലിൽ ശോശാമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് എട്ട് മക്കളുണ്ടായി. നാല് ആൺമക്കളും നാല് പെൺമക്കളും. മൂത്തമകൻ തോമ്മാ ഇടുക്കള, രണ്ടാമത്തെ മകളെ മുളമൂട്ടിൽ കുടംബത്തിലേക്ക് വിവാഹം കഴിപ്പിച്ചു. മൂന്നാമത്തെ മകൻ ഇടുക്കള, നാലാമത്തെ മകളെ കക്കാടംപള്ളിൽ കുടുംബത്തിലേക്ക് വിവാഹം കഴിപ്പിച്ചു, അഞ്ചാമത്തെ മകളെ കറുകയിൽ (തുണ്ടിയിൽ) കുടുംബത്തിലേക്ക് വിവാഹം കഴിപ്പിച്ചു. ആറാമത്തെ മകൻ പോത്ത ഇടുക്കള, ഏഴാമത്തെ മകളെ ചേരുവാക്കൽ കുടുംബത്തിൽ വിവാഹം കഴിപ്പിച്ചു. എട്ടാമത്തെ മകൻ ജോർജ്ജ്. പി. എന്നിവരാണ്. തികഞ്ഞ ദൈവഭക്തനായിരുന്ന പഴഞ്ഞേരിൽ പോത്ത മാർത്തോമാസഭ അംഗമായി. ഭൂസ്വത്തുടമയായിരുന്ന ശ്രീമാൻ പോത്ത



പുനലൂരിൽ ബഹുമാനിതനായിരുന്നു. നവീകരണം സഭയിൽ ഉണ്ടായപ്പോൾ നവീകരണത്തെ അനുകൂലിച്ച് മാർത്തോമ്മാ സഭയുടെ ആരംഭത്തിന് സർവ പിൻതുണയും നൽകിയ പ്രധാനികളിൽ ഒരാളായിരുന്നു. സഭയുടെ പാരമ്പര്യത്തേക്കാൾ മനുഷ്യൻ ആത്മീയമായി പരിജ്ഞാനം പ്രാപിക്കുന്നതിന് നവീകരണം ആവശ്യമായിരുന്നു എന്ന് ശ്രീമാൻ പോത്തച്ചന് ബോധ്യമായി.

അന്ന് ഓർത്തഡോക്സ് സഭയിൽ സുറിയാനിയിൽ മാത്രമേ കുർബാന അർപ്പിക്കുകയുള്ളു. നവീകരണം സഭയിൽ ഉണ്ടായപ്പോൾ കോവൂരച്ചന്റെ നേതൃത്വത്തിൽ സഭയിൽ ആദ്യമായി മലയാളത്തിൽ കുർബാന അർപ്പിച്ചു. ആ ദിവസം സംഭവിച്ച രസകരമായ കഥ ഇവിടെ വിവരിക്കാം. അന്ന് ഞായറാഴ്ച കുർബാന കഴിഞ്ഞ് (മലയാളത്തിൽ ആദ്യമായി കുർബാന അർപ്പിച്ച ദിവസം) പള്ളിക്കടുത്ത് ഒരു വീട്ടിൽ പതിയാൻ തേങ്ങാ ഇടാൻ തെങ്ങിൽ കയറിയപ്പോൾ മറിഞ്ഞ് വീണ് പരുക്കുകൾ ഏറ്റു. അപ്പോൾ ആ വീട്ടിലെ കാരണവർ പറഞ്ഞു. " ഇന്ന് കുർബാന മലയാളത്തിലാക്കിയപ്പോൾ ഞാൻ വിചാരിച്ചു എന്തെങ്കിലും കുഴപ്പം ഉണ്ടാകുമെന്ന്". ഇത്തരത്തിലുള്ള അന്ധ വിശ്വാസങ്ങളും, ഹിന്ദു ആചാരങ്ങളും നിലനിന്നിരുന്ന കാലത്ത് നവീകരണം സഭയിൽ ആവശ്യമായിരുന്നു. എന്ന് കാണുവാൻ കഴിയും.

പഴഞ്ഞേരിൽ കുടുംബത്തിന്റെ ഉത്ഭവമായ മാർത്തോമ്മ സുറിയാനി സഭയെക്കുറിച്ച് വിശദ വിവരണം ചുവടെ ചേർക്കുന്നു.

## മാർത്തോമ്മാ സുറിയാനിസഭ

ആംഗ്ലിക്കൻ സഭയിലെ സി.എം.എസു.കാർ യാക്കോബായ സഭയിൽ പ്രവേശിച്ച് ആംഗ്ലിക്കൻ ലോ ചർച്ച് പാരമ്പര്യങ്ങൾ സന്നി വേശിപ്പിച്ച് പരിഷ്കരിച്ചെടുത്തതിന്റെ പരിണിതഫലമാണ് മാർത്തോമാ സുറിയാനിസഭ എന്ന നവീകരണകക്ഷി. പാശ്ചാത്യവും പൗരസ്ത്യവു മായ ഘടകങ്ങൾ കൂട്ടിചേർത്ത പുതിയ സഭാ പാരമ്പര്യം. ആംഗ്ലിക്കൻ ബന്ധത്തിൽ പുരാതന മലങ്കരസഭയിലെ ചില അപ്പോസ്തോല്യ മൂല്യങ്ങൾ ചോർന്നുപോയെങ്കിലും പ്രൊട്ടസ്റ്റന്റ് സ്വാധീനമുള്ള മാർ ത്തോമ്മാസഭ ഒന്നേകാൽ നൂറ്റാണ്ടിനകം അസൂയാവഹമായ പുരോഗതി നേടി. ആദ്യനവീകരണ കർത്താക്കളുടെ പാതയിൽ നിന്നും വഴുതിമാറുന്നു എന്നുതോന്നിയ കുറേപ്പേർ ചേർന്നു 1961-ൽ ജന്മമേകിയതാണ് സെന്റ് തോമസ് ഇവാഞ്ചലിക്കൽസഭ. പത്തനംതിട്ട, കോട്ടയം ജില്ലകളിലാണ് ഏറ്റവും കൂടുതൽ മാർത്തോമാസഭക്കാരു

ള്ളത്. തിരുവല്ല, മാരാമൺ, കോഴഞ്ചേരി, പത്തനംതിട്ട മുതലായവ മാർത്തോമ്മസഭാ സങ്കേതങ്ങളാണ്. മെത്രാൻപട്ടകൈവെപ്പിൽ തൊഴിയൂർസഭയുമായി മാർത്തോമ്മാസഭ സഹകരിക്കുന്നു.

ബാഹ്യകേരള കുടിയേറ്റവും ഗൾഫ് പ്രയാണവും സമീപകാലത്ത് മാർത്തോമ്മാസഭയ്ക്കു ശീഘ്രപുരോഗതി ലഭ്യമാക്കി. വിദ്യാഭ്യാസം, സാംസ്കാരികനില, സാമ്പത്തികാഭിവൃത്തി മുതലായവയിൽ ഒട്ടും പിന്നോക്കമല്ല. വൈദികരും വൈദികമേലധ്യക്ഷന്മാരും ഉന്നതനിലവാരം പുലർത്തുന്നു.

## പ്രൊട്ടസ്റ്റന്റ് മിഷനറിമാരുടെ കൂട്ടായ്മ

ബ്രട്ടീഷിഭരണം വേരുറച്ചകാലത്ത് 1795-ൽ ആംഗ്ലിക്കൻ സഭയിലെ ലണ്ടൻമിഷണറി സൊസൈറ്റിയും 1799-ൽ ചർച്ച് മിഷനറി സൊസൈറ്റിയും ഭാരതത്തിൽ മിഷൻ പ്രവർത്തനത്തിനായി വന്നു. ബ്രട്ടീഷ് റസിഡന്റ്മാരായ കേണൽ കോളിൻ മക്കാളയുടേയും (1800-1810) കേണൽ ജോൺ മൺട്രോയുടേയും (1810-1819) കാലത്ത് ആംഗ്ലിക്കൻ മഷണറിമാർ കേരളത്തിലെത്തി. കർമ്മലീത്ത മേധാവിത്വത്തിലിരുന്ന കത്തോലിക്കാസഭ ഇവരോടു കൂട്ടുചേർന്നില്ല. പുത്തൻകൂർ സുറിയാനിക്കാർ ഇവരെ സ്വാഗതം ചെയ്തു.

ഇതിന്റെ പ്രാരംഭമായി മദ്രാസിലെ ബ്രിട്ടീഷ് ഗവർണർ ലോർഡ് വില്യം ബന്റിക് കൽപ്പിച്ചതു പ്രകാരം ആംഗ്ലിക്കൻ മിഷനറിയായ ഡോ. കേർ മലങ്കരസഭയിലെ പുത്തൻകൂർ വിഭാഗത്തെക്കുറിച്ചു പഠിച്ച് 1805-ൽ ഗവർണ്ണർക്കു റിപ്പോർട്ടു നൽകിയിരുന്നു. ക്ലോഡിയസ് ബുക്കാനൻ (1766-1815) സഭ സന്ദർശിച്ച് 1806-ൽ സർവ്വെ തയ്യാറാക്കിക്കൊടുത്തു. ബുക്കാനൻ ആധികാരിക രേഖകൾ സമാഹരിച്ച് പഠിച്ചു. വിവധ പള്ളികൾ കയറിയിറങ്ങിയ അദ്ദേഹം 1806-ൽ കണ്ടനാട്ടുപള്ളിയിൽ വച്ചു ആറാം മാർത്തോമ്മായെ സന്ദർശിച്ചു അഭിമുഖം നടത്തി. 1807-ൽ ഇംഗ്ലണ്ടിലേക്കു മടങ്ങുന്നതിനു മുൻപ് അദ്ദേഹം പുത്തൻകൂർ സുറിയാനികേന്ദ്രങ്ങൾ സന്ദർശിച്ചു. അദ്ദേഹം 1811-ൽ ബോംബെയിൽ നിന്നു നാലു സുവിശേഷങ്ങൾ സുറിയാനിയിൽ നിന്നു പരിഭാഷപ്പെടുത്തി മലയാളത്തിൽ പ്രസിദ്ധപ്പെടുത്തി.

ഇത്രയും പശ്ചാത്തല തയ്യാറെടുപ്പോടെ സി.എം.എസു. കാർ 1815-ൽ തിരുവിതാംകൂറിലും കൊച്ചിയിലും കാലുറപ്പിച്ചു. തോമസ് നോർട്ടൻ കേണൽ മൺട്രോയുടെ ആദീഷ്ടപ്രകാരം 1816-ൽ ആലപ്പുഴ



കേന്ദ്രീകരിച്ച് മിഷൻപ്രവർത്തനം തുടങ്ങി. ആംഗ്ലിക്കൻ സഭയിലെ മിഡിൽടൺ ബിഷപ്പ് 1815-ൽ തിരുവിതാംകൂറും കൊച്ചിയും ഒന്നിലേറെ തവണ സന്ദർശിച്ചു.

പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ കോട്ടയം പഴയ സെമിനാരി നിർമ്മിക്കുന്ന കാലം. 1813-15-ൽ മീനച്ചിലാറിന്റെ ചുങ്കം തീരത്ത് നിർമ്മാണം പൂർത്തിയായി. കേണൽ മൺറോയുടെ ശുപാർശപ്രകാരം ഇതിലേക്കു മൊത്തം മുപ്പതിനായിരം രൂപ തിരുവിതാംകൂർ സർക്കാർ നൽകി. സ്ഥലം സർക്കാർ സൗജന്യവും. പുത്തൻകൂർ സുറിയാനിക്കാരെ പ്രോത്സാഹിപ്പിക്കുക ലക്ഷ്യം. ഇംഗ്ലീഷ് വിദ്യാഭ്യാസം പരിഷ്കരണോപാധിയാക്കി. തോട്ടങ്ങളുടെ നാടായ കോട്ടയത്ത് ഇംഗ്ലീഷ് സ്കൂൾ ആരംഭിച്ചു. വസ്ത്രവും ഫീസും ഭക്ഷണവും സൗജന്യം. സർക്കാർ സ്ഥാപനങ്ങളിൽ ക്രിസ്ത്യാനികൾക്ക് ജോലി ലഭിക്കാൻ ഇത് പശ്ചാത്തലമൊരുക്കി. കോടതികളിലും ക്രിസ്ത്യാനികൾ നിയമിക്കപ്പെട്ടു. കൊല്ലത്തെ മൺറോതുരുത്ത് മിഷണറി ജോസഫ് ഫെന്നിന്റെ പേരിൽ സെമിനാരിക്കായി സർക്കാർ ദാനം ചെയ്തു.

പഴയകൂറ്റുകാരെ ഒറ്റപ്പെടുത്തുന്ന നീക്കങ്ങളും കുറവായിരുന്നില്ല. ചില പള്ളികൾ പുത്തൻകൂറ്റുകാർക്ക് കൈവശപ്പെടുത്തിക്കൊടുത്തു. കോട്ടയം വലിയപള്ളിയും പിറവംപള്ളിയും ഉദാഹരണം. ചങ്ങനാശ്ശേരി, ആലപ്പുഴപള്ളികൾ ഈ ശ്രമത്തെ പരാജയപ്പെടുത്തി. പള്ളിപിടുത്ത വ്യഗ്രതമൂലം മൺറോക്കു തിരുവിതാംകൂറിൽ നിന്നു സ്ഥലം മാറ്റം.

അന്നത്തെ ജ്ഞാനവിജ്ഞാനങ്ങലുടെ സങ്കേതമായ സെമിനാരിയിൽ പ്രവേശിപ്പിക്കപ്പെട്ട പുത്തൻകൂർ വൈദീക വിദ്യാർത്ഥികളെ നോർട്ടൻ പഠിപ്പിച്ചിരുന്നു. ബഞ്ചമിൻ ബൈലി (1816), ജോസഫ് ഫെൻ (1818), ഹെന്റി ബെക്കർ (1819) എന്ന സി.എം.എസ് മിഷനറിമാർ പുത്തൻകൂർ വിഭാഗങ്ങൾക്കിടയിൽ ആസൂത്രിത പ്രവർത്തനം ആരംഭിച്ചു. അവർ യഥേഷ്ടം പുത്തൻകൂർ പള്ളികളിൽ ആത്മീയ പ്രഭാഷണങ്ങൾ നടത്തി. വേദപുസ്തക വിവർത്തനത്തിൽ ബയ്‌ലി നിഷ്ണാതനായി. വൈദീക പരിശീലനത്തിൽ ഫെൻ മുഴുകി. വിദ്യാഭ്യാസ പ്രർത്തനത്തിലായിരുന്നു ബെക്കറിന്റെ ശ്രദ്ധ. ഫെൻ സെമിനാരി പ്രിൻസിപ്പൽ. മറ്റു രണ്ടുപേർ സഹായികൾ. മലങ്കര മെത്രാപ്പോലിത്ത പുന്നത്ര മാർദിവന്നാസ്യോസ് മിഷനറി പ്രോത്സാഹകൻ. പുരാതനസഭയിൽ കടന്നുകൂടാൻ കിട്ടിയ അവസരം

മിഷനറിമാർ പാഴാക്കിയില്ല. അവർ ചെല്ലുന്നിടുത്തെല്ലാം ചെറുപൂരം. പ്രോട്ടസ്റ്റന്റ് വിശ്വാസങ്ങളിലും സംസ്ക്കാരത്തിലും പ്രതിപത്തി. നവീകരണ കക്ഷിക്ക് ക്രമേണ ജന്മം നൽകിയ മസ്തിഷ്ക പ്രക്ഷാളനത്തിന്റെ തുടക്കം. ശ്രേയസ്സ് ഉളവാക്കുന്ന സംസ്ക്കാരത്തിന്റെ ഉദയം.

## മാവേലിക്കരയോഗവും സുന്നഹദോസും

യാക്കോബായ സഭയിലെ വൈദീകവിദ്യാർത്ഥികളെ സ്വാധീനിച്ച സി. എം. എസ് മിഷനറിമാർ സഭയിൽ ആകമാനം ശീഘ്രമാറ്റങ്ങൾക്ക് നിമിത്തമായി. 1818 ഡിസംബർ 3 -ന് മാവേലിക്കരയിൽ മലങ്കര മെത്രാപ്പോലിത്ത പുന്നത്ര മാർദിവന്നാസ്യോസ് യോഗം വിളിച്ചുകൂട്ടി. പരിഷ്ക്കരണത്തിന് ആക്കം കൂട്ടി. നാൽപത് കത്തനാർമാരും 700 ലേറെ ഇടവക പ്രതിനിധികളും യോഗത്തിൽ പങ്കെടുത്ത് നവീകരണ പ്രബോധനം ശ്രവിച്ചു. മെത്രാപ്പോലിത്തയുടെ ഇടത്തും വലത്തും ഫെന്നും, ബെയിലിയും ഉപവിഷ്ടരായി. പുത്തൻകൂർ വിശ്വാസാചാരങ്ങൾ പലതും മൂഢമാണെന്നും അബദ്ധമാണെന്നും സെമിനാരി പള്ളിപ്രസംഗകൻ കൂടിയായ ഫെൻ ഉദാഹരണങ്ങൾ നിരത്തി വ്യക്തമാക്കി. പുത്തൻകൂറ്റുകാരും പ്രൊട്ടസ്റ്റന്റ് മിഷനറിമാരും ഒന്നിച്ചു പ്രവർത്തിച്ചാൽ മറ്റേതുവിഭാഗത്തേയും വെല്ലാമെന്ന് ഉറപ്പുനൽകി.

കുർബാനതക്സയും ശുശ്രൂഷകർമ്മങ്ങളും പരിഷ്കരിക്കുക, പരിശുദ്ധമാതാവിനോടും വിശുദ്ധന്മാരോടുമുള്ള മധ്യസ്ഥപ്രാർത്ഥനകൾ വെടിയുക, വിവാഹത്തിനു വൈദീകരെ അനുവദിക്കുക, ആരാധനാക്രമം മലയാളത്തിലാക്കുക, ആചാരാനുഷ്ടാനങ്ങൾ പ്രൊട്ടസ്റ്റന്റ് കാഴ്ചപ്പാടോടെ നവീകരണം വരുത്തുക, ആരാധന രീതികളും അനുഷ്ടാനങ്ങളും പുനർ വിചിന്തനം ചെയ്യാൻ കമ്മിറ്റി രൂപവൽക്കരിക്കുക തുടങ്ങിയവ അദ്ദേഹത്തിന്റെ ആഹ്വാനങ്ങളിൽ ഉൾപ്പെട്ടു.

വേദവിപരീതങ്ങൾ നീക്കാൻ മിഷനറിമാർക്കു അത്യുത്സാഹം. സഭയുടെ നേതാക്കന്മാരായി മിഷനറിമാർ. പുതുതായി സമ്പാദിച്ച സ്വത്തുക്കൾ മെത്രാനും മിഷനറിമാർക്കും പൊതുവായി. മിഷണറിമാർ യഥാർത്ഥ സഹായികളും നവീകരണകർത്താക്കളുമായി. 1818-ലെ മാവേലിക്കരയോഗത്തിൽ മിഷനറി സഹകരണം ആലോചിക്കാൻ വൈദീകരുൾപ്പെട്ട ആറംഗ കമ്മിറ്റി രൂപീകൃതമായി. വരുംവരായ്കകൾ നോക്കാതെ പുന്നത്ര മാർ ദിവന്നാസ്യോസ് നവീകരണ സംരംഭങ്ങ



ളോട് സഹകരിച്ചു. മിഷനറിമാരും യാക്കോബായക്കാരും മൈത്രിയിലായി. നവീകരണരക്ഷാകർത്താവായ കേണൽ മൺറോ 1819-ൽ റസിഡന്റ് സ്ഥാനം രാജിവച്ചു. കോളറബാധമൂലം 1825-ൽ പുന്നത്ര മാർ ദിവന്നാസ്യോസ് മരണമടഞ്ഞു.

ഫെന്നിനെ വൈദീകപരിശീലനത്തിൽ സഹായിച്ചിരുന്ന മാരാമൺ പാലാക്കുന്നത്ത് അബ്രാഹാംമല്പാനും പുതുപ്പള്ളി കൈതയിൽ ഗീവർഗീസ്മല്പാനും മിഷനറിമാരുടെ പ്രചരണോപകരണംപോലെയായി. യാക്കോബായക്കാർ പൊതുവേ മിഷണറിമാരിൽ നിന്നു അകന്ന് ചേപ്പാട്ട് മാർ ദിവന്നാസ്യോസ് ആണു അകൽച്ചയുടെ നേതാവ്. നവീകരണസംരംഭങ്ങളെ അദ്ദേഹം നിയന്ത്രിച്ചു. യാക്കോബായസഭയെ ഒന്നടങ്കം ആംഗ്ലിക്കൻ സഭയിൽ ലയിപ്പിക്കാൻവരെ മിഷനറിമാർ കളമൊരുക്കി. പുതിയ റെസിഡന്റ് കേണൽ നെവാളിനു മുൻഗാമിയെപ്പോലെ മിഷനറി പ്രേമം ഉണ്ടായിരുന്നില്ല. ഫെൻ ആരോഗ്യപരമയ കാരണങ്ങളാൽ 1826-ൽ ഇംഗ്ലണ്ടിലേക്കു തിരികെപ്പോയി. ബയ്‌ലി 1831-ലും ബെക്കർ 1833-ലും ഇംഗ്ലണ്ടിലേക്കു തിരിച്ചുപോയി. അതോടെ മിഷനറി തരംഗത്തിനു മങ്ങലേറ്റു.

പകരംവന്ന മോസഫ് പീറ്റും (1833) വുഡ്കോക്കും (1834) നവീകരണത്തോടു സഹകരിക്കാത്തതിൽ യാക്കോബായസഭയെ വിമർശിച്ചു. പ്രൊട്ടസ്റ്റന്റിസം ആശ്ലേഷിപ്പിക്കാൻ തിടുക്കംകൂട്ടി. നൂറ്റമ്പതോളം അവിവാഹിത യാക്കോബായ വൈദീകരിൽ നാൽപ്പതുപേർ മിഷനറി പ്രേരണയാൽ വിവാഹിതരായി. അങ്ങനെ വിവാഹം ചെയ്തവർക്ക് 400 രൂപാ വീതം പ്രത്യേക സമ്മാനം നൽകി. നാട്ടുകാർ ക്രമേണ മിഷനറിമാരിൽ നിന്നും അകന്നു. ജോൺ ടക്കർ 1835-ൽ ഇംഗ്ലണ്ടിലെ സഭാധികാരികൾക്കു സമർപ്പിച്ച റിപ്പോർട്ടിൽ പുതിയ സാഹചര്യങ്ങൾ വിലയിരുത്തി. കേർ, ബുക്കാനൻ, ഹഫ് എന്നിവർ യൂറോപ്പിലെ ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചെന്നെഴുതി. മെത്രാനോടും പാത്രിയർക്കീസിനോടും ബന്ധിതമായ അന്ത്യോക്ക്യൻ പാരമ്പര്യസഭയിൽ പതിനെട്ടുവർഷംകൊണ്ടു നവീകരണം വരുത്താൻ സാധിച്ചിട്ടില്ലെന്നു അദ്ദേഹം ചൂണ്ടിക്കാട്ടി. മിഷനറിമാരും റോമിന്റേയോ അന്ത്യോക്ക്യയുടേയോ കീഴിലല്ലല്ലോ. സ്വന്തമായ ആരാധനാലയം പോലും അവർ നിർമ്മിച്ചില്ല. പ്രാർത്ഥനാപുസ്തകം മലയാളത്തിലാക്കുകയും നവീകൃതാരാധനാക്രമം തങ്ങളുടെ ബംഗ്ലാവുകളിൽ ഉപയോഗിക്കുകയും ചെയ്തിട്ടെന്തു ഫലം? സങ്കീർണമായ ഈ സാഹചര്യത്തിൽ കൽക്കട്ട ബിഷപ്പ് ദാനിയേൽ വിത്സൻ 1835 നവംബർ

15-ന് തിരുവിതാംകൂറിലെത്തി മാർ ദിവന്നാസ്യോസുമായി നവംബർ 21-ന് ചർച്ച നടത്തി.

ഈ കോട്ടയം ഉച്ചകോടിയിൽ യാക്കോബായസഭയെ വലയത്തിലാക്കാൻ ആറുനിർദ്ദേശങ്ങൾ ബിഷപ്പ് വിത്സൻ മുന്നോട്ടു വച്ചു. 1. ഇടവകപ്പള്ളികളിലെ വരവുചെലവ് കണക്ക് ബ്രട്ടീഷ് റസിഡന്റിന്റേയോ അദ്ദേഹം നിയമിക്കുന്നവന്റേയോ പരിശോധനക്കും അംഗീകാരത്തിനുമായി സമർപ്പിക്കുക. 2. സെമിനാരിയിൽ പഠിച്ച് പരീക്ഷ ജയിച്ച് പ്രിൻസിപ്പലിന്റെ സർട്ടിഫിക്കറ്റ് ലഭിക്കുന്നവർക്കുമാത്രം മെത്രാപ്പോലിത്ത മേലിൽ പട്ടം കൊടുക്കുക. 3. മരിച്ചവർക്കുവേണ്ടി കുർബാന അർപ്പിക്കുകയും അതിനായി വൈദീകർക്കു പണം കൊടുക്കുകയും ചെയ്യുന്ന പതിവു നിർത്തുക. പകരം വൈദീകർക്കു ഇതര വരുമാന മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക. 4. കുർബാനതക്സയിലെ ആക്ഷേപഭാഗങ്ങൾ നീക്കി ചുരുക്കി തർജ്ജമചെയ്ത് ഉപയോഗിക്കണം. 5. വൈദീകർ മലയാളത്തിൽ വേദപുസ്തകം വായിച്ച് ജനങ്ങളെ കേൾപ്പിക്കണം. 6. പള്ളികൾ ഉള്ളിടങ്ങളിൽ അവയോടനുബന്ധിച്ച് പള്ളിക്കൂടങ്ങൾ സ്ഥാപിക്കണം.

ആറിനപരിപാടി നടപ്പാക്കാൻ റസിഡന്റും മെത്രാനും മിഷനറിമാരും ചേർന്നുമത്രം കൈകാര്യം ചെയ്യാൻ പാകത്തിൽ ആയിരം രൂപ ദാനം നൽകാനും ബിഷപ്പ് വിൽസൻ തയ്യാറായി. സഭാസീനഡ് വിളിച്ചുകൂട്ടി ആലോചിച്ച് മറുപടി പറയാമെന്നായിരുന്നു ചേപ്പാട്ട് മാർ ദിവന്നാസ്യോസിന്റെ പ്രതികരണം. പുത്തൻകൂറ്റുകാരെ ഒന്നടങ്കം നവീകരണപാതയിലേക്കു കൊണ്ടുവരാൻ സാധിച്ചേക്കുമെന്ന മോഹത്തിലാണ് ബിഷപ്പ് വിൽസൻ കോട്ടയത്തു നിന്നും കൽക്കട്ടയിലേക്കു തിരികെപ്പോയത്.

## കൊച്ചിൻ അവാർഡ്

ചേപ്പാട്ട് മാർ ദിവന്നാസ്യോസ് കോട്ടയത്ത് ഉറപ്പുകൊടുത്ത പ്രകാരം 1836 ജനുവരി 18-നു മാവേലിക്കരയിൽ സീനഡു വിളിച്ചുകൂട്ടി. മലങ്കര സി.എം.എസ്. ബന്ധം ചർച്ച ചെയ്തു. അന്നത്തെ പ്രതിനിധി യോഗം ആംഗ്ലിക്കൻ സഭാ ബന്ധം പുത്തൻകൂർസമുദായത്തിനു ദോഷകരമാണെന്നു കണ്ടെത്തി. മാവേലിക്കര പടിയോല എന്നറിയപ്പെടുന്ന അന്നത്തെ നിശ്ചയം പാസ്സാക്കിയതോടെ സി.എം.എസ്. കാരുമായുള്ള ബന്ധം ഔദ്യോഗികമായി അവസാനിച്ചു. ആന്ത്യോക്ക്യൻ ലിറ്റർജിയും താത്ത്വികപഠനങ്ങളും ഔദ്യോഗികമായി പ്രബോധനമായി



അംഗീകരിച്ചു. ഓർത്തഡോക്സ് യാക്കോബായ സുറിയാനിക്കാരുടെ പഠിത്തത്തിലും വിശ്വാസക്രമത്തിലുമല്ലാതെ യാതൊരു പഠിത്തവും വിശ്വാസവും നാം അനുസരിച്ചുകൊള്ളുന്നില്ല എന്നാണ് മാവേലിക്കര വച്ചു പ്രഖ്യാപിച്ചത്. മിഷനറിമാർക്കെതിരെ ആരോപണങ്ങളും ഉന്നയിക്കപ്പെട്ടു.

മെത്രാന്മാരോടാലോചിക്കാതെ മിഷനറിമാർതന്നെ സെമിനാരി കാര്യങ്ങൾ കൈകാര്യം ചെയ്യുന്നു. വട്ടിപ്പണത്തിന്റെ ആണ്ടുതോറുമുള്ള പലിശ മിഷനറിമാർ ചെലവാക്കുന്നു. വൈദീകവിദ്യാർത്ഥികളെ സെമിനാരിയിൽ നിന്നു പറഞ്ഞുവിടുന്നു. സഭാപാരമ്പര്യത്തിനെതിരായ നടപടികൾ സഭയിൽ നടപ്പാക്കുന്നു. സഭയിൽ ഭിന്നതവിതയ്ക്കുന്നു എന്നിവ കൂനൻകുരിശ്സത്യവീര്യത്തോടെ മാവേലിക്കരയിൽ ഉന്നയിക്കപ്പെട്ടു. അതോടെ ബന്ധം ഉലഞ്ഞു.

പരസ്പര വിശ്വാസം നഷ്ടപ്പെട്ടതോടെ പൊതുവായ വസ്തുക്കൾ വീതംവച്ചു പിരിയാൻ ഇരുകൂട്ടരും തയ്യാറായി. സ്വത്തുക്കൾ സംബന്ധിച്ചു തർക്കമുയർന്നു. പരിഹാരത്തിനു മൂന്നു യൂറോപ്യന്മാരുൾപ്പെട്ട കമ്മിറ്റി നിയോഗിക്കപ്പെട്ടു. ഇത് കൊച്ചി പഞ്ചായത്ത് കോടതി എന്നറിയപ്പെടുന്നു. ബാരൺ ദി അൽബിദൽ, ജോൺ സിപ്പിയോ വർണീസ്, വില്യം ഹെൻറി ഹോഴ്സിലി എന്നിവരായിരുന്നു കമ്മറ്റിയംഗങ്ങൾ. മെത്രാപ്പോലിത്ത ചില വിലക്കുകൾ പ്രാഖ്യാപിച്ചു. സെമിനാരിയിൽ പഠിക്കാൻ കുട്ടികളെ വിടരുതെന്നു പള്ളികൾക്കു കൽപ്പന അയച്ചു. മെത്രാനോടു പിണങ്ങി നിന്ന നാലു കത്തനാർമാരെ കുർബാന തസ്ക പരിഷ്കരിക്കാൻ മിഷനറിമാർ ശമ്പളം കൊടുത്ത് നിയമിച്ചു. മിഷനറി ജോസഫ് പീറ്റ് സെമിനാരിയിൽ കൊല്ലനെ കൊണ്ടുചെന്ന് മെത്രാന്റേയും മിഷനറിമാരുടേയും പൊതുസൂക്ഷിപ്പിലിരുന്ന ബസ്ഗസമുറി തല്ലിത്തുറന്ന് ആധാരങ്ങളും റിക്കാർഡുകളും വിലപ്പെട്ട മറ്റു സാധനങ്ങളും ഒരു ഞായറാഴ്ച സ്വന്തം വസതിയിലേക്കു കൊണ്ടുപോയി.

ഇത്തരം സംഭവങ്ങൾ വേർപിരിയലിനു ആക്കം വർദ്ധിപ്പിച്ചു. 1840 ഏപ്രിൽ നാലിനു കൊച്ചിൻ അവാർഡ് വിധിപ്രകാരം സെമിനാരിയും വട്ടിപ്പണവും കടമറ്റംനിലവും മറ്റു ചില സ്വത്തുക്കളും സുറിയാനിക്കാർക്കു കിട്ടി. മിഷനറിമാർക്കു മൺറോത്തുരുത്തും സെമിനാരിക്കു 1818-ൽ ലഭിച്ചതിൽ ഇരുപതിനായിരം രൂപയും കോട്ടയം ഇംഗ്ലീഷ് സ്കൂളും ലഭിച്ചു. മെത്രാപ്പോലിത്തയും സുറിയാനിക്കാരുടെ

യോഗം നിശ്ചയിക്കുന്ന ഒരു പട്ടക്കാരനും ഒരു അൽമായനും ചേർന്നു സെമിനാരിയുടേയും വട്ടിപ്പണത്തിന്റേയും മറ്റും അവകാശം നിർവ്വഹിച്ചുകൊണ്ടുപോകേണ്ടാതാണെന്നു വിധിയിൽ തീർപ്പു കൽപ്പിച്ചിരുന്നു. അതിനാൽ യാക്കോബായ സ്വത്തുക്കൾ ഒരു ട്രസ്റ്റിന്റെ കീഴിലായി. സി.എം.എസ്. കാർ യാക്കോബായസഭയിൽ നിന്നു പിരിഞ്ഞു. സി.എം.എസ്. കോളേജ് സ്ഥിതിചെയ്യുന്ന സ്ഥലത്ത് സി.എം.എസു കാർ പുതിയ സെമിനാരി തുടങ്ങി, പുത്തൻ സെമിനാരി. ആദ്യത്തേത് പഴയ സെമിനാരി എന്ന പേരിൽ അറിയപ്പെട്ടു.

## പാലക്കുന്ന് അബ്രഹാംമല്പാൻ

പഴയസെമിനാരി മല്പാനും തക്സാപരിഷ്കരണ കമ്മിറ്റി മുഖ്യനും പ്രൊട്ടസ്റ്റന്റ് പ്രേരണമൂലം വിവാഹിതനുമായ അബ്രഹാം മല്പാൻ മിഷനറി വേഴ്ചയിൻ നിന്നും പൂർണമായും വിരമിക്കാൻ തയ്യാറായില്ല. നവീകരണലക്ഷ്യം വച്ചു മറ്റു പതിനൊന്നു പട്ടക്കാരോടൊപ്പം റസിഡന്റ് കേണൽ ഫ്രെയിസറിന് 1836-ൽ നിവേദനം സമർപ്പിച്ച മല്പാൻ (1796-1845) മാരാമൺ ഇടവകയുടെ ഓമനപുത്രനാണ്. പുതുപ്പള്ളിയിൽ കോര മല്പാന്റെ കീഴിൽ സുറിയാനി പഠിച്ചു. പതിനാറാം വയസ്സിൽ എട്ടാം മാർത്തോമ്മയിൽ നിന്നു കശീശപട്ടം സ്വീകരിച്ചു. പഴയസെമിനാരിയിൽ സുറിയാനി പഠിപ്പിക്കാൻ തുടങ്ങിയതോടെ അംഗീകൃത പണ്ഡിതനായി. പാണ്ഡിത്യം വർദ്ധിച്ചപ്പോൾ എട്ടാം മാർത്തോമ്മയുടെ കൈവയ്പ്പിനേയും തദ്വാര തന്റെ വൈദീകാഭിഷേകത്തിന്റെ സാധുതയെക്കുറിച്ചും സംശയമായി. തന്മൂലം പരദേശത്തുനിന്നുവന്ന മാർ അത്തനാസ്യോസ് (1825) മെത്രാനിൽ നിന്നു എല്ലാ പട്ടങ്ങളും ഒന്നുകൂടി സ്വീകരിച്ചു.

പഴയസെമിനാരി മല്പാനെന്ന നിലയിൽ പ്രൊട്ടസ്റ്റന്റിസവുമായി ബന്ധപ്പെട്ട് വിവാഹം ചെയ്തതിനു പ്രോത്സാഹനമായി കേണൽമൺറോനൽകുന്ന സമ്മാനമായ 400 രൂപ മല്പാൻ വാങ്ങി. റസിഡന്റ് കേണൽ ഫ്രെയിസറിനു അന്നത്തെ മെത്രാപ്പോലീത്ത ദിവന്നാസ്യോസ് നാലാമനെതിരെ മെമ്മോറാണ്ടം നൽകിയിരുന്നു. മാവേലിക്കര പടിയോലക്കുശേഷവും മിഷനറിമാരുമായി സഹകരണം തുടരണമെന്നു അഭിലഷിച്ചു. യാക്കോബായ സുറിയാനിസഭയിലെ പല നടപടികളും മിഷനറിമാർ നിർദ്ദേശിച്ചപോലെ ഉപേക്ഷിക്കണമെന്നു മല്പാൻ അഭിപ്രായപ്പെട്ടു. റസിഡന്റ് സുറിയാനിസഭയിൽ തുടർന്നു ഇടപെടാൻ കൂട്ടാക്കിയില്ല.



അതിനാൽ മല്പാൻതന്നെ തക്സായിൽ ചില മാററങ്ങൾ വരുത്തി. പാതിക്കുർബാന, അരക്കുർബാന എന്നു ചിലർ അതിനെ പരിഹസിച്ചു. മിഷനറിമാർ തങ്ങൾക്കധികാരമില്ലാത്ത സഭയിൽ കടന്നുകൂടി അനധികൃതരായ നാലു വൈദികരെകൊണ്ടു സഭയിലെ ആരാധനക്രമം തിരുത്തിച്ചത് തെററായിപ്പോയെന്നു പൊതുവെ അഭിപ്രായമുയർന്നു. പോർച്ചുഗീസുകാർ പതിനാറാം നൂററാണ്ടിൽ ചെയ്തതിന്റെ വേറൊരു പതിപ്പ്, മല്പാൻ തയ്യാറാക്കിയ തക്സാ ഇന്നു ലഭ്യമല്ലെങ്കിലും മാർത്തോമ്മസഭ അംഗീകരിക്കുന്ന മാററങ്ങൾ ആംഗ്ലിക്കൻ ലോ ചർച്ചുകാരായ സി.എം.എസ്. സ്വാധീനത്തിൽനിന്നുള്ളതെന്നു വ്യക്തം.

1. പരിശുദ്ധന്മാരോടുള്ള പ്രാർത്ഥനകളെല്ലാം നീക്കി. 2. മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനകൾ മാററി. 3.'ലോകാതിർത്തികളെ അധീനമാക്കിയിരിക്കുന്ന നിന്നെ ഞാൻ എടുക്കുന്നു......... ദൈവമായ നിന്നെ എന്റെ വായിൽ വയ്ക്കുന്നു' എന്ന പ്രാർത്ഥന എടുത്തുമാററി. 4. സർവലോകത്തിലുള്ള നിന്റെ വിശുദ്ധസഭയ്ക്കുവേണ്ടി രക്തം കൂടാത്ത ബലിയെ ഞങ്ങൾ അണയ്ക്കുന്നു' എന്ന പ്രാർത്ഥന കർത്താവേ..... സഭയ്ക്കുവേണ്ടി ഈ പ്രാർത്ഥനയെ നിനക്കു ഞങ്ങൾ അണയ്ക്കുന്നു' എന്നു ഭേദപ്പെടുത്തി. 5. ജീവനുള്ള ബലിയെ.......... അണയ്ക്കുന്നു' എന്ന പ്രഖ്യാപനത്തെ കൃപയും സമാധാനവും സ്തോത്രവുമാകുന്ന ബലിയെ അണയ്ക്കുന്നു' എന്നു തിരുത്തി. 6. ഈ കുർബാന ബലിയും സ്തോത്രവുമാകുന്നു' എന്ന പ്രഖ്യാപനം എടുത്തുകളഞ്ഞു. 7. വിശുദ്ധറൂഹാ ധൂപകലശത്തെ ശുദ്ധീകരിക്കുന്നവനാകുന്നു' എന്ന പ്രഖ്യാപനം മാററി. 8. ധൂപക്കുററി വാഴ്ത്തണമെന്ന കുറിപ്പ് നീക്കി. 9. □ഈ അപ്പത്തെ ജീവനുണ്ടാക്കുന്ന ശരീരമായി, രക്ഷാകരമായ ശരീരമായി ആക്കിത്തീർക്കുമാറാകട്ടെ' എന്നതിനെ □അവൻ (പരിശുദ്ധാത്മാവ്) ആവസിച്ചുകൊണ്ട് ഈ അപ്പത്തെ അതിനെ കൈകൊള്ളുന്നവർക്കോ പാപങ്ങളുടെ മോചനത്തിനും നിത്യജീവനുമായി യേശുമിശിഹായുടെ ശരീരമാക്കി തീർക്കുമാറാകട്ടെ' എന്നു ഭേദപ്പെടുത്തി. 10. നമ്മുടെ രക്ഷിതാവിന്റെ കല്ലറമേൽ വയ്ക്കപ്പെട്ട ആതീക്കൽ പാറയിൽ നീ ആകുന്നു.' എന്നത് പണിക്കാർ നിരസിച്ചു. ശോധന ചെയ്യപ്പെട്ടതും വിലയേറിയതുമായ ആ തീക്കൽ പാറയിൽ നീ ആകുന്നു എന്ന് ഭേദപ്പെടുത്തി.

അബ്രഹാം മല്പാൻ ആചാരങ്ങളിൽ പ്രധാനമായി മൂന്നു ഭേദഗതികൾ ചെയ്തു. കുർബാന രണ്ടായി കൊടുക്കാൻ തീരുമാനിച്ചു.

പട്ടക്കാരോട് പാപം ഏററുപറഞ്ഞ് പാപമോചനം പ്രാപിക്കുന്ന രീതി വേണ്ടെന്നു വച്ചു. കൈക്കൊള്ളാൻ ആളില്ലാത്തപ്പോൾ കുർബാന ചൊല്ലുന്ന രീതി അവസാനിപ്പിച്ചു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിലൂടെ ആംഗ്ലിക്കൻ മിഷനറിമാർ സാമൂഹ്യസാമ്പത്തികാഭിവൃദ്ധിക്കായി വേദിയൊരുക്കിയെന്നത് ഇവിടെ വിസ്മരിക്കുക വയ്യ. അബ്രഹാം മല്പാൻ പ്രൊട്ടസ്റ്റാൻഡിസത്തിന്റെ വെളിച്ചത്തിൽ പരിഷ്ക്കരിച്ച തക്സ ഉപയോഗിച്ച് സെമിനാരി ചാപ്പലിലും പള്ളം, കൊല്ലാട് മാരാമൺ പള്ളികളിലും 1837 ൽ കുർബാന ചൊല്ലി. മാർദിവന്നാസ്യോസ് പണ്ഡിത മല്പാനേയും പള്ളിക്കാരേയും മുടക്കി. മല്പാൻ പഠിപ്പിച്ച പതിനെട്ട് ശെമ്മാശന്മാർക്ക് പട്ടം കൊടുത്തില്ല. പാലക്കുന്നത്ത് മാത്തൻ (മാത്യുസ്മാർ അത്തനാസ്യോസ്) പുത്തൻകാവിൽ ജോർജ് (ജോർജ് മാത്തൻ പാതിരി), തരിയൻ ശെമ്മാശൻ (തര്യൻ പാതിരി) എന്നിവർ ഈ പതിനെട്ടിൽ പെട്ടവരാണ്.

## നവീകരണകക്ഷി അവതരിക്കുന്നു

മുടക്കം ബഹിഷ്കരണവും ലഭിച്ച അബ്രഹാംമല്പാനും കൂട്ടരും ആറായിരത്തിൽപ്പരം അംഗസംഖ്യയുള്ള ആംഗ്ലിക്കൻ വിഭാഗത്തിൽ ചേർന്നില്ല. സഭയിൽ നവീകരണം വരുത്തി നവമായൊരുസഭയ്ക്കു രൂപം നൽകാൻ അദ്ദേഹം തീരുമാനിച്ചു. ആരാധനാ ക്രമങ്ങളും വേഷവും ഭാഷയും യാക്കോബായസഭയിലേതുപോലെ. ആംഗ്ലിക്കൻ ലോ ചർച്ചക്കാരുടെ വിശ്വാസം പ്രകാരം ആരാധനാ ക്രമത്തിൽ ഭേദഗതി വരുത്തി. പുതിയ കക്ഷിക്കു മെത്രാൻ വേണമല്ലോ. തന്റെ സഹോദര പുത്രൻ മാത്തൻ ശെമ്മാശനെ (1818-1877) മർദ്ദീനിൽ ഏലിയാസ് പാത്രിയർക്കീസിന്റെ പക്കലേക്കയച്ചു. ഇതിലേക്കുവേണ്ട സഹകരണം മിഷനറിമാരിൽ നിന്നും ലഭിച്ചു. മല്പാൻ ഒരു കക്ഷിയെ മെരുക്കിയെടുത്തു.

അബ്രാഹാംമല്പന്റെ നവീകരണത്തോടു അനുഭാവം പ്രകടിപ്പിച്ചതുകൊണ്ട് പഴയസെമിനാരിയിൽ നിന്നും ബഹിഷ്കൃതനായ മാത്തൻമല്പാന്റെ ആലോചനയോടു ആംഗ്ലിക്കൻ മിഷനറിമാരുടെ സഹായത്തോടുകൂടെ മദ്രാസിലെ ആംഗ്ലിക്കൻ വിദ്യാപീഠമായ ബിഷപ്പ് കോരീസ് ഗ്രാമർ സ്കൂളിൽ ചേർന്നു. 1841-ൽ മാത്തനെ മർദ്ദീനിലേക്കയച്ചു. ഏലിയാസ് പാത്രിയർക്കീസ് 1842-ൽ മാത്തന് ശെമ്മാശ്, കശീശ മെത്രാൻപട്ടം നൽകി. മാത്യൂസ് മാർ അത്തനാസ്യോസ് എന്നു പുതിയ പേര്. 1843-ൽ അദ്ദേഹം കേരളത്തിലെത്തി.



പാത്രിയർക്കീസ് മലങ്കര മെത്രാപ്പോലീത്തായാക്കിയ സ്ഥാനപത്രവും കൊണ്ടാണ് വന്നത്. നേരിട്ട ആന്ത്യോക്ക്യ പാത്രിയർക്കീസ് മലങ്കരയിലൊരാൾക്ക് മെത്രാൻപട്ടം കൊടുക്കുന്ന ആദ്യത്തെ സംഭവം.

മാർ ദിവന്നാസ്യോസും, മാർ അത്തന്നാസ്യോസും തമ്മിൽ അധികാരവടംവലി. മാർ ദിവന്നാസ്യോസ് മലങ്കരയിൽ നിയമാനുസൃതം പുത്തൻകൂറ്റുകാരെ ഭരിക്കുമ്പോഴാണ് ഈ പിളർപ്പ്. അബ്രഹാംമല്പാൻ പുതിയകക്ഷി സ്വരൂപിച്ച് മാത്യൂസിനെ അവരോധിക്കാൻ തത്രപ്പെട്ടു. യാക്കോബായസഭയുടെ തന്നെ മെത്രാപ്പോലീത്തയാകാൻ മാർ അത്തന്നാസ്യോസ് ഒരുമ്പെട്ടു. മാർ ദിവന്നാസ്യോസ് പാത്രിയർക്കീസിനോട് പരാതിപ്പെട്ടപ്പോൾ മാർ കൂറിലോസ് എന്നൊരു യാക്കോബായ മെത്രാനെ 1846-ൽ ഇവിടേക്കയച്ചു. അദ്ദേഹം മാർ അത്തന്നാസ്യോസിനെതിരെ റിപ്പോർട്ട് നൽകി. മാർ ദിവന്നാസ്യോസ് വടംവലിയിൽ തോൽക്കുമെന്ന് ഭയന്ന് ഭരണാധികാരം മാർ കൂറിലോസിന് നൽകി. പാത്രിയർക്കീസ് കൽപനയിറക്കി അതംഗീകരിച്ചു.

പിന്നീട് മാർ അത്തന്നാസ്യോസും മാർ കൂറിലോസും തമ്മിൽ മൽസരം. ഇരുകൂട്ടരും തിരുവിതാംകൂർ സർക്കാരിൽ പരാതി നൽകി. തീർപ്പിന് സർക്കാർ രണ്ടു സായ്പന്മാരും രണ്ടു നാട്ടുകാരും ഉൾപ്പെട്ട കമ്മറ്റിയെ നിയോഗിച്ചു. കൊല്ലം പഞ്ചായത്ത് എന്നാണ് ഇത് അറിയപ്പെട്ടത്. 1848-ലെ കമ്മറ്റിവിധി മാത്യൂസ് മാർ അത്തന്നാസ്യോസിന് അനുകൂലമായി. തിരുവിതാംകൂർ മഹാരാജാവ് 1852-ലും കൊച്ചി മഹാരാജാവ് 1853-ലും ഈ വിധി അംഗീകരിച്ചു വിളംബരപ്പെടുത്തി.

മാർ ദിവന്നാസ്യോസിന് വയസ്സുകാലമായതിനാൽ ആ സ്ഥാനത്തേക്ക് അന്ത്യോക്ക്യയിൽ നിന്നും എഴുത്തുവാങ്ങിച്ചു കൊണ്ടു വന്നിരുന്ന മാർ അത്തന്നാസ്യോസിനെ മെത്രാപ്പോലിത്തയാക്കി നിശ്ചയിക്കുന്നുവെന്നാണ് വിളംബരം. മാർ അത്തന്നാസ്യോസ് 1843-ൽ തിരിച്ചുവന്നതുമുതൽ പത്തുവർഷത്തേക്കു കേസ് നടത്തി. മദ്രാസിലെ ബ്രിട്ടീഷ് അധികാരികളെ സ്വാധീനിക്കാൻ മാർ അത്തന്നാസ്യോസ് ശ്രമിച്ചിരുന്നുവത്രേ. 1849-ൽ സ്റ്റീഫൻ മാർ അത്തന്നാസ്യോസ് എന്ന പശ്ചിമേഷ്യൻ യാക്കോബായ മെത്രാൻ കേരളത്തിൽ വന്നെങ്കിലും ഫലിച്ചില്ല. അബ്രാഹാംമല്പാൻ പ്രൊട്ടസ്റ്റന്റ് ചായ്‌വുള്ള കക്ഷി സ്വതന്ത്രമായി രൂപപ്പെടുംമുൻപ് 1845-ൽ അന്തരിച്ചു. മാർ ദിവന്നാസ്യോസ് ചേപ്പാട് പള്ളിയിലും മാർ കൂറിലോസ്

കൊച്ചിയിലെ പള്ളിയിലും താമസിച്ച് കോട്ടയത്ത് താവളമടിച്ചിരുന്ന മാർ അത്തനാസ്യോസിനോട് നിയമ യുദ്ധം നടത്തി.

റോയൽകോടതി വിധിപ്രകാരം മാത്യൂസ് മാർ അത്തനാസ്യോസ് 1853 മുതൽ ഭരണം നടത്തി. തൊഴിയൂരിലെ മാർ കൂറിലോസ് നാലാമനെ 1856-ൽ അഭിഷേകം ചെയ്തു. മാർ അത്തനാസ്യോസ് വിരുദ്ധകക്ഷിക്കാർ പുലിക്കാട്ടിൽ യൗസേഫ് കത്തനാരെ പശ്ചിമേഷ്യയിൽ വിട്ട് മെത്രാപ്പോലീത്തയായി അഭിഷേകം ചെയ്യാൻ പാത്രിയർക്കീസിനോടപേക്ഷിച്ചു. അദ്ദേഹം 1865-ൽ മാർ ദിവന്നാസ്യോസ് എന്ന പേരിൽ അധികാരപത്രങ്ങളോടെ വന്നപ്പോൾ രാജകീയവിളംബരം തനിക്കനുകൂലമായി പ്രസിദ്ധീകരിക്കണമെന്നു മഹാരാജാവിനോട് അഭ്യർത്ഥിച്ചു. മഹാരാജാവ് അത് നിരസിച്ചതിനാൽ മാർ ദിവന്നാസ്യോസ് അധികാരമില്ലാതെ പാത്രിയർക്കീസിന് പരാതിക്കത്തെഴുതി കഴിഞ്ഞുകൂടി. മാത്യൂസ് മാർ അത്തനാസ്യോസ് 1869-ൽ റസിഡന്റിന്റെ ഖജനാവിൽ നിന്നും പുത്തൻകൂർ സുറിയാനിക്കാർക്കു ലഭിക്കേണ്ട 35000 രൂപ കൈപ്പറ്റി. ചേപ്പാട് മാർ ദിവന്നാസ്യോസ് കൊച്ചിൻ അവാർഡ് പ്രകാരമുള്ള തുക വാങ്ങിയിരുന്നില്ല. അവാർഡ് അനുസരിച്ചുള്ള 6000 രൂപയും വട്ടിപ്പണത്തിന്റെ 35 വർഷത്തെ പലിശയും ചേർന്നാണ് 35000 രൂപ ഉണ്ടായത്.

സാമൂഹ്യപരിഷ്കർത്താവ് കൂടിയായിരുന്ന മാർ അത്തനാസ്യോസ് പുത്തൻകൂർവിഭാഗത്തിന്റെ പൂർവ്വികവും വിശുദ്ധവുമായ ആചാരങ്ങൾ മാറ്റാതെ നവീകരണം സാധിക്കൻ ശ്രമിച്ചുവെന്നുവേണം കരുതാൻ. സഭ ഒന്നാകെ വിശുദ്ധഗ്രന്ഥത്തിൽ ശ്രദ്ധപതിപ്പിക്കുമ്പോൾ മിഥ്യാസങ്കൽപ്പങ്ങളും അനാചാര വേഴ്ചകളും മാറിക്കിട്ടുമെന്ന് അദ്ദേഹം കണക്കുകൂട്ടി. സഭയെ ഛിന്നഭിന്നമാക്കാൻ ആഗ്രഹിച്ചില്ല. ഇടവക സംബന്ധമായ കാര്യങ്ങൾ ക്രമീകരണം. പരാധീനതകളിൽ നിന്നും ക്രൈസ്തവരെ വിമുക്തമാക്കണം. അതിനാലാണു മാർ അത്തനാസ്യോസിനെതിരെ ചില ഇടവകകളിൽ ബഹളം ഉണ്ടായപ്പോൾ 'വിളംബരത്തിന് എതിരായി പ്രവർത്തിക്കുന്നവർ വേറെ പള്ളിവച്ചു പൊയ്ക്കൊള്ളണമെന്ന് ദിവാൻ ടി. മാധവരായർ 1863-ൽ സർക്കുലർ പുറപ്പെടുവിച്ചത്. ഇതിൽ മനംനൊന്താണ് 1865-ൽ പുലിക്കാട്ടിൽ മാർ ദിവന്നാസ്യോസിനെ വാഴിച്ചത്. മാർ അത്തനാസ്യോസ് 1868-ൽ അബ്രാഹാംമല്പാന്റെ മകൻ തോമസ്സിനെ തൊഴിയൂരിലെ മാർ കൂറിലോസ് നാലാമന്റെ സഹായത്തോടെ തോമസ് മാർ അത്തനാസ്യോസ് എന്ന പേരിൽ മെത്രാനാക്കി. ഭരണകാര്യങ്ങളിൽ തന്നെ സഹായിക്കാൻ നിയോഗിച്ചിരുന്നു.



## പത്രോസ് പാത്രിയർക്കീസിന്റെ പുനഃസംവിധാനം

മലങ്കരയിലെ സംവിധാനങ്ങളിൽവന്ന പാകപ്പിഴകൾ പരിഹരിക്കാൻ അന്ത്യോക്ക്യ യാക്കോബായ പാത്രിയർക്കീസ് 1875-ൽ കേരളത്തിലെത്തി. അടുത്ത വർഷം യാക്കോബായ കേന്ദ്രമായ മുളന്തുരുത്തിയിൽ സഭാസൂനഹദോസ് വിളിച്ചുകൂട്ടി. കൊല്ലം, തുമ്പമൺ, കോട്ടയം, അങ്കമാലി, കണ്ടനാട്, കൊച്ചി, നിരണം എന്നിങ്ങനെ സമൂഹത്തെ ഏഴ് ഭദ്രാസനങ്ങളായി തിരിച്ചു. ഇവിടെ പാത്രിയർക്കീസിന്റ നേരിട്ടുള്ള ഉത്തരവാദിത്വത്തിൽ മെത്രാന്മാരെ നിയമിച്ചു. സ്വന്തം അധികാരാവകാശങ്ങൾ ഉറപ്പുവരുത്തുകയും ചെയ്തു. മലങ്കരസഭയുടെ മെത്രാപ്പോലീത്താ മാത്യൂസ് മാർ അത്തനാസ്യോസിനെ കാൽനൂറ്റാണ്ടായി നൽകിയിരുന്ന തിരുവെഴുത്തു വിളംബരം 1876 മാർച്ച് നാലിനു സർക്കാരിനെക്കൊണ്ടു പിൻവലിപ്പിച്ചു. ബദൽനിലപാടുകൾ സ്വീകരിക്കുന്ന മാർ അത്തനാസ്യോസിനേയും അനുയായികളേയും യാക്കോബായസഭയിൽ നിന്നും മുടക്കി. മുളന്തുരുത്തി കൽപ്പനയിലെ പ്രസക്തഭാഗം:

''എന്നാൽ പ്രിയമുള്ളവരെ, മാത്യൂസ് എന്നവൻ നമുക്ക്മുൻപേ ഭരിച്ചുവന്നിരുന്ന പാത്രിയർക്കീസ് ബാവന്മാരാൽ ശപിക്കപ്പെട്ടവനാകുന്നു. ഇപ്പോൾ നാം രണ്ടാമതും അവനെയും, ശ്ലീഹന്മാരുടേയും ബാവാമാരുടേയും നിയമനത്തിനു വിരോധമായി മേൽപ്പട്ടക്കാരുടെ നാമത്തിൽ അവൻ പേർ മാറ്റി വിളിക്കുന്ന രണ്ടു മനുഷ്യരേയും ശപിച്ചിരിക്കുന്നു. ഇനിമേലാൽ നിങ്ങളുടെ പള്ളികളിൽ നിന്നും അവരെ പുറത്ത് ആട്ടിക്കളയണം. എന്തെന്നാൽ മാത്യൂസും ആ രണ്ടു മനുഷ്യരും മേല്പട്ടസ്ഥാനത്തിന്റെ യാതൊരുക്രമത്തിലും പേരുമാറ്റാൻ ദൈവത്തിൽ അധികാരമില്ലാത്തവരാകുന്നു. നാം അവരെ ശപിച്ചതുപോലെ നിങ്ങളും അവരെ ശപിച്ചുകൊള്ളണം''

യാക്കോബായക്കാർക്കു അന്ന് തിരുവിതാംകൂറിൽ 175 പള്ളികളുണ്ടായിരുന്നു. നൂറ്റമ്പതോളം പള്ളിക്കാർ മുളന്തുരുത്തി യോഗത്തിൽ സംബന്ധിച്ചു. തന്നോടു പൊരുത്തപ്പെട്ട പുലിക്കാട്ടിൽ മാർ ദിവന്നാസ്യോസിനെ മലങ്കര മെത്രാപ്പോലിത്തയാക്കി പത്രോസ് പാത്രിയർക്കീസ് 1877-ൽ പശ്ചിമേഷ്യയിലേക്കു മടങ്ങിപ്പോയി. പ്രകോപിതനായ മാത്യൂസ് മാർ അത്തനാസ്യോസ് 1877 ഇടവം ഏഴിന്

പിൻഗാമിയായി തോമസ്സ് മാർ അത്തന്നാസ്യോസിനെ നിയമിച്ചു. കൊല്ലം പഞ്ചായത്തുമൂലം മലങ്കരസഭാഭരണം ഏറെ വർഷം മാത്യൂസ് മാർ അത്തന്നാസ്യോസ് പഴയസെമിനാരി വീണ്ടും സജീവമായി പ്രവർത്തിപ്പിച്ചു. രാജ്യവിളംബരം പിൻവലിച്ച് പത്രോസ് പാത്രിയർക്കീസ് വികേന്ദ്രീകരണം പ്രഖ്യാപിച്ചെങ്കിലും പള്ളികളെല്ലാം മാർ മാത്യൂസിന്റെ കൈവശാവകാശത്തിലായിരുന്നു.

സഭയുടെ സിരാകേന്ദ്രമായ പഴയസെമിനാരിയിൽ പഠിപ്പിക്കാൻ നിയോഗിച്ചത് നവീകരണത്തോട് അനുഭാവം ഉണ്ടായിരുന്ന കൈതയിൽമല്പാൻ, ഉലസേരിൽമല്പാൻ, ചെറുകരഫിലിപ്പോസ് മല്പാൻ എന്നിവരെയാണ്. ഈ നീക്കത്തിനു പകരമായി പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് 1872-ൽ ആരംഭിച്ചതാണ് പിന്നീട് പരിശുദ്ധനായ മാർ ഗ്രിഗോറിയോസിന്റെ ആസ്ഥാനം കൂടിയായ പരുമലസെമിനാരി.

ഈവക പോരുകളുടെ അനന്തരഫലം ഉണർവുപ്രസ്ഥാനങ്ങളുടെ അരങ്ങേറ്റവും സെമിനാരിക്കേസും (1879-1889) ആയിരുന്നു. ഒരുവശത്ത് പരിഹാരപ്രക്രിയകൾക്കുവേണ്ടിയുള്ള ഉണർവു പ്രസ്ഥാനങ്ങൾ. മറ്റൊരുവശത്ത് നൈയാമികവശം ചോദ്യംചെയ്ത് കോടതിയെ ഉണർത്തുന്ന കേസുകളുടെ തീർപ്പ്. കനാൻ നിയമങ്ങൾ അരിച്ചുപെറുക്കിയാണ് പലരും അരിശം തീർത്തത്. 1857-ൽ മാത്യൂസ് മാർ അത്തന്നാസ്യോസ് മലങ്കരസഭാകാനൻ പ്രസിദ്ധപ്പെടുത്തിയിരുന്നു. ആത്മീയ-ലൗകീക മേഖലകളെക്കുറിച്ച് അതിർത്തി തിരിച്ച് അതിൽ പ്രതിപാതിക്കുന്നു. ഉലച്ചിൽ തട്ടിയതിന്റെ പ്രതികരണമെന്നോണം അദ്ദേഹത്തിന്റെ കാലത്ത് സഭയിൽ ഉണർവു പ്രസ്ഥാനം അരങ്ങേറി. 1864-ൽ അമ്മാളും (തഞ്ചാവൂർ) എൽ.എം.എസ്സിലെ മോശവത്സലം ശാസ്ത്രിയാരും ഉണർവു മുന്നേറ്റത്തിന്റെ പ്രണേതാക്കളായി. 1873-ൽ വിദ്വാൻകുട്ടി ഈ രംഗം ശക്തമാക്കി. ഈ വർഷം തന്നെ തിരുനൽവേലിയിലെ സാധുമത്തായിയും ഇവിടെ പ്രവർത്തിച്ചു. മാനസീകാശ്വാസം നൽകിയ ഈ പ്രസ്ഥാനത്തിൽ കായംകുളം, ചെങ്ങന്നൂർ, തിരുവല്ല, കോട്ടയം പ്രദേശങ്ങളിലെ സുറിയാനിക്കാർ ചേർന്നു. കൊട്ടാരക്കരയിലെ കൂടാംപ്പള്ളിൽ തൊമ്മൻ കർത്താവിന്റെ രണ്ടാംവരവിനെക്കുറിച്ച് നടത്തിയ പ്രവചനങ്ങളിൽ 1876 ഓഗസ്റ്റ് 10,11,12 തീയതികളിൽ അന്ധകാരം വ്യാപിക്കുമെന്നും 1881-ൽ രണ്ടാം വരവ് സംഭവിക്കുമെന്നും അക്കമിട്ട് പറഞ്ഞത് അബദ്ധമായപ്പോൾ മുട്ടുശാന്തിക്കായി സുവിശേഷപ്രസംഗസംഘങ്ങൾ നിലവിൽ വന്നു. കൊച്ചി, കോട്ടയം, കോടുകളഞ്ഞി, മാവേലിക്കര എന്നിവിടങ്ങളിൽ



ഉണർവുയോഗങ്ങൾ. 1887-ൽ ബാറിക്കോൾസും കാർണിയും ഇതിന്റെ സംഘാടകരായി. ബോംബെക്കാരൻ ലക്ഷ്മണറാവു 1888-ൽ പ്രസംഗപര്യടനം നടത്തി. തിരുനെൽവേലി സ്വദേശി റവ.തോമസ് വോക്കർ 1893-ൽ സുവിശേഷപ്രസംഗപരമ്പര നടത്തി ഉണർവു തരംഗങ്ങൾ സൃഷ്ടിച്ചു. ദീപികയും മനോരമയും ജേർണലിസ തരംഗവുമായി അവതരിച്ചത് ഇക്കാലത്താണ്.

## കോടതികളിൽ സഭയുടെ പിറവി.

മാത്യൂസ് മാർ അത്തന്നാസ്യോസ് മത്സരരംഗത്ത് പ്രശോഭിച്ചെങ്കിലും മലങ്കരസഭയെ മൊത്തം വീക്ഷിച്ച് ശ്ലൈഹീകവും കാതോലികവുമായ വർജിക്കാതെ നവീകരണപാത വെട്ടിത്തെളിയിച്ചു. ആംഗ്ലിക്കൻ സഭയുടെ ദർശനങ്ങൾ അതേപടി പകർത്താൻ ഒരുമ്പെട്ടില്ല. പഴയ തക്സ ഉപയോഗിച്ചു മാത്രം കുർബാന ചൊല്ലിയിരുന്നു. മല്പാന്റെ സംഗൃഹീതതക്സ ഉപയോഗിച്ചില്ല. രാജവിളംബരം പിൻവലിച്ചതിനെത്തുടർന്ന് (1876) പള്ളികളുടെ കൈവശാവകാശം സിവിൽ കോടതികളിൽ വ്യവഹാരം നടത്തി ഉറപ്പിക്കേണ്ടി വന്നു.

''ഏതെങ്കിലും പള്ളികളുടേയോ സ്വത്തുക്കളുടേയോ അവകാശങ്ങളോ ഉടമസ്ഥതകളോ സംബന്ധിച്ചും, അവയിലെ ഉദ്യോഗസ്ഥന്മാരെ ആക്കുകയും നീക്കുകയും ചെയ്യുന്നതിനുള്ള അധികാരം സംബന്ധിച്ചും ഉണ്ടാകുന്ന ഏതെങ്കിലും തർക്കങ്ങൾ സാധാരണനീതിന്യായ കോടതികളിൽ കേട്ട് തീരുമാനിക്കുന്നതിനു മുൻവിളംബരം യാതൊരു പ്രകാരത്തിലും ബാധകമായി വരുമെന്നു ഗണിക്കപ്പെടേണ്ടതല്ല........ എല്ലാ കക്ഷികളിലും തങ്ങൾക്കു അവകാശമുണ്ടെന്നു വിചാരിക്കുന്ന നിവൃത്തികൾ രാജ്യത്തെ വ്യവസ്ഥാപിത കോടതികൾ മുഖാന്തിരം നേടേണ്ടതാണ്. ''

കോടതി വിധികൾക്കും സൂനഹദോസ് തീർപ്പുകൾക്കുശേഷം സെമിനാരിക്കേസെന്ന പള്ളിക്കേസ് പ്രക്ഷുബ്ദ രംഗങ്ങൾ സൃഷ്ടിച്ചു. മാത്യൂസ് മാർ അത്തനാസ്യോസ് നവീകരണ അനുകൂലിയായിരുന്നെങ്കിലും പാത്രിയർക്കീസാധികാരം നിഷേധിക്കുകയോ ആരാധനാക്രമങ്ങൾ സ്വാഗതം ചെയ്യുകയോ ചെയ്തില്ല. പക്ഷെ, പിൻഗാമി അബ്രഹാംമല്പാൻപുത്രൻ തോമസ് മാർ അത്തന്നാസ്യോസ് പാത്രിയർക്കീസിന് മലങ്കരസഭയിൽ ഒരധികാരവും ഇല്ലെന്നു ശഠിച്ചു. പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് 1879-ൽ തോമസ് മാർ അത്തന്നാസ്യോസിനേയും കൂട്ടരേയും പ്രതികളാക്കി ആലപ്പുഴ ജില്ലാ

കോടതിയിൽ പഴയസെമിനാരിക്കുവേണ്ടി കേസ് ഫയൽ ചെയ്തു. 1881-ൽ വാദിക്കനുകൂലമായി വിധിവന്നു. തിരുവനന്തപുരം ഹൈക്കോർട്ടിൽ പ്രതികൾ നൽകിയ അപ്പീലിലും വാദിക്കനുകൂലമായി 1886-ൽ വിധി ലഭിച്ചു. റോയൽ കോടതിയിൽ പ്രതികൾ അപ്പീൽ കൊടുത്തപ്പോഴും പരാജയം (1880) അപ്പീൽ കോടതിയിൽ മൂന്നു ജഡ്ജിമാരിൽ രണ്ടുപേർ വാദിയുടെ ഭാഗം ശരിവച്ചു. അന്ത്യോക്ക്യയുടെ മേൽക്കോയ്മയിലുള്ള സഭയായി മലങ്കരയെ അവർ രണ്ടുപേരും വിശേഷിപ്പിച്ചു. മൂന്നാമത്തെ ജഡ്ജി പ്രതിഭാഗം തെളിവുകൾ പരിഗണിച്ച് മലങ്കര സഭയെ സ്വതന്ത്രസഭയായി വിധിച്ചു. കൃഷ്ണസ്വാമിറാവു, സീതാരാമയ്യർ, ആറംസ്ബി എന്നിവരുടെ ബഞ്ചിൽ ആദ്യത്തെ രണ്ടുപേർ മാർ ദിവന്നാസ്യോസിന് അനുകൂലികളായി. മൂന്നാമൻ മാർ അത്തന്നാസ്യോസിനു വേണ്ടി നിലകൊണ്ടു.

ഭൂരിപക്ഷവിധിപ്രകാരം വിജയംകൊയ്ത മാർ ദിവന്നാസ്യോസ് വ്യക്തമായ തീർപ്പുകൾ നേടി. യാക്കോബായസഭയുടെ നൈയാമിക തലവൻ അന്ത്യോക്ക്യ പാത്രിയർക്കീസ്. അദ്ദേഹത്താൽ അംഗീകരിക്കപ്പെട്ട മലങ്കര മെത്രാപ്പോലിത്ത പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ്. അതിനാൽ യാക്കോബായ സമുദായ സ്വത്തുക്കൾ അദ്ദേഹത്തിന്റെ പക്കലായിരിക്കണം. പാത്രിയർക്കീസിനാൽ മുടക്കപ്പെട്ട മാത്യൂസ് മാർ അത്തനാസ്യോസിന്റെ പിൻഗാമി തോമസ് മർ അത്തന്നാസ്യോസിന് യാക്കോബായ സ്വത്തുക്കളിന്മേൽ അവകാശമില്ല. വിധി ഈ വിധത്തിലായിരുന്നെങ്കിലും തങ്ങളാണ് യഥാർത്ഥ യാക്കോബായക്കാരെന്നു തോമസ് മാർ അത്തന്നാസ്യോസും അനുയായികളും പ്രഖ്യാപിച്ചു മുന്നേറി. കേസ് നേടിയവർ കോട്ടയത്ത് വിജയക്കൊടി നാട്ടി.

## നവീകരണകക്ഷി മാർത്തോമ്മസഭയാകുന്നു

ദശകങ്ങളോളം കോടതിയിൽ വിജയംകൊയ്ത് മിന്നിയ നവീകരണവിഭാഗത്തിനു റോയൽ കോടതി വിധി ഏൽപ്പിച്ച ആഘാതത്തിൽ കോട്ടയം ലോബി നടുങ്ങി. അന്ത്യോക്ക്യ പാത്രിയർക്കീസിന് കീഴ്പ്പെടുക, പുതുയ കക്ഷി രൂപവൽക്കരിക്കുക, ആംഗ്ലിക്കൻ സഭയിൽ ചേരുക എന്ന മൂന്നു പോംവഴികളിൽ നവീകരണകക്ഷിയായി നിലകൊള്ളാനാണു ഭൂരിപക്ഷംപേരും തീരുമാനിച്ചത്. തോറ്റുപോയ തോമസ് മാർ അത്തന്നാസ്യോസിനു കൈവശത്തിലിരുന്ന മലങ്കര മെത്രാപ്പോലീത്താ സ്ഥാനചിന്ഹങ്ങളും വസ്തുവകകളും പണവും



പഴയസെമിനാരിയും വിട്ടുകൊടുക്കേണ്ടിവന്നു. കോഴഞ്ചേരി, മാരാമൺ, കൊട്ടാരക്കരപള്ളികളേ പൂർണ്ണമായും മാർ അത്തന്നാസ്യോസിനു ലഭിച്ചുള്ളൂ. തേവലക്കര, കൂർത്തമല, തലവടി, പടിഞ്ഞാറേക്കര എന്നിവിടങ്ങളിൽ പകുതിപ്പേർ നവീകരണത്തെ അനുകൂലിച്ചു. തോൽവിയിൽ മുങ്ങിയ തോമസ് മാർ അത്തന്നാസ്യോസ് മാരാമണ്ണിൽ താമസമാക്കി. 1889-ൽ നവീകരണസഭ ജനിച്ചു. കനത്ത ദുഖഭാരത്താൽ ജന്മമെടുത്ത തകരാത്ത കക്ഷി. 1887-ൽ ആരംഭിച്ച ദീപികയും 1890-ൽ അവതരിച്ച മനോരമയും കേസുകളും വിധികളും അപ്പീലുകളും മറ്റു നടപടികളും സംബന്ധിച്ച് ഫുൾപേജ് ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തിയിരുന്നു. മാർത്തോമ്മാസഭ 1892-ൽ 'മലങ്കരസഭാതാരക'യിലൂടെ ആരോപണങ്ങൾക്ക് മറുപടി നൽകി.

പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസും കണ്ടത്തിൽ വർഗീസുമാപ്പിളയും നിധീരിമാണിക്കത്താനാരുടെ'ജാത്യൈക്യസംഘത്തിൽ'നിന്നു കുതറിമാറിയത് ഈ വിജയ ലഹരിയിലാണ്. പിൻഗാമിയെപ്പോലും വാഴിക്കാതെ 1893-ൽ തോമസ് മാർ അത്തന്നാസ്യോസ് അന്തരിച്ചതോടെ നേതാവില്ലാത്ത കക്ഷിയായി നവീകരണവിഭാഗം. തൊഴിയൂർസഭാധ്യക്ഷരായ യൗസേപ്പ് മാർ അത്തന്നാസ്യോസു ഗീവറുഗീസ് മാർ കൂറിലോസും ചേർന്നു കുലപതിയായി ഉയർന്നിരുന്ന അബ്രഹാംമല്പാന്റെ ഇളയപുത്രനും തോമസ് മാർ അത്തനാസ്യോസിന്റെ അനുജനുമായ ദത്തോസ് കത്തനാരെ കോട്ടയം ചെറിയപള്ളിയിൽ തീത്തൂസ് പ്രഥമൻ മാർത്തോമ്മാ എന്ന പേരിൽ മെത്രാനായി അഭിഷേകം ചെയ്തു. കോട്ടയത്ത് ശക്തനായിരുന്ന താഴത്ത് ചാണ്ടപ്പിള്ളകത്തനാരാണ് ഈ ആപൽഘട്ടത്തിൽ മനോവീര്യം വീണ്ടെടുക്കുന്ന തുടർനടപടികൾക്കു നേതൃത്വം നൽകിയത്. 1895-ൽ മാരാമൺ കൺവെൻഷൻ തുടങ്ങി അനുയായികൾക്ക് ആവേശം പകർന്നു. സൺഡേസ്കൂൾ സമാജം സ്ഥാപിച്ച് മതബോധം ഉറപ്പാക്കി. മാരാമണ്ണിലും കുറിയന്നൂരിലും ഉപവാസക്കൂട്ടായ്മയോഗങ്ങൾ സംഘടിപ്പിച്ചു. യാഥാസ്ഥിതികരും നവീകരണതീവ്രവാദികളും വടംവലിയിലെത്തിയെങ്കിലും ശബ്ദരഹിതമായ ഉപവാസയജ്ഞങ്ങൾ അവരെ നിയന്ത്രിച്ചു. മാരാമൺപള്ളി കോടതിവിധിമൂലം നവീകരണക്കാർക്കു ലഭിച്ചതോടെ യാക്കോബായക്കാരുമായുള്ള കേസുകൾക്കു വിരാമമായി. നവീകരണക്കാർ കോട്ടയം വിട്ട് തിരുവല്ല, മാരാമൺ കോഴഞ്ചേരി മേഖലയിൽ പിടിമുറുക്കി.

നവീകരണകക്ഷി മാർത്തോമ്മാസഭ എന്ന പേര് സ്വീകരിച്ചത് തീത്തൂസ് ദ്വിതീയൻ മാർത്തോമ്മാസഭയുടെ (1899-1944) കാലത്താണ്. തൊഴിയൂരിലെ മാർ കൂറിലോസും തീത്തൂസ് ഒന്നാമനും ചേർന്നു ഇദ്ദേഹത്തെ പുത്തൻകാവ് പള്ളിയിൽ മെത്രാനായി വാഴിച്ചിരുന്നു. കൂർബാനാ ക്രമം മാർത്തോമ്മസഭയിൽ ആദ്യമായി മലയാളത്തിൽ അച്ചടിച്ചു നൽകി. കോവൂർ ഐപ്പ് തോമാ കത്തനാരാണ് ഇതിന്റെ ആചാര്യനായത്. മിക്ക പട്ടക്കാരും സുറിയാനിമാറ്റി മലയാള ഭാഷയാക്കി ഉപയോഗിച്ചു. പിളർപ്പിനു കാരണമായ തക്സ പരിഷ്കരിക്കാൻ കമ്മിറ്റി നിലവിൽ വന്നു. അവരുടെ തക്സ സാർവത്രികമായി നടപ്പായില്ല. അബ്രഹാംമല്പാന്റെ പൊതുപ്രമാണങ്ങൾ നവീകരണസിദ്ധാന്തങ്ങളായി സ്ഥിരപ്പെടുത്തിയത് 1927 ലാണ് . സഭാശുശ്രൂഷകൾ അവയ്ക്കനുസൃതം സംവിധാനം ചെയ്തു. അതു പ്രകാരം അത് തയ്യാറാക്കിയ തക്സ മിക്ക വൈദീകരും സ്വീകരിച്ചു. 1942-ൽ അതിന് തീത്തൂസ് ദ്വിതീയൻ മാർത്തോമ്മാ അവതാരിക എഴുതി അച്ചടിപ്പിച്ചു. മാർത്തോമ്മാസഭ കുതിച്ചുയർന്ന ഘട്ടമാണിത്. മലങ്കര കത്തോലിക്കാ സഭ വളർന്നതും മലയാളമനോരമ പൂട്ടപ്പെട്ട് കിടന്നതും ഇക്കാലത്തു തന്നെ. 1947 ജൂൺ 11-നു സി.പി. സ്വതന്ത്ര തിരുവിതാംകൂർ വാദം ഉന്നയിച്ചു. 1946 ഒക്ടോബറിൽ പുന്നപ്ര വയലാർ സമരം നടന്നു. പുനരൈക്യം പുലർന്ന കാലം.

മാരമൺ കേന്ദ്രമായുള്ള അബ്രഹാംമല്പാന്റെ കുടുംബാംഗങ്ങൾ നേതൃത്വം നൽകിയ മാർത്തോമ്മാസഭയിൽ ഭാസുരപൈതൃക മേന്മാൻ സമർദ്ധരായ വൈദീകമേലധ്യക്ഷന്മാരുണ്ടായെന്നത് അവിതർക്കിതം. കേസിൽ സമസ്തവും നഷ്ടപ്പെട്ടു എന്ന തീരാ ദുഃഖം കൈമുതലായ ലക്ഷണമൊത്ത വൈദീകനിരയും മാർത്തോമ്മാ സഭയിൽ ഉദയം ചെയ്തു. കല്ലൂർപാറ മാരേട്ട് എബ്രഹാംകത്തനാരെന്ന ഉന്നതബിരുദധാരിയെ 1917-ൽ തീത്തൂസ് ദ്വിതീയൻ മെത്രാനായി വാഴിച്ചു. തൊഴിയൂർ മാർ കൂറിലോസും മാർ അത്തനാസ്യോസും വാഴ്ചയിൽ സഹായികളായി. 1944 വരെ സഫ്രഗൻ മെത്രാപ്പോലീത്തയായിരുന്ന ഇദ്ദേഹം. തിത്തൂസ് ദ്വിതീയൻ അന്തരിച്ചപ്പോൾ എബ്രഹാം മാർത്തോമാ എന്ന പേരിൽ സഭാധ്യക്ഷനായി. സമർത്ഥനും പണ്ഡിതനും സുവിശേഷ പ്രസംഗകനുമായ പുതിയ മെത്രാപ്പോലീത്താ മധ്യതിരുവിതാംകൂറിൽ സഭാപിണക്കങ്ങളുടെ കാർമേഘങ്ങൾ തുരത്തി. വിഭിന്ന കക്ഷികളേയും സഹോദരസഭകളേയും ഇണക്കിഭരിക്കുന്നതിൽ വിജയിച്ചു. അഭിവൃത്തിയിലേക്കുള്ള



പ്രസ്ഥാനങ്ങൾക്കു തുടക്കമിട്ടു. ഓർത്തഡോക്സ്, യാക്കോബായ വിഭാഗങ്ങളോട് കേസുകാലത്ത് ഉണ്ടായിരുന്ന അകൽച്ച കുറച്ചുകൊണ്ടുവന്നു. അബ്രഹാംമല്പാന്റെ കുടുംബത്തിൽപ്പെടാത്തവനായിട്ടും സാർവ്വത്രിക പിൻതുണ നേടാൻ കഴിഞ്ഞു.

യൂഹന്നോൻ മാർ തിമോത്തിയോസിനെ 1939-ൽ തീത്തൂസ് ദ്വിതീയൻ മാത്യൂസ് മാർ അത്തനാസ്യോസിനോടൊപ്പം മെത്രാനായി വാഴിച്ചിരുന്നല്ലോ. തൊഴിയൂർ മെത്രാൻ ഇതിലും സഹകരിച്ചു. പാലക്കുന്നത്ത് കുടുംബത്തിൽപ്പെട്ട യൂഹന്നാൻ മാർത്തോമ്മാ എബ്രാഹം മാർത്തോമ്മായുടെ നിര്യാണശേഷം സഭാധ്യക്ഷനായി. മാത്യൂസ് മാർ അത്തനാസ്യോസ് സഫ്രഗനുമായി പല അന്താരാഷ്ട്ര സമ്മേളനങ്ങളിലും പങ്കെടുത്ത് മാർത്തോമ്മാസഭയ്ക്കു മേൽവിലാസമുണ്ടാക്കിയ അദ്ദേഹം സീനഡിൽ തക്സ റിവിഷൻ കമ്മറ്റിയെ നിയമിക്കുകയും 1954-ൽ സീനഡ് അംഗീകരിച്ച പുതിയ തക്സ് പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

മാർത്തോമ്മസഭ 1952-ൽ പി. തോമസ്, എം.ജി. ചാണ്ടി, ഫിലിപ്പ് ഉമ്മൻ എന്നീ വൈദീകരെ എപ്പിസ്ക്കോപ്പുമാരായി വാഴിക്കാൻ തെരഞ്ഞെടുത്തെങ്കിലും തോമസച്ചൻ യാഥാസ്ഥിതികനായതുകൊണ്ട് കെ.എൻ. ദാനിയേലിന്റെ നേതൃത്വത്തിൽ ഒരു കൂട്ടം മാർത്തോമ്മക്കാർ എതിർന്യായം ഉന്നയിച്ചു. ഒടുവിൽ 1953 ൽ തിരുവല്ലയിൽ വച്ച് അവരെ തോമസ് മാർ അത്തനാസ്യോസ്, അലക്സാണ്ടർ മാർ തെയോഫിലോസ്, ഫിലിപ്പോസ് മാർ ക്രിസ്റ്റോസ്റ്റം എന്നീ പേരുകളിൽ യഥാക്രമം അഭിഷേകം ചെയ്തു. യഥാസ്ഥിതികരും ഉൽപതിഷ്ണുക്കളും പരസ്യമായി വിവാദങ്ങളിലേർപ്പെടുവാൻ ഇത് ഇടവരുത്തി. ഇത് സെന്റ് തോമസ് ഇവാഞ്ചിലിക്കൽ ചർച്ചിന്റെ ജനനത്തിൽ ചെന്നെത്തി.

മാർത്തോമ്മസഭയ്ക്ക് വളരെ പ്രയാസമേറിയ കാലഘട്ടത്തിലാണ് മാർ യൂഹാനോൻ മാർത്തോമ്മ ഭരണം നിർവഹിച്ചതെങ്കിലും സമൂഹത്തിന്റെ പ്രതിഛായ മെച്ചമാക്കി തക്സാതർക്കും അനുനയത്തിൽ പരിഹരിക്കാൻ കഴിഞ്ഞു. 1975 ൽ ഈശൊമാർ തിമോത്തിയോസിനേയും ജോസഫ്മാർ ഐറേനിയോസിനേയും എപ്പിസ്ക്കോപ്പുമാരായി വാഴിച്ചു. യൂഹനോൻ മാർത്തോമ്മക്കുശേഷം 1976 ൽ അലക്സാണ്ടർ മാർത്തോമ്മ സഭാഭരണമേറ്റു. ഇതര ക്രൈസ്തവസഭകളുമായി മെച്ചപ്പെട്ട ബന്ധം പുലർത്താനും സഭാക്യൈം വളർത്താനും ദത്തശ്രദ്ധനായ അലക്സാണ്ടർ മാർത്തോമ്മ മെത്രോപ്പോലിത്ത

സഭയുടെ പ്രതിരൂപം ശോഭായമാനമാക്കി. 1980 - ൽ സക്കറിയാസ് മാർ തെയോഫിലോസിനെ എപ്പിസ്കോപ്പയാക്കി. 1989 സെപ്റ്റംബറിൽ റവ. ജോർജ്ജ് ജേക്കബ്, റവ. യുയാക്കിം ഐ. ചീരൻ. റവ. സി.ഐ. ജോർജ്ജ് എന്നിവരെ എപ്പിസ്കോപ്പ സ്ഥാനത്തേക്ക് സഭാ പ്രതിനിധിമണ്ഡലം തെരഞ്ഞെടുത്തു.

ഇപ്പോൾ പത്ത് ഭദ്രാസനങ്ങളും അത്രയും മെത്രാപ്പോലിത്ത മാരുമാണുള്ളത്. ഡോ. അലക്സാണ്ടർ മാർത്തോമ്മ മെത്രാപ്പോലിത്ത (നിരണം - മാരാമൺ) ഡോ. ഫിലിപ്പോസ് മാർ ക്രിസ്റ്റോസ്റ്റം സഫ്രഗൻ മെത്രാപ്പോലിത്ത (ചെങ്ങന്നൂർ - തുമ്പമൺ), ഡോ. ജോസഫ് മാർ ഐറേനിയസ് (അടൂർ - മാവേലിക്കര), ഡോ. സക്കറിയാസ് മാർ തെയോഫിലോസ് (വടക്കേ അമേരിക്ക, ബ്രിട്ടൻ-യൂറോപ്പ്), ഡോ. ഗീവറുഗീസ് മാർ അത്തനേഷ്യസ് (കോട്ടയം - കൊച്ചി), ഡോ. ജോസഫ് മാർ ബർന്നബാസ് (കുന്നകുളം - മലബാർ), ഡോ. ഗീവർഗീസ് മാർ തെയൊഡോഷ്യസ് (തിരുവനന്തപുരം - കൊല്ലം), ഡോ. യൂയാക്കിം മാർ കൂറിലോസ് (റാന്നി-നിലക്കൽ), ഡോ. തോമസ് മാർ തിമൊത്തിയാസ് (മദ്രാസ് - കൽക്കട്ട), ഡോ. ഐസക്ക് മാർ പീലക്സിനോസ് (ബോംബേ - ഡൽഹി)

ആയിരത്തോളം ഇടവകകളും എഴുന്നൂറിലേറെ വൈദികരുമുള്ള മാർത്തോമ്മാ സഭയിൽ ഏഴുലക്ഷത്തിലേറെയാണ് ജനസംഖ്യ. തിയോളജിക്കൽ സെമിനാരി കോട്ടയത്താണ്. സഭാപ്രതിനധി മണ്ഡലത്തിൽ 1200 അംഗങ്ങളുണ്ട്. മാർത്തോമ്മ സഭാദ്ധ്യക്ഷൻ ഡോ. അലക്സാണ്ടർ മാർത്തോമ്മ വലിയ മെത്രാപ്പൊലിത്ത 11-01-2000-ൽ കാലം ചെയ്തു. വലിയ മെത്രാപ്പോലിത്തയുടെ പിൻഗാമിയായി ഡോ. ഫിലിപ്പോസ് മാർ ക്രിസ്റ്റോസ്റ്റം മാർത്തോമ്മ സ്ഥാനാരാഹണം ചെയ്തു.

## കുടുംബാംഗങ്ങളുടെ സഭാസേവനം

തിരുവല്ലായിൽ പാലിയേക്കര പള്ളി, കട്ടപ്പുറത്ത് പള്ളി, തെക്കേ പള്ളി എന്നീ പള്ളികൾ പണികഴിപ്പിക്കുന്നതിൽ വളരെ തീഷ്ണമായി പ്രവർത്തിച്ചിരുന്നവരാണ് നമ്മുടെ പൂർവ്വികർ. കുടുംബാംഗങ്ങൾക്ക് പൂർവിക കാലത്ത് കൃഷിയും വ്യാപാരവും ആയിരുന്നു പ്രധാനമായും സാമ്പത്തിക വരുമാനം തന്നിരുന്നത്. അതേസമയം തങ്ങൾ ഉൾക്കൊണ്ടു നിൽക്കുന്ന സഭയും ഇടവകയും ആയിരുന്നു കുടുംബാംഗങ്ങളുടെ ഒരു പ്രധാന സാമൂഹ്യസേവന രംഗം. നമ്മുടെ



പൂർവ്വികർ വളരെയധികം സാമൂഹ്യസേവനരംഗങ്ങളിൽ പ്രത്യേകിച്ച് ദരിദ്രവിഭാഗങ്ങൾക്കു വേണ്ടിയും, നമ്മുടെ കുടുംബാംഗങ്ങൾ ഉൾപ്പെടുന്ന ഓർത്തഡോക്സ്, മാർത്തോമ്മ, കത്തോലിക്ക മതവിഭാഗ ത്തിനും വേണ്ടിയും കുടുംബാംഗങ്ങളിൽ പലരും ആത്മാർത്ഥമായി പ്രവർത്തിച്ചു. അതിൽ പ്രധാനികളായിരുന്നു ശ്രീമാൻ കല്ലൂർ ഗീവറുഗീസ് മാത്തൂച്ചൻ, ശ്രീമാൻ കൊല്ലവന പോത്ത, ശ്രീമാൻ മാത്തു എബ്രഹാം കൊല്ലമന, ശ്രീമാൻ മഠത്തിൽ കൊച്ചിടുക്കുളേച്ചൻ, ശ്രീമാൻ പഴങ്ങേരിൽ പോത്ത, ശ്രീമാൻ പി.ഐ. ഫിലിപ്പ്. പഴങ്ങേരിൽ (അനാഥശാല ഫിലിപ്പ് സാർ), ശ്രീമാൻ ഇട്ടി മാനേത്തുമാലി, ശ്രീമാൻ ഇടുക്കള കാനേക്കാട്ട്, ശ്രീമാൻ പോത്ത ഇടുക്കള എന്നിവർ. ശ്രീമാൻ മാത്തു ഏബ്രഹാം പാലിയേക്കരപള്ളിയുടെ ട്രസ്റ്റിയായി ദീർഘകാലം സേവനമനുഷ്ഠിച്ചിരുന്നു. ശ്രീമാൻ പി.ഐ ഫിലിപ്പ്, ദരിദ്രരെ സഹായിക്കുന്നതിൽ വാപൃതനായിരുന്നു. അനാഥശാല വിരളമായി രുന്ന അക്കാലത്ത് പുനലൂരിൽ അനാഥശാല ആരംഭിച്ചു കൂടാതെ മാർത്തോമ്മ സഭയുടെ വളർച്ചയ്ക്ക് വളരെയധികം സഹായിച്ചു. നമ്മുടെ പൂർവ്വികരെക്കുറിച്ചും തിരുവല്ല പ്രദേശത്തേക്കുറിച്ചും പഴയകാല സംഭവകഥകളേക്കുറിച്ചും നമ്മുടെ കുടുംബയോഗം പ്രസിഡന്റ് ശ്രീമാൻ മഠത്തിൽ ഇടുക്കള നൽകിയ വിവരങ്ങൾ തുടർന്ന് ചേർക്കുന്നു.

## തിരുവല്ല

കേരളത്തിൽ അതിപുരാതനവും പ്രസിദ്ധവുമായ ഒരു സ്ഥല നാമമാണ് തിരുവല്ല. ഏതാണ്ട് ബി.സി. അഞ്ചാം ദശകത്തിൽ മഹാവി ഷ്ണുവിന്റെ ശക്രായുധപ്രതിഷ്ട അവിടെ നടന്നു എന്നും, അതിനു ശേഷം ക്രിസ്താബ്ദം ഒന്നാം നൂററാണ്ടിൽ മഹാവിഷ്ണുവിനെത്തന്നെ അവിടെ പ്രതിഷ്ഠിച്ചു എന്നും അന്നുമുതൽ ആ സ്ഥലത്തിന് തിരുവ ല്ലഭപുരം എന്ന പേരു സിദ്ധിച്ചതായും, ആ നാമം ലോപിച്ച് പിൽക്കാ ലത്ത് തിരുവല്ല എന്ന പേര് മേൽപ്പടിസ്ഥലത്തിനു ലഭിച്ചു എന്നുമാണ് പറയപ്പെടുന്നത്

ഏതാണ്ട് 175 വർഷങ്ങൾക്കപ്പുറം തിരുവല്ല എട്ടില്ലത്തിൽ പോ ററിമാരുടെ മേൽക്കോയ്മയിൽ ആയിരുന്നു. അവിടെ ബ്രാഹ്മണ മേ ധാവിത്വമായിരുന്നെങ്കിലും അവിടുത്തെ വ്യാപാരവും കച്ചവടവുമെല്ലാം ഇരുപത്തഞ്ചു ശതമാനം വരുന്ന ക്രിസ്ത്യാനികളുടെ ആധിപത്യത്തി ലായിരുന്നു. ഒന്നാം നൂററാണ്ടിൽ തോമാശ്ലീഹ നിരണത്തെത്തി

പള്ളിസ്ഥാപിച്ചതോടെ ഉയർന്ന ജാതിക്കാരിൽ പലരും ക്രിസ്തു മത വിശ്വാസം സ്വീകരിക്കുകയും അങ്ങനെ ക്രിസ്തു മതം തിരുവല്ലായിൽ വേരുപിടിക്കയും ചെയ്തിട്ടുള്ളതാണ്. എന്നാൽ ഒരു ക്രിസ്തുമതദേവാലയം, പള്ളി, നിരണത്തു മാത്രമാണ് ഉണ്ടായിരുന്നത്. ഞായറാഴ്ചകളിലും മററു വിശുദ്ധദിവസങ്ങളിലും ദൈവാരാധനയിൽ സംബന്ധിക്ഷുവാൻ നമ്മുടെ ആളുകൾക്ക്, കാൽനടയായോ, വള്ളം വഴിയായോ നിരണത്തു പള്ളിവരെ പോകേണ്ടിരുന്നു. ആരെങ്കിലും മരിച്ചാൽ ശവമടക്കുന്നതും നിരണം പള്ളിപ്പുരയിടത്തിലായിരുന്നു. തിരുവല്ലായിൽ നിന്നും പരിസരപ്രദേശങ്ങളിൽ നിന്നും ശവവും വഹിച്ചുകൊണ്ട് നിരണത്തു പോകുക എന്നത് വളരെ ബുദ്ധിമുട്ടുള്ളകാര്യമാണെന്ന് പ്രത്യേകിച്ചും പറയേണ്ടതില്ലല്ലോ.

## തിരുവല്ലാ – പാലിയേക്കര പള്ളി

തിരുവല്ലയിക്ക് സ്വന്തമായി ഒരു പള്ളി സ്ഥാപിച്ചു കിട്ടണം എന്ന ആഗ്രഹത്തോടു കൂടി അവിടുത്തെ ക്രിസ്ത്യൻ പ്രമാണിമാർ ഒരിക്കൽ യോഗം കൂടി, ഈ യോഗത്തിൽ നടുനായകത്വം വഹിച്ച കുടുംബക്കാർ, കോവൂർ, കൊല്ലമന, കോടിയാട്ട്, മണലിൽ എന്നിവരായിരുന്നു. ദീർഘനാളത്തെ നിവേദനങ്ങളുടെയും, പ്രാർത്ഥനകളുടെയും, ബുദ്ധിമുട്ടിന്റെയും ഫലമായി, ഒടുവിൽ, പാലിയേക്കര ഒരു പള്ളി സ്ഥാപിക്കുന്നതിന് സഭാദ്ധ്യക്ഷന്മാരിൽ നിന്നും ബ്രാഹ്മണ മേധാവികളിൽ നിന്നും ഗവൺമെന്റിൽ നിന്നും അനുവാദം കിട്ടി. ഇപ്രകാരം ഇന്ന്പാലിയേക്കര പള്ളി സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ഒരു ചെറിയ ഓലക്കെട്ടിടം പണിയിച്ച് അത് പള്ളിയായി കൂദാശ ചെയ്യപ്പെട്ടു. പള്ളിക്ക് സ്ഥലം നൽകിയത് കോടിയാട്ട് അന്ന് കാഞ്ഞരക്കാട് എന്നാണ് അറിയപ്പെട്ടിരുന്നത് (മൂലകുടുംബം) കാരണവർ ആയിരുന്നു.

ക്രിസ്ത്യാനികൾ അങ്ങനെ ഞായറാഴ്ചകളിലും മററു ദിവസങ്ങളിലും ഒരുമിച്ചു കൂടുകയും, മതസംബന്ധമായ കാര്യങ്ങൾക്കു പുറമെ, സാമൂഹ്യമായി അവർ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും അവയിൽ തീരുമാനങ്ങൾ എടുക്കുകയും പതിവായി. അന്നത്തെ ബ്രാഹ്മണമേധാവിത്വത്തിന് ഇതു തീരെ രസിച്ചിരുന്നില്ലെന്നും പ്രത്യേകം പറയേണ്ടതില്ലല്ലോ. ക്രിസ്തീയ സമൂഹത്തിലുണ്ടാകുന്ന ഏതെങ്കിലും വിശേഷങ്ങളോ, അന്യോന്യം അറിയേണ്ട ഗൗരവമായ കാര്യങ്ങളോ അറിയേണ്ടതായും അറിയിക്കേണ്ടതായും ആയി വരുമ്പോൾ പള്ളിയിൽ മണിയടിച്ച് ആളുകൾ ഒത്തു കൂടുകയും തീരുമാനങ്ങൾ



എടുക്കുകയും ഒരു പതിവായിത്തീർന്നു.

19ാം നൂററാണ്ടിലെ കാര്യമല്ലോ, ഇപ്രകാരം ക്രിസ്ത്യാനികൾ ഒന്നിച്ചു കൂടി ഒരു പ്രബലശക്തിയായി വളരുന്നത് അക്കാലത്ത് മററു വിഭാഗക്കാർക്ക്സഹിഷ്ണതയോടെ വീക്ഷിച്ചില്ല എന്നു പറയേണ്ടതില്ലല്ലോ. ഒരിക്കൽ ഏതാനും പോററിമാർ ഒന്നിച്ചു കൂടി ആലോചിച്ച്, രാത്രിയിൽ ആനയെക്കൊണ്ട് പള്ളി മണി പറിപ്പിക്കയും പള്ളി തീവച്ചു നശിപ്പിക്കുകയും ചെയ്തു. ഈ സംഭവം ഒരു കേസിൽ കൊണ്ടെത്തിച്ചു. അന്നത്തെ റസിഡന്റ് (മൺറോസായ്പ്) ഇതിൽ ഇടപെട്ടു. ദീർഘനാളത്തെ കേസുകൾക്കു ശേഷം പാലിയേക്കര പള്ളിക്കാർക്കനുകൂലമായ വിധിയുണ്ടായി. പള്ളി കത്തിച്ചവരുടെ ചിലവിൽ പള്ളി പണിയിച്ചു കൊടുക്കണം എന്നതായിരുന്നു വിധിയുടെ സാരം. പള്ളി പണിക്കാവശ്യമായ തേക്കിൻ തടി സർക്കാർ വനഭൂമിയിൽ നിന്ന് രാജകീയ അനുവാദത്തോടു കൂടി റസിഡന്റ് ഏർപ്പാടു ചെയ്തു. കൂടാതെ അദ്ദേഹം ഒരു തുക ദാനമായി തരികയും ചെയ്തു. അങ്ങനെ ഇന്നു കാണുന്ന പാലിയേക്കരപ്പള്ളി പണിചെയ്യിക്കപ്പെട്ടു.

മുമ്പു പറഞ്ഞിട്ടുള്ളതു കുടുംബക്കാരാണ് പള്ളി പണിയുടെ മേൽ നോട്ടം വഹിച്ചിരുന്നതെങ്കിലും കോവൂരച്ചന്റെ സ്വാധീനവലയത്തിൽ പാലിയേക്കരപ്പള്ളിയിൽ അവർക്ക് ഏതോ സ്ഥാന കൂടുതൽ ഉള്ളതായി മററു കുടുംബക്കാർക്ക് അനുഭവപ്പെട്ടു തുടങ്ങി.

ഇതിന്റെ പരിണിത ഫലമായി വീണ്ടും, ഒരു പുതിയ പള്ളി വയ്ക്കുന്നതിലേക്ക് കോടിയാട്ടുകാരും, കൊല്ലമനക്കാരും, മണലിൽക്കാരും, ചാലക്കുഴിക്കാരും കൂടി സഭാ മേലദ്ധ്യക്ഷൻമാരേയും സർക്കാരിനേയും സമീപിച്ചു. തൽഫലമായി കോടിയാട്ടു വർക്കി ഇടുക്കുള്ള മുതൽ പേർക്ക് ഒരു പള്ളി വയ്ക്കുന്നതിന് അനുവാദം ലഭിച്ചു. അങ്ങനെയാണ് കോടിയാട്ടു നിന്നും കൊടുത്ത ഭൂമിയിൽ കട്ടപ്പുറത്തു പള്ളി എന്ന് ഇന്നറിയപ്പെടുന്ന സെന്റ് ജോർജ്ജ് പള്ളി പണിയപ്പെട്ടത്.

പാലിയേക്കര പള്ളിക്ക് സംഭവിച്ചത് കട്ടപ്പുറത്തു പള്ളിക്കാർക്കും അനുഭവപ്പെട്ടു. അതായത് കട്ടപ്പുറത്തു പള്ളി കോടിയാട്ടുകാരുടെയാണെന്ന ഒരു ധാരണ മററിടവകക്കാർക്കുണ്ടായി.

നമ്മൾ അടങ്ങിയിരിക്കുന്ന കൂട്ടരല്ലല്ലോ. വാശിയും വൈരാഗ്യവുമാണല്ലോ അന്നുമിന്നും നമ്മുടെ മുതൽ കൂട്ട്! ഒടുവിൽ കൊല്ലമനക്കാരും, മണലിൽക്കാരും, ചാലക്കുഴിക്കാരും കൂടി മറെറാരു പള്ളി

സ്ഥാപിക്കുന്നതിന് മുൻകൈ എടുത്തു പണിയിച്ചതാണ് ഇന്നത്തെ തെക്കേ പള്ളി (മറുവൽക്കേപ്പള്ളി)

ഇത്രയും മുഖവരയായി പറഞ്ഞത് ഈ മൂന്നു പള്ളി പണിയിക്കുന്നതിലും വളരെ തീഷ്ണമായി പ്രവർത്തിച്ച ഒരു കുടുംബമാണ് കൊല്ലമന കുടുംബം എന്ന് നമ്മുടെ അംഗങ്ങളെ മനസ്സിലാക്കുന്നതിലേക്കാണ് - ഇത് ഒരു കേട്ടുകേൾവിയല്ല, ചരിത്രസത്യമാണ്.

## XV -I

## മഠത്തിൽ കൊച്ചിടുക്കളേച്ചൻ

## കൊച്ചേലിയമ്മ കോടിയാട്ട്□

മേൽ സൂചിത ചരിത്രസംഭവകാലത്ത് കൊല്ലമന തറവാട്ടിലെ കാരണവർ മാത്തുച്ചൻ ആയിരുന്നു. ശേഷികൊണ്ടും ശേമുഷികൊണ്ടും ഭൂസ്വത്തുകൊണ്ടും ദ്രവ്യസ്വത്തുകൊണ്ടും (വേങ്ങൽ ഭാഗത്തുള്ള പുഞ്ചക്കണ്ടങ്ങളുടെയും വെൺമ്പാല ഭാഗത്തെ പുരയിടങ്ങളുടെയും സിംഹഭാഗവും അന്ന് കൊല്ലമന കുടുംബത്തിന്റെ വകയായിരുന്നു.) മുമ്പന്തിയിൽ നിന്ന മാത്തുച്ചൻ തന്റെ കനിഷ്ട സന്താനമായ ഇടിക്കുളയുടെ കല്ല്യാണാലോചനയ്ക്ക് പററിയ ബന്ധുവിനെ കണ്ടുപിടിക്കുന്നതിന് അധികമൊന്നും ആലോചിക്കേണ്ടതില്ലായിരുന്നു. പ്രഗത്ഭനും പ്രസിദ്ധനുമായ കോടിയാട്ടു മഠത്തിൽ ഇടുക്കളേച്ചന്റെ ഇളയമകൾ കൊച്ചേലിയാമ്മ എല്ലാം കൊണ്ടും അനുയോജ്യയായ വധുവായി ബോധ്യമുണ്ടായിരുന്നു. ഇടുക്കളേച്ചനോട് ഇതേക്കുറിച്ചു സംസാരിച്ചപ്പോൾ അദ്ദേഹത്തിനും പരിപൂർണ്ണ സമ്മതമായിരുന്നു. അധികം താമസിയാതെ കല്ല്യാണം ആഘോഷപൂർവ്വം നടത്തപ്പെട്ടു. വിവാഹം പാലിയേക്കര പള്ളിയിൽ വച്ചായിരുന്നു.

മഠത്തിലെ ഇടുക്കളേച്ചന് ആൺ സന്താനം ഇല്ലായിരുന്നു. അതിനാൽ തന്റെ നാലു പെൺമക്കളിൽ ഇളയവൾ കൊച്ചേലിയാമ്മ ആയിരുന്നതിനാൽ കൊച്ചേലിയാമ്മയും കൊച്ചിടുക്കളേച്ചനും കോടിയാട്ടു മഠത്തിൽത്തന്നെ താമസമായി. ഒരുവീട്ടിൽ രണ്ട് ഇടിക്കുളമാർ അങ്ങനെ ഒരേ സമയത്ത് ഉണ്ടായിരുന്നതിനാൽ മരുമകനെ കൊച്ചിടുക്കേളച്ചനെന്നും അപരനെ വില്ല്യടുക്കേളേച്ചനെന്നും നാട്ടുകാർ സംബോധന ചെയ്തു വന്നു.

കൊച്ചേലിയാമ്മയുടെ മാതാവ് പ്രസിദ്ധമായ തേന്മടത്തിൽ



കുടുംബാംഗമായിരുന്നു. കിഴക്കേ ചാലക്കുഴിയിലെ ജോവേലച്ചായന്റെ മാതാവ് കൊച്ചേലിയാമ്മയുടെ മാതൃ സഹോദരി ആയിരുന്നു.

കൊച്ചിടുക്കളേച്ചന്റെ വിവാഹ ശേഷം ആധികം താമസിയാതെ- കട്ടപ്പുറത്ത് പള്ളിയുടെ പണി ഏതാണ്ട് പൂർത്തിയായി ക്കഴിഞ്ഞപ്പോൾ - വല്ല്യടുക്കളേച്ചൻ മരിച്ചു. അതിനുശേഷം മഠത്തിൽ ഭരണം നടത്തിയിരുന്നത് കൊച്ചിടുക്കളേച്ചൻ ആയിരുന്നു.

കൊച്ചേലിയമ്മ കോച്ചിടുക്കള ദമ്പതികൾക്ക് നാല് ആൺമക്കളും രണ്ട് പെൺമക്കളുമുണ്ടായിരുന്നു.

ഇന്നത്തെപ്പോലെ അന്ന് ഔപചാരിക വിദ്യാഭ്യാസത്തിന് നമ്മുടെ ഇടയിൽ-പ്രത്യേകിച്ച് ധനാഢ്യ കുടുംബങ്ങളിൽ-വലിയ പ്രാധാന്യം നൽകിരുന്നില്ല. അതിന്റെ കുറവ് പിൽക്കാലത്ത് ബോദ്ധ്യമായപ്പോഴേക്ക് സമയം വൈകിപ്പോയിരുന്നു. ഇത് കൊല്ലമന തറവാട്ടിനും കോടിയാട്ടു തറവാട്ടിനും ഒരു പോലെ ക്ഷീണം ചെയ്തു എന്ന് പറയേണ്ടതില്ലല്ലോ.

ഇത്തരുണത്തിൽ നമ്മുടെ തറവാട്ടിൽപ്പെട്ട ഇളം തലമുറക്കാരോട് ഒരു പ്രത്യേക അപേക്ഷ. നമ്മുടെ കുഞ്ഞുങ്ങൾക്ക് എത്ര ബുദ്ധിമുട്ടിയാലും നമ്മുടെ സർവ്വകഴിവുകളുമുപയോഗിച്ച് ഉന്നത വിദ്യാഭ്യാസം കൊടുക്കുക. സമ്പാദ്യം മുഴുവൻ ചിലവഴിക്കേണ്ടി വന്നാലും അതൊരിക്കലും നഷ്ടമാകുന്നതല്ല എന്നെപ്പോഴും ഓർത്തിരിക്കുക. മറെറാരു കാര്യം കൂടി. കുഞ്ഞുങ്ങളെ ദൈവഭയത്തിലും അനുസരണത്തിലും വളർത്തുന്നതിൽ പ്രത്യേകമായി ശ്രദ്ധിക്കണം. സർവ്വ ഐശ്വര്യങ്ങളുടേയും ഉറവിടം ദൈവ കൃപയാണെന്ന കാര്യം കുഞ്ഞുങ്ങളെ ബോദ്ധ്യപ്പെടുത്തുക. മനുഷ്യന്റെ എല്ലാവിധ കഴിവുകളും ഓരോ പൂജ്യങ്ങൾ മാത്രമാണ്. എത്ര പൂജ്യങ്ങൾ തുടർച്ചയായി ഇട്ടാലും അവയുടെ ആകെ മൂല്യം പൂജ്യം തന്നെയാണ്. എന്നാൽ എല്ലാ കാര്യത്തിലും ദൈവത്തിന് സ്ഥാനം കൊടുത്താൽ അതേ ദൈവമാകുന്ന ഒന്ന് ആദ്യം പ്രതിഷ്ഠിച്ചാൽ അതിനുശേഷം വരുന്ന ഓരോ പൂജ്യത്തിനും വിലയേറി വരുന്നതായി നമുക്ക് അനുഭവപ്പെടും. യഹോവാഭക്തിജ്ഞാനത്തിന്റെ ആരംഭം മാത്രമല്ല. സർവ്വ ഐശ്വര്യങ്ങളുടെ ഉറവിടം കൂടിയാണ്.

ഇരുപതാം നൂററാണ്ടിന്റെ അവസാന ദശകമാണിത്. ദൈവത്തേയും ദേവനേയും ഭയമില്ലാത്ത മാതാപിതാക്കൻമാരോടു ഭയമോ സ്നേഹമോ ഇല്ലാത്ത, ഗുരുക്കന്മാരോടും ബഹുമാനമോ ആദരവോ

ഇല്ലാത്ത ഒരു വല്ലാത്ത കാലഘട്ടമാണ് ഇപ്പോൾ. ഫലമെന്ത്? ദൈവത്തെക്കാൾ മാമ്മോന് സ്ഥാനം കൊടുക്കുന്ന ഒരു സമൂഹം! നാം നമ്മുടെ മക്കളേയും കൊച്ചുമക്കളേയും പ്രാർത്ഥനാ ജീവിതത്തിലും ദൈവഭക്തിയിലും സ്വഭാവ നൈർമ്മല്യത്തിലും വളത്തുന്നതിനു ശുഷ്ക്കാന്തി കാണിക്കുക. കഴിഞ്ഞുപോയ പ്രതാപം നമുക്കു വീണ്ടെടുക്കാം!

ഒരുകുടുംബചരിത്രമെഴുതുമ്പോൾ അതിലെ അംഗങ്ങളെ സംബന്ധിക്കുന്ന ഇപ്പോൾ ഉള്ളവരും മൺമറഞ്ഞവരും ഉൾപ്പെടും - പല സംഭവകഥകളും ഉണ്ടായിരിക്കും. അവ നേട്ടങ്ങളെക്കുറിച്ചോ, കോട്ടങ്ങളെ സംബന്ധിച്ചോ ആവാം. ഒരുപക്ഷേ അവയിൽ ചിലത് വെറും ബാലിശങ്ങളായ കാര്യങ്ങളായി ഇപ്പോൾ തോന്നി എന്നും വരാം. എന്നാൽ അവയിൽ പലതും പിൻതലമുറക്കാർക്ക്, കേൾക്കുന്നതും, വായിക്കുന്നതും,സന്തോഷപ്രദവും ചിന്താദ്യോതകവും ആയി എന്നും വരാം. ആവക സംഭവകഥകൾ എഴുതി സൂക്ഷിക്കാത്ത പക്ഷം എന്നന്നേക്കുമായി വിസ്മൃതിയിൽ പെട്ടുപോയി എന്നും വരാം.

ആയതിനാൽ ഇപ്രകാരമുള്ള കഥകളൊ സംഭവങ്ങളോ നമ്മിൽ ആർക്കെങ്കിലും അറിയാമെങ്കിൽ ആയവ എഴുതി കുടുംബചരിത്ര കമ്മിറ്റിയെ അറിയിക്കുന്നത് നന്നായിരിക്കും.

അവ അരിച്ചെടുത്ത് കുടുംബ ചരിത്രത്തിൽ ഉൾപ്പെടുത്താൻ പറ്റിയതെങ്കിൽ വേണ്ടവിധം കൈകാര്യം ചെയ്യുന്നതിന് സാധിക്കുമല്ലോ. ഉദാഹരണത്തിന് ഏതാനും ചില സംഗതികൾ എന്റെ അറിവിൽ പ്പെട്ടത് ഇവിടെ കുറിക്കുകയാണ്. ഒരു പക്ഷേ ഇവ രേഖപ്പെടുത്തുന്നത് ചിലർക്ക് ഇഷ്ടപ്പെട്ടില്ല എന്നു വരാവുന്നതാണ്. എന്നാൽ സംഭവിച്ചു കഴിഞ്ഞ കാര്യങ്ങളെ സംബന്ധിച്ച് ദുരഭിമാനമുണ്ടാകേണ്ട കാര്യമില്ല.

## 1. ഒരു വിവാഹം

കോടിയാട്ടെ വല്ല്യച്ചൻെറ മകൻ ഉണ്ണിച്ചായൻെറ (K.J.Alexander)_വിവാഹ നിശ്ചയമെല്ലാം വളരെ ആർഭാടമായി നടന്നു. സെന്റ് ജോർജ്ജ് കട്ടപ്പുറം പള്ളിയിൽ വച്ച് ഒരു ഞായറാഴ്ച കുർബാനകഴിഞ്ഞു നടത്തുവാനായിരുന്നു നിശ്ചയിച്ചിരുന്നത്. വിവാഹ സദ്യക്കുള്ള സർവ്വ ചട്ടങ്ങളും തകൃതിയായി നടക്കുന്നു. രണ്ടുമൂന്നു ദിവസത്തിനു മുമ്പു മുതലെ വരൻെറ ഭവനത്തിൽ ബന്ധുമിത്രാദികളുടെ തിരക്കാണ്. എന്നാൽ വിവാഹ തലേദിവസം ശനിയാഴ്ച ഉച്ചയോടു കൂടി പ്രതിശ്രുതവധുവിൻെറ വീട്ടിൽ നിന്നും അറിയിപ്പുണ്ടായി ഈ



വിവാഹത്തിന് അവർക്ക് സമ്മതമല്ല. എന്താണുചെയ്യുക. അച്ഛനും കൂട്ടർക്കും അങ്കലാപ്പായി. സ്ഥലത്തെ പ്രാമാണ്യം കൊണ്ടും, ധനസ്ഥിതികൊണ്ടും ഉന്നതശീർഷരായ കോടിയാട്ടു വല്ല്യച്ചന്റെ കല്ല്യാണം നിശ്ചയിച്ച സമയത്ത് നടത്താതിരുന്നാലുള്ള _പേരുദോഷം- ഓർക്കാൻ പോലും വയ്യാത്തകാര്യം !

ഈ സമയത്ത് തെക്കെ കൊല്ലവനത്തെ ഫീലിപ്പോച്ചായൻ കോടിയാട്ട് കല്ല്യാണ വീട്ടിൽ, മര്യാദ അനുസരിച്ച് പോകുന്നതിനിടയായി. അവിടെ മരിച്ച വീട്ടിലെ മൂകത ആരും ഒന്നും പറയുന്നില്ല. ഫീലിപ്പോച്ചായൻ അച്ചനോടു തന്നെ തിരക്കി. അച്ചൻ ഒരു വിധത്തിൽ നടന്ന കാര്യങ്ങൾ ഒക്കെ പറഞ്ഞു. ശനിയാഴ്ച ഏതാണ്ട് സന്ധ്യയോടടുത്തു. ഇനിയും എവിടെ നിന്നാണ് കോടിയാട്ടുകാർക്കു ചേർന്ന ഒരു കുടുംബത്തിൽ നിന്നും ഒരു പെൺകുട്ടിയെക്കണ്ടു പിടിച്ച് അടുത്ത ദിവസം കല്ല്യാണം നടത്തിക്കുന്നത്. ഫീലിപ്പോച്ചായൻ അച്ചനോടു പറഞ്ഞു. അച്ചൻ ഒന്നു കൊണ്ടും വേവലാതിപ്പെടേണ്ട. നാളെ രാവിലെ പള്ളിയിൽ സൽസ്വഭാവിയും സുന്ദരിയും കുടുംബ മഹിമയും ഉള്ള ഒരു പെൺകുട്ടിയെ സമയത്ത് എത്തിക്കാം. അച്ഛന് വിശ്വസിക്കാൻ കഴിഞ്ഞില്ല. അതേ, ആ പെൺകുട്ടി ഫീലിപ്പോച്ചായൻെറ സ്വന്തം പെങ്ങളായ ശോശാമ്മ (പെണ്ണമ്മ)തന്നെ! അങ്ങനെ ഉണ്ണുണ്ണിച്ചായനും പെണ്ണമ്മാമ്മയും ആയുള്ള വിവാഹം നിശ്ചിത മംഗളമുഹൂർത്തത്തിൽ തന്നെ ദൈവാനുഗ്രഹത്താൽ നടത്തപ്പെട്ടു. അതോടെ ആ കുടുംബ ശാഖ വളരെ ഐശ്വര്യത്തോടെ വളർന്നു പന്തലിച്ചു വിരാജിക്കുന്നു. ഈ ഉണ്ണുണ്ണിച്ചായനാണ് തിരുവല്ല മുനിസിപ്പൽ ചെയർമാനായി ദീർഘകാല ഭരണം നടത്തിയത്.

## 2. കൊച്ചിടുക്കളേച്ചനെ സംബന്ധിച്ച ഒരു കഥ

മഠത്തിൽ വല്യ ഇടുക്കളേച്ചന് തിരുവല്ലായിൽ പഞ്ചസാര മൊത്ത വ്യാപാര(കുത്തക വ്യാപാരം) മുണ്ടായിരുന്നു. അക്കാലത്ത് പഞ്ചസാര അധികം പേരും വ്യാപാരം ചെയ്തിരുന്നില്ല. പഞ്ചസാര വിദേശ രാജ്യങ്ങളിൽ നിന്നും കപ്പൽ വഴിയാണ് മലയാള കരയിൽ എത്തീരുന്നത്. കൊച്ചിടുക്കളേച്ചനും കടയിൽ പോയി കച്ചവടകാര്യത്തിൽ പ്രവർത്തിച്ചിരുന്നു. പണ്ടുകാലത്ത് പഞ്ചസാരയുടെ വ്യാപാരം മന്ന്, കണ്ടി എന്ന തൂക്ക പ്രകാരം ആയിരുന്നു. 40-ത് മന്നാണ് ഒരു കണ്ടി. എന്നാൽ മന്നിൻെറ തൂക്കം പല സാധനങ്ങൾക്കും പല വിധത്തിലായിരുന്നു. കപ്പ ആദിയായവ ഒരു മന്ന് 24 റാത്തൽ എന്ന

തൂക്കത്തിലും, കുരുമുളക് 22 റാത്തൽ തൂക്കത്തിലും, പഞ്ചസാര ആദിയായ വില കൂടിയ സാധനങ്ങൾ ഒരു മന്നിന് 20 റാത്തൽ എന്ന കണക്കിൻ പ്രകാരവും ആണ് കച്ചവടം നടത്തീരുന്നത്. ഒരിക്കൽ കൊച്ചിടുക്കളേച്ചൻ -വല്ല്യ ഇടുക്കളേച്ചന് ഏതോ അസുഖം മൂലം കടയിൽ കുറേ ദിവസങ്ങൾ പോകാതെ ഇരുന്നപ്പോൾ കച്ചവട കാര്യങ്ങൾ നടത്തുമ്പോൾ ഒരു ചെട്ടി വന്ന് കടയിൽ ഉണ്ടായിരുന്ന പഞ്ചസാരമുഴുവനായും വാങ്ങുന്നതിന് തയ്യാറായി, വില പറഞ്ഞു നിശ്ചയിച്ചു. പണവും കൈപററി. എന്നാൽ പഞ്ചസാര കൊച്ചിടുക്കളേ ച്ചൻെറ മേൽ നോട്ടത്തിൽ തൂക്കി ക്കൊടുത്തത് ഒരു മന്നിന് 24 റാത്തൽ എന്ന കണക്കുവച്ച് 40 മന്നിന് ഒരു കണ്ടി എന്ന തോതനുസരിച്ച് ആണ് തൂക്കി കൊടുത്തത്.! ആ കച്ചവടത്തിൽ ഭാരിച്ച നഷ്ടമാണുണ്ടായത്. അതോടെ പഞ്ചസാര വ്യാപാരത്തിൽനിന്നും ഈ കുടുംബം കൈകഴുകി. ഈ വിവരം (നാട്ടുകാർ) കമ്പോളക്കാർ മനസ്സിലാക്കി. അന്നുമുതൽ കൊച്ചിടുക്കളേച്ചനെ പഞ്ചാരക്കണ്ടി എന്ന ഓമനപ്പേരിൽ അഭിസംബോധനചെയ്യുന്നതിനിടയായി. ഏതാണ്ട് 1940 വരെ കൊച്ചിടുക്കളേച്ചൻെറ മക്കളേയും കൊച്ചുമക്കളേയും ചിലപ്പോഴെങ്കിലും പഞ്ചാരകണ്ടി എന്ന് വിളിച്ചിരുന്നു. (അനുഭവസ്തനാണ് ഇതെഴു തുന്നത്!)

## 3. മറ്റൊരു വിവാഹം

തെക്കെ കൊല്ലമന ഫീലിപ്പോച്ചായൻ വളരെ ബുദ്ധിശാലിയും പ്രായോഗിക കാര്യങ്ങളിൽ കൂർമ്മബുദ്ധിയുമായിരുന്നു എന്നത് പ്രസിദ്ധമായിരുന്നു. അദ്ദേഹത്തിൻെറ കുട്ടികാലത്ത് പത്തു പന്ത്രണ്ടു വയസുവരെ സ്ക്കൂളിൽ പോയിരുന്നത് നടന്നല്ല ! വേലക്കാർ തോളിൽ എടുത്തുകൊണ്ടായിരുന്നു.

അദ്ദേഹം ഒരിക്കൽ ബൗഡി (കൊങ്ങളത്ത്) വർക്കിചേട്ടൻെറ വീട്ടിൽ അദ്ദേഹത്തിൻെറ മകൻെറ കല്ല്യാണ വിരുന്നിന് പോയി. സദ്യകഴിഞ്ഞ് പെൺകൂട്ടർക്ക് (നേരത്തെ പറഞ്ഞതിൽ കൂടുതൽ ആളുകൾ വന്നിരുന്നു) ചെറുനാരങ്ങ തികഞ്ഞില്ല. പെൺകൂട്ടർ ഒന്നടങ്കം പ്രതിഷേധിച്ചു. എല്ലാവർക്കും ചെറുനാരങ്ങ കൊടുക്കണം എന്നവർ ശഠിച്ചു. കുടുംബനാഥൻ എന്തുചെയ്യാനാണ്. ഫീലിപ്പോച്ചായൻ രക്ഷക്കെത്തി. അവരോടു പറഞ്ഞു നിങ്ങൾ ശാന്തരായിരിക്കുവിൻ. ഇപ്പോൾ തന്നെ നാരങ്ങവരുത്തിതരാം. അതു മേടിച്ചുകൊണ്ട് നിങ്ങൾ പോയാൽ മതി. അവിടെ നീന്ന ശങ്കുവിനെ വിളിച്ചു ഒരുകുട്ടയും ഒരു രൂപയും കൊടുത്തിട്ട് വേണ്ട നിർദ്ദേശങ്ങളും കൊടുത്തു. അന്ന്



തിരുവല്ലയിൽ ചന്തയില്ല. അടുത്ത ചന്ത ചങ്ങനാശേരിയിലാണ്. അഞ്ചു മൈൽ അകലെ, ആളുകൾ ഇപ്പോൾ നാരങ്ങ കിട്ടും എന്ന പ്രതീക്ഷയോടെ ഇരുന്നു.ഇടയ്ക്കിടെ ഫീലിപ്പോച്ചായൻ അവരെ സ്വാന്ത്വനപ്പെടുത്തും , ഇപ്പോൾ നാരങ്ങ കൊണ്ടുവരും, അല്പം ക്ഷമിക്കുക, എന്ന് അവർ പോകാൻ തുടങ്ങുമ്പോൾ ഫിലിപ്പോച്ചായൻ പറയും. നിങ്ങൾ പോകരുത്. എന്തിന് അവർ ക്ഷമകെട്ട് വിഡ്ഢികളായി തിരികെ പോയി!

## 4. ഒരു നിധിവേട്ട

കോടിയാട്ടു വല്ല്യടുക്കളേച്ചൻ വിവാഹശേഷം അനുജൻമാരെ ഓരോ സ്ഥാനത്ത് ആക്കിയശേഷം സ്വന്തമായി കാക്കനാട്ടു കിഴക്കേമഠം എന്ന ഇല്ലം-നേർ അവകാശികൾ ഇല്ലാതിരുന്നതിനാൽ അതിൻെറ പിൻ അവകാശികളിൽ നിന്നും രൊക്കം പണം നൽകി വാങ്ങുകയായി രുന്നു. അങ്ങനെയാണ് കൊല്ലമന മഠം എന്ന പേര് ഈ തറവാടിന് ലഭിച്ചത്. അദ്ദേഹം സ്ഥലത്തെ പ്രസിദ്ധനും നാട്ടു പ്രമാണിയും, മദ്ധ്യസ്ഥനും ഒക്കെയായി അറിയപ്പെട്ട വ്യക്തിയായിരുന്നു. സെന്റ് ജോർജ്ജ് കട്ടപ്പുറം പള്ളിക്ക് അനുവാദം (ഗവൺമെൻറിൽ നിന്നും) ലഭിച്ചത് ഇദ്ദേഹത്തിൻെറ പേരിലായിരുന്നു. ഇദ്ദേഹം കാഞ്ഞിരക്കാട്ടു കുടുംബത്തിൽ നിന്നും ആണ് കോടിയാട്ടേക്ക് വീടുവച്ചു മാറിത്താമസിച്ചത്. അങ്ങനെ അദ്ദേഹം ആണ് കോടിയാട്ട് തറവാടിൻെറ സ്ഥാപകൻ. കോടിയാട്ടു വല്ല്യഇടിക്കുളേച്ചൻ എന്ന് അളുകൾക്കിടയിൽ അദ്ദേഹം അറിയപ്പെടുന്നതിനു മുമ്പ് കാഞ്ഞിരക്കാട്ട് ഇടുക്കുള വർക്കി എന്നാണ് എഴുത്തുകുത്തിൽ പേർ ചേർത്തിരുന്നത്.

ഇപ്രകാരം മഠത്തിൽ വിട് ഒരു പഴയ ഇല്ലമാണെന്ന് പറഞ്ഞു വല്ലോ. ഒരു കാലത്ത് അവർ-ആ മഠത്തിൽക്കാർ വളരെ പ്രബലരും ധനാഢ്യരുമായിരുന്നു. അവർ അവരുടെ സ്വർണ്ണപ്പണ്ടങ്ങളും മറ്റു രഹസ്യമായി സൂക്ഷിക്കുന്നതിലേക്ക് ഇല്ലത്തിന്റെ പരിസരത്ത് കുഴിച്ച് ചെമ്പ്, ഓട്ടു പാത്രങ്ങളിൽ നിക്ഷേപിക്കുന്ന പതിവുണ്ടായിരുന്നു. അക്കാലത്ത് ഈ സാഹചര്യത്തിൽ മഠത്തിൽ പുരയിടത്തിൽ എവിടെയോ വിലമതിക്കാൻ കഴിയാത്ത വിധമുള്ള സ്വർണ്ണാഭരണങ്ങളു ടെയും രത്നങ്ങളുടെയും നിധി ഓട്ടുവാർപ്പുകളിൽ നിക്ഷേപിച്ചിട്ടു ണ്ടെന്ന് ഒരു കിംവദന്തി പ്രചരിച്ചിരുന്നു. ദിവ്യശക്തി കൊണ്ട് ഭൂമിയിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ള നിധി കണ്ടു പിടിക്കുന്നതിനു കഴിവുള്ള മഷിനോട്ടക്കാരിൽ ആരോ ഈക്കാര്യം കൊച്ചിടുക്കളേച്ചനെ

അറിയിച്ചിരിരുന്നു. അതനുസരിച്ച് വളരെ രഹസ്യമായി അതേ കുറിച്ച് അന്വേഷണം ആരംഭിച്ചു. മഠത്തിൽക്കാരുടെ ഒരു വിശ്വസ്ത ആശ്രിതനായിരുന്ന ശങ്കുചോവന്റെ മേൽ നോട്ടത്തിൽ മഷി നോട്ടക്കാരന്റെ നിർദ്ദേശമനുസരിച്ച് ഒരു കിണറിന്റെ വട്ടത്തിൽ കുഴിയെടുക്കുന്നതിനാരംഭിച്ചു. നല്ല കിണറുള്ളപ്പോൾ വീണ്ടും കിണറിനു കുഴിക്കുന്നതെന്തിനാണെന്ന് അയൽവാസികൾ അന്വേഷിച്ചു തുടങ്ങി. കിണറ്റിലെ വെള്ളം അത്ര നല്ലതല്ലാത്തതിനാൽ നല്ല വെള്ളത്തിനു വേണ്ടി പുതിയ കിണർ കുഴിക്കുകയാണെന്ന് എല്ലാ വരേയും ധരിപ്പിച്ചുകൊണ്ട് പണിതുടർന്നു. ഒടുവിൽ ഏതാണ്ട് ഒരു വലിയ വാർപ്പ് കമഴ്ത്തി വച്ചിരിക്കുന്നതായി മണ്ണിനടിയിൽ കാണപ്പെട്ടു. ഇത് ശങ്കു കരയ്ക്കു വന്ന് രഹസ്യമായി അറിയിച്ചു. അന്നു പകലത്തെ കിണർ കുഴിക്കൽ നിർത്തി വച്ചു. സന്ധ്യആയപ്പോൾ കിണറിനു കുറുകെ ഒരു വലിയ തുഴ വച്ച് അതിൽ കയറിട്ട് രണ്ടറ്റവും കൊണ്ട് ശങ്കു കിണറ്റിൽ ഇറങ്ങി വാർപ്പിന്റെ കഴയിൽ കയർ കെട്ടി വാർപ്പ് ഉയർത്തുന്നതിനു വേണ്ടി ഉള്ള ശ്രമമായിരുന്നു. അരികിൽ കാൽ ചവിട്ടി കൊണ്ട് കുഴിയിൽ കയറിടുവാൻ തുടങ്ങിയപ്പോൾ ഏതോ ഒരു ശബ്ദ ത്തോടെ ആ പാത്രം പെട്ടെന്ന് ഭൂമിയുടെ അടിയിലേക്ക് താണു പോയി. ആ സ്ഥലത്ത് കലങ്ങിയ വെള്ളവും നുരയും പതയും മാത്രം കാണ പ്പെട്ടു. ഇനിയും നിധിക്കുവേണ്ടി ഭൂമി കുഴിക്കുന്നത് അപകടകാരണ മാകുമെന്നും ഒരു പക്ഷേ ഇതുമൂലം ദുർമരണം തന്നെ ഉണ്ടായേക്കാം എന്നും ആ മഷിനോട്ടക്കാരൻ മുന്നറിയിപ്പു നൽകിയതിനാൽ കിണർ നിർമ്മാണം നിർത്തിവച്ച് കുഴിമൂടിപ്പിക്കുകയും ചെയ്തു. ഇത് ഒരുപക്ഷേ ഒരു കഥമാത്രമായിരിക്കാം. എന്നാൽ ഇതുമായി സാമ്യമുള്ള മറെറാരു സംഭവത്തെക്കുറിച്ച് ഞാൻ കേട്ടിട്ടുള്ളതുകൂടി ഇവിടെ പറഞ്ഞു കൊള്ളട്ടെ.

മേൽപ്പറഞ്ഞ ഇല്ലത്തിൻെറ തറ ചാണകം മെഴുകിയാണ് സംരക്ഷിച്ചിരുന്നത്. അക്കാലത്ത് പുരാതന ഭവനങ്ങളെല്ലാം തന്നെ വീടിൻെറ തറ ചാണകം മെഴുകിയത് ആയിരുന്നു. ഇപ്പോഴത്തെ പ്രായ മായവർ ആ വിധമുള്ള വീടുകൾ കണ്ടിരിക്കും.

മഠത്തിൽ ഇല്ലത്തിൻെറ പുറകിലത്തെ നിലവറയുടെ തിണ്ണയിൽ ഒരിക്കൽ കുട്ടികൾ കളിച്ചു കൊണ്ടിരിക്കെ, തറയിൽ കേടു വന്ന ഒരു ഭാഗത്ത് ഒരു വെളുത്ത പാറകല്ലുപോലെ എന്തോ പാകിയിരിക്കു ന്നതായിക്കണ്ടു. അവർ അവിടം തെളിച്ച് ആ പാറ അടർത്തിയെടുത്തു. ആ പാറയായി കാണപ്പെട്ടത് ഒരു ആനപല്ലായിരുന്നു! അതിൻെറ



അടിയിൽ ഒരു ചെറിയ ചെമ്പുകുടവും അതിൽ ഏതാനും പുരാതന വെള്ളി നാണയങ്ങളും ഉണ്ടായിരുന്നതായി പറയപ്പെടുന്നു. ആ നാണയങ്ങൾ ഉരുക്കി, അരിഞ്ഞാണങ്ങളും കാൽചിലമ്പുകളും ഉണ്ടാക്കിച്ചു എന്നു കേട്ടിട്ടുണ്ട്. ആ പുരാതന നാണയങ്ങളുടെ മൂല്യം വളരെ വലുതായിരുന്നു. ഇത് ഒരു വെറും കഥയല്ല. കാരണം ആ ആനപ്പല്ല് ഞാൻ മഠത്തിൽ കണ്ടിട്ടുണ്ട് ഇത് ഏതാണ്ട് പത്തെഴുപത് വർഷത്തിനു മുമ്പു നടന്ന കാര്യമാണ്.

## ഇട്ടി മാനേത്തുമാലി

മനേത്തുമാലി കുടുംബത്തിൽ വ്യക്തമായി അറിയാവുന്ന പിതാക്കന്മാർ ശ്രീമാൻ ഇട്ടി മനേത്തുമാലിയും അദ്ദേഹത്തിന്റെ അനുജൻ ശ്രീമാൻ പോത്തനും ആണ്. 13-ാം തലമുറയിൽ മൂലകുടുംബത്തിൽ നിന്നും പിരിഞ്ഞ മനേത്തുമാലി ശാഖയിലെ 13, 14 തലമുറയിലെ പിതാക്കന്മാരെക്കുറിച്ച് കണ്ടുപിടിക്കേണ്ടിയിരി ക്കുന്നു. ശ്രീമാൻ ഇട്ടിയും ശ്രീമാൻ പോത്തനും തിരുവല്ലാ പാലിയേക്കര പള്ളിയിൽ അംഗങ്ങൾ ആയിരുന്നു. ഇവരുടെ ജനനം, വിവാഹം, മരണം എന്നിത്യാദി വിവരങ്ങൾ അറിവില്ല. തികഞ്ഞ ദൈവഭക്തരാ യിരുന്ന ഇവർ മലങ്കര ഓർത്തഡോക്സ് സഭയിൽ ഉറച്ചുനിന്നു. ശ്രീമാൻ ഇട്ടിക്ക് രണ്ട് സന്താനങ്ങൾ ഉണ്ടായി, മൂത്തപുത്രൻ ഇട്ടിയും രണ്ടാമത്തെ പുത്രിയുമാണ്. അങ്ങനെ മാനേത്തുമാലി കുടുംബം വികസിക്കുന്ന തായി കാണാം.

## ഇടുക്കള കാനേക്കാട്

കാനേക്കാട് കുടുംബത്തിൽ 15-ാം തലമുറയിൽ ജീവിച്ചിരുന്ന പിതാക്കന്മാരിൽ മൂത്ത സഹോദരൻ ശ്രീമാൻ ഇടുക്കളയും രണ്ടാമൻ ശ്രീമാൻ പോത്തനും, മൂന്നാമത്തെ സഹോദരൻ ശ്രീമാൻ കെ.പി. ഇടുക്കളയും ആണ്. 13-ാം തലമുറയിൽ മൂലകുടുംബത്തിൽ നിന്ന് വേർപിരിഞ്ഞ കാനേക്കാട്ട് ശാഖ കത്തോലിക്കാ സഭാ വിശ്വാസികളായിരുന്നു. അന്ന് ഭാഗ്യമോടെ വാണിരുന്ന മാർപാപ്പാ തിരുമേനിയുടെ ശ്രമഫലമായി ക്രിസ്ത്യാനികൾക്ക് ഹിന്ദുക്കളിൽ നിന്നും, പറങ്കികളിൽ നിന്നുമുള്ള ആക്രമണങ്ങൾക്ക് ശമനമുണ്ടായി. കൂടാതെ ഇവിടെ ഉണ്ടായിരുന്ന ക്രിസ്ത്യാനികൾ വീണ്ടും ഒരു പരിവർത്തനത്തിനു വിധേയരായി. അന്നത്തെ ക്രിസ്തീയ സഭയിലുണ്ടായിരുന്ന ഹൈന്ദവ ആചാരങ്ങളെയെല്ലാം എതിർത്ത്

അനേക വിശ്വാസികൾ റോമിനോടു കൂറുള്ള കത്തോലിക്കാ സഭയിൽ ഉറച്ചു. കാനേക്കാട്ട് കുടുംബത്തിലെ ഈ മൂന്നു സഹോദരന്മാർ തങ്ങളുടെ വിശ്വാസത്തിന് മങ്ങൽ ഏൽക്കാതെ കത്തോലിക്ക സഭയിൽ തന്നെ ഉറച്ചു നിന്നു. ശ്രീമാൻ ഇടുക്കള കാനേക്കാട്ട്, നിരണത്തുനിന്ന് തിരുവല്ലായ്ക്ക് അടുത്ത് കാരക്കൽ എന്ന സ്ഥലത്ത് തന്റെ സഹോദരങ്ങളോടൊപ്പം കുടിയേറി താമസിച്ചു. 1498 മുതൽ കേരളത്തിൽ കത്തോലിക്കാ സഭ കൂടുതൽ അംഗസംഖ്യയുള്ള സഭയായി വളർന്നു.

കാനേക്കാട്ട് കുടുംബത്തിന്റെ ഉത്ഭവമായ കത്തോലിക്കാ സഭയെക്കുറിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

## മലങ്കര കത്തോലിക്ക സഭ

പുനരൈക്യം പുനരവലോകനം ചെയ്യുന്ന കാലമാണിത്. പുനരേകീകരണ ചിന്തകൾ വിശ്വ വിശ്രുതനായ ആർച്ചു ബിഷപ്പ് മാർ ഇവാനിയോസിന്റെ ഊഷ്മളസ്മരണകൾ ഉണർത്തുന്നു. അദ്ദേഹം മലങ്കര കത്തോലിക്ക സഭയ്ക്കു ഉറപ്പേറിയ അടിത്തറ പാകി. കേരളത്തിലെ കിടയററ സമുദായമാക്കി. പിൻഗാമി ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയസ് സഭാസമുദായത്തെ സാമൂഹ്യ രാഷ്ട്രീയ സാംസ്കാരിക മണ്ഡലങ്ങളിൽ വിപുലപ്പെടുത്തുകയും കേരളത്തിലെയും ഇന്ത്യയിലെയും പൊതുധാരയിൽ നിർണായകഘടകമാക്കുകയും ചെയ്തു. മൂന്നാമത്തെ ആർച്ചുബിഷപ്പ് സിറിൽ മാർ ബസേലിയോസ് സഭയുടെയും സമുദായത്തിന്റെയും അന്താരാഷ്ട്ര പ്രസക്തികൂടി പരിഗണിച്ച് സഭാത്മക കാഴ്ചപ്പാടിനു മുൻഗണന നൽകി. ജനകീയാസൂത്രണത്തിലൂടെ വികസന യത്നങ്ങൾക്ക് നേതൃത്വം നൽകുന്നു.

പുനരൈക്യപ്രസ്ഥാനം ചരിത്രവീഥികളിൽ ഉണർവേകിയത് വിവിധ ജൂബിലികളിലൂടെയാണ്. രജതജൂബിലി കോന്നിയിലും കനക ജൂബിലി കോട്ടയത്തും വജ്രജൂബിലി സുൽത്താൻ ബത്തേരിയിലും പ്രേഷിത പ്രസ്ഥാനത്തിന്റെ ത്യാഗസ്മരണകളുയർത്തി. വജ്രജൂബിലി പുനരൈക്യമുന്നേററത്തിന്റെ പക്വമായ വളർച്ച മലബാർ പ്രദേശത്തു കൂടി വിളംബരം ചെയ്തു. സ്വന്തമായി ദൈവശാസ്ത്രവും മേജർ സെമിനാരിയും കോളേജുകളും സന്ന്യാസി സഭകളും നാലുരൂപതകളുമുള്ള കരുത്താർന്ന സഭാഘടകം എന്ന നിലയിൽ സഭാത്മക വീക്ഷണത്തിനു മുൻഗണന നൽകി നീങ്ങുന്ന ആർച്ചു ബിഷപ്പ് സിറിൽ മാർ ബസേലിയസിന്റെ നേതൃത്വത്തിൽ ഒച്ചപ്പാടുകളില്ലാതെ ശീഘ്രപുരോഗതി നേടുന്നു എന്നതാണ് നേര്.



മാർ ഈവാനിയോസ് കേരളത്തിലും ബനഡിക്ട് മാർ ഗ്രിഗോറിയോസ് ഇന്ത്യയിലും സിറിൽ മാർ ബസേലിയോസ് ആഗോളതലത്തിലും മലങ്കര കത്തോലിക്ക സഭയുടെ വളർച്ച ഉറപ്പാക്കി എന്നു ഉറച്ചു വിശ്വസിക്കുന്നവരാണ് മലയാളികളെല്ലാം. തല്സ്ഥാന നഗരമായ തിരുവനന്തപുരത്തെ സഭയുടെ ചൈതന്യകേന്ദ്രമാക്കുന്നതിനും സംസ്ഥാന ഭരണഘടകസിരകളിൽ നിർണായക സ്വാധീനം ചെലുത്തുന്നതിനും മലങ്കര കത്തോലിക്ക സഭയ്ക്ക് കഴിഞ്ഞിട്ടുണ്ട്. ക്രൈസ്തവ ധർമ്മാചാര്യരെന്നു വിശേഷിപ്പിക്കാൻ പോരുന്ന മൂന്നു ആർച്ച് ബിഷപ്പുമാർ അനന്തപുരിയിൽ ഏത് മന്ത്രിസഭയുടെ കാലത്തും പ്രശോഭിച്ചുവെന്നത് കേരളമനസ്സാക്ഷിനയം അടുത്തറിയുന്നവർക്ക് ആസൂത്രിത തന്ത്രമാണെന്ന് വരെ തോന്നാം.

കത്തോലിക്ക സഭയ്ക്കുപുറമെ രക്ഷയില്ല എന്ന പല്ലവിയിൽ വർത്തിക്കാൻ കൗൺസിലിനുശേഷം വന്ന പരിണാമങ്ങൾ സ്വന്തമായ ദൈവശാസ്ത്രം സ്വരൂപിക്കുന്നതിനു പ്രേരണ നൽകി. കേരളത്തിലെ തന്നെ സഭകളുടെ കാഴ്ചപ്പാടിലും പിരിമുറുക്കത്തിലും വന്ന വ്യതിയാനങ്ങൾ പുനരൈക്യപ്രസക്തിയെ മാരകമായി ബാധിച്ചിട്ടുണ്ട്. ജീർണതക്കടിമപ്പെടാതെ സമൂഹത്തെ ജ്യോതിർധാരയാക്കാനുള്ള സംഘടിത യത്നത്തിലാണ് സഭാനേതൃത്വം. പൗരസ്ത്യ പൈതൃകം മുറുകെ പിടിക്കുന്നവരോട് കൂറുപുലർത്തി വിവിധസഭകളോടെല്ലാം സഹിഷ്ണതയും സഹവർത്തിത്വവും പുലർത്തി ദേശീയ മുഖ്യധാരയിൽ മലങ്കര കത്തോലിക്ക സഭയുടെ മുഴുവൻ അണികളും ഒന്നു ചേരുന്ന ദൃശ്യം മതേതരശൈലിക്കു തന്നെ മാതൃകയായിട്ടുണ്ട്.

തിരുവല്ല രൂപത വക □ ഐക്യദീപം' മാസികയുടെ 1997 ജൂൺ ലക്കത്തിലെ എഡിറോറിയലിൽ സഭാത്മക കാഴ്ചപ്പാടിന്റെ അനുരണനമുണ്ട്.

''മലങ്കര കത്തോലിക്ക സഭ വളർച്ചയുടെ പാതയിൽ മുന്നേറുകയാണ്. ദൈവശാസ്ത്രരംഗത്ത് ഉപരിപഠനവും ഗവേഷണബിരുദവും നേടിയ വൈദികരുടെ എണ്ണം വർധിച്ചിരിക്കുന്നു. ഇത് സഭയുടെ ദൈവശാസ്ത്രമേഖലയ്ക്ക് പുത്തൻ ഉന്മേഷവും ഉണർവും പകരും എന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു. സഭയിലെ ദൈവശാസ്ത്രജ്ഞരെ ഒരുമിച്ചുകൂട്ടാനുള്ള അസ്തിത്വപരമായ കടമയും കർത്തവ്യവും മലങ്കര മേജർ സെമിനാരിയിൽ നിക്ഷിപ്തമാണ്. ദൈവശാസ്ത്രം ദൈവം ക്രിസ്തുവിലൂടെ വെളിവാക്കിയതും സഭയുടെ വിശ്വാസാനുഭവവുമായ

സത്യങ്ങളുടെ പൂർണവും ഏകരൂപവുമായ ഒരു ദർശനത്തിലേക്ക് വൈദിക വിദ്യാർത്ഥികളെയും സഭാതനയരെയും നയിക്കുന്ന ആത്മീയ സമന്വയമാർന്ന ശാസ്ത്രീയ ചിന്താപദ്ധതിയാണ്. വിശ്വാസസത്യങ്ങളെ സഭാമക്കൾ അനുഭവവേദ്യമാക്കുന്ന പ്രധാന തലം ആരാധനക്രമമാണ്. ആരാധനക്രമം അനുഷ്ഠിക്കപ്പെടുന്നത് സഭയിലാണ്. അതുകൊണ്ട് ആരാധനാക്രമത്തിന്റെയും സഭാചരിത്രത്തിന്റെയും ആത്മാവില്ലാത്ത ദൈവശാസ്ത്ര ചിന്തകൾ വൈദിക വിദ്യാർത്ഥികൾക്കും സഭാ തനയർക്കും നൽകിയാൽ നിസ്സംഗതയും സ്വഭാവബോധമില്ലായ്മയും ആരാധനാ ക്രമവിരോധവും വർദ്ധിച്ച് □സഭ വീണിതല്ലോ കിടക്കുന്നു' എന്ന നിലയിലാവും''

സഭാതനയർക്കു സഭാചരിത്രത്തിലും ആരാധനാക്രമാദികളിലും ആത്മാവുള്ള ചിന്തകളും അവയിലൂന്നിയ വിശ്വാസാനുഭവങ്ങളും പകരുന്നതിലാണ് ചരിത്രത്തിൽ സപ്തതിയോടടുക്കുന്ന സഭ വ്യാപൃതമായിട്ടുള്ളത്.

## പശ്ചാത്തല ചരിത്രം

നൂററാണ്ടുകളായി സദൈക്യത്തിനുവേണ്ടി യത്നിച്ചിരുന്ന ചൈതന്യവിശേഷം പുനരൈക്യത്തിലേക്ക് നയിച്ചതാണ്. അതു വളർന്നു ഫലമണിയുന്നതിനു മുമ്പ് പല സംരംഭങ്ങളും തേങ്ങലുകളും നടന്നിട്ടുണ്ട്. മട്ടാഞ്ചേരി കുരിശുമുതൽ മാർത്തോമ്മാക്കുരിശുവരെ ഇതിന്റെ സ്ഫുരണങ്ങൾ കാണാം. മാർത്തോമ്മാമാരുടെ കാലത്തെ ആക്കനീക്കങ്ങൾ ആറാം മാർത്തോമ്മായുടെ കാലത്ത് പൂർവ്വോപരി ആഴം നേടി. കരിയാററിലിന്റെയും തോമ ഗോവർണദോരിന്റെയും സാഹസിക യത്നങ്ങൾ ഈ മഹാഭിലാക്ഷത്തിനു പിരിമുറുക്കമേകി. പുലിക്കോട്ടിൽ മാർ ദിവാന്നസ്യോസും നിധീരിക്കൽ മാണിക്കത്തനാരും ചേർന്നു സ്ഥാപിച്ച ജാതൈക്യസംഘം വിജയവും പരാജയവും വരുത്തിവെച്ച സന്ദർഭങ്ങളുണ്ടാക്കി. ഇവയെ എല്ലാം തന്നെ വിലങ്ങുതടികൾ വലിച്ചിട്ട് സ്തംഭിപ്പിക്കാനും ദുർവ്യാഖ്യാനങ്ങളിലൂടെ വികലമാക്കാനും പാശ്ചാത്യമേൽക്കോയ്മയുടെ മേലാള പ്രമാണികൾ കിണഞ്ഞുത്സാഹിച്ചു എന്നത് ചരിത്രത്തിലും പാരമ്പര്യത്തിലും വ്യക്തം. സംരംഭകരുടെ അന്തകരായിരുന്നു അവരെല്ലാം. ആവക ഊരാക്കുടുക്കുകളെ തൃണവൽഗണിച്ച് ആഴമായ ദൈവാശ്രയത്തിൽ ശരണം കണ്ടെത്തി സാഹസികബുദ്ധിയോടെ ഇറങ്ങിത്തിരിച്ച മാർ ഇവാനിയോസ് കേരളസഭയുടെ ഒരു കാലഘട്ടത്തെ പ്രഭാപൂരിതമാക്കി.



പുനരൈക്യം ഭാഗികമായെങ്കിലും സാധിച്ച മംഗളദിനമാണു 1930 സെപ്തംബർ 20. അപ്പസ്തോലികസഭയിൽ ഭിന്നതയാരംഭിച്ച ദുർദിനം മുതൽ പുനരൈക്യസംരംഭങ്ങളും ആരംഭിച്ചുവെന്നതിനു ചരിത്രരേഖകളുണ്ട്. വേദനാജനകമായ പിളർപ്പും വേർപാടും നാലു നൂറ്റാണ്ടായി സഭാഗാത്രത്തെ വലച്ചിരുന്നു. പോർച്ചുഗീസുകാരുടെ അനുയായികൾ വിപ്ലവാരംഭമെന്നു വിശേഷിപ്പിക്കുന്ന വേർപാട് നീക്കങ്ങൾ രാഷ്ട്രീയത്തിലെന്നപോലെ സഭയിലും മേൽക്കോയ്മ അടിച്ചേൽപ്പിക്കാനുള്ള ആസൂത്രിത പുറപ്പാടിന്റെ ഫലമാണ്. മട്ടാഞ്ചേരി ശപഥം മാന്നാനം വ്യാകുലങ്ങൾവരെ മനോവിഷമങ്ങൾ വർഷിച്ചു മാണിക്കത്തനാരും മററും സംഘടിതമായി സഭയുടെ തനത് രൂപഭാവങ്ങൾ വീണ്ടെടുക്കാൻ ശ്രമിച്ചപ്പോൾ ജാതൈക്യസംഘം കാലഘട്ടത്തിന്റെ ആവശ്യമായി. പദ്രുവാദൊയുടെയും പ്രൊപ്പഗാന്തയുടെയും മിഷനറിമാർക്കു ഈ സ്വയാവബോധചരിതങ്ങൾ കൊളോണിയൽ വ്യവസ്ഥിതിയിൽ പ്രകോപനങ്ങളുളവാക്കിയതേയുള്ളൂ. പാശ്ചാത്യമിഷനറിമാർ ക്രമേണ ബഹിഷ്കൃതരായി. സ്വാതന്ത്ര്യസമരം ശക്തിപ്രാപിച്ചു. മാർത്തോമ ക്രിസ്ത്യാനികൾക്ക് ഏറിയ വിലകൊടുത്താണെങ്കിലും നാട്ടുമെത്രാൻമാരെ ലഭിച്ചു. സദൈക്യചിന്തക്കു പുതിയ മാനങ്ങളും രൂപവ്യത്യാസങ്ങളും കൈവന്നു. ഇതിന്റെ പരിണതഫലമായാണു എഴുപതുവർഷം മുമ്പ് നടന്ന സഭാപുനരൈക്യം. ഏഴു പതിററാണ്ടുകളുടെ സജീവസാക്ഷ്യമേ ഇതിനുള്ളുവെങ്കിലും നാലു നൂററാണ്ടുകളുടെ പൈതൃകധന്യചരിത്രമുണ്ട് അതിനുപിന്നിൽ.

## മാർത്തോമാമാരുടെ നീക്കങ്ങൾ

ആദ്യനീക്കം കൂനൻ കുരിശു സത്യാനന്തരം ഒന്നാം മാർത്തോമ്മയുടെ കാലത്തു നടന്നു. അദ്ദേഹത്തിന്റെ വാഴ്ച ഒരു വീഴ്ചയാണെന്നും പുനരൈക്യം ആവശ്യമാണെന്നും മാർത്തോമ്മയ്ക്കും അനുയായികൾക്കും അറിയാമായിരുന്നു. ഒന്നാം മാർത്തോമ തന്നെയാണു ഇതിനു മുൻകയ്യെടുത്തത്. റോമിൽ നിന്നു വന്ന കമ്മിസറി ഫാ. ജോസഫ് സെബസ്ത്യാനിയും ഇതിനു കൂട്ടുനിന്നു. ഭിന്നത വേരുറച്ചു വളരുന്നതിനുമുമ്പ് വേരററുപോകാൻ, ഐക്യഭൂമി, കുറവിലങ്ങാടായിരുന്നു. നാട്ടുകാരനായ പള്ളിവീട്ടിൽ ചാണ്ടിക്കത്തനാർ ഡച്ചുമേധാവിത്വക്കാലത്ത് മെത്രാനാകയും പോർച്ചുഗീസുകാർ കെട്ടുകെട്ടുകയും ചെയ്തതോടെ ഭിന്നതയുടെ രൂക്ഷത കുറഞ്ഞു. മിക്ക ഇടവകകളും ചാണ്ടി മെത്രാന്റെ നേതൃത്വമാണു സ്വീകരിച്ചത്. സംഗതികളുടെ കിടപ്പ് ചാണ്ടിമെത്രാനു

അനുകൂലമായിരുന്നതിനാൽ പുത്തൻ കൂററുകാരുടെ മഹായോഗംതന്നെ പുനരൈക്യാഭിലാഷം പതിവിലേറെ പ്രകടിപ്പിച്ചു.

അതിനു ചില വ്യവസ്ഥകൾ അവർ ഉന്നയിച്ചു. നിരുപാധികം വഴങ്ങിത്തരാൻ തയ്യാറില്ലായിരുന്നു. ചേരിമാറിയ തോമ്മാ ആർച്ചുഡീക്കനു അവർ നൽകിയ വാഴ്ച ഉറപ്പിച്ചു മെത്രാൻ പട്ടവും ഭരണാധികാരവും കൊടുക്കണം. ആർച്ചു ഡീക്കൻ സ്വമേധയാ ഏറെറടുത്ത മെത്രാൻപട്ടം പരസ്യമായി ഉപേക്ഷിക്കണമെന്നും ഭരണാധികാര പ്രശ്നം റോമിന്റെ അനുവാദത്തോടെ പരിഹരിക്കാമെന്നുമാണു അന്നത്തെ അധികാരികൾ മറുപടി നൽകിയത്.

രണ്ടാം മാർത്തോമ്മയുടെയും (1676-86) മൂന്നാ മാർത്തോമ്മയുടെയും (1686-1688) കാലത്ത് മുമ്പുദ്ധരിച്ച അഭിപ്രായങ്ങൾതന്നെ നിലനിന്നതല്ലാതെ പുതിയ സംരംഭങ്ങൾ നടത്തിയില്ല. കത്തോലിക്ക മെത്രാന്മാർ മെത്രാഭിഷേകമോ മാർപാപ്പ സഭാധികാരമോ ഏർപ്പാടു ചെയ്കയില്ലെന്ന ധാരണയായിരുന്നു ഇതിനു പിന്നിൽ. സഭ ഒന്നിച്ചതല്ലാതെ വ്യക്തികളെന്ന നിലയിൽ ഇക്കാലത്ത് പുനരൈക്യപ്പെട്ടിരുന്നു. പ്രത്യേകിച്ചും പള്ളിവീട്ടിൽ ചാണ്ടിമെത്രാന്റെ ശ്രമത്താൽ.

നാലാം മാർത്തോമ്മ സജീവ പുനരൈക്യശ്രമംതന്നെ നടത്തി. 1688-1728 കാലത്ത് പുത്തൻ കൂർ സഭാവിഭാഗത്തിനു കരുത്തുററ നേതൃത്വം നൽകിയ അദ്ദേഹം 1704ൽ എട്ടാം ഉർബൻ മാർപ്പാപ്പയ്ക്കു പുനരൈക്യാർത്ഥം അപേക്ഷ നൽകി. 29 പള്ളിക്കാരുടെയും 12 വൈദിക പ്രധാനികളുടെയും കയ്യൊപ്പോടെ. ഇതിൽ ഭിന്നതയുടെ ഉത്തരവാദികൾ പോർച്ചുഗീസ് ഈശോസഭക്കാരാണെന്നു ഊന്നിപ്പറഞ്ഞിരുന്നു. കർമ്മലീത്തക്കാരെ മലബാറിലേക്കയച്ച് അത് തീർക്കാൻ ശ്രമിച്ചതിനു മാർപാപ്പയോടു കൃതജ്ഞത പ്രകാശിപ്പിച്ചിട്ടുണ്ട്. മലങ്കരയിൽ സുറിയാനി ക്രമം തന്നെ ആചരിക്കാൻ അനുവദിക്കണമെന്ന് അപേക്ഷയിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എങ്കിൽ വാരാപ്പുഴയിലെ ബിഷപ്പ് ആഞ്ചെലൂസ് ഫ്രാൻസിസുമായി സഹകരിച്ചു മലങ്കര കത്തോലിക്കരെ ഭരിക്കാൻ വേണ്ട അധികാരപത്രം അയച്ചുകൊടുക്കണമെന്നാണു അപേക്ഷയിലെ താല്പര്യം. കുർബാനയിൽ പുളിച്ച അപ്പവും പുളിക്കാത്ത അപ്പവും ഉപയോഗിക്കുന്നതിനുള്ള അനുവാദവും ഉണ്ടായിരിക്കണമെന്നു അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ അപേക്ഷ റോമിലെ അനുകൂല പ്രതികൂല മറുപടികളൊന്നുമില്ലാതെ വിസ്മൃതമായി.

അഞ്ചാം മാർത്തോമ (1728-1765) മുന്നിട്ടുനിന്നു തന്നെ പ്രവർ



ത്തിച്ചു. അദ്ദേഹം 1748 ഓഗസ്റ്റ് 16-നു ബനഡിക്ട് പതിനാലാമൻ മാർപാപ്പയ്ക്കു കത്തയച്ചു. തന്നെയും തന്റെ കീഴിലുള്ള വൈദികരെയും ജനങ്ങളെയും സ്വീകരിക്കാൻ അഭ്യർത്ഥിച്ച അഞ്ചാം മാർത്തോമ ഗ്രീക്ക് സഭയിലനുവദിച്ചിട്ടുള്ളതുപോലെ പുളിച്ച അപ്പം ഉപയോഗിക്കുന്നതിനുള്ള സ്വാതന്ത്ര്യം ചോദിച്ചിരുന്നു. കർമ്മലീത്തക്കാരുടെ സഹകരണവും വേണം. പോർച്ചുഗീസ് മെത്രാന്മാരെ കേരളത്തിൽ നിന്നും മാററണം. കത്ത് വരാപ്പുഴവികാരി അപ്പസ്തോലിക്കയുടെ നിർദ്ദേശപ്രകാരം കർമ്മലീത്തക്കാരനായ ഫാ. ബോനിഫസാണ് റോമിലെത്തിച്ചത്. സഭയിൽ നിന്നു ഭിന്നിച്ചുപോയതിനെക്കുറിച്ചോ അനധികൃതമായി മെത്രാൻപട്ടം ഏററതിനെക്കുറിച്ചോ കത്തിൽ മനസ്താപം രേഖപ്പെടുത്താതിരുന്നത് അനുകൂലമായ തീരുമാനത്തിനു വിലങ്ങുതടിയായി. പോർച്ചുഗീസ് മെത്രാനെ മാററണമെന്നാവശ്യപ്പെട്ടതും അധികൃതർക്കു സ്വീകാര്യമല്ലായിരുന്നു.

## ഒന്നാം മാർ ദിവന്നാസ്യോസ്

ആറാം മാർത്തോമ്മയായ ഒന്നാം മാർ ദിവന്നാസ്യോസിന്റെ ശ്രമങ്ങൾ ആഗോളസഭയുടെ ശ്രദ്ധ പിടിച്ചുപററി. നാട്ടു മെത്രാനുണ്ടായാൽ വിദേശമെത്രാൻ പുറന്തള്ളപ്പെടുമെന്ന ഭീതി അദ്ദേഹത്തിന്റെ നീക്കത്തെയും പരാജയപ്പെടുത്തി. പുനരൈക്യപ്പെടുമ്പോൾ താൻ അവരുടെ മെത്രാനായി അഭിഷിക്തനാകണമെന്നു അദ്ദേഹം നിഷ്കർഷിച്ചു. തന്റെ ജനങ്ങൾ മറെറാരു റീത്തും മെത്രാനും അന്യമെന്നു കരുതുന്നതാണു കാരണം. റോമിൽ നിന്നുള്ള കേരളത്തിലെ പ്രതിനിധികൾ ആത്മാർത്ഥമായി ഇതിൽ താല്പര്യം എടുക്കേണ്ടതുമുണ്ട്. അതിനാൽ വികാരി അപ്പസ്തോലക്ക മോൺ ഫ്ളോറൻസിനെ കണ്ട് ഐക്യനീക്കം വെളിപ്പെടുത്തി. അദ്ദേഹം 1768 നവംബർ മൂന്നിനു ഫാ. ഇൽഡഫോൺസുമൂലം ഇക്കാര്യം റോമിലുണർത്തിച്ചു. തന്റെ റിപ്പോർട്ടോടുകൂടി അപ്പസ്തോലിക് പ്രോട്ടോ നോട്ടറി പദവി നൽകാനാണു റിപ്പോർട്ടിൽ ശുപാർശ ചെയ്തിരുന്നത്. ആറാം മാർത്തോമ്മയ്ക്കു യഥാർത്ഥ കൈവയ്പില്ലാത്തതിനാൽ വെറും പ്രോട്ടോനോട്ടറി പദവി നൽകാമെന്നു അടുത്ത വർഷം ഓഗസ്റ്റ് മൂന്നിനു റോമിൽ നിന്നു മറുപടി ലഭിച്ചിരുന്നു.

ഇങ്ങനെ വഴിയടഞ്ഞപ്പോൾ ആറാം മാർത്തോമ്മ വിദേശത്തു നിന്ന വന്ന മാർ ഗ്രിഗോറിയോസ് എന്ന യാക്കോബായ മെത്രാപ്പൊലീത്തയിലേക്കു തിരിഞ്ഞു. 1772 ജനുവരി ആദ്യത്തെ ഞായറാഴ്ച മാർ

ദിവന്നാസ്യോസ് എന്ന പേരിൽ അദ്ദേഹം മെത്രാൻപട്ടം സ്വീകരിച്ചു സ്വന്തം നിലപാട് ഉറപ്പിച്ചത്രേ. അതേ സമയം കൊടുങ്ങല്ലൂർ ആർച്ചു ബിഷപ്പ് സാൽവദോരിനെ സമീപിച്ചു ഒന്നുകൂടി ശ്രമിച്ചുനോക്കി. പ്രായാധിക്യം മൂലം അദ്ദേഹം ഒഴിഞ്ഞുമാറി. എങ്കിലും 1773 ഓഗസ്റ്റ് 20 ന് അങ്കമാലിയിൽ സമ്മേളിച്ച ജനങ്ങൾ അപ്പസ്തോലിക്ക് വിസിററർ ഫാ. ലോറൻസിനോടു മാർത്തോമ്മയുടെ പുനരൈക്യാഭിലാഷം റോമിൽ അറിയിക്കണമെന്നു അഭ്യർത്ഥിച്ചിരുന്നു.

അദ്ദേഹം അത് ചെയ്തതിനെ തുടർന്ന് കർമ്മലീത്തക്കാരനായ ഫാ. സാലസ് 1773 ൽ ഇതു സംബന്ധിച്ച് റോമിന് റിപ്പോർട്ട് നല്കി. പക്ഷേ നാട്ടുകാരനു മെത്രാൻ പദവി നല്കുന്ന ഒരുവക നീക്കത്തിനും ഒരുമ്പെടരുതെന്നു പിന്നീട് മെത്രാനായ ഫാ. സാലസിനു റോമിൽ നിന്നു നിർദ്ദേശം നൽകി. മാർ ദിവന്നാസ്യോസ് സാലസ് മെത്രാനെ പിന്നെയും സമീപിച്ചെങ്കിലും പഴയ കൂററുകാർക്ക് മെത്രാൻ സ്ഥാനം നൽകാത്ത സാഹചര്യത്തിൽ അദ്ദേഹത്തിനു മെത്രാൻ പദവി നല്കുന്നതിനോട് താല്പര്യപ്പെട്ടില്ല. കുറഞ്ഞപക്ഷം ഏതാനും പള്ളിക്കാരുടെ മേലെങ്കിലും ഭരണാധികാരികൾ കിട്ടിയാൽ മതിയെന്ന അഭ്യർത്ഥനപോലും ഫാ. സാലസ് ഗൗനിച്ചില്ല.

അപ്പോഴാണ് മൽപാൻ ജോസഫ് കരിയാററിയെ മാർ ദിവന്നാസ്യോസ് സമീപിച്ചത്. മെത്രാനെന്ന നിലയിൽ വേണം സ്വീകരിക്കാനെന്ന വ്യവ്സ്ഥയായിരുന്നു പുനരൈക്യപാതയിലെ മുഖ്യതടസ്സം.... ന്യായയുക്തമാണു ഈ അഭ്യർത്ഥനയെന്നു മൽപാൻ കരിയാററിക്കു ബോധ്യപ്പെട്ടു. വികാരി അപ്പസ്തോലിക്ക ഇതിനു വഴങ്ങുന്നില്ലെങ്കിൽ എന്തു ക്ളേശം സഹിച്ചും താൻ റോമിൽ ചെന്നു മാർപാപ്പയോടു നേരിട്ടു വിവരങ്ങൾ പറയാമെന്നു കരിയാററ മൽപാൻ ഉറപ്പുകൊടുത്തു. കരിയാററിമൽപാന്റെ മെത്രാൻ ദാനശുപാർശ സാലസ് മെത്രാനു ഇഷ്ടപ്പെട്ടില്ല. പ്രോട്ടോനോട്ടറി സ്ഥാനവുമായി കേരളത്തിൽ കഴിയുകയോ മെത്രാൻപദവിയോടെ റോമിൽ പോയി ജീവിക്കയോ ചെയ്യാമെന്നു ഒടുവിൽ സാലസ് മെത്രാനും വിട്ടുവീഴ്ച ചെയ്ത് പറഞ്ഞു. മെത്രാൻസ്ഥാനം വിദേശീയർക്കുമാത്രം. സ്വാതന്ത്ര്യലബ്ധിക്കുമുമ്പ് ഭരണാധികാരികളെല്ലാം വിദേശിയരായിരുന്നല്ലോ. നാട്ടുമെത്രാനെന്ന മോഹത്തിൽ സ്വാതന്ത്ര്യപ്രാപ്തി ഒളിഞ്ഞുകിടപ്പുണ്ടത്രേ. ഈ നിലപാട് സ്വാഗതം ചെയ്യാൻ മാർ ദിവന്നാസ്യോസ് ഒന്നാമൻ തയ്യാറായില്ല. അധികാര കൈമാററക്കുരുക്ക് അഴിക്കാൻ കരിയാററിമൽപാൻ സാഹസികമായി ഇറങ്ങിത്തിരിച്ചു. പാറേമ്മാക്കൽ തോമാകത്തനാരുടെ



സഹായത്തോടെ ഐതിഹാസികമായ റോമായാത്രയും വിവാദപരമായ പോർച്ചുഗീസുനീക്കങ്ങളും ഉൾപ്പെട്ട സംഘർഷഭരിതമായ കാലഘട്ടം.

## മാർ ഈവാനിയോസ് പുനരൈക്യപ്രസ്ഥാനപിതാവ്

മാർ ബസേലിയോസ് ഗീവർഗീസ് കാതോലിക്കോസ് (1925-28) ആബ്ദൻ ഗീവർഗീസ് മാർ ഗ്രിഗോരിയോസ്, ബഥനിയുടെ ഗീവർഗീസ് മാർ ഈവാനിയോസ് എന്നിവർ 1926 നവംബർ 1 നു പരുമലയിൽ ഒരുമിച്ചു ചേർന്നു റോമിനോടു ഐക്യപ്പെടാനുള്ള എഴുകത്തുകളിൽ ഏർപ്പെടാൻ തീരുമാനിച്ചു. എഴുത്തുകത്തുകളുടെ ചുമതല ബഥനിയുടെ മാർ ഈവാനിയോസിൽ നിക്ഷിപ്തമായി. മെത്രാൻ കക്ഷിയിൽപെട്ട ഇവർ ബാവാകക്ഷിയുമായി കേസ് നടത്തിയിരുന്നതിനാൽ വട്ടശേരിൽ മാർ ദിവന്നാസ്യോസ് പുനരൈക്യസമ്പർക്കത്തിൽ നേരിട്ടിടപെട്ടില്ല.

അന്ത്യോക്ക്യ കത്തോലിക്ക പാത്രിയർക്കീസ് രഹ്മാനിയുമായാണു മാർ ഈവാനിയോസ് കത്തിടപാടുകൾ തുടങ്ങിവച്ചത്. ഒന്നാമത്തെ മെമ്മോറാണ്ടം 1926 നവമ്പറിൽ തന്നെ അയച്ചു. □മലങ്കരസഭയുടെ പുരാതനമായ ആരാധന രീതികളും ആചാരാനുഷ്ഠാനങ്ങളും പാരമ്പര്യങ്ങളും തുടരാൻ അനുവദിക്കണം. സിനഡിനും ഓരോ മെത്രാനുമുള്ള അധികാരങ്ങൾ തുടരാൻ അനുവദിക്കണം. മലങ്കരസഭ റോമിലെ മാർപാപ്പായെ സാർവത്രികസഭാദ്ധ്യക്ഷനായി അംഗീകരിക്കാം' എന്നിവ ഉൾക്കൊള്ളുന്നതായിരുന്നു ആദ്യകത്ത്. റോമിൽ നിന്നുള്ള മറുപടിയിൽ ആരാധാനാപാരമ്പര്യങ്ങൾ അംഗീകരിക്കാം. എന്നാൽ വൈദികർ അവിവിവാഹിതരായിരിക്കണം. ആരാധനഗ്രന്ഥങ്ങളിൽ അസ്വീകാര്യമായ എന്തെങ്കിലും ഉണ്ടോ എന്നു പരിശോധിക്കണം. മെത്രാന്മാർക്കു തങ്ങളുടെ ജനങ്ങളുടെ മേലുള്ള അധികാരം തുടർന്നും നടത്താം, എന്നാൽ സിനഡൽ രീതിയിൽ ഉള്ള ഭരണമോ കാതോലിക്കോസ് തുടങ്ങിയ സ്ഥാനങ്ങളോ അനുവദിക്കാൻ സാധിക്കുകയില്ല എന്ന് വ്യക്തമാക്കി.

മാർ ഈവാനിയോസ് 1927 ജനുവരിയിൽ റോമിലേക്കു വീണ്ടും എഴുതി. വൈദികസ്ഥാനികളുടെ വിവാഹം, സിനഡൽഘടന, കാതോലിക്കായുടെ സ്ഥാനം എന്നിവ പൗരസ്ത്യ രീതികളനുസരിച്ചാണെന്നും അവ മലങ്കരസഭയിലെ നടപടി ക്രമമായതുകൊണ്ടു അനുവദിക്കണമെന്നും അതിൽ അഭ്യർത്ഥിച്ചിരിക്കുന്നു. മലങ്കരസഭയുടെ പാര

മ്പര്യങ്ങൾ അഭംഗുരം പാലിക്കപ്പെടണം. കാതോലിക്കോസിനെ അംഗീകരിക്കാതിരുന്നാൽ എങ്ങനെയാണു അദ്ദേഹം സഭൈക്യത്തിലേക്കു വരിക തുടങ്ങിയ കാര്യങ്ങൾ മാർ ഈവാനിയോസ് റോമിന്റെ പരിഗണനയ്ക്കു വച്ചു. അനുകൂലമായ മറുപടി വന്നില്ല.

ഇന്ത്യയിലെ അപ്പസ്തോലിക്ക് ഡെലിഗേററുവഴി 1928 ലും 1929 ലും അദ്ദേഹം കത്തിടപാടുകൾ നടത്തി. പാശ്ചാത്യലോകത്തുനിന്നും പശ്ചിമേഷ്യയിൽ നിന്നും വന്നിരുന്നവർ കഴിയുന്നിടത്തോളം ഇവിടെ പിടിച്ചുനിൽക്കണമെന്നു ആഗ്രഹിച്ചിരുന്നു. മാർത്തോമ്മ ക്രിസ്ത്യാനികളുടെ വിവിധ വിഭാഗങ്ങൾ ഒന്നിച്ചാൽ തങ്ങൾക്കിവിടെ സ്ഥാനമില്ലാതാകും എന്നവർ കരുതി. എങ്കിലും 1930 ജൂലൈയിൽ റോമിൽ സമ്മേളിച്ച പൗരസ്ത്യതിരുസംഘാധ്യക്ഷന്മാർ പുനരൈക്യപ്പെടുന്ന മെത്രാന്മാരെ അതേ പദവിയിൽ ഭരണാധികാരം നൽകി സ്വീകരിക്കാൻ തീരുമാനിച്ചു. ഇത് അപ്പസ്തോലിക്ക ഡെലിഗേററും കൊല്ലം ബിഷപ്പ് ബൻസിഗറും മാർ ഈവാനിയോസിനെ അറിയിച്ചു.

ഇതിനിടെ 1928 ൽ മാർ ബസേലിയോസ് ഗീവർഗീസ് ഒന്നാമൻ കാതോലിക്കോസ് നിര്യാതനായി. 1929 ൽ വട്ടശേരിൽ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തയും ബഥനിയുടെ മാർ ഈവാനിയോസും ചേർന്നു കോട്ടയം മാർ ഏലിയാ ചാപ്പലിൽ വച്ചു ഗീവർഗീസ് മാർ ഗ്രിഗോറിയോസിനെ രണ്ടാം കാതോലിക്കോസായി മോറാൻ മോർ ബസേലിയോസ് ഗീവറുഗീസ് എന്ന പേരിൽ വാഴിച്ചു. പരുമലയോഗത്തിൽ പങ്കെടുത്തവരിൽ മാർ ഈവാനിയോസും കാതോലിക്കോസും മാത്രമേ അവശേഷിച്ചിരുന്നുള്ളൂ. കാതോലിക്കോസിന്റെ സ്ഥാനം റോം അംഗീകരിക്കാതിരുന്നത് മാർ ഈവാനിയോസിനെ ദുഃഖിതനാക്കി. സിനഡൽ രീതി അംഗീകരിച്ചില്ലെങ്കിലും കാതോലിക്ക സ്ഥാനം അംഗീകരിക്കാതിരുന്നാൽ പുനരൈക്യവിഷയം കാതോലിക്കാബാവയോടു പറയാൻ ബുദ്ധിമുട്ടാണല്ലോ. ആവശ്യപ്പെട്ട എല്ലാ കാര്യങ്ങളും റോമിൽ നിന്നു അംഗീകരിച്ചില്ലെങ്കിലും സഭൈക്യത്തിന്റെ ദൈവികാഹ്വാനം സ്വീകരിക്കാൻ മാർ ഈവാനിയോസ് തയ്യാറായി.

തപോധനനായ കൊല്ലം ബിഷപ്പ് ബൻസിഗർ ഈ മാററത്തിനു വഴിയൊരുക്കിയത് വിസ്മരിക്കാവുന്നതല്ല. കററാന, പുനലൂർ മേഖലകളിൽ അദ്ദേഹം പുനരൈക്യത്തിനു ആരംഭം കുറിച്ചിരുന്നു. കററാനം മിഷനിലെ പ്രവർത്തനം പിന്നീടു കോട്ടാർ ബിഷപ്പായ ഫാ. ലോറൻസ് പേരേരയുടെ ചുമതലയിലായി. 1916 മുതൽ മാവേലിക്കര



യിലും മററും ചിലർ യാക്കോബായ കുടുംബങ്ങൾ കത്തോലിക്ക സഭയെ ആശ്ലേഷിച്ചിരുന്നു. വീട്ടിനാൽ, വള്ളിക്കുന്നം, ചാരുംമൂട്ടിൽ, കടശനാട്, മുളപ്പുര, കൊററംപള്ളി എന്നിവിടങ്ങളിൽ പുനരൈക്യത രംഗം അനുഭവപ്പെട്ടു. ഇവർക്കായി 1920 ൽ ചാരുംമൂട്ടിൽ പള്ളി പണിതു. നൂറനാട്, താമരകുളം, വള്ളിക്കുന്നം, ചുനക്കര, പെരിങ്ങനാട് എന്നിവിടങ്ങളിൽ പുനരൈക്യാവേശം നിലനിന്നതായി കൊല്ലം രൂപത മിഷൻ റിപ്പോർട്ടിൽ വ്യക്തം. പുനരൈക്യപ്പെടുന്നവർക്ക് ഉത്തമ കത്തോലിക്കരായി പരിശീലനം നൽകാൻ മിഷനറിമാർ വ്യാപൃതരായി. ബിഷപ്പ് ബൻസിഗറിൽനിന്നും 1930 ൽ വൈദികപട്ടം സ്വീകരിച്ച ഫാ. ഏബ്രഹാം തരകനും കൊച്ചിരൂപതയിലെ വികാരിത്വത്തിൽ നിന്നും വിരമിച്ച് സ്വദേശമായ മാവേലിക്കരക്കു സമീപം കുന്നത്തു വിശ്രമിച്ചിരുന്ന ഫാ. ജോൺ റിബെയിറോ തുടങ്ങിയവരും ഈ കാലയളവിലെ പുനരൈക്യനേതാക്കളാണ്. ഫാ. റിബെയിറേ വഴിയാണ് മാർ ഈവാനിയോസ് 1926 നവംബറിൽ റോമുമായി കത്തിടപാടുകൾ തുടങ്ങിയത് പുനലൂരിലെ വികാരി ഫാ. ജോൺമേരി മീൻകുളം, പത്തനാപുരം, കൊട്ടാരക്കര, അഞ്ചൽ തുടങ്ങിയ പ്രദേശങ്ങളിൽ പുനരൈക്യത്തിനു നേതൃത്വം നൽകിയിരുന്നു.

പുനരൈക്യദൈവികാഹ്വാനത്തിനു വഴങ്ങിയ മാർ ഈവാനിയോസ് 1930 സെപ്തംബർ 20 നു രാവിലെ ഏഴരക്ക് കൊല്ലം ബിഷപ്പ് ബൻസിഗറിനെ മുമ്പിൽ മാർ തെയോഫിലോസ്, ഫാ. ജോൺ ഒ.ഐ.സി., ഫാ. സെറാഫിയോൻ ഒ.ഐ.സി. കീളിലേത്ത് ചാക്കോ എന്നിവരോടൊപ്പം സത്യപ്രതിജ്ഞ ചെയ്ത് സഭൈക്യത്തിൽ പ്രവേശിച്ചു. കൊല്ലം ബിഷപ്സ് ഹൗസ് പള്ളിയിലെ ചരിത്രപ്രസിദ്ധമായ ഈ ചടങ്ങിൽ ചങ്ങനാശ്ശേരി ബിഷപ്പ് മാർ ജയിംസ് കാളാശേരിയും കോട്ടാർ ബിഷപ്പ് ലോറൻസ് പേരേരയും സന്നിഹിതാരായിരുന്നു. ഇതു സംബന്ധിച്ച വിവരങ്ങൾ അരമനപള്ളിയുടെ ഫലകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പിറേറദിവസം പുലിക്കോട്ടെ യൗസേപ്പ് റമ്പാനും ചേപ്പാട് പീലിപ്പോസ് റമ്പാനും പുനരൈക്യപ്പെട്ടു. ബഥനി സന്യാസ സമൂഹത്തിലെ ഭൂരിപക്ഷം വൈദികരും ബഥനി സന്യാസികളെല്ലാവരും മാർ ഈവാനിയോസിനെ അനുഗമിച്ചതോടെ പുനരൈക്യപ്രസ്ഥാനം കുതിച്ചു വളർന്നു. അന്ത്യോക്യൻ രീത്തനുസരിച്ചുള്ള സീറോമലങ്കരസഭ മാർ ഈവാനിയോസിന്റെ നേതൃത്വത്തിൽ ഉദിച്ചുപൊങ്ങി. 1653 ൽ കൂനൻകുരിശുസത്യം തുടങ്ങിവച്ച ഭിന്നിപ്പിനും സംഘർഷത്തിനും നാലുനൂററാണ്ടിനുശേഷം പരിഹാരം ഉണ്ടായെന്നു സഭാവൃത്തങ്ങൾ

കരുതി. മട്ടാഞ്ചേരിയിലെ കൂനൻ കുരിശ്വിപ്ലവം കേരള സഭാ ചരിത്രത്തിനു കളങ്കം ചാർത്തിയെങ്കിൽ തങ്കശേരിയിലെ അരമനസത്യപ്രതിജ്ഞ സഭാചരിത്രത്തിലെ രജതരേഖയായി.

ഓർത്തഡോക്സ് സമുദായക്കേസും നിവർത്തന പ്രക്ഷോഭണവും ക്ഷേത്ര പ്രവേശനസത്യഗ്രഹങ്ങളും കേരളത്തിൽ സംഘടനാത്മകമായ അന്തരീക്ഷം സൃഷ്ടിച്ചിരുന്നു. പുനരൈക്യത്തിലേക്കു കൂട്ടത്തോടെയുള്ള പ്രവേശനം ബന്ധപ്പെട്ട മേഖലകളിൽ സംഘർഷമുളവാക്കി. പ്രത്യേകിച്ചും മധ്യതിരുവിതാംകൂറിൽ കൂട്ടം പിരിഞ്ഞുപോന്നവർക്കു സമുദായപീഡനം നേരിടേണ്ടിവന്നു. സ്വസഹോദരൻ മത്തായി പണിക്കരുടെയും, സുഹൃത്തുക്കളുടെയും ജാഗരൂകതയോടെയുള്ള ക്രമീകരണങ്ങളാണു മാർ ഈവാനിയോസിനെ പലപ്പോഴും ആക്രമണങ്ങളിൽ നിന്നും രക്ഷിച്ചത്.

## മലങ്കരകത്തോലിക്ക ഹൈരാർക്കി

വിവാദപുരുഷനായി മാറിയ മാർ ഈവാനിയോസ് 1932 ൽ റോമിൽ പോയി പതിനൊന്നാം പീയൂസ് മാർപാപ്പയെ സന്ദർശിച്ചു. ആ ജൂൺ 11 നു ക്രിസ്തോ പാസ്തോരും പ്രീൻചിപ്പി എന്ന തിരുവെഴുത്തു വഴി മലങ്കര കത്തോലിക്ക ഹൈരാർക്കി സ്ഥാപിതമായി. തിരുവനന്തപുരം അതിരൂപതയായും തിരുവല്ല രൂപതയായും അതിർത്തികൾ നിർണയിക്കപ്പെട്ടു. അതിരൂപത മെത്രാപ്പോലീത്ത മാർ ഈവാനിയോസ്. തിരുവല്ല മെത്രാൻ മാർ തെയോഫിലോസ് 1900 മുതൽ തിരുവനന്തപുരം മേഖല ഉൾപ്പെട്ട കൊല്ലം രൂപതയുടെ സർവാദരണീയനായ ബിഷപ്പ് ബൻസിഗറാണു മലങ്കര ഹൈരാർക്കി മാർച്ച് 12 നു ഉദ്ഘാടനം ചെയ്തത്. വിസ്തൃതമായ കൊല്ലം രൂപത വിഭജിച്ചു തിരുവനന്തപുരത്ത് മറെറാരു രൂപത ഏർപ്പെടുത്താൻ വർഷങ്ങളായി ബിഷപ്പ് ബൻസിഗർ അപേക്ഷിച്ചിരുന്നതാണ്. അത് നിലവിലിരിക്കെ തിരുവനന്തപുരത്ത് മാർ ഈവാനിയോസിനെ ആർച്ചുബിഷപ്പാക്കിയതിലും ആ മേഖലയിലെ ലത്തീൻ നേതൃത്വം കൈവിട്ടുപോയതിലും നേരെത്ത പുത്തൻപള്ളി സെമിനാരിയിലെ പ്രൊഫസറും ആത്മിയ നിയന്താവുമായിരുന്ന ബിഷപ്പ് ബൻസിഗർ ഖിന്നനായി. അദ്ദേഹത്തിന്റെ നിസ്തുലസേവനങ്ങളെ പരിഗണിച്ചു ആർച്ചു ബിഷപ്പ് സ്ഥാനം നൽകിയെങ്കിലും ആരോഗ്യപരമായ കാരണങ്ങളാൽ ഒരു വർഷം തികയുന്നതിനുമുമ്പ് രാജിവെച്ചു. തിരുവനന്തപുരത്തെ കാർമ്മൽ സന്യാസി മന്ദിരത്തിലേക്കു താമസം മാററി. അപ്പസ്തോലിക്ക് ഡെലിഗേററിന്റെ നിർബന്ധത്തിനു വിനയപൂർവ്വം വിധേയനായാണു അദ്ദേഹം മലങ്കര ഹൈരാർക്കി ഉദ്ഘാടനം ചെയ്തത്. മാർ ഈവാനിയോസിനെ പെരുനാട് ബഥനിമലയിൽ നിന്നറക്കി പുനരൈക്യനിയോഗത്തിന് കാഴ്ചവച്ച ഈ സ്വീറ്റ്സർലണ്ട് കർമ്മലീത്തക്കാരനു തിരുവനന്തപുരം കാർമ്മൽ കുന്നിൽ ധ്യാനത്തിൽ കഴിയേണ്ടിവന്നു ശിഷ്ടകാലം.



ഓർത്തഡോക്സ് യാക്കോബായ സഭയിൽ നിന്നു ബിഷപ്പു മാർകൂടി പുനരൈക്യപ്പെട്ടതോടെ തിരുവനന്തപുരം മുഖ്യാസ്ഥാനമായ സിറോ മലങ്കരസഭ എതിർപ്പുകൾക്കു മേലെയും വിജയപതാക പറപ്പിച്ചു. ദിവാൻ സർ സി.പി. രാമസ്വാമി അയ്യർപോലും അപ്പോഴേക്കും അതിരൂപരാധിപർമാർ മാർ ഈവാനിയോസിന്റെ മിത്രമായിക്കഴിഞ്ഞിരുന്നു. 1937 നവമ്പർ 29 നു മാർ സേവേറിയോസും 1939 മാർ ദിയസ്കോറസും കത്തോലിക്കസഭയിൽ ചേർന്നു. 1938 സെപ്തംബറിൽ സർ സി.പി. മലയാളമനോരമ നിരോധിച്ചിരുന്നല്ലോ. സമുദായക്കേസിലെ വിധി ഓർത്തഡോക്സ് സഭയെ തളർത്തിയിരുന്നു മാർ ദിയസ്ക്കോറസ് 1948 ഫെ. 21 നു നിര്യാതനായി.കോട്ടയത്ത് എം.ഡി. സെമിനാരി തോപ്പിൽ പയററിയ രണ്ടുപേരാണ് കത്തോലിക്കസഭയുടെ ഉന്നതസ്ഥാനങ്ങൾ അലങ്കരിച്ചത്. കണ്ടത്തിൽ വറുഗീസുമാപ്പിളയും നിധീരിക്കൽ മാണിക്കകത്തനാരും പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസുമായി ഇടപഴകിയ മാർ ളുയിസ് പഴേപറമ്പിൽ എറണാകുളം ബിഷപ്പായി. വട്ടശേരിൽ മാർ ദിവന്നാസ്യോസിനോടും മാമ്മൻമാപ്പിളയോടും സഹവർത്തിച്ച മാർ ഈവാനിയോസ് തിരുവനന്തപുരം മെത്രാപ്പോലിത്തയായി. പുനരൈക്യപ്പെടുന്നവർക്കു കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ അജപാലനെ സംവിധാനങ്ങളുണ്ടായി. സീറോ മലബാർ സഭയിലെ മെത്രാന്മാരും വൈദികരും അൽമായരും സന്യസ്തരും മലങ്കര സഭാംഗങ്ങൾക്കു തങ്ങളുടെ മിഷൻ മേഖലയായ തിരുവനന്തപുരത്ത് പിടിച്ചുയരാൻ വേണ്ട സഹായസഹകരണങ്ങൾ നൽകി. പ്രതിഭാധനനായ മാർ ഈവാനിയോസിന്റെ തിരുവനന്തപുരം പ്രവേശനം ലത്തീൻ നേതൃത്വസംവിധാനത്തിനു അൽപ്പം മങ്ങലേൽപ്പിച്ചെന്നു പരാതി ഉണ്ടായെങ്കിലും മലബാർ കുടിയേററം പോലെ അത് യുഗപ്രധാനമായ കാൽവയ്പായി. ചെങ്ങന്നൂർ മുതൽ കന്യാകുമാരി വരെ വ്യാപിച്ച കൊല്ലം രൂപതയുടെ സംഘാടകനും സാരഥിയുമായ ബിഷപ്പ് ബൻസിഗറിന്റെ ആത്മീയ ധാവള്യം ഈവക നീക്കങ്ങൾമൂലം കൂടുതൽ തിളങ്ങിയതേയുള്ളൂ.

തിരുവനന്തപുരം ആസ്ഥാനമായി 1937 ൽ ലത്തീൻ രൂപത നിലവിൽ വന്നതോടെ ത്യാഗിവര്യനായ ബൻസിഗറിന്റെ പരിഭവം ഏറെ

ക്കുറെ പരിഹൃതമായി. കർമ്മലീത്ത വൈദികരുടെയും ചങ്ങനാശേരി അതിരൂപതയുടെയും തെക്കൻ മിഷൻ പ്രവർത്തനത്തിനു മാർ ഈവാനിയോസിന്റെ ആരോഹണം ആകർഷണീയത നൽകി. ലോകചരിത്രത്തിൽ പേരു പതിപ്പിച്ച കേരളത്തിന്റെ വീരപുത്രനായ അദ്ദേഹം മാവേലിക്കര പണിക്കർ വീട്ടിൽ തോമ്മാപണിക്കരുടെയും അന്നാമ്മയുടെയും സീമന്തസന്താനമായി 1882 സെപ്തംബർ 8 നു ജനിച്ചു. ജ്ഞാനസ്നാനപ്പേര് ഗീവർഗീസ്. കോട്ടയ്ക്കകം സർക്കാർ സ്കൂൾ, കോട്ടയം എം.ഡി. സെമിനാരി എന്നിവിടങ്ങളിൽ പഠിച്ചു മട്രിക്കുലേഷൻ പാസായി. മലങ്കര മെത്രാപ്പോലീത്ത പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് പഴയ സെമിനാരിയിൽ താമസിപ്പിച്ചാണു ഗീവറുഗീസിനെ കോട്ടയത്തു പഠിപ്പിച്ചത്. സി.എം.എസ. കോളേജിൽ നിന്നും ബി.എ. പാസായി. മദ്രാസ് ക്രിസ്ത്യൻ കോളേജിൽ നിന്നു എം.എ.യും കോട്ടയത്തു പഠിക്കുന്ന കാലം മുതലേ സഭയുടെ തണൽ വൃക്ഷമായ മലയാള മനോരമയുമായി ബന്ധപ്പെട്ടു. പത്രാധിപർ കെ.സി. മാമ്മൻമാപ്പിള്ളയുടെ സഹപ്രവർത്തകനായി. 1899 ജനുവരി 18 നു പുത്തൻകാവു പള്ളിയിൽവെച്ചു ശെമ്മാശുപട്ടമേററു. 1908 ൽ പി.ടി. ഗീവർഗീസ് എം.ഡി. ഹൈസ്ക്കൂൾ പ്രിൻസിപ്പലായത് ഹെഡ്മാസ്റ്റർ കെ.സി. മാമ്മൻമാപ്പിളക്കു നീരസമുണ്ടാക്കി. ആ വർഷം ഓഗസ്റ്റ് 15 നു പരുമല സെമിനാരിയിൽവച്ചു വട്ടശേരിൽ മാർ ദിവന്നാസ്യോസ് അദ്ദേഹത്തിനു വൈദികപട്ടം നൽകി.

പി.ടി. ഗീവർഗീസ് എന്ന എം.എ. അച്ചൻ. പ്രിൻസിപ്പലായതിനെ തുടർന്ന് കെ.സി. മാമ്മൻമാപ്പിള്ള ഹെഡ്മാസ്റ്റർസ്ഥാനം രാജിവെച്ചതും കണ്ടത്തിൽ വറുഗീസുമാപ്പിള്ളയുടെ പുത്രൻ കെ.വി. ഈപ്പനിൽ നിന്നു മനോരമ പത്രാധിപത്യം സ്വന്തമാക്കിയതും കൊച്ചീപ്പൻതരകനെ ഒഴിവാക്കിയതും മററും മാമ്മൻമാപ്പിള്ളയുടെ ഒറിജിനൽ ആത്മകഥയിൽ വിവരിച്ചിട്ടുണ്ട്. സഭാചരിത്രകാരൻ ഇ.എം. ഫിലിപ്പോസിന്റെ സ്മരണകളിലും ഈ കാലഘട്ടം ചിത്രീകരിച്ചിട്ടുണ്ട്. എം.ഡി. യിൽ പ്രിൻസിപ്പലായിരിക്കുമ്പോഴാണ് യാക്കോബായ പാത്രിയർക്കീസ് മാർ അബ്ദുള്ള കേരളത്തിൽ എത്തിയത് അദ്ദേഹത്തെ ബോംബെയിൽ നിന്നും സ്വീകരിച്ചു കൊണ്ടുവരാൻ സമുദായം ചുമതലപ്പെടുത്തിയത്. എം.എ.അച്ചനെയാണ് എം.എ.ക്കുള്ള പ്രബന്ധം സുറിയാനി ക്രിസ്ത്യാനികൾ നെസ്തോറിയർ ആയിരുന്നോ എന്നതായിരുന്നു.

കോട്ടയത്തുവന്ന പാത്രിയർക്കീസ് മലങ്കരസഭയുടെമേൽ ലൗകികാധികാരവും കിട്ടണമെന്നു ശഠിച്ചു. വട്ടശേരിൽ മാർ ദിവന്നാസ്യോസ് അതിനോടു യോജിച്ചില്ല. 1911 ജൂൺ 6 നു അദ്ദേഹത്തെ മുടക്കി. ഈ ദുർഘട ഘട്ടത്തിൽ മാർ ദിവന്നസ്യോസിന്റെ വലംകയ്യായിരുന്നു എം.എ.അച്ചൻ. എതിർ പാത്രിയർക്കീസ് മാർ അബ്ദുൽ മിശിഹായെ കേരളത്തിൽ വരുത്തിയതും നിരണം പള്ളിയിൽ വച്ചു അദ്ദേഹത്തെ ക്കൊണ്ടു കാതോലിക്കാബാവയെ വാഴിപ്പിച്ചതും സുപ്രസിദ്ധ മെത്രാൻ കക്ഷിയുടെ ഉറപ്പുള്ള ആശ്രയവും സങ്കേതവുമായി അറിയപ്പെട്ട അദ്ദേഹത്തിന്റെ ജീവൻ തന്നെ കക്ഷിയുടെ വിവാദഘട്ടങ്ങളിൽ തുലാസിൽ ആടിയിരുന്നതായി കാണാം. മെത്രാൻകക്ഷിയുടെ ഉറപ്പുള്ള ആശ്രയവും ചുവട് ഉറപ്പിച്ചശേഷം അദ്ദേഹം കൽക്കട്ടയിലെ സെറാമ്പൂർ വൈദികകോളേജിൽ പ്രൊഫസറായി. ഓർത്തഡോക്സ് സഭാസേവനത്തിനു പററിയ ഏതാനും യുവാക്കന്മാർക്കു ഉന്നത വിദ്യാഭ്യാസം നൽകുകയായിരുന്നു ലക്ഷ്യം. ശബളമായും മററും ലഭിച്ച പണം മുഴുവനും അദ്ദേഹം ഇതിനായി വിനിയോഗിച്ചു. കേരളത്തിൽ നിന്നുള്ള ചില വിദ്യാർത്ഥികളെ അദ്ദേഹം ഉപരിപഠനത്തിനു ചേർത്തത് ഇക്കാലത്താണ്.



സെറാമ്പൂരിൽ സുറിയാനി സഭാചരിത്രവും രാഷ്ട്ര-സാമ്പത്തികശാസ്ത്രങ്ങളും പഠിച്ചിരുന്ന കാലത്താണു സന്യാസാശ്രമത്തിനുള്ള ഉൽക്കടമായ ആഗ്രഹം അങ്കുരിച്ചത്. കേസുകളും തർക്കങ്ങളും അക്രമങ്ങളും മൂലം ഓർത്തഡോക്സ് - യാക്കോബായ സഭാമണ്ഡലം വികൃതരൂപം പൂണ്ടിരുന്നു. മലയാളമനോരമ മെത്രാൻ കക്ഷിയുടെ കരുത്തുററ മാധ്യമമായി. സമൂഹത്തിന്റെ ആധ്യാത്മിക ലക്ഷ്യങ്ങൾ നിറവേററാൻ സന്യാസ സംരംഭം അനിവാര്യമാണെന്ന ഉൾവെളിച്ചം ആ യോഗിവര്യനിൽ അടിച്ചുകയറി.

അതേസമയം മെത്രാൻ കക്ഷിക്കാരുടെ തലവൻ വട്ടശേരി മാർ ദിവന്നാസ്യോസിന്റെ സഹകാരിയെന്ന നിലയിൽ മെത്രാൻ കക്ഷിയെ സ്വയം ഭരണാധികാരമുള്ള സഭാഘടകമായി രൂപാന്തരപ്പെടുത്താനും കോട്ടയം ആസ്ഥാനമായി കതോലിക്കേറ്റ് സ്ഥാപിക്കാനും അദ്ദേഹം പരിശ്രമിച്ചു.

# അദ്ധ്യായം-7
# കുടുംബദിനം

നമ്മുടെ കുടുംബാംഗങ്ങൾ ഒരുമിക്കേണ്ടതിന്റെ ആവശ്യം മനസ്സിലാക്കി 1996 ൽ നമ്മുടെ കുടുംബത്തിലെ പ്രായത്തിൽ മുതിർന്നവർ ശ്രീമാൻ കൊല്ലമന കെ.എം. പുന്നൂസും, ശ്രീമാൻ കല്ലൂർ എം. വർഗീസും, ശ്രീമാൻ മഠത്തിൽ പി.പി ഇടുക്കളയും ചേർന്ന് ആലോചിച്ച് ഈസ്റ്റർ കഴിഞ്ഞു വരുന്ന പുതു ഞായറാഴ്ച നമ്മുടെ കുടുംബദിനമായി ആചരിക്കാൻ തീരുമാനിച്ചു. അങ്ങനെ ആദ്യത്തെ കുടുംബദിനം 14-04-1996 ൽ ആറ് കേന്ദ്രങ്ങളിൽ ആചരിച്ചു. എപ്പോൾ മുതൽ നാം ഒരുമിച്ച് ചേർന്ന് കുടുംബത്തിന് വേണ്ടി പ്രാർത്ഥിച്ചോ, അന്നു മുതൽ നമ്മുടെ കുടുംബത്തിൽ വ്യത്യാസം കണ്ടുതുടങ്ങി. തുടർന്ന് 1997 ൽ പഴഞ്ഞേരിൽ ശാഖയും, 1998 ൽ മനേത്തുമാലി, കാനേക്കാട്ട് ശാഖയും ചേർക്കപ്പെട്ടു. പഴഞ്ഞേരിൽ ശ്രീമാൻ ഇടുക്കള ഫിലിപ്പ്, ഡോ. തോമസ് ഫിലിപ്പ്, മനേത്തുമാലിയിൽ ഇട്ടി മാത്തൻ, കെ.സി എബ്രഹാം, കാനേക്കാട്ട് ശ്രീമാൻ എം.എ. ബേബിയും, ഇടുക്കള വർഗീസും അതിന്റെ നേതൃത്വസ്ഥാനത്തേക്ക് വന്നു. 6-4-1997 ലും, 19-4-1998 ലും നമ്മുടെ കുടുംബദിനം ആചരിച്ചതിന് ശേഷം 3-ാം വർഷം 30-12-1998 ൽ നമ്മുടെ ആദ്യത്തെ കുടുംബയോഗം നടത്തുവാൻ ദൈവം കൃപ ചെയ്തു. അതിനുശേഷം ഓരോവർഷവും പുതുഞായറാഴ്ച കുടുംബദിനവും ഡിസംബർ മാസത്തിൽ അവസാനത്തെ ശനിയാഴ്ച നമ്മുടെ കുടുംബയോഗവും നടത്തിവരുകയാണ്.

മരണത്തെ ജയിച്ച് ഉയർത്തെഴുന്നേറ്റ യേശുക്രിസ്തു, ഒരു പുതിയ കല്പനയാണ് ശിഷ്യന്മാർക്ക് നൽകിയത് - '' തമ്മിൽ, തമ്മിൽ



സ്നേഹിപ്പിൻ'' എന്നതാണ്. അതുവരെ ഉണ്ടായിരുന്ന കല്പനകളെല്ലാം ഒന്നാക്കി പുതിയ ഒരു കല്പനയാണ് നൽകിയത്. അതിൽ എല്ലാം അടങ്ങിയിരിക്കുന്നു:- ക്ഷമ, താഴ്മ, ശുശ്രൂഷ, സേവനം മുതലായവ. സകലരേയും തന്റെ മക്കളാക്കി തീർത്തിരിക്കുന്നു. ആയതിനാൽ അവരുടെ പിൻഗാമികളായ നാമും ആ കല്പന പൂർണ്ണമായി ഉൾകൊള്ളണം. കുടുംബദിനമായി ആചരിക്കുന്നതിൽ കൂടി പാരമ്പര്യമായ കൂട്ടായ്മയെ പുനർജീവിപ്പിക്കുന്നതിനും, നമുക്ക് ദൈവത്തോടുള്ള ബന്ധം ഉദ്ദീപിപ്പിക്കുന്നതിനും, നമ്മുടെ കുടുംബത്തിലെ അംഗങ്ങൾ എവിടെ ആയിരുന്നാലും ഒന്നിച്ചുകൂടി ദൈവത്തിൽ ആശ്രയിച്ച് മുൻപോട്ടു പോകുന്നതിനും, കൂട്ടമായി പ്രാർത്ഥിക്കുന്നതിനും സാധിക്കുന്നു. അന്നേ ദിവസമോ അതിനടുത്തുള്ള ഏററവും അനുയോജ്യമായ ദിവസത്തിലോ, നാം എവിടെ ആയിരിക്കുന്നുവോ അവിടെയുള്ള നമ്മുടെ കുടുംബക്കാർ ഏവരും ഒരു കേന്ദ്ര സ്ഥാനത്തുകൂടി നമുക്കും, കുടുംബത്തിനു വേണ്ടിയും, പ്രത്യേകിച്ച് വളർന്നുവരുന്ന തലമുറക്കു വേണ്ടിയും പ്രാർത്ഥിച്ച് നമ്മുടെ കുടുംബത്തിന്റെ സാഹോദര്യം പുതുക്കിയും പിരിയണമെന്നാണ് നമ്മുടെ പിതാക്കന്മാർ നിശ്ചയിച്ചത്. ഈ ദിനം എല്ലാവരും ആചരിക്കുന്നതിന് തൽക്കാലം ഏഴ് കേന്ദ്രങ്ങൾ തെരഞ്ഞെടുക്കുകയും ഒരോ സ്ഥലത്തു പ്രായത്തിൽ മുതിർന്നവർ അതിന് നേതൃത്വം കൊടുക്കുകയും ചെയ്യുന്നു. കുടുംബദിനം ആചരിക്കുന്ന കേന്ദ്രങ്ങൾ തിരുവല്ല, തിരുവനന്തപുരം, എറണാകുളം, പുനലൂർ, ദുബായ്, കുവൈററ്, ദോഹ എന്നിവിടങ്ങളിലാണ്. 1996 മുതൽ പുതുഞായറാഴ്ച നമ്മുടെ കുടുംബദിനമായി ആചരിക്കുന്നു എന്നത് നമുക്കും, നമ്മുടെ കുടുംബത്തിനും ഐശ്വര്യദായകമാണ്. കുടുംബദിനം ആചരിക്കുന്ന കേന്ദ്രങ്ങളും അവിടെ നേതൃത്വം കൊടുക്കുന്നവരുടെ പേര് താഴെ ചേർത്തിരിക്കുന്നു.

| | | |
|---|---|---|
| തിരുവല്ല | - | ശ്രീമാൻ ഫിലിപ്പ് മാത്യു പഴഞ്ഞേരിൽ |
| തിരുവനന്തപുരം | - | ശ്രീമാൻ കെ.എം. പുന്നൂസ് കൊല്ലമന |
| എറണാകുളം | - | ശ്രീമാൻ പി.പി. ഇടുക്കള മഠത്തിൽ |
| പുനലൂർ | - | ഡോ. തോമസ് ഫിലിപ്പ് പഴഞ്ഞേരിൽ |
| ദുബായ് | - | ശ്രീമാൻ കെ.എ. മാത്യു കൊല്ലമന |
| കുവൈററ് | - | ശ്രീമാൻ കെ.പി. മാത്യു കൊല്ലമന |
| ദോഹ | - | ഡോ. എബ്രഹാം കൊല്ലമന |

## അദ്ധ്യായം-8

# 1.കുടുംബ മുദ്ര

# 2. കുടുംബ ഗാനം

# 3. കുടുംബ കമ്മിറ്റി

**1. കുടുംബ മുദ്ര** (Emblem)

നമ്മുടെ കുടുംബത്തിന്റെ മുദ്ര രൂപവൽക്കരിച്ചിരിക്കുന്നത് കുടുംബാംഗങ്ങൾ ചേർന്ന് കുടുംബത്തെ ഒന്നായികൊണ്ടു പോകുന്നതായി അർത്ഥമാക്കുന്നു. കേരള തനിമയിലുള്ള വീടും അതിനു ചുററും നമ്മുടെ കുടുംബശാഖകളുടെ പേരുകളും കാണിച്ചിരിക്കുന്നു. ഏറ്റവും അവസനാമുള്ള വളയവും ആൾരൂപവും കൂടുംബാംഗങ്ങൾ ചേർന്ന് കൈകോർത്ത് പിടിച്ച് നിൽക്കുന്നതിനെ പ്രതിനിധീകരിച്ചാണ് രൂപവൽക്കരണം ചെയ്തിരിക്കുന്നത്.



### 2.കുടുംബ ഗാനം

കൊല്ലമന, കല്ലൂർ, മഠത്തിൽ, പഴഞ്ഞേരിൽ
മനേത്തുമാലി, കാനേകാട്ട് കുടുംബങ്ങളെ
അനുഗ്രഹിക്ക ഇപ്പോൾ ഇന്നേരത്തിൽ

എൻ ദൈവമെ ഈ അന്ധകാരത്തിൽ നടത്തെന്നെ
ഏററുന്നിരുൾ വീടും ദൂരത്തയ്യോ ! നടത്തെന്നെ
കാക്കുകെൻ പാദം ചോദിക്കുന്നില്ലെ
ദുരെക്കാൺമാൻ ഒരടി പോരുമെ.

ഇന്നയോളം പാലിച്ച ദൈവമെ രാപാവോളം
കാടും മേടും വൻ കടൽ ഇവയിൽ നടത്തെന്നെ
ഞാൻ സ്നേഹിച്ചതാം ദൂതർ പുഞ്ചിരി
വീണ്ടും കാണും ഞാൻ ആ പ്രഭാതത്തിൽ (2)

### 3. കുടുംബ കമ്മിറ്റി

കൊല്ലമന, കല്ലൂർ മഠത്തിൽ, പഴഞ്ഞേരിൽ, മനേത്തുമാലി, കാനേക്കാട്ട് എന്നീ സഹോദര കുടുംബങ്ങൾ ഒരുമിച്ച് ചേർന്ന് പ്രാർത്ഥനയ്ക്ക് മുഖ്യപ്രാധാന്യം കൊടുത്ത് തമ്മിൽ തമ്മിൽ പരിചയപ്പെടാനും, സ്നേഹം പങ്കിടുവാനും, കൂടുതൽ ഒത്തൊരുമയോടുകൂടി യോജിച്ചു പോകുവാൻ തീരുമാനിച്ച പ്രകാരം വർഷത്തിലൊരിക്കൽ എല്ലാവരും ചേർന്ന് തിരുവല്ലായിൽ കുടുംബയോഗം നടത്തുവാൻ തീരുമാനിച്ചു. കുടുംബയോഗത്തിന്റെ സുഗമമായ നടത്തിപ്പിന് സഹായിക്കുവാൻ 1998 ൽ കൂടിയ ആദ്യത്തെ കൂടുംബയോഗത്തിൽ കുടുംബകമ്മറ്റി രൂപീകരിക്കുകയും 6-1-2001 തിരുവനന്തപുരത്ത് രജിസ്റ്റർ നമ്പർ റ്റി. 111 ആയി രജിസ്റ്റർ ചെയ്യുകയും ചെയ്തു. കൂടുംബകമ്മിറ്റി ഇപ്പോൾ വർഷത്തിൽ രണ്ടുപ്രാവശ്യം കൂടി വരുന്നു. മാർച്ച്, ഏപ്രിൽ മാസത്തിൽ ആദ്യത്തെ കമ്മിറ്റിയും നവംബർ മാസത്തിൽ രണ്ടാമത്തെ കമ്മറ്റിയും കൂടിവരുന്നു. കുടുംബക്കമ്മറ്റിയിലേക്ക് താഴെ പറയുന്നവരെ തെരഞ്ഞെടുക്കുകയും ചെയ്തു. ദുബായിൽ കൂടുതൽ അംഗങ്ങൾ ഉള്ള സ്ഥലമായതിനാൽ അവിടെയും ഒരു കമ്മറ്റി രൂപീകരിച്ച് അവിടെയുള്ള പ്രവർത്തനങ്ങളെ സഹായിക്കുന്നു.

## കമ്മിറ്റി അംഗങ്ങൾ

| | | |
|---|---|---|
| പ്രസിഡന്റ് | - | ശ്രീമാൻ. പി.പി. ഇടുക്കള മഠത്തിൽ |
| വർക്കിംഗ് പ്രസിഡന്റ് | - | ശ്രീമാൻ. ഫിലിപ്പ് മാത്യു പഴഞ്ഞേരിൽ |
| വൈസ് പ്രസിഡന്റ് | - | ശ്രീമാൻ. കെ.എം. പുന്നൂസ് കൊല്ലമന |
| സെക്രട്ടറി | - | ഡോ. തോമസ് ഫിലിപ്പ് പഴഞ്ഞേരിൽ |
| ട്രഷറർ | - | ശ്രീമാൻ. കെ.എ. എബ്രഹാം കൊല്ലമന |
| കൺവീനർ | - | ശ്രീമാൻ. കെ.എം. കോശി കൊല്ലമന |
| ഓഡിറ്റർ | - | ശ്രീമാൻ. തോമസ് മാത്യു കല്ലൂർ |
| അംഗങ്ങൾ | - | മാത്യുകോശി കല്ലൂർ<br>എബ്രഹാം മാത്യു മഠത്തിൽ<br>എം.സി. എബ്രഹാം മഠത്തിൽ<br>ഇട്ടി മാത്തൻ മാനേത്തുമാലി<br>എം.വി. ബിജി മാനേത്തുമാലി<br>ഇടുക്കള വർഗീസ് കാനേക്കാട്ട്<br>എം.എ. ബേബി കാനേക്കാട്ട്<br>കെ.പി. മാത്യു കൊല്ലമന |

## ദുബായിലെ കമ്മിറ്റി അംഗങ്ങൾ

| | | |
|---|---|---|
| അദ്ധ്യക്ഷൻ | - | കെ.എ മാത്യു കൊല്ലമന |
| കൺവീനർ | - | റെജി ഫിലിപ്പ് പഴഞ്ഞേരിൽ<br>കെ.എം. മാത്യു കൊല്ലമന (ബിജു) |
| അംഗങ്ങൾ | - | ബിജി ഫിലിപ്പ് പഴഞ്ഞേരിൽ<br>ജോർജ്ജ് മാത്യു കൊല്ലമന |



## അദ്ധ്യായം-9

# കുടുംബ വൃക്ഷം (FAMILY TREE)

കുടുംബത്തിൻെറ ഓരോ തലമുറയും വേർതിരിച്ച് അംഗങ്ങളുടെ പേരുകൾ കൊടുത്തിട്ടുണ്ട്. ഓരോ വ്യക്തിയും ഏത് തലമുറയിൽപ്പെടുന്ന മററ് കുടുംബ അംഗങ്ങളോട് തനിക്കുള്ള ബന്ധം എന്ത്, എന്നിത്യാദി വിവരങ്ങൾ ഈ വൃക്ഷ ചിത്രം വ്യക്തമാക്കുന്നു. നമ്മുടെ 11,12,തലമുറകൾ നിരണത്ത് താമസിച്ചിരുന്നു. അവർ നിരണം പള്ളിയിൽ അംഗങ്ങൾ ആയിരുന്നു. അന്ന് ഒരു കുടുംബമായിരുന്നു. 13-ാം തലമുറയിൽ കല്ലൂർ കൊല്ലമന, മനേത്തുമാലി, കാനേക്കാട്ട് എന്നി കുടുംബങ്ങളായി ശാഖ പരിഞ്ഞു. 14-ാം തലമുറയിൽ പഴഞ്ഞേരിൽ കുടുംബവും 15-ാം തലമുറയിൽ മഠത്തിൽ കുടുംബവും ഉത്ഭവിച്ച് കുടുംബം വികസിക്കുന്നതാണ് വൃക്ഷ ചിത്രം. സ്ഥല പരിമിതി മൂലം പെൺമക്കളുടെ ഭർത്താക്കൻമാരുടേയും, ആൺമക്കളുടെ ഭാര്യമാരുടേയും പേരുകൾ വൃക്ഷത്തിൽ ഉൾകൊള്ളിക്കാൻ സാധിച്ചില്ല. ഇന്നുവരെയുള്ള കുഞ്ഞുങ്ങളുടെ പേരുകൾ ചിത്രത്തിലുണ്ട്. ഈ ചിത്രം വരച്ച് തയാറാക്കിയത് കൊല്ലമന കുടുംബാംഗം കെ.എം.കോശിയാണ്. (നെബു) ഈ വൃക്ഷ നിർമ്മിതിയിൽ സഹായിച്ച എല്ലാ കുടുംബാംഗങ്ങൾക്കും നന്ദി.

# ഭാഗം മൂന്ന്

## അദ്ധ്യായം 10

# കൊല്ലമന കുടുംബം

XIII-1

**മാത്തുകൊല്ലമന** (1768 - 1841)

13-ാം തലമുറയിൽ ജീവിച്ചിരുന്ന മാത്തു കൊല്ലമന, നമ്മുടെ കുടുംബത്തിലെ ആദ്യത്തെ പിതാവാണ്. ഈ പിതാവിനെക്കുറിച്ച് ആറാം അദ്ധ്യായത്തിൽ വിശദമായി വിവരിച്ചിട്ടുണ്ട്. നിരണം പള്ളിയിൽ അംഗമായിരുന്ന ശ്രീമാൻ മാത്തൂ കൊല്ലമനയ്ക്ക് ആറ് സന്താനങ്ങൾ ഉണ്ടായി കുടുംബം വികസിക്കുന്നതായി കാണാം. മൂത്തമകൻ കൊല്ലമന പോത്ത, രണ്ടാമത്തെ മകൻ അബ്രഹാം മാത്തൂച്ചൻ, മൂന്നാമത്തെ മകൻ മാത്തു, ഇളയമകൻ പഴങ്ങേരിൽ പോത്ത, രണ്ടു പെൺമക്കളിൽ മൂത്ത മകളെ ചെത്തിപുരയ്ക്കൽ കുടുംബത്തിലും, ഇളയ മകളെ എരുത്തുങ്കൽ കുടുംബത്തിലും വിവാഹം കഴിപ്പിച്ചയച്ചു. ശ്രീമാൻ മാത്തുകൊല്ലമന 73-ാം വയസിൽ മരിച്ചു. അദ്ദേഹത്തെ നിരണം പള്ളിയിൽ സംസ്ക്കരിച്ചിരിക്കുന്നു.

*മക്കൾ*

1. കൊല്ലമന പോത്ത
2. അബ്രഹാം മാത്തുച്ചൻ
3. മാത്തു
4. മകൾ ചെത്തിപുരയ്ക്കൽ
5. മകൾ എരുത്തുങ്കൽ
6. പഴങ്ങേരിൽ പോത്ത



XIV-1

**കൊല്ലമനപോത്ത (1793 – 1853)**

മാത്തു കൊല്ലമനയുടെ മൂത്ത പുത്രൻ കൊല്ലമന പോത്ത 1793 ൽ ജനിച്ചു. ഇദ്ദേഹം വിവാഹിതനായിരുന്നെങ്കിലും മക്കൾ ഇല്ലായിരുന്നു. നവീകരണത്തെ എതിർത്ത് ഓർത്തഡോക്സ് സഭയുടെ നിലനിൽപ്പിനായി ജീവിച്ചിരുന്ന പോത്തയെക്കുറിച്ച് 6ാം അദ്ധ്യായത്തിൽ വിശദമായി വിവരിച്ചിട്ടുണ്ട്.

XIV-2

**അബ്രഹാം മാത്തുച്ചൻ (1794 – 1865)**

**കുഞ്ഞാണ്ടാമ്മ (കറുകയിൽ)**

മാത്തു കൊല്ലമനയുടെ രണ്ടാമത്തെ പുത്രൻ അബ്രഹാം മാത്തുച്ചൻ 1794 ൽ നിരണത്ത് ജനിച്ചു. ധനാഢ്യനും, ഭൂസ്വത്ത് ഉടമയും ആയിരുന്ന ശ്രീമാൻ അബ്രഹാം മാത്തുച്ചൻ, കറുകയിൽ കുടുംബാംഗം കുഞ്ഞാണ്ടാമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് മൂന്ന് സന്താനങ്ങൾ ഉണ്ടായി. മൂത്തമകൻ കൊച്ചിടുക്കളേച്ചൻ (മഠത്തിൽ) രണ്ടാമത്തെ മകൻ കൊല്ലമന മാത്തുണ്ണിയും, ഏക മകൾ മറിയാമ്മയെ തേക്കിൽ കല്ലുങ്കൽ കുടുംബത്തിൽ വിവാഹം കഴിപ്പിച്ചയച്ചു. അബ്രഹാം മാത്തുച്ചനും, കുഞ്ഞാണ്ടാമ്മയും നിരണം പള്ളിയിൽ അംഗമായിരുന്നു. രണ്ടുപേരേയും നിരണം പള്ളിയിൽ സംസ്ക്കരിച്ചിരിക്കുന്നു.

*മക്കൾ*

1. കൊച്ചിടുക്കളേച്ചൻ മഠത്തിൽ
2. മാത്തുണ്ണി
3. മറിയാമ്മ (കല്ലുങ്കൽ)

XIV-3

**കൊച്ചുമാത്തുച്ചൻ**

**1. കുട്ടിയമ്മ കോടിയാട്ട്**

**2. ഏലിയാമ്മ കോവൂർ**

കൊല്ലമന മാത്തുവിന്റെ മൂന്നാമത്തെ പുത്രൻ കൊച്ചു മാത്തുച്ചൻ നിരണത്ത് ജനിച്ചു. കൊച്ചുമാത്തുച്ചൻ നിരണം പള്ളിയിൽ

അംഗമായിരുന്നു. ഇദ്ദേഹം കോടിയാട്ട് കുടുംബത്തിൽ കുട്ടിയമ്മയെ വിവാഹം കഴിച്ചു. ആദ്യത്തെ പ്രസവത്തിൽ ഭാര്യ മരിച്ചു അതിൽ ഒരു മകനുണ്ട്. രണ്ടാമത് കോവൂർ കുടുംബത്തിലെ ഏലിയാമ്മയെ വിവാഹം കഴിച്ചു. അതിൽ രണ്ട് മക്കളുണ്ടായി. മൂത്തമകൻ വറുഗീസ് (വെളുത്ത കുഞ്ഞാപ്പിച്ചായൻ) രണ്ടാമത്തെ മകൾ കോടിയാട്ട് കുടുംബത്തിലേക്ക് വിവാഹം കഴിപ്പിച്ചയച്ച ശോശാമ്മ. മൂന്നാമത്തെ മകൻ ഫിലിപ്പ്. കോടിയാട്ട് കുടുംബത്തിൽ നിന്നും കല്യാണം കഴിച്ച ശ്രീമാൻ കൊച്ചു മാത്തുച്ചൻ അതേ കുടുംബത്തിലേക്ക് തന്നെ തന്റെ മകളെ കല്യാണം കഴിപ്പിച്ച്, ഭാര്യ മരിച്ചുപോയതിനാൽ ആ കുടുംബവുമായി ഒരു ബന്ധതയും കുടി ഇരുന്ന് ആ ബന്ധം നിലനിർത്തിയതായി ഇപ്പോൾ നമ്മുടെ കുടുംബത്തിൽ ജീവിച്ചിരിക്കുന്നവരിൽ പ്രായം കൂടിയ കുട്ടിയമ്മച്ചി പറഞ്ഞറിയാൻ സാധിച്ചു. കൊച്ചുമാത്തുച്ചനേയും, കുട്ടിയമ്മയേയും, ഏലിയാമ്മയേയും നിരണം പള്ളിയിൽ അടക്കം ചെയ്തിരിക്കുന്നു.

*മക്കൾ*

1. വറുഗീസ് (വെളുത്ത കുഞ്ഞാപ്പിച്ചായൻ)
2. ശോശാമ്മ (കോടിയാട്ട്)
3. ഫിലിപ്പ്

XV-2

**മാത്തുണ്ണി (1850 – 1890)**

1. **മണലിൽ ശോശാമ്മ**
2. **പള്ളിക്കടവിൽ അച്ചാമ്മ**

കൊല്ലമന കുടുംബം തിരുവല്ലായിൽ എത്തിയ ശേഷമുള്ള ആദ്യത്തെ തലമുറയാണ്. കൊല്ലമന അബ്രഹാം മാത്തുച്ചന്റെയും കറുകയിൽ കുടുബാംഗം കുഞ്ഞാണ്ടാമ്മയുടെയും രണ്ടാമത്തെ പുത്രൻ മാത്തുണ്ണിനിരണത്ത് ജനിച്ചു. സുമുഖനും, കാര്യശേഷിയും ഉള്ള ഇദ്ദേഹം കുടുംബസ്വത്തുക്കൾ കൈകാര്യം ചെയ്യുന്നതിൽ പിതാവിനെപോലെ പ്രാപ്തനായിരുന്നു. ധാരാളം ഭൂസ്വത്തുണ്ടായിരുന്നു. ഇദ്ദേഹം തിരുവല്ലായിൽ ബഹുമാനിതനായിരുന്നു. കുടവയറനും, ഗൗരവക്കാരനുമായിരുന്ന ഇദ്ദേഹം കൃഷി ചെയ്യിപ്പിക്കുന്നതിൽ തൽ



പ്പരനായിരുന്നു. ഇദ്ദേഹം തിരുവല്ലായിൽ മണലിൽ കുടുംബാംഗം ശോശാമ്മയെ വിവാഹം കഴിച്ചു. അതിൽ നാല് സന്താനങ്ങൾ ഉണ്ടായി. മൂന്നാണും ഒരു പെണ്ണും. ഇളയ കുട്ടിയുടെ പ്രസവത്തോടെ ഭാര്യ മരിച്ചു. അതിനുശേഷം നിരണത്ത് പള്ളിക്കടവിൽ അച്ചാമ്മയെ വിവാഹം കഴിച്ചു. അതിൽ ഒരു മകനും ഉണ്ടായി. ശ്രീമാൻ മാത്തുണ്ണി 40 വയസ്സുള്ളപ്പോൾ നിര്യാതനായി. ശ്രീമാൻ മാത്തുണ്ണിയേയും, ശോശാമ്മയേയും, അച്ചാമ്മയേയും നിരണം പള്ളിയിൽ സംസ്കരിച്ചിരിക്കുന്നു.

*മക്കൾ*

1. മാത്തു ഏബ്രഹാം 1. മാത്യു വറുഗീസ്
2. മാത്തു
3. ഫിലിപ്പോസ്
4. അന്നമ്മ

XV-3

**മറിയാമ്മ**

**ചാക്കോച്ചൻ കല്ലുങ്കൽ**

മാത്തുച്ചൻ കുഞ്ഞാണ്ടാമ്മ ദമ്പതികളുടെ ഏകമകൾ മറിയാമ്മയെ തേക്കിൽ കല്ലുങ്കൽ ചാക്കോച്ചൻ വിവാഹം കഴിച്ചു. മക്കളുടെ വിവരം അറിവില്ല.

XV-1

**വറുഗീസ് (വെളുത്ത കുഞ്ഞപ്പി)**

1. **മറിയാമ്മ തട്ടുപുരക്കൽ**
2. **കുഞ്ഞാണ്ടമ്മ കാട്ടായിക്കൽ**

മാത്തുച്ചന്റെയും കോവൂർ ഏലിയാമ്മയുടെയും മകൻ വറുഗീസ്, തിരുവല്ലാ പാലിയേക്കര പള്ളി അംഗമായിരുന്നു. കൃഷി കാര്യങ്ങളിൽ തല്പരനായിരുന്ന ഇദ്ദേഹം കരുവാററ തട്ടു പുരയ്ക്കൽ മറിയാമ്മയെ വിവാഹം കഴിച്ചു. അതിൽ നാലു മക്കൾ ഉണ്ടായി. നാലാമത്തെ മകൾ പെണ്ണമ്മയുടെ പ്രസവത്തോടെ ഭാര്യ മരിച്ചു. അതിനുശേഷം കാട്ടാ

യിക്കൽ കുടുംബത്തിൽ നിന്നും കുഞ്ഞാമ്മയെ വിവാഹം കഴിച്ചു. അതിൽ മൂന്ന് മക്കളും ഉണ്ട്. ശ്രീമാൻ വർഗീസിനേയും, മറിയാമ്മയേയും കുഞ്ഞാണ്ടാമ്മയേയും പാലിയേക്കര പള്ളിയിൽ സംസ്ക്കരിച്ചിരിക്കുന്നു.

*മക്കൾ*

| | |
|---|---|
| 1. മാത്യു | 1. പൊന്നമ്മ |
| 2. ഫിലിപ്പോസ് | 2. ചെറിയാൻ |
| 3. ഗ്രേസി | 3. കുഞ്ഞൂഞ്ഞമ്മ |
| 4. പെണ്ണമ്മ. | |

XV-2

**ശോശാമ്മ**

**കോടിയാട്ട് കെ.ജെ. അലക്സാണ്ടർ**

തിരുവല്ലായിൽ മാത്തുച്ചന്റെയും കോവൂർ ഏലിയാമ്മയുടെയും രണ്ടാമത്തെ മകൾ ശോശാമ്മ 1898 ൽ ജനിച്ചു. തിരുവല്ലാ കോടിയാട്ട് കെ.ജെ. അലക്സാണ്ടർ (ഉണ്ണൂണ്ണിച്ചായൻ) ശോശാമ്മയെ വിവാഹം കഴിച്ചു. ഇദ്ദേഹം തിരുവല്ലായിൽ മുൻസിപ്പൽ ചെയർമാൻ ആയിരുന്നു. ഈ ദമ്പതികൾക്ക് നാല് ആൺമക്കളും രണ്ട് പെൺമക്കളും ഉണ്ട്. ഉണ്ണൂണ്ണിച്ചായന്റെ മരണശേഷം ശോശാമ്മ മക്കളുടെ കൂടെ തിരുവനന്തപുരത്ത് അനേകവർഷം താമസിച്ചിരുന്നു. ശോശാമ്മ 4-8-1989 ൽ മകന്റെ വസതിയിൽ വച്ച് മരണമടഞ്ഞു. ഉണ്ണൂണ്ണിച്ചായനെയും, ശോശാമ്മയെയും തിരുവല്ലാ കട്ടപ്പുറത്ത് പള്ളിയിൽ സംസ്ക്കരിച്ചു.

*മക്കൾ*

1. കെ.എ. അലക്സാണ്ടർ
2. തങ്കമ്മ
3. കുഞ്ഞൂഞ്ഞമ്മ
4. ജേക്കബ് അലക്സാണ്ടർ
5. കുര്യൻ അലക്സാണ്ടർ
6. കെ.എ. ജോർജ്



XV-3

**ഫിലിപ്പ് മാത്യു (ഫിലിപ്പോസ്)**

**1. മാരത്തോട്ടം ഏലിയാമ്മ**

**2. ആച്ചിയമ്മ പുളിമൂററം**

കൊച്ചുമാത്തുച്ചന്റെയും കോടിയാട്ട് കുട്ടിയമ്മയുടെയും ഏക മകൻ കൊല്ലവന ഫിലിപ്പോസ്, തിരുവല്ലാ പാലിയേക്കര പള്ളിയിലെ അംഗമായിരുന്നു. തിരുവല്ലായിൽ സ്ഥിരതാമസക്കാരനായിരുന്ന ഇദ്ദേഹം കച്ചവടത്തിൽ തൽപരനായിരുന്നു. ഇദ്ദേഹം മാരത്തോട്ടം, വെണ്ണിക്കുളം കുടുംബത്തിൽ നിന്നും ഏലിയാമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ ഉണ്ടായി. ഒരു മകനും, ഒരു മകളും-കുഞ്ഞൂഞ്ഞ്, ഏലിയാമ്മ. രണ്ടാമത്തെ മകളുടെ പ്രസവത്തോടുകൂടി ഭാര്യ മരിച്ചു. അതിനുശേഷം പ്രയാർ പുളിമൂററത്തിൽ ശ്രീമാൻ പി.ഒ. ഉമ്മന്റെ മകൾ ആച്ചിയമ്മയെ വിവാഹം കഴിച്ചു. അതിൽ നാല് മക്കൾ ഉണ്ടായി. മൂന്ന് ആണും, ഒരു പെണ്ണും, കുട്ടിയമ്മ, കുഞ്ഞ്, ജോർജുകുട്ടി, ബേബി. ജോർജുകുട്ടിയും, ബേബിയും ഇരട്ടകളായിരുന്നു.

10.2.1954 നിര്യാതനായ ഫലിപ്പോസിനെ തിരുവല്ലാ കാവുംഭാഗത്ത് തെക്കേ പുത്തൻ പള്ളിയിൽ സംസ്ക്കരിച്ചു. ആദ്യത്തെ ഭാര്യ ഏലിയാമ്മയേയും തെക്കേ പുത്തൻ പള്ളിയിൽ സംസ്ക്കരിച്ചു. രണ്ടാമത്തെ ഭാര്യ ആച്ചിയമ്മയെ തിരുവനന്തപുരം പാററൂർ പള്ളിയിൽ സംസ്ക്കരിച്ചു. ആച്ചിയമ്മ 06.01.1970 ൽ മരിച്ചു.

*മക്കൾ*

| | |
|---|---|
| 1. കുഞ്ഞ് വാഴയിൽ | 1. കുട്ടിയമ്മ |
| 2. ഏലിയാമ്മ | 2. കുഞ്ഞ് |
| | 3. ജോർജുകുട്ടി |
| | 4. ബേബി |

XVI-1

**മാത്തു എബ്രഹാം**

**മറിയാമ്മ നെല്ലിമൂട്ടിൽ (പടിഞ്ഞാറ്റേടത്ത്)**

മാത്തുവിന്റെയും, തിരുവല്ലാ മണലിൽ ശോശാമ്മയുടെയും മൂത്ത പുത്രൻ മാത്തു എബ്രഹാം 1870 ൽ ജനിച്ചു. ബിസിനസ്സുകാരനാ

യിരുന്ന ഇദ്ദേഹം ഭൂസ്വത്തുടമയായിരുന്നു. ദൃഢഗാത്രനായിരുന്ന ഇദ്ദേഹം ഗൗരവക്കാരനായിരുന്നു. തിരുവല്ലായിൽ പല ഭാഗത്തായി വസ്തുവകകൾ ഉണ്ടായിരുന്നതായി തെളിവുണ്ട്. തിരുവല്ലായിൽ പുളിക്കിഴ് അടുത്ത് കല്ലുങ്കൽ എന്ന സ്ഥലത്ത് ധാരാളം വസ്തുകൾ ഉണ്ടായിരുന്നു. തിരുവല്ലായിൽ ബഹുമാനിതനായിരുന്ന ഇദ്ദേഹം തികഞ്ഞ ദൈവ ഭക്തനായിരുന്നു. തിരുവല്ലാ, പാലിയേക്കര പള്ളിയുടെ ട്രസ്റ്റിയായി അനേകവർഷം ഇരുന്നിരുന്നു. പള്ളിയുടെ കേസിനുവേണ്ടി കുടുംബസ്വത്ത് ധാരാളം ചിലവഴിച്ചു. അങ്ങനെ ഭൂസ്വത്ത് കുറയുവാൻ ഇടയായി. ഇദ്ദേഹം അടൂർ നെല്ലിമൂട്ടിൽ ', പടിഞ്ഞാറേടത്ത് ജോർജ് മുതലാളിയുടെ മകൾ മറിയാമ്മയെ 1894 ൽ വിവാഹം കഴിച്ചു. വെളുത്ത് സുന്ദരിയായിരുന്ന മറിയാമ്മ തികഞ്ഞ ദൈവഭക്തയായിരുന്നു. ഇവർക്ക് രണ്ട് ആൺ മക്കളും നാല് പെൺമക്കളും ഉണ്ട്. മാത്തു എബ്രഹാം 1930 ജൂലൈ 16-ാം തീയതി മരിച്ചു. മരിക്കുമ്പോൾ 60 വയസ്സായിരുന്നു. മറിയാമ്മ എബ്രഹാം 1946 മാർച്ച് 24-ാം തീയതി മരിച്ചു. മരിക്കുമ്പോൾ 72 വയസ്സായിരുന്നു. രണ്ടുപേരേയും തിരുവല്ലാ പാലിയേക്കര പള്ളിയിൽ അടക്കം ചെയ്തിരിക്കുന്നു.

*മക്കൾ*

1. എബ്രഹാം മാത്യു
2. ഡോ. ജോർജ് കൊല്ലമന
3. ശോശാമ്മ
4. മറിയക്കുട്ടി
5. അന്നക്കുട്ടി
6. പെണ്ണമ്മ

## XVI-2

**മാത്തു കൊല്ലമന പുത്തൻ പുരയ്ക്കൽ**

**കുഞ്ഞാണ്ടാമ്മ താശിയിൽ**

മാത്തുണ്ണി, ശോശാമ്മയുടെ രണ്ടാമത്തെ പുത്രൻ മാത്തു നിരണത്ത് നിന്ന്തിരുവല്ലായിൽ വന്ന് സ്ഥിരതാമസക്കാരനായി. അങ്ങനെ കൊല്ലമന പുത്തൻ പുരയ്ക്കൽ ശാഖ രൂപം കൊണ്ടു. മാത്തു, കാർത്തികപള്ളിയിൽ നെടുന്ത്ര താശിയിൽ കുടുംബത്തിൽ നിന്ന് കുഞ്ഞാ



ണ്ടാമ്മയെ വിവാഹം കഴിച്ചു. അനേകം ഭൂസ്വത്തുക്കളുടെ ഉടമയായിരുന്ന ഇദ്ദേഹം കൃഷിയിൽ തൽപരനായിരുന്നു. ഈ ദമ്പതികൾക്ക് രണ്ട് പെൺമക്കളും, ഒരു മകനും ഉണ്ടായി. ശ്രീമാൻ മാത്തുവിനേയും, കുഞ്ഞാണ്ടമ്മയേയും പാലിയേക്കര പള്ളിയിൽ അടക്കം ചെയ്തിരിക്കുന്നു.

*മക്കൾ*

1. ഏലുമ്മ
2. പാപ്പച്ചൻ
3. പെണ്ണമ്മ.

## XVI-3

**ഫിലിപ്പോസ്**

**അന്നമ്മ**

മാത്തുണ്ണി, ശോശാമ്മ ദമ്പതികളുടെ മൂന്നാമത്തെ പുത്രൻ ഫിലിപ്പോസ് അന്നമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ഫിലിപ്പോസിനേയും അന്നമ്മയേയും തിരുവല്ലാ പാലിയേക്കര പള്ളിയിൽ അടക്കം ചെയ്തിരിക്കുന്നു

*മക്കൾ*

1. കെ.പി. മാത്യു (കൊച്ചാപ്പി)
2. പെണ്ണുകുഞ്ഞ്

## XVI-4

**അന്നാമ്മ**

**വി. വറുഗീസ് കത്തനാർ പൈനുംമൂട്ടിൽ**

കൊല്ലമന മാത്തുണ്ണിയുടെയും മണലിൽ ശോശാമ്മയുടെയും മകൾ അന്നാമ്മ 1876 ൽ ജനിച്ചു. തിരുവല്ല ചാലക്കുഴി പൈനും മൂട്ടിൽ ഗീവറുഗീസ് കത്തനാർ (ചാലക്കുഴി കൊച്ചച്ചൻ) വിവാഹം കഴിച്ചു. ചാലക്കുഴി വല്യച്ചന്റെ മകനാണ് ഇദ്ദേഹം. ഈ ദമ്പതികൾക്ക് രണ്ട് മക്കളുണ്ട്. തികഞ്ഞ ദൈവഭക്തരായിരുന്ന ഈ ദമ്പതികളെ തിരുവല്ല,

പാലിയേക്കരപള്ളിയിൽ അടക്കം ചെയ്തിരിക്കുന്നു.

*മക്കൾ*

1. ഏലിയാമ്മ
2. കുഞ്ഞൂഞ്ഞ്

## XVI-5

**മാത്യുവറുഗീസ് (കറുത്തകുഞ്ഞാപ്പിച്ചായൻ)**

**ഏലിയാമ്മ ചെത്തിക്കാട്ട്**

കൊല്ലമന മാത്തുണ്ണിയുടെയും രണ്ടാം ഭാര്യ പള്ളിക്കടവിൽ കുടുംബാംഗമായ അച്ചാമ്മയുടെയും ഏക മകനാണ് മാത്യു വറുഗീസ് (കറുത്തകുഞ്ഞാപ്പിച്ചായൻ) 21-02-1996 ൽ ജനിച്ചു. ഇദ്ദേഹം തിരുവല്ലാ ചെത്തിക്കാട്ട് കുടുംബാംഗം ഏലിയാമ്മയെ വിവാഹം കഴിച്ചു.

തിരുവല്ലായിൽ ഏററവും ആദ്യം പുസ്തകവ്യാപാരം ആരംഭിച്ചത് കുഞ്ഞാപ്പിച്ചായനാണെന്നു പറഞ്ഞാൽ അതിൽ വലിയ തെററുണ്ടെന്ന് തോന്നുന്നില്ല. ആലപ്പുഴയിൽ വീരൈയ്യാ റെഡിയാരുടെ പ്രസിന്റെ ആരംഭ കാലം. ഒരു പക്ഷെ അദ്ദേഹവുമായി കുഞ്ഞാപ്പിച്ചായന് ഉണ്ടായിരുന്ന പരിചയം കാരണമായിരിക്കണം തിരുവല്ലായിൽ ഒരു പുസ്തകവ്യാപാരത്തിന് തുടക്കം കുറിച്ചത്. തിരുവല്ലായിൽ കുഞ്ഞാപ്പിച്ചായൻ ആരംഭിച്ച ഡിപ്പോയിൽ സ്കൂളുകൾക്കാവശ്യുള്ള പുസ്തകങ്ങളും, റെഡിയാർ പ്രസിൽ അടിച്ചിറക്കിയ പുസ്തകങ്ങളും, ചർച്ച് മിഷ്യന്റെ പ്രസിദ്ധീകരണങ്ങളും കൂടാതെ ഓക്സ്ഫോർഡ് പബ്ളിക്കേഷന്റെ പല പുസ്തകങ്ങളും ഈ ഡിപ്പോയിൽ ലഭ്യമായിരുന്നു. എന്നാൽ അന്ന് തിരുവല്ലായിൽ പുസ്തകപ്രേമികൾ കുറവായിരുന്നു. അതിനാൽ വിചാരിച്ചതുപോലെ വ്യാപാരം പുരോഗമിച്ചില്ല. 1920 ന്റെ ആരംഭത്തിൽ തുടങ്ങിയ പുസ്തകവ്യാപാര സംരംഭം ഏതാണ്ട് 12 വർഷങ്ങൾക്കു ശേഷം അടച്ചുപൂട്ടേണ്ടിവന്നു. ആ ഇടപാടിൽ അന്നത്തെ കാലത്ത് ഒരു വൻതുക നഷ്ടത്തിനു കാരണമാവുകയും ചെയ്തു. 1935 നുശേഷം കൊല്ലമന തറവാട്ടിൽ ഒരു മുറി മുഴുവൻ അട്ടിവച്ചിരുന്നതായ പുസ്തകക്കൂട്ടത്തിൽ നിന്നും ഇംഗ്ലീഷിലും മലയാളത്തിലുമുള്ള ചില പുസ്തകങ്ങൾ ഈ വിവരണം നൽകിയ നമ്മുടെ കുടുംബയോഗം പ്രസിഡന്റ് ശ്രീമാൻ. പി.പി. ഇടുക്കളയുടെ കൈവശമുണ്ടായിരുന്നു. അതിൽ ''പരദേശ മോക്ഷ യാത്ര'' (ജോൺ ബനിയന്റെ) ഇംഗ്ലീഷിൽ നിന്നും മലയാളത്തിലേക്ക് തർജ്ജമ ചെയ്ത



പുസ്തകം പിൽക്കാലത്ത് ആരോ വായിക്കാൻ മേടിച്ചത് തിരിച്ചു കിട്ടാതെ പോയതായി ശ്രീമാൻ ഇടുക്കള അറിയിച്ചു. അവിടെ ഉണ്ടായിരുന്ന പുസ്തസഞ്ചയം ഒടുവിൽ വെൺ ചിതലിന് ഇരയാകുകയായിരുന്നു. കറുത്ത കുഞ്ഞാപ്പിച്ചായനും ഏലിയാമ്മയ്ക്കും നാല് മക്കളുണ്ട്. മാത്യുവർഗീസ് 2-4-1974 ലും ഏലിയാമ്മ 16-9-1968 ലും നിര്യാതരായി. രണ്ടുപേരേയും കുറ്റപ്പുഴ മാർ ഗ്രീഗോറിയോസ് പള്ളിയിൽ സംസ്ക്കരിച്ചിരിക്കുന്നു.

*മക്കൾ*

1. മാത്യു കെ.വി. (ബേബിച്ചായൻ)
2. അച്ചാമ്മ (പെണ്ണമ്മ)
3. ഉമ്മൻ കെ.വി. (കൊച്ചു കുഞ്ഞ്)
4. തങ്കമ്മ

## XVI-1

**കെ. വി. മാത്യൂ**

**ചിന്നമ്മ ചക്കുംമൂട്ടിൽ**

വെളുത്ത കുഞ്ഞാപ്പിച്ചായന്റേയും തട്ടുപുരയ്ക്കൽ മറിയാമ്മയുടേയു് മൂത്തമകൻ മാത്യൂ തിരുവല്ലായിൽ ജനിച്ചു. ഇദ്ദേഹം ചക്കുംമൂട്ടിൽ കുടുംബത്തിൽ ചിന്നമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് ഒരു മകനും, രണ്ട് പെൺമക്കളും ഉണ്ട്.

*മക്കൾ*

1. വർഗീസ്
2. മേരിക്കുട്ടി
3. കൊച്ചുമോൾ

## XVI-2

**കെ. വി. ഫിലിപ്പോസ്**

**തങ്കമ്മ(ഓലിക്കര പുത്തൻവീട്)**

വെളുത്ത കുഞ്ഞാപ്പിച്ചായന്റേയും തട്ടുപുരയ്ക്കൽ മറിയാമ്മയുടേയും രണ്ടാമത്തെ മകൻ ഫിലിപ്പോസ് തിരുവല്ലായിൽ ജനിച്ചു.

ഇദ്ദേഹം ഓലിക്കര പുത്തൻവീട് കുടുംബാംഗം തങ്കമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് മൂന്ന് ആൺ മക്കളുണ്ട്.

*മക്കൾ*

1. വറുഗീസ് കെ.പി
2. ഫിലിപ്പ് കെ.പി
3. മാത്യൂ

K.V. Philipose, Kollavana
Kunnamthanam P.O, Via- Thiruvalla 689 581
Tel- 0473-691488

XVI-3

**ഗ്രേസി**

**ജോസഫ് മുത്താററിൽ**

കൊല്ലമന കുഞ്ഞപ്പിച്ചായന്റെയും, തട്ടുപുരയ്ക്കൽ മറിയാമ്മയുടെയും മകൾ ഗ്രേസി, മുത്താററിൽ കുടുംബാംഗം ജോസഫ് വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് മൂന്ന് ആൺ മക്കളുണ്ട്.

XVI-4

**പെണ്ണമ്മ**

**മാത്യു, കൊച്ചുവീട്ടിൽ**

കൊല്ലമന കുഞ്ഞപ്പിച്ചയാന്റെയും, തട്ടുപുരക്കൽ മറിയാമ്മയുടെയും മകൾ പെണ്ണമ്മ, കോട്ടയത്ത് കൊച്ചുവീട്ടിൽ മാത്യു വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് മൂന്ന് ആൺമക്കളും ഒരു പെൺമകളും ഉണ്ട്.

XVI-5

**പൊന്നമ്മ**

വെളുത്ത കുഞ്ഞാപ്പിച്ചായന്റെയും രണ്ടാമത്തെ ഭാര്യ കാട്ടായിക്കൽ കുടുംബത്തിൽ കുഞ്ഞാണ്ടാമ്മയുടെ മൂത്ത പുത്രിയാണ് പൊന്നമ്മ.



XVI-6

**ചെറിയാൻ കൊല്ലമന**

വെളുത്ത കുഞ്ഞാപ്പിച്ചായന്റെയും രണ്ടാമത്തെ ഭാര്യ കാട്ടായിക്കൽ കുടുംബാംഗം കുഞ്ഞാണ്ടാമ്മയുടെയും മകൻ ചെറിയാൻ വിവാഹിതനായി. ഇദ്ദേഹത്തിന് ഒരു മകളും മകനും, മക്കളായി ഉണ്ട്. ചെറിയാന്റെ മൂത്ത സഹോദരി പൊന്നമ്മയും, ഇളയ സഹോദരി കുഞ്ഞൂഞ്ഞമ്മയും ആണ്.

XVI-7

**കുഞ്ഞൂഞ്ഞമ്മ**

വെളുത്ത കുഞ്ഞാപ്പിച്ചായന്റെയും രണ്ടാമത്തെ ഭാര്യ കാട്ടായിക്കൽ കുടുംബത്തിൽ കുഞ്ഞാണ്ടാമ്മയുടെയും രണ്ടാമത്തെ പുത്രിയാണ് കുഞ്ഞൂഞ്ഞാമ്മ.

XVI - 1

**കുഞ്ഞ് കൊല്ലവനവാഴയിൽ**

**മറിയാമ്മ ചാലക്കുഴി പുത്തൻ പുരയ്ക്കൽ**

കൊല്ലവന ഫിലിപ്പിന്റെയും, മാരത്തോട്ടം വെണ്ണിക്കുളം ഏലിയാമ്മയുടെയും മൂത്ത പുത്രൻ കുഞ്ഞ് തിരുവല്ലായിൽ സ്ഥിരതാമസക്കാരനായിരുന്നു. ഈ കുടുംബശാഖയെ കൊല്ലവനവാഴയിൽ എന്ന പേരിൽ അറിയപ്പെടുന്നു. ഇദ്ദേഹം ചാലക്കുഴി പുത്തൻ പുരയ്ക്കൽ മറിയാമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് ഒരു മകൻ ഉണ്ട്. അനിയൻ കുഞ്ഞ് (K.V.M. തോമസ്)

XVI - 2

**ഏലിയാമ്മ**

**കണ്ടത്തിൽ കെ. പി. മാത്തുള്ള (കുഞ്ഞ്)**

കൊല്ലമന ഫിലിപ്പിന്റെയും മാരത്തോട്ടം കുടുബംത്തിൽ ഏലിയാമ്മയുടെയും മകൾ ഏലിയാമ്മ തിരുവല്ലായിൽ ജനിച്ചു. ഏലിയാമ്മയെ കണ്ടത്തിൽ കെ.പി. മാത്തുള്ള (കുഞ്ഞ്) വിവാഹം കഴിച്ചു. ബിസിനസ്സുകാരനായിരുന്ന ഇദ്ദേഹം 1968 ൽ 71-ാം വയസ്സിൽ മരിച്ചു. ഏലിയാമ്മ 1939 ൽ മരിച്ചു. ആലപ്പുഴ ഓർത്തഡോക്സ് പള്ളിയിൽ അടക്കം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ ഉണ്ട്.

XVI-3

**കുട്ടിയമ്മ (അന്നമ്മ ഡേവിഡ്)**

**വലിയ വീട്ടിൽ ഡേവിഡ് എം.**

കൊല്ലമന ഫിലിപ്പോസിന്റെയും പുളിമുററം ആച്ചിയമ്മയുടെയും മകൾ കുട്ടിയമ്മ 1908 ൽ തിരുവല്ലായിൽ ജനിച്ചു. വലിയ വീട്ടിൽ ഡേവിഡിന്റെ ആദ്യഭാര്യയുടെ മരണശേഷം കുട്ടിയമ്മയെ വിവാഹം കഴിച്ചു. ആദ്യത്തെ വിവാഹത്തിൽ ഒരു മകനുണ്ട് ഡേവിഡ്. കുട്ടിയമ്മ ദമ്പതികൾക്ക് എട്ടുമക്കൾ ഉണ്ടായി. ഇപ്പോൾ നമ്മുടെ കുടുംബത്തിൽ ജീവിച്ചിരിക്കുന്ന ഏററവും പ്രായംകൂടിയ അമ്മച്ചിയാണ് കുട്ടിയമ്മച്ചി. അമ്മച്ചിക്ക് 92 വയസ്സുണ്ടെങ്കിലും ദൈവാശ്രയത്തോടെ ആരോഗ്യവതിയായി ആലപ്പുഴ കുടുംബവീട്ടിൽ മകനോടൊപ്പം താമസിക്കുന്നു. കുട്ടിയമ്മ അമ്മച്ചിക്ക് 12 വയസ്സുള്ളപ്പോൾ വിവാഹം കഴിഞ്ഞു. അന്നത്തെ കാലത്ത് പെൺകുട്ടികളെ വളരെ ചെറുപ്പത്തിലെ വിവാഹം കഴിപ്പിക്കുമായിരുന്നു. ഇന്നത്തെ രീതികളേക്കാൾ വിഭിന്നമായിരുന്നു അന്നുള്ളത്. മാതാപിതാക്കൾ കണ്ട് തീരുമാനിക്കുന്ന വിവാഹം നടക്കുകയാണ് പതിവ്. പെൺകുട്ടിക്ക് വിവാഹം കഴിക്കുവാൻ പോകുന്ന പുരുഷനെ കാണുവാൻ അവസരമുണ്ടായിരുന്നില്ല, എന്ന് തന്റെ പഴയകാല അനുഭവം അമ്മച്ചി വിവരിച്ചു.



*മക്കൾ*

1. എസ്.എം. ഡേവിഡ്

1. ഷേർളി
2. എം.എം. ഡേവിഡ്
3. മിസ്സസ്സ് ദേവസ്യ
4. ജോർജ് എം. ഡേവിഡ്
5. സണ്ണി
6. കുഞ്ഞുമോൾ
7. സൂസമ്മ
8. ജോളി

Annamma David, Valliayaveedu
Sea View Road, Alleppey
Tel : 245861

XVI-4

**കുഞ്ഞ്**

കൊല്ലമന ഫിലിപ്പിന്റെയും പുളിമുററത്ത് ആച്ചിയമ്മയുടെയും മകൻ കുഞ്ഞ് തിരുവല്ലായിൽ ജനിച്ചു. ചെറുപ്പത്തിൽ മഞ്ഞപിത്തം പിടിപ്പെട്ട് മരണമടഞ്ഞു. മരിക്കുമ്പോൾ 35 വയസ്സായിരുന്നു. ഇദ്ദേഹത്തെ തിരുവല്ലാ പാലിയേക്കര പള്ളിയിൽ സംസ്ക്കരിച്ചിരിക്കുന്നു.

XVI-5

**കെ. പി. ജോർജ് (ജോർജ് കുട്ടി)**

**മേരിക്കുട്ടി (കാട്ടാമ്പള്ളിൽ)**

കൊല്ലമന ഫിലിപ്പോസിന്റെയും പുളിമുററത്ത് ആച്ചിയമ്മയുടെയും ഇരട്ട പുത്രൻ മകൻ ജോർജ്കുട്ടി തിരുവല്ലായിൽ 20.3.1919 ൽ ജനിച്ചു. ഇദ്ദേഹം 1943 ൽ ഇന്ത്യൻ നേവിയിൽ ചേർന്ന് ബോംബെയിൽ അഞ്ചുവർഷത്തോളം ജോലി നോക്കി. 1947 ൽ മേയ് 25-ാം തീയതി എടത്വാ കാട്ടാമ്പള്ളിൽ പ്രൊഫസർ കെ.വി. ചാക്കോയുടെ മകൾ

മേരിക്കുട്ടിയെ വിവാഹം കഴിച്ചു. വിവാഹശേഷം 1948 ൽ നേവിയിൽ നിന്നും തിരികെ നാട്ടിൽ വന്ന കാവുംഭാഗത്ത് കുടുംബവീട്ടിൽ താമസമാക്കി. ബിസിനസ്സിൽ തല്പരനായിരുന്ന ഇദ്ദേഹം 1963 വരെ പുളികീഴ് ഭാഗത്ത് ബിസിനസ്സിൽ ഏർപ്പെട്ടിരുന്നു. അതിനുശേഷം തിരുവനന്തപുരത്ത് ബേക്കറി ജംഗ്ഷനിൽ സ്വന്തമായി വീട് പണി കഴിപ്പിച്ച് താമസമാക്കി. പിന്നീടുള്ള കാലം ബിസിനസ്സുമായി തിരുവനന്തപുരത്ത് കഴിഞ്ഞു. ഈ ദമ്പതികൾക്ക് ആറ് മക്കൾ ഉണ്ട്. മൂന്ന് ആണും, മൂന്ന് പെണ്ണും. ലേബർ കമ്മീഷണർ ഓഫീസിൽ ഉദ്യോഗസ്ഥയായിരുന്ന ശ്രീമതി മേരിക്കുട്ടി ജോലി സംബന്ധമായി പല സ്ഥലങ്ങളിലും ജോലി നോക്കിയിരുന്നെങ്കിലും 1986 ൽ അഡ്മിനിസ്ട്രേററീവ് അസിസ്റ്റന്റായി ജോലിയിൽ നിന്ന് വിരമിച്ചു. ശ്രീമാൻ ജോർജ്കുട്ടി ജൂലൈ 25-ാം തീയതി 1981-ൽ മരണമടഞ്ഞു. അദ്ദേഹത്തെ സെന്റ് ജോർജ് പള്ളിയുടെ പാറ്റൂർ സെമിത്തേരിയിൽ അടക്കം ചെയ്തിരിക്കുന്നു. ശ്രീമതി മേരിക്കുട്ടി, ഇളയ മകൾ സൂസനോടൊപ്പം ബേക്കറി ജംഗ്ഷനിലുള്ള സ്വന്തം വീട്ടിൽ കഴിയുന്നു.

*മക്കൾ*

1. കെ.ജി ഫിലിപ്പ്
2. മോളി ചാക്കോ
3. മറിയാമ്മാ വർഗീസ്
4. ജേക്കബ് കെ. ജോർജ്
5. സൂസൻ ജോർജ്
6. ബിജൂ മാത്യൂ

Mrs. Marykutty George, Kollamana
House No.10, Chembaka Nagar Road
Bakery Junction, Trivandrum
Tel : 330861



XVI-6

**ഫിലിപ്പോസ് കെ. പി. (ബേബി)**

**മേരിക്കുട്ടി ചാത്തൻ കേരി ചിറയിൽ**

കൊല്ലമന ഫിലിപ്പോസിന്റേയും, പുളിമുറ്റം കുടുംബാംഗം ആച്ചിയമ്മയുടേയും ഇരട്ട പുത്രൻ ബേബി 20-3-1919-ൽ തിരുവല്ലായിൽ ജനിച്ചു. ഇദ്ദേഹം ചിറയിൽ (ചാത്തൻ കേരി) കുടുംബത്തിൽ മറിയാമ്മ (മേരിക്കുട്ടി) യെ വിവാഹം കഴിച്ചു. ചെറുപ്പം മുതൽ ബിസിനസ്സിൽ തൽപ്പരനായിരുന്ന ഇദ്ദേഹം തിരുവല്ലായിലും തുടർന്ന് തിരുവനന്തപുരത്തും ബിസിനസ്സിൽ ഏർപ്പെട്ടിരുന്നു. 1968- മുതൽ തിരുവനന്തപുരത്ത് വന്ന ഇദ്ദേഹം തിരുമലയിൽ താമസമാക്കി. ഈ ദമ്പതികൾക്ക് നാല് ആൺ മക്കളും ഒരു മകളും ഉണ്ട്. ശ്രീമതി മറിയാമ്മ 23-9-1973-ൽ നിര്യാതയായി. തിരുവനന്തപുരത്ത് സെന്റ് ജോർജ് പള്ളിയുടെ പാറ്റൂർ സെമിത്തേരിയിൽ അടക്കം ചെയ്തി രിക്കുന്നു.

*മക്കൾ*

1. കെ.പി മാത്യൂ
2. കെ. പി എബ്രാഹാം
3. കെ.പി അലക്സാണ്ടർ
4. കെ. പി. ജോസഫ്
5. മോളി

XVII-1

**ഏബ്രാഹാം മാത്യൂ(ഉണ്ണൂണ്ണിച്ചായൻ)**

**മറിയാമ്മ കോവൂർ**

കൊല്ലമന മാത്തൂ ഏബ്രഹാമിന്റേയും അടൂർ നെല്ലിമൂട്ടിൽ മറിയാമ്മയുടേയും മകൻ ഏബ്രാഹാം മാത്യൂ കുംഭം 15-1070 (25-02-1895)-ൽ തിരുവല്ലായിൽ ജനിച്ചു. സുമുഖനും കാര്യശേഷിയുമുള്ള ഇദ്ദേഹം കുടുംബസ്വത്തുക്കൾ കൈകാര്യം ചെയ്യുന്നതിൽ പിതാവിനെപ്പോലെ പ്രാപ്തനായിരുന്നു. പിതാവ് സാമുദായിക കാര്യമായിട്ടും മറ്റും ദീർഘയാത്രകൾ ചെയ്തിരുന്ന അവസരങ്ങളിൽ

ഇദ്ദേഹമാണ് വീട്ടുകാര്യങ്ങൾ നോക്കിയിരുന്നത്. വളരെ ചെറുപ്പത്തിലേ കച്ചവട കാര്യങ്ങളിൽ തൽപ്പരനായിരുന്നു. തിരുവല്ല പാലിയേക്കര പള്ളിയിലേക്ക് പോകുന്ന വഴിയിൽ, എം.ജി.എം. സ്കൂളിനടുത്ത് ആയിരുന്നു ശ്രീമാൻ എബ്രഹാം മാത്യു താമസിച്ചിരുന്ന കുടുംബവീട്. വീടിന്റെ മുൻഭാഗം കച്ചവടത്തിനായി ഉപയോഗിച്ചിരുന്നു.

ശ്രീമാൻ എബ്രഹാം മാത്യുവിന് 19 വയസ്സുള്ളപ്പോൾ തിരുവല്ല വാരിക്കാട്ട് കോവൂർ അവറാച്ചന്റെ മകൾ 15 വയസ്സുള്ള മറിയാമ്മയെ വിവാഹം കഴിച്ചു. ഇവരുടെ വിവാഹം മകരം 13-1089-ൽ ആയിരുന്നു. വെളുത്ത് സുന്ദരിയായിരുന്ന മറിയാമ്മ പാചകത്തിൽ അതിവിദഗ്ദയായിരുന്നു. അതിഥികളെ സൽക്കരിക്കുന്നതിലും മറ്റും മറിയാമ്മ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

വാർദ്ധക്യ കാലത്ത് തിരുവനന്തപുരത്ത് നന്തൻകോട് മൂത്തമകൻ അവറാച്ചന്റെ വീട്ടിൽ ശ്രീമാൻ ഏബ്രഹാം മാത്യുവും, മറിയാമ്മയും താമസിച്ചിരുന്നു. ശ്രീമാൻ ഏബ്രഹാം മാത്യു, മുത്തമകന്റെ വീട്ടിൽ വച്ച് ഹൃദയസ്തംഭനം മൂലം 21-10-1965 മരണമടഞ്ഞു. മരിക്കുമ്പോൾ 70 വയസ്സായിരുന്നു. മരണശേഷം തിരുവല്ലായിൽ കുടുംബവീട്ടിൽ മൃതദേഹം കൊണ്ടുവരികയും, തിരുവല്ല പാലിയേക്കര പള്ളിയിൽ സംസ്ക്കരിക്കുകയും ചെയ്തു. ശ്രീമതി മറിയാമ്മ ശേഷമുള്ള കാലം മൂത്തമകന്റെ ഭവനത്തിൽ കഴിഞ്ഞിരുന്നു. ശ്രീമതി മറിയാമ്മ വാർദ്ധക്യ രോഗത്താൽ 18-05-1978 ൽ മരിച്ചു. തിരുവനന്തപുരത്ത് സെന്റ് ജോർജ്ജ് പള്ളിയുടെ പാറ്റൂർ സെമിത്തേരിയിൽ അടക്കം ചെയ്തു. മരിക്കുമ്പോൾ 80 വയസ്സായിരുന്നു.

*മക്കൾ*

1. അമ്മിണി
2. കെ.എം. ഏബ്രഹം (അവറാച്ചൻ)
3. കെ.എം. പുന്നൂസ് (പുന്നൂച്ചൻ)
4. കെ.എം. മാത്യു (രാജൻ)
5. രാജമ്മ



XVII-2

**ഡോക്ടർ ജോർജ് കൊല്ലമന**

**ഡോക്ടർ അച്ചാമ്മ ജോർജ്ജ് ഇടവനത്തുകാവിൽ**

കൊല്ലമന മാത്തൂ ഏബ്രഹാമിന്റെയും അടൂർ നെല്ലിമൂട്ടിൽ (പടിഞ്ഞാറേടത്ത്) മറിയാമ്മയുടെയും രണ്ടാമത്തെ പുത്രൻ ജോർജ് 1900 ൽ തിരുവല്ലായിൽ ജനിച്ചു. ആറടിയോളം ഉയരവും സുമുഖനും ആയിരുന്ന ഇദ്ദേഹം പഠനത്തിൽ സമർത്ഥനായിരുന്നു. ഡെന്റൽ സർജന്റ് ആയിരുന്ന ഇദ്ദേഹം ചെങ്ങന്നൂർ ഇടവനത്തുകാവിൽ ശ്രീമാൻ കെ. നൈനാന്റെ പുത്രി അച്ചാമ്മയെ 1930 ൽ വിവാഹം കഴിച്ചു. തിരുവല്ലായിൽ നിന്നും എറണാകുളത്ത് താമസമാക്കി പ്രാക്ടീസ് ആരംഭിച്ച ഈ ദമ്പതികൾ 1947ൽ ആലപ്പുഴയിലേക്ക് താമസം മാറി. ആലപ്പുഴയിൽ സ്വന്തമായി വീട് പണി കഴിപ്പിച്ച് താമസമാക്കി. അതിനോടകം ഡെന്റൽ സർജന്റ് കോഴ്സ് പാസ്സായി, അച്ചാമ്മയും തന്റെ ഭർത്താവിനോടൊപ്പം പ്രാക്ടീസ് ചെയ്യുവാൻ തുടങ്ങി. ഈ ദമ്പതികൾക്ക് മൂന്ന് പെൺമക്കളും രണ്ട് ആൺ മക്കളും ഉണ്ട്. 30-5-1986 ൽ ശ്രീമതി അച്ചാമ്മ ഹൃദയസ്തംഭനം മൂലം പെട്ടന്ന് നിര്യാതയായി. അതിനുശേഷം ഒരു വർഷം ജീവിച്ച ശ്രീമാൻ ജോർജ്ജ് 1987 ഡിസംബർ 21-ാം തീയതി 88 വയസ്സുള്ളപ്പോൾ നിര്യാതനായി. രണ്ടുപേരെയും തിരുവല്ലാ പാലിയേക്കര പള്ളിയിൽ അടക്കം ചെയ്തിരിക്കുന്നു.

*മക്കൾ*

1. എലിസബത്ത് ഫിലിപ്പ്
2. അച്ചാമ്മ ഡാനിയേൽ
3. ഡോ. ശോശാമ്മ ജോസഫ്
4. ഡോ. എബ്രഹാം കൊല്ലമന
5. നൈനാൻ കൊല്ലമന

XVII-3

**ശോശാമ്മ**

**പുത്തൻപുരയ്ക്കൽ തോമസ്സ്**

കൊല്ലമന മാത്തു എബ്രഹാമിന്റെയും നെല്ലിമൂട്ടിൽ മറിയാമ്മയുടെയും മക്കളിൽ മൂന്നാമത്തെ മകൾ ശോശാമ്മ 1899 ൽ ജനിച്ചു.

മാവേലിക്കരയിൽ പുത്തൻപുരയ്ക്കൽ കുടുംബത്തിലെ തോമസ്സ് (ററി. പി. ഫിലിപ്പ്) വിവാഹം കഴിച്ചു. ബി.എ. ക്കാരനായ ശ്രീമാൻ തോമസ്സ് ദമ്പതികൾക്ക് നാല് ആൺമക്കളും രണ്ട് പെൺമക്കളും ഉണ്ട്. എല്ലാവരോടും വളരെ അടുത്ത് ഇടപെടുന്ന ശോശാമ്മ മററുള്ളവരെ സ്നേഹിച്ചും, സഹായിച്ചും ജീവിച്ചിരുന്നു. എല്ലാവരാലും സ്നേഹിക്കപ്പെട്ട അമ്മച്ചിയായിരുന്നു. മനസ്സിൽ ഒന്നും ഒളിച്ചു വയ്ക്കാതെ എല്ലാവരോടും തുറന്ന് സംസാരിക്കുന്ന കൂട്ടത്തിലായിരുന്നു.

റേഞ്ചർ ആയിരുന്ന ശ്രീമാൻ തോമസ്സ് ജോലിയിൽ ഇരിക്കുമ്പോൾ 1942 ജൂൺ 10-ാം തീയതി മരിച്ചു. മരിക്കുമ്പോൾ 44 വയസ്സായിരുന്നു. തികഞ്ഞ ദൈവഭക്തയായിരുന്ന ശ്രീമതി ശോശാമ്മ വാർദ്ധക്യരോഗത്താൽ 1983 നവംബർ 28-ാം തീയതി മരിച്ചു. രണ്ടുപേരേയും പുതിയകാവ് സെന്റ് മേരീസ് പള്ളിയിൽ കുടുംബ കല്ലറയിൽ അടക്കം ചെയ്തിരിക്കുന്നു

*മക്കൾ*

1. അച്ചൻകുഞ്ഞ്
2. കുട്ടിയമ്മ
3. ജോയി
4. ബാബു
5. കുഞ്ഞൂഞ്ഞമ്മ
6. തങ്കച്ചൻ

## XVII-4

**മറിയക്കുട്ടി**

**തൈക്കടവിൽ കുര്യൻ**

കൊല്ലമന മാത്തുവിന്റെയും നെല്ലിമൂട്ടിൽ മറിയാമ്മയുടെയും നാലാമത്തെ പുത്രിയായ മറിയക്കുട്ടി 1902 ൽ ജനിച്ചു. പുളിക്കീഴ് തൈക്കടവിൽ കുടുംബത്തിലെ കുര്യൻ ററി.കെ. വിവാഹം കഴിച്ചു. ബി. എ.കാരനായിരുന്ന ശ്രീമാൻ കുര്യൻ സബ്‌രജിസ്ട്രാറായിരുന്നു. ഇദ്ദേഹം വിവാഹം കഴിഞ്ഞ് പുളിക്കീഴ് ഉള്ള കുടുംബവീട്ടിൽ താമസിച്ചു. ഇപ്പോൾ ജീവിച്ചിരിക്കുന്നവരിൽ നമ്മുടെ കുടുംബത്തിലെ ഏററവും പ്രായം കൂടിയ വ്യക്തിയാണ് മറിയക്കുട്ടിയമ്മച്ചി. കുടുംബചരിത്രത്തിന് ആവശ്യമായ പഴയകാലത്തെ വിവരങ്ങൾ ശേഖരിക്കാനായി 1989 ൽ പുളിക്കീഴുള്ള കുടുംബവീട്ടിൽ ചെന്നപ്പോൾ അമ്മച്ചിയെ ആരോഗ്യവതിയായി കാണപ്പെട്ടു. കുടുംബചരിത്രം എഴുതുന്നു എന്നറിഞ്ഞപ്പോൾ വളരെ സന്തോഷമായിരുന്നു. കൂടാതെ അതിനുവേണ്ട എല്ലാ അനുഗ്രഹങ്ങളും നേർന്നു. അന്ന് എൺപത്തിയേഴ് വയസ്സായിട്ടും കാഴ്ചക്കും, ഓർമ്മയ്ക്കും ഒരു കുറവും കണ്ടില്ല. പ്രായത്തിന്റേതായ ക്ഷീണമുണ്ടെങ്കിലും ദൈവാശ്രയത്തോടെ സന്തോഷവതിയായി കഴിയുന്നു. പഴയകാലത്തെ ചിട്ടയൊത്ത ജീവിതരീതികൾ അമ്മച്ചിയിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞത്- ഒരു കുടുംബത്തിലെ അപ്പന്റെയും, അമ്മയുടെയും ജീവിതരീതികൾ അവരുടെ കുഞ്ഞുങ്ങൾക്ക് മാതൃകാപരമായിരിക്കണം. അക്കാലത്ത് കുടുംബ പ്രാർത്ഥനക്ക് വളരെ പ്രാധാന്യം കൊടുത്തിരുന്നു. രാവിലെയും വൈകിട്ടുമുള്ള പ്രാർത്ഥന ഞായറാഴ്ച കുടുംബം ഒന്നടങ്കമായി പള്ളിയിൽ പോകുന്നത് പഴയകാലത്ത് വളരെ നിർബന്ധമായിരുന്നു. ഇക്കാലത്ത് അതൊക്കെ കുറയുന്നത് നമ്മുടെ പഴമക്കാർക്ക് ദുഃഖത്തിനിടയാക്കിയിട്ടുണ്ട്. കുടുംബചരിത്രത്തിലേക്കായി അമ്മച്ചിയുടെ ഒരു നല്ല ഫോട്ടോ തരുന്നതിലും അമ്മച്ചി പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ദൈവകൃപയാൽ 1998 ൽ നമ്മുടെ കുടുംബയോഗത്തിൽ അമ്മച്ചി സംബന്ധിച്ചിരുന്നു. അന്ന് നമ്മുടെ കുടുംബത്തിലെ സ്ത്രീകളിൽ ഏററവും പ്രായം കൂടിയ അമ്മച്ചിയെ കുടുംബ പ്രസിഡന്റ് ശ്രീമാൻ എം. വർഗീസ് നേരിയത് അണിയിപ്പിച്ചു.



ശ്രീമാൻ കുര്യൻ 1976 ജൂലൈ 16-ാം തീയതി മരിച്ചു. മരിക്കുമ്പോൾ 80 വയസ്സായിരുന്നു. ഇവർക്ക് അഞ്ച് ആൺമക്കളും രണ്ട് പെൺമക്കളും ഉണ്ട്.

*മക്കൾ*

1. തമ്പാൻ
2. എബ്രഹാം
3. അക്കാമ്മ
4. കുഞ്ഞുമോൻ
5. കുഞ്ഞുമോൾ
6. ബാപ്പുക്കുട്ടി
7. അനിയൻ

Mr. Mariamma Kurian, Thykdavil
Pallipurathu, Valanjavattom P.O
Thiruvalla 689 104

XVII-5

**അന്നമ്മ**

**കോട്ടയിൽ കുര്യൻ (കുഞ്ഞ്)**

കൊല്ലമന മാത്തു ഏബ്രഹാമിന്റെയും നെല്ലിമൂട്ടിൽ മറിയാമ്മയുടെയും മകൾ അന്നമ്മ തിരുവല്ലായിൽ ജനിച്ചു. പുള്ളിപ്പടവിൽ കുടുംബാംഗം കോട്ടയത്ത് കോട്ടയിൽ കുരിയൻ (കുഞ്ഞ്) വിവാഹം കഴിച്ചു. ശ്രീമതി അന്നക്കുട്ടി സൗമ്യതയും, ശാന്തതയുമുള്ള ജീവിതത്തിന്റെ ഉടമയായിരുന്നു. വീട്ടിൽ വരുന്നവരെ സൽക്കരിക്കുന്നതിലും, അവരുടെ പരിചരണത്തിലും വളരെയേറെ ശ്രദ്ധിച്ചിരുന്നു.

ആദ്യകാലങ്ങളിൽ കൃഷി ചെയ്യിപ്പിക്കുന്നതിൽ തൽപരനായിരുന്നു കുഞ്ഞ്. പിന്നീട് ചിട്ടി നടത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. ശ്രീമതി അന്നമ്മ പാവങ്ങളോട് കാണിച്ചിരുന്ന കരുണ മക്കൾ എപ്പോഴും ഓർക്കാറുണ്ട്. വീട്ടിൽ വരുന്ന പാവങ്ങളെ ആഹാരം കഴിപ്പിച്ച് വിടുന്നതിൽ കണിശക്കാരിയായിരുന്നു അന്നക്കുട്ടി. തനിക്ക് കഴിക്കുവാൻ ഉള്ളതുംകൂടി കഴിക്കാതെ പാവങ്ങൾക്ക് കൊടുക്കുമായിരുന്നു. ശ്രീമതി അന്നമ്മയുടെ തീവ്രമായ ദൈവവിശ്വാസമാണ് മക്കളെ നല്ലനിലയിൽ എത്താൻ സഹായിച്ചതെന്ന് മക്കൾ ഓർത്ത് സ്തുതിക്കാറുണ്ട്. ശ്രീമാൻ കുഞ്ഞ് ഓഗസ്റ്റ് 30-ാം തീയതി 1975 ൽ മരിച്ചു. ശ്രീമതി അന്നമ്മ അൾസർ രോഗത്താൽ ഓഗസ്റ്റ് 28-ാം തീയതി 1973 ൽ മരിച്ചു. രണ്ടു പേരെയും കോട്ടയത്ത്, സെന്റ് മേരീസ് പള്ളിയിൽ സംസ്കരിച്ചു. ഈ ദമ്പതികൾക്ക് ആറ് മക്കൾ ഉണ്ട്.

*മക്കൾ*

1. ദാസുക്കുഞ്ഞ്
2. മോളി
3. അമ്മുക്കുട്ടി
4. തങ്കു
5. കുഞ്ഞുമോൻ
6. അനിയൻകുഞ്ഞ്



XVII-6

**പെണ്ണമ്മ**

**വലിയവീട്ടിൽ ജേക്കബ് വി. എം. (ചാക്കോച്ചൻ)**

കൊല്ലമന മാത്തു ഏബ്രഹാമിന്റെയും നെല്ലിമൂട്ടിൽ മറിയാമ്മയുടെയും മകൾ പെണ്ണമ്മ തിരുവല്ലായിൽ ജനിച്ചു. കോഴഞ്ചേരി വലിയവീട്ടിൽ വി. എം. ജേക്കബ് (ചാക്കോച്ചൻ) വിവാഹം കഴിച്ചു. ബി. എ. ക്കാരനായിരുന്ന ചാക്കോച്ചൻ ഇന്ത്യൻ റയിൽവേയിൽ ഉദ്യോഗസ്ഥനായിരുന്നു. ഉദ്യോഗ സംബന്ധമായി ബോംബെയിൽ വന്ന ഈ ദമ്പതികൾ പിന്നീട് ബോംബെയിൽ തന്നെ സ്ഥിരതാമസക്കാരായി. ഈ ദമ്പതികൾക്ക് ഏഴ് മക്കൾ ഉണ്ട്. ശ്രീമാൻ ചാക്കോച്ചന്റെ മരണശേഷം ശ്രീമതി പെണ്ണമ്മ മക്കളുടെ കൂടെ ബോംബെയിൽ തന്നെ താമസിച്ചു. ശ്രീമതി പെണ്ണമ്മ വാർദ്ധക്യരോഗത്താൽ 1994 ൽ മരണമടഞ്ഞു. മരിക്കുമ്പോൾ 86 വയസ്സായിരുന്നു. ബോംബെയിൽ സംസ്ക്കരിച്ചിരിക്കുന്നു.

*മക്കൾ*

1. സണ്ണി
2. തമ്പി
3. അമ്മുക്കുട്ടി
4. ലീലാമ്മ
5. ഓമന
6. രാജൻ
7. ജോയി

XVII-1

**ഏലുമ്മ**

**ചാക്കോച്ചൻ ചേന്നംകേരിൽ മണ്ണംകേരികത്തറ**

കൊല്ലമന മാത്തൂച്ചന്റെയും താശിയിൽ കുഞ്ഞാണ്ടാമ്മയുടെയും മൂത്തമകൾ ഏലുമ്മ തിരുവല്ലയിൽ ജനിച്ചു. ചേന്നം കേരിൽ മണ്ണം കേരികത്തറ കുടുംബാംഗം ചാക്കോച്ചൻ വിവാഹം കഴിച്ചു.

ഈ ദമ്പതികൾക്ക് രണ്ട് മക്കൾ

*മക്കൾ*

1. ലില്ലി
2. സണ്ണി

XVII-2

**കെ. എം. മാത്യു (പാപ്പച്ചൻ)**

**കുഞ്ഞമ്മ മംഗലശ്ശേരിൽ**

കൊല്ലമന മാത്തൂച്ചന്റെയും താശിയിൽ കുഞ്ഞാണ്ടാമ്മയുടെയും മകൻ പാപ്പച്ചൻ തിരുവല്ലായിൽ ജനിച്ചു. അദ്ധ്യാപകനായിരുന്ന ഇദ്ദേഹം വേങ്ങൽ മംഗലശ്ശേരിൽ കുഞ്ഞമ്മയെ വിവാഹം കഴിച്ചു. 1955 ൽ എത്യോപ്യായിൽ പോയി, അവിടെ സ്കൂൾ ടീച്ചറായി ജോലിനോക്കി. 1970 ൽ മടങ്ങി വന്ന ഇദ്ദേഹം കുററപ്പുഴയിൽ താമസമാക്കി. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കളും നാല് പെൺമക്കളും ഉണ്ട്. ശ്രീമാൻ പാപ്പച്ചൻ 1992 ൽ ഹൃദയസ്തംഭനം മൂലം നിര്യാതനായി. മരിക്കുമ്പോൾ 82 വയസ്സായിരുന്നു. കുററപ്പുഴ മാർഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളിയിൽ അടക്കം ചെയ്തിരിക്കുന്നു. ഇളയമകൾ ഗ്രേസിയെ കുഞ്ഞവറച്ചാൻ വിവാഹം കഴിച്ചു.

*മക്കൾ*

1. മേരി വറുഗീസ്
2. അലക്സ് മാത്യു
3. ലീലാമ്മ
4. ആലീസ്
5. ഗ്രേസി മാത്യു
6. കുരിയൻ മാത്യു

Mrs. K.M. Mathew,
Kollamana Puthenpurackal
Near Bethel Assramam, Kuttapuzha. P.O
Thiruvalla- 3



XVII-3

**പെണ്ണമ്മ**

**ഇടശ്ശേരിൽ ഐ. എം. മാത്യു**

മാത്യുവിന്റെയും കുഞ്ഞാണ്ടമ്മയുടെയും മൂത്തമകളായ പെണ്ണമ്മ 1905 ൽ ജനിച്ചു. വെളുത്ത് സുന്ദരിയായ പെണ്ണമ്മയെ, റാന്നിയിൽ ഇടശ്ശേരിൽ കുടുംബത്തിലെ ഐ. എം. മാത്യു 1923 ൽ വിവാഹം കഴിച്ചു. ഇടശ്ശേരിൽ കുടുംബക്കാർ കനാനായ സഭാവിശ്വാസികൾ ആണ്. സുറിയാനി സഭയിൽ നിന്ന് ക്നാനായ സഭയിലേക്കുള്ള വിവാഹം അക്കാലത്ത് കുറവായിരുന്നു. അതുമൂലം നമ്മുടെ പൂർവ്വികരുടെ ഇടയിൽ അത് ഒരു തർക്കത്തിന് വിഷയമായെങ്കിലും വിവാഹം മംഗളമായി നടന്നു. ദൈവവേല ചെയ്യുന്നവരെല്ലാം എന്റെ അപ്പനും അമ്മയും സഹോദരങ്ങളുമാണെന്ന് അരുളിചെയ്ത ക്രിസ്തുവിന്റെ വചനങ്ങൾ ഇവിടെ പ്രാധാന്യമർഹിക്കുന്നു. ക്രിസ്തുവിന്റെ നാമത്തിൽ നമുക്ക് വേർതിരുവുകളില്ല. മനുഷ്യർ വേർതിരിക്കുന്ന സഭയുടെ പേരുകൾക്ക് പ്രാധാന്യമേയില്ല. ആകയാൽ വളരുമാറാകുന്ന ദൈവമല്ലാതെ നടുന്നവനും നനക്കുന്നവനും ഏതുമില്ല.

ബിസിനസിൽ തല്പരനായിരുന്ന മാത്യു അതിലേക്കായി റാന്നിയിൽ നിന്ന് തിരുവനന്തപുരത്ത് മുട്ടടയിൽ താമസമാക്കി. ഇവർക്ക് മൂന്ന് ആൺമക്കളും നാല് പെൺമക്കളും ഉണ്ട്. മാത്യു 1971 സെപ്തംബർ 7-ാം തീയതി മരിച്ചു. മരിക്കുമ്പോൾ 70 വയസ്സായിരുന്നു. ശ്രീമതി പെണ്ണമ്മ 1994 ൽ വാർദ്ധക്യസഹജമായ രോഗത്താൽ മരിച്ചു. രണ്ടുപേരെയും തിരുവനന്തപുരത്ത് പട്ടം ക്നാനായ പള്ളിയുടെ സെമിത്തേരിയിൽ അടക്കം ചെയ്തിരിക്കുന്നു.

*മക്കൾ*

1. മാത്യു ഐ. എം. (ബേബി)
2. അമ്മിണി
3. തമ്പാൻ
4. കുഞ്ഞമ്മ
5. മോനായി
6. ലീലാമ്മ ( എലിസബെത്ത്)
7. ഓമന

XVII-1

**മാത്യുഫിലിപ്പ് (കൊച്ചാപ്പി)**

**ഏലിയാമ്മ, പുളിമുററം**

കൊല്ലമന ഫിലിപ്പോസിന്റെ മകൻ മാത്യുഫിലിപ്പ് (കൊച്ചാപ്പി) 7-2-1899 ൽ തിരുവല്ലായിൽ ജനിച്ചു. ഇദ്ദേഹം പ്രയാർ, പുളിമുററം കുടുംബത്തിൽ ഏലിയാമ്മയെ വിവാഹം കഴിച്ചു. ബിസിനസ്സിൽ തല്പരനായിരുന്ന ഇദ്ദേഹം തിരുവല്ലായിൽ തന്നെ സ്വന്തമായി ബിസിനസ്സ് ചെയ്തിരുന്നു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ ഉണ്ട്. മൂത്തമകൻ ഫിലിപ്പ് (ലൂയിസ്), മകൾ മേഴ്സി, ഗ്രേസി. ശ്രീമാൻ മാത്യുഫിലിപ്പ് 29-9-1939ലും ശ്രീമതി ഏലിയാമ്മ 1-8-1977ലും നിര്യാതരായി. രണ്ടുപേരെയും തിരുവല്ലാ പാലിയേക്കര പള്ളിയിൽ അടക്കം ചെയ്തിരിക്കുന്നു

*മക്കൾ*

1. ലൂയിസ്
2. ഗ്രേസി
3. മേഴ്സി

XVII-2

**പെണ്ണുകുഞ്ഞ്**

**ജോർജ്ജ് മേപ്പാടത്ത് തോണ്ടുപറമ്പിൽ**

കൊല്ലമന ഫിലിപ്പോസിന്റെ മകൾ പെണ്ണുകുഞ്ഞ് തിരുവല്ലായിൽ ജനിച്ചു. മേപ്പാടത്ത് തോണ്ടുപറമ്പിൽ ജോർജ്കുട്ടി വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് ആറ് ആൺമക്കളും നാല് പെൺമക്കളും ഉണ്ട്

*മക്കൾ*

1. ജോർജ്ജുകുട്ടി
2. ഫിലിപ്പോസ് ( അച്ചൻ)
3. മേരിക്കുട്ടി
4. കുഞ്ഞവറാച്ചൻ



5. കുഞ്ഞന്നാമ്മ
6. കുരിയച്ചൻ
7. അമ്മിണി
8. പാപ്പച്ചൻ
9. കുഞ്ഞുമോൾ
10. കുഞ്ഞൂഞ്ഞ്

XVII-1

**മാത്യു കെ. വി. (ബേബിച്ചായൻ)**

**എലിസബേത്ത് (ഏലിക്കുട്ടി) – കിളിലേത്ത്**

കൊല്ലമന മാത്യുവറുഗീസിന്റെയും (കറുത്ത കുഞ്ഞാപ്പിച്ചായന്റെയും) ചെത്തിക്കാട്ട് ഏലിയാമ്മയുടെയും മൂത്തമകൻ മാത്യു കെ.വി. (ബേബിച്ചായൻ) 20-9-1909- ൽ തിരുവല്ലായിൽ ജനിച്ചു. ഇദ്ദേഹം എലിസബത്തിനെ വിവാഹം കഴിച്ചു. കോളേജ് വിദ്യാഭ്യാസത്തിനു ശേഷം നാഷണൽ ക്വായിലോൺ ബാങ്കിൽ ചേർന്നു. 1940 കളിൽ ബാങ്ക് തകർന്നതിനുശേഷം കോട്ടയത്ത് ആരംഭിച്ച ഫോർവേർഡ് ബാങ്കിന്റെ ആദ്യശാഖയുടെ മാനേജർ ആയി ചുമതലയേററു. ആ ബാങ്കിന്റെ വളർച്ചയിൽ ബേബിച്ചായന്റെ പ്രവർത്തനം വളരെ ശ്രദ്ധേയമായിരുന്നു. നാഗർകോവിൽ ബാങ്കിൽ ആദ്യശാഖ സ്ഥാപിച്ചതും ബേബിച്ചായനായിരുന്നു. അതിനുശേഷം തിരുവിതാംകൂറിന്റെ പല പ്രദേശങ്ങളിലും പുതിയ പുതിയ ശാഖകൾ അദ്ദേഹത്തിന്റെ പ്രവർത്തനഫലമായി സ്ഥാപിതമായി. എന്നാൽ അതിന്റെ മാനേജിംഗ് ഡയറക്ടറുമായി ഉണ്ടായ അഭിപ്രായവ്യത്യാസത്തെ തുടർന്ന് ബാങ്കിൽ നിന്ന് രാജിവച്ചു. അദ്ദേഹം പിന്നീട് ബിസിനസ്സിൽ ഏർപ്പെട്ടു. അതിൽ കുറെ നഷ്ടം വന്നു. അതിനുശേഷം അദ്ദേഹം ഹൈദരാബാദിൽ ഒരു മൈനിംഗ് കമ്പനിയുടെ മാനേജർ ആയി ജോലിയിൽ പ്രവേശിച്ചു. ഹൈദരാബാദിൽ വച്ച് ന്യൂ അപ്പോസ്ഥോലിക്ക് ചർച്ചിൽ ചേർന്നു. The National Organisation of the New Apostolic Church (India) യുടെ വിശാഖപട്ടണം ശാഖയുടെ ചുമതല ഏറെറടുത്ത് സഭയുടെ ആസ്ഥാനമായ അമേരിക്കയിലേക്ക് അദ്ദേഹത്തെ ക്ഷണിച്ചു. യാത്രക്കുവേണ്ടിയുള്ള വിസായും മേടിച്ച് സ്വന്തകാറിൽ വരുമ്പോൾ അപകടത്തിൽപെട്ട് തൽക്ഷണം മരിച്ചു. കൂടെ ഉണ്ടായിരുന്ന കുടുംബാംഗങ്ങൾ അത്ഭുതകരമായി രക്ഷപ്പെട്ടു.

ഈ ദമ്പതികൾക്ക് മൂന്ന് പെൺമക്കളും ഒരു മകനും ഉണ്ട്

*മക്കൾ*

1. ലീലാമ്മ
2. ആനി
3. മോളി
4. കെ. ജോർജ്ജ്മാത്യു

## XVII-2

**അച്ചാമ്മ (പെണ്ണമ്മ)**

**സെബാസ്റ്റ്യൻ കാട്ടാംപള്ളിൽ**

കൊല്ലമന മാത്യു വറുഗീസിന്റെയും ചെത്തിക്കാട്ട് ഏലിയാമ്മയുടെയും മകൾ അച്ചാമ്മ 18-02-1911 -ൽ തിരുവല്ലായിൽ ജനിച്ചു. എടത്വാ കാട്ടാംപള്ളിൽ കുടുംബാംഗം സെബാസ്റ്റ്യൻ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് നാല് ആൺമക്കളും രണ്ട് പെൺമക്കളും ഉണ്ട്. ഇവർ കുടുംബമായി സിംഗപ്പൂരിൽ സ്ഥിരതാമസമാക്കിയിരിക്കുന്നു.

*മക്കൾ*

1. മേരി (സ്കൂൾ ടീച്ചർ)
2. എലിസബത്ത് (സ്കൂൾ ടീച്ചർ)
3. ബേബി (ബാങ്ക് ജോലി)
4. ടോമി (എൻജിനീയർ)
5. സണ്ണി (ബാങ്ക് മാനേജർ)
6. ഡോ. വില്ലി

## XVII-3

**ഉമ്മൻ കെ. വി (കൊച്ചുകുഞ്ഞ്)**

**ശോശാമ്മ (തോട്ടുങ്കൽ)**

കൊല്ലമന മാത്യുവറുഗീസിന്റെയുംചെത്തിക്കാട്ട് ഏലിയാമ്മയുടെയും മകൻ ഉമ്മൻ (കൊച്ചുകുഞ്ഞ്) 14-6-1919-ൽ തിരുവല്ലായിൽ ജനിച്ചു. ഇദ്ദേഹം തോട്ടുങ്കൽ കുടുംബാംഗം ശോശാമ്മയെ വിവാഹം



കഴിച്ചു. ഈ ദമ്പതികൾക്ക് നാല് ആൺമക്കൾ ഉണ്ട്. മൂത്തമകൻ റെജി 26-8-1967 ലും രണ്ടാമത്തെ മകൻ റോജി 7-4-1969 ലും മൂന്നാമത്തെ മകൻ റോബിൻ 12-3-1974 ലും നാലാമത്തെ മകൻ റോണി 2-3-1976 ലും തിരുവല്ലായിൽ ജനിച്ചു.

മൂത്തമകൻ റെജി ദോഹയിൽ ഒരു പ്രൈവറ്റ് കമ്പനിയിൽ ജോലി ചെയ്യുന്നു. ശ്രീമാൻ ഉമ്മൻ കെ.വി (കൊച്ചുകുഞ്ഞിച്ചായൻ) മരണമടഞ്ഞു. ശ്രീമതി ശോശാമ്മ മക്കളോടൊപ്പം കുറ്റപ്പുഴയിൽ താമസിക്കുന്നു. ശ്രീമാൻ കെ.വി. ഉമ്മൻ 22-9-1987 ൽ മരിച്ചു

*മക്കൾ*

1. റെജി
2. റോജി
3. റോബിൻ
4. റോണി

Mrs. Sosamma Oommen, Kollamana
Kuttapuzha P.O, Thiruvalla

## XVII-4

**തങ്കമ്മ ജോസഫ്**

**ജോസഫ് ആറാട്ടുകുളം (ഔസേപ്പച്ചൻ)**

കൊല്ലമന മാത്യുവറുഗീസിന്റെയും ചെത്തിക്കാട്ട് ഏലിയാമ്മയുടെയും മകൾ തങ്കമ്മ 7-02-1929 ൽ തിരുവല്ലായിൽ ജനിച്ചു. ആറാട്ടുകുളം കുടുംബത്തിൽ ജോസഫ് വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ട് പെൺമക്കളുണ്ട്. ശ്രീമാൻ ജോസഫ് ഹൃദയസ്തംഭനം മൂലം നിര്യാതനായി. ശ്രീമതി തങ്കമ്മ മക്കളോടൊപ്പം കുടുംബവീട്ടിൽ കഴിയുന്നു.

*മക്കൾ*

1. ലൗലി (ബി.എ)
2. മിനി (ബി.എസ്.സി)

Mrs. Thankamma Joseph
Arattukulam House, Maririkulam N.P.O
S.L. Puram, Via Allepey 688 549

XVII-1

**വറുഗീസ്**

**റെനി**

കൊല്ലമന മാത്യുവിന്റെയും ചിന്നമ്മയുടെയും മകൻ വറുഗീസ് റെനിയെ വിവാഹം കഴിച്ചു. അതിൽ ഒരു മകനും ഒരു മകളും മക്കളായുണ്ട്.

XVII-2

**മേരിക്കുട്ടി**

**ജോസ് (ഐക്കരയിൽ)**

കൊല്ലവന മാത്യുവിന്റെയും ചിന്നമ്മയുടെയും മകൾ മേരിക്കുട്ടിയെ ഐക്കരയിൽ പുത്തൻ പുരക്കൽ ജോസ് വിവാഹം കഴിച്ചു

XVII-3

**കൊച്ചുമോൾ**

കൊല്ലവന മാത്യുവിന്റെയും ചിന്നമ്മയുടെയും മകൾ കൊച്ചുമോൾ തിരുവല്ലയിൽ ജനിച്ചു. കൊച്ചുമോൾ വിവാഹിതയാണ്.

XVII-3

**മാത്യു കെ. പി.**

**ഓമന തച്ചൻപള്ളിൽ**

കൊല്ലമന ഫിലിപ്പോസിന്റെയും തങ്കമ്മയുടെയും ഇളയ പുത്രൻ മാത്യു തിരുവല്ലായിൽ ജനിച്ചു. ഇദ്ദേഹം സ്വന്തമായി ബിസിനസ്സ് ചെയ്യുന്നു. ഇദ്ദേഹം തച്ചൻ പള്ളിൽ കുടുംബത്തിൽ ഓമനയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ട് മക്കളുണ്ട്.

*മക്കൾ*

1. ലീന
2. അരുൺ



K.P. Mathew
Kollamana
Kunnamthanam P.O
Via- Thiruvalla 689 581

XVII-1

**വറുഗീസ് കെ. പി.**

**വത്സമ്മ വേങ്ങലേട്ട്**

കൊല്ലവന ഫിലിപ്പോസിന്റെയും, തങ്കമ്മയുടെയും മൂത്തപുത്രൻ വറുഗീസ് തിരുവല്ലായിൽ ജനിച്ചു. ഇദ്ദേഹം ബഹറിനിൽ ഒരു പ്രൈവററ് കമ്പിനിയിൽ ജോലിനോക്കുന്നു. ഇദ്ദേഹം വേങ്ങലോട്ട് കുടുംബത്തിൽ നിന്നും വത്സമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് ഒരു മകളും ഒരു മകനും ഉണ്ട്.

*മക്കൾ*

1. അഞ്ചു
2. റിഞ്ചു (ഫിലിപ്പ് വറുഗീസ്)

K.P Varughese
Kollamana
Kunnamthanam P.O
Via (Thiruvalla) 689 581
Tel - 0473-691488

P.O Box 5305 Manama
Baharin
Tel : 736279
Off : 730437

XVII-2

**ഫിലിപ്പ് കെ. പി.**

**ഷൈല കീരുവള്ളിപാറയിൽ**

കൊല്ലമന ഫിലിപ്പോസിന്റെയും തങ്കമ്മയുടെയും, രണ്ടാമത്തെ പുത്രൻ ഫിലിപ്പ് തിരുവല്ലായിൽ ജനിച്ചു. ഇദ്ദേഹം തിരുവല്ലയിൽ ഒരു പ്രൈവററ് കമ്പനിയിൽ ജോലിനോക്കുന്നു. കീരുവള്ളി പാറയിൽ കുടുംബത്തിലെ ഷൈലയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക്

രണ്ട് മക്കളുണ്ട്

*മക്കൾ*

1. ലൈബി
2. ലൈജു

Mr. K.P Philip
Kollamana, Kunnamthanam P.O
Via- Thiruvalla - 689 581

XVII-1

**തോമസ്സ് കെ. വി. എം ( അനിയൻ)**

**അമ്മിണി ചെപ്പള്ളിൽ**

കൊല്ലമന വാഴയിൽ കുഞ്ഞിന്റെയും പുത്തൻ പുരയ്ക്കൽ മറിയാമ്മയുടെയും ഏകമകൻ തോമസ്സ് ( അനിയൻ) തിരുവല്ലായിൽ ജനിച്ചു. ഇദ്ദേഹം അടൂർ ചെപ്പള്ളിൽ അമ്മിണിയെ വിവാഹം കഴിച്ചു. അനേകനാൾ ആഫ്രിക്കയിൽ ജോലി ചെയ്തിരുന്ന ഇദ്ദേഹം കുടുംബവുമായി ആഫ്രിക്കയിൽ നിന്ന് നാട്ടിൽ തിരിച്ചുവന്ന് എറണാകുളത്ത് സ്ഥിരതാമസമാക്കി. ഈ ദമ്പതികളുടെ ഏകമകൾ ജെസിയെ താന്നിമൂട്ടിൽ ജോൺ ജോർജ് (ചാർട്ടേർഡ് അക്കൗണ്ടന്റ്) വിവാഹം കഴിച്ച് അബുദാബിയിൽ താമസിക്കുന്നു. ശ്രീമാൻ തോമസ്സ് 61 വയസ്സുള്ളപ്പോൾ കൊച്ചിയിൽ നിര്യാതനായി. ചാലക്കുടി തെക്കേപുത്തൻ പള്ളി സെമിത്തേരിയിൽ അടക്കം ചെയ്തിരിക്കുന്നു.

*മകൾ*

1. ജെസ്സി

XVII-1

**കെ. ജി. ഫിലിപ്പ്**

കൊല്ലമന ജോർജ്ജുകുട്ടിയുടെയും കാട്ടാമ്പള്ളിൽ മേരിക്കുട്ടിയുടെയും മൂത്തമകൻ ഫിലിപ്പ് 29-7-1949 ൽ തിരുവല്ലായിൽ ജനിച്ചു.



തിരുവനന്തപുരത്ത് മാർ ഇവാനിയോസ് കോളേജിൽ പഠനം പൂർത്തിയാക്കി ബോംബെയിൽ ജോലിനോക്കിയിരുന്നു ഇദ്ദേഹം. അവിവാഹിതനായിരുന്ന ഇദ്ദേഹം ബോംബെയിൽ വച്ച് വാഹനാപകടത്തിൽ 10-7-1969 ൽ നിര്യാതനായി. ഇദ്ദേഹത്തെ ബോംബെയിൽ സേവരി സെമിത്തേരിയിൽ അടക്കം ചെയ്തിരിക്കുന്നു.

XVII-2

**മോളി ചാക്കോ**

**വി. കെ. ചാക്കോ വരണാകുഴിയിൽ**

കൊല്ലമന ജോർജ്ജുകുട്ടിയുടെയും കാട്ടാമ്പള്ളിൽ മേരിക്കുട്ടിയുടെയും രണ്ടാമത്തെ മകൾ മോളിക്കുട്ടി 24-8-1951 ൽ തിരുവല്ലയിൽ ജനിച്ചു. വരണാകുഴിയിൽ ശ്രീമാൻ ചാക്കോ വി.കെ. വിവാഹം കഴിച്ചു. ശ്രീമതി മോളി കവൈറ്റിൽ ഒരു പ്രൈവറ്റ് കമ്പനിയിൽ ജോലി നോക്കുന്നു. ഈ ദമ്പതികൾക്ക് രണ്ട് പെൺകുട്ടികൾ ഉണ്ട്

*മക്കൾ*

1. അനീററ
2. അഞ്ചു

Mrs. Molly Chacko
Varanakuzhy
Kanjanadu
Kassargod
Tel : 5617291

Plot No 10
27th Street C- Sector
Carshed Complex P.O
Sivasakthi Nagar
Avadi, Chennai 600 109

XVII-3

**മറിയാമ്മ വറുഗീസ്**

**വറുഗീസ് വൈദ്യൻ**

കൊല്ലമന ജോർജുകുട്ടിയുടെയും കാട്ടാമ്പള്ളിൽ മേരിക്കുട്ടിയുടെയും മൂന്നാമത്തെ മകൾ കൊച്ചു മറിയാമ്മ 14-6-1953 ൽ ജനിച്ചു.

തേവലക്കര വൈദ്യൻ കുടുംബത്തിൽ എഞ്ചിനീയർ ശ്രീമാൻ പി.കെ. വറുഗീസ് വൈദ്യൻ വിവാഹം കഴിച്ചു. നേഴ്സിംഗിൽ ബിരുദം എടുത്ത കൊച്ചു മറിയാമ്മ അനേകവർഷം സൗദി അറേബ്യയിലും കുവൈററിലും ജോലി നോക്കിയിരുന്നു. തേവലക്കര കുടുംബവീടിന് അടുത്ത് പുതുതായി പണികഴിപ്പിച്ച വീട്ടിൽ കുടുംബമായി കഴിയുന്നു. ഈ ദമ്പതികൾക്ക് ഒരു മകനും ഒരു മകളും ഉണ്ട്

*മക്കൾ*

1. അഹറോൺ വറുഗീസ്സ് (ജെറി)
2. എമ്മി വറുഗീസ് (ഷെറി)

Mrs. Mariamma Varghese
Thevalakkara Vaidyan Family, Pallavila Puthenveed
Thevalakkara, Quilon
Tel : 621034

XVII-4

**ജേക്കബ് കെ. ജോർജ്**

**ആനി ജേക്കബ് വാഴപ്പള്ളിൽ**

കൊല്ലമന ജോർജ്ജുകുട്ടിയുടെയും കാട്ടാമ്പള്ളിൽ മേരിക്കുട്ടിയുടെയും നാലാമത്തെ മകൻ ജേക്കബ് (കുഞ്ഞൂഞ്ഞ്) 4-11-1957 ൽ ജനിച്ചു. ഇദ്ദേഹം തിരുവല്ലാ വാഴപ്പള്ളിൽ ശ്രീമാൻ സാമുവേൽ അലക്സാണ്ടറിന്റെ മകൾ ആനിയെ വിവാഹം കഴിച്ചു. ശ്രീമാൻ ജേക്കബ് കുവൈത്തിൽ ഒരു പ്രൈവററ് കമ്പനിയിൽ ജോലിയിൽ ഇരിക്കുന്നു. ഈ ദമ്പതികൾക്ക് രണ്ട് പെൺമക്കൾ ഉണ്ട്. രണ്ടുപേരും സ്കൂൾ വിദ്യാർത്ഥികളാണ്

*മക്കൾ*

1. മേറിജേക്കബ്
2. സെയ്റാ ജേക്കബ്



Mr. Jacob.K. George
Kollamana
Chembaka Nagar Road
Bakery Junction
Trivandrum Tel : 330861

P.O Box No 2891
Hawali
Kuwait 32029
Tel :5639634/5610375

XVII-6

**ബിജു മാത്യു ജോർജ്**

**സൂസൻ കൊല്ലമ്മൺവിള**

കൊല്ലമന ജോർജുകുട്ടിയുടെയും കാട്ടാമ്പള്ളിൽ മേരിക്കുട്ടിയുടെയും ആറാമത്തെ മകൻ ബിജു 13-8-1967 ൽ ജനിച്ചു. ഇദ്ദേഹം ആയൂർ കൊല്ലമ്മൺ വിള, ശ്രീമാൻ കെ.ഒ ഏബ്രഹിമിന്റെ മകൾ സൂസനെ വിവാഹം കഴിച്ചു. ശ്രീമാൻ ബിജു, ദുബായിൽ പ്രൈവററ് കമ്പിനിയിൽ ജോലിയിൽ ഇരിക്കുന്നു. ശ്രീമതി സൂസൻ അദ്ധ്യാപികയായി തിരുവനന്തപുരത്ത് ഹോളിട്രിനിററി സ്കൂളിൽ സേവനമനുഷ്ഠിക്കുന്നു.

Mr. Biju Mathew George
Kollamana
Chembaka Nagar Road
Bakery Junction,
Trivandrum
Tel 330861

AI Qatami
P.O Box 3381
Deira
Dubai.

XVII-1

**കെ. പി. മാത്യൂ (രാജൻ)**

**അച്ചാമ്മാ മാത്യൂ ( പ്ലാവറ പുത്തൻ വീട്)**

കൊല്ലമന ബേബിയുടേയും ചിറയിൽ മേരിക്കുട്ടിയുടേയും മൂത്ത മകൻ കെ. പി മാത്യൂ തിരുവല്ലായിൽ 20-6-1945-ൽ ജനിച്ചു. ഇദ്ദേഹം പ്ലാവറ പുത്തൻ വീട്ടിൽ തോമസിന്റെ മൂത്തമകൾ അച്ചാമ്മയെ

വിവാഹം കഴിച്ചു. ശ്രീമാൻ മാത്യൂ ഉദയംപൂരിൽ ഒരു പ്രൈവറ്റ് കമ്പനിയിൽ ജോലി നോക്കുന്നു. ഇദ്ദേഹത്തിന്റെ ഭാര്യ അച്ചാമ്മ ഗവൺമെന്റ് ഹോസ്പിറ്റലിൽ സേവനം അനുഷ്ഠിക്കുന്നു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. മൂത്ത മകൻ തോമസ് മാത്യൂ (റജി) 23-10-1975-ൽ ജനിച്ചു. ഇദ്ദേഹം എം.കോം., എം.ബി.എ, പഠനം പൂർത്തീകരിച്ച് ബാങ്ക് ഓഫ് ബറോഡയുടെ ഓഫീസറായി ജോലി നോക്കുന്നു.

മകൾ റീനാ മാത്യൂ M.Sc. Ag (Horitculture) ന് പഠിക്കുന്നു.

*മക്കൾ*

1. തോമസ് മാത്യൂ(റെജി)
2. റീനാ മാത്യൂ

Mr.K.P. Mathew
6/8 Housing Board Colony, Govindhan Vilas
Near Chunki Naka, Udaipur ( Rajastan)
Tel- 0294- 584263

XVII-2

**കെ.പി. എബ്രഹാം**

**ലിസ്സി**

കൊല്ലമന ബേബിയുടേയും ചിറയിൽ മേരിക്കുട്ടിയുടേയും രണ്ടാമത്തെ പുത്രൻ എബ്രഹാം തിരുവല്ലായിൽ ജനിച്ചു. ഇദ്ദേഹം പിതാവിനെപ്പോലെ ബിസിനസ്സിൽ തൽപ്പരനായി സ്വന്തമായി തിരുവനന്തപുരത്ത് ബിസ്സിനസ്സ് ചെയ്യുന്നു. തിരുവനന്തപുരം സ്വദേശി പൊന്നച്ചന്റെ മകൾ ലിസ്സിയെ വിവാഹം കഴിച്ച് പേയാട് സ്വന്തമായ ഭവനത്തിൽ കഴിയുന്നു.

ഈ ദമ്പതികൾക്ക് ഒരു മകനും ഒരു മകളും ഉണ്ട്. മകൾ മേരിക്കുട്ടി (ജോളി)യെ ആലപ്പുഴ സ്വദേശി ജോസഫ് വിവാഹം കഴിച്ചു. മകൻ ഫിലിപ്പ് (റോയി) 6-8-1980-ൽ ജനിച്ചു. പഠനത്തിനുശേഷം ഇപ്പോൾ ഒരു പ്രൈവറ്റ് കമ്പനിയിൽ ജോലി നോക്കുന്നു.



Mr. K.P. Abraham
Kollamana, V.P. 8/392,
Muttalavila, Kurisumuttam
Peyad.P.O, Trivandrum.

XVII-3

**കെ.പി. അലക്സാണ്ടർ (ബാബുജി)**

**മോളി പ്ലാവറ പുത്തൻ വീട്**

കൊല്ലമന ബേബിയുടേയും ചിറയിൽ കുടുംബാംഗം മേരിക്കുട്ടിയുടേയും മൂന്നാമത്തെ മകൻ അലക്സാണ്ടർ 26-10-1954-ൽ തിരുവല്ലായിൽ ജനിച്ചു. ഇദ്ദേഹം പ്ലാവറ പുത്തൻവീട്ടിൽ തോമസിന്റെ മകൾ മോളിയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ ഉണ്ട്. ഇവർ കുടുംബമായി രാജസ്ഥാനിൽ താമസിക്കുന്നു. ശ്രീമാൻ അലക്സാണ്ടർ ഉദയംപൂർ അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയിൽ ഉദ്യോഗസ്ഥനാണ്. ശ്രീമതി മോളി ഗവൺമെന്റ് ഹോസ്പിറ്റലിൽ സേവനമനുഷ്ടിക്കുന്നു. മകൻ ജിഷുറൂമ് അലക്സ് 21-02-1987-ലും മകൾ ഗ്രേസി അലക്സ് (കൃപ) 1-6-1989-ലും ജനിച്ചു. ഇവർ രണ്ടുപേരും ഇപ്പോൾ സ്കൂൾ വിദ്യാഭ്യാസം ചെയ്യുന്നു.

Mr. K.P. Alexander
V.C.C Secretariat,
Maharana Pratap University of Agriculture & Technology
Udaipur, Rajastan- 313001
Tel- 0294-440677( Res)
0294 411682 (Off)

XVII-4

**കെ. പി. ജോസഫ് (തമ്പി)**

**സാറാമ്മ വലിയവിളയിൽ**

കൊല്ലമന ബേബിയുടേയും ചിറയിൽ കുടുംബാംഗം മേരിക്കുട്ടിയുടേയും നാലാമത്തെ പുത്രൻ ജോസഫ് 1958-ൽ തിരുവല്ലായിൽ ജനിച്ചു. പിതാവിനെപ്പോലെ ബിസിനസ്സിൽ തൽപ്പരനായിരുന്ന ഇദ്ദേഹം സ്വന്തമായി ബിസ്സിനസ്സ് തിരുവനന്തപുരത്ത് ചെയ്യുന്നു. ഇദ്ദേഹം വലിയവിളയിൽ കുടുംബാംഗം തോമസ് വൈദ്യന്റെ മകൾ സാറാമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികളുടെ മൂത്ത മകൾ മേരിക്കുട്ടി(ഷീല) 29-12-1979-ൽ ജനിച്ചു. ഇപ്പോൾ ഡിഗ്രി പഠനം പൂർത്തിയാക്കി ഗവൺമെന്റ് സർവ്വീസിൽ ജോലി ലഭിച്ചു. മകൻ ഫിലിപ്പ് (ഷിജു) 9-1-1981-ൽ ജനിച്ചു. പഠനം കഴിഞ്ഞ് ഇപ്പോൾ പിതാവിനെ ബിസ്സിനസ്സിൽ സഹായിക്കുന്നു. ഇവർ കുടുംബമായി തിരുവനന്തപുരത്ത് തിരുമലയിൽ സ്വന്തമായി പണികഴിപ്പിച്ച ഭവനത്തിൽ കഴിയുന്നു.

Mr. K.P. Joseph, Kollamana
Mangattukadavu, Thirumala P.O
Trivandrum- 695 006
Tel - 354485

XVII-5

**ഏലിയാമ്മ ( മോളി)**

കൊല്ലമന ബേബിച്ചായന്റേയും ചിറയിൽ മേരിക്കുട്ടിയുടേയും ഇളയ മകൾ ഏലിയാമ്മ(മോളി) തിരുവല്ലായിൽ ജനിച്ചു. അവിവാഹിതയായ മോളി സഹോദരൻ കെ.പി.ജോസഫ് (തമ്പി)യോടൊപ്പം തിരുമലയിൽ താമസിക്കുന്നു.



XVIII-1

**അമ്മിണി മാത്യൂ(അമ്മാമ്മച്ചി)**

**മാത്യൂ വറുഗീസ് മോടയിൽ**

കൊല്ലമന എബ്രാഹാം മാത്യൂവിന്റെയും, കോവൂർ മറിയാമ്മയുടേയും മൂത്ത മകൾ അമ്മിണി 1918 സെപ്റ്റംബർ 3-ാം തീയതി തിരുവല്ലായിൽ ജനിച്ചു. ശ്രീമതി അമ്മിണിയെ മോടയിൽ കുടുംബാംഗം ശ്രീമാൻ മാത്യൂ വറുഗീസ് വിവാഹം കഴിച്ചു. ഭൂസ്വത്തുടമയായ ശ്രീമാൻ മാത്യൂവറുഗീസ് മല്ലപ്പള്ളിയിൽ സ്വന്തമായി പണികഴിപ്പിച്ച വീട്ടിൽ കുടുംബമായി താമസിക്കുന്നു. ഒരു സ്ത്രീക്കുവേണ്ട സൽസ്വഭാവം ഉൾക്കൊണ്ടിരുന്ന അമ്മാമ്മച്ചി നമ്മുടെ കുടുംബത്തിന്റെ അഭിമാനമായിരുന്നു. താഴ്മയുടേയും സ്നേഹത്തിന്റെയും ഉടമയായിരുന്നു ശ്രീമതി അമ്മിണി. വീട്ടിൽ വരുന്ന അതിഥികളെ സ്വീകരിക്കുന്നതിലും സൽക്കരിക്കുന്നതിലും വ്യാപൃതയായിരുന്ന അമ്മാമ്മച്ചി, മറ്റുള്ളവരെ തന്നേക്കാൾ ശ്രേഷ്ടരെന്നു കരുതി ബഹുമാനിച്ചിരുന്നു. തന്റെ സ്വന്തം കുടുംബത്തിലും, ഭർതൃകുടുംബത്തിലും ഒരുപോലെ എല്ലാവരും സ്നേഹിച്ചും ബഹുമാനിച്ചും ഇരുന്നു. അമ്മാമ്മച്ചിയുടെ ജീവിതം എല്ലാവർക്കും പ്രത്യേകിച്ച് നമ്മുടെ കുടുംബത്തിലെ സ്ത്രീകൾക്ക് മാതൃകയായിരുന്നു. ഈ ദമ്പതികൾക്ക് ഒരാണും മൂന്ന് പെണ്ണും മക്കളായുണ്ട്. ശ്രീമതി അമ്മിണിയ്ക്ക് കാൻസർ രോഗം പിടിപെട്ട് ഒന്നര വർഷത്തോളം കിടപ്പിലായിരുന്നെങ്കിലും തന്റെ ദൈവാശ്രയക്കൂടുതൽ കൊണ്ട് ഈ ലോകത്തിന്റെ വേദനയെ സന്തോഷത്തോടെ നിസ്സാരമായി കീഴടക്കി. 1978 ഫെബ്രുവരി 27-ാം തീയതി ആ സ്നേഹ സമ്പന്ന ഈ ലോകത്തോട് വിടപറഞ്ഞുവെങ്കിലും എല്ലാവരുടേയും മനസ്സിൽ ഇന്നും ജീവിക്കുന്നു. മല്ലപ്പള്ളി സി.എസ്.ഐ. നെടുങ്ങാടപ്പള്ളിയിൽ സംസ്കരിക്കപ്പെട്ടു. അന്ന് ശവസംസ്കാര ശുശ്രൂഷാ സമയത്ത് സി.എസ്.ഐ. പള്ളിയിലെ അച്ചൻ നടത്തിയ ചരമ പ്രസംഗത്തിൽ, പരേതയുടെ സ്വഭാവ സൗന്ദര്യത്തെ പ്രത്യേകം പ്രകീർത്തിച്ചിരുന്നു. ശ്രീമാൻ മാത്യൂ വറുഗീസും നമ്മുടെ കുടുംബാംഗങ്ങൾക്ക് മാതൃകയാണ്. ശ്രീമാൻ മാത്യൂ സ്വന്തം കുടുംബത്തെ പോലെ ഭാര്യയുടെ കുടുംബത്തെ സ്നേഹിച്ച് ബഹുമാനിച്ചിരുന്നു. അദ്ദേഹത്തോടുള്ള നമ്മുടെ കുടുംബത്തിന്റെ ബഹുമാനാർത്ഥം കുടുംബയോഗത്തിൽ, നമ്മുടെ കുടുംബ പ്രസിഡന്റ് ശ്രീമാൻ മാത്യൂ വറുഗീസിനെ പൊന്നാടയണിയിച്ചു. ശ്രീമാൻ മാത്യൂ

വറുഗീസ് മകന്റെ കുടുംബത്തോടൊപ്പം കുടുംബവീട്ടിൽ കഴിയുന്നു.

*മക്കൾ*

1. ജോർജ് മാത്യൂ
2. കുഞ്ഞുപെണ്ണങ്ങൾ
3. കുഞ്ഞുമറിയാമ്മ
4. ലാലുക്കുട്ടി

Late. Mrs. Ammini Mathew
Mr. Mathew Varghese
Modayil
Nedugadapally P.O
Mallappally

XVII-2

**കെ. എം. എബ്രഹാം (അവറാച്ചൻ)**

**തങ്കമ്മ എബ്രഹാം**

എബ്രാഹാം മാത്യൂവിന്റേയും കോവൂർ കൊച്ചുമറിയാമ്മയുടേയും മക്കളിൽ രണ്ടാമനായ അവറാച്ചൻ 1919 ഏപ്രിൽ 10-ാം തീയതി വാരിക്കാട്ട് ജനിച്ചു. കുഞ്ഞൂഞ്ഞ് എന്ന ഓമനപ്പേരിൽ ഇദ്ദേഹത്തെ അറിഞ്ഞിരുന്നു. ചെറുപ്പം മുതൽ ദൈവഭക്തനായിരുന്ന ഇദ്ദേഹം പള്ളിയിലെ ശുശ്രൂഷക്കാരനായി, പരിശുദ്ധ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവ കൈവപ്പു നൽകി.

തന്റെ കുടുംബത്തിന്റെ ഉയർച്ചയ്ക്ക് വളരെയധികം പരിശ്രമിക്കുകയും, സഹായിക്കുകയും ചെയ്തിരുന്ന ഇദ്ദേഹം നമ്മുടെ കുടുംബ ചരിത്രം എഴുതുവാൻ തക്കവണ്ണം, പഴയകാലത്തെ വിവരങ്ങളും, തീയതികളും തന്റെ പ്രത്യേക ബുക്കിൽ രേഖപ്പെടുത്തിയിരുന്നത് വളരെയധികം പ്രയോജനപ്പെട്ടു. തന്റെ അപ്പനേയും അമ്മയേയും കാണപ്പെട്ട ദൈവമായി കരുതി ബഹുമാനിച്ചിരുന്ന ഇദ്ദേഹം അവരുടെ പരിചരണത്തിൽ കൂടുതൽ ശ്രദ്ധിച്ചിരുന്നു. അതുപോലെതന്നെ സഹോദരങ്ങളെ തന്നെപ്പോലെ തന്നെ സ്നേഹിച്ചിരുന്ന ഇദ്ദേഹം അവരുടെ ഉയർച്ചയിലും ഗണ്യമായ പങ്കു വഹിച്ചു. ഇദ്ദേഹം 1945 ഫെബ്രുവരി 19-ാം തീയതി തങ്കമ്മയെ



വിവാഹം കഴിച്ചു. ഇവരുടെ അഞ്ച് ആൺമക്കളിൽ അഞ്ചാമനായ മോഹൻ 8-ാം മാസത്തിൽ പെട്ടന്നുണ്ടായ ഒരു പനി കാരണം മരിച്ചു.

വളരെ ചെറുപ്പത്തിൽ തന്നെ തിരുവല്ലായിൽ നിന്ന് തിരുവനന്തപുരത്ത് താമസമാക്കിയ ഇദ്ദേഹം, നന്തൻകോട്ട് സ്വന്തമായി കെട്ടിടം പണികഴിപ്പിച്ചു. അതുപോലെ തലസ്ഥാന നഗരിയിൽ സ്വന്തമായി ഒരു ലോഡ്ജ് വാങ്ങാനും കഴിഞ്ഞു. തന്റെ ഇളയ മകന്റെ ഓർമ്മക്കായി അതിന് മോഹൻ ലാൻഡ്സ് എന്ന് പേരിട്ടു. അതിന് ഇടയാക്കിയത് തന്റെ വല്യപ്പച്ചന്റെ മനസ്സിലുണ്ടായ ആഗ്രഹത്തിന്റെ നിവൃത്തിയെന്നപോലെയായി. മാത്തു എബ്രാഹാം, തിരുവല്ല പാലിയേക്കര പള്ളിയുടെ ട്രസ്റ്റിയായിരുന്ന കാലത്ത് പള്ളിയുടെ കേസുകൾക്കും മറ്റും തിരുവനന്തപുരത്ത് വരിക പതിവായിരുന്നു. ഇന്നത്തെപ്പോലെ യാത്രാസൗകര്യങ്ങളോ, താമസ സൗകര്യങ്ങളോ കേരളത്തിന്റെ തലസ്ഥാന നഗരിയിൽ അന്ന് ഇല്ലായിരുന്നു. അതിന് പരിഹാരമെന്നപോലെ തലസ്ഥാന നഗരിയിൽ എല്ലാ സൗകര്യങ്ങളോടും കൂടിയ ഈ ലോഡ്ജ് നിലനിൽക്കുന്നു.

തിരുവനന്തപുരത്ത് പെട്രോൾ റേഷനിംഗ് ഓഫീസറായിരുന്ന ഇദ്ദേഹം 1958-ൽ ഗൾഫിൽ പോയി. അവിടെ 25 വർഷത്തോളം ചിക്കാഗോ ബ്രിഡ്ജ് ആന്റ് അയൺ കമ്പനി (C.B.I. Industry)ക്കു വേണ്ടി സേവനമനുഷ്ഠിച്ചു. തന്റെ പരിശ്രമഫലമായി കമ്പനിയുടെ ഉയർന്ന പദവിയിൽ എത്തിച്ചേർന്ന ഇദ്ദേഹം 1983-ൽ റിട്ടയർ ചെയ്തു. കമ്പനിയിൽ നിന്നും അനേകനാൾ പെൻഷൻ വാങ്ങിയ ഇദ്ദേഹം പാതിരാപള്ളിയിൽ സ്വന്തമായി പണികഴിപ്പിച്ച കെട്ടിടത്തിൽ തന്റെ സഹധർമ്മിണിയു മൊത്ത് താമസിച്ചു.

ശ്രീമാൻ കെ.എം.എബ്രഹാം 30-4-1991-ൽ ഹൃദയസ്തംഭനം മൂലം മരണമടഞ്ഞു. ഭർത്താവിന്റെ മരണശേഷം ഒരുമാസം ജീവിച്ചിരുന്ന ശ്രീമതി തങ്കമ്മ എബ്രഹാം 30-5-1991-ൽ ഹൃദയസ്തംഭനം മൂലം മരണമടഞ്ഞു. രണ്ടുപേരേയും സെന്റ് ജോർജ് പള്ളിയുടെ പാറ്റൂർ സെമിത്തേരിയിൽ അടക്കം ചെയ്തിരിക്കുന്നു.

*മക്കൾ*

1. കെ.എ. മാത്യൂ (അച്ചൻകുഞ്ഞ്)
2. കെ.എ. ഏബ്രഹാം (അനിയൻ)
3. കെ.എ. ജോർജ് (കുഞ്ഞുമോൻ)
4. കെ.എ. അലക്സാണ്ടർ (തമ്പി)
5. കെ.എ. ഐപ്പ് (മോഹൻ)

XVII-3

**കെ. എം. പുന്നൂസ്**

**ഏലിയാമ്മാ പൂന്നൂസ് കൈയ്യാലാത്ത്**

കൊല്ലമന എബ്രഹാം മാത്യുവിന്റേയും മറിയാമ്മാ കോവൂരിന്റേയം മകൻ കെ.എം.പുന്നൂസ് 30-4-1922-ൽ തിരുവല്ലായിൽ ജനിച്ചു. മല്ലപ്പള്ളി കൈയ്യാലാത്ത് കുടുംബത്തിലെ ശ്രീമതി. ഏലിക്കുട്ടിയെ വിവാഹം കഴിച്ചു. റിസർവ് ബാങ്കിലും, ഫോർവേർഡ് ബാങ്കിലും കുറച്ചുനാൾ ജോലി ചെയ്തിരുന്ന പുന്നൂസ് 1946-ൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ ഉദ്യോഗസ്ഥനായി 38 വർഷക്കാലം സേവനമനുഷ്ഠിച്ചു. തിരുവല്ല കുറ്റപ്പുഴയിലെ വീട്ടിൽ നിന്നും 1968-ൽ തിരുവനന്തപുരത്ത് എത്തി മുട്ടടയിൽ സ്വന്തമായി വീട് പണികഴിപ്പിച്ച് താമസമാക്കി. ശാന്തനും, സൗമ്യനുമായിരുന്ന ഇദ്ദേഹം 1996-ൽ നമ്മുടെ കുടുംബദിനം വിളിച്ചുകൂട്ടിയതുമുതൽ നമ്മുടെ കുടുംബത്തെ ഒന്നായി കൊണ്ടുപോകാനുള്ള ശ്രമങ്ങൾ നടത്തുകയുണ്ടായി. അതിലേക്കായി കല്ലൂർ കുടുംബത്തിലെ വർഗീസ്അച്ചായനേയും, പഴഞ്ഞേരിൽ ഇടുക്കുള ച്ചായനേയും, മഠത്തിൽ ഇടുക്കളച്ചായനേയും കാണുകയുണ്ടായി. അങ്ങനെ നമ്മുടെ കുടുംബശാഖകൾ ചേർത്തിണക്കാൻ അദ്ദേഹ ത്തിന്റെ ശ്രമം സഹായകരമായി. ശ്രീമതി ഏലിയാമ്മ പുന്നൂസും നമ്മുടെ കുടുംബചരിത്രത്തിന് ആവശ്യമായ വിവരങ്ങൾ നൽകുവാൻ പ്രത്യേകം താൽപര്യം കാണിച്ചിരുന്നു. നമ്മുടെ പഴഞ്ഞേരിൽ ശാഖയെ കണ്ടുപിടിക്കാൻ ശ്രീമതി ഏലിയാമ്മ പറഞ്ഞുതന്ന വിവരങ്ങൾ സഹായകരമായി. പഴഞ്ഞേരിൽ കുടുംബാംഗം ഡോ. മാത്യു പുനലൂരിൽ നിന്ന് തിരുവല്ലായിൽ വരുമ്പോൾ കൊല്ലമന തറവാട്ടിൽ എബ്രഹാം മാത്യുവിനെ സന്ദർശിക്കാൻ വരുന്ന വിവരം പറഞ്ഞത് ആ ശാഖ ഏതെന്ന് കണ്ടുപിടിക്കാൻ സഹായകരമായി. ശ്രീമതി ഏലിയാമ്മ പൂന്നൂസ് ഹൃദയസ്തംഭനം മൂലം 16-11-1998 ൽ നിര്യാതയായി. നാലാഞ്ചിറ സെന്റ് മേരീസ് പള്ളിയുടെ സെമിത്തേരിയിൽ അടക്കം ചെയ്തിരിക്കുന്നു. ശ്രീമാൻ പുന്നൂസ് മക്കളോടും കൊച്ചുമക്കളോടും ഒരുമിച്ച് മുട്ടടയിൽ താമസിക്കുന്നു.

*മക്കൾ*

1. കെ.പി.മാത്യു (ബാബുക്കുട്ടി)
2. മറിയാമ്മ (രാജമ്മ)



3. കെ.പി.എബ്രഹാം (എബി)
4. കെ.പി.അലക്സാണ്ടർ (അലക്സ്)
5. കെ.പി.തോമസ് (തോമസുകുട്ടി)
6. എലിസബത്ത് (ലീന)
7. അന്നമ്മ (രോഹിണി)

Mr. K.M. Punnoose
Kollamana
Priyadarsini Lane
Muttada. P.O, Trivandrum
Phone: 540985

XVIII-4

**കെ. എം. മാത്യൂ (രാജൻ)**

**അമ്മിണി മാത്യൂ (കണിയാന്ത്ര)**

കൊല്ലമന എബ്രഹാം മാത്യുവിന്റേയും മറിയാമ്മാ കോവൂരി ന്റേയും ഇളയ മകൻ കെ.എം. മാത്യൂ (രാജൻ) 11-01-1929 ൽ തിരുവല്ലായിൽ ജനിച്ചു. ഫോർവേർഡ് ബാങ്കിൽ ഉദ്യോഗസ്ഥനായി രുന്ന ഇദ്ദേഹം സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ വളരെക്കാലം സേവനമനുഷ്ഠിച്ചു. ഗൗരവക്കാരനും സുമുഖനുമായിരുന്ന ഇദ്ദേഹം ഏതു പ്രായക്കാരോടും ചേർന്നു പോകുന്ന സ്വഭാവമായിരുന്നു. വലിയവർ ചെറിയവർ എന്നു വ്യത്യാസമില്ലാതെ തന്റെ കൂട്ടുകാർക്കും കുടുംബക്കാർക്കും എന്തു സഹായവും ചെയ്യാൻ എപ്പോഴും സന്നദ്ധത പ്രകടിപ്പിച്ചിരുന്ന ഇദ്ദേഹത്തെ ''രാജൻ'' എന്ന പേരിൽ എല്ലാവരും അറിഞ്ഞിരുന്നു. മേപ്രാൽ കണിയാന്ത്രാ കുടുംബത്തിൽ എഞ്ചിനീയർ കെ.എം. കോശിയുടെ മകൾ അമ്മിണികോശിയെ 1952-ൽ വിവാഹം കഴിച്ചു. ശ്രീമതി അമ്മുക്കുട്ടി കേരളാ സർവ്വകലാശാലയിൽ നിന്നും ബി.എസ്.സി ഫിസിക്സിൽ ഒന്നാം റാങ്കോടെ പാസാകുകയും, തുടർന്ന് ബി.എഡ്. കഴിഞ്ഞ് സ്കൂളിൽ അധ്യാപികയായി തിരുവല്ലായിലും, കൊട്ടാരക്കരയിലും തിരുവനന്തപുരത്തും ജോലി

ചെയ്തിരുന്നു. തിരുവല്ലാ പാലിയേക്കര പള്ളിയുടെ അടുത്ത് കുടുംബവീട്ടിൽ താമസിച്ചിരുന്ന ശ്രീമാൻ മാത്യു കുടുംബമായി 1969-ൽ തിരുവനന്തപുരത്തേക്ക് താമസം മാറ്റി. തിരുവനന്തപുരത്ത് മുട്ടടയിൽ സ്വന്തമായി പണികഴിപ്പിച്ച ഭവനത്തിൽ 1975 മുതൽ താമസം തുടങ്ങി. ശ്രീമാൻ കെ.എം. മാത്യു 1981 ൽ മെയ് 22-ാം തീയതി പെട്ടന്നുണ്ടായ ഹൃദയസ്തംഭനം മൂലം നിര്യാതനായി. മരിക്കുമ്പോൾ 51 വയസ്സായിരുന്നു. സെന്റ് ജോർജ് ഓർത്ഡോക്സ് പള്ളിയുടെ പാറ്റൂർ സെമിത്തേരിയിൽ അടക്കം ചെയ്തിരിക്കുന്നു.

1986 ൽ പട്ടം ഗവൺമെന്റ് ഹൈസ്കൂളിൽ നിന്നും സീനിയർ അദ്ധ്യാപികയായി റിട്ടയർ ചെയ്ത അമ്മിണി മാത്യൂ (അമ്മുക്കുട്ടി) തികഞ്ഞ ദൈവഭക്തയാണ്. തന്റെ ഒഴിവുകാലം കൂടുതൽ സമയവും ദൈവവേലയിലും, സുവിശേഷവേലയിലും ഏർപ്പെട്ട് കഴിയുന്നു. മക്കളേയും മരുമക്കളേയും കൊച്ചുമക്കളേയും ആത്മീയമായി ഉയർത്തുവാൻ ശ്രീമതി അമ്മുക്കുട്ടിയുടെ ദൈവാശ്രയം സഹായിച്ചു. ദുബായിലുള്ള മക്കളോടും അമേരിക്കയിലുള്ള മകളോടുകൂടി താമസിക്കുവാൻ ഇതിനിടയിൽ സൗകര്യം ലഭിച്ചു. കൂടാതെ സർവ്വീസിൽ ഇരിക്കുമ്പോൾ ലീവെടുത്ത് 5 വർഷം ദുബായിൽ ജോലി നോക്കിയിരുന്നു.

ഇപ്പോൾ ശ്രീമതി അമ്മുക്കുട്ടി മക്കളോടും കൊച്ചുമക്കളോടും ഒരുമിച്ച് മുട്ടടയിലുള്ള ഭവനത്തിൽ കഴിയുന്നു.

*മക്കൾ*

1. കെ.എം. മാത്യൂ (ബിജു)
2. വത്സ മാത്യൂ
3. കെ.എം. കോശി (നെബു)
4. റാണി മാത്യൂ

Mrs. K.M. Mathew
Kollamana, Arappura lane
Muttada P.O, Trivandrum
Tel : 542252



XVIII-5

**രാജമ്മ മാത്യൂ**

ഏബ്രഹാം മാത്യു കൊല്ലമനയുടേയും കോവൂർ മറിയാമ്മയുടേയും ഇളയ മകൾ രാജമ്മ 1934-ൽ തിരുവല്ലായിൽ ജനിച്ചു. ശാന്തയും ശാലീനയുമായിരുന്ന രാജമ്മ ചെറുപ്പം മുതൽ ദൈവഭക്തയായിരുന്നു. 10 വയസ്സുള്ളപ്പോൾ കഴുത്തിന് താഴെയായിട്ട് പ്രത്യക്ഷപ്പെട്ട മുഴ മാറ്റുവാനായി അക്കാലത്ത് വളരെയേറെ ശുശ്രൂഷകൾ ചെയ്തിരുന്നെങ്കിലും 20-9-1946 ൽ ആ സ്നേഹസമ്പന്ന ഈ ലോകത്തോട് വിട പറഞ്ഞു. മരിക്കുമ്പോൾ 12 വയസ്സായിരുന്നു. നോയമ്പു നോക്കുന്നതിലും പ്രാർത്ഥനയിലും വളരെ നിഷ്ട പാലിച്ചിരുന്ന ഈ ചെറുപ്പക്കാരി ഈ രോഗം ബാധിച്ചിട്ടും തെല്ലും നിരാശ വന്നിരുന്നില്ല. സെപ്റ്റംബർ മാസത്തിൽ (മരിക്കുന്ന മാസത്തിൽ) പതിനഞ്ച് നോമ്പു നോക്കി വളരെ പ്രത്യാശയോടു കൂടിയ മരണമായിരുന്നു അത്.

ലോകത്തിൽ ജീവിക്കുന്നവരിൽ ക്രിസ്ത്യാനികൾക്കുള്ള വ്യത്യാസം - രോഗം, നഷ്ടം, നാശം ഇവയൊക്കെ ഉണ്ടായാലും നിരാശ, ജീവിതത്തോട് മടുപ്പ് ഇവ നമുക്ക് ഉണ്ടാകുന്നില്ല. ജഢീകർക്ക് ഭാരമുള്ള ജീവിതം ആത്മീയർക്ക് നിസ്സാരമായി അതിജീവിക്കാൻ കഴിയുന്നു. ലോകസമാധാനം നമ്മെ ഒരിക്കലും യഥാർത്ഥമായ സ്വർഗ്ഗീയ സമധാനത്തിലേക്ക് കൊണ്ടുവരുന്നില്ല. യേശുക്രിസ്തു നൽകുന്ന സമാധാനം പ്രാപിക്കുന്നില്ലായെങ്കിൽ നമുക്ക് ഒരിക്കലും ആശ്വാസം കണ്ടെത്തുവാൻ കഴിയുകയില്ല. രാജമ്മയെ തിരുവല്ലാ പാലിയേക്കരപള്ളിയിൽ അടക്കം ചെയ്തിരിക്കുന്നു.

XVIII-1

**എലിസബത്ത് ഫിലിപ്പ്**

**മേജർ ഫിലിപ്പ്, കൂടത്തിനാൽ**

ഡോ. ജോർജ് കൊല്ലമനയുടേയും, ഇടവനത്തുകാവിൽ ഡോ. അച്ചാമ്മയുടേയും മകൾ എലിസബത്ത് തിരുവല്ലായിൽ ജനിച്ചു. എലിസബത്തിനെ കോട്ടയത്ത് കൂടത്തിനാൽ കുടുംബാംഗം മേജർ.ഫിലപ്പ് വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ട് പെണ്ണും

ഒരാണും മക്കളായുണ്ട്. പെട്ടന്നുണ്ടായ ഹൃദയസ്തംഭനം മൂലം ശ്രീമാൻ ഫിലിപ്പ് 1982 ൽ മരിച്ചു. ശ്രീമതി എലിസബത്ത് മകനോടൊപ്പം കുടുംബവീട്ടിൽ കഴിയുന്നു.

*മക്കൾ*

1. ബീന
2. മീന
3. റോയി

Mrs. Elizabeth Philip,
Kudathinal House
Temple View,
Pakkil P.O
Kottayam - 686 012
Tel : 0481 - 430868

XVIII-2

**അച്ചാമ്മാ ഡാനിയേൽ**

**ഡാനിയേൽ അറപ്പുരയിൽ**

ഡോ. ജോർജ് കൊല്ലമനയുടേയും ഇടവനത്തുകാവിൽ ഡോ. അച്ചാമ്മയുടേയും മകൾ അച്ചാമ്മാ ഡാനിയേൽ 28-8-1937 ൽ തിരുവല്ലായിൽ ജനിച്ചു. അടൂർ അറപ്പുരയിൽ കിഴക്കേതിൽ കുടുംബാംഗം ഡാനിയേൽ വിവാഹം കഴിച്ചു. കാതോലിക്കേറ്റ് കോളേജിൽ പ്രൊഫസറായിരുന്ന ശ്രീമാൻ ഡാനിയേൽ അവധിയെടുത്ത് എത്യോപ്യ, ആഫ്രിക്ക എന്നീ സ്ഥലങ്ങളിൽ ജോലി നോക്കിയിരുന്നു. ശ്രീമാൻ ഡാനിയേൽ കുടുംബമായി വളരെ നാൾ വിദേശത്ത് താമസമായിരുന്നു. ഇപ്പോൾ തിരികെ വന്ന് തിരുവനന്തപുരത്ത്, കുമാരപുരത്ത് താമസിക്കുന്നു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ

*മക്കൾ*

1. സൂസൻ
2. ജോർജ്



3. ഡോ. ജോൺ

Mrs.Achamma Daniel, Arappurayi
GEM, House No. 47, Tagore Gardens
Kumarapuram, Trivandrum
Tel - 551379

XVIII-3

**ഡോ. ശോശാമ്മ ജോസഫ്**

**ജോസഫ് കെ., എഞ്ചിനീയർ, കരിങ്ങാട്ടിൽ**

ഡോ. ജോർജ് കൊല്ലമനയുടേയും, ഇടവനത്തുകാവിൽ ഡോ.അച്ചാമ്മയുടേയും മകൾ ഡോ. ശോശാമ്മ ജോസഫ് തിരുവല്ലായിൽ ജനിച്ചു. ഗവൺമെന്റ് ഹോസ്പിറ്റലിൽ സിവിൽ സർജൻ ആയിരുന്ന ഡോ. ശോശാമ്മ ഇപ്പോൾ റിട്ടയർ ചെയ്തതിനു ശേഷം പ്രൈവറ്റ് ഹോസ്പിറ്റലിൽ സേവനമനുഷ്ഠിക്കുന്നു. ഡോ. ശോശാമ്മ ജോസഫിനെ തുമ്പമൺ കരിങ്ങാട്ടിൽ കുടുംബാംഗം എഞ്ചിനീയർ ജോസഫ് വിവാഹം കഴിച്ചു. ശ്രീമാൻ ജോസഫ് Assistant Executive Engineer ആയി Irrigation Department ൽസേവനമനുഷ്ഠിച്ചിരുന്നു. 50-ാം വയസ്സിൽ പെട്ടന്നുണ്ടായ ഹൃദയസ്തംഭനം മൂലം 1983-ൽ നിര്യാതനായി. ഡോ.ശോശാമ്മ, തിരുവല്ലാ പൊടിയാടിയിൽ പണികഴിപ്പിച്ച ഭവനത്തിൽ കഴിയുന്നു. ഈ ദമ്പതികൾക്ക് രണ്ട് പെൺമക്കൾ

*മക്കൾ*

1. സൂസന്ന
2. സുമി

Dr. Sosamma Joseph
Rtd. Civil Surgeon, Lilly Dale
Podiyadi P.O, Thiruvalla
Tel : 0473-630998

XVII–4

**ഡോ. എബ്രഹാം കൊല്ലമന (ബാബു)**

**ഡോ. ലീലാഎബ്രഹാം സാമ്പ്രിക്കൽ, കീഴില്ലം**

ഡോ. ജോർജ് കൊല്ലമനയുടേയും, ഇടവനത്തുകാവിൽ ഡോ. അച്ചാമ്മാ ജോർജിന്റേയും മകൻ ഡോ. എബ്രഹാം കൊല്ലമന (ബാബു) തിരുവല്ലായിൽ ജനിച്ചു. B.Sc.ഡിഗ്രിയും MBBS -ഉം കരസ്ഥമാക്കിയ ഇദ്ദേഹം ദോഹയിൽ മെഡിക്കൽ ഓഫീസറായി ജോലി നോക്കുന്നു. ഇദ്ദേഹം, പെരുമ്പാവൂർ കീഴില്ലം സാമ്പ്രിക്കൽ കുടുംബത്തിൽ ലീലാമ്മയെ വിവാഹം കഴിച്ചു. ഡോ. ലീലാ എബ്രഹാം ഖത്തർ ഗവൺമെന്റ് വിമൻസ് ഹോസ്പിറ്റലിൽ Gynaecologist ആയി 12 വർഷം സേവനമനുഷ്ഠിച്ചിരുന്നു. ഇപ്പോൾ ഖത്തറിൽ സ്വന്തമായി ഒരു ക്ലീനിക് ആരംഭിച്ച് അവിടെ സേവനമനുഷ്ഠിക്കുന്നു. ഈ ദമ്പതികൾക്ക് രണ്ടു മക്കൾ ഉണ്ട്. മൂത്ത മകൾ പ്രീതു ആൻ എബ്രഹാം 22-4-1978 ൽ ജനിച്ചു. ഇപ്പോൾ ബാംഗ്ലൂരിൽമെഡിസിൻ പഠനം പൂർത്തിയാക്കി. രണ്ടാമത്തെ മകൻ ജിത്തു ജോർജ് എബ്രഹാം 12-8-1979-ൽ ജനിച്ചു, വിദ്യാർത്ഥിയാണ്.

| | |
|---|---|
| Dr. Abraham Kollamana | P.O. Box.4625 |
| Kollamana Bunglow | Doha, Qatar |
| Factory ward | Tel -320577/ 35986 (Resi) |
| Alleppey | Tel -Clinic - 444900 |

XVIII-5

**നൈനാൻ കൊല്ലമന (ജോയി)**

**ഷൈനി പട്ടാശ്ശേരിൽ**

ഡോ. ജോർജ് കൊല്ലമനയുടേയും, ഇടവനത്തുകാവിൽ ഡോ.അച്ചാമ്മാ ജോർജിന്റേയും മകൻ നൈനാൻ കൊല്ലമന (ജോയി) തിരുവല്ലായിൽ ജനിച്ചു.ഇദ്ദേഹം പട്ടാശ്ശേരിൽ കുടുംബാംഗം ഷൈനിയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ദിവ്യാ, ദിലീപ്. ശ്രീമാൻ നൈനാൻ അനേകനാൾ ദോഹയിൽ ഒരു പ്രൈവറ്റ് കമ്പനിയിൽജോലി നോക്കിയിരുന്നു. ഇപ്പോൾ നാട്ടിൽ മടങ്ങിയെത്തി



ആലപ്പുഴയിൽ കുടുംബവീട്ടിൽ കഴിയുന്നു.

*മക്കൾ*

1. ദിവ്യാ നൈനാൻ
2. ദിലീപ് നൈനാൻ കൊല്ലമന

Mr. Ninan Kollamana, , Kollamana Bunglow
Factory Ward, Alleppey
Tel : 353986

XVIII-1

**മേരി വറുഗീസ്**

**വറുഗീസ് എം. എസ്. മാവോലിൽ.**

കൊല്ലമന പാപ്പച്ചന്റെയും മംഗലശ്ശേരിൽ കുഞ്ഞമ്മയുടെയും മകൾ മേരി തിരുവല്ലായിൽ ജനിച്ചു. ശ്രീമതി മേരിയെ കാർത്തികപ്പള്ളിയിൽ മാവോലിൽ കുടുംബാംഗം വറുഗീസ് വിവാഹം കഴിച്ചു.

XVIII-2

**അലക്സ് മാത്യു**

**മറിയാമ്മ മാത്യു വാളകുഴിയിൽ**

കൊല്ലമന പാപ്പച്ചന്റെയും മംഗലശ്ശേരിൽ കുഞ്ഞമ്മയുടെയും മകൻ അലക്സ് മാത്യു തിരുവല്ലായിൽ ജനിച്ചു. മല്ലപ്പള്ളി, ആനിക്കാട്ട് വാളക്കുഴിയിൽ വി.ഇ. കുരുവിളയുടെ മകൾ മറിയാമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. മൂത്തമകൾ മാക്സി മാത്യു രണ്ടാമത്തെ മകൻ മാക്സ് മാത്യു. ശ്രീമാൻ അലക്സ് മാത്യുവും കുടുംബവും അമേരിക്കയിൽ കാലിഫോർണിയായിലായിരുന്നു താമസം. ഇപ്പോൾ മടങ്ങി നാട്ടിൽ തിരുവല്ലായിൽ കുററപ്പുഴയിൽ കുടുംബവീടിനടുത്ത് വീടു പണികഴിപ്പിച്ച് അവിടെ താമസിക്കുന്നു.

Alex Mathew, Kollamana, Near Bethel Asramam
Kuttapuzha P.O., Thiruvalla P.O.

XVIII-3

**ലീലാമ്മ കുര്യൻ**

**വി. എ. കുര്യൻ വരത്തറപ്പള്ളത്ത്**

കൊല്ലമന പാപ്പച്ചന്റെയും മംഗലശ്ശേരിൽ കുഞ്ഞമ്മയുടെയും മകൾ ലീലാമ്മ തിരുവല്ലായിൽ ജനിച്ചു. നിരണത്ത് വരത്തറപ്പള്ളത്ത് കുടുംബാംഗം ശ്രീമാൻ കുര്യൻ വിവാഹം കഴിച്ചു.

Mrs. Leela Kurian, Vartharapallathu
Niranam West P.O., Niranam.

XVIII-4

**ആലീസ് അന്നമ്മ രാജു**

**രാജു പി. വി. ജോർജ് പന്നിരുത്തേൽ**

കൊല്ലമന പാപ്പച്ചന്റെയും മംഗലശ്ശേരിൽ കുഞ്ഞമ്മയുടെയും മകൾ ആലീസ് തിരുവല്ലായിൽ ജനിച്ചു. തലവടിയിൽ പന്നിരുത്തേൽ കുടുംബാംഗം രാജു വിവാഹം കഴിച്ചു.

Mrs. Alice Raju, Pannithurthel Vinuvilla
Kuttapuzha P.O., Varikad, Thiruvalla.

XVIII-6

**കുര്യൻ മാത്യു**

**റീനി ഇലഞ്ഞിക്കൽ**

കൊല്ലമന പാപ്പച്ചന്റെയും മംഗലശ്ശേരിൽ കുഞ്ഞമ്മയുടെയും മകൻ കുര്യൻ മാത്യു തിരുവല്ലായിൽ ജനിച്ചു. ഇദ്ദേഹം ഇലഞ്ഞിക്കൽ കുടുംബത്തിൽ നിന്നും റീനിയെ വിവാഹം കഴിച്ചു. ബോംബെയിൽ എൽ.ഐ.സി.യിൽ ജോലി ചെയ്യുന്ന ഇദ്ദേഹം കുടുംബത്തോടൊപ്പം ബോംബെയിലാണ്. മകൻ - റോൺ.



Mr. Kurian Mathew
Kollamana,
Kuttapuzha P.O.,
Thiruvalla-3,

EC 47/A/101
Saisuman-Evershine City
Vasai East-401205
Thane Dist.,Mumbai.

XVIII -1

**ഫിലിപ്പ് മാത്യു (ലൂയിസ്)**

**ശോശാമ്മ വേണാട്ടിപ്പടവിൽ (മുന്നൂററി പുത്തൻ പുരക്കൽ)**

കൊല്ലമന ഫിലിപ്പോസിന്റെയും പുളിമുററം കുടുംബാംഗം ഏലിയാമ്മയുടെയും മകൻ ഫിലിപ്പ് മാത്യു (ലൂയിസ്) 10.03.1925 ൽ തിരുവല്ലായിൽ ജനിച്ചു. ബിസിനസ്സിൽ തല്പരനായിരുന്നു ഇദ്ദേഹം സ്വന്തമായി ബിസിനസ്സ് നടത്തിയിരുന്നു. എൽഐസി ഏജന്റ് ആയി ജോലി നോക്കിയിരുന്ന ഇദ്ദേഹം പുളിക്കീഴ് വേണാട്ടിപ്പടവിൽ (മുന്നൂററിപുത്തൻപുരക്കൽ) കുടുംബത്തിലെ ശോശാമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് നാല് പെൺമക്കളും ഒരു മകനും ഉണ്ട്. ശ്രീമാൻ ഫിലിപ്പ്, പെട്ടെന്നുണ്ടായ ഹൃദയസ്തംഭനം മൂലം 6.10.1990 ൽ മരണമടഞ്ഞു. ഇദ്ദേഹത്തെ തിരുവല്ലായിൽ പാലിയേക്കര പള്ളിയിൽ സംസ്ക്കരിച്ചു. ശ്രീമതി ശോശാമ്മ, മകൻ മാത്യുവിന്റെ കുടുംബത്തോടൊപ്പം കുടുംബ വീട്ടിൽ കഴിയുന്നു.

*മക്കൾ*

1. ബെററി
2. ഡെയ്സി
3. ജയ
4. കെ.പി. മാത്യു (നൈസ്)
5. ആശ

Mrs. Sosamma Philip,.
Kollamana
Palliakkara P.O.,
Thiruvalla.
Tel : 0473-602918

XVIII-2

**ഗ്രേസി**

**യോഹന്നാൻ എം. ജെ., മാടോലിൽ**

കൊല്ലമന ഫിലിപ്പോസിന്റെയും പുളിമുററത്ത് ഏലിയാമ്മയുടെയും മകൾ ഗ്രേസി തിരുവല്ലായിൽ ജനിച്ചു. പുല്ലാട്, മാടോലിൽ കുടുംബാംഗം ശ്രീമാൻ എം.ജെ. യോഹന്നാൻ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് മക്കളില്ല. ശ്രീമാൻ യോഹന്നാൻ 65 വയസ്സുള്ളപ്പോൾ 28.10.1978 നിര്യാതനായി. കോഴിക്കോട് പുതുപ്പാടിയാക്കോബാ പള്ളിയിൽ സംസ്ക്കരിച്ചു. ശ്രീമതി ഗ്രേസി യോഹന്നാൻ കോട്ടയത്ത് ഓർത്തഡോക്സ് പള്ളിയുടെ ആശ്രമത്തിൽ താമസിക്കുന്നു.

Mrs. Gracy Yohannan
Peace Hill, Opp. Medical Colleage
Children's Hospital (ESIH)
Ammancherry, Gandhinagar, Kottayam.

XVIII-3

**മേഴ്സി**

**ഉമ്മൻ പി.കെ. (അനിയൻ കുഞ്ഞ്) പാലമുററത്ത്**

കൊല്ലമന ഫിലിപ്പൊസിന്റെയും പുളിമുററത്ത് ഏലിയാമ്മയുടെയും മകൾ മേഴ്സി തിരുവല്ലായിൽ ജനിച്ചു. മാവേലിക്കര പാലമുററത്ത് കുടുംബാംഗം ശ്രീമാൻ ഉമ്മൻ പി.കെ. (അനിയൻ കുഞ്ഞ്) വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ട് പെൺമക്കളും ഒരു മകനും ഉണ്ട്

*മക്കൾ*

1. സുശീലാകുര്യൻ
2. ഷീലാ ജോർജ്
3. പി.ഒ. കുര്യൻ

Mrs. Mercy Oommen, Palamuttathu House, Prathibha bylane, Padivattom, Edappally P.O., Cochin, Tel : 0484-333556



XVIII-1

**ലീലാ മാത്യു**

**മാത്യു**

കൊല്ലമന ബേബിച്ചായന്റെയും (മാത്യു കെ.വി.) എലിസബത്ത് മാത്യുവിന്റെയും മൂത്തമകൾ ലീല തിരുവല്ലായിൽ ജനിച്ചു. തിരുവല്ലായിലും ഹൈദരാബാദിലും പഠനം പൂർത്തിയാക്കിയ ശ്രീമതി ലീല എം.എ. പഠനം പൂർത്തിയാക്കി സ്കൂളിൽ ടീച്ചറായി ജോലിയിൽ പ്രവേശിച്ചു. സ്കൂൾ അദ്ധ്യാപകനായിരുന്ന ശ്രീമാൻ മാത്യു വിവാഹം കഴിച്ചു. ഹെഡ്മാസ്റ്ററായി റിട്ടയർ ചെയ്ത മാത്യുവും, ശ്രീമതി ലീലയും ഹൈദരാബാദിൽ സ്ഥിരതാമസമാക്കിയിരിക്കുന്നു.

XVIII-2

**ആനി ജെയിംസ്**

**ജെയിംസ്**

കൊല്ലമന ബേബിച്ചായന്റെയും എലിസബത്ത് മാത്യുവിന്റെയും രണ്ടാമത്തെ മകൾ ആനി തിരുവല്ലായിൽ ജനിച്ചു. തിരുവല്ലായിലും ഹൈദരാബാദിലും പഠനം പൂർത്തിയാക്കിയ ശ്രീമതി ആനി. ബി. എ. ബിരുദം എടുത്ത ശേഷം സ്കൂൾ ടീച്ചറായി ജോലിയിൽ പ്രവേശിച്ചു. ഹൈദരാബാദിൽ പ്രൈവററ് കമ്പനിയിൽ ജോലിയുള്ള ജെയിംസ് വിവാഹം കഴിച്ചു. ഇവർ കുടുംബമായി ഹൈദരാബാദിൽ താമസിക്കുന്നു.

XVIII-3

**മോളി ഫാം**

**ഫാം**

കൊല്ലമന ബേബിച്ചായന്റെയും എലിസബത്ത് മാത്യവിന്റെയും മൂന്നാമത്തെ മകൾ മോളി തിരുവല്ലായിൽ ജനിച്ചു. ബി.എ. പഠനം പൂർത്തിയാക്കിയ മോളിയെ ശ്രീമാൻ ഫാം, വക്കീൽ വിവാഹം കഴിച്ചു.

ഇദ്ദേഹം ആന്ധ്രാപ്രദേശ് ഹൈകോർട്ടിൽ ഇപ്പോൾ സേവനമനുഷ്ടിക്കുന്നു. ഈ ദമ്പതികൾ കുടുംബമായി ഹൈദരാബാദിൽ സ്ഥിരതാമസമാക്കിയിരിക്കുന്നു.

XVIII-4

**ജോർജ് മാത്യു. കെ**

**മിനു ജോർജ്**

കൊല്ലമന ബേബിച്ചായന്റെയും (കെ.വി. മാത്യു) എലിസബത്ത് മാത്യുവിന്റെയുമ മകൻ ജോർജ് മാത്യു 8.5.1958 ൽ തിരുവല്ലായിൽ ജനിച്ചു. തിരുവല്ലായിലും, ഹൈദ്രാബാദിലും പഠനം പൂർത്തിയാക്കിയ ഇദ്ദേഹം എം.എ., ബി.എഡ് എടുത്ത ശേഷം അബുദാബിയിൽ Our own English High School ന്റെ പ്രിൻസിപ്പിലായി സേവനമനുഷ്ഠിക്കുന്നു. ഇദ്ദേഹം മനു(ബി.എ., ബി.എഡ്) വിനെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് ഒരു മകളുണ്ട്. രചന എലിസബത്ത് മാത്യു, സ്കൂൾ വിദ്യാർത്ഥിയാണ്. ഹൈദരാബാദിൽ തന്റെ പിതാവിന്റെ ജോലി സംബന്ധമായി എത്തിയ കുടുംബം അവിടെ സ്ഥിരതാമസക്കാരായി.

*മകൾ*

1. രചന എലിസബത്ത് മാത്യു

Mr. George Mathew. K.
P.O. Box 493
Our Own English High School
Abudhabi

12-1019
Seethaphalmandi
Secandrabad,
Andhrapradesh.

XVIII-1

**റെജി ഉമ്മൻ**

**ഷീബ (പനച്ചക്കൽ)**

കൊല്ലമന കെ.വി. ഉമ്മന്റെയും (കൊച്ചുകുഞ്ഞിച്ചായൻ) ശോശാമ്മയുടെയും മൂത്തമകൻ റെജി 26-08-1967 ൽ തിരുവല്ലായിൽ



ജനിച്ചു. ഇദ്ദേഹം പനച്ചക്കൽ കുടുംബാംഗം ഷീബായെ വിവാഹം കഴിച്ചു. ശ്രീമാൻ റെജി, ദോഹയിൽ ഒരു പ്രൈവററ് കമ്പനിയിൽ ജോലി നോക്കുന്നു. ഈ ദമ്പതികൾക്ക് ഒരു മകനുണ്ട്. മകൻ റോഷൻ വർഗീസ് 12-08-1995 ൽ ജനിച്ചു.

*മകൻ*

1. റോഷൻ വർഗീസ്

Mr. Regi Oommen
Kollamana
Kuttapuzha P.O.
Thiruvalla

P.O. Box 16906
Doha, Qatar

XVIII-2

**റോജി (തോമസ് ഉമ്മൻ)**

**ശോശാമ്മ തോമസ്**

കൊല്ലമന കെ.വി. ഉമ്മന്റെയും ശോശാമ്മയുടെയും രണ്ടാമത്തെ പുത്രൻ റോജി 7-04-1969 - ൽ തിരുവല്ലായിൽ ജനിച്ചു. ഇദ്ദേഹം ശോശാമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് ഒരു മകനുണ്ട്. മകൻ റോജോ തോമസ് 12-10-1997 -ൽ ജനിച്ചു.

*മകൻ*

1. റോജോ തോമസ്

XIX-1

**കെ.എ. മാത്യു (അച്ചൻ കുഞ്ഞ്)**

**സൂസൻ മാത്യു കാച്ചാണത്ത്**

കൊല്ലമന കെ.എം. ഏബ്രഹാമിന്റെയും തങ്കമ്മ ഏബ്രഹാമിന്റെയും മൂത്ത പുത്രൻ മാത്യു (അച്ചൻകുഞ്ഞ്) 31-08-1945 ൽ തിരുവനന്തപുരത്ത് ജനിച്ചു. ഇദ്ദേഹം റാന്നിയിൽ കാച്ചാണത്ത് കെ.സ് വർക്കി

യുടെ മകൾ സൂസനെ 26.10.1970 ൽ വിവാഹം കഴിച്ചു. ശ്രീമാൻ മാത്യു ഇൻഷ്വറൻസ് കമ്പനി ഉദ്യോഗസ്ഥനായിരുന്നു. തന്റെ ബിസിനസ്സിലുള്ള താൽപര്യം കൊണ്ട് കുവൈററിലെ ജോലി ഉപേക്ഷിച്ച് മുഴുവൻ സമയവും ബിസിനസ്സിൽ ശ്രദ്ധ കേന്ദ്രീകരിച്ചു, ദുബായിൽ തന്റെ പരിശ്രമ ഫലമായി ബിസിനസ്സ് വിപുലീകരിക്കുവാൻ കഴിഞ്ഞു. ദുബായിൽ Kleenwel Maintenance Co, Globe Chemicals Trading Co, New Dubai Nurssery School, Happy kids Nursery School എന്നിവ സ്വന്തമായി നടത്തുന്നു. ഈ ദമ്പതികൾക്ക് രണ്ട് പെൺമക്കളും ഒരു മകനുമുണ്ട്. മൂത്തമകൾ ഷേർളി 6-7-1972 ൽ ദുബായിൽ ജനിച്ചു. രണ്ടാമത്തെ മകൾ ഷെറീൻ 01-11-1975 ൽ ദുബായിൽ ജനിച്ചു. മൂന്നാമത്തെ മകൻ സജിൻ 04-03-1978 ദുബായിൽ ജനിച്ചു. മകൻ സജിൻ ഇപ്പോൾ അമേരിക്കയിൽ Information Technology Consultant ആയി ജോലി നോക്കുന്നു.

Mr. Mathew K.A
Kollamana
Pathirappally
Kudapanakunnu P.O.
Trivandrum 695 005
Tel : 730921

P.O. Box 7552
Dubai
U.A.E.
Tel : 3499560 or 3444798

XIX-2

**കെ. എ. ഏബ്രഹാം (അനിയൻ)**

**റാണി ഏബ്രഹാം കുന്നിൽ, മാരാമൺ**

കൊല്ലമന കെ.എം. ഏബ്രഹാമിന്റെയും തങ്കമ്മ ഏബ്രഹാമിന്റെയും രണ്ടാമത്തെ പുത്രൻ ഏബ്രഹാം (അനിയൻ) 3.5.1947 ൽ തിരുവനന്തപുരത്ത് ജനിച്ചു. ബാംഗ്ലൂരിൽ എഞ്ചിനിയറിങ്ങ് കഴിഞ്ഞ ഇദ്ദേഹം കുവൈററ് നാഷണൽ പെട്രോളിയം കമ്പനിയിൽ അനേകവർഷം ജോലി നോക്കിയിരുന്നു. ഇദ്ദേഹം കോഴഞ്ചേരി, കുന്നിൽ കെ.ഇ. മാത്യുവിന്റെ മകൾ റാണിയെ 11.06.1973 ൽ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ട് പെൺമക്കളും, ഒരു മകനും ഉണ്ട് മൂത്തമകൾ അനീററ 28.3.1974 ൽ ജനിച്ചു. രണ്ടാമത്തെ മകൻ അരുൺ 4.10.1976 ൽ ജനിച്ചു. മൂന്നാമത്തെ മകൾ അഞ്ചു 12.7.1979 ൽ ജനിച്ചു. മൂത്തമകൾ അനീററാ ഡോക്ടർ ആണ്. മകൻ അരുൺ ബി.ഇ കമ്പ്യൂട്ടർ എഞ്ചിനിയറിംഗ് കഴിഞ്ഞു. മൂന്നാമത്തെ മകൾ അഞ്ചു, എം.ബി.എ ക്ക് പഠിക്കുന്നു. ശ്രീമാൻ ഏബ്രഹാം 27 വർഷത്തെ കുവൈറ്റിലെ ജോലിയിൽ നിന്ന് വിരമിച്ച് ഇപ്പോൾ കുടുംബത്തോടൊപ്പം ബാംഗ്ലൂരിൽ താമസിക്കുന്നു. നന്തൻകോട്ടുള്ള തന്റെ പിതാവ് പണി കഴിപ്പിച്ച കുടുംബഭവനത്തിന്റെ അവകാശി ഇദ്ദേഹമാണ്.



Mr. K.A. Abraham
Kollamana
Nanthancode
Thiruvananathapuram
Tel : 314994

House No. 177/1. SAIRA
Hennur Road
Kacharkanahally
St. Thomas Town Post
Bangalore 560084
Karnataka
Tel :5441573 or 5443697

XIX-3

**കെ. എ. ജോർജ് (കുഞ്ഞുമോൻ)**

**മെറീനാ ജോർജ് പുളിമുററം.**

കൊല്ലമന കെ.എം. ഏബ്രഹാമിന്റെയും തങ്കമ്മ ഏബ്രഹാമിന്റെയും മൂന്നാമത്തെ മകൻ ജോർജ് 18.9.1948 ൽ തിരുവനന്തപുരത്ത് ജനിച്ചു. ഇദ്ദേഹം തിരുവല്ലാ പുളിമുററം കുടുംബത്തിൽ കോഴിക്കോട് താമസമായ ശ്രീമാൻ പി.ടി. ഉമ്മന്റെ മകൾ മെറീനായെ 27.4.1975 ൽ വിവാഹം കഴിച്ചു. ശ്രീമാൻ ജോർജ് മാർ ഈവാനിയോസ് കോളേജിൽ നിന്നും B.Com degree കരസ്ഥമാക്കിയ ശേഷം Abudhabi Investment കമ്പനിയുടെ മാനേജർ ആയി അനേകവർഷം ജോലി നോക്കിയിരുന്നു. ഇപ്പോൾ ജോലിയിൽ നിന്നും വിരമിച്ച് നാട്ടിൽ തിരികെ എത്തി എറണാകുളത്ത് സ്ഥിരതാമസമാക്കിയിരിക്കുന്നു. ഈ ദമ്പതികൾക്ക് മൂന്ന് മക്കളുണ്ട്.

മൂത്തമകൾ മഞ്ജു 29.12.1976 ൽ ജനിച്ചു. പോസ്റ്റ് ഗ്രാജുവേഷൻ കഴിഞ്ഞ് ഇപ്പോൾ അബുദാബിയിൽ ബാങ്കിൽ ജോലി നോക്കുന്നു. രണ്ടാമത്തെ മകൾ മേഖ 9.10.1980 ൽ ജനിച്ചു. Chemical Engineering ന് അമേരിക്കയിൽ പഠിക്കുന്നു. ഇളയ മകൻ മനു 18.6.1984 ൽ ജനിച്ചു. അബുദാബിയിൽ ഹൈസ്ക്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ് അമേരിക്ക

യിലെ ലോസാഞ്ചലിസിൽ ഉപരിപഠനം നടത്തുന്നു.

Mr. K.A. George
Kollamana
APT No. 29
Marvel Mansions
Kathrikadavu, Kochi
Tel : 347723

XIX 4

**കെ. എ. അലക്സാണ്ടർ (തമ്പി)**

**ഷെർളി അലക്സാണ്ടർ ചാക്കോള, തൃശൂർ**

കൊല്ലമന കെ.എം. എബ്രഹാമിന്റെയും തങ്കമ്മ എബ്രഹാമിന്റെയും നാലാമത്തെ പുത്രൻ അലക്സാണ്ടർ 11-7-1950 ൽ തിരുവനന്തപുരത്ത് ജനിച്ചു. മാർ ഈവാനിയോസ് കോളേജിൽ നിന്ന് ബിരുദം എടുത്ത ശേഷം ദുബായിൽ ബ്രിട്ടീഷ് ബാങ്കിൽ ജോലിയിൽ പ്രവേശിച്ചു. ഇദ്ദേഹം തൃശൂർ ചാക്കോള കുടുംബത്തിൽ നിന്നും സി.ററി. ആന്റണിയുടെ (മുൻപോലീസ് കമ്മീഷണർ കൊച്ചി) ഏകമകൾ ഷേർളിയെ 10-9-1978 ൽ വിവാഹം കഴിച്ചു. ശ്രീമാൻ അലക്സാണ്ടർ ഇപ്പോൾ ദുബായിൽ എച്ച്.എസ്.ബി.സി. ബാങ്കിൽ ഓഫീസർ ആയി ജോലി നോക്കുന്നു. ഈ ദമ്പതികൾക്ക് രണ്ട് മക്കളുണ്ട്. മൂത്തമകൾ ററീനാ 25-10-1979 ലും മകൻ റെറനി16-1-1982 ലും ജനിച്ചു.

ററീനാ, ദുബായിലെ Australian University യിൽ MIB & MBA എന്ന രണ്ട് മാസ്റ്റർ ഡിഗ്രികൾക്ക് പഠിക്കുകയും കൂടെ ജോലിയും ചെയ്യുന്നു. റെറനി സ്കൂൾ വിദ്യാഭ്യാസം നടത്തുന്നു.

| | |
|---|---|
| Mr. Alexander K.A. | P.O. Box 3001 |
| Kollamana | Dubai |
| Nanthancode | UAE |
| Trivandrum | Tel : 3964898 |



XIX-1

**കെ. പി. മാത്യു (ബാബുക്കുട്ടി)**

**വത്സമാത്യു (കോഴിക്കുന്നത്ത്)**

കൊല്ലമന പുന്നൂസിന്റെയും കൈയ്യാലാത്ത് ഏലിക്കുട്ടിയുടെയും മൂത്ത മകൻ കെ.പി. മാത്യു (ബാബുക്കുട്ടി) 13.1.1949 ൽ തിരുവല്ലായിൽ ജനിച്ചു. വളരെ ചെറുപ്പത്തിൽ തന്നെ കുവൈററിൽ ജോലി നേടിയെടുത്ത ഇദ്ദേഹം കുവൈററിൽ ഒരു പ്രൈവററ് കമ്പനി മാനേജർ ആയി ജോലി ചെയ്യുന്നു. ശ്രീമാൻ കെ.പി. മാത്യു മല്ലപ്പള്ളി, കോഴിക്കുന്നത്ത് കുടുംബാംഗം ശ്രീമാൻ ചാർളിയുടെ മകൾ വത്സയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. മൂത്തമകൾ മെറിൻ 10.12.1976 ലും മകൻ ജെറിൻ 16.2.1981 ലും ജനിച്ചു. ശ്രീമതി വത്സ അനേകവർഷം കുവൈററിൽ ഗവൺമെന്റ് ഹോസ്പിററലിൽ സേവനമനുഷ്ടിച്ചിരുന്നു. ഇപ്പോൾ ജോലിയിൽ നിന്ന് വിരമിച്ച് തിരുവനന്തപുരത്ത് കല്ലയത്തു മുത്തൂററ് വില്ലായിൽ താമസിക്കുന്നു. ഈ ദമ്പതികളുടെ മൂത്തമകൾ മെറിൻ മാത്യുവിനെ കുന്നന്താനം ചെത്തിക്കാട്ട് കുടുംബാംഗം ശ്രീമാൻ എബി ഏലിയാസ് വിവാഹം കഴിച്ചു. ജെറിൻ കോളേജ് വിദ്യാർത്ഥിയാണ്.

| | |
|---|---|
| Mr. Mathew K.P. | |
| Kollamana | P.O. Box 7295 |
| Muthootvalley | Fahaheel 64003 |
| Kallayam P.O. | Kuwait |
| Trivandrum | Tel : 4336859 |
| Tel- 530381 | Off : 3986522 |

XIX-2

**മറിയാമ്മ (രാജമ്മ)**

**മാത്യൂസ് ജേക്കബ് (തമ്പി) പൂഴിക്കാലായിൽ**

കൊല്ലമന പുന്നൂസിന്റെയും, കൈയ്യാലത്ത് ഏലിക്കുട്ടിയുടെയും മൂത്ത മകൾ മറിയാമ്മ (രാജമ്മ)20.3.1950 ൽ തിരുവല്ലായിൽ ജനിച്ചു. തിരുവനന്തപുരത്ത് ഓൾ സെയ്ന്റ്സ് കോളേജിൽ നിന്നും ബി.എ.

ഡിഗ്രി എടുത്ത മറിയാമ്മയെ കുമ്പനാട്ട് പൂഴിക്കാലയിൽ മാത്യു ജേക്കബ് (തമ്പി) വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ മൂത്ത മകൻ അനീഷ് ദുബായിൽ ഒരു പ്രൈവററ് കമ്പിനിയിൽ ജോലി ചെയ്യുന്നു. രണ്ടാമത്തെ മകൻ രാജേഷ് വിദ്യാർത്ഥിയാണ്. ഇവർ കുടുംബമായി ദുബായിൽ താമസിക്കുന്നു.

Mrs. Rajamma Mathew
Poozhikalayil
Kumabnad

P.O. Box 8765
Dubai
UAE
Tel: 3679232

XIX-3

**കെ. പി. ഏബ്രഹാം (എബി)**

**സോമ ഏബ്രഹാം താമരവേലിൽ**

കൊല്ലമന പുന്നൂസിന്റെയും കൈയ്യാലത്ത് ഏലിക്കുട്ടിയുടെയും രണ്ടാമത്തെ ഇരട്ട പുത്രൻ ഏബ്രഹാം (എബി) 10.9.1953 ൽ തിരുവല്ലായിൽ ജനിച്ചു. ഇദ്ദേഹം നരിയാപുരം, താമരവേലിൽ ശ്രീമാൻ മത്തായിയുടെ മകൾ സോമയെ വിവാഹം കഴിച്ചു. തിരുവനന്തപുരത്ത് മാർ ഇവാനിയോസ് കോളേജിൽ പഠിച്ചിരുന്ന ഇദ്ദേഹം ഇപ്പോൾ കുവൈററിൽ ഒരു പ്രൈവററ് കമ്പനിയിൽ ജോലി ചെയ്യുന്നു. ഈ ദമ്പതികൾക്ക് രണ്ട് പെൺമക്കൾ ഉണ്ട്. മൂത്തമകൾ അജീന ഏബ്രഹാം രണ്ടാമത്തെ മകൾ അർച്ചന ഏബ്രഹാം രണ്ടു പേരും സ്കൂൾ വിദ്യാർത്ഥികളാണ്. കുട്ടികളുടെ പഠനാർത്ഥം ശ്രീമതി സോമ കുട്ടികളുമൊത്ത് തിരുവനന്തപുരത്ത് ചാറാച്ചിറയിൽ സ്വന്തമായ ഭവനത്തിൽ കഴിയുന്നു.


MR. K.P. Abraham
Kollamana
11/1685, Charachira
Kowdiar P.O., Trivandrum
Tel 312210

P.O. Box 7295
Fahaheel 64003
Kuwait





കൊല്ലമന മാത്തൂ ഏബ്രഹാം, ഭാര്യ: മറിയാമ്മ, ഇളയമകൾ: പെണ്ണമ്മ
(1889 ൽ എടുത്ത ചിത്രം)
പേജ് നം - 203




കൊല്ലമന ഫിലിപ്പോസ് മാത്യു, ഭാര്യ: ആച്ചിയമ്മ
പേജ് നം - 203





കൊല്ലമന ഫിലിപ്പോസ് (ബേബി), ഭാര്യ: മേരിക്കുട്ടി
പേജ് നം - 213



കൊല്ലമന ശോശാമ്മ, കോടിയാട്ട് അലക്സാണ്ടർ, മൂത്തമകൾ : തങ്കമ്മ
പേജ് നം - 202






കൊല്ലമന ശോശാമ്മ
പേജ് നം - 202



കൊല്ലമന കെ.എം. ഏബ്രഹാം, കെ.എം. പുന്നൂസ്, കെ.എം. മാത്യു
(1944 ൽ എടുത്ത ചിത്രം)
പേജ് നം - 213



കെ. ജെ. അലക്സാണ്ടർ
പേജ് നം - 202




കൊല്ലമന കെ.എം. മാത്യു (പാപ്പച്ചായൻ)
പേജ് നം - 220






കൊല്ലമന ശോശാമ്മ, (കോടിയാട്ട് അലക്സാണ്ടറിന്റെ ഭാര്യ), കൊല്ലമന ഫിലിപ്പോസിന്റെ ഭാര്യ ആച്ചിയമ്മ
പേജ്. നം- 202



കൊല്ലമന ശ്രീമാൻ കെപി. ജോർജ്ജ്
പേജ് നം - 211






കൊല്ലമന മാത്യു ഏബ്രഹാം, ഭാര്യ: മറിയാമ്മ മാത്യു
പേജ് നം - 213




കൊല്ലമന മറിയക്കുട്ടി
(2002 ൽ 100 വയസ്സു തികയുന്ന തൈക്കടവിൽ കുര്യന്റെ ഭാര്യ)
പേജ് നം - 216





കൊല്ലമന അന്നമ്മയും കോട്ടയിൽ കുര്യനും
പേജ് നം - 218




കൊല്ലമന മറിയക്കുട്ടിയും തൈക്കടവിൽ റ്റി.കെ. കുര്യനും
പേജ് നം - 216



കൊല്ലമന അമ്മിണിമാത്യുവും മോടയിൽ മാത്യുവർഗീസും
പേജ് നം - 235





കൊല്ലമന ഏബ്രഹാം മാത്യുവും മറിയാമ്മയും
ഇളയമകൻ കെ.എം മാത്യുവും (രാജൻ), കുടുംബവും
പേജ് നം - 239




കൊല്ലമന മാത്യു ഭാര്യ: അച്ചാമ്മ, മക്കൾ : റീന, തോമസ്
പേജ് നം - 231





കൊല്ലമന കെ.പി.ഏബ്രഹാമും കുടുംബവും (L to R) മകൻ : റോയി, ഭാര്യ : ലിസി, മകൾ : ജോളി, ഏബ്രഹാം
പേജ് നം - 232



കൊല്ലമന അലക്സാണ്ടർ (ബാബുജി) ഭാര്യ: മോളി, മക്കൾ: ഗ്രേസി, ജിഫുറൂൺ അലക്സ്
പേജ് നം - 233






കൊല്ലമന കെ.പി. ജോസഫും (തമ്പി) കുടുംബവും (L to R) മകൻ ഫിലിപ്പ്, ജോസഫ്, മകൾ മേരിക്കുട്ടി, ഭാര്യ സാറാമ്മ
പേജ് നം - 234



കൊല്ലമന മേരിക്കുട്ടിയും കുടുംബവും
Standing (L to R) സൂസൻ, ജേക്കബ്, വർഗ്ഗീസ് വൈദ്യൻ, ബിജു, വി.കെ. ചാക്കോ, Sitting (L to R) ആനി, മറിയാമ്മ, മേരിക്കുട്ടി, മോളി, കൊച്ചുമക്കൾ
പേജ് നം - 211






കൊല്ലമന ബിജുമാത്യു, ഭാര്യ: സൂസൻ
പേജ് നം - 231



കൊല്ലമന ജേക്കബ്, ഭാര്യ: ആനി, മക്കൾ: മെറി, സേറ
പേജ് നം - 230






കൊല്ലമന ജോർജ്ജ് മാത്യു, ഭാര്യ : മിനിജോർജ്ജ്, മകൾ : രചന
പേജ് നം - 250




കൊല്ലമന കെ.എം. ഏബ്രഹാം (അവറാച്ചൻ), ഭാര്യ: തങ്കമ്മ ഏബ്രഹാം
പേജ് നം - 236





കൊല്ലമന കെ.എ. മാത്യുവും കുടുംബവും
(L to R) ഷേർളി, ഭാര്യ: സൂസൻ, സജൻ, മാത്യു (അച്ചൻകുഞ്ഞ്), ഷെറിൻ
പേജ് നം - 251



കൊല്ലമന കെ.എ. ഏബ്രഹാമും കുടുംബവും
Standing (L to R) അനീറ്റ, അരുൺ, അഞ്ചു, Sitting (L to R) റാണി, ഏബ്രഹാം (അനിയൻ)
പേജ് നം - 252





കൊല്ലമന അനീറ്റ, ഭർത്താവ്: ബിജു
പേജ് നം - 304



Standing (L to R) ഡോ. മിൽജൻ അലക്സ്, സജൻ കൊല്ലമന, ഡോഃ സജി, Sitting (L to R) ഡോ. ഷെറിൻ, ലിവ്യ, ഷേർളി
പേജ് നം - 251





കൊല്ലമന കെ.എം. പുന്നൂസും ഭാര്യ : ഏലിയാമ്മ പുന്നൂസും
പേജ് നം - 238



കൊല്ലമന കെ.പി. മാത്യുവും കുടുംബവും (L to R) ഭാര്യ: വൽസ, ജെറിൻ, മെറിൻ, ഏലിയാസ്, കെ.പി.മാത്യു
പേജ് നം - 255





(L to R) കൊല്ലമന കെ.പി. അലക്സാണ്ടർ, ഫിലിപ്പ്, രോഹിണി, ചെറിയാൻ, ലീന
പേജ് നം - 296



കൊല്ലമന കെ.പി. തോമസും ഭാര്യ: ശോഭയും
പേജ് നം - 295





കൊല്ലമന കെ.പി. അലക്സാണ്ടർ, ഭാര്യ: ലത, മക്കൾ : അഖിൽ, അജയ്
പേജ് നം - 295




ഡോ. ജോർജ്ജ് കൊല്ലമന
പേജ്. നം- 215



കൊല്ലമന കെ.എം. മാത്യു (രാജൻ)
പേജ്. നം- 239





കൊല്ലമന കെ.എം. മാത്യു (ബിജു), ഭാര്യ : മെറീന
പേജ്. നം- 297




കൊല്ലമന കെ.എം. മാത്യുവിന്റെ മക്കൾ : രമ്യാ (ചിച്ചു), റിനോയ്
പേജ്. നം- 297






(L to R) അലക്സ് (തമ്പി), ജെറി, കൊല്ലമന വൽസ, ജെയ്മി
പേജ്. നം- 298




കൊല്ലമന അമ്മിണിമാത്യുവും മകൻ: കെ.എം. കോശിയും (നെബു) കുടുംബവും
(L to R) നെവിൻ, നെബു, ഷാലിനി
പേജ്. നം- 299





കൊല്ലമന റാണി, ഭർത്താവ് : സുനിൽ ജോൺകോര, മകൻ: ജോണഥൻ
പേജ്. നം- 299



കുടുംബദിനം 1999 ദുബായ്
പേജ് നം - 192



XIX-4

**കെ. പി. അലക്സാണ്ടർ (അലക്സ്)**

**ലത അലക്സാണ്ടർ, വെണ്ണിക്കുളം, കുടത്തുംമുറിയിൽ**

കൊല്ലമന പുന്നൂസിന്റെയും, കൈയ്യാലത്ത് ഏലിക്കുട്ടിയുടെയും മൂന്നാമത്തെ ഇരട്ട പുത്രൻ അലക്സ് 10.9.1953 ൽ തിരുവല്ലായിൽ ജനിച്ചു. ഇദ്ദേഹം വെണ്ണിക്കുളം കുടത്തുംമുറിയിൽ പടിഞ്ഞാറെ മുറിയിൽ കുറിയാക്കോസിന്റെ മകൾ ലതയെ വിവാഹംകഴിച്ചു. ശ്രീമാൻ അലക്സാണ്ടർ അബുദാബിയിൽ ററി.എൻ.ററി എക്സ്പ്രസ് കമ്പനിയിൽ ജോലി ചെയ്യുന്നു. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കളുണ്ട്. മൂത്ത മകൻ അഖിൽ കെ. അലക്സ് 19.3.1989 ൽ ജനിച്ചു. ഇളയമകൻ അജയ് കെ. അലക്സ് 14-06-1992 -ൽ ജനിച്ചു. അഖിലും, അജയ്യും, തിരുവനന്തപുരത്ത് സെന്റ് തോമസ് സ്കൂൾ വിദ്യാർത്ഥികളാണ്.

| | |
|---|---|
| Mr. Alexander K.P. | P.O. Box 7860 |
| Kollamana | T.N.T Express |
| Priyadarshini Lane | Abudhabi, UAE |
| Muttada P.O., Trivandrum - 25 | Tel: 6413359 |
| Tel : 540985 | |

XIX-5

**കെ. പി. തോമസ് (തോമസ്സ്കുട്ടി)**

**ശോഭ തോമസ് പുത്തുപ്പള്ളിൽ, നിരണം**

കൊല്ലമന പുന്നൂസിന്റെയും കൈയ്യാലത്ത് ഏലി ക്കുട്ടിയുടേയും നാലാമത്തെ പുത്രൻ കെ.പി. തോമസ് (തോമസുകുട്ടി) 5.7.1956 ൽ തിരുവല്ലായിൽ ജനിച്ചു. ഇദ്ദേഹം നിരണത്ത് പുത്തുപ്പള്ളിയിൽ കുടുംബാംഗം ശോഭയെ വിവാഹം കഴിച്ചു ശ്രീമാൻ തോമസ്, അബുദാബിയിൽ ഒരു പ്രൈവററ് കമ്പനിയിൽ ജോലി ചെയ്യുന്നു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ ഉണ്ട് മൂത്ത മകൾ എലിസബത്ത് (ററിനു) 2.1. 1983 ൽ ജനിച്ചു. രണ്ടാമത്തെ മകൻ തോംസൺ പുന്നൂസ് (റോബു) 7.8.1985 ൽ ജനിച്ചു. മൂത്തമകൾ ററിനു സെന്റ് മേരിസ് സ്കൂളിൽ 11-ാം ക്ലാസിലും റോബു സെന്റ് തോമസ് സ്കൂളിൽ 10-ാം ക്ലാസിലും പഠിക്കുന്നു.

Mr. K.P. Thomas
Kollamana
Muttada P.O.
Trivandrum
Tel : 540678

P.O. Box 691
Abudhabi
UAE

XIX-6

**എലിസബത്ത് (ലീന)**

**പി. സി ചെറിയാൻ (മോഹൻ) പെരുംകോയിക്കൽ**

കൊല്ലമന പുന്നൂസിന്റെയും, കൈയ്യാലാത്ത് ഏലിക്കുട്ടിയുടെയും രണ്ടാമത്തെ പുത്രി എലിസബത്ത് (ലീന) 4.10.1958 ൽ തിരുവല്ലായിൽ ജനിച്ചു. ശ്രീമതി ലീനയെ കുമ്പംപുഴ, പെരുംകോയിക്കൽ കുടുംബാംഗം ശ്രീമാൻ ചാക്കോയുടെ മകൻ പിസി ചെറിയാൻ (മോഹൻ) വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ശ്രീമാൻ ചെറിയാൻ ബിസിനസ്സ് സംബന്ധമായി ഗോവയിൽ എത്തി. ഇവർ കുടുംബമായി ഗോവായിൽ പനാജിയിൽ താമസിക്കുന്നു.

*മക്കൾ*

1. മനിത ചെറിയാൻ
2. മനജ് ചെറിയാൻ

Mrs Leena Mohan
Flat No. T.3, Sandeep Apartments
Near Samarat Hotel, Panaji, Goa
Tel 0832-229521

XIX-7

**അന്നമ്മ (രോഹിണി)**

**ഫിലിപ്പ് സി. വി. ഉമ്മാച്ചേരിൽ**

കൊല്ലമന പുന്നൂസിന്റെയും, കൈയ്യാലാത്ത് ഏലിക്കുട്ടിയുടെയും ഇളയമകൾ രോഹിണി 19.9.1962 തിരുവല്ലായിൽ ജനിച്ചു.



ശ്രീമതി രോഹിണിയെ കുമരകത്ത് ഉമ്മാച്ചേരിയിൽ ശ്രീമാൻ ചാണ്ടിയുടെ മകൻ ഫിലിപ്പ് വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് ഒരു വളർത്ത് പുത്രിയുണ്ട്. ബിസിനസ്സിൽ തൽപരനായ ശ്രീമാൻ ഫിലിപ്പ് എസ്റേററ് ഉടമയാണ്. ഇവർ കുടുംബമായി കോട്ടയത്ത് തിരുവാതുക്കലിൽ താമസിക്കുന്നു.

*മകൾ*

1. ക്രിസ്റ്റിന

Mrs. Rohini Philip, Ummacheril
Thiruvathukkal P.O., Kottayam
Tel : 580077

XIX-1

**കെ. എം. മാത്യു (ബിജു)**

**മെറീനാ മാത്യു (പാറപ്പുറം)**

കൊല്ലമന മാത്യുവിന്റെയും കണിയാന്ത്ര അമ്മക്കുട്ടിയുടെയും മൂത്തമകൻ കെ.എം. മാത്യു (ബിജു) 4.2.1955 ൽ തിരുവല്ലായിൽ ജനിച്ചു. തിരുവല്ല എം.ജി.എം. ഹൈസ്ക്കൂളിലും തിരുവനന്തുരം സെന്റ് ജോസഫ് ഹൈസ്ക്കൂളിലും തുടർന്ന് മാർ ഈവാനിയോസ് കോളേജിൽ നിന്നും BSc ഡിഗ്രി കരസ്ഥാക്കിയ ഇദ്ദേഹം ഇപ്പോൾ ദുബായ് പെട്രോളിയം കമ്പനിയിൽ Associate Engineer ആയി ജോലി നോക്കുന്നു. ചെറുപ്പത്തിൽ തന്നെ ടെന്നീസ് കളിയിൽ തല്പരനായിരുന്ന ഇദ്ദേഹം. മാർ ഈവാനിയോസ് കോളേജ് ക്യാപ്ററൻ ആയിരുന്നു വിദേശത്ത് DPC യുടെ ടെന്നീസ് ടീമിലും അംഗമാണ് നിരവധി സമ്മാനങ്ങൾ കമ്പനിക്കു വേണ്ടി കളിച്ച് ലഭിച്ചിട്ടുണ്ട്. കോട്ടയത്ത് പള്ളം പാറപ്പുറത്ത് ബാങ്ക് മാനേജർ ശ്രീമാൻ പി.കെ. സെബാസ്റ്റ്യന്റെ മകൾ മെറീനായെ (റെമോൾ) 1982-ൽ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ ഉണ്ട്. മൂത്ത മകൾ രമ്യാ മേരി മാത്യു (ചിച്ചു) 7.2.1985 ലും മകൻ റിനോയ് കെ. മാത്യു 22.02.1989 ലും ജനിച്ചു. ഇവർ രണ്ടുപേരും ദുബായിൽ സ്കൂൾ വിദ്യാർതികളാണ്. ശ്രീമാൻ മാത്യു കുടുംബമായി ദുബായിൽ താമസിക്കുന്നു.

Mr. K.M. Mathew,
Kollamana
Arappura Lane,
Muttada P.O
Trivandrum - 695 025
Tel : 542252

P.O. Box - 2222
Dubai Petroleum Company
Dubai
U.A.E
Tel.- (Res) 3347746
(Off) 3012327

XIX-2

**വത്സാ അലക്സ്**

**അലക്സ്. പി. ഏബ്രഹാം, പച്ചനാമുറിയിൽ (ഒലിവററ്)**

കൊല്ലമന മാത്യുവിന്റെയും, കണിയാന്ത്ര അമ്മുക്കുട്ടിയുടെയും മകൾ വത്സ. 3.5.1956 ൽ തിരുവല്ലായിൽ ജനിച്ചു. തിരുവല്ലായിലും തിരുവനന്തപുരത്തും പഠിച്ചിരുന്ന ശ്രീമതി വത്സ, തിരുവനന്തപുരത്ത് ഓൾസെയ്ന്റ്സ് കോളേജിൽ നിന്നും ബിഎ ഡിഗ്രി പാസായി അതേ കോളേജിൽ എംഎക്ക് ചേർന്ന് പഠിച്ചു. എം.എക്ക് പഠിക്കുമ്പോൾ സ്റ്റേററ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ ഉദ്യോഗസ്ഥയായി. ചങ്ങനാശ്ശേരിയിൽ പച്ചാനാമുറിയിൽ (ഒലിവററ് ബംഗ്ലാവിൽ) ശ്രീമാൻ. അലക്സ്. പി. ഏബ്രഹാം (തമ്പി) 1977 വിവാഹം കഴിച്ചു. വളരെക്കാലമായി ബ്രിട്ടീഷ് ബാങ്ക് ഓഫ് മിഡിലിസ്റ്റിൽ ഉദ്യോഗസ്ഥനായിരുന്ന ഇദ്ദേഹം ഇപ്പോൾ ബാങ്കിന്റെ സിനിയർ ഓഫീസർ ആയി ജോലി ചെയ്യുന്നു. ശ്രീമതി വത്സ അലക്സ് ദുബായ് നാഷണൽ എയർ ട്രാവൽ ഏജൻസിയിൽ (DNATA) സീനിയർ സൂപ്പർവൈസറായി ജോലി ചെയ്യുന്നു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ ഉണ്ട് മൂത്തമകൻ ജെറി അലക്സ് എഞ്ചിനിയറിങ്ങ് കഴിഞ്ഞ് റ്റാറ്റായുടെ കമ്പനിയിൽ ജോലി ലഭിച്ചു. മകൾ ജെയ്മി അലക്സ് സ്കൂൾ വിദ്യാർത്ഥിയാണ്. ഇവർ കുടുംബസമേതം ദുബായിൽ താമസിക്കുന്നു.

Mrs. Valsa Alex,
Olivet Banglow
Perunnai P.O
Changancherry
Tel. 0481 – 421048

P.O. Box - 1515
DNATA
Dubai
U.A.E
Res: 3374443
Off: 3273972



XIX–3

**കെ. എം. കോശി (നെബു)**

**ഷാലിനി കോശി കുലത്താക്കൽ (പുതിയവീട്ടിൽ)**

കൊല്ലമന മാത്യുവിന്റെയും, കണിയാന്ത്ര അമ്മുക്കുട്ടിയുടെയും മകൻ കെ.എം. കോശി (നെബു) 30-10-1960 തിരുവല്ലായിൽ ജനിച്ചു. തിരുവനന്തപുരത്ത് സെന്റ് ജോസഫ് സ്കൂളിലും, മാർ ഈവാനിയോസ് കോളേജിലും പഠനം പൂർത്തീയാക്കിയ ഇദ്ദേഹം സ്റ്റേററ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ ഉദ്യോഗസ്ഥനാണ്. ഇദ്ദേഹം നമ്മുടെ കുടുംബചരിത്രത്തിന്റെ പ്രസാധകൻ കൂടിയാണ്. ഇടയാറൻമുളകുലത്താക്കൽ കുടുംബത്തിൽ പുതിയ വീട്ടിൽ ഡോ. മാത്യുതോമസിന്റെ മകൾ ഷാലിനിയെ 1986 ൽ വിവാഹം കഴിച്ചു. ഷാലിനിയും സ്റ്റേററ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ ഉദ്യോഗസ്ഥയാണ്. ഈ ദമ്പതികൾക്ക് ഒരു പുത്രനുണ്ട്. മകൻ കെ.കെ. മാത്യു (നെവിൻ) 15.2.1989 ൽ ജനിച്ചു. ഇപ്പോൾ ഏഴാം ക്ലാസിൽ സർവ്വോദയ സ്കൂളിൽ പഠിക്കുന്നു.

Mr. K.M. Koshy, Kollamana
Plavodu Road, Kodugannoor P.O.
Vattiyoorkavu, Trivandrum
Tel : 360394

XIX-4

**റാണി ജോൺ കോര**

**സുനിൽ ജോൺ കോര, കുടിലിൽ (കരിപ്പുറത്ത്)**

കൊല്ലമന മാത്യുവിന്റേയും കണിയാന്ത്ര അമ്മുക്കുട്ടിയുടേയും ഇളയ മകൾ റാണി 12-06-1964-ൽ ജനിച്ചു. തിരുവനന്തപുരത്ത് നിർമ്മലാ ഭവനിലും ഓൾ സെയിന്റ്സ് കോളേജിലും പഠനം പൂർത്തിയാക്കി. കോട്ടയത്ത് കുടിലിൽ കുടുംബാംഗം ശ്രീമാൻ സുനിൽ ജോൺ കോര 1987-ൽ വിവാഹം കഴിച്ചു. അമേരിക്കയിൽ എം.ബി.എ പഠനം പൂർത്തിയാക്കിയ സുനിൽ അമേരിക്കയിൽ ഫ്ളോറിഡയിൽ താമസിച്ചിരുന്നു. ഇവർ ഇപ്പോൾ ദുബായിൽ ജോലി നോക്കുന്നു. ശ്രീമാൻ സുനിൽ Fedex കമ്പനിയിലും ശ്രീമതി റാണി Emirates ലും

സേവനമനുഷ്ഠിക്കുന്നു.

ഈ ദമ്പതികൾക്ക് ഒരു പുത്രനുണ്ട്. മകൻ ജോണഥൻ ഇപ്പോൾ ദുബായിൽ സ്കൂൾ വിദ്യാർത്ഥിയാണ്.

| | |
|---|---|
| Mrs. Rani John Korah | |
| Kudilil-Karipurathu | P.O. Box-50200 |
| G.F.A, Alsa Hazel Crest | Dubai |
| Ullor Lane | UAE |
| DPI Junction, Trivandrum - 14 | Tel : 3350492 |
| Tel : 324581 | |

XIX-1

**ബെറ്റി ജോസഫ്**

**പി. ജോസഫ് ജോർജ് പുല്ലാകുടിയിൽ**

കൊല്ലമന ഫിലിപ്പ് മാത്യുവിന്റേയും മുന്നൂറ്റി പുത്തൻ പുരയ്ക്കൽ ശോശാമ്മയുടേയും മൂത്ത മകൾ ബെറ്റി തിരുവല്ലായിൽ ജനിച്ചു. പുല്ലാകുടിയിൽ കുടുംബാംഗം ശ്രീമാൻ ജോസഫ് ജോർജ് വിവാഹം കഴിച്ചു. ഇദ്ദേഹം ബഹറിനിൽ ജോലി ചെയ്യുന്നു. ശ്രീമതി ബെറ്റി അമേരിക്കൻ മിഷ്യൻ ഹോസ്പിറ്റലിൽ അനേകനാൾ സേവനമനുഷ്ഠിച്ചു. ഇവർ കുടുംബമായി അനേകനാൾ ബഹറിനിൽ താമസത്തിനുശേഷം, കുട്ടികളുടെ പഠനത്തിനായി, ശ്രീമതി ബെറ്റി കുട്ടികളുമായി തൃശൂരിൽ കുടുംബവീട്ടിൽ താമസിക്കുന്നു.

ഈ ദമ്പതികൾക്ക് രണ്ട് പെൺ മക്കളും ഒരു മകനും ഉണ്ട്. എല്ലാവരും വിദ്യാർത്ഥികളാണ്.

*മക്കൾ*

1. ബെഗീന
2. ജീബി
3. ആമി



Mrs. Betty George, Pullakudiyil House
Pattikad P.O, Trissur
Tel- 0487 - 283169

XIX-2

**ഡെയ്സി പ്രസാദ്**

**ഡോ. പ്രസാദ് ഉമ്മൻ പുളിമൂട്ടിൽ**

കൊല്ലമന ഫിലിപ്പ് മാത്യുവിന്റെയും മുന്നൂറ്റി പുത്തൻ പുരക്കൽ ശോശാമ്മയുടെയും രണ്ടാമത്തെ പുത്രി ഡെയ്സി തിരുവല്ലായിൽ ജനിച്ചു. മാവേലിക്കര പുളിമൂട്ടിൽ കുടുംബാംഗം ഡോ. പ്രസാദ് ഉമ്മൻ വിവാഹം കഴിച്ചു. അഞ്ചലിൽ ഹോമിയോ ക്ലിനിക് സ്വന്തമായി നടത്തുന്ന ഇദ്ദേഹം കുടുംബമായി അഞ്ചലിൽ താമസിക്കുന്നു. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ ഉണ്ട് രണ്ടുപേരും സ്കൂൾ വിദ്യാർത്ഥികളാണ്.

*മക്കൾ*

1. മിഥുൻ
2. സച്ചിൻ

Mrs. Daisy Prasad
Simila Homeo Clinic, Anchal P.O.
Kollam Dist.
Tel : 0473 - 273693

XIX-3

**ജയാ ജേക്കബ്**

**ജേക്കബ് ചെറിയാൻ കൈതയിൽ**

കൊല്ലമന ഫിലിപ്പ് മാത്യുവിന്റെയും, മുന്നൂററി പുത്തൻ പുരയ്ക്കൽ ശോശാമ്മയുടെയും മൂന്നാമത്തെ പുത്രി ജയ തിരുവല്ലായിൽ ജനിച്ചു. കോട്ടയത്ത് കറുച്ചിയിൽ, കൈതയിൽ കുടുംബാംഗം ശ്രീമാൻ

ജേക്കബ് ചെറിയാൻ വിവാഹം കഴിച്ചു. സ്വന്തമായി ബിസിനസ്സ് ചെയ്യുന്ന ഇദ്ദേഹം കുടുംബവീട്ടിൽ കഴിയുന്നു. ഈ ദമ്പതികൾക്ക് ഒരു മകളും, ഒരു മകനും മക്കളായുണ്ട്.

*മക്കൾ*

1. ചിന്നുമറിയം.
2. ജസ്റ്റിൻ

Mrs. Jaya Jacob,
Kaithayil House, S. Puram P.O.
Kurichy, Kottayam
Tel : 0481-430508

XIX-4

**ആശ പുന്നൂസ്**

**പുന്നൂസ് മാത്യൂസ് വാളക്കുഴി പാപ്പാട്ട്**

കൊല്ലമന ഫിലിപ്പ് മാത്യുവിന്റെയും മുന്നൂററി പുത്തൻ പുരക്കൽ ശോശാമ്മയുടെയും നാലാമത്തെ മകൾ ആശ തിരുവല്ലായിൽ ജനിച്ചു. മല്ലപ്പള്ളിയിൽ വാളക്കുഴി പാപ്പാട്ട് കുടുംബാംഗം ശ്രീമാൻ പുന്നൂസ് മാത്യു വിവാഹം കഴിച്ചു. സ്വന്തമായി ബിസിനസ്സ് ചെയ്യുന്നു ഇദ്ദേഹം. ഈ ദമ്പതികൾക്ക് ഒരു മകൾ ഉണ്ട്. ഇവർ കുടുംബമായി മല്ലപ്പള്ളിയിൽ താമസിക്കുന്നു.

*മകൾ*

1. അബിയ പുന്നൂസ്

Mrs. Asha Punnoose
Vaalakuzhy, Pappattu House
Anicadu P.O, Mallappally
Tel : 0473-682218



XIX-3

**കെ. പി. മാത്യു (നൈസ്)**

**ലാലി മാത്യു (തോപ്പിൽ)**

കൊല്ലമന ഫിലിപ്പ് മാത്യുവിന്റെയും മുന്നൂററി പുത്തൻ പുരയ്ക്കൽ ശോശാമ്മയുടെയും ഏക മകൻ മാത്യു തിരുവല്ലായിൽ ജനിച്ചു. സ്വന്തമായി ബിസിനസ്സ് ചെയ്യുന്ന ഇദ്ദേഹം പെരുംതുരുത്തിയിൽ തോപ്പിൽ കുടുംബാംഗം ലാലിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഒരു മകളും, ഒരു മകനും ഉണ്ട്.

*മക്കൾ*

1. നവോമി
2. നോയൽ ഫിലിപ്പ് മാത്യു

Mr. K.P. Mathew, Kollamana
Palliakkara P.O., Thiruvalla.
Tel : 0473-602918

XX-1

**ഷേർളി**

**ഡോ. ജേക്കബ് ചെറിയാൻ കൊച്ചു കളീക്കൽ**

കൊല്ലമന മാത്യുവിന്റെയും കാച്ചാണത്ത് സൂസന്റെയും മകൾ ഷേർളി 6.7.1972 ൽ ദുബായിൽ ജനിച്ചു. ചെറുപ്പം മുതലേ ദുബായിൽ തന്നെ പഠിച്ചു വളർന്നു വന്ന ഷേർളിയെ കോട്ടയത്ത് കൊച്ചു കളീക്കൽ കുടുംബത്തിൽ ഡോ. ജേക്കബ് ചെറിയാൻ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് ഒരു മകൾ ലിവ്യാ. ഇവർ കുടുംബമായി ദുബായിൽ താമസിക്കുന്നു.

Mrs. Sherly Jacob
Kochukaleekal, K.K. Road
Near Collectorate
Kottayam - 2, Tel : 564310

P.O Box 7552
Dubai
U.A.E

XX-2

**ഡോ. ഷെറിൻ**

**ഡോ. മിൽജൻ അലക്സ്**

കൊല്ലമന മാത്യുവിന്റെയും കാച്ചാണത്ത് സൂസന്റെയും മകൾ ഷെറിൻ 1.11.1975 ൽ ദുബായിൽ ജനിച്ചു. സ്കൂൾ പഠനം ദുബായിൽ പൂർത്തിയാക്കിയ ശേഷം ബാംഗ്ലൂരിൽ ബിഡിഎസ് ന് പഠിച്ച് ഡിഗ്രി കരസ്ഥമാക്കി. ഇപ്പോൾ ഷെറീൻ എംഡിഎസ് Final Year ന് പഠിക്കുകയാണ്. കോട്ടപുറത്ത് പടമാടൻ കുടുംബാംഗം ഡോ. മിൽജൻ അലക്സ് ഡോ. ഷെറിനെ വിവാഹം കഴിച്ചു. എംഡിഎസ്. എടുത്ത മിൽജനും, ഷെറിനും, ബാഗ്ലൂരിൽ ഇപ്പോൾ പ്രാക്ടീസ് ചെയ്യുന്നു.

Dr. Shereen Milgan
Padamadan
Kottapuram
Kodungallur.

No 88 4-A
Thomas Manor
Richmond Road
Bangalore 560 025
Tel : 080-2276661

XX -1

**ഡോ. അനീററ**

**ബിജു (തേക്കിലക്കാട്ട്)**

കൊല്ലമന കെ.എ. ഏബ്രഹാമിന്റെയും കോഴഞ്ചേരി കുന്നിൽ കുടുംബാംഗം റാണി ഏബ്രഹാമിന്റെയും മൂത്ത മകൾ അനീററ 28.3.1974 ൽ ജനിച്ചു. മാംഗ്ലൂരിൽ എം.ഡി.എസ് പഠനം കഴിഞ്ഞ് ബാംഗ്ലൂരിൽ ഡെന്റൽ കോളേജിൽ Asst. Professor ആയി കുറെനാൾ ജോലി നോക്കിയിരുന്നു. മുവാററുപുഴയിൽ തേക്കിലക്കാട്ട് പുതിയമഠത്തിൽ, കംപ്യൂട്ടർ എഞ്ചിനിയർ ആയ ബിജു വിവാഹം കഴിച്ചു. ശ്രീമാൻ ബിജു അമേരിക്കയിൽ ഉദ്യോഗത്തിൽ ഇരിക്കുന്നു. ഈ ദമ്പതികൾ അമേരിക്കയിൽ ബോസ്റ്റണിൽ താമസമാക്കി.



XX.1

**മെറിൻ മാത്യു**

**എബി ഏലിയാസ് (ചെത്തിക്കാട്ട്)**

കൊല്ലമന കെ.പി. മാത്യുവിന്റെയും കോഴിക്കുന്നത്ത് വത്സമാത്യുവിന്റെയും മൂത്ത പുത്രി മെറിൻ 10.12.1976 ജനിച്ചു. കുവൈററിൽ സ്കൂൾ വിദ്യാഭ്യാസവും ചങ്ങനാശ്ശേരി എസ്ബി കോളേജിൽ ഡിഗ്രിയും പൂർത്തിയാക്കിയ മെറിൻ തിരുവല്ല ചെത്തിക്കാട്ട് കുടുംബാംഗം എബി ഏലിയാസ് വിവാഹംകഴിച്ചു. ശ്രീമാൻ എബി ഏലിയാസ് കുവൈററിൽ ഒരു പ്രൈവററ് കമ്പനിയിൽ ജോലി നോക്കുന്നു. ഈ ദമ്പതികൾക്ക് ഒരു മകൻ ഉണ്ട് ഇവർ കുടുംബമായി കുവൈററിൽ താമസിക്കുന്നു.

Mrs. Merin Mathew, Chethikadu
Kunnanthanam, Thiruvalla

# അദ്ധ്യായം 11
# കല്ലൂർ കുടുംബം

XV-1

**ഗീവറുഗീസ് മാത്തൂച്ചൻ** (1852-1914)

**അന്നമ്മ**

കല്ലൂർ കുടുംബത്തിലെ വ്യക്തമായി അറിയാവുന്ന ആദ്യത്തെ പിതാവ് 15-ാം തലമുറയിൽ ജീവിച്ചിരുന്ന ഗീവറുഗീസ് മാത്തൂച്ചനാണ്. ശ്രീമാൻ ഗീവറുഗീസ് മാത്തൂച്ചനെക്കുറിച്ച് പൂർവ്വപിതാക്കന്മാർ എന്ന അദ്ധ്യായത്തിൽ (6-ാം അദ്ധ്യായം) വിശദമായി വിവരിച്ചിട്ടുണ്ട്. ഭൂസ്വത്ത് ഉടമയും ധനാഢ്യനുമായിരുന്ന ഇദ്ദേഹം കീഴ്‌വായ്പൂർ എന്ന സ്ഥലത്തു നിന്നും അന്നമ്മയെ വിവാഹം കഴിച്ചു. തികഞ്ഞ ദൈവഭക്തരായിരുന്ന ഈ ദമ്പതികൾക്ക് അഞ്ച് മക്കൾ ഉണ്ടായി കുടുംബം വികസിക്കുന്നതായി കാണാം. മൂത്തമകൻ ഗീവറുഗീസ് കൊച്ചിട്ടിയും രണ്ടാമത്തെ മകൻ ജോർജ്ജ് വറുഗീസും, മൂന്നാമത്തെ മകൻ സി.ജി. മാത്യുവുമാണ്. പെൺമക്കളിൽ മൂത്ത മകൾ മറിയാമ്മയെ തിരുവല്ലാ മണലിൽ കുടുംബത്തിലും, ഇളയമകൾ റിബാക്കായെ താഴ്ച്ചേരി കുടുംബത്തിലും വിവാഹം കഴിപ്പിച്ചയച്ചു.

*മക്കൾ*

1. ഗീവറുഗീസ് കൊച്ചിട്ടി
2. ജോർജ് വറുഗീസ്
3. മറിയാമ്മ (മണലിൽ)
4. സി.ജി. മാത്യു
5. റിബേക്കാ (താഴ്ചേയിൽ)



XVI-1

**കല്ലൂർ ഗീവറുഗീസ് കൊച്ചിട്ടി**

**1. മറിയാമ്മ**

**2. കുഞ്ഞാണ്ടാമ്മ**

കല്ലൂർ ഗീവറുഗീസ് മാത്തുച്ചന്റെയും അന്നമ്മയു ടെയും മൂത്ത മകൻ ഗീവറുഗീസ് കൊച്ചിട്ടി നിരണത്ത് ജനിച്ചു. ശ്രീമാൻ ഗീവറുഗീസ് കൊച്ചിട്ടി, മറിയാമ്മയെ വിവാഹം കഴിച്ചു. ശ്രീമതി മറിയാമ്മയുടെ മരണശേഷം കുഞ്ഞാണ്ടാമ്മയെ വിവാഹം കഴിച്ചു. ആദ്യ ഭാര്യയിൽ രണ്ട് പെൺമക്കളും രണ്ടാമത്തെ ഭാര്യയിൽ രണ്ട് ആൺമക്കളും ഒരു മകളും ഉണ്ട്. മൂത്ത മകൾ അന്നമ്മയെ തിരുവല്ലാ വരിന്നാമുറിയിൽ കുടുംബത്തിലേക്കും, രണ്ടാമത്തെ മകൾ സാറാമ്മയെ തുമ്പോൺ കരിഞ്ഞാട്ടിൽ കുടുംബാംഗമായ ഓർത്തഡോക്സ് സഭയിലെ അച്ചൻ വിവാഹം കഴിച്ചു. രണ്ടാം ഭാര്യയിലെ മകൾ കുട്ടിയമ്മയെ തിരുവല്ലാ മണലിൽ കുടുംബാംഗം കൊച്ചുമാമ്മച്ചൻ വിവാഹം കഴിച്ചു.

*മക്കൾ*

| | |
|---|---|
| 1. അന്നമ്മ | 1. കെ.കെ. ജോർജ് |
| 2. സാറാമ്മ | 2. കെ.കെ. ചെറിയാൻ |
| | 3. കുട്ടിയമ്മ |

XVI-2

**കല്ലൂർ ജോർജ് വറുഗീസ്**

**മറിയാമ്മ (ചേപ്പാട്ട് വഞ്ചിയിൽ)**

കല്ലൂർ ഗീവറുഗീസ് മാത്തുച്ചന്റെയും അന്നമ്മയുടെയും മകൻ ജോർജ് വറുഗീസ് ചേപ്പാട്ട് വഞ്ചിയിൽ കുടുംബാംഗം മറിയാമ്മയെ വിവാഹം കഴിച്ചു. ഇദ്ദേഹത്തിന് രണ്ട് പെൺമക്കളും രണ്ട് ആൺ മക്കളും ഉണ്ട്.

*മക്കൾ*

1. കുഞ്ഞൂഞ്ഞമ്മ
2. കെ.ജി. ജോർജ്
3. അച്ചാമ്മ
4. കോശി ജോർജ്

XVI-3

**മറിയാമ്മ**

**ജോർജ് (മണലിൽ)**

കല്ലൂർ ഗീവറുഗീസ് മാത്തുച്ചന്റെ മകൾ മറിയാമ്മയെ മണലിൽ കുടുംബാംഗം ജോർജ് വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് അഞ്ച് പെൺമക്കളും ഒരു മകനുമുണ്ട്.

*മക്കൾ*

1. ഏലിയാമ്മ
2. കുഞ്ഞൂഞ്ഞമ്മ
3. മറിയാമ്മ
4. കൊച്ചുമറിയാമ്മ
5. ദീനാമ്മ
6. കെ.ജി. കോശി

XVI-4

**സി.ജി. മാത്യു കല്ലൂർ**

**അച്ചാമ്മ മാത്യു (കിഴക്കേപറമ്പിൽ)**

കല്ലൂർ ഗീവറുഗീസ് മാത്തുച്ചന്റെയും അന്നമ്മയുടെയും മൂന്നാമത്തെ മകൻ സി.ജി. മാത്യു, മാവേലിക്കര കിഴക്കേ പറമ്പിൽ കുടുംബാംഗം തോമസ് പണിക്കരുടെ മകൾ അച്ചാമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് മൂന്ന് ആൺമക്കളും രണ്ട് പെൺമക്കളും ഉണ്ട്.

*മക്കൾ*

1. വറുഗീസ് എം.
2. മറിയാമ്മ
3. കെ.എം. ഏബ്രഹാം
4. കെ.എം. മാത്യു
5. അന്നമ്മ



XVI-5

**റിബേക്കാ**

**വർക്കി (താഴ്ച്ചേയിൽ)**

കല്ലൂർ ഗീവറുഗീസ് മാത്തുച്ചന്റെയും അന്നമ്മയുടെയും മകൾ റിബേക്കായെ താഴ്ച്ചേയിൽ കുടുംബാംഗം ശ്രീമാൻ വർക്കി വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ട് പെൺമക്കളും ഒരു മകനുമുണ്ട്.

*മക്കൾ*

1. പെണ്ണമ്മ
2. കൊച്ചുമറിയാമ്മ
3. ബേബി

XVII-1

**ജോർജ് കെ.കെ.**

**ചിന്നമ്മ**

കല്ലൂർ ഗീവറുഗീസ് കൊച്ചിട്ടിയുടെയും മറിയാമ്മയുടെയും മകൻ കെ.കെ. ജോർജ് കുമ്പഴ എന്ന സ്ഥലത്ത് നിന്ന് ചിന്നമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ.

*മക്കൾ*

1. മേരിക്കുട്ടി
2. കുഞ്ഞുമോൾ
3. ജോർജ് വറുഗീസ്

XVII-2

**കെ.കെ. ചെറിയാൻ**

**പെണ്ണമ്മ (പറമ്പിൽ)**

കല്ലൂർ ഗീവറുഗീസ് കൊച്ചിട്ടിയുടെയും മറിയാമ്മയുടെയും മകൻ കെ.കെ. ചെറിയാൻ കാവുഭാഗത്ത് പറമ്പിൽ മത്തായിച്ചന്റെ മകൾ പെണ്ണമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് മക്കൾ ഉണ്ടായിരുന്നില്ല.

XVII-3

**കുട്ടിയമ്മ**

**കൊച്ചുമാമ്മച്ചൻ (മണലിൽ)**

കല്ലൂർ ഗീവറുഗീസ് കൊച്ചിട്ടിയുടെയും മറിയാമ്മയുടെയും മകൾ കുട്ടിയമ്മയെ മണലിൽ കുടുബാംഗം കൊച്ചു മാമ്മച്ചൻ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ട് പെൺമക്കളും രണ്ട് ആൺമക്കളും ഉണ്ട്.

*മക്കൾ*

1. കുഞ്ഞമ്മ
2. പാപ്പച്ചൻ
3. ബേബി
4. ലില്ലി

XVII–1

**കെ.ജി. ജോർജ്**

**അന്നമ്മജോർജ് (കരുനാട്ട്)**

കല്ലൂർ ജോർജ് വറുഗീസിന്റെയും വഞ്ചിയിൽ കുടുംബാംഗം മറിയാമ്മയുടെയും മൂത്തമകൻ കെ.ജി. ജോർജ്, കുറിച്ചി, കരുനാട്ട് കുടുംബാഗം അന്നമ്മയെ വിവാഹം കഴിച്ചു. ശ്രീമാൻ കെ.ജി. ജോർജ് ടെലികമ്യൂണിക്കേഷനിൽ ഉദ്യോഗസ്ഥനായിരുന്നു. ഈ ദമ്പതികൾക്ക് മക്കളില്ല. രണ്ടുപേരും മരിച്ചു. കട്ടപ്പുറത്തു പള്ളിയിൽ സംസ്ക്കരിച്ചിരിക്കുന്നു.

XVII. 2

**കോശി ജോർജ്**

**ഗ്രേസി കോശി (ഇലഞ്ഞിക്കൽ)**

കല്ലൂർ ജോർജ് വറുഗീസിന്റെയും മറിയാമ്മയുടെയും രണ്ടാമത്തെ പുത്രൻ കോശി ജോർജ്, നിരണത്ത് ഇലഞ്ഞിക്കൽ



കുടുംബാംഗം ഗ്രേസിയെ വിവാഹം കഴിച്ചു. ശ്രീമാൻ കോശി ജോർജ് ടെലികമ്യൂണിക്കേഷനിൽ ഉദ്യോഗസ്ഥനായിരുന്നു. ഈ ദമ്പതികൾക്ക് മൂന്ന് ആൺമക്കൾ.

*മക്കൾ*

1. റോയി കെ. ജോർജ്
2. ജേക്കബ് കോശി
3. മാത്യു കോശി

XVII-3

**കുഞ്ഞമ്മ**

**പാപ്പി (പുത്തുപ്പറമ്പിൽ)**

കല്ലൂർ ജോർജ് വറുഗീസിന്റെയും മറിയാമ്മയുടെയും മകൾ കുഞ്ഞമ്മയെ പുത്തുപ്പറമ്പിൽ കുടുംബാംഗം പാപ്പി വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് മൂന്ന് ആണും, രണ്ട് പെണ്ണും മക്കളായുണ്ട്.

*മക്കൾ*

1. പി.റ്റി. തോമസ്
2. കൊച്ചുകുഞ്ഞമ്മ
3. പി.ടി. ജോർജ്
4. പി.ടി. മാത്യു
5. രാജമ്മ

XVII-4

**അച്ചാമ്മ**

**പി.സി. മാത്യു (പോളച്ചിറക്കൽ)**

കല്ലൂർ ജോർജ് വറുഗീസിന്റെയും മറിയാമ്മയുടെയും മകൾ അച്ചാമ്മയെ, പോളച്ചിറക്കൽ കുടുംബാംഗം ശ്രീമാൻ പി.സി. മാത്യു വിവാഹം കഴിച്ചു.

XVII-1

**വറുഗീസ് എം (കൊച്ചുണ്ണൂണ്ണി)**

**അച്ചാമ്മ (കോടിയാട്ട്)**

കല്ലൂർ സി.ജി. മാത്യുവിന്റെയും പണിക്കർ കുടുംബാംഗം അച്ചാമ്മ മാത്യുവിന്റെയും മൂത്ത മകൻ ഗീവറുഗീസ് (കൊച്ചുണ്ണൂണ്ണി) 27.10.1911 ൽ ജനിച്ചു. ഡൽഹിയിൽ എയർഫോഴ്സിൽ സേവനമനുഷ്ടിച്ചിരുന്നു. ഇദ്ദേഹം കോടിയാട്ട് മുഴവങ്ങാട്ടിൽ കുടുംബാംഗം അച്ചാമ്മയെ 16.5.1949 ൽ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് മക്കൾ ഇല്ല. 1968 ൽ എയർഫോഴസിൽ നിന്നും റിട്ടയർ ചെയ്ത് നാട്ടിൽ എത്തിയ ഇദ്ദേഹം, കാവുംഭാഗത്ത് സ്ഥലവും വീടും വാങ്ങി താമസമാക്കി. നമ്മുടെ കുടുംബയോഗം പ്രസിഡന്റ് ആയി സ്ഥാനമേറ്റ ഇദ്ദേഹം 1996 ൽ നമ്മുടെ ആദ്യത്തെ കുടുംബദിനവും, 1998 ൽ കുടുംബയോഗവും വിളിച്ചു കൂട്ടി. അങ്ങനെ നമ്മുടെ കുടുംബശാഖകൾ ഒത്തിണക്കി കൊണ്ടുവരാൻ ഇദ്ദേഹത്തിന്റെ പ്രയത്നം കൊണ്ട് സഹായിച്ചു. 20.2.2000 ൽ വാർദ്ധക്യ രോഗത്താൽ ശ്രീമാൻ വറുഗീസ് നിര്യാതനായി. ഇദ്ദേഹത്തെ കട്ടപ്പുറത്തു പള്ളിയിൽ സംസ്ക്കരിച്ചു. ശ്രീമതി അച്ചാമ്മ കുടുംബവീട്ടിൽ ജോലിക്കാരുമായി കഴിയുന്നു.

Mrs. Achamma Varghese, Kalloor Puthenpurakkal
Kavumbhagam, Thiruvella
Tel. 0473-604778

XVII-2

**മറിയാമ്മ (കുഞ്ഞൂഞ്ഞമ്മ)**

**ചാണ്ടിക്കുഞ്ഞ് (മാമേലെ)**

കല്ലൂർ സി.ജി. മാത്യുവിൻെറയും കിഴക്കേ പറമ്പിൽ അച്ചാമ്മയുടേയും മകൾ മറിയാമ്മയെ (കുഞ്ഞൂഞ്ഞാമ്മ) മാമേലെ കുടുംബാംഗം ചാണ്ടിക്കുഞ്ഞ് 1948-ൽ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ.



*മക്കൾ*

1. ആലീസ്
2. മാത്തുണ്ണി
3. ബേബി

XVII-3

**കെ.എം. എബ്രഹാം (അവറാച്ചൻ)**

**സാറാമ്മാ എബ്രഹാം (നാലാന്ത്ര)**

കല്ലൂർ സി.ജി. മാത്യുവിൻെറയും കിഴക്കേ പറമ്പിൽ അച്ചാമ്മയുടേയും മകൻ കെ.എം.എബ്രഹാം (അവറാച്ചൻ) നാലാന്ത്ര കുടുംബാംഗം സാറാമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ ഉണ്ട്. ശ്രീമാൻ എബ്രഹാം 63-ാം വയസ്സിൽ 11-12-1987-ൽ ഹൃദയസ്തംഭനം മൂലം നിര്യാതനായി. ഇദ്ദേഹത്തെ കട്ടപ്പുറത്തു പള്ളിയിൽ സംസ്കരിച്ചിക്കുന്നു. ശ്രീമതി സാറാമ്മ കുടുംബവീട്ടിൽ കഴിയുന്നു.

*മക്കൾ*

1. മാത്യൂ.കെ.എബ്രഹാം (കുഞ്ഞ്)
2. കെ.എ. എബ്രഹാം (ഷിബു)
3. അച്ചാമ്മ (ലീന)

Mrs. Saramma Abraham, Kallor
Kavumbhagam, Thiruvalla

XVII-4

**കെ.എം. മാത്യൂ (പാപ്പച്ചൻ)**

**മോളി (എരുത്തിക്കൽ)**

കല്ലൂർ സി.ജി. മാത്യുവിൻെറയും കിഴക്കേ പറമ്പിൽ അച്ചാമ്മയുടേയും മകൻ കെ.എം. മാത്യൂ (പാപ്പച്ചൻ) 22-04-1925-ൽ ജനിച്ചു. ഇദ്ദേഹം എരുത്തിക്കൽ കുടുംബാംഗം മോളിയെ 12-5-1958-ൽ

വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് നാല് മക്കൾ.

*മക്കൾ*

1. തോമസ് മാത്യൂ (മോഹൻ)
2. ജോസഫ് മാത്യൂ
3. അച്ചാമ്മ
4. ജോമോൻ മാത്യൂ

Mr. K.M. Mathew
Kallor, 34/2266
Cheriyakumarakathui, Behind Joyan Stores
Mamagallam, Cochin.
Tel : 0484 - 534587

XVII-5

**അന്നമ്മ (അമ്മുക്കുട്ടി)**

**കോശി വൈദ്യൻ (വൈദ്യൻ കുടുംബം)**

കല്ലൂർ സി.ജി. മാത്യുവിന്റെയും കിഴക്കേ പറമ്പിൽ അച്ചാമ്മയുടേയും മകൾ അന്നമ്മയെ തേവലക്കര വൈദ്യൻ കുടുംബാംഗം കോശിവൈദ്യൻ 1950-ൽ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് നാല് മക്കൾ

*മക്കൾ*

1. ശാന്ത
2. പ്രസദ്
3. ജെസി
4. മേമോൾ

Mrs. Ammukkutty Koshy, Thadathil Puthen Vila,
Thevalakkara Vaidyan family, Thevalakkara
Pin- 690 524.





കല്ലൂർ എം. വർഗീസ്, ഭാര്യ : അച്ചാമ്മ
പേജ് നം - 312



കല്ലൂർ കെ.എം. ഏബ്രഹാം
പേജ് നം - 313




കല്ലൂർ കെ.എ. എബ്രഹാമിന്റെ ഭാര്യ : സാറാമ്മ,
മകൻ എബ്രഹാമിന്റെ ഭാര്യ : മേരി, കൊച്ചുമകൻ : വിവേക്
പേജ് നം - 313





കല്ലൂർ അച്ചാമ്മ തോമസും ഭർത്താവ് തോമസ് പുരയ്ക്കൽ, മകൻ: വിശാഖ്
പേജ് നം - 324




കല്ലൂർ മാത്യുകോശി, ഭാര്യ: ഗ്രേസ്, മക്കൾ: (L to R) കോശി, സാമുവേൽ
പേജ് നം - 323





കല്ലൂർ കെ.ജി.ജോർജ്ജിന്റെ ഭാര്യ അന്നമ്മ ജോർജ്ജ്
പേജ് നം - 310



കല്ലൂർ തോമസ് മാത്യു
പേജ് നം - 325



കല്ലൂർ മാത്യു. കെ. എബ്രഹാം, ഭാര്യ: മേരി, മകൻ : വിവേക്
പേജ് നം - 323



XVIII-1

**മേരിക്കുട്ടി**

കല്ലൂർ കെ.ക. ജോർജിൻേറയും ചിന്നമ്മയുടേയും മകൾ മേരിക്കുട്ടി വിവാഹം കഴിച്ചില്ല.

XVIII-2

**ജോർജ് വറുഗീസ്**

**കുഞ്ഞമ്മ**

കല്ലൂർ കെ.കെ. ജോർജിന്റേയും ചിന്നമ്മയുടേയും ഏക മകൻ ജോർജ് വറുഗീസ് കുഞ്ഞമ്മയെ വിവാഹം കഴിച്ചു. ജോലി സംബന്ധമായി ഇദ്ദേഹം ഡൽഹിയിൽ താമസിക്കുന്നു. ഈ ദമ്പതികകൾക്ക് മൂന്ന് മക്കൾ.

*മക്കൾ*

1. റാണി
2. ഹണി
3. വറുഗീസ്

XVIII-3

**കുഞ്ഞുമോൾ**

**ബേബിച്ചൻ**

കല്ലൂർ കെ.കെ. ജോർജിന്റേയും ചിന്നമ്മയുടേയും മകൾ കുഞ്ഞുമോളെ, ഏലന്തൂർ കുടുംബാംഗം ബേബിച്ചൻ വിവാഹം കഴിച്ചിരിക്കുന്നു. ഈ ദമ്പതികൾക്ക് രണ്ട് ആൺ മക്കളും ഒരു മകളും ഉണ്ട്.

XVIII-1

**റോയി കെ. ജോർജ്**

**മേരി ജോർജ് (വാളക്കുഴി)**

കല്ലൂർ കോശി ജോർജിന്റേയും ഇലഞ്ഞിക്കൽ ഗ്രേസി കോശിയുടേയും മകൻ റോയി. കെ. ജോർജ് മല്ലപ്പള്ളിൽ വാളക്കുഴി കുടുംബാംഗം മേരിയെ വിവാഹം കഴിച്ചു. എഞ്ചിനീയറായ ശ്രീമാൻ റോയി ജോലി സംബന്ധമായി മദ്രാസിൽ താമസിക്കുന്നു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. രണ്ടുപേരും സ്കൂൾ വിദ്യാർത്ഥികളാണ്.

*മക്കൾ*

1. ജെറി
2. ലിസ്സ

XVIII-2

**ജേക്കബ് കോശി**

**മോളി ജേക്കബ് (മോടിശ്ശേരിൽ)**

കല്ലൂർ കോശി ജോർജിന്റേയും ഇലഞ്ഞിക്കൽ ഗ്രേസി കോശിയുടേയും മകൻ ജേക്കബ് കോശി മോടിശ്ശേരിൽ കുടുംബാംഗം മോളിയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് ഒരു മകൾ- ശിൽപ്പാ ജേക്കബ്. ശിൽപ്പ സ്കൂൾ വിദ്യാർത്ഥിയാണ്. ഗവൺമെന്റ് ഉദ്യോഗസ്ഥനായ ശ്രീമാൻ ജേക്കബ് കോശി ഡൽഹിയിൽ ജോലി നോക്കുന്നു. ഇവർ കുടുംബമായി ഡൽഹിയിൽ താമസിക്കുന്നു.

*മകൾ*

1. ശിൽപ്പാ ജേക്കബ്.□



XVIII-3

**മാത്യൂ കോശി (രവി)**

**ഗ്രേസ് മാത്യൂ (തേവള്ളിൽ)**

കല്ലൂർ കോശി ജോർജിന്റേയും ഇലഞ്ഞിക്കൽ ഗ്രേസി കോശിയുടേയും മകൻ മാത്യൂ കോശി 01-09-1955-ൽ ജനിച്ചു. എഞ്ചിനീയറിംഗ് ബിരുദം എടുത്ത ഇദ്ദേഹം Merchant Navy യിൽ സേവനം അനുഷ്ടിക്കുന്നു. ഇദ്ദേഹം ഇലന്തൂർ തേവള്ളിയിൽ കുടുംബാംഗം ഗ്രേസിനെ വിവാഹം കഴിച്ചു. എഞ്ചിനീയറിംഗ് ബിരുദം എടുത്ത ശ്രീമതി ഗ്രേസ്, എറണാകുളത്ത് കേരളാ വാട്ടർ അതോറിട്ടിയിൽ ജോലി നോക്കുന്നു. ഈ ദമ്പതികൾക്ക് രണ്ട് ആൺ മക്കൾ. രണ്ടുപേരും സ്കൂൾ വിദ്യാർത്ഥികളാണ്.

*മക്കൾ*

1. കോശി കെ. മാത്യൂ
2. സാമുവേൽ കെ. മാത്യൂ

Mr. Mathew Koshy, Kallor,<br>Kurishupalli Road, 6-D, Harbour Point<br>Ravipuram, Cochin- 682 015<br>Tel-0484-362096

XVIII-1

**മാത്യൂ. കെ. ഏബ്രഹാം (കുഞ്ഞ്)**

**മേരി കൂടപറമ്പിൽ**

കല്ലൂർ കെ.എം. ഏബ്രഹാമിന്റേയും നാലാന്ത്രറ കുടുംബാംഗം സാറാമ്മയുടേയും മൂത്തമകൻ മാത്യൂ. കെ. ഏബ്രഹാം (കുഞ്ഞ്) ഇലന്തൂർ കൂടപറമ്പിൽ കുടുംബാംഗം മേരിയെ വിവാഹം കഴിച്ചു. ശ്രീമാൻ മാത്യൂ ഏബ്രഹാം ഗൾഫിൽ അൽ-അയിനിൽ ഒരു പ്രൈവറ്റ് കമ്പനിയിൽ ജോലി നോക്കുന്നു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ ഉണ്ട്. ഇവർ കുടുംബമായി അൽ-അയിനിൽ താമസിക്കുന്നു.

*മക്കൾ*

1. വിവേക്
2. വിനീത

Mr. Mathew K. Abraham
Kallor
Kavumbhagam
Thiruvalla

P.O. Box 15339
Cocacola Q.C. Department
Al-Ain,
UAE.

XVIII-2

**കെ.എ. ഏബ്രഹാം**

**ഏലിയാമ്മ (തേവലക്കര – വൈദ്യൻ കുടുംബം)**

കല്ലൂർ കെ.എം. ഏബ്രഹാമിന്റേയും നാലാന്ത്ര സാറാമ്മയുടേയും രണ്ടാമത്തെ മകൻ കെ.എ. ഏബ്രഹാം (ഷിബു) തേവലക്കര വൈദ്യൻ കുടുംബാംഗം ഏലിയാമ്മയെ (പുഷ്പ) വിവാഹം കഴിച്ചു. ഇദ്ദേഹം എം.ആർ.എഫ്-ൽ ജോലി സംബന്ധമായി കുടുംബമായി മാംഗ്ലൂറിൽ താമസിക്കുന്നു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ.

*മക്കൾ*

1. വിനീത് ഏബ്രഹാം
2. മെറിൻ ഏബ്രഹാം

Mr.K.A. Abraham
Kallor
Kavumbhagam
Thiruvalla

MRF Ltd.
Premavathi Building
Balmatta,
Manglore-575 001
Tel-0824-34188 or. 32342

XVIII-3

**അച്ചാമ്മ (ലീന)**

**തോമസ്.പി. ഏബ്രഹാം (പുരക്കൽ)**

കല്ലൂർ കെ.എം. ഏബ്രഹാമിന്റേയും നാലാന്ത്ര സാറാമ്മയുടേയും ഏക മകൾ അച്ചാമ്മയെ, പുരക്കൽ കുടുംബാംഗം തോമസ്



പി.എബ്രഹാം വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് ഒരു മകൻ. ഇവർ കുടുംബമായി കോട്ടയത്ത് താമസിക്കുന്നു.

*മകൻ*

1. വിശാഖ്

Mrs. Achamma Thomas, Purakkal
Vadavathoor, Kottayam
Tel-571608

XVIII-1

**തോമസ് മാത്യൂ A.C.A**

**ജിനി പുതുശ്ശേരി**

കല്ലൂർ കെ.എം. മാത്യുവിന്റേയും എരുത്തിക്കൽ കുടുംബാംഗം മോളിയുടേയും മൂത്തമകൻ തോമസ് മാത്യൂ 1-5-1959 ൽ ജനിച്ചു. ചാർട്ടേഡ് അക്കൗണ്ടന്റായ ഇദ്ദേഹം എം.ആർ.എഫ്. കമ്പനിയുടെ ഫിനാൻസ് മാനേജരായി ജോലി നോക്കുന്നു. ഇദ്ദേഹം പുതുശ്ശേരി കുടുംബാംഗം ജിനിയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ട് പെൺ മക്കൾ. ജോലിസംബന്ധമായി ശ്രീമാൻ തോമസ് മാത്യൂ അനേകനാൾ ഗോവയിൽ എം.ആർ.എഫ്. കമ്പനിയിൽ ജോലി നോക്കിയിരുന്നു. ഇപ്പോൾ ആന്ധ്രപ്രദേശിൽ മേഡക്കിൽ ജോലി നോക്കുന്നു. ഇദ്ദേഹം നമ്മുടെ കുടുംബത്തിന്റെ ഓഡിറ്റർ കൂടിയാണ്.

*മക്കൾ*

1. സ്നേഹ തോമസ്
2. സൂസൻ തോമസ്

Mr.Thomas Mathew,
Accounts Executive, MRF Ltd.
P.B. No. 2, Medak (Dist)
Andhra Pradesh- 502 291

XVIII-2

**ജോസഫ് മാത്യൂ**

**അനിത ഇലഞ്ഞിക്കൽ**

കല്ലൂർ കെ.എം. മാത്യൂവിന്റേയും എരുത്തിക്കൽ - മോളിയുടേയും രണ്ടാമത്തെ മകൻ ജോസഫ് മാത്യു 21-01-1961-ൽ ജനിച്ചു. ഇദ്ദേഹം ഇലഞ്ഞിക്കൽ കുടുംബാംഗം അനിതയെ 21-01-1992-ൽ വിവാഹം കഴിച്ചു. Air Force ൽ Commanding Officer ആയ ഇദ്ദേഹം ആന്ധ്രാപ്രദേശിൽ സേവനമനുഷ്ടിക്കുന്നു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ ഉണ്ട്. മൂത്ത മകൻ ആരൺ 1-11-1994 ലും രണ്ടാമത്തെ മകൾ ഷാരൺ എലിസബത്ത് 26-11-1996 ലും ജനിച്ചു. ഇവർ കുടുംബമായി ആന്ധ്രാപ്രദേശിൽ ആണ്.

*മക്കൾ*

1. ആരൺ മാത്യൂ ജോസഫ്
2. ഷാരൺ എലിസബത്ത് ജോസഫ്

Mr. Joseph Mathew
Commanding Officer
31 Sqdr. Air Force
C/o 56 A.P.O

XVIII-3

**അച്ചാമ്മ**

**ഡോ. ജേക്കബ് മട്ടയ്ക്കൽ**

കല്ലൂർ കെ.എം. മാത്യുവിന്റേയും എരുത്തിക്കൽ കുടുംബാംഗം മോളിയുടേയും ഏക മകൾ അച്ചമ്മ 17-5-1962-ൽ ജനിച്ചു. അച്ചാമ്മയെ മട്ടക്കൽ കുടുംബാംഗം ഡോ. ജേക്കബ് 30-8-1987-ൽ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ

*മക്കൾ*

1. ആനന്ദ്
2. അനീഷ



Mrs.Achamma Jacob,
Mattakal, Karicode

XVIII-4

**ജോമോൻ മാത്യു**

കല്ലൂർ കെ.എം. മാത്യുവിന്റേയും എരുത്തിക്കൽ കുടുംബാംഗം മോളിയുടേയും മകൻ ജോമോൻ 29-10-1971-ൽ ജനിച്ചു. ഇദ്ദേഹം ബാംഗ്ലൂരിൽ പെപ്സി കോളായുടെ കമ്പനിയിൽ ജോലി ചെയ്യുന്നു.

## അദ്ധ്യായം 12

# കോടിയാട്ട് മഠത്തിൽ കുടുംബം

XV-1

**കൊച്ചിടുക്കേളച്ചൻ**

**കൊച്ചേലിയാമ്മ കോടിയാട്ട്**

14ാം തലമുറയിലെ കൊല്ലമന അബ്രഹാം മാത്തുച്ചന്റെ മൂത്ത പുത്രൻ കൊച്ചിടുക്കേളച്ചൻ മഠത്തിൽ ദത്തു കയറി. കൊച്ചിടുക്കളേച്ചനെക്കുറിച്ച് 6-ാം അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ട്. തികഞ്ഞ ദൈവഭക്തരായിരുന്ന കൊച്ചിടുക്കേളച്ചൻ, കൊച്ചേലിയാമ്മ ദമ്പതികൾക്ക് ആറ് മക്കൾ ഉണ്ട്. ശ്രീമാൻ കൊച്ചിടുക്കേളച്ചൻ കട്ടപ്പുറത്ത് പള്ളിയുടെ നിർമ്മാണത്തിന് പ്രധാന പങ്കു വഹിച്ചു. പള്ളി പണിക്കും മററും ധാരാളം ധനസഹായം ചെയ്തു. ഇദ്ദേഹം ബിസിനസ്സിലും, കൃഷിയിലും തല്പരനായിരുന്നു. ശ്രീമാൻ കൊച്ചിടുക്കളേച്ചൻ 14.2.1907 ലും ശ്രീമതി കൊച്ചേലിയാമ്മ 15.7.1908 ലും മരിച്ചു. രണ്ടുപേരേയും കട്ടപ്പുറത്തു പള്ളിയിൽ അടക്കം ചെയ്തിരിക്കുന്നു.

*മക്കൾ*

1. എം.ഇ. ഏബ്രഹാം
2. അന്നമ്മ
3. കെ.ഐ. മാത്യു
4. കെ.ഐ. ചാക്കോ
5. കെ.ഐ. ഫിലിപ്പോസ്
6. മറിയാമ്മ (തങ്കമ്മ)



XVI-1

**എം. ഇ. ഏബ്രഹാം**

**അച്ചാമ്മ (കൊങ്ങളത്ത്)**

മഠത്തിൽ കൊച്ചിടുക്കളേച്ചന്റെയും കോടിയാട്ട് കൊച്ചേലിയാമ്മയുടെയും മൂത്ത പുത്രൻ എം.ഇ. ഏബ്രഹാം തിരുവല്ലായിൽ ജനിച്ചു. അദ്ധ്യാപകനായിരുന്ന ശ്രീമാൻ ഏബ്രഹാം തിരുവല്ലായിൽ കൊങ്ങളത്ത് കുടുംബാംഗം അച്ചാമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് നാല് ആൺമക്കളും ഒരു പെൺമകളും ഉണ്ട്. ശ്രീമാൻ ഏബ്രഹാം 1974 ലും അച്ചാമ്മ 1944 ലും മരിച്ചു. കട്ടപ്പുറം പള്ളിയിൽ രണ്ടു പേരേയും അടക്കം ചെയ്തിരിക്കുന്നു.

*മക്കൾ*

1. ഏബ്രഹാം കെ.എ.
2. ജോൺ കെ.എ.
3. വറുഗീസ് കെ.എ.
4. ഏലിയാമ്മ
5. മാത്യു കെ.എ.

XVI- 2

**അന്നമ്മ**

**ചെറിയാച്ചൻ പാണ്ടൻപടവിൽ**

മഠത്തിൽ കൊച്ചിടുക്കേളച്ചന്റെയും കോടിയാട്ട് കൊച്ചേലിയാമ്മയുടെയും രണ്ടാമത്തെ മകൾ അന്നമ്മ തിരുവല്ലായിൽ ജനിച്ചു. വളഞ്ഞവട്ടത്ത് പാണ്ടൻപടവിൽ കുടുംബാംഗം ചെറിയാൻ വിവാഹം കഴിച്ചു.

XVI-3

**മാത്യു കെ. ഐ. (കുഞ്ഞച്ചൻ)**

**സാറാമ്മ (കൊച്ചുമണ്ണിൽ)**

മഠത്തിൽ കൊച്ചിടുക്കേളച്ചന്റെയും കോടിയാട്ട് കൊച്ചേലിയമ്മയുടെയും മൂന്നാമത്തെ മകൻ മാത്യു (കുഞ്ഞച്ചൻ) തിരുവല്ലായിൽ ജനിച്ചു. സ്കൂൾ അദ്ധ്യാപകനായിരുന്നു ഇദ്ദേഹം. ചെങ്ങന്നൂർ കൊച്ചുമണ്ണിൽ സാറാമ്മയെ വിവാഹം കഴിച്ചു. അധികം താമസിയാതെ ശ്രീമാൻ കുഞ്ഞച്ചൻ ടൈഫോയ്ഡ് ബാധിച്ച് മരിച്ചു. ഈ ദമ്പതികൾക്ക് മക്കൾ ഇല്ലായിരുന്നു. ശ്രീമതി സാറാമ്മ പുനർവിവാഹം ചെയ്യപ്പെട്ടു. 1916 ൽ മരിച്ച ശ്രീമാൻ കുഞ്ഞച്ചനെ കട്ടപ്പുറത്ത് പള്ളിയിൽ സംസ്ക്കരിച്ചിരിക്കുന്നു.

XVI-4

**കെ. ഐ. ചാക്കോ (കുഞ്ഞാക്കോച്ചൻ)**

**അച്ചാമ്മ (കോവൂർ വേരുങ്കൽ)**

മഠത്തിൽ കൊച്ചിടുക്കേളച്ചന്റെയും കോടിയാട്ട് കൊച്ചേലിയാമ്മയുടെയും നാലാമത്തെ പുത്രൻ കെ.ഐ. ചാക്കോ (കുഞ്ഞാക്കോച്ചൻ) തിരുവല്ലായിൽ ജനിച്ചു. ഇദ്ദേഹം കോവൂർ വേരുങ്കൽ പെരിങ്ങര കുടുംബാംഗം അച്ചാമ്മയെ വിവാഹം കഴിച്ചു. ശ്രീമാൻ ചാക്കോ 1968 ലും അച്ചാമ്മ 1983 ലും മരിച്ചു. രണ്ടുപേരെയും സെന്റ് മേരീസ് ഓർത്തഡോക്സ് വളഞ്ഞ വട്ടത്തുള്ള പള്ളിയുടെ സെമിത്തേരിയിൽ അടക്കം ചെയ്തിരിക്കുന്നു. ഈ ദമ്പതികൾക്ക് മൂന്ന് ആൺമക്കളും ഒരു മകളും ഉണ്ട്.

*മക്കൾ*

1. ഏബ്രഹാം എം.സി.
2. ജോർജുകുട്ടി എം.സി.
3. ജേക്കബ് എം.സി.
4. ആലീസ്



XVI-5

**കെ. ഐ. ഫിലിപ്പോസ് (കൊച്ചുകുഞ്ഞ്)**

**സാറാമ്മ (അച്ചന്റങ്ങ് പുത്തൻപുരയ്ക്കൽ)**

മഠത്തിൽ കൊച്ചിടുക്കളേച്ചന്റെയും കോടിയാട്ട് കൊച്ചേലിയാമ്മയുടെയും അഞ്ചാമത്തെ പുത്രൻ ഫിലിപ്പോസ് (കൊച്ചുകുഞ്ഞ്) തിരുവല്ലായിൽ ജനിച്ചു. ഇദ്ദേഹം അച്ചന്റങ്ങ് പുത്തൻ പുരയ്ക്കൽ കുടുംബാംഗം റവ: ഫാ: കൊച്ചു കോശി പണിക്കരുടെ മകൾ സാറാമ്മയെ വിവാഹം കഴിച്ചു. ശ്രീമതി സാറാമ്മ സ്കൂൾ അദ്ധ്യാപികയായിരുന്നു. ശ്രീമാൻ ഫിലിപ്പോസ് 51 ാം വയസ്സിൽ 12.5. 1946 ലും, ശ്രീമതി സാറാമ്മ 85ാം വയസ്സിൽ 6.2.1986 ലും മരിച്ചു. രണ്ടുപേരെയും കട്ടപ്പുറത്തു പള്ളിയിൽ സംസ്ക്കരിച്ചിരിക്കുന്നു.

*മക്കൾ*

1. ഇടുക്കള പി.പി
2. ഏലിയാമ്മ
3. ശോശാമ്മ

XVI–6

**മറിയാമ്മ (തങ്കമ്മ)**

**മാത്യു പുത്തൻവീട്ടിൽ**

മഠത്തിൽ കൊച്ചിടുക്കളേച്ചന്റെയും കോടിയാട്ട് കൊച്ചേലിയാമ്മയുടെയും ഏററവും ഇളയ പുത്രി മറിയാമ്മ (തങ്കമ്മ) തിരുവല്ലായിൽ ജനിച്ചു. ചേപ്പാട് പുത്തൻവീട്ടിൽ തുരുത്തിയിൽ കുടുംബാംഗം മാത്യു (പാപ്പി) വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് അഞ്ച് ആൺമക്കൾ ഉണ്ട്.

XVII-1

**കെ. എ. ഏബ്രഹാം (ഇടുക്കളേച്ചൻ)**

**കുഞ്ഞമ്മ (മുട്ടേൽ)**

മഠത്തിൽ എം.ഇ. ഏബ്രഹാമിന്റെയും കൊങ്ങളത്തു അച്ചാമ്മയുടെയും മൂത്ത പുത്രൻ ഏബ്രഹാം തിരുവല്ലായിൽ ജനിച്ചു. ശ്രീമാൻ ഇടുക്കളേച്ചൻ കോളേജ് വിദ്യാഭ്യാസത്തിനു ശേഷം നാഷണൽ ഗ്രൈൻഡ്ലേസ് ബാങ്കിൽ ഉദ്യോഗസ്ഥനായി ജോലിയിൽ പ്രവേശിച്ചു. പിൽക്കാലത്ത് ബാങ്ക് ജോലി ഉപേക്ഷിച്ച് ഇന്ത്യൻ നേവിയിൽ ഓഫീസറായി സേവനമനുഷ്ഠിച്ചു. ഇദ്ദേഹം വീയപുരത്ത് മുട്ടേൽ കുടുംബാംഗം കുഞ്ഞമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് മൂന്ന് ആൺമക്കളും രണ്ട് പെൺമക്കളും ഉണ്ട്. ശ്രീമാൻ ഏബ്രഹാം 1986 ൽ മരിച്ചു. കട്ടപ്പുറത്ത് പള്ളിയിൽ അടക്കം ചെയ്തിരിക്കുന്നു.

*മക്കൾ*

1. രാജു ഏബ്രഹാം
2. ആലീസ്
3. തമ്പി ഏബ്രഹാം
4. ആനി
5. ജോ ഏബ്രഹാം

XVII-2

**കെ. എ. ജോൺ (കുഞ്ഞുമോൻ)**

**മേരി (ആകേരിൽ)**

മഠത്തിൽ എം.ഇ. ഏബ്രഹാമിന്റെയും കൊങ്ങളത്തു അച്ചാമ്മയുടെയും രണ്ടാമത്തെ പുത്രൻ ജോൺ (കുഞ്ഞുമോൻ) തിരുവല്ലായിൽ ജനിച്ചു. ഇദ്ദേഹം മേൽപാടം ആകേരിൽ കുടുംബാംഗം മേരിയെ വിവാഹം കഴിച്ചു. ശ്രീമാൻ ജോൺ 1957 ലും ശ്രീമതി മേരി 1968 ലും മരിച്ചു. രണ്ടുപേരെയും കട്ടപ്പുറത്തു പള്ളിയിൽ അടക്കം ചെയ്തിരിക്കുന്നു. ഈ ദമ്പതികൾക്ക് മൂന്ന് ആൺമക്കളും ഒരു മകളും ഉണ്ട്.



*മക്കൾ*

1. അബു
2. ജോസഫ് ജോൺ (മോൻസി)
3. അബി
4. കോശി ജോൺ (കൊച്ചുമോൻ)

XVII-3

**കെ. എ. വറുഗീസ് (കീവറിച്ചായൻ)**

**ത്രേസ്യാമ്മ (ഞാറക്കൽ വട്ടത്തറ)**

മഠത്തിൽ എം.ഇ. ഏബ്രഹാമിന്റെയും കൊങ്ങളത്തു അച്ചാമ്മയുടെയും മൂന്നാമത്തെപുത്രൻ വറുഗീസ് (കീവറിച്ചായൻ) തിരുവല്ലായിൽ ജനിച്ചു. ഇന്ത്യൻ എയർലൈൻസിൽ എഞ്ചിനിയറായി ജോലി നോക്കിയിരുന്ന ഇദ്ദേഹം ബോംബെയിൽ സ്ഥിരതാമസമായി. ഇദ്ദേഹം ഞാറക്കൽ വട്ടത്തറകുടുംബാംഗം ത്രേസ്യാമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് ഒരു മകനും മൂന്നു പെൺമക്കളും ഉണ്ട്

*മക്കൾ*

1. ജോ
2. ജോസി
3. ജെന്നി
4. ജെസി

Mr. K.A. Varghese
A-3, Golden Rock, Sundar Nagar
Kaleena, Bombay- 400098

XVII-4

**ഏലിയാമ്മ**

**സി. ജെ. മാത്യു (തെക്കെമങ്ങാട്ട്)**

മഠത്തിൽ എം.ഇ. ഏബ്രഹാമിന്റെയും കൊങ്ങളത്തു അച്ചാമ്മയുടെയും ഏകമകൾ ഏലിയാമ്മ തിരുവല്ലായിൽ ജനിച്ചു. ചെട്ടിക്കു

ഉങ്ങര തെക്കേമങ്ങാട്ട് സി.ജെ. മാത്യു (മത്തായിച്ചൻ) വിവാഹം കഴിച്ചു.

XVII-5

**കെ. എ. മാത്യു (മാത്തുക്കുട്ടി)**

**അന്നമ്മ (വാക്കേൽ)**

മഠത്തിൽ എം.ഇ. ഏബ്രഹാമിന്റെയും കൊങ്ങളത്തു അച്ചാമ്മയുടെയും ഇളയ പുത്രൻ മാത്യു (മാത്തുക്കുട്ടി) തിരുവല്ലായിൽ ജനിച്ചു. ഭൂസ്വത്തുടമയായ ഇദ്ദേഹം പുതുശ്ശേരി വാക്കയിൽ കുടുംബാംഗം അന്നമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് ഒരു മകനും, ഒരു മകളും ഉണ്ട്. തികഞ്ഞ ദൈവഭക്തരായ ഈ ദമ്പതികൾ ആരോഗ്യവാരായി കുടുംബവീട്ടിൽ കഴിയുന്നു.

*മക്കൾ*

1. ഏബ്രഹാം മാത്യു (രവി)
2. രാജമ്മ

K.A. Mathew
Kodiyattu Madathil
Puthusseri P.O., Thiruvalla
Tel : 0473- 677360

XVII-1

**എം. സി. ഏബ്രഹാം**

**അമ്മിണി (കൊച്ചയ്യത്ത്)**

മഠത്തിൽ കെ.ജെ. ചാക്കോയുടെയും വേരുങ്കൽ അച്ചാമ്മയുടെയും മൂത്ത പുത്രൻ എം.സി. ഏബ്രഹാം (കുഞ്ഞുമോൻ) തിരുവല്ലായിൽ ജനിച്ചു. ഇദ്ദേഹം ചെങ്ങന്നൂർ മുളക്കുഴ കോട്ടപാങ്കാവിൽ കൊച്ചയത്ത് അമ്മിണിയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് മൂന്ന് പെൺമക്കളും ഒരു മകനും ഉണ്ട്.



*മക്കൾ*

1. ജെസി
2. ജിജി
3. ജാസ്മിൻ
4. ജിബി

M.C. Abraham, Kollamana Madam,
Valanjavattom P.O., Thiruvalla
Tel : 0473-612428

XVII-2

**എം. സി. ജോർജ് (ജോർജ്കുട്ടി)**

**ചേച്ചമ്മ (കീപ്പള്ളിൽ)**

മഠത്തിൽ കെ.ജെ. ചാക്കോയുടെയും വേരുങ്കൽ അച്ചാമ്മയുടെയും രണ്ടാമത്തെ പുത്രൻ ജോർജുകുട്ടി തിരുവല്ലായിൽ ജനിച്ചു. ഇദ്ദേഹം നിരണം കീപ്പള്ളിൽ ചേച്ചമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് ഒരു പുത്രിയുണ്ട്.

*മകൾ*

1. ഷിബി (ഷൈബി)

XVII-3

**ജേക്കബ് കെ. സി.**

**സൂസമ്മ (മതിലുങ്കൽ)**

മഠത്തിൽ ചാക്കോയുടെയും വേരുങ്കൽ അച്ചാമ്മയുടെയും മൂന്നാമത്തെ പുത്രൻ ജേക്കബ് (കൊച്ചുബേബി) തിരുവല്ലായിൽ ജനിച്ചു. ഇദ്ദേഹം തിരുവല്ലായിൽ മതിലുങ്കൽ കുടുംബാംഗം സൂസമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് മൂന്ന് ആൺ മക്കൾ ഉണ്ട്

*മക്കൾ*

1. അജിജേക്കബ്

2. അനിൽ ജേക്കബ്
3. അലക്സ് ജേക്കബ്

Mr. Jacob K.C., Kollamana Madathil
Valanjavattom P.O., Thiruvalla.
Tel- 0473 - 610739

XVII-4

**ആലീസ്**

**എ. സി. കുര്യൻ (ആററുമാലിൽ)**

മഠത്തിൽ ചാക്കോയുടെയും വേരുങ്കൽ അച്ചാമ്മയുടെയും ഏക മകൾ ആലീസ് തിരുവല്ലായിൽ ജനിച്ചു. നെടുമ്പ്രം ആററുമാലിൽ കുടുംബാംഗം ശ്രീമാൻ എ.സി. കുര്യൻ വിവാഹം കഴിച്ചു.

XVII-1

**ഇടുക്കള പി. പി. (കുഞ്ഞ്)**

**വലിയത്ത് സാറാമ്മ (കുഞ്ഞമ്മ)**

മഠത്തിൽ ഫിലിപ്പോസിന്റെയും, പണിക്കർ കുടുംബാംഗം സാറാമ്മയുടെയും മൂത്ത പുത്രൻ ഇടുക്കള (കുഞ്ഞ്) തിരുവല്ലായിൽ ജനിച്ചു. ഇദ്ദേഹം കടമ്പനാട്ട് വലിയത്ത് (മേലേൽ തെക്കേതിൽ) കുഞ്ഞമ്മയെ വിവാഹം കഴിച്ചു. നമ്മുടെ ഇപ്പോഴത്തെ കുടുംബയോഗം പ്രസിഡന്റും കൂടി ആയ ഇദ്ദേഹം എറണാകുളത്ത് സ്ഥിരതാമസമാക്കിയിരിക്കുന്നു. എറണാകുളത്ത് ബർമ്മാ ഷെൽ കമ്പനിയിൽ നിന്നും റിട്ടയർ ചെയ്തശേഷം എറണാകുളത്ത് നവനിർമ്മൺ എഡ്യൂക്കേഷൻ ആന്റ് വെൽഫെയർ സൊസൈററിയുടെ പ്രസിഡന്റും മാഹി പൊളിമേഴ്സ് പ്രൈവററ് കമ്പനി, പോളിഫോർ മാലിൻ എന്ന പ്രൈവററ് കമ്പനികളുടെ ഡയറക്ടറും സെന്റ് ജോർജ് ഓർത്തഡോക്സ് ക്രിസ്ത്യൻ അസോസിയേഷൻ (പാലാരിവട്ടം) വൈസ്പ്രസിഡന്റ് എന്ന നിലകളിൽ പ്രവർത്തിച്ചിരുന്നു. ഈ ദമ്പതികൾക്ക് ഒരു പുത്രനും, രണ്ട് പുത്രിമാരും ഉണ്ട്.



*മക്കൾ*

1. മായ
2. ജോതി
3. ഫിലിപ്പോസ് (ജയൻ)

Mr. P.P. Idiculla, Kodiat Madathil
Madathila SHINO, Perendur Road,
Kalloor, Cochin-682017
Tel : 0484-539515

XVII-2

**ഏലിയാമ്മ**

**യോഹന്നാൻ (തിടുതിടുപ്പിൽ)**

മഠത്തിൽ ഫിലിപ്പോസിന്റെയും, പണിക്കർ കുടുംബാംഗം സാറാമ്മയുടെയും മകൾ ഏലിയാമ്മ തിരുവല്ലായിൽ ജനിച്ചു. പാമ്പാടിയിൽ തിടുതിടുപ്പിൽ കുടുംബാംഗം വറുഗീസിന്റെ മകൻ യോഹന്നാൻ വിവാഹം കഴിച്ചു. ശ്രീമാൻ യോഹന്നാൻ, പാമ്പാടി തിരുമേനിയുടെ സഹോദരീ പുത്രനാണ്. ഈ ദമ്പതികൾക്ക് മൂന്ന് ആൺമക്കൾ ഉണ്ട്.

*മക്കൾ*

1. ടി.വി. വറുഗീസ്
2. ജോൺ ഫിലിപ്പോസ്
3. ടി.വി. ജോൺ

XVII-3

**ശോശാമ്മ**

**ജോൺ (കുഞ്ഞൂഞ്ഞച്ചൻ)**

മഠത്തിൽ ഫിലിപ്പോസിന്റെയും പണിക്കർ കുടുംബാംഗം സാറാമ്മയുടെയും മകൾ ശോശാമ്മ തിരുവല്ലായിൽ ജനിച്ചു. പേരുശേരിൽ പള്ളിയിൽ റവ: ഫാ: ഗീവറുഗീസിന്റെ മകൻ ജോൺ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് ഒരു മകനും രണ്ട് പെൺമക്കളും ഉണ്ട്.

*മക്കൾ*

1. ജോർജ് ലാൽ
2. കൊച്ചുമോൾ
3. നിലമോൾ

## XVIII-1

**ആലീസ്**

**യോഹന്നാച്ചൻ (പാറപ്പുറത്ത്)**

മഠത്തിൽ ഏബ്രഹാമിന്റെയും കുഞ്ഞമ്മയുടെയും മൂത്ത മകൾ ആലീസിനെ കല്ലട പാറപ്പുറത്ത് ചിററുമല യോഹന്നാച്ചൻ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ.

ശ്രീമാൻ യോഹന്നാച്ചൻ ഡൽഹിയിൽ എം.ഇ.എസ്. ഡിപ്പാർട്ട്മെന്റിൽ നിന്നും റിട്ടയർ ചെയ്തു. ശ്രീമതി ആലീസ് ഡൽഹിയിൽ ഡിഫൻസ് ഡിപ്പാർട്ട്മെന്റിൽ ഡ്രാഫ്റ്റ്മെൻ സൂപ്രണ്ടായി ജോലിനോക്കുന്നു.

*മക്കൾ*

1. ജോസ് കുര്യൻ
2. റോയി ഏബ്രഹാം

## XVIII-2

**രാജു ഏബ്രഹാം**


**സാറാമ്മ വഴുവേലിൽ**

മഠത്തിൽ ഏബ്രഹാമിന്റെയും കുഞ്ഞമ്മയുടെയും പുത്രൻ രാജു എബ്രഹാം തിരുവല്ലയിൽ ജനിച്ചു. ഇദ്ദേഹം വഴുവേലിൽ കുടുംബാംഗം സാറാമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ട് പെൺമക്കൾ ഉണ്ട്. ശ്രീമാൻ രാജു പൂനയിൽ ഒരു സ്വകാര്യ കമ്പനിയിൽ ടെക്നിക്കൽ ഡിപ്പാർട്ടുമെന്റിൽ ഉദ്യോഗസ്ഥനാണ്. ഇവർ കുടുംബമായി പൂനയിൽ താമസിക്കുന്നു.

*മക്കൾ*

1. രാജി
2. വിജി





മഠത്തിൽ കെ.എ. മാത്യുവും, ഭാര്യ അന്നമ്മയും
പേജ് നം - 334



മഠത്തിൽ ഏബ്രഹാം മാത്യു, ഭാര്യ : മോളി, മക്കൾ : (L to R) റെൻജി, റെഞ്ചു
പേജ് നം - 347





മഠത്തിൽ പി.പി. ഇടുക്കള, ഭാര്യ : സാറാമ്മ
പേജ്. നം - 336




മഠത്തിൽ മായ, ഭർത്താവ് : ഫിലിപ്പ്, മക്കൾ: ഇടുക്കള, ശാന്തി
പേജ്. നം - 352





മഠത്തിൽ ഫിലിപ്പോസ് (ജയൻ), ഭാര്യ: ഡോ. ലൈസ, മക്കൾ: സാറ, മനു
പേജ്. നം - 353



മഠത്തിൽ എം.സി. ഏബ്രഹാം
പേജ്. നം - 334



മഠത്തിൽ ജ്യോതി, ഭർത്താവ് : തോമസ് ജേക്കബ്, മക്കൾ : (L to R) ശ്യാമ, സുധ
പേജ്. നം - 352



XVIII-3

**തമ്പി ഏബ്രഹാം**

**സൂസൻ**

മഠത്തിൽ ഏബ്രഹാമിന്റെയും കുഞ്ഞമ്മയുടെയും മകൻ തമ്പി തോപ്പിൽ എറമത്തൂർ കുടുംബാംഗം സൂസനെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ടു പെൺമക്കളുണ്ട്. ശ്രീമാൻ തമ്പി ഗൾഫിൽ ജോലി നോക്കുന്നു. ഇവർ കുടുംബമായി തിരുവനന്തപുരത്ത് താമസമാക്കിയിരിക്കുന്നു.

*മക്കൾ*

1. റ്റീന
2. റ്റിൻ

XVIII-4

**ആനി**

**രാജു മാലിപ്പറമ്പിൽ**

മഠത്തിൽ ഏബ്രഹാമിന്റെയും കുഞ്ഞമ്മയുടെയും മകൾ ആനിയെ മാലിപ്പറമ്പിൽ കുടുംബാംഗം രാജു വിവാഹം കഴിച്ചു. ശ്രീമാൻ രാജു സ്വന്തമായി ബിസിനസ്സ് ചെയ്യുന്നു. ഈ ദമ്പതികൾക്ക് മൂന്ന് പെൺമക്കൾ ഉണ്ട്.

XVIII-5

**ജോമോൻ (കൊച്ചുമോൻ)**

**ജെസി (ചെട്ടിയാരുപറമ്പിൽ)**

മഠത്തിൽ ഏബ്രഹാമിന്റെയും കുഞ്ഞമ്മയുടെയും മകൻ ജോമോൻ നീരേററുപുറം ചെട്ടിയാരുപറമ്പിൽ കുടുംബാംഗം ജെസിയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് ഒരു മകൻ ഉണ്ട്.

*മകൻ*

1. ജോസി

Mr. Jomon, Kodiyattu Madathil
Kavumbhagam, Thiruvalla

XVIII-1

**അബുജോൺ മഠത്തിൽ**

മഠത്തിൽ ജോണിന്റെയും ആകേരിൽ കുടുംബാംഗം മേരിയുടെയും മൂത്ത പുത്രൻ അബു റെയിൽവേയിൽ ജോലിയിൽ ഇരിക്കെ 1969 ൽ മരിച്ചു. കട്ടപ്പുറം പള്ളിയിൽ അടക്കം ചെയ്തിരിക്കുന്നു.

XVIII-2

**ജോസഫ് ജോൺ (മോൻസി)**

**ലൈല ഇലഞ്ഞിമററത്തിൽ**

മഠത്തിൽ ജോണിന്റെയും ആകേരിൽ കുടുംബാംഗം മേരിയുടെയും രണ്ടാമത്തെ പുത്രൻ മോൻസി തിരുവല്ലായിൽ ജനിച്ചു. ഇദ്ദേഹം പൊൻകുന്നം ഇലഞ്ഞിമററത്തിൽ കുടുംബാംഗം ലൈലയെ വിവാഹം കഴിച്ചു. ശ്രീമാൻ മോൻസി പോസ്റ്റ് ഗ്രാജുവേഷനുശേഷം ഗൾഫിൽ ഒരു പ്രൈവററ് കമ്പനിയിൽ ജോലിനോക്കുന്നു. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ. മൂത്തമകൻ അരുൺ- എഞ്ചിനീയറിംഗ് കഴിഞ്ഞ് ഇപ്പോൾ ഉപരിപഠനാർത്ഥം അമേരിക്കയിൽ പോയിരിക്കുന്നു. രണ്ടാമത്തെ മകൻ പ്രവീൺ സ്കൂൾ വിദ്യാർത്ഥിയാണ്

Mr. Joseph John, Kodiyattu Madathil
Near Pallipalam, Thiruvalla- 2
Tel : 0473- 605606



XIII- 3

**അബി**

**ജോർജ്ജ് ഫിലിപ്പ് അയിരൂർക്കുഴി**

മഠത്തിൽ ജോണിന്റെയും, ആകേരിൽ കുടുംബാംഗം മേരിയുടെയും മകൾ അബിയെ പെരുമ്പാവൂരിൽ അയിരൂർക്കുഴി കുടുംബാംഗം ജോർജ് ഫിലിപ്പ് വിവാഹം കഴിച്ചു. ഇവർ കുടുംബമായി ഗൾഫിൽ ആണ്.

XVIII-4

**കോശി ജോൺ (കൊച്ചുമോൻ)**

**സുജ കോവൂർ**

മഠത്തിൽ ജോണിന്റെയും ആകേരിൽ കുടുംബാംഗം മേരിയുടെയും ഇളയപുത്രൻ കോശിജോൺ (കൊച്ചുമോൻ) തിരുവല്ലായിൽ ജനിച്ചു. ഇദ്ദേഹം സ്റേററ് ബാങ്ക് ഓഫ് ഇന്ത്യയിൽ മാനേജറായി ജോലിനോക്കുന്നു. ശ്രീമാൻ കോശി ജോൺ തിരുവല്ലയിൽ കോവൂർ കുടുംബാംഗം സുജയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് ഒരു മകളും ഒരു മകനും ഉണ്ട് രണ്ട്പേരും സ്കൂൾ വിദ്യാർത്ഥികളാണ്.

*മക്കൾ*

1. അബിത
2. അപ്പു

Mr. Koshy John, Kovoor Puthenpurakkal
Kavumbhagam, Thiruvalla
Tel : 600857

XVIII- 1

**ഏബ്രഹാം മാത്യു. (രവി)**

**മോളി (പാണ്ടിശ്ശേരിൽ)**

മഠത്തിൽ മാത്തുക്കുട്ടിയുടെയും വാക്കേൽ കുടുംബാംഗം അന്ന

മ്മയുടെയും മൂത്ത പുത്രൻ ഏബ്രഹാം മാത്യു (രവി) തിരുവല്ലായിൽ ജനിച്ചു. ഇദ്ദേഹം കുററൂർ പാണ്ടിശ്ശേരിൽ കുടുംബാംഗം മോളിയെ വിവാഹം കഴിച്ചു. ശ്രീമാൻ ഏബ്രഹാം മാത്യു സൗത്ത് ഇന്ത്യൻ ബാങ്കിന്റെ മാനേജർ ആയി ജോലിനോക്കുന്നു. ഇദ്ദേഹത്തിന്റെ പ്രവർത്തനഫലമായി നമ്മുടെ കുടുംബയോഗം ആദ്യമായി ഇദ്ദേഹത്തിന്റെ ഭവനത്തിൽ (30-12-2000) കൂടുവാൻ കഴിഞ്ഞു. ശ്രീമതി മോളി സ്റേററ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ ഓഫീസറായി സേവനമനുഷ്ഠിക്കുന്നു. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ ഉണ്ട്. മൂത്തമകൻ റെഞ്ചു ഏബ്രഹാം, എഞ്ചിനിയറിംഗിന് പഠിക്കുന്നു. രണ്ടാമത്തെ പുത്രൻ റെൻജി ഏബ്രഹാം സ്കൂൾ വിദ്യാർത്ഥിയാണ്.

*മക്കൾ*

1. റെഞ്ചു ഏബ്രഹാം
2. റെൻജി ഏബ്രഹാം

Mr. Abrham Mathew
Kodiyattu Madathil
Puthusseri P.O
Thiruvalla
Tel- 0473- 677360

XVIII-2

**രാജമ്മ സ്റ്റാൻലി**

**സ്റ്റാൻലി മാത്യൂസ് വലിയപറമ്പിൽ**

മഠത്തിൽ മാത്തുക്കുട്ടിയുടെയും വാക്കേൽ കുടുംബാംഗം അന്നമ്മയുടെയും മകൾ രാജമ്മയെ പായിപ്പാട് കിഴക്കൻ മുള്ളർ വലിയ പറമ്പിൽ കുടുംബാംഗം സ്റ്റാൻലി മാത്യൂസ് വിവാഹം കഴിച്ചു. അനേക നാൾ വിദേശത്തു ജോലിനോക്കിയിരുന്ന ഇദ്ദേഹം നാട്ടിൽ തിരികെ എത്തി എറണാകുളത്ത് താമസിക്കുന്നു. ഈ ദമ്പതികൾക്ക് രണ്ട് പെൺമക്കൾ ഉണ്ട്. ഇവർ എറണാകുളത്ത് സ്ഥിരതാമസമാക്കിയിരിക്കുന്നു.

*മക്കൾ*

1. രശ്മി
2. രോഷ്നി



Mrs. Rajamma Stanley
Uthryam House No 33/ 112 -D
Behind Saumya Nagar
Edappalli P.O
Cochin- 682024
Tel: 0484-336935

XVIII-1

**ജോ വറുഗീസ്**

**പ്രിയ (വല്യപാടത്ത്കൂരൻ)**

മഠത്തിൽ വറുഗീസിന്റെയും ത്രേസ്യാമ്മയുടെയും മകൻ ജോ വറുഗീസ് ആലുവ വല്യപാടത്ത്കൂരൻ വീട്ടിൽ പ്രിയയെ വിവാഹം കഴിച്ചു. ഇദ്ദേഹം ഗൾഫിൽ ജോലിനോക്കുന്നു. ഈ ദമ്പതികൾക്ക് ഒരു മകൾ പ്രിയ.

XVIII-2

**ജോസി ജെയിംസ്**

**ജെയിംസ് പന്തിരുവേലിൽ**

മഠത്തിൽ വറുഗീസിന്റെയും ത്രേസ്യാമ്മയുടെയും മകൾ ജോസിയെ പൊൻകുന്നം പന്തിരുവേലിൽ ജെയിംസ് വിവാഹം കഴിച്ചിരിക്കുന്നു.

XVIII-3

**ജെനി**

**പാട്രിക് ചെറുവേലിൽ**

മഠത്തിൽ വറുഗീസിന്റെയും ത്രേസ്യാമ്മയുടെയും മകൾ ജെനിയെ കോട്ടയത്ത് ചെറുവേലിൽ കുടുംബാംഗം പാട്രിക് വിവാഹം കഴിച്ചിരിക്കുന്നു.

XVIII-4

**ജെസി അലക്സ്**

**അലക്സ് പടിഞ്ഞാറേക്കര**

മഠത്തിൽ വറുഗീസിന്റെയും ത്രേസ്യാമ്മയുടെയും മകളെ കോട്ടയത്ത് പടിഞ്ഞാറേക്കര കുടുംബാംഗം അലക്സ് വിവാഹം കഴിച്ചിരിക്കുന്നു.

XVIII-1

**ജെസി**

**സെബാസ്റ്റ്യൻ പഴമ്പശ്ശേരിൽ**

മഠത്തിൽ എം.സി. ഏബ്രഹാമിന്റെയും അമ്മിണിയുടെയും മകൾ ജെസിയെ ആലപ്പുഴ പഴമ്പശ്ശേരിൽ കുടുംബാംഗം സെബാസ്റ്റ്യൻ വിവാഹം കഴിച്ചിരിക്കുന്നു.

XVIII–2

**ജിജി**

**തമ്പി കുമ്പളത്തു വടക്കേതിൽ**

മഠത്തിൽ എം.സി ഏബ്രഹാമിന്റെയും അമ്മിണിയുടെയും മകൾ ജിജിയെ തേവലക്കര കുമ്പളത്തു വടക്കേതിൽ കുടുംബാംഗം തമ്പി വിവാഹം കഴിച്ചിരിക്കുന്നു.

XVIII-3

**ജാസ്മിൻ**

**സജി കടക്കലേത്ത്**

മഠത്തിൽ എം.സി. ഏബ്രഹാമിന്റെയും അമ്മിണിയുടെയും മകൾ ജാസ്മിനെ കല്ലിശ്ശേരി കടക്കലേത്ത് കുടുംബാംഗം സജി വിവാഹം കഴിച്ചിരിക്കുന്നു.



XVIII-1

**അജി ജേക്കബ്**

**ഷിബി (പാണ്ടൻപടവിൽ)**

മഠത്തിൽ കെ.സി. ജേക്കബിന്റെയും മതിലുങ്കൽ സൂസമ്മയുടെയും മൂത്ത പുത്രൻ അജി ജേക്കബ് തിരുവല്ലായിൽ ജനിച്ചു. ഇദ്ദേഹം വളഞ്ഞവട്ടം പാണ്ടൻ പടവിൽ ഷിബിയെ വിവാഹം കഴിച്ചു. ശ്രീമാൻ അജി, ദോഹയിൽ ജോലി നോക്കുന്നു.

Mr. Aji Jacob<br>Kollamana Madathil<br>Valanjavattom<br>Thiruvalla<br>Tel : 0473- 610739

P.O. Box 4625<br>Doha

XVIII-2

**അനിൽ ജേക്കബ്**

**ജോതിസ് വട്ടശ്ശേരിൽ ഇടമുറിയ്ക്കൽ**

മഠത്തിൽ കെ.സി. ജേക്കബിന്റെയും മതിലുങ്കൽ സൂസമ്മയുടെയും രണ്ടാമത്തെ പുത്രൻ അനിൽജേക്കബ്, ആനിക്കാട്ട് വട്ടശ്ശേരിൽ ഇടമുറിയ്ക്കൽ കുടുംബാംഗം ജോതിസിനെ വിവാഹം കഴിച്ചു. ഇദ്ദേഹം ദോഹയിൽ ജോലി നോക്കുന്നു.

Mr. Anil Jacob<br>Kollamana Madathil<br>Valanjavattom<br>Thiruvalla<br>Tel: 0473- 610739

P.O. Box 4625<br>Doha

XVIII–1

**മായാഫിലിപ്പ് (സാറാമ്മ)**

**എം. കെ. ഫിലിപ്പ് മണലിൽ**

മഠത്തിൽ ഇടുക്കളയുടെയും വലിയത്ത് കുഞ്ഞമ്മയുടെയും മൂത്തമകൾ മായ തിരുവല്ലായിൽ ജനിച്ചു. എം. എ. ബിരുദം എടുത്ത ശ്രീമതി മായയെ തിരുവല്ലാ മണലിൽ കുടുംബാംഗം എം.കെ. ഫിലിപ്പ് വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് ഒരു മകനും ഒരു മകളും ഉണ്ട്. ഇവർ കുടുംബമായി എറണാകുളത്ത് താമസിക്കുന്നു. എസ്റേററ് ഉടമയായ ഫിലിപ്പ് സ്വന്തമായി ബിസിനസ്സ് ചെയ്യുന്നു

*മക്കൾ*

1. ഇടുക്കള ഫിലിപ്പ് (B.Tech, MBA)
2. ശാന്തിഫിലിപ്പ് M.A

Mrs. Maya Philip
Manalil 33/66-A, Prathibha Road
Padivattam, Cochin- 682024
Tel : 0484 - 348393

XVIII-2

**ജോതി (മറിയാമ്മ)**

**തോമസ് ജേക്കബ് പൂവത്തൂർ മാമ്പുഴക്കാട്ടിൽ**
(B.Arch, M.Tech, MBA)

മഠത്തിൽ ഇടുക്കളുടെയും വലിയടത്ത് കുഞ്ഞമ്മയുടെയും രണ്ടാമത്തെ മകൾ ജോതി (ബി. എ) യെ ചെങ്ങന്നൂർ പൂവത്തൂർ മാമ്പഴക്കാട്ടിൽ തോമസ് ജേക്കബ് (മോഹൻ) വിവാഹം കഴിച്ചു. B. Arch ഉം, M.Tech ഉം, MBA യും ബിരുധം എടുത്ത മോഹൻ എറണാകുളത്ത് അസോസിയേററ് ആർക്കിടെക്റ്റ് എന്ന സ്ഥാപനം നടത്തുന്നു.

*മക്കൾ*

1. ശ്യാമതോമസ് B.E. ( Computer)
2. സുധ തോമസ് B.Arch



Mrs. Jyothi Thomas
Mothi Shenoi Road
Kalloor, Cochin-682017
Tel : 0484 - 346807

XVIII-3

**ഫിലിപ്പോസ് (ജയൻ)**

**ഡോ. ലൈസ (ചാലക്കുടി ചിറയത്ത്)**

മഠത്തിൽ ഇടുക്കളയുടെയും വലിയത്ത് കുഞ്ഞമ്മയുടെയും പുത്രൻ ഫിലിപ്പോസ് (ജയൻ) എറണാകുളത്ത് ജനിച്ചു. ഇദ്ദേഹം കൊച്ചിൻ റിഫൈനറീസിൽ ഓഫീസറായി ജോലിനോക്കുന്നു. ശ്രീമാൻ ഫിലിപ്പോസ് ചാലക്കുടി ചിറയത്ത് കുടുംബാംഗം ഡോ. ലൈസായെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് ഒരു മകനും ഒരു മകളും ഉണ്ട്. ഇവർ കുടുംബമായി എറണാകുളത്ത് താമസിക്കുന്നു.

*മക്കൾ*

1. സാറഫിലിപ്പോസ്
2. ഇടുക്കളഫിലിപ്പോസ് (മനു)

Mr.Philipose. E
Kodiat Madathil, Satelite Town Ship
Padamugal, Cochin - 682030
Tel : 0484- 422842

# അദ്ധ്യായം 13

# പഴങ്ങേരിൽ കുടുംബം

XV-1

**<u>പഴങ്ങേരിൽ പോത്ത</u>**

**1. കിഴക്കെ നാലാംവേലിൽ മറിയാമ്മ**

**2. തെക്കേ നാലാംവേലിൽ ശോശാമ്മ**

മാത്തു കൊല്ലമനയുടെ ഇളയമകൻ പോത്തയെക്കുറിച്ച് വിശദമായി ആറാം അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ട്. 14-ാം തലമുറയിൽ ജീവിച്ചിരുന്ന പോത്ത വ്യാപാര സംബന്ധമായി പുനലൂരിൽ എത്തി പുനലൂരിൽ കിഴക്കേ നാലാംവേലിൽ മറിയാമ്മയെ വിവാഹം കഴിച്ചു. മറിയാമ്മ മക്കളില്ലാതെ മരണമടഞ്ഞു. അതിനുശേഷം പോത്ത അതേ കുടുംബത്തിൽ തെക്കേ നാലാംവേലിൽ ശോശാമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് നാല് ആൺമക്കളും നാല് പെൺമക്കളും ഉണ്ടായി.

*മക്കൾ*

1. തോമ്മാ ഇടുക്കുള
2. മകൾ മുളമൂട്ടിൽ
3. മാത്യു ഇടുക്കുള
4. മകൾ കക്കാടംപള്ളിൽ
5. മകൾ കറുകയിൽ
6. പോത്ത ഇടുക്കുള



7. മകൾ ചേരുവാക്കൽ
8. ജോർജ് .പി.

പഴങ്ങേരിൽ പോത്തയുടെയും തെക്കെ നാലാംവേലിൽ ശോശാമ്മയുടെയും മൂത്ത മകളെ കോഴഞ്ചേരി മുളമൂട്ടിൽ കുടുംബാംഗം വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് അഞ്ച് ആൺ മക്കളും നാല് പെൺമക്കളും ഉണ്ട്. പഴങ്ങേരിൽ പോത്തയുടെ രണ്ടാമത്തെ മകളെ എടത്വാ കക്കാടം പള്ളിൽ കുടുംബാംഗം വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് ഒരു മകൻ ഉണ്ട്.

പഴങ്ങേരിൽ പോത്തയുടെ മൂന്നാമത്തെ മകളെ കറുകയിൽ തുണ്ടിയിൽ കുടുംബാംഗം വിവാഹം കഴിച്ചു.

പഴങ്ങേരിൽ പോത്തയുടെ നാലാമത്തെ മകളെ നിരണം ചേരുവാക്കൽ കുടുംബാംഗം വിവാഹം കഴിച്ചു.

പോത്തയുടെ നാല് ആൺമക്കളെക്കുറിച്ച് തുടർന്ന് വിശദീകരിക്കുന്നു.

XV-1

**<u>തോമ്മ ഇടുക്കള</u>**

പഴങ്ങേരിൽ പോത്തയുടെയും തെക്കേ നാലാംവേലിൽ ശോശാമ്മയുടെയും മൂത്തമകൻ തോമ്മാ ഇടുക്കുള മേപ്പാടം എന്ന സ്ഥലത്ത് നിന്നും ആദ്യവിവാഹം കഴിച്ചു അതിൽ ഒരു മകനുണ്ടായി. മകൻ പി. ററി. ഫിലിപ്പ് . ആദ്യത്തെ ഭാര്യയുടെ മരണശേഷം രണ്ടാമതു വിവാഹം കഴിച്ച ഭാര്യ മക്കളില്ലാതെ മരിച്ചു. മൂന്നാമത് തലവടിയിൽ നിന്നു വിവാഹം കഴിച്ച തോമ്മാ ഇടുക്കുളക്ക് അഞ്ച് സന്താനങ്ങൾ ഉണ്ടായി.

*മക്കൾ*

1. പി.ററി. ഫിലിപ്പ്

1. പി.ററി. ഫിലിപ്പ്
2. പെണ്ണമ്മ
3. ബേബി
4. മകൾ പാണ്ടാംകേരിൽ
5. മാത്തുക്കുട്ടി.

XV–3

**മാത്യു ഇടുക്കുള (കിഴക്കേപറമ്പിലെ മാത്തൂച്ചൻ)**

**ശോശാമ്മ പൈനുംമൂട്ടിൽ**

പഴങ്ങേരിൽ പോത്തയുടെയും തെക്കേ നാലാംവേലിൽ ശോശാമ്മയുടെയും രണ്ടാമത്തെ പുത്രൻ മാത്യു ഇടുക്കള മാവേലിക്കര പൈനുംമൂട്ടിൽ കുടുംബാംഗം ശോശാമ്മയെ വിവാഹം കഴിച്ചു. മാത്യു ഇടുക്കളയെ കിഴക്കേപറമ്പിലെ മാത്തൂച്ചൻ എന്ന പേരിലും അറിഞ്ഞിരുന്നു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ ഉണ്ട്.

*മക്കൾ*

1. പി. എം. ഫിലിപ്പ്
2. ചിന്നമ്മ
3. പി. എം. ജോൺ.

XV-6

**പോത്ത ഇടുക്കള**

**അച്ചാമ്മ പറമ്പൂരേത്ത്**

പഴങ്ങേരിൽ പോത്തയുടെയും തെക്കേ നാലാംവേലിൽ ശോശാമ്മയുടെയും മൂന്നാമത്തെ പുത്രൻ പോത്ത ഇടുക്കുള പറമ്പൂരേത്ത് അച്ചാമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ ഉണ്ട്.

*മക്കൾ*

1. ഡോ. പി. മാത്യു
2. കുട്ടിയമ്മ
3. പി. ഐ. ഫിലിപ്പ്

XV-8

**പി. ജോർജ്ജ്**

**അച്ചാമ്മ മാമൂട്ടിൽ**

പഴങ്ങേരിൽ പോത്തയുടെയും തെക്കേ നാലാംവേലിൽ



ശോശാമ്മയുടെയും നാലാമത്തെ പുത്രൻ ജോർജ് പഴങ്ങേരിൽ തലവടി മാമൂട്ടിൽ അച്ചാമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് അഞ്ച് മക്കൾ ഉണ്ട്

*മക്കൾ*

1. അമ്മിണി
2. സൂസൻ
3. മറിയാമ്മ
4. ജോർജ്ജ് ഫിലിപ്പ് (കുഞ്ഞൂഞ്ഞ്)
5. ജോർജ്ജ് ഫിലിപ്പ് (രാജൻ)

XVI-1

**ഫിലിപ്പ് പി. ററി**

**സാറാമ്മ മാമൂട്ടിൽ**

പഴങ്ങേരിൽ തോമ്മാ ഇടിക്കുളയുടെ ആദ്യത്തെ ഭാര്യയിലെ ഏക പുത്രൻ പി.ററി. ഫിലിപ്പ് മാമൂട്ടിൽ കുടുംബാംഗം സാറാമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് നാല് മക്കൾ ഉണ്ട്.

*മക്കൾ*

1. പി. എം. തോമസ്
2. പി. എം. മാമ്മൻ
3. പി. എം. ജോർജ്ജ്കുട്ടി
4. പി. എം. മാത്തുക്കുട്ടി

XVI-2

**ഫിലിപ്പ് പി. ററി**

പഴങ്ങേരിൽ തോമ്മാ ഇടുക്കളുയുടെ മൂന്നാമത്തെ ഭാര്യയിലെ മൂത്തപുത്രൻ ഫിലിപ്പ് പി.ററി. വിവാഹിതനായി. ഇദ്ദേഹത്തിന് മൂന്ന് മക്കൾ ഉണ്ട്.

*മക്കൾ*

1. പോത്ത തോമസ്
2. ആലീസ്
3. മേരിഫിലിപ്

## XVI-3

**പെണ്ണമ്മ**

പഴഞ്ഞേരിൽ തോമ്മാ ഇടുക്കളയുടെ മൂന്നാമത്തെ പുത്രി പെണ്ണമ്മയെ കടവിൽ പുത്തൻ പറമ്പിൽ കുടുംബാംഗം വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് മൂന്ന് ആൺമക്കളും ഒരു മകളും ഉണ്ട്.

## XVI-4

**ബേബി പഴഞ്ഞേരിൽ**

**ശോശാമ്മ**

പഴഞ്ഞേരിൽ തോമ്മാ ഇടുക്കളയുടെ നാലാമത്തെ പുത്രൻ ബേബി, ശോശാമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ ഉണ്ട്.

*മക്കൾ*

1. ജോർജ്ജ് സ്റ്റീഫൻ
2. ജോബ് പുന്നൂസ്
3. ആലീസ് പുന്നൂസ്

## XVI-5

**ശോശാമ്മ**

പഴഞ്ഞേരിൽ തോമ്മാ ഇടുക്കളയുടെ മകൾ ശോശാമ്മയെ പാണ്ടാംകേരിൽ കുടുംബാംഗം വിവാഹം കഴിച്ചു



## XVI-6

**മാത്തുക്കുട്ടി (പി. ററി മാത്യു)**

**ചിന്നമ്മമാത്യു (തോട്ടുകടവിൽ)**

പഴഞ്ഞേരിൽ തോമാ ഇടുക്കളയുടെ ഇളയപുത്രൻ മാത്തുക്കുട്ടി, തോട്ടുകടവിൽ കുടുംബാംഗം ചിന്നമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് അഞ്ച് മക്കളിൽ എലിസബത്തും ഷേർളിയും വിവാഹതിരാണ്.

*മക്കൾ*

1. എലിസബത്ത്
2. ഷേർളി
3. ശൈലജ
4. ജലജ
5. സാംസൺ പി. മാത്യു.

## XVI-1

**ഫിലിപ് പി. എം.**

**എലിസബത്ത് പുല്ലാവള്ളിൽ**

പഴഞ്ഞേരിൽ മാത്യു ഇടുക്കളയുടെയും പൈനുംമൂട്ടിൽ ശോശാമ്മയുടെയും മൂത്ത പുത്രൻ പി. എം. ഫിലിപ്പ് മാരമൺ പുല്ലാവള്ളിൽ കുടുംബാംഗം എലിസബത്തിനെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ.

*മക്കൾ*

1. ഡോ. തോമസ് ഫിലിപ്
2. മാത്യു ഫിലിപ്

## XVI-2

**ചിന്നമ്മ**

പഴഞ്ഞേരിൽ മാത്യു ഇടുക്കളയുടെയും പൈനുംമൂട്ടിൽ ശോശാ

മ്മയുടെയും ഏക പുത്രി ചിന്നമ്മയെ, മുണ്ടോട്ടിക്കൽ കുടുംബാംഗം വിവാഹം കഴിച്ചു.

## XVI-3

**പി. എം. ജോൺ**

**കുഞ്ഞമ്മ മുണ്ടപ്പള്ളിൽ**

പഴഞ്ഞേരിൽ മാത്യു ഇടുക്കളയുടെയും പൈനുംമൂട്ടിൽ ശോശാമ്മയുടെയും മൂന്നാമത്തെ പുത്രൻ ജോൺ പഴഞ്ഞേരിൽ, മുണ്ടപ്പള്ളിൽ കുടുംബാംഗം കുഞ്ഞമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് നാല് മക്കൾ ഉണ്ട്.

*മക്കൾ*

1. സൂസി
2. ലിസി
3. മേഴ്സി
4. മാത്യു ജോൺ

## XVI-1

**ഡോ. പി. മാത്യു**

1. **തങ്കമ്മ വട്ടശ്ശേരിൽ**
2. **സാറാമ്മ ഇലഞ്ഞിമൂട്ടിൽ**

പഴഞ്ഞേരിൽ പോത്ത ഇടുക്കളയുടെയും പറമ്പൂരേത്ത് അച്ചാമ്മയുടെയും മൂത്തമകൻ ഡോ. പി. മാത്യു, വട്ടശ്ശേരിൽ കുടുംബാംഗം തങ്കമ്മയെ ആദ്യം വിവാഹം കഴിച്ചു. അതിൽ രണ്ട് പെൺമക്കൾ ഉണ്ട്. ആദ്യത്തെ ഭാര്യയുടെ മരണശേഷം ഇലഞ്ഞിമൂട്ടിൽ കുടുംബാംഗം സാറാമ്മയെ വിവാഹം കഴിച്ചു. അതിൽ നാല് മക്കൾ ഉണ്ട്. മൂന്ന് പെണ്ണും ഒരു ആണും.

ഗാന്ധിജിയുടെ ആഹ്വാനങ്ങൾ പഴഞ്ഞേരിൽ ഡോ. മാത്യുവിനെ ഒരു ഗാന്ധിയൻ ആക്കി മാററി. സ്വാതന്ത്ര്യസമരസേനാനിയായിരുന്ന ശ്രീമാൻ ഡോ. പി. മാത്യു, ഖദർ തൊപ്പിയും ഖദർ വസ്ത്രവും



ധരിച്ചേ നടക്കുകയുള്ളായിരുന്നു. ആയതിനാൽ ഇദ്ദേഹത്തെ തൊപ്പി അപ്പച്ചൻ എന്ന് അറിഞ്ഞിരുന്നു.

*മക്കൾ*

1. ആച്ചിയമ്മ
2. കുഞ്ഞമ്മ

1. ചെല്ലമ്മ
2. അമ്മിണി
3. ഫിലിപ്പ് മാത്യു
4. ഡോ. ജോളി

## XVI-2

**കുട്ടിയമ്മ**

പഴഞ്ഞേരിൽ പോത്ത ഇടുക്കളയുടെയും പറമ്പൂരത്ത് അച്ചാമ്മയുടെയും രണ്ടാമത്തെ മകൾ കുട്ടിയമ്മയെ ആററുമാലിൽ പുത്തൻപുരക്കൽ കുടുംബാംഗം വിവാഹം കഴിച്ചു.

## XVI-3

**പി. ഐ. ഫിലിപ്പ് (അനാഥശാല ഫിലിപ്പ് സാർ)**

**സാറാമ്മ (മണലേൽ)**

പഴഞ്ഞേരിൽ പോത്ത ഇടുക്കളയുടെയും പറമ്പൂരത്ത് അച്ചാമ്മയുടെയും മൂന്നാമത്തെ മകൻ പി.ഐ. ഫിലിപ്പ് പുനലൂരിൽ ജനിച്ചു. തികഞ്ഞ ദൈവഭക്തനായിരുന്ന ഇദ്ദേഹം, യേശുക്രിസ്തുവിന്റെ ഉപദേശം തന്റെ ജീവിതത്തിൽ പ്രാവൃത്തികമാക്കി. സാമൂഹ്യസേവന രംഗങ്ങളിൽ പ്രത്യേകിച്ച് ദരിദ്ര വിഭാഗങ്ങൾക്കു വേണ്ടി ആത്മാർത്ഥമായി പ്രവർത്തിച്ചു. അനാഥാലയം വിരളമായിരുന്ന അന്നത്തെ കാലത്ത് പുനലൂരിൽ അദ്ദേഹം ഒരു അനാഥാലയം ആരംഭിച്ചു. ആയതുകൊണ്ട് ഇദ്ദേഹത്തെ, അനാഥശാല ഫിലിപ്പ്സാർ എന്ന് പുനലൂരിൽ ബഹുമാനപൂർവ്വം ആളുകൾ വിളിച്ചിരുന്നു. സമൂഹത്തോടുള്ള തന്റെ കടപാടുകൾ കഴിവുകൾക്കനുസൃതമായി പ്രദാനം ചെയ്തിരുന്ന ഇദ്ദേഹം വരും തലമുറയ്ക്ക് ഒരു മാർഗദർശിയായിരുന്നു.

ഇദ്ദേഹം നിരണത്ത് മണലേൽ കുടുംബാംഗം സാറാമ്മയെ

വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് ഒൻപത് മക്കൾ ഉണ്ട്. അഞ്ച് ആണും, നാലും പെണ്ണും. ശ്രീമാൻ പി.ഐ. ഫിലിപ്പിനേയും, ശ്രീമതി സാറാമ്മയേയും പുനലൂർ മാർത്തോമ്മ പള്ളി സെമിത്തേരിയിൽ അടക്കം ചെയ്തിരിക്കുന്നു.

*മക്കൾ*

1. ഇടുക്കള ഫിലിപ്പ്
2. തങ്കമ്മ
3. ജോർജ് ഫിലിപ്പ്
4. സൂസൻ സാമുവേൽ
5. ജോൺഫിലിപ്പ്
6. എലിസബത്ത്
7. സാം ഫിലിപ്പ്
8. അലക്സാണ്ടർ ഫിലിപ്പ്
9. മോളി

## XVI. 4

**ജോർജ് ഫിലിപ്പ് (കുഞ്ഞൂഞ്ഞ്)**

പഴങ്ങേരിൽ പി ജോർജിന്റെയും തലവടി മാമൂട്ടിൽ അച്ചാമ്മ യുടെയും നാലാമത്തെ പുത്രൻ കുഞ്ഞൂഞ്ഞ് അവി വാഹിതനായിരുന്നു. ഇദ്ദേഹത്തിന് മൂത്തതായി മൂന്ന് സഹോദരിമാരുണ്ടായിരുന്നു. അമ്മിണി, സൂസൻ, മറിയാമ്മ എന്നിവരായിരുന്നു. ഇദ്ദേഹം പോലിസ് ഡിപ്പാർട്ട്മെന്റിൽ ഉയർന്ന ഉദ്യോഗസ്ഥനായിരുന്നു. ഇദ്ദേഹം 08-11-2001 നിര്യാതനായി.

## XVI. 5

**ജോർജ് ഫിലിപ്പ് (രാജൻ)**

**സൂസൻ ജോർജ്**

പഴങ്ങേരിൽ ജോർജിന്റെയും തലവടി മാമൂട്ടിൽ അച്ചാമ്മയുടെയും ഇളയപുത്രൻ ജോർജ് ഫിലിപ്പ് (രാജൻ) 1.8.1914 ൽ ജനിച്ചു.



ഇദ്ദേഹം സൂസൻ ജോർജിനെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ ഉണ്ട്.

*മക്കൾ*

1. ബീന
2. ജിക്കു ജോർജ്

## XVII-1

**തോമസ് പി. എം.**

**മറിയാമ്മ തോമസ് (തേങ്ങോൺ)**

പഴങ്ങേരിൽ പി.ടി. ഫിലിപ്പിന്റെയും മാമൂട്ടിൽ സാറാമ്മയുടെയും മകൻ തോമസ് പി.എം. ആറാട്ടുപുഴ തേങ്ങോൺ കുടുംബാംഗം മറിയാമ്മയെ വിവാഹം കഴിച്ചു. ശ്രീമാൻ തോമസ് Government Defence Department - ൽ സേവനമനുഷ്ടിച്ചിരുന്നു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. മകൾ അനിതാ തോമസ്, മകൻ അനിൽ തോമസ്.

അനിൽ തോമസ് ബിസിനസ്സിൽ തൽപരനായി നാട്ടിൽ തന്നെ കഴിയുന്നു. അനിതയെ ജേക്കബ് വർഗീസ് വിവാഹം കഴിച്ചു. ശ്രീമാൻ തോമസ് സർവീസിൽ നിന്നും റിട്ടയർ ചെയ്ത്, തലവടിയിൽ സ്വന്തം ഭവനത്തിൽ കുടുംബത്തോടൊപ്പം കഴിയുന്നു.

Mr. P.M. Thomas, Pazhengeril Mammottil
Thalavady Anaprampal South P,O.,
Alleppey Dist. 689 576
Tel : 95477-213046

## XVII-2

**മാമ്മൻ പി. എം.**

**ലീലാമ്മ മാമ്മൻ (ചാപ്രത്ത്)**

പഴങ്ങേരിൽ പി.ടി. ഫിലിപ്പിന്റെയും മാമൂട്ടിൽ സാറാമ്മയുടെയും മകൻ മാമ്മൻ പി.എം., ചാപ്രത്ത് കുടുംബാംഗം ലീലാമ്മയെ വിവാഹം

കഴിച്ചു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. മൂത്തമകൾ അജിത വിവാഹിതയാണ്.

*മക്കൾ*

1. അജിതാ മാമ്മൻ
2. അമിനാ മാമ്മൻ
3. ആൻസൺ മാമ്മൻ

## XVII-3

**ജോർജുകുട്ടി പി. എം.**

**സാലി ജോർജ് (കുററികണ്ടത്തിൽ)**

പഴഞ്ഞേരിൽ പി. ടി. ഫിലിപ്പിന്റെയും മാമൂട്ടിൽ സാറാമ്മയുടെയും മകൻ ജോർജുകുട്ടി പി. എം. കുററികണ്ടത്തിൽ സാലി ജോർജിനെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ ഉണ്ട്.

*മക്കൾ*

1. അനിലാ ജോർജ്
2. ബ്ലസം ജോർജ്

## XVII-4

**പി. എം. മാത്തുക്കുട്ടി**


**ഓമന മാത്യു (കുന്നംപള്ളിൽ)**

പഴഞ്ഞേരിൽ പി.ടി.ഫിലിപ്പിന്റെയും മാമൂട്ടിൽ സാറാമ്മയുടെയും മകൻ മാത്തുക്കുട്ടി, കുന്നംപള്ളിൽ കുടുംബാംഗം ഓമനയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ ഉണ്ട്.

*മക്കൾ*

1. ആശാ മാത്യു
2. അഭിലാഷ് മാത്യു





പഴഞ്ഞേരിൽ പി.ഐ. ഫിലിപ്പ് (അനാഥശാല ഫിലിപ്പ് സാർ)

പേജ് നം - 361





പഴങ്ങേരിൽ ഇടുക്കള ഫിലിപ്പും മൂത്തമകൻ റെജി ഫിലിപ്പും കുടുംബവും
Sitting (L to R) ശോശാമ്മാ ഫിലിപ്പ്, ഇടുക്കള ഫിലിപ്പ്, Standing (L to R) അലക്സ്, മറിയാമ്മ, റെജിഫിലിപ്പ്, ഇടുക്കള
പേജ് നം - 380





പഴങ്ങേരിൽ ഡോ. തോമസ് ഫിലിപ്പും കുടുംബവും
(L to R) ജിബിൻ തോമസ്, ഡോ. തോമസ് ഫിലിപ്പ്, രേഖ, മോളി, ഫിലിപ്പ് തോമസ്
പേജ് നം - 379




പഴങ്ങേരിൽ മേരിക്കുട്ടിയും, മകൻ ഫിലിപ്പ് മാത്യുവും കുടുംബവും
(L to R) നീറ്റ, മാത്യു ഫിലിപ്പ്, ഭാര്യ : മീന, മാത്യു തേജോ, Sitting: ശ്രീമതി മേരിക്കുട്ടി
പേജ് നം - 378





പഴങ്ങേരിൽ പ്രൊ. മാത്യു ജോൺ, ഭാര്യ: പ്രസന്ന മകൻ പ്രമോദ്
പേജ് നം - 378



പഴഞ്ഞേരിൽ പി.എം. തോമസും കുടുംബവും
Standing (L to R) അനിൽ, അനിത, ജേക്കബ് വർഗ്ഗീസ്, Sitting (L to R) പി.എം. തോമസ്, മറിയാമ്മ തോമസ്, കൊച്ചുമക്കൾ എബിൻ, ബിബിൻ
പേജ് നം - 363





പഴഞ്ഞേരിൽ ജോർജ്ജ് ഫിലിപ്പിന്റെ ഭാര്യ: സൂസൻ ജോർജ്ജ്,
മകൻ ജിക്കു ജോർജ്ജ്
പേജ് നം - 362




പഴഞ്ഞേരിൽ ബിജി ഫിലിപ്പും കുടുംബവും, (L to R) ജോൺ, ശോഭ,
സൂസന്ന, ബിജി ഫിലിപ്പ്
പേജ് നം - 392





പഴഞ്ഞേരിൽ ജോൺ ഫിലിപ്പും കുടുംബവും Standing (L to R) ബാലാജി, ട്രിനി അലക്സി, റാണി ജോർജ്ജ്, ജോർജ്ജ് ജോൺ, അലക്സി ജോൺ, Sitting (L to R) ജോൺ ഫിലിപ്പ്, ഭാര്യ ചെല്ലമ്മ, കൊച്ചുമക്കൾ: റിബുൻ, ബെഞ്ചമിൻ
പേജ് നം - 382



പഴഞ്ഞേരിൽ മോളിയുടെ മകൾ ധരണി കോശിയും ഭർത്താവ് കോശിവർഗ്ഗീസ്, മകൻ ആരൺ

പേജ് നം - 384



പഴഞ്ഞേരിൽ ഏലിസബത്തിന്റെ മകൻ അലക്സാണ്ടർ, ഭാര്യ : അന്നമ്മ, മകൾ: രേഷ്മ

പേജ് നം - 383



XVII-1

**പോത്ത തോമസ്**

**ലീലാമ്മ (തേരടിയിൽ)**

പഴഞ്ഞേരിൽ പി.ടി. ഫിലിപ്പിന്റെ മകൻ പോത്ത തോമസ് പുത്തുപ്പള്ളിൽ തേരടിയിൽ ലീലാമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ട് പെൺമക്കൾ ഉണ്ട്.

*മക്കൾ*

1. സുജ തോമസ്
2. സോമോൾ.

XVII-2

**ആലീസ് സാമുവേൽ**

**സാമുവേൽ (മഠത്തിലേത്ത്)**

പഴഞ്ഞേരിൽ പി.ടി. ഫിലിപ്പിന്റെ മകൾ ആലീസിനെ മഠത്തിലേത്ത് കുടുംബാംഗം സാമുവേൽ വിവാഹം കഴിച്ചിരിക്കുന്നു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ ഉണ്ട്.

*മക്കൾ*

1. സജീവ്
2. സനീഷ്

XVII-1

**ജോർജ് സ്റ്റീഫൻ**

**സൂസമ്മ ജോർജ് (കിഴക്കേവീട്)**

പഴഞ്ഞേരിൽ ബേബിയുടെയും ശോശാമ്മയുടെയും മകൻ ജോർജ് സ്റ്റീഫൻ കിഴക്കേവീട് കുടുംബാംഗം സൂസമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ ഉണ്ട്.

*മക്കൾ*

1. വിനോദ് ജോർജ്
2. വിബിൻ ജോർജ്

XVII-2

**ജോബ് പുന്നൂസ്**

**സുധ**

പഴങ്ങേരിൽ ബേബിയുടെയും ശോശാമ്മയുടെയും മകൻ ജോബ് പുന്നൂസ്, സുധയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ ഉണ്ട്.

*മക്കൾ*

1. ക്രിസ്റ്റി
2. ക്രിസ്റ്റീന

XVII-3

**ആലീസ് പുന്നൂസ്**

**വറുഗീസ്**

പഴങ്ങേരിൽ ബേബിയുടെയും ശോശാമ്മയുടെയും മകൾ ആലീസിനെ, വറുഗീസ് വിവാഹം കഴിച്ചിരിക്കുന്നു.

XVII-1

**എലിസബത്ത്**

**ജോർജ് (പുതിയത്തുമേട)**

പഴങ്ങേരിൽ മാത്തുക്കുട്ടിയുടെയും തോട്ടുകടവിൽ ചിന്നമ്മയുടെയും മൂത്തമകൾ എലിസബത്തിനെ, പുതിയത്തുമേട കുടുംബാംഗം ജോർജ് വിവാഹം കഴിച്ചിരിക്കുന്നു.



XVII-2

**ഷേർളി**

**ജേക്കബ് പുളിമൂട്ടിൽ**

പഴങ്ങേരിൽ മാത്തുക്കുട്ടിയുടെയും തോട്ടുകടവിൽ ചിന്നമ്മയുടെയും രണ്ടാമത്തെ മകൾ ഷേർളിയെ, പുളിമൂട്ടിൽ കുടുംബാംഗം ജേക്കബ് വിവാഹം കഴിച്ചിരിക്കുന്നു.

XVII-1

**സൂസി**

**ജോർജ് അയിരൂർകുഴി**

പഴങ്ങേരിൽ പി.എം. ജോണിന്റെയും മുണ്ടപ്പള്ളിൽ കുഞ്ഞമ്മയുടെയും മകൾ സൂസിയെ അയിരൂർകുഴി കുടുംബാംഗം ജോർജ് വിവാഹം കഴിച്ചു. ജോലി സംബന്ധമായി ഇവർ കുടുംബമായി ഡൽഹിയിൽ താമസിക്കുന്നു. ഈ ദമ്പതികൾക്ക് ഒരു മകനും, രണ്ട് പെൺമക്കളും ഉണ്ട്.

XVII-2

**ലിസി**

പഴങ്ങേരിൽ പി.എം. ജോണിന്റെയും മുണ്ടപ്പള്ളിൽ കുഞ്ഞമ്മയുടെയും രണ്ടാമത്തെ മകൾ ലിസി വിവാഹിതയാണ്. ഒരു മകൻ ഉണ്ട്.

XVII-3

**മേഴ്സി**

പഴങ്ങേരിൽ പി.എം. ജോണിന്റെയും മുണ്ടപ്പള്ളിൽ കുഞ്ഞമ്മയുടെയും മൂന്നാമത്തെ മകൾ മേഴ്സി വിവാഹിതയാണ്. ഒരു മകനും, ഒരു മകളും ഉണ്ട്.

XVII-4

**പ്രൊഫസർ മാത്യു ജോൺ**

**പ്രസന്ന**

പഴങ്ങേരിൽ പി.എം. ജോണിന്റെയും മുണ്ടപ്പള്ളിൽ കുഞ്ഞമ്മയുടെയും ഏകമകൻ മാത്യു ജോൺ, പ്രസന്നയെ വിവാഹം കഴിച്ചു. ശ്രീമാൻ മാത്യുജോൺ മധുര അമേരിക്കൻ കോളേജിലെ പ്രൊഫസറായി ജോലി നോക്കുന്നു. ഈ ദമ്പതികൾക്ക് ഒരു മകൻ ഉണ്ട്.

*മകൻ*

1. പ്രമോദ് മാത്യു

Prof. Mathew John, 13, Thamarai Street
P&T Nagar, Madurai - 625017

XVII-1

**മാത്യു ഫിലിപ്പ്**

**മേരിക്കുട്ടി (വട്ടപ്പറമ്പിൽ)**

പഴങ്ങേരിൽ പി.എം. ഫിലിപ്പിന്റെയും പുല്ലാവള്ളിൽ, എലിസബത്തിന്റെയും മൂത്ത മകൻ മാത്യു ഫിലിപ്പ്, വട്ടപ്പറമ്പിൽ കുടുംബാംഗം മേരിക്കുട്ടിയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. ശ്രീമാൻ മാത്യു ഫിലിപ്പ് ഗവൺമെന്റ് സർവ്വീസിൽ ഇരിക്കുമ്പോൾ നിര്യാതനായി. പുനലൂർ മാർത്തോമ്മ പള്ളി സെമിത്തേരിയിൽ അടക്കം ചെയ്തിരിക്കുന്നു. ശ്രീമതി മേരിക്കുട്ടി മക്കളോടൊപ്പം കുടുംബവീട്ടിൽ കഴിയുന്നു.

*മക്കൾ*

1. ഫിലിപ്പ്മാത്യു
2. ബീനാ
3. സിന്ധു

Mrs. Marykutty Mathew, Pazhengeril
Tholicode P.O., Punalur 691333



XVII-2

**ഡോ. തോമസ് ഫിലിപ്പ്**

**മോളി (വലിയചാമക്കാല)**

പഴങ്ങേരിൽ പി.എം. ഫിലിപ്പിന്റെയും പുല്ലാവള്ളിൽ എലിസബത്തിന്റെയും രണ്ടാമത്തെ മകൻ ഡോ. തോമസ് ഫിലിപ്പ് പുനലൂരിൽ ജനിച്ചു. ഇദ്ദേഹം കൊട്ടാരക്കര വലിയചാമക്കാല കുടുംബാംഗം മോളിയെ വിവാഹം കഴിച്ചു. ഗവൺമെന്റ് വെററിനറി ഡിപ്പാർട്ടുമെന്റിൽ, ഡോക്ടറായി സേവനമനുഷ്ടിച്ച ഇദ്ദേഹം അഡീഷണൽ ഡയറക്ടറായി റിട്ടയർ ചെയ്തു. ശ്രീമതി മോളി സ്കൂൾ ടീച്ചറായി സേവനമനുഷ്ഠിച്ചു. ഇപ്പോൾ റിട്ടയർ ചെയ്ത് കുടുംബവീട്ടിൽ രണ്ടുപേരും കഴിയുന്നു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ ഉണ്ട്. മൂത്ത മകൾ രേഖ, രേഖ വിവാഹിതയാണ്. മകൻ ഫിലിപ്പ് മാത്യു, പഠനം പൂർത്തിയാക്കി ഇപ്പോൾ ദുബായിൽ ഒരു പ്രൈവററ് കമ്പനിയിൽ ജോലിനോക്കുന്നു. ഇളയ മകൻ ജിബിൻ തോമസ് എം.ബി.ബി.എസ് ന്റെ അവസാനവർഷ പഠനം നടത്തുന്നു. ഡോ. തോമസ് ഫിലിപ്പ് നമ്മുടെ കുടുംബത്തിന്റെ ആദ്യത്തെ സെക്രട്ടറിയായി, 1998 ൽ ചുമതല ഏറെറടുത്തു. ഇദ്ദേഹം പഴങ്ങേരിൽ കുടുംബത്തിന്റെ ശാഖകൾ മനസ്സിലാക്കുന്നതിനും, ചരിത്രത്തിലേക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിനും പ്രത്യേകം താൽപര്യമെടുത്തിരുന്നതിനാൽ പഴങ്ങേരിൽ കുടുബത്തിന്റെ ശാഖകൾ മനസ്സിലാക്കുവാൻ എളുപ്പമായി.

*മക്കൾ*

1. രേഖ (എലിസബത്ത്)
2. ഫിലിപ്പ് തോമസ്
3. ജിബിൻ തോമസ്

Dr. Thomas Philip, Pazhengeril House
Tholicode P.O., Punalur - 691333
Tel : 0475 - 222407

XVII-1

**ഇടുക്കള ഫിലിപ്പ്**

**ശോശാമ്മ വലിയപറമ്പിൽ**

പഴഞ്ഞേരിൽ പി.ഐ. ഫിലിപ്പിന്റെയും മണലേൽ സാറാമ്മയുടെയും മൂത്തമകൻ ഇടുക്കള ഫിലിപ്പ് പുനലൂരിൽ ജനിച്ചു. ഇദ്ദേഹം വലിയ പറമ്പിൽ ശോശാമ്മയെ വിവാഹം കഴിച്ചു. തന്റെ പിതാവിനെ പോലെ വലിയ ദൈവവിശ്വാസിയും പ്രാർത്ഥനാ ജീവിതവും ഉള്ള ശ്രീമാൻ ഇടുക്കള ഫിലിപ്പിന് സൗമത്യാ പരോപകാരം ആദിയായ സൽഗുണങ്ങൾ പൈതൃകമായുണ്ട്. പുനലൂരിൽ യുവാക്കളെ ടെക്നിക്കൽ ആയി പരിശീലിപ്പിക്കുന്നതിനുവേണ്ടി, ഫിലിപ്പ് ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനം തുടങ്ങി. നിർദ്ധരരായ കുട്ടികളെ സൗജന്യമായി പഠിപ്പിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തിരുന്നു.

നമ്മുടെ കുടുംബത്തിന്റെ വൈസ്പ്രസിഡന്റ് ആയിരുന്ന ഇദ്ദേഹം രോഗശൈയ്യയിൽ കിടപ്പായിരുന്നെങ്കിലും പഴഞ്ഞേരിൽ കുടുംബത്തിന്റെ ശാഖകൾ എല്ലാം കുടുംബചരിത്രത്തിലേക്ക് പറഞ്ഞ് മനസ്സിലാക്കി തന്നിരുന്നു. പഴഞ്ഞേരിൽ കുടുംബത്തിന്റെ ചരിത്രം ശരിയാവണ്ണം മനസ്സിലാക്കിയിരുന്ന ഈ പിതാവിന്റെ അറിവുകൾ നമ്മുടെ കുടുംബചരിത്രത്തിന്റെ രചനക്ക് വളരെയധികം സഹായിച്ചു.

ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കളുണ്ട്. ശ്രീമാൻ ഇടുക്കള ഫിലിപ്പ്, 92ാമത്തെ വയസ്സിൽ 01.08.01 ൽ കർത്താവിൽ നിദ്ര പ്രാപിച്ചു. ഇദ്ദേഹത്തെ പുനലൂർ സെയ്ന്റ് തോമസ് മാർത്തോമ്മ പള്ളിയുടെ സെമിത്തേരിയിൽ സംസ്ക്കരിച്ചു. ശ്രീമതി ശോശാമ്മ കുടുംബവീട്ടിൽ കഴിയുന്നു.

*മക്കൾ*

1. റെജി ഫിലിപ്പ്
2. ബിജി ഫിലിപ്പ്

Mrs. Sosamma Philip, Pazhengeril Manniram
Tholicode P.O., Punalur - 691333
Tel : 0475 - 222996



XVII. 2

**തങ്കമ്മ മാത്യു**

**കെ. ടി. മാത്യു കിണററുകര**

പഴഞ്ഞേരിൽ പി.ഐ. ഫിലിപ്പിന്റെയും മണലേൽ സാറാമ്മയുടെയും മൂത്ത മകൾ തങ്കമ്മയെ കിണററുകര കുടുംബാംഗം ശ്രീമാൻ കെ.ടി. മാത്യു വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് ഒരു മകനുണ്ട്. ശ്രീമതി തങ്കമ്മ നേരത്തെയും ശ്രീമാൻ മാത്യു 92ാം വയസ്സിൽ 2000ൽ മരിച്ചു.

*മകൻ*

1. സാംജി

XVII-3

**ജോർജ് ഫിലിപ്പ്**

**രാജമ്മ (മോടയിൽ)**

പഴഞ്ഞേരിൽ പി.ഐ. ഫിലിപ്പിന്റേയും മണലേൽ സാറാമ്മയുടെയും രണ്ടാമത്തെ മകൻ ജോർജ് ഫിലിപ്പ് മല്ലപ്പള്ളിമോടയിൽ കുടുംബാംഗം രാജമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് നാല് മക്കളുണ്ട്.

മകൻ ജിജിഫിലിപ്പ് എഞ്ചിനീയറിംഗ് പഠനം കഴിഞ്ഞ് ഓസ്ട്രേലിയായിൽ ജോലിനോക്കുന്നു.

*മക്കൾ*

1. ബീന
2. കൊച്ചുമോൾ
3. സൂസൻ
4. ജിജി ഫിലിപ്പ്

XVII-4

**സൂസൻ സാമുവേൽ**

**വി. പി. സാമുവേൽ വടക്കനഴിയത്ത്**

പഴങ്ങേരിൽ പി.ഐ. ഫിലിപ്പിന്റെയും മണലേൽ സാറാമ്മയുടെയും രണ്ടാമത്തെ മകൾ സൂസൻ, വടക്കനഴിയത്ത് കുടുംബാംഗം സാമുവേൽ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് അഞ്ച് പെൺമക്കളും ഒരു മകനും ഉണ്ട്. ഇളയ മകൾ സുജ കുടുംബമായി ദുബായിൽ താമസിക്കുന്നു.

*മക്കൾ*

1. ഷാലി
2. ഷിക്കിനി
3. സുജ
4. സിസി
5. സുജ
6. ഷാജു

Mrs. Susan Samuel, Vadakkanyiathu
Pallimukku, Kundara
Tel : 0474 - 523344

XVII- 5

**ജോൺ ഫിലിപ്പ്**

**ചെല്ലമ്മ (ചാങ്ങത്തറ)**

പഴങ്ങേരിൽ പി.ഐ. ഫിലിപ്പിന്റെയും മണലേൽ സാറാമ്മയുടെയും മൂന്നാമത്തെ മകൻ ജോൺ ഫിലിപ്പ്, കറ്റാനത്ത് ചാങ്ങത്തറ കുടുംബാംഗം ചെല്ലമ്മയെ വിവാഹം കഴിച്ചു. എഞ്ചിനീയറായ ശ്രീമാൻ ജോൺ ഫിലിപ്പ് ഗീവസ് കോട്ടണിൽ സേവനമനുഷ്ഠിച്ചിരുന്നു. ഇപ്പോൾ ബോംബെയിൽ കുടുംബമായി സ്ഥിരതാമസമായിരിക്കുന്നു. ഈ ദമ്പതികൾക്ക് നാല് മക്കളുണ്ട്. മൂത്ത മകൾ അനില ബോംബെയിൽ താമസിക്കുന്നു. ആൺമക്കൾ മൂന്നുപേരും ദുബായിൽ ജോലിചെയ്യുന്നു.



ശ്രീമതി ചെല്ലമ്മ 67-ാം വയസ്സിൽ 23-10-2001-ൽ നിര്യാതയായി. ബോംബെയിൽ സംസ്ക്കരിച്ചിരിക്കുന്നു.

*മക്കൾ*

1. അനില
2. ബാലാജി
3. ജോർജി
4. അലക്സി

Mr. John Philip
8, Rajanya Builiding, Vakola Santacruz(E)
Bombay - 400055
Tel : 009122-6125180

XVII. 6

**എലിസബത്ത് (അമ്മുക്കുട്ടി)**

**കെ. എ. അലക്സാണ്ടർ (മെഴുവേലിൽ കിഴക്കേതിൽ)**

പഴങ്ങേരിൽ പി.ഐ. ഫിലിപ്പിന്റെയും മണലേൽ സാറാമ്മയുടെയും മൂന്നാമത്തെ മകൾ എലിസബത്ത്, അടൂർ മെഴുവേലിൽ കിഴക്കേതിൽ കുടുംബാംഗം അലക്സാണ്ടർ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് ഒരു മകനും നാല് പെൺമക്കളും ഉണ്ട്. മൂത്തമകൻ ലാലച്ചൻ കുടുംബമായി ദുബായിൽ താമസിക്കുന്നു.

*മക്കൾ*

1. ലാലച്ചൻ
2. ലാലി
3. ലൊലോ
4. ലൂലു
5. ലൈല

Mrs. Elizabeth Alexander
Mezhuvelil Kizhakethil, Kannamcode
Adoor P.O., Pathanamthitta, Tel : 0473-428725

XVII. 7

**സാം ഫിലിപ്പ്**

**ലീലാമ്മ (പൊൻകുന്നം)**

പഴങ്ങേരിൽ പി.ഐ. ഫിലിപ്പിന്റെയും മണലേൽ സാറാമ്മയുടെയും നാലാമത്തെ മകൻ സാം ഫിലിപ്പ്, ലീലാമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് ഒരു മകൻ ഉണ്ട്. ഇവർ കുടുംബമായി ബോംബെയിൽ താമസിക്കുന്നു.

*മകൻ*

1. ജിം ഫിലിപ്പ്

XVII-8

**അലക്സാണ്ടർ ഫിലിപ്പ്**

**ഗ്രേസി വളഞ്ഞാററിൽ**

പഴങ്ങേരിൽ പി.ഐ. ഫിലിപ്പിന്റെയും മണലേൽ സാറാമ്മയുടെയും അഞ്ചാമത്തെ മകൻ അലക്സാണ്ടർ, വളഞ്ഞാററിൽ കുടുംബാംഗം ഗ്രേസിയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ട് പെൺമക്കളും ഒരു മകനും ഉണ്ട്.

*മക്കൾ*

1. സൂസൻ
2. നീന
3. ബില്ലി

XVII- 9

**മോളി**

**കെ.സി. വറുഗീസ് മാപ്പിള (കറുത്താലിൽ കണ്ടത്തിൽ)**

പഴങ്ങേരിൽ പി.ഐ. ഫിലിപ്പിന്റെയും മണലേൽ സാറാമ്മയുടെയും അഞ്ചാമത്തെ മകൾ മോളിയെ, കറുത്താലിൽ കണ്ടത്തിൽ



കെ.സി. വറുഗീസ് മാപ്പിള്ള വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് നാല് പെൺമക്കൾ ഉണ്ട്. മൂത്തമകൾ സൂര്യയും, ഇളയമകൾ ധരണിയും കുടുംബമായി ദുബായിൽ താമസിക്കുന്നു.

*മക്കൾ*

1. സൂര്യ
2. അമ്പിളി
3. താര
4. ധരണി

Mrs. Molly Varghese
Karthalil Kandathil, Kuttoor, Thiruvalla

XVII-1

**ആച്ചിയമ്മ (അരിമ്പൂർ)**

പഴങ്ങേരിൽ ഡോ. പി. മാത്യുവിന്റെയും വട്ടശ്ശേരിൽ തങ്കമ്മയുടെയും മകൾ ആച്ചിയാമ്മ അരിമ്പൂരിലേക്ക് വിവാഹം കഴിപ്പിച്ചയച്ചു. ശ്രീമതി ആച്ചിയമ്മക്ക് മൂന്ന് ആൺ മക്കൾ ഉണ്ട്.

*മക്കൾ*

1. പോൾസൺ
2. രാജു
3. തമ്പാൻ

XVII. 2

**കുഞ്ഞമ്മ (വെള്ളാറേത്ത്)**

പഴങ്ങേരിൽ ഡോ. പി. മാത്യുവിന്റെയും വട്ടശ്ശേരിൽ തങ്കമ്മയുടെയും മകൾ കുഞ്ഞമ്മയെ കോഴഞ്ചേരി വലിയവീട്ടിൽ (വെള്ളാറേത്ത്) കുടുംബത്തിലേക്ക് വിവാഹം കഴിപ്പിച്ചു. ശ്രീമതി കുഞ്ഞമ്മക്ക് നാല് മക്കൾ ഉണ്ട്.

*മക്കൾ*

1. രാജൻ
2. സുജൻ
3. ഷീല
4. സുനീഷ്.

## XVII. 3

**പ്രൊ. ചെല്ലമ്മ മാത്യു**

പഴങ്ങേരിൽ ഡോ. പി. മാത്യുവിന്റെയും ഇലഞ്ഞിമൂട്ടിൽ സാറാമ്മയുടെയും മകൾ ചെല്ലമ്മ. തിരുവല്ലാ മാർത്തോമ്മാ കോളേജിൽ പ്രൊഫസറായി സേവനമനുഷ്ടിച്ചു. അവിവാഹിതയായ ശ്രീമതി ചെല്ലമ്മ ഇപ്പോൾ കോളേജിൽ നിന്നും റിട്ടയർ ചെയ്ത് കുററപ്പുഴയിൽ താമസിക്കുന്നു.

Prof. Chellamma Mathew, Prasanth Bhavan
Kuttapuzha, Thiruvella.

## XVII-4

**അമ്മിണി**

**മത്തായിച്ചൻ (വെള്ളൂത്തോട്ടത്തിൽ)**

പഴങ്ങേരിൽ ഡോ.പി. മാത്യുവിന്റെയും ഇലഞ്ഞിമൂട്ടിൽ സാറാമ്മയുടെയും മകൾ അമ്മിണിയെ വെള്ളൂത്തോട്ടത്തിൽ കുടുംബാംഗം മത്തായിച്ചൻ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് മൂന്ന് പെൺമക്കൾ ഉണ്ട്.

*മക്കൾ*

1. മിനി
2. ലിനി
3. റോണി



## XVII-5

**ഫിലിപ് മാത്യു (കുഞ്ഞുമോൻ)**

**മോളി**

പഴങ്ങേരിൽ ഡോ. പി. മാത്യുവിന്റെയും ഇലഞ്ഞിമൂട്ടിൽ സാറാമ്മയുടെയും ഏകമകൻ ഫിലിപ് മാത്യു, തലവടിയിൽ നിന്നും മോളിയെ വിവാഹം കഴിച്ചിരിക്കുന്നു. കെ.എസ്.ഇ.ബി. എക്സിക്യൂട്ടീവ് എഞ്ചിനിയറിംഗ് ആയിരുന്ന ഇദ്ദേഹം ഇപ്പോൾ റിട്ടയർ ചെയ്ത് കുററപ്പുഴയിൽ സ്വന്തം വീട്ടിൽ താമസിക്കുന്നു. ഇദ്ദേഹം നമ്മുടെ കുടുംബത്തിന്റെ വർക്കിങ്ങ് പ്രസിഡന്റ് ആണ്. ഈ ദമ്പതികൾക്ക് നാല് മക്കൾ ഉണ്ട്.

*മക്കൾ*

1. ബിജു ഫിലിപ്
2. ബീനാ
3. ബിനു ഫിലിപ്
4. ബിന്ദു.

Mr. Philip Mathew, Pazhengeril
Kuttapuzha, Thiruvalla 689 103
Tel : 0473-600125

## XVII-6

**ഡോ ജോളി**

**ഡോ. മൈക്കിൾ**

പഴങ്ങേരിൽ ഡോ. പി. മാത്യവിന്റെയും ഇലഞ്ഞിമൂട്ടിൽ സാറാമ്മയുടെയും ഇളയമകൾ ജോളിയെ, ചെറുനാട് സ്വദേശി ഡോ. മൈക്കിൾ വിവാഹം കഴിച്ചിരിക്കുന്നു. ഈ ദമ്പതികൾക്ക് ഒരു മകൻ ഉണ്ട്. ഡോ. മൈക്കിൾ നിര്യാതനായി. ശ്രീമതി ജോളി മകനോടൊപ്പം ഇംഗ്ലണ്ടിൽ താമസിക്കുന്നു.

Dr. Jolly Michael
Cheltanham House, Pentwynmawr
Near Bridge, Gwent, U.K.
Tel: 044-01495 245100

XVII. 1

**ബീന**

**ഡോ. മാത്യു കെ. ഐസക്ക്**

പഴങ്ങേരിൽ ജോർജ് ഫിലിപ്പിന്റെയും സൂസൻ ജോർജിന്റെയും മകൾ ബീനായെ (M.A, M.B.A), മാവേലിക്കര കളിമഠത്തിൽ ഡോ. മാത്യു കെ. ഐസക്ക് വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ ഉണ്ട്. ഇവർ കുടുംബമായി അമേരിക്കയിലാണ്.

*മക്കൾ*

1. സോണി സൂസൻ ഐസക്ക്
2. ഷാമു ജോർജ് ഐസക്ക്

Mrs. Beena Susan Issac
A2270, Barbados way
Bermuda Dunes CA 92201-1403

XVII-2

**ജിക്കു ജോർജ്**

പഴങ്ങേരിൽ ജോർജ് ഫിലിപ്പിന്റെയും സൂസൻ ജോർജിന്റെയും മകൻ ജിക്കു ജോർജ് ഓസ്ട്രേലിയായിൽ ജോലി നോക്കുന്നു. വിവാഹിതനായ ഇദ്ദേഹത്തിന് രണ്ട് മക്കൾ ഉണ്ട്.

*മക്കൾ*

1. ഡെയിൽ
2. ആരൺ



XVIII.1

**ആശാ മാത്യു**

**ഏബ്രഹാം ജേക്കബ്**

പഴങ്ങേരിൽ മാത്തുക്കുട്ടിയുടെയും ഓമനയുടെയും മകൾ ആശയെ ഏബ്രഹാം ജേക്കബ് വിവാഹം കഴിച്ചിരിക്കുന്നു.

XVIII-1

**സുജതോമസ്**

**ജോണി (പാണ്ടിയാലക്കൽ)**

പഴങ്ങേരിൽ പോത്ത തോമസിന്റെയും തേരടിയിൽ, ലീലാമ്മയുടെയും മൂത്ത മകൾ സുജയെ, പാണ്ടിയാലക്കൽ കുടുംബാംഗം ജോണി വിവാഹം കഴിച്ചിരിക്കുന്നു.

XVIII-1

**അനിതാ തോമസ്**

**ജേക്കബ് വറുഗീസ് (പാലമൂട്ടിൽ)**

പഴങ്ങേരിൽ പി.എം. തോമസിന്റെയും മറിയാമ്മയുടെയും മകൾ അനിതയെ, പട്ടശ്ശേരി പാലമൂട്ടിൽ കുടുംബാംഗം ജേക്കബ് വറുഗീസ് വിവാഹം കഴിച്ചിരിക്കുന്നു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ ഉണ്ട്.

*മക്കൾ*

1. എബിൻ ജോർജ് ജേക്കബ്
2. ബിബിൻ തോമസ് ജേക്കബ്

XVIII-1

**അജിതാ മാമ്മൻ**

**എം. എം. ജോസഫ് (മണ്ണാംതറയിൽ)**

പഴഞ്ഞേരിൽ പി.എം. മാമ്മന്റെയും ലീലാമ്മയുടെയും മകൾ അജിതയെ മണ്ണാംതറയിൽ എം.എം. ജോസഫ് വിവാഹം കഴിച്ചു.

XVIII-1

**അനിലാ ജോർജ്**

**സയ്ജൻ (കാടുവെട്ടൂർ)**

പഴഞ്ഞേരിൽ ജോർജു കുട്ടിയുടെയും സാലിയുടെയും മകൾ അനിലയെ ശ്രീമാൻ സയ്ജൻ വിവാഹം കഴിച്ചു.

XVIII-1

**ഫിലിപ്മാത്യു**

**മീന മുളമൂട്ടിൽ**

പഴഞ്ഞേരിൽ ഫിലിപ്പ് മാത്യുവിന്റെയും വട്ടപ്പറമ്പിൽ മേരിക്കുട്ടിയുടെയും മകൻ ഫിലിപ്പ് മാത്യു മുളമൂട്ടിൽ കുടുംബാംഗം മീനയെ വിവാഹം കഴിച്ചു. ശ്രീമാൻ ഫിലിപ്പ് മാത്യു യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയിൽ ജോലി നോക്കുന്നു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. മൂത്ത മകൾ നീററാമെറിൻ ഫിലിപ്പ് 07-02-1991 ൽ ജനിച്ചു, മകൻ മാത്യു തേജോഫിലിപ്പ് 03-11-1996 ൽ ജനിച്ചു. ഇവർ സ്കൂൾ വിദ്യാർത്ഥികളാണ്. ശ്രീമാൻ ഫിലിപ്പ് മാത്യു കുടുംബമായി പുനലൂരിൽ സ്വന്തം ഭവനത്തിൽ കഴിയുന്നു.

*മക്കൾ*

1. നീററാമെറിൻ ഫിലിപ്പ്
2. മാത്യു തേജോ ഫിലിപ്പ്

Mr. Philip Mathew, Pazhengeril
Tholicode P.O. Punalur 691 333.



XVIII-2

**ബീനാ ഫിലിപ്പ്**

**റെജി മാത്യു പൈനുംമൂട്ടിൽ**

പഴഞ്ഞേരിൽ ഫിലിപ്പ് മാത്യുവിന്റെയും വട്ടപ്പറമ്പിൽ മേരിക്കുട്ടിയുടേയും മകൾ ബീനാ ഫിലിപ്പിനെ, പൈനുംമൂട്ടിൽ കുടുംബാംഗം റെജി മാത്യു വിവാഹം കഴിച്ചു. ഇവർ കുടുംബമായി കൊല്ലത്ത് താമസിക്കുന്നു.

Mrs. Beena Mathew
Painummoottil,
People's Homoeo Clinic, Quilon
Tel : 0474 - 744815

XVIII 3

**സിന്ധു ഫിലിപ്പ്**

**ജോർജ് ജോഷ്വാ**

പഴഞ്ഞേരിൽ ഫിലിപ്പ് മാത്യുവിന്റെയും വട്ടപ്പറമ്പിൽ മേരിക്കുട്ടിയുടെയും മകൾ സിന്ധു ഫിലിപ്പിനെ, ജോർജ് ജോഷ്വാ വിവാഹം കഴിച്ചിരിക്കുന്നു. ഇവർ കുടുംബമായി അമേരിക്കയിലാണ്.

XVIII-1

**എലിസബത്ത് (രേഖ)**

**ഷിജു തോമസ് (പരുത്തിക്കൽ)**

പഴഞ്ഞേരിൽ ഡോ. തോമസ് ഫിലിപ്പിന്റെയും വലിയചാമക്കാല മോളി തോമസിന്റെയും മകൾ രേഖാ തോമസിനെ പരുത്തിക്കൽ കുടുംബാംഗം ഷിജു തോമസ് വിവാഹം കഴിച്ചു. ശ്രീമാൻ ഷിജു, അബുദാബിയിൽ ജോലിനോക്കുന്നു. ഈ ദമ്പതികൾക്ക് ഒരു മകൻ ഉണ്ട്.

Mrs. Rekha Thomas
Paruthikal
Murinjapalam
Medical College P.O.,
Trivandrum - 695011
Tel : 448260

Shiju Thomas
Gulfar Engineering & Contracting LLC
P.o Box 72218
Abudhabi
U.A.E.
Tel: (M) 00971507725409

XVIII-1

**റെജി ഫിലിപ്പ്**

**മറിയാമ്മ ഫിലിപ്പ് (മോളി) കൊളത്തികുന്നിൽ**

പഴങ്ങേരിൽ ഇടുക്കള ഫിലിപ്പിന്റെയും വലിയപറമ്പിൽ ശോശാമ്മയുടെയും മൂത്തമകൻ റെജി ഫിലിപ്പ് 9.10.1946 ൽ പുനലൂരിൽ ജനിച്ചു. ഇദ്ദേഹം കൊളത്തികുന്നിൽ കുടുംബാംഗം മറിയാമ്മയെ (മോളി) വിവാഹം കഴിച്ചു. ശ്രീമാൻ റെജി ഫിലിപ്പ് ദുബായിൽ ഒരു പ്രൈവററ് കമ്പനിയിൽ ജോലി ചെയ്യുന്നു. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ. മൂത്തമകൻ ഇടുക്കളറെജി ഫിലിപ്പ് എഞ്ചിനിയറിങ്ങ് പാസ്സായി. രണ്ടാമത്തെ മകൻ അലക്സ് റെജി ഫിലിപ്പ് സ്കൂൾ വിദ്യാർത്ഥിയാണ്. ഇവർ കുടുംബമായി ദുബായിൽ താമസിക്കുന്നു.

Mr. Regie Philip,
Pazhengeril Mandiram
Tholicode P.O, Punalur
Kollam Dist.
Tel : 0475-222996

Khalfan Rashid Lootam Building
Flat No: 2, Behind D NATA Airline Office
Deira, Dubai
Res Tel : 04-2954883
Off : 04-8837040

XVIII-2

**ബിജി ഫിലിപ്പ്**

**മേഴ്സി ബിജി ഫിലിപ്പ് (പള്ളിയടിയിൽ)**

പഴങ്ങേരിൽ ഇടുക്കള ഫിലിപ്പിന്റെയും വലിയപറമ്പിൽ ശോശാമ്മയുടെയും രണ്ടാമത്തെ പുത്രൻ ബിജി ഫിലിപ്പ് 31.12.1956 ൽ പുനലൂ



രിൽ ജനിച്ചു. ഇദ്ദേഹം പള്ളിയടിയിൽ കുടുംബാംഗം മേഴ്സിയെ വിവാഹം കഴിച്ചു. ശ്രീമാൻ ബിജി ഫിലിപ്പ് ദുബായിൽ ഒരു പ്രൈവററ് കമ്പനിയിൽ ജോലി ചെയ്യുന്നു. ഈ ദമ്പതികൾക്ക് ഒരു മകളും, ഒരു മകനും ഉണ്ട്. രണ്ടുപേരും സ്കൂൾ വിദ്യാർത്ഥികളാണ്.

*മക്കൾ*

1. സൂസന്ന ബിജി ഫിലിപ്പ്
2. ജോൺ ബിജി ഫിലിപ്പ്

Mr. Bijee Philip
Kollamana Pazhangeril
Tholicode
Punalur
Quilon Dist
Tel : 0475-223274

Ali Bin Obaid Building
Flat No. 403
Ghusaia
Res; Tel 04-2614923
Off: 04 - 282 4080

XVIII-1

**ഫിലിപ്പ് ജോൺ (ബാലാജി)**

**സൂസൻ ഫിലിപ്പ്**

പഴങ്ങേരിൽ ജോൺ ഫിലിപ്പിന്റെയും ചാങ്ങത്തറ കുടുംബാംഗം ചെല്ലമ്മയുടെയും മൂത്ത മകൻ ഫിലിപ്പ് ജോൺ (ബാലാജി) 19.2.1954 ൽ ജനിച്ചു. ബോംബെയിൽ പഠനം പൂർത്തിയാക്കിയ ഇദ്ദേഹം ദുബായിൽ ഒരു പ്രൈവററ് കമ്പനിയിൽ ജോലിനോക്കുന്നു. ഇദ്ദേഹം സൂസൻ ഫിലിപ്പിനെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. മകൾ ലേഖാ എലിസബത്ത് ഫിലിപ്പ് 4.6.1998 ലും, മകൻ സാക്ജോൺ ഫിലിപ്പ് 15.2.2000 ലും ജനിച്ചു. ഇവർ കുടുംബമായി ദുബായിൽ താമസിക്കുന്നു.

*മക്കൾ*

1. ലേഖാ എലിസബത്ത് ഫിലിപ്പ്
2. സാക്ജോൺ ഫിലിപ്പ്

Mr. Philip John
8th Pajanya, Vakala. Santacruz East
Bombay 400 055, India
Tel : 009122 6125180
Dubai 04 2630956

XVIII-2

**ജോർജി ജോൺ (ജോർജി)**

**റാണി ജോർജ്**

പഴഞ്ഞേരിൽ ജോൺ ഫിലിപ്പിന്റെയും ചാങ്ങത്തറ കുടുംബാംഗം ചെല്ലമ്മയുടെയും രണ്ടാമത്തെ മകൻ ജോർജി ജോൺ 9.4.1957 ൽ ജനിച്ചു. ബോംബെയിൽ പഠനം പൂർത്തിയാക്കിയ ഇദ്ദേഹം ദുബായിൽ ഒരു പ്രൈവററ് കമ്പനിയിൽ ജോലി നോക്കുന്നു. ഇദ്ദേഹം റാണി ജോർജിനെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ. മൂത്ത മകൻ ബെഞ്ചമിൻ ജോർജ് ജോൺ 18.4.1990 ലും, രണ്ടാമത്തെ മകൻ റിബുൻ ജോരജ് ജോൺ 15.10.1993 ലും ജനിച്ചു. രണ്ടുപേരും സ്കൂൾ വിദ്യാർത്ഥികളാണ്. ഇവർ കുടുംബമായി ദുബായിൽ താമസിക്കുന്നു.

*മക്കൾ*

1. ബെഞ്ചമിൻ ജോർജ് ജോൺ
2. റിബുൻ ജോർജ് ജോൺ

Mr. George John
8, Rajanya Building,
Vakola. Santacruz East,
Bombay 400055
Tel : 009122 6125180

Old Hattaralthayer Building
Karama, zabeel Road
Tel : 04- 33733940
Office
Magic Screen L.L.C
Tel : 04-2684922



XVIII-3

**അലക്സി ജോൺ**

**ട്രിനി അലക്സിജോൺ**

പഴഞ്ഞേരിൽ ജോൺ ഫിലിപ്പിന്റെയും ചാങ്ങത്തറ കുടുംബാംഗം ചെല്ലമ്മയുടെയും മൂന്നാമത്തെ മകൻ അലക്സിജോൺ 10.4.1960 ൽ ജനിച്ചു. ബോംബെയിൽ പഠനം പൂർത്തിയാക്കിയ ഇദ്ദേഹം ദുബായ് നാഷണൽ എയർട്രാവൽ ഏജൻസി (DNATA) യിൽ ജോലി നോക്കുന്നു. ഇദ്ദേഹം ട്രിനി അലക്സിജോണിനെ വിവാഹം കഴിച്ചു. ഈ ദമ്പതികൾ ദുബായിൽ താമസിക്കുന്നു.

Mr. Alexy John
8, Rajanya Building
Vakola, Santa Cruz (E)
Bombay 400055
Tel : 009122 6125180

Dubai
Tel : 04-2630756
Off : 04- 3166276

XVIII-1

**ഡോ. ബീന ജോർജ്ജ്**

**ഡോ. ജോർജ്ജ് (വെളുത്തേരിൽ)**

പഴഞ്ഞേരിൽ ഫിലിപ്പ് മാത്യവിന്റെയും മോളിയുടെയും മകൾ ബീനയെ കോട്ടയത്ത് വെളുത്തേരിൽ കുടുംബാംഗം ജോർജ് വിവാഹം കഴിച്ചു. ഇവർ രണ്ടുപേരും ഡോക്ടേഴ്സ് ആണ്. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ ഉണ്ട്.

*മക്കൾ*

1. ലിവ്യ
2. പ്രിയ

Dr. Beena George
Velutheril
Kudamalloor, Kottayam

Srinivas
Mananam P.O.
Kottayam

XVIII 2

**ബിജു മാത്യുഫിലിപ്പ്**

**ബീന**

പഴങ്ങേരിൽ ഫിലിപ്പ് മാത്യുവിന്റെയും മോളിയുടെയും മകൻ ബിജു എബ്രഹാം, അബീനയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ഇവർ കുടുംബമായി മാഗ്ലൂരിൽ താമസിക്കുന്നു.

*മക്കൾ*

1. അശ്വിൻ
2. അനീററ

Mr. Biju Mathew Philip
Ashraya
Gorigudda
Mangalore
Tel : 0824-437225

XVIII-3

**ബിനു ഫിലിപ്പ്**

**സുനിത**

പഴങ്ങേരിൽ ഫിലിപ്പ് മാത്യുവിന്റെയുംമോളിയുടെയും മകൻ ബിനു ഫിലിപ്പ്, സുനിതയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് ഒരു മകൻ ഉണ്ട്.

*മകൻ*

1. കെവിൻ

Mr. Binu Pazhengeril
Pazhengeril
Kuttapuzha
Thiruvalla
Tel : 0473-600125



XVIII-4

**ഡോ. ബിന്ദു മാത്യു**

**ഡോ. ബോബി മാത്യു ജോർജ് (തെക്കേടത്ത് താഴത്തേതിൽ)**

പഴങ്ങേരിൽ ഫിലിപ്പ് മാത്യുവിന്റെയും മോളിയുടെയും മകൾ ബിന്ദുവിനെ, തെക്കേടത്ത് താഴത്തേതിൽ കുടുംബാംഗം ബോബി മാത്യു ജോർജ് വിവാഹം കഴിച്ചു. ഈ ദമ്പതികൾ രണ്ടുപേരും ഡോക്ടേഴ്സ് ആണ്. ഇവർക്ക് രണ്ട് മക്കൾ ഉണ്ട്.

*മക്കൾ*

1. സുജ
2. നവിൻ

Dr. Bindhu Mathew
Thekkadathu Thazhathethil
Near Tvm Hospital
Konni

# അദ്ധ്യായം-14

# മനേത്തുമാലി കുടുംബം

XV-1

**ഇട്ടിമനേത്തുമാലി**

പതിനഞ്ചാം തലമുറയിലെ പിതാവ് ഇട്ടി മനേത്തുമാലി മുതലാണ് നമുക്ക് വ്യക്തമായി അറിയാവുന്ന മനേത്തുമാലി ശാഖയുടെ ആരംഭം. അതിനു പുറകോട്ട് ഇനിയും കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. ശ്രീമാൻ ഇട്ടിക്ക് പോത്തൻ എന്ന ഒരു സഹോദരനും ഉണ്ടായിരുന്നു. ശ്രീമാൻ ഇട്ടിമനേത്തുമാലിയെക്കുറിച്ച് 6-ാം അദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട്. ഇദ്ദേഹം വിവാഹം കഴിച്ച് രണ്ട് മക്കൾ ഉണ്ട്.

*മക്കൾ*

1. ഇട്ടി
2. മകൾ

XV-2

**പോത്തൻ മനേത്തുമാലി**

പതിനഞ്ചാം തലമുറയിലെ രണ്ടാമത്തെ പിതാവാണ് പോത്തൻ മനേത്തുമാലി. ഇദ്ദേഹം വിവാഹം കഴിച്ച് മൂന്ന് ആൺ മക്കൾ ഉണ്ട്. മൂത്ത മകൻ മത്തായി, രണ്ടാമത്തെ മകൻ കൊച്ചിട്ടിയും, മൂന്നാമത്തെ മകൻ പോത്തനും ആണ്.



*മക്കൾ*

1. മത്തായി
2. കൊച്ചിട്ടി
3. പോത്തൻ

XVI-1

**ഇട്ടി**

ഇട്ടി മനേത്തുമാലിയുടെ ഏക മകൻ ഇട്ടി വിവാഹം കഴിച്ചു. അതിൽ ഒരു മകൻ ഉണ്ട്.

*മകൻ*

1. പോത്ത ഇട്ടി

XVI-1

**മത്തായി**

പോത്തൻ മനേത്തുമാലിയുടെ മൂത്തമകൻ മത്തായി വിവാഹം കഴിച്ചു. അതിൽ നാല് മക്കൾ ഉണ്ട്.

*മക്കൾ*

1. ശോശാമ്മ
2. മാത്യൂ എം.വി
3. എബ്രഹാം വറുഗീസ്
4. മാത്യൂ വറുഗീസ്

XVI-2

**കൊച്ചിട്ടി**

പോത്തൻ മനേത്തുമാലിയുടെ രണ്ടാമത്തെ പുത്രൻ കൊച്ചിട്ടി വിവാഹം കഴിച്ചു. അതിൽ നാല് മക്കൾ ഉണ്ട്.

*മക്കൾ*

1. മറിയാമ്മ
2. ചിന്നമ്മ
3. ഏലിയാമ്മ
4. കെ.സി.എബ്രഹാം

XVI-3

**പോത്തൻ**

പോത്തൻ മനേത്തുമാലിയുടെ മൂന്നാമത്തെ പുത്രൻ പോത്തൻ. കനകപ്പാലത്ത് സ്ഥിരതാമസക്കാരനായി. ഇദ്ദേഹത്തെ കുറിച്ചുള്ള വിവരങ്ങൾ അറിവില്ല.

XVII-1

**പോത്ത ഇട്ടി**

ഇട്ടിമനേത്തുമാലിയുടെ ഏക മകൻ പോത്ത ഇട്ടി തിരുവല്ലായിൽ ജനിച്ചു. ഇദ്ദേഹം വിവാഹം കഴിച്ചു. അതിൽ എഴ് ആൺ മക്കൾ ഉണ്ട്.

*മക്കൾ*

1. ഇട്ടി മാത്തൻ
2. ഇട്ടി ജോർജ്
3. ഇട്ടി വർക്കി
4. ഇട്ടി പോത്തൻ
5. ഇട്ടി ചെറിയാൻ
6. ഇട്ടി മത്തായി
7. വറുഗീസ് എ.വി.



XVII-1

**ശോശാമ്മ**

**ജോർജ് കുള്ളിക്കടം**

മനേത്തുമാലി മത്തായിയുടെ മൂത്ത മകൾ ശോശാമ്മയെ കുള്ളിക്കടം കുടുംബാംഗം ജോർജ് വിവാഹം കഴിച്ചു.

XVII-2

**എം.വി. മാത്യൂ**

**റോസമ്മ**

മനേത്തുമാലി മത്തായിയുടെ മകൻ എം.വി. മാത്യൂ, റോസമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ ഉണ്ട്.

*മക്കൾ*

1. റെജി എം. മാത്യൂ
2. റീന എം. മാത്യൂ
3. റിനൂ എം. മാത്യൂ

Mr. M.V. Mathew, Manayathumali
Alumthuruthi P.O, Thiruvalla -689113

XVII-3

**എബ്രഹാം വറുഗീസ്**

**സൂസി എബ്രഹാം**

മനേത്തുമാലി മത്തായിയുടെ മകൻ എബ്രഹാം വറുഗീസ്, സൂസിയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് മൂന്ന് ആൺ മക്കൾ ഉണ്ട്.

*മക്കൾ*

1. സിറിൻ

2. സിബിൻ,
3. സീന

Mr. Abraham Varghese, Manayathumalil
Vengal, Alumthuruthi P.O
Thiruvalla

XVII-4

**മാത്യൂ വറുഗീസ്**

മനേത്തുമാലി മത്തായിയുടെ ഇളയ മകൻ മാത്യൂ വർഗീസ് വിവാഹം കഴിച്ചിരുന്നില്ല.

Mr. Mathew Varghese, Manayathumali
Alumthuruthi P.O, Thiruvalla

XVII-1

**മറിയാമ്മ**

**വർഗീസ് തെങ്ങും തോട്ടത്തിൽ**

മനേത്തുമാലിയിൽ കൊച്ചിട്ടിയുടെ മൂത്ത മകൾ മറിയാമ്മയെ തെങ്ങും തോട്ടത്തിൽ കുടുംബാംഗം വറുഗീസ് വിവാഹം കഴിച്ചു.

XVII-2

**ചിന്നമ്മ**

**ലൂക്കോസ് കരിപ്പോട്ട്**

മനേത്തുമാലിയിൽ കൊച്ചിട്ടിയുടെ മകൾ ചിന്നമ്മയെ, കരിപ്പോട്ട് കുടുംബാംഗം ലൂക്കോസ് വിവാഹം കഴിച്ചു.1



XVII-3

**ഏലിയാമ്മ**

**എബ്രഹാം പുത്തൻ പുരയ്ക്കൽ**

മനേത്തുമാലിയിൽ കൊച്ചിട്ടിയുടെ മകൾ ഏലിയാമ്മയെ പുത്തൻ പുരയ്ക്കൽ കുടുംബാംഗം എബ്രഹാം വിവാഹം കഴിച്ചു.

XVII-4

**കെ.സി. എബ്രഹാം**

**ശോശാമ്മാ എബ്രഹാം (മാമൂട്ടിൽ)**

മനേത്തുമാലിയിൽ കൊച്ചിട്ടിയുടെ മകൻ കെ.സി.എബ്രഹാം, മാമൂട്ടിൽ കുടുംബാംഗം ശോശാമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് മക്കൾ ഇല്ലായിരുന്നു. നമ്മുടെ ആദ്യത്തെ കുടുംബയോഗത്തിൽ സംബന്ധിച്ച ഈ പിതാവ് 1999-ൽ നിര്യാതനായി. ശ്രീമതി ശോശാമ്മ കുടുംബവീട്ടിൽ കഴിയുന്നു.

Mrs. Sosamma Abraham, Puthenpurakkal
Kattookara, Thiruvalla

XVIII-1

**ഇട്ടിമാത്തൻ**

**അന്നമ്മ**

മാനേത്തുമാലിയിൽ പോത്തഇട്ടിയുടെ മൂത്ത മകൻ അന്നമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ.

*മക്കൾ*

1. മറിയാമ്മ മാത്തൻ
2. അലക്സ് മാത്തൻ
3. എബ്രഹാം മാത്തൻ

Mr. Itty Mathen, Manethumali
Azhiyidathuchira. P.O
Kuzhivelipuram, Thiruvalla

XVIII-2

**ഇട്ടി ജോർജ്**

**മേരിക്കുട്ടി**

മനേത്തുമാലിയിൽ പോത്തഇട്ടിയുടെ രണ്ടാമത്തെ മകൻ ഇട്ടി ജോർജ്, മേരിക്കുട്ടിയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ

*മക്കൾ*

1. ലിസി ജോർജ്
2. പോത്ത ഇട്ടി
3. ജോർജ് വറുഗീസ്

XVIII-3

**ഇട്ടിവർക്കി**

**ശോശാമ്മ**

മനേത്തുമാലിയിൽ പോത്തഇട്ടിയുടെ മൂന്നാമത്തെ മകൻ ഇട്ടിവർക്കി, ശോശാമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ട് ആൺ മക്കൾ.

*മക്കൾ*

1. എം.വി. ബിജി
2. എം.വി. അജി



XVIII-4

**ഇട്ടിപോത്തൻ**

**ഏലിയാമ്മ**

മനേത്തുമാലിയിൽ പോത്തഇട്ടിയുടെ നാലാമത്തെ മകൻ ഇട്ടിപോത്തൻ, ഏലിയാമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് മക്കൾ ഇല്ല.

XVIII-5

**ഇട്ടി ചെറിയാൻ**

**മറിയാമ്മ (മാളിയേക്കൽ)**

മനേത്തുമാലിയിൽ പോത്ത ഇട്ടിയുടെ അഞ്ചാമത്തെ മകൻ ഇട്ടി ചെറിയാൻ, മാളിയേക്കൽ കുടുംബാംഗം മറിയാമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് നാല് മക്കൾ

*മക്കൾ*

1. എം.സി. അലക്സാണ്ടർ
2. എം.സി. ചെറിയാൻ
3. എം.സി. റെജി
4. എം.സി. യോഹന്നാൻ

Mr.Ity Cheriyan, Manethumalil
Perumthurthy P.O, Thiruvella

XVIII-6

**ഇട്ടിമത്തായി**

**മറിയാമ്മ**

മാനേത്തുമാലിയിൽ പോത്തഇട്ടിയുടെ ആറാമത്തെ മകൻ ഇട്ടിമത്തായി, മറിയാമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് നാല് മക്കൾ

*മക്കൾ*

1. ഷീബാ മാത്യൂ
2. പോത്തൻ മത്തായി
3. ചെറിയാൻ മാത്യൂ
4. ഷാജി മാത്യൂ

Mr. Itty Mathai, Manethumalil
Azhiyidathuchira P.O
Kuzhivelipuram, Thiruvalla

XVIII-2

**വറുഗീസ് എ. വി**

**മേരിക്കുട്ടി**

മനേത്തുമാലിൽ പോത്തഇട്ടിയുടെ ഏഴാമത്തെ മകൻ വറുഗീസ്, മേരിക്കുട്ടിയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ

*മക്കൾ*

1. ജിനു വർഗീസ്
2. ജിഷ
3. ജീമോൾ

XIX-1

**മറിയാമ്മ മാത്തൻ**

**ചാണ്ടി കെ. സി**

മനേത്തുമാലിയിൽ ഇട്ടിമാത്തന്റേയും, അന്നമ്മയുടേയും മകൾ മറിയാമ്മ മാത്തനെ ശ്രീമാൻ കെ.സി. ചാണ്ടി വിവാഹം കഴിച്ചു.



XIX-2

**അലക്സ് മാത്തൻ**

**മറിയാമ്മ**

മനേത്തുമാലിയിൽ ഇട്ടിമാത്തന്റേയും അന്നമ്മയുടേയും മകൻ അലക്സ് മാത്തൻ, മറിയാമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ട് പെൺ മക്കൾ.

*മക്കൾ*

1. മറിയാ അലക്സ്
2. ലിന്റാ അലക്സ്

XIX-3

**എബ്രഹാം മാത്തൻ**

**ഷേർളി**

മനേത്തുമാലിയിൽ ഇട്ടിമാത്തന്റേയും അന്നമ്മയുടേയും മകൻ എബ്രഹാം മാത്തൻ, ഷേർളിയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് ഒരു മകൾ.

*മകൾ*

1. ഷാനി ഏബ്രഹാം.

XIX-1

**ലിസി ജോർജ്**

**വറുഗീസ് എ. സി**

മനേത്തുമാലിയിൽ ഇട്ടിജോർജിന്റേയും മേരിക്കുട്ടിയുടേയും മകൾ ലിസി ജോർജിനെ ശ്രീമാൻ എ.സി. വറുഗീസ് വിവാഹം കഴിച്ചു.

XIX-2

**പോത്ത ഇട്ടി**

**റ്റിറ്റി പോത്ത**

മനേത്തുമാലിയിൽ ഇട്ടിജോർജിന്റേയും മേരിക്കുട്ടിയുടേയും മകൻ പോത്ത ഇട്ടി, റ്റിറ്റിയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ.

*മക്കൾ*

1. ടെനി
2. ടെജി
3. ടിജോ

XIX-3

**ജോർജ് വറുഗീസ്**

**മേരിക്കുട്ടി (മേരി)**

മനേത്തുമാലിയിൽ ഇട്ടിജോർജിന്റേയും മേരിക്കുട്ടിയുടേയും മകൻ ജോർജ് വറുഗീസ് മേരിയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് ഒരു മകൾ.

*മകൾ*

1. ഷിൻടോ ജോർജ്

XIX-1

**എം. വി. ബിജി**

**ലിസ്സ**

മനേത്തുമാലിയിൽ ഇട്ടി വർക്കിയുടേയും ശോശാമ്മയുടേയും മൂത്ത മകൻ എം.വി.ബിജി, ലിസ്സായെ വിവാഹം കഴിച്ചു. ശ്രീമാൻ ബിജി ബിസ്സിനസ്സിൽ തൽപ്പരനായി. തിരുവല്ലായിൽ തന്നെ ബിസ്സിനസ്സ് ചെയ്യുന്നു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. മൂന്നു പേരും സ്കൂൾ



വിദ്യാർത്ഥികളാണ്.

*മക്കൾ*

1. ലിജു
2. റെജു
3. ജിജു

Mr. M.V. Biji, Manethumali
Azhiyidathuchira P.O, Thiruvalla
Tel : 0473 - 602530

XIX-2

**എം. വി. അജി**

മനേത്തുമാലിയിൽ ഇട്ടിവർക്കിയുടേയും ശോശാമ്മയുടേയും രണ്ടാമത്തെ പുത്രൻ എം.വി.അജി വിവാഹിതനാണ്. ഇദ്ദേഹത്തിന് രണ്ട് മക്കൾ.

*മക്കൾ*

1. സുബിൻ
2. ഷെറിൻ

XIX-1

**എം. സി. അലക്സാണ്ടർ**

**മോളി**

മനേത്തുമാലിയിൽ ഇട്ടിചെറിയാന്റെയും മാളിയേക്കൽ മറിയാമ്മയുടേയും മൂത്ത പുത്രൻ എം.സി.അലക്സാണ്ടർ, മോളിയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ.

*മക്കൾ*

1. റീന
2. ചെറിയാൻ

XIX-2

**എം. സി. ചെറിയാൻ**

**മറിയാമ്മ**

മനേത്തുമാലിയിൽ ഇട്ടിചെറിയാന്റെയും മാളിയേക്കൽ മറിയാമ്മയുടേയും രണ്ടാമത്തെ പുത്രൻ എം.സി. ചെറിയാൻ തലവടിയിൽ നിന്നും മറിയാമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ.

*മക്കൾ*

1. റാണി
2. സോണി

XIX-3

**എം. സി. റെജി**

**ലീന**

മനേത്തുമാലിയിൽ ഇട്ടിചെറിയാന്റെയും മാളിയേക്കൽ മറിയാമ്മയുടേയും മൂന്നാമത്തെ പുത്രൻ എം.സി.റെജി, ലീനയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ.

*മക്കൾ*

1. ടിൻടോ
2. റെജി

XIX-1

**ഷീബാ മാത്യു**

**എം. സി. ചെറിയാൻ**

മനേത്തുമാലിയിൽ ഇട്ടിമത്തായുടേയും മറിയാമ്മയുടേയും മകൻ ഷീബാ മാത്യുവിനെ ശ്രീമാൻ എം.സി. ചെറിയാൻ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് ഒരു മകൻ.



*മകൻ*

1. ഷിബു

XIX-2

**പോത്തൻ മത്തായി**

**ലിജാ മത്തായി**

മനേത്തുമാലിയിൽ ഇട്ടിമത്തായുടേയും മറിയാമ്മയുടേയും മകൻ പോത്തൻ മത്തായി, ലിജായെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് ഒരു മകൾ

*മകൾ*

1. പ്രെയ്സി

XIX-3

**ചെറിയാൻ മാത്യു**

**മിനി ചെറിയാൻ**

മനേത്തുമാലിയിൽ ഇട്ടിമത്തായിയുടേയും മറിയാമ്മയുടേയും മകൻ ചെറിയാൻ മാത്യു, മിനിയെ വിവാഹം കഴിച്ചു. ഈ ദമ്പതികൽക്ക് ഒരു മകൻ.

*മകൻ*

1. ടിൻടോ.

# അദ്ധ്യായം-15

# കാനേകാട്ട് കുടുംബം

XV-1

**ഇടുക്കളകാനേകാട്ട്**

വ്യക്തമായി അറിയാവുന്ന കാനേകാട്ട് കുടുംബത്തിന്റെ ആദ്യത്തെ പിതാവാണ് ശ്രീമാൻ ഇടുക്കളകാനേക്കാട്ട്. പതിനഞ്ചാം തലമുറയിൽ ജീവിച്ചിരുന്ന സഹോദരന്മാരായ ഇടുക്കള, പോത്തൻ, ഇടുക്കള കെ.പി എന്നീ പിതാക്കന്മാർ മുതലാണ് കാനേകാട്ട് കുടുംബത്തിന്റെ ആരംഭം. ശ്രീമാൻ ഇടുക്കളയും സഹോരന്മാരും കത്തോലിക്കാസഭ വിശ്വാസികളായി നിരണത്തു നിന്ന് കാരയ്ക്കൽ വന്ന് താമസമാക്കി. ഇദ്ദേഹത്തെക്കുറിച്ച് ആറാം അദ്ധ്യായത്തിൽ വിശദമായി വിവരിച്ചിട്ടുണ്ട്. ഇടുക്കളയുടെ ആദ്യത്തെ ഭാര്യയിൽ ഒരു പുത്രനുമുണ്ട്. ആദ്യത്തെ ഭാര്യയുടെ മരണശേഷം രണ്ടാമത് വിവാഹം കഴിച്ച ഇദ്ദേഹത്തിന് അതിൽ ഒരു മകനും ഉണ്ട്.

*മക്കൾ*

1. ഇടുക്കള
2. മത്തായി

XV-2

**പോത്തൻ കാനേകാട്ട്**

15-ാം തലമുറയിൽ ജീവിച്ചിരുന്ന ഇടുക്കളയുടെ സഹോദരനാണ് പോത്തൻ കാനേകാട്ട്. വിവാഹിതനായ ഇദ്ദേഹം കാരയ്ക്കൽ വന്ന് താമസമാക്കി. ഇദ്ദേഹത്തിന് ആറ് മക്കൾ ഉണ്ട്. രണ്ട് ആണും നാല് പെണ്ണും

*മക്കൾ*

1. ഇടുക്കള
2. എബ്രഹാം

പെൺമക്കൾ നാല് പേർ

XV-3

**കെ. പി. ഇടുക്കള**

ഇടുക്കള കാനേകാട്ടിന്റെ ഇളയ സഹോദരൻ ശ്രീമാൻ കെ.പി. ഇടുക്കള വിവാഹിതനായി. ഇദ്ദേഹത്തിന് രണ്ട് ആൺ മക്കൾ ഉണ്ട്.

*മക്കൾ*

1. വറുഗീസ്
2. ഇടുക്കള

XVI-1

**ഇടുക്കള**

ഇടുക്കള കനേകാട്ടിൻെറ ആദ്യ വിവാഹത്തിലെ പുത്രൻ ഇടുക്കള വിവാഹിതനായി. ഇദ്ദേഹത്തിന് യോഹന്നാൻ,ചാക്കോ എന്നീ രണ്ട് ആൺമക്കളും നാല് പെൺമക്കളും ഉണ്ട്.

*മക്കൾ*

1. യോഹന്നാൻ
2. ചാക്കോ

പെൺമക്കൾ നാല് പേർ

XVI-2

**മത്തായി**

ഇടുക്കള കാനേകാട്ടിൻെറ രണ്ടാമത്തെ വിവാഹത്തിലെ പുത്രൻ മത്തായി വിവാഹതനായി. ഇദ്ദേഹത്തിന് ഒരു പുത്രൻ ഉണ്ട്.

*മകൻ*

1. ഇടുക്കള

XVI-1

**ഇടുക്കള**

കാനേകാട്ട് പോത്തൻെറ മൂത്തമകൻ ഇടുക്കള വിവാഹിതനായി ഇദ്ദേഹത്തിന് രണ്ട് ആൺമക്കളും നാല് പെൺമക്കളും ഉണ്ട്.

*മക്കൾ*

1. കുഞ്ഞമ്മ
2. ഉണ്ണിച്ചായൻ
3. ഇടുക്കള

   പെൺമക്കൾ മൂന്ന് പേർ

XVI-2

**ഏബ്രഹാം**

കാനേകാട്ട് പോത്തന്റെ രണ്ടാമത്തെ മകൻ ഏബ്രഹാം വിവാഹിതനായി ഇദ്ദേഹത്തിന് മൂന്ന് ആണും രണ്ട് പെണ്ണും മക്കളായുണ്ട്.

*മക്കൾ*

1. തമ്പാൻ
2. ബേബി
3. ജോർജ്ജ്.

   പെൺമക്കൾ രണ്ട് പേർ



XVI-1

**വറുഗീസ് കെ.ഐ.**

കാനേകാട്ട് കെ.പി. ഇടുക്കളയുടെ മൂത്തപുത്രൻ കെ.ഐ. വറുഗീസ് , വിവാഹിതനായി. ഇദ്ദേഹത്തിന് ഏഴ് മക്കൾ.

*മക്കൾ*

1. വറുഗീസ്
2. ചെറിയാൻ. പി.വി
3. മാമ്മൻ
4. ജോർജ്ജ് വറുഗീസ്
5. അന്നമ്മ
6. ലീലാമ്മ
7. മേരി വറുഗീസ്

XVI-2

**ഇടുക്കള കെ.ഐ.**

കാനേകാട്ട് കെ.പി. ഇടുക്കളയുടെ രണ്ടാമത്തെ പുത്രൻ കെ.ഐ. ഇടുക്കള വിവാഹിതനായി. ഇദ്ദേഹത്തിന് നാല് മക്കൾ.

*മക്കൾ*

1. ജോസഫ് കെ.ഐ.
2. റോസമ്മ
3. സുജ
4. സനു

XVII-1

**യോഹന്നാൻ കാനേകാട്ട്**

**ശോശാമ്മ (കൊച്ചുപറമ്പിൽ)**

കാനേകാട്ട് ഇടുക്കളയുടെ മൂത്തമകൻ യോഹന്നാൻ കൊച്ചുപറമ്പിൽ ശോശാമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക്

മൂന്ന് ആൺമക്കൾ ഉണ്ട്. ശ്രീമാൻ യോഹന്നാരും, ശ്രീമതി ശോശാമ്മയും മരിച്ചു.

*മക്കൾ*

1. ചാക്കോ
2. ഇടുക്കള
3. വറുഗീസ്

XVII-2

**ചാക്കോ കാനേകാട്ട്**

**മേരിക്കുട്ടി**

കാനേകാട്ട് ഇടുക്കളയുടെ രണ്ടാമത്തെ പുത്രൻ ചാക്കോ, മേരിക്കുട്ടിയെ വിവാഹം കഴിച്ചു. ഇവർക്ക് മൂന്ന് ആണും ഒരു പെണ്ണും മക്കളായുണ്ട്. ഈ ദമ്പതികൾ രണ്ടുപേരും മരിച്ചു.

*മക്കൾ*

1. ഇടുക്കള
2. വറുഗീസ്
3. പൗലോസ്
4. മകൾ

XVII-3

**ഇടുക്കള**

**അച്ചാമ്മ (മലയിൽപറമ്പിൽ)**

കാനേകാട്ട് മത്തായിയുടെ ഏകമകൻ ഇടുക്കള, മലയിൽ പറമ്പിൽ അച്ചാമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് ഒരു മകൻ ഉണ്ട്.

*മകൻ*

1. ഐസക്ക്



XVII-1

**കുഞ്ഞമ്മ**

കാനേകാട്ട് ഇടുക്കളയുടെ മൂത്തമകൾ കുഞ്ഞമ്മയെ കണ്ണൂരിലേക്ക് വിവാഹം കഴിച്ചയച്ചിരിക്കുന്നു. കുഞ്ഞമ്മയെ കൂടാതെ 3 പെൺമക്കളും ഇടുക്കളക്ക് ഉണ്ടായിരുന്നു. അവരെകുറിച്ചുള്ള വിവരം അറിവില്ല. ആൺമക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

XVII-2

**ഉണ്ണിച്ചായൻ**

കാനേകാട്ട് ഇടുക്കളയുടെ മൂത്തമകനാണ് ഉണ്ണിച്ചായൻ. ഇദ്ദേഹം കങ്ങഴ താമസമായിരുന്നു.

XVII-3

**ഇടുക്കള**

**കുഞ്ഞമ്മ**

കാനേകാട്ട് ഇടുക്കളയുടെ മകൻ ഇടുക്കള,കുഞ്ഞമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് നാല് മക്കൾ ഉണ്ട്. ശ്രീമാൻ ഇടുക്കള മരിച്ചു.

*മക്കൾ*

1. സജി
   പെൺമക്കൾ മൂന്ന് പേർ

XVII-1

**തമ്പാൻ**

**മോളിക്കുട്ടി**

കാനേകാട്ട് ഏബ്രഹാമിന്റെ മൂത്തമകൻ, തമ്പാൻ,

മോളിക്കുട്ടിയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് അഞ്ച് പെൺമക്കൾ.

*മക്കൾ*

1. അജിത
2. സബിത
3. സജിത
4. താര
5. തജ്ജു

XVII-2

**ബേബി**

**മറിയാമ്മ**

കാനേകാട്ട് ഏബ്രഹാമിൻെറ രണ്ടാമത്തെ പുത്രൻ ബേബി, മറിയാമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ട് പെൺമക്കളും ഒരു മകനും ഉണ്ട്.

*മക്കൾ*

1. അജിത
2. ബിന്ദു
3. ജയ്ബോയ്

XVII-3

**ജോർജ്ജ്**

**ഏലിയാമ്മ**

കാനേകാട്ട് ഏബ്രഹാമിൻെറ മകൻ ജോർജ്ജ്, ഏലിയാമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് നാല് മക്കൾ ഉണ്ട്.

*മക്കൾ*

1. തങ്കമ്മ
2. ലില്ലിക്കുട്ടി



3. സക്കറിയ
4. ലാലു

XVII-1

**വറുഗീസ് കാനേകാട്ട്**

കാനേകാട്ട് കെ.ഐ. വറുഗീസിൻെറ മകൻ വറുഗീസ് വിവാഹിതനാണ്. ഇദ്ദേഹത്തിന് മൂന്ന് മക്കൾ.

*മക്കൾ*

1. ലീലാമ്മ
2. മോളി
3. റോസമ്മ

XVII-2

**പി. വി. ചെറിയാൻ**

കാനേകാട്ട് കെ.ഐ. വറുഗീസിൻെറ മകൻ പി.വി. ചെറിയാൻ വിവാഹിതനാണ്. സ്കൂൾ അദ്ധ്യാപകനായ ഇദ്ദേഹം കോൺഗ്രസ് പാർട്ടിയുടെ സജീവപ്രവർത്തകൻ കൂടിയാണ്. സ്കൂളിൽ നിന്ന് റിട്ടയർ ചെയ്ത ഇദ്ദേഹം ഇപ്പോൾ സാമൂഹ്യപ്രവർത്തനങ്ങളിൽ മുഴുകി കഴിയുന്നു. ശ്രീമാൻ ചെറിയാന് രണ്ട് ആൺമക്കൾ ഉണ്ട്.

*മക്കൾ*

1. ബിജു
2. ബിൻ

Mr. P.V.Cheriyan, Kannekattu
Mudathananam. P.O, Kangazha.

XVII-3

**മാമ്മൻ കാനേകാട്ട്**

കാനേകാട്ട് കെ.ഐ. വർഗീസിന്റെ മകൻ മാമ്മൻ വിവാഹിതനാണ്. ഇദ്ദേഹത്തിന് മൂന്ന് പെൺ മക്കൾ ഉണ്ട്.

*മക്കൾ*

1. രേശ്മ
2. റാണി
3. രജനി

XVII-4

**ജോർജ് വർഗീസ്**

കാനേകാട്ട് കെ.ഐ. വർഗീസിന്റെ മകൻ ജോർജ് വർഗീസ് വിവാഹിതനാണ്. ഇദ്ദേഹത്തിന് മൂന്ന് മക്കൾ.

*മക്കൾ*

1. ലിജ
2. ലിജി
3. ജോയർ

XVII-1

**കെ.ഐ. ജോസഫ്**

കാനേകാട്ട് കെ.ഐ. ഇടുക്കളയുടെ മകൻ കെ.ഐ. ജോസഫ് വിവാഹിതനാണ്. ഇദ്ദേഹത്തിന് രണ്ട് മക്കൾ.

*മക്കൾ*

1. റിജോ ഐസക്ക് ജോസഫ്
2. റിത്തു ഐസക്ക് ജോസഫ്



XVII-1

**ചാക്കോ കാനേകാട്ട്**

**അമ്മിണി (കടവിൽ)**

കാനേകാട്ട് യോഹന്നാന്റേയും കൊച്ചുപറമ്പിൽ ശോശാമ്മയുടേയും മകൻ ചാക്കോ, കടവിൽ കുടുംബാംഗം അമ്മിണിയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് ഒരു മകൾ ഉണ്ട്.

*മകൾ*

1. സൂസൻ

XVIII-2

**ഇടുക്കള കാനേകാട്ട്**

**അന്നമ്മ (ചേലക്കുഴി)**

കാനേകാട്ട് യോഹന്നാന്റേയും കൊച്ചുപറമ്പിൽ ശോശാമ്മയുടേയും മകൻ ഇടുക്കള, ചേലക്കുഴി കുടുംബാംഗം അന്നമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ ഉണ്ട്.

*മക്കൾ*

1. ജോൺസൺ
2. ജോർജ്

XVIII-3

**കെ.ഐ. വർഗ്ഗീസ്**

**ലില്ലി (തച്ചിലേത്ത്)**

കാനേകാട്ട് യോഹന്നാന്റേയും കൊച്ചുപറമ്പിൽ ശോശാമ്മയുടേയും മകൻ കെ.ഐ. വർഗ്ഗീസ്, മുളക്കുഴി തച്ചിലേത്ത് കുടുംബാംഗം ലില്ലിയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ ഉണ്ട്.

*മക്കൾ*

1. ചിപ്സ്

2. ഗിൽറ്റൺ

Mr.Idikulla Varghese, Kanekattu
Karakkal P.O, Thiruvalla - 689 108
Tel: 0473 - 638441

XVIII-1

**ഇടുക്കള**

**മേരി**

കാനേകാട്ട് ചാക്കോയുടേയും മേരിക്കുട്ടിയുടേയും മൂത്ത മകൻ ഇടുക്കള മേരിയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ.

*മക്കൾ*

1. ഷാജി
2. ഷിബു
3. മകൾ

XVIII-2

**വറുഗീസ്**

**പൊന്നമ്മ**

കാനേകാട്ട് ചാക്കോയുടേയും മേരിക്കുട്ടിയുടേയും രണ്ടാമത്തെ മകൻ വറുഗീസ്, പൊന്നമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ.

*മക്കൾ*

1. ജോളി
2. ജോയിസ്



XVIII-3

**പൗലോസ്**

**കുഞ്ഞമ്മ**

കാനേകാട്ട് ചേക്കോയുടേയും മേരിക്കുട്ടിയുടേയും മൂന്നാമത്തെ മകൻ പൗലോസ് കുഞ്ഞമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് മൂന്ന് പെൺമക്കളും ഒരു മകനും ഉണ്ട്. മകൻ ഷൈജു.

XVIII-1

**ഐസക്ക് കാനേകാട്ട്**

കാനേകാട്ട് ഇടുക്കുളയുടേയും മലയിൽ പറമ്പിൽ അച്ചാമ്മയുടേയും ഏക മകൻ ഐസക് വിവാഹിതനാണ്. ഇദ്ദേഹത്തിന് രണ്ട് പെൺ മക്കൾ ഉണ്ട്.

XVIII-1

**ജോസഫ് (സജി)**

**എലിസബേത്ത് (വെൺപാല)**

കാനേകാട്ട് ഇടുക്കളയുടേയും കുഞ്ഞമ്മയുടേയും മകൻ ജോസഫ് (സജി) വെൺപാല കുടുംബാംഗം ഏലിസബത്തിനെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ.

*മക്കൾ*

1. റിജോ
2. റീത്തു

XVIII-1

**അജിത**

**ബാബു**

കാനേകാട്ട് ബേബിയുടേയും മറിയാമ്മുടേയും മകൾ അജിതയെ, ബാബു വിവാഹം കഴിച്ചു.

XVIII-2

**ബിന്ദു**

**ബെന്നി**

കാനേകാട്ട് ബേബിയുടേയും മറിയാമ്മുടേയും മകൾ ബിന്ദുവിനെ, ബെന്നി വിവാഹം കഴിച്ചു.

XVIII-3

**ജെയ്ബോയ്**

**ബീന**

കാനേകാട്ട് ബേബിയുടേയും മറിയാമ്മയുടേയും ഏക മകൻ ജയ്ബോയ്, ബീനയെ വിവാഹം കഴിച്ചു.

XVIII-1

**ബിജു.സി. ജോർജ്**

കാനേകാട്ട് പി.വി. ചെറിയാന്റെ മകൻ ബിജു വിവാഹിതനാണ്. ഇദ്ദേഹത്തിന് ഒരു മകൻ.



XIX-1

**ജോൺസൺ**

**ഓമന**

കാനേകാട്ട് ഇടുക്കളയുടേയും ചേലക്കുഴി കുടുംബാംഗം അന്നമ്മയുടേയും മകൻ ജോൺസൺ, ഓമനയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ.

*മക്കൾ*

1. ജോമോൾ
2. സോമോൾ

XIX-2

**ജോർജ്**

**ലിസ**

കാനേകാട്ട് ഇടുക്കളയുടേയും ചേലക്കുഴി കുടുംബാംഗം അന്നമ്മയുടേയും മകൻ ജോർജ്, ലിസയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ.

*മക്കൾ*

1. നീത്തു
2. ധാമ

XIX-1

**ഷാജി**

**സുജ**

കാനേകാട്ട് ഇടുക്കളയുടേയും മേരിയുടേയും മകൻ ഷാജി, സുജയെ വിവാഹം കഴിച്ചു. ഇവർക്ക് രണ്ട് മക്കൾ.

*മക്കൾ*

1. ഷിജിൻ
2. ഷിബിൻ

# കുടുംബസമാധാനം

കർത്താവിൽ പ്രിയരേ,

''ആകയാൽ ദൈവം യോജിപ്പിച്ചതിനെ മനുഷ്യർ വേർപിരിക്കരുത്'' (മത്തായി. 19:6) എന്നരുളിച്ചെയ്ത യേശുക്രിസ്തുവിനെ ധന്യനാമത്തിൽ സ്നേഹവന്ദനം.

ഒരു സുവിശേഷകൻ ഒരു സ്ഥലത്ത് പ്രസംഗിച്ചശേഷം വിവിധ ആവശ്യമുള്ളവർക്കായി പ്രാർത്ഥിക്കുകയായിരുന്നു. പ്രാർത്ഥനക്കാരുടെ നിരയിൽ വളരെ പ്രായമായ രണ്ട് വൃദ്ധദമ്പതികൾ സ്ഥാനം പിടിച്ചിരുന്നു. ഒടുവിൽ അവർ സുവിശേഷകന്റെ അടുക്കലെത്തി. സുവിശേഷകൻ അവരെ സൂക്ഷിച്ച് നോക്കി. നേരെ നിൽക്കാൻ പ്രായസപ്പെടുന്ന മനുഷ്യൻ! അദ്ദേഹം വെള്ളെഴുത്ത് കണ്ണാടിയിലൂടെ സുവിശേഷകനെ നോക്കി ചിരിച്ചു. അദ്ദേഹത്തിന്റെ കയ്യിലുള്ള ഊന്നുവടിയിൽ മുറുകെ പിടിച്ചിരുന്ന വലതുകരം വിറയ്ക്കുന്നുണ്ടായിരുന്നു. ബൈബിൾ പിടിച്ചിരുന്ന ഇടതുകരത്തിൽ അദ്ദേഹത്തിന്റെ വൃദ്ധയായ ഭാര്യ മുറുകെ പിടിച്ച് അടുത്ത് നിൽക്കുന്നുണ്ട്.

പ്രായാധിക്യത്താൽ ചുളിവ് വീണ മുഖത്ത് സന്തോഷത്തിന്റെ പുഞ്ചിരി കാണാം. മുമ്പോട്ട് നടക്കുന്ന ഭർത്താവിന് ഒപ്പം കൊച്ചു ചുവടുകൾ വെച്ചാണ് ഭാര്യ നീങ്ങുന്നത്. പ്രായമൊത്തിരിയായിട്ടും പരസ്പരം കരുതുകയും സ്നേഹിക്കുകയും ചെയ്യുന്ന ഇവർക്ക് അധികം വിദ്യാഭ്യാസമില്ലെന്ന് പറയാതെ തന്നെ അറിയുവാൻ കഴിയും. അവരോട് സുവിശേഷകൻ ചോദിച്ചു: ''ഇത്രയും പ്രായമായിട്ടും നിങ്ങളുടെ പരസ്പര സ്നേഹവും കരുതലും കുറഞ്ഞിട്ടില്ലല്ലോ എന്താണ് നിങ്ങളുടെ ദാമ്പത്യത്തിന്റെ വിജയരഹസ്യം?''

ആ വൃദ്ധനായ മനുഷ്യൻ മുഖം ഉയർത്തി, വെള്ളെഴുത്ത് കണ്ണാടിയിലൂടെ ആ സുവിശേഷകനെ നോക്കി പറഞ്ഞു: ''എന്റെ വേദ പുസ്തകം പഠിപ്പിച്ചിരിക്കുന്നത് ഞാൻ അനുസരിക്കുന്നു. ഈ കറുത്ത പുസ്തകം പറയുന്നു നിന്റെ യൗവനത്തിലെ ഭാര്യയെ സ്നേഹിക്കണം, ഞാനത് അനുസരിക്കുന്നു.'' രണ്ടുപേരും വാർദ്ധക്യത്തിന്റെ നനുത്ത ശബ്ദത്തിൽ പൊട്ടിച്ചിരിച്ചു.



ഈ യഥാർത്ഥ സംഭവകഥ വായിക്കുന്നവർക്ക് കുടുംബസമാധാനത്തിന് സഹായിക്കുന്ന ചില ഉപദേശങ്ങൾ തരട്ടെ, നിങ്ങൾ ഇന്നലെ വിവാഹം കഴിച്ചവരാകാം. അല്ലെങ്കിൽ വിവാഹം കഴിച്ചിട്ട് ഏറെ നാളായതാകാം. മക്കളും കൊച്ചുമക്കുമായി കഴിയുന്നവരാകാം. വാർദ്ധക്യദശയിൽ എത്തിനിൽക്കുന്നവരാകാം. എന്നാൽ ഏതു ഭവനത്തേയും അസമാധാനം കീഴടക്കാം. ആകയാൽ സമാധാനമുള്ള കുടുംബത്തിനായി ആഗ്രഹിക്കുന്ന സകലർക്കുമായി ഏതാനും ഉപദേശങ്ങൾ താഴെ എഴുതുന്നു. ജീവിതത്തിൽ പ്രാവർത്തികമാക്കുക.

1. ദൈവം യോജിപ്പിച്ചവരെ ആരും വേർപെടുത്തരുത്. ചെറുക്കന്റെ അമ്മയോ, അപ്പനോ, പെണ്ണിനെ മാതാപിതാക്കളോ ആരും നിങ്ങളെ അകററുവാൻ അനുവദിക്കരുത്. പരസ്പരം, സ്നേഹിക്കുക, കരുതുക. ഇതിൽ മററാരും കൈകടത്തുവാൻ അനുവദിക്കരുത്.

2. ജീവിതപങ്കാളിയെ സ്നേഹിക്കുക, ആവശ്യമുണ്ടാകുമ്പോഴല്ല, അവളുടെ ശമ്പളം കിട്ടുന്ന ആഴ്ചയിൽ മാത്രമല്ല, ചോരയും നീരും ഉള്ളപ്പോൾ മാത്രമല്ല ജീവിതകാലം മുഴുവൻ സ്നേഹിക്കുക. സ്നേഹവാക്കുകൾ പറയുക. സ്പർശനത്തിൽ പ്രകടമാക്കുക. അടുത്തിരിക്കുക, കൈകോർത്തുപിടിച്ചിരുന്ന് വർത്തമാനം പറയുക. ''ഞാൻ സ്നേഹിക്കുന്നത് നിന്നെയാണ്. നിന്റെ ശരീരത്തെയോ, പണത്തെയോ, അല്ല'' എന്നു ബോധ്യപ്പെടുത്തുക. ഞാൻ വീണ്ടും പറയട്ടെ, യൗവനത്തിൽ മാത്രമല്ല, മദ്ധ്യവയസ്കരാകുമ്പോഴും മക്കൾക്ക് പ്രായമാകുമ്പോഴും കൊച്ചുമക്കളാകുമ്പോഴും, വൃദ്ധരാകുമ്പോഴും മരണംവരെയും ഇണയെ സ്നേഹിക്കുക. ആ സ്നേഹം വാക്കുകൊണ്ട്, സ്പർശനം കൊണ്ട് പ്രകടമാക്കുക. ഇവ ചെയ്യാത്ത വ്യക്തി തന്റെ ഇണ ശാരീരികമായി, മാനസികമായി, വൈകാരികമായി മരിക്കാൻ വിഷം കൊടുക്കുകയാണ്. നിങ്ങൾ നിങ്ങളോട് തന്നെ പകരം ചെയ്യുകയാണ്. അതിനാൽ നിങ്ങളുടെ ജീവിതപങ്കാളിക്ക് മനസിലാക്കുവാൻ കഴിയും വിധം നിങ്ങളുടെ ജീവത പങ്കാളിയായിത്തീർന്നതിൽ സന്തോഷിക്കത്തക്കവിധം സ്നേഹിക്കുക.

3. ജീവിതപങ്കാളിയെ ബഹുമാനിക്കുക. ഭർത്താവിനെ പുച്ഛിച്ച് സംസാരിക്കുന്ന ചില സ്ത്രീകളെ ഞാൻ ഇടയ്ക്ക് കാണാറുണ്ട്. ഭാര്യമാരെ അവഹേളിച്ച് സംസാരിക്കുന്ന ഒട്ടനവധി ഭർത്താക്കൻമാരെ-വിദ്യാഭ്യാസമുള്ളവരെ ഉൾപ്പെടെ എനിക്കറിയാം. ജീവിതപങ്കാളിയെ പൂജിക്കണം എന്നല്ല ഞാൻ പറയുന്നത് ദൈവം തന്ന കൂട്ടാളിയെ ബഹു

മാനിക്കുക. ഈ ബഹുമാനം മററുള്ളവരുടെ മുമ്പിൽ വെച്ചും ഉണ്ടായിരിക്കട്ടെ.

4. രമ്യതയിലാകുക. ദാമ്പത്യജീവിതത്തിൽ ചില വിഷയങ്ങളിൽ സ്വരചേർച്ചയില്ലാതെ വരാം. അഭിപ്രായവ്യത്യാസമുണ്ടാകാം. പക്ഷേ രാത്രി ഉറങ്ങുന്നതിന് മുമ്പ് രണ്ടുപേരും കൈകോർത്ത് പിടിച്ച് പ്രാർത്ഥിച്ച് രമ്യതയിലാകുക. രാത്രി പിണങ്ങി വേറെ മാറി കിടക്കരുത്. ഒന്നിച്ച് പ്രാർത്ഥിച്ച് ഒന്നിച്ച് കിടന്നുറങ്ങുക.

5. മക്കളുടെ, മററ് ആളുകളുടെ മുമ്പിൽ വെച്ച് വഴക്കുണ്ടാക്കരുത്. മക്കളോട് ജീവിതപങ്കാളിയുടെ കുറവുകൾ പറയരുത്. നിങ്ങളുടെ മുമ്പിൽവെച്ച് നിങ്ങളുടെ പങ്കാളിയോട് ബഹുമാനമില്ലാതെയോ നിന്ദിച്ചോ സംസാരിക്കുവാൻ നിങ്ങൾ ആരേയും അനുവദിക്കരുത്.

6. കുടുംബജീവിതത്തെപ്പററിയുള്ള പുസ്തകങ്ങൾ വായിക്കുക. ക്രിസ്തീയ കുടുംബജീവിതത്തെപ്പററി വിശദമാക്കുന്ന പുസ്തകങ്ങൾ വായിക്കുവാൻ വർഷത്തിലൊരിക്കലെങ്കിലും സമയം കണ്ടെത്തുക. ഇംഗ്ലീഷിൽ കുടുംബജീവിതത്തെ സംബന്ധിച്ച് അറിവ് നൽകുന്ന ധാരാളം പുസ്തകങ്ങൾ ലഭ്യമാണ്. ഇത് നിങ്ങളുടെയും നിങ്ങളുടെ പങ്കാളിയുടെയും ചിന്താഗതികളെ മനസിലാക്കുവാൻ സഹായിക്കും.

7. എന്നും കൈകോർത്തു പിടിച്ച് പ്രാർത്ഥിക്കുക. എന്നും കിടന്നുറങ്ങുന്നതിന് മുമ്പേ നിങ്ങൾ രണ്ടുപേരും കൈകോർത്തു പിടിച്ച് പ്രാർത്ഥിക്കുന്നത് ഒരു ശീലമാക്കുക.

പ്രിയ സുഹൃത്തേ, നിങ്ങളുടെ കുടുംബം ഭൂമിയിലെ സ്വർഗമായിത്തീരണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവോ? എങ്കിൽ നിങ്ങളുടെ ജീവിതപങ്കാളിയെ അടുത്തറിയുവാൻ ശ്രമിക്കുക. അതിനായി ഹൃദയം തുറന്നു സംസാരി ക്കുക. ഒററയ്ക്കിരുന്ന് സംസാരിക്കുക. ആശയവിനിമയത്തിന്റെ അപര്യാപ്തത നിങ്ങളുടെ ദാമ്പത്യജീവിതത്തിൽ ഉണ്ടാകരുത്. ഉണ്ടായാൽ കുടുംബസമാധാനത്തിൽ അർബുദം ബാധിക്കുകയാണ്. ഈ അർബുദംപടർന്നാൽ അത് വളരും പടരും. ഒടുവിൽ ദാമ്പത്യജീവിതത്തിലെ സമാധാനം എന്ന ദൈവികദാനം മരിക്കും. അതിനിടയാക്കരുത്. യേശുവിനെ സ്നേഹിക്കുന്ന സകലരും സമാധാനം നിറഞ്ഞ ഒരു കുടുംബജീവിതം നയിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അതിന് ദൈവം നിങ്ങളെ സഹായിക്കട്ടെ.

എന്ന് സഹോദരൻ **പി.ജി. വർഗ്ഗീസ്**

കൊല്ലമന, കല്ലൂർ, മഠത്തിൽ, പഴങ്ങേരിൽ,
മനേത്തുമാലി, കാനേകാട്ട് കുടുംബം

# കൊല്ലമന
# കല്ലൂർ
# മഠത്തിൽ
# പഴങ്ങേരിൽ
# മനേത്തുമാലി
# കാനേകാട്ട്
# കുടുംബം